
SREENARAYANAGURU
OPEN UNIVERSITY

# ഗദ്യം: കഥേതരപാഠങ്ങൾ

## Postgraduate Programme in Malayalam Language & Literature




## SELF LEARNING MATERIAL

COURSE CODE: M21ML06DC

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# ഗദ്യം: കഥേതരപാഠങ്ങൾ

Course Code: M21ML06DC

Semester-II

**Master of Arts**
**Malayalam Language and Literature**
**Self Learning Material**

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# Documentation

## M21ML06DC

## ഗദ്യം: കഥേതരപാഠങ്ങൾ

Semester II

M.A. Malayalam

SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-963914-1-6

**Academic Committee**

Dr. A. M. Sreedharan

Dr. Shaji Jacob
Dr. C. J. George
Dr. R.V.M. Divakaran
Dr. T. Anithakumari
Dr. Ajith G. Krishna
Prof. Sunil P. Ilayidom
Dr. R.B. Sreekala
Dr. Santhoshkumar T.K.
Dr. P.M. Girish
Prof. ThomasThamarasseri

**Development of the Content**

Jasitha K., Letha Devi Amma, Dr. Asaletha V., S. A. Shujad

**Review**

Content: Dr. Anitha Kumary, Prof. Thomas Thamarassery, Dr. Jaya R.S.

Format: Dr. I.G. Shibi

Linguistic: Dr. Jaya R.S., Prof. Thomas Thamarassery, S. A. Shujad

**Edit**

Dr. Anitha Kumary, Prof. Thomas Thamarassery, Dr. Jaya R.S.

**Scrutiny**

Dr. Vincent B. Netto, Dr. Abdusammed K.T., Aswani A.P., Deepam S., Dr. Muraleedharan K.V., Dr. Thara S. S., Dr. Deepthi V.S., Dr. Lathika A.C.

**Co-ordination**

Dr. I.G. Shibi and Team SLM

**Design Control**

Azeem Babu T.A.

**Production**

August 2024 - Reprint

**Copyright**

© Sreenarayanaguru Open University 2024

SGOU

# Message from Vice Chancellor

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum ‘access and quality define equity’. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India.

Sreenarayanaguru Open University rests on the practical framework of the popularly known “blended format”. Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual Modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities. The PG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

The University is committed to provide you stimulating learning experience. The Self Learning Materials have been drawn up with a very clear prescription. It recognizes the autonomy of an adult learner and a journey through the treasures of the curriculum structured with provisions for interactive learning, interrogative reflections on the content and didactic discussion through illustrative scenarios. The University takes a strong position that the learner is to be engaged in a dialogue with the content and the materials are shaped to elicit reflections in the form of questions. The questions of the learner are considered to be the vital milestones in the pedagogy of the system of the University as well as the trajectory of the learner’s progression. I would like to request you to bestow your personal attention in generating questions after having an intense dialogue with the content, as it has connection with the internal assessment.

Feel free to write to us about anything that seems relevant regarding the academic programme.

Wish you the best.



Regards,

Dr. P.M. Mubarak Pasha 01.03.2023

SGOU

# Contents


| | | |
|---|---|---|
| BLOCK-01 | പ്രാചീന മദ്ധ്യകാലഗദ്യവും ആധുനികതയുടെ ആരംഭവും(1880കൾ വരെ) | 01 |
| Unit 1 | വാഴപ്പള്ളി ശാസനം | 02 |
| Unit 2 | ഭാഷാകൗടലീയം | 13 |
| Unit 3 | 1.ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ | 28 |
| | 2.ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം | 36 |
| Unit 4 | 1.ജ്ഞാനനിക്ഷേപം | 42 |
| | 2. Preface to Malayalam English Dictionary | 50 |
| BLOCK-02 | ആധുനിക ഗദ്യം (1880-1950) | 61 |
| Unit 1 | 1.മുഖപ്രസംഗം | 62 |
| | 2. പ്രസ്താവന, വൃത്താന്തപത്രപ്രവർത്തനം | 72 |
| Unit 2 | ശ്രീനാരായണഗുരു- സി. വി. കുഞ്ഞുരാമൻ സംവാദം | 77 |
| Unit 3 | 1.കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾ (അവതാരിക) | 101 |
| | 2. ചങ്ങമ്പുഴ കൃഷ്ണപിള്ള (കൈരളിയുടെ കഥ) | 117 |
| Unit 4 | ജീവിതസമരം | 130 |
| BLOCK-03 | ആധുനികഗദ്യം (1950 മുതൽ 1990 വരെ) | 141 |
| Unit 1 | 1. കാപ്പിരികളുടെ നാട്ടിൽ | 142 |
| | 2. ഭൂമിയും മനുഷ്യനും | 154 |
| Unit 2 | 1. ഞാൻ | 160 |
| | 2. ആത്മകഥയിൽ നിന്നൊരുഭാഗം (അധ്യായം-7) | 166 |
| Unit 3 | ഡാർവിനിസത്തിന്റെ ചൂഷകരും വൈരികളും | 174 |
| Unit 4 | ഉമ്മമാർക്കുവേണ്ടി ഒരു സങ്കടഹർജി | 184 |
| BLOCK-04 | ആധുനികഗദ്യം (1990 മുതൽ 2020 വരെ) | 192 |
| Unit 1 | വികസനാനന്തരരാഷ്ട്രീയത്തിന്റെ കേരളീയപരിസരങ്ങൾ | 193 |
| Unit 2 | ഇരകൾ | 204 |
| Unit 3 | 1. എതിര് | 217 |
| | 2. ഭൂവുടമസ്ഥതയും ജാതിയും ചെങ്ങറയുടെ പാഠങ്ങൾ | 230 |
| Unit 4 | 1. അവതരിപ്പിച്ച് നഷ്ടപ്പെടുത്തുന്ന വാർത്തകൾ | 240 |
| | 2. ഭൂമിയുടെ ഉപ്പ് | 250 |


SGOU

# പ്രാചീന മധ്യകാലഗദ്യവും ആധുനികതയുടെ ആരംഭവും
## (1880കൾ വരെ)

# BLOCK-01


യൂണിറ്റ് 1

1. വാഴപ്പള്ളി ശാസനം

യൂണിറ്റ് 2

1. ഭാഷാകൗടലീയം

യൂണിറ്റ് 3

1. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ
2. ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം - ജോർജ്ജ് മാത്തൻ

യൂണിറ്റ് 4

1. ജ്ഞാനനിക്ഷേപം- ലക്കം 1, 1848
2. Preface to Malayalam English Dictionary, Herman Gundert

Unit 1

# വാഴപ്പള്ളി ശാസനം

## Learning Outcomes

- മലയാള ഗദ്യസാഹിത്യത്തിന്റെ ആദ്യകാല സ്വഭാവത്തെ മനസിലാക്കുന്നു
- ഗദ്യസാഹിത്യത്തിന്റെയും മലയാള ഭാഷയുടെയും വളർച്ചാഗതിയെക്കുറിച്ചുള്ള സാമാന്യ ധാരണ നേടുന്നു
- 'ശാസനങ്ങൾ'ക്ക് മലയാള ഭാഷാ ചരിത്രത്തിലുള്ള സ്ഥാനം മനസിലാക്കുന്നു
- 'വാഴപ്പള്ളി ശാസന'ത്തിന്റെ ചരിത്രപരവും ഭാഷാപരവുമായ സവിശേഷതകളെ തിരിച്ചറിയുന്നു
- നമ്പ്യാന്തമിഴിന്റെ ഭാഷാപരമായ പ്രാധാന്യം മനസിലാക്കുന്നു
- പുരാണപുനരാഖ്യാനങ്ങൾക്ക് മലയാള ഭാഷാ ചരിത്രത്തിലുള്ള പ്രാധാന്യം തിരിച്ചറിയുന്നു

## Background

ആശയ വിനിമയോപാധിയാണ് ഭാഷ. വാമൊഴിയായി പ്രചരിച്ചിരുന്ന ഭാഷാപാരമ്പര്യം പിന്നീട് ലിഖിതരൂപമായ വരമൊഴിയിലേക്ക് മാറുകയായിരുന്നു. വരമൊഴിയിൽ തന്നെ പാട്ടുകളും പദ്യങ്ങളും ആയിരുന്നു ആദ്യകാലരൂപം. വൃത്ത നിബദ്ധമായ വാങ്മയമാണ് പദ്യം. അങ്ങനെ വരുമ്പോൾ വൃത്തനിബദ്ധമല്ലാത്ത വാങ്മയത്തെയാണ് ഗദ്യമെന്ന് പറയുന്നത്. വ്യക്തമായി പറയുക എന്നർത്ഥമുള്ള 'ഗദ' ധാതുവിൽ നിന്ന് നിഷ്പാദിച്ച ശബ്ദമാണ് ഗദ്യം ('ഗദ വ്യക്തായാം വാചി'). 'പാദരഹിതമായ പദസംഘാതമാണ് ഗദ്യം' എന്ന് ആചാര്യ ദണ്ഡി ഗദ്യത്തെ നിർവ്വചിക്കുന്നു.

വാമനാചാര്യൻ ഗദ്യത്തെ നാലായി തിരിക്കുന്നു.

1. മുക്തകം - സമാസങ്ങളില്ലാത്ത രചന
2. വൃത്തഗന്ധി - ഇടയ്ക്കു ഛന്ദോബന്ധങ്ങളോടുകൂടിയത്
3. ഉത്കലിക - നീണ്ട വാക്യബന്ധമുള്ളത്
4. ചൂർണകം - ലളിതപദങ്ങളും ലഘുസമാസങ്ങളും കലർന്ന കേവല വാക്യരീതി.

പാശ്ചാത്യർ ഗദ്യത്തെ മൂന്നായി തിരിച്ചിരിക്കുന്നു

1. വർണനാത്മകം - നോവൽ, ചെറുകഥ, യാത്രാവിവരണം, ജീവചരിത്രം തുടങ്ങിയവ
2. വ്യാഖ്യാനപരം - നിയമം, ചരിത്രം, ശാസ്ത്രം, വിമർശനം തുടങ്ങിയവ
3. ഭാവോദ്ബോധകങ്ങൾ - കവിത, നാടകം, തുടങ്ങിയവ

വ്യവഹാരത്തിനായി മനുഷ്യൻ എന്നും ഉപയോഗിക്കുന്നത് ഗദ്യഭാഷയാണെങ്കിലും സാഹിത്യത്തിൽ, പദ്യസാഹിത്യത്തിനായിരുന്നു ആദ്യകാലങ്ങളിൽ മുൻതൂക്കം. പദ്യത്തിൽ എഴുതിയ

SGOU

ത് മാത്രമേ സാഹിത്യമാവുകയുള്ളൂ എന്നതായിരുന്നു ആദ്യകാല രീതി. വളരെ വൈകിയാണ് ഗദ്യസാഹിത്യം ഉടലെടുത്തതും ജനസമ്മതി നേടിയതും. മലയാള ഗദ്യഭാഷയുടെ വികാസഘട്ടങ്ങളെ പ്രാചീനം, മധ്യം, ആധുനികം എന്നിങ്ങനെ മൂന്നായി തിരിക്കാം. പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ പതിനേഴാം നൂറ്റാണ്ടുവരെ പ്രാചീന കാലവും പതിനേഴാം നൂറ്റാണ്ടു മുതൽ പത്തൊൻപതാം നൂറ്റാണ്ടുവരെ മധ്യകാലവും പത്തൊൻപതാം നൂറ്റാണ്ടു മുതൽ ആധുനിക കാലവുമാണ്

പ്രാചീന ഗദ്യത്തെ ഡോ. എം. എം. പുരുഷോത്തമൻ നായർ അഞ്ചുവിഭാഗങ്ങളായി തരംതിരിക്കുന്നു. ശിലാശാസനങ്ങളിലേയും ചെപ്പേടുകളിലേയും ഗദ്യങ്ങൾ ഒന്നാമത്തേതും 'ഭാഷാകൗടലീയം' രണ്ടാമത്തേതും കൂടിയാട്ട ഗദ്യം (ആട്ടപ്രകാരം, ക്രമദീപിക, നാടകഗദ്യം, നമ്പ്യാന്തമിഴ് എന്നിവ അടങ്ങിയത്) മൂന്നാമത്തേതും പുരാണകഥാഖ്യാനങ്ങൾ (ബ്രഹ്മാണ്ഡപുരാണം, ദേവീമാഹാത്മ്യം, നളോപാഖ്യാനം, അംബരീഷോപാഖ്യാനം, മാർക്കണ്ഡേയ പുരാണം, ഉത്തരരാമായണ ഗദ്യം എന്നീ കൃതികളിലെ ഗദ്യം) നാലാമത്തേതും വ്യാഖ്യാനങ്ങൾ അഞ്ചാമത്തേതും ആകുന്നു. മലയാള ഗദ്യസാഹിത്യം തമിഴ് ഭാഷയോട് ഏറെ കടപ്പെട്ടിരിക്കുന്നു. രൂപം, ഭാവം, ഭാഷ എന്നീ വിഷയങ്ങളിൽ തമിഴിൽ നിന്നും പലതും കടംകൊള്ളുന്ന രീതിയായിരുന്നു പ്രാചീന ഗദ്യത്തിന്റേത്. കാലക്രമേണ മലയാള ഭാഷ സംസ്കൃത സ്വാധീനത്തിൽ അകപ്പെട്ടുപോരുന്ന കാഴ്ചയും പ്രകടമാകുന്നുണ്ട്.


## Keywords

ശാസനങ്ങൾ-ശാസന ഭാഷ-വാഴപ്പള്ളി ശാസനം-മണിപ്രവാളം-നമ്പ്യാന്തമിഴ്- ലീലാതിലകം-പാട്ടും മണിപ്രവാളവും-പുരാണപുനരാഖ്യാനം-രാമായണം തമിഴ്ഭാഗവതം ഗദ്യം-ഉത്തരരാമായണം ഗദ്യം


## Discussion

### 1.1.1 ശാസനങ്ങൾ

പ്രാചീന ഗദ്യങ്ങളുടെ ആദ്യമാതൃകകളാണ് 'ശാസനങ്ങൾ'. കല്ല്, ചെമ്പുതകിട്, പനയോല തുടങ്ങിയവയിൽ ആലേഖനം ചെയ്തിട്ടുള്ള പ്രാചീന രേഖകളാണിവ. വ്യക്തികൾക്കും ക്ഷേത്രങ്ങൾക്കും ഇതര സ്ഥാപനങ്ങൾക്കും പണവും വസ്തുവും ദാനം ചെയ്യുന്നതും ഭരണകാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതും മറ്റും അന്നൊക്കെ രാജാക്കന്മാരും പ്രഭുക്കന്മാരും ഉദ്യോഗസ്ഥന്മാരുമെല്ലാം രേഖപ്പെടുത്തിയിരുന്നത് താളിയോലയിലും ചെമ്പുതകിടിലും കല്ലിലുമായിരുന്നു. ക്രിസ്തുവർഷം 9 മുതൽ 13 വരെയുള്ള നൂറ്റാണ്ടുകളിലെ ഭാഷാഗദ്യത്തിന് മാതൃകയായി കണക്കാക്കുന്നത് ശിലാശാസനങ്ങളിലെയും ചെപ്പേടിലെയും ഭാഷയാണ്. ഭരണസംബന്ധമായും ക്ഷേത്രഭരണ സംബന്ധമായും സ്വത്തുക്കൾ, കൃഷി തുടങ്ങിയവയുമായി ബന്ധപ്പെട്ട് ജനങ്ങൾ അറിഞ്ഞിരിക്കേണ്ടതും പാലിക്കേണ്ടതുമായ സംഗതികളായിരിക്കും ഇതിലേറെയും. അതുകൊണ്ടുതന്നെ ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് കൂടുതൽ ശാസനങ്ങളും ഉണ്ടായിട്ടുള്ളത്.

- പ്രാചീന ഗദ്യങ്ങളുടെ ആദ്യ മാതൃകകളാണ് ശാസനങ്ങൾ

SGOU

## ശാസന ഭാഷ

പ്രാചീന കേരളത്തിന്റെ ഭാഷാസവിശേഷതകൾ മനസ്സിലാക്കുവാനുള്ള ഒരു ഉപാധിയാണ് ശാസനങ്ങൾ. ഇന്ന് അർഥം അറിയാൻ പ്രയാസമുള്ള വളരെയേറെ വാക്കുകളും പ്രയോഗവിശേഷങ്ങളും ശാസനങ്ങളിൽ കാണുവാൻ സാധിക്കും. ആദ്യകാല ലിഖിതങ്ങളിൽ തമിഴ് സ്വാധീനം ധാരാളം കാണാമായിരുന്നു. സംസ്കൃത ഭാഷാസ്വാധീനം വളരെ കുറവായിരുന്നു. തമിഴ് ക്രമേണ കുറഞ്ഞ് മലയാള പ്രയോഗങ്ങൾ വർധിക്കുകയും ചെയ്തു എന്ന് ഇവയുടെ പരിശോധനയിൽനിന്നും വ്യക്തമാകും.

► ആദ്യകാല ശാസനങ്ങളിൽ തമിഴ് സ്വാധീനം ധാരാളമായിരുന്നു

ചരിത്രപരമായ രേഖകൾക്കാണ് ശാസനഭാഷ കൂടുതലും ഉപയോഗിക്കപ്പെടുന്നത്. വിളംബരങ്ങളും നിയമങ്ങളും ആകയാൽ തന്നെ അവയ്ക്ക് സാഹിതീയസ്വഭാവം കുറയുകയും ഔദ്യോഗികസ്വഭാവം ഏറുകയും ചെയ്യുന്നു. സാധാരണ ജനങ്ങൾക്കുകൂടി മനസ്സിലാക്കേണ്ടതുള്ളതിനാൽ അന്നത്തെ ചെന്തമിഴിന്റെ സ്വാധീനം ഇവയിൽ പ്രകടമാണ്. ഭാഷാഗദ്യചരിത്രത്തിലേക്ക് കടക്കുമ്പോൾ കേരളത്തിലെ വ്യവഹാരഭാഷയ്ക്ക് സ്വന്തമായൊരു സാഹിത്യഭാഷ പടുത്തുയർത്താൻ വളരെക്കാലം പോരാടേണ്ടിവന്നിട്ടുണ്ട്. ദ്രാവിഡഭാഷാഗോത്രത്തിൽ ആദ്യം വികസിച്ച സാഹിത്യഭാഷയാണ് 'ചെന്തമിഴ്'. കേരളവും തമിഴ്നാടും അതിർത്തി പ്രദേശങ്ങളായതുകൊണ്ടുതന്നെ കേരളത്തിലെ സാഹിത്യഭാഷ അന്ന് ചെന്തമിഴായി തീർന്നതിൽ അദ്ഭുതപ്പെടാനില്ല.

► ചെന്തമിഴിന്റെ സ്വാധീനം പ്രകടമായിരുന്നു

എ. ഡി. ഒൻപതാം നൂറ്റാണ്ടുമുതൽ പതിനേഴാംനൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലാണ് വ്യവഹാരഭാഷ രാജഭാഷയിലേക്ക് സംക്രമിച്ചത്. കേരളീയ ശാസനങ്ങളെ സൂക്ഷ്മമായി പഠനവിധേയമാക്കിയ രണ്ടു പേരാണ് ഇളംകുളം കുഞ്ഞൻപിള്ളയും ഡോ. എ. സി. ശേഖറും. ഇളംകുളം തന്റെ കൃതിയായ 'കേരള ഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന കൃതിയിൽ 'ആദിശാസനങ്ങളിൽ കാണുന്ന ഭാഷയിൽനിന്നു വളരെ ഭിന്നമല്ലാത്ത ഒന്നായിരുന്നു കേരളത്തിലെ വ്യവഹാരഭാഷയെന്നും അതിനുപിൽക്കാലങ്ങളിൽ ക്രമികമായ വികാസം സിദ്ധിച്ചാണ് നവീന ഭാഷാഗദ്യം ഉത്ഭവിച്ചിട്ടുള്ളതെന്നും' അഭിപ്രായപ്പെടുന്നു. എന്നാൽ ഡോ. എ. സി. ശേഖറിന്റെ അഭിപ്രായത്തിൽ, 'കേരളത്തിലെ വ്യവഹാരഭാഷയുടെ പ്രത്യേകതകൾക്ക്, എ. ഡി. ഒൻപതാംനൂറ്റാണ്ടിനുമുൻപ് ലിഖിത ഭാഷയിൽ പ്രവേശം സിദ്ധിച്ചിരുന്നില്ല' എന്നാണുരേഖപ്പെടുത്തിയിട്ടുള്ളത്. 'രാജഭാഷയായ ചെന്തമിഴിലേക്കു കേരളത്തിലെ വ്യവഹാരഭാഷയുടെ തള്ളിക്കയറ്റമാണ് ഒൻപതു മുതൽ പതിമൂന്നാം നൂറ്റാണ്ടുവരെയുള്ള ശാസനങ്ങളിൽ നാം കാണുന്നത്. സാഹിത്യഭാഷയുടെ വികാസപരിണാമങ്ങളല്ല, മറിച്ച്, വ്യവഹാരഭാഷയുടെ സംക്രമണം മൂലം രാജഭാഷയായ ചെന്തമിഴിനു കേരളത്തിൽ വന്നുകൂടിയ ശൈഥില്യമാണ് ശാസനങ്ങൾ വ്യക്തമാക്കുന്നതെന്ന് ഓർക്കേണ്ടതാണ്' എന്ന് സി. എൽ. ആൻറണി 'ഭാഷാഗദ്യം' എന്ന തന്റെ ലേഖനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്.

► വ്യവഹാരഭാഷ രാജഭാഷയിലേക്ക് സംക്രമിച്ചു

## ശാസനഭാഷയുടെ സവിശേഷതകൾ

ശാസനഭാഷയിൽ മലയാളത്തോടൊപ്പം തമിഴും ഉണ്ടായിരുന്നു. അതിൽ കാണുന്ന തമിഴ് അന്ന് നിലവിലുണ്ടായിരുന്ന മലയാളത്തിന്റെ സവിശേഷതയാകാം. അതിനാൽ ശാസനങ്ങളിലെയും ചെപ്പേടുകളിലെ

> ▶ ഭാഷയിൽ കാണുന്ന തമിഴ്പ്രഭാവം

യും ഭാഷയിൽ കാണുന്ന തമിഴ്പ്രഭാവം അന്നത്തെ മലയാളത്തിന്റെ സ്വഭാവമായിരുന്നു എന്നു കരുതുന്നതാണ് യുക്തം. പ്രസ്തുത ശാസന ഭാഷയുടെ സവിശേഷതകൾ ഡോ. എം. എം. പുരുഷോത്തമൻ നായർ താഴെ കൊടുക്കും പ്രകാരം സംഗ്രഹിക്കുന്നു.

### 1. അക്ഷരമാല

തമിഴക്ഷരമാലയിലെ അക്ഷരങ്ങളേ ശാസനങ്ങളിൽ ഉള്ളൂ. വട്ടെഴുത്താണ് കൂടുതലും ഉപയോഗിച്ചിരുന്ന ലിപി. ഇടയ്ക്ക് സംസ്കൃതപദങ്ങൾ തത്സമമായി എഴുതേണ്ടിവരുമ്പോൾ ഗ്രന്ഥലിപിയും ഉപയോഗിച്ചിരുന്നു.

### 2. പദസമൂഹം

മലയാളം, തമിഴ്, സംസ്കൃതം എന്നീ മൂന്നു ഭാഷയിലെയും പദങ്ങൾ ശാസനഭാഷയിലുണ്ട്.

### 3. ആറു നയങ്ങൾ

ശാസനഭാഷയിൽ 'അനുനാസികാതിപ്രസരാദി' നയങ്ങൾ (അനുനാസികാതിപ്രസരം, തായവ്യാദേശം, പുരുഷഭേദനിരാസം, സ്വരസംവരണം, വിലോപസംഗ്രഹം, അംഗഭംഗം) വന്നു കഴിഞ്ഞ രൂപങ്ങൾ വളരെ ക്കുറവാണ്. കാലക്രമത്തിൽ ഇവയുടെ സംഖ്യ കൂടിക്കൂടി വരുന്നതായി കാണാം.

### 4. വ്യാകരണകാര്യങ്ങൾ

സംബന്ധികാവിഭക്തി പ്രത്യയമായ ഉടെ, ഉടയ എന്നിവയല്ലാതെ 'ന്റെ' ശാസനഭാഷയിൽ ഇല്ല. പ്രതിഗ്രാഹികാ വിഭക്തിക്ക് 'എ' അല്ല 'ഐ' ആണ്. 'ക്ക്' എന്നല്ലാതെ 'ന്', 'ന്ന്' എന്നിവ ഉദ്ദേശികക്ക് അന്നുണ്ടായിരുന്നില്ല. 'ഉൾ' ആധാരികയ്ക്ക് പ്രത്യയമായി ശാസനഭാഷയിൽ ഉപയോഗിച്ചിരുന്നു. പൂർണക്രിയകൾക്കും പുരുഷപ്രത്യയം നിർബന്ധമാണ്. വർത്തമാനകാലപ്രത്യയം 'ഉന്നു' അല്ല 'ഇന്റു' ആണ്. വർത്തമാനകാല പേരെച്ചത്തിന് 'ആനിന്റ' സർവസാധാരണമായി ഉപയോഗിച്ചിരുന്നു.

> ▶ ശാസനഭാഷയുടെ സവിശേഷതകൾ

### 5. വാക്യഘടന

ശാസനങ്ങൾ പൊതുവെ ചെറിയ ചെറിയ വാക്യങ്ങളിലാണ് എഴുതിയിരുന്നത്. തമിഴിന്റേതെന്നതിനേക്കാൾ മലയാളത്തിന്റെ വാക്യഘടനയാണ് അവയിലുള്ളത്.

## 1.1.1.3 വാഴപ്പള്ളി ശാസനം (ക്രി. പി. 830 നോടടുത്ത്)

ചങ്ങനാശ്ശേരിക്കടുത്തുള്ള താഴമന ഇല്ലത്തുനിന്നും കിട്ടിയിട്ടുള്ള ഈ ശാസനം അവ്യക്തവും അപൂർണ്ണവുമാണ്. ഇതിലെ സംസ്കൃത ഭാഗങ്ങൾ ഗ്രന്ഥാക്ഷരത്തിലും മറ്റുള്ളവ വട്ടെഴുത്തിലുമാണ് കാണപ്പെടുന്നത്. രാജശേഖര ദേവന്റെ ഭരണകാലത്താണ് രചനാകാലമായി

കണക്കാക്കപ്പെടുന്നത്. തിരുവാറുവായ് ക്ഷേത്രത്തിലെ 'മുട്ടാപ്പലി' യെ സംബന്ധിക്കുന്നതാണ് ഈ ശാസനം. ബലിമുടക്കിയാലുള്ള ശിക്ഷയും, ബലിക്കുള്ള ചെലവിന് നൽകുന്ന ഭൂമിയുടെ വിവരണവുമാണ് ശാസനത്തിന്റെ ഉള്ളടക്കം. 'നമശ്ശിവായ ശ്രീ രാജരാജാധിരാജ പരമേശ്വര ഭട്ടാരക രാജശേഖര ദേവർക്കുചെല്ലാനിന്റയാണ്ടു പന്നിരണ്ടു. അവ്വാണ്ടു തിരുവാറ്റുവായ് പതിനെട്ടു നാട്ടാരും വാഴൈപ്പള്ളി ഊരാരുംകൂടി രാജശേഖരദേവർ (തൃ)ക്കൈക്കീഴ് വൈത്തു ചെയ്ത കച്ചം. തിരുവാറ്റുവായ് മുട്ടാപ്പലി വിലക്കുവാൻ പെരുമാനടി കട്കു നൂറുതീനാരത്തണ്ടപ്പടുവതു. മാതൃപരി ഗ്രഹമുഞ്ചെയ്താരാവതും...... പണിമക്കൾ മുട്ടിപ്പാർ മെയ് വേറ്റു വകൈയാലുരിയ്ക്കൊളി (നാനൂ)ഴി നെല്ലൊരാപൊഴുതു തണ്ടമിന്നെർ പതവാരം ചാന്തിപ്പുറം ഒൻപതു കൂറും പലിപ്പുറമാവതു. ഇത്തണ്ട(ങ്) തൈപ്പൂയത്തിനാളുച്ചിപ്പലി ഇൻമുൻ കുടുപ്പതു'.

കേരളത്തിൽ നിന്നു കണ്ടു കിട്ടിയിട്ടുള്ളതിൽ വെച്ച് പഴയ ശാസനം

(ചൊല്ലാനിന്റെ = ചൊല്ലുന്ന; യാണ്ട് = ആണ്ട്; പന്നിരണ്ട് = പന്ത്രണ്ട്; അവ്വാണ്ടു = ആ ആണ്ടിൽ; തൃക്കൈ = (രാജാവിന്റെ ) കൈമുദ്ര; കീഴ് വൈത്തു = (കരാറിന്റെ ) കീഴെ വെച്ച്; കച്ചം = കരാർ; മുട്ടാപ്പലി= മുട്ടാത്ത (മുടങ്ങാത്ത); പലി(ബലി); വിലക്കുവാർ= വിലക്കുന്നവൻ; പെരുമാനടികട്കു = പെരുമാളുടെ (രാജാവിന്റെ); അടികൾക്ക് (കാലടിയിൽ); നൂറുതീനാരത്തണ്ടപ്പടുവതു = നൂറു തീനാരം (ദീനാരം - ഒരു സ്വർണനാണയം); തണ്ടെ (ദണ്ഡം) = പിഴ; പടുവതു = കെട്ടിവെക്കണം; മാതൃപരിഗ്രഹമുഞ്ചയ്താരാവതു..... = മാതാവിനെ പരിഗ്രഹം (വിവാഹം) ചെയ്ത വരാരാനും......, അപൂർണമായതുകൊണ്ട് അർഥം വ്യക്തമല്ല; പണിമക്കൾ = പണിക്കാർ, മക്കൾ എന്നതിന് തമിഴിൽ ജനങ്ങൾ എന്നാണർത്ഥം; മുട്ടിപ്പാർ= (പണി) മുടക്കുന്നവർ; മെയ് വേറ്റു കൈയാൽ = മെയ് വേറ്റു (?) വകയ്ക്കു (?); ഉരിയ്ക്കൊളി നാനൂഴി നെല്ലു = നെല്ലിന്റെ അളവിനെ സൂചിപ്പിക്കുന്നത്; പൊഴുതു = ഓരോ സമയത്ത്; തണ്ടമിന്നെർ = ദണ്ഡം എന്നാണ്; പതവാരം = രാജാവിന് കൊടുക്കേണ്ടത് ; ചാന്തിപ്പുറം ഒൻപതു കൂറു പലപ്പുറമാവിതു = (അർഥം വ്യക്തമല്ല); ഇത്തണ്ട = ഈ ദണ്ഡം; തൈപ്പൂയത്തിനാലുച്ചിപലി ഇൻമുൻ = തൈപ്പൂയം നാളിൽ ഉച്ചബലിക്ക് മുമ്പ്; കുടപ്പതു = കൊടുക്കേണ്ടതാണ്.)

## വിവർത്തനം

ശ്രീ രാജാധിരാജ പരമേശ്വരഭട്ടാരക രാജശേഖര ദേവൻ ഭരണം ഏറ്റെടുത്തതിന്റെ പന്ത്രണ്ടാം വർഷമാണിത്. ഈ വർഷം തിരുവാറ്റുമായി എന്ന സ്ഥലത്തെ പതിനെട്ടു നാട്ടാരും വാഴപ്പള്ളി ക്ഷേത്രത്തിന്റെ ഭരണാധികാരികളുംകൂടി രാജശേഖര ദേവരുടെ തൃക്കൈ കീഴിൽ വച്ചുണ്ടാക്കിയ ഉടമ്പടിയാണിത്. തിരുവാറ്റുവായ്, വാഴപ്പള്ളി ക്ഷേത്രത്തിലെ നിത്യപൂജ മുടക്കുന്നവർ ചേരമാൻ പെരുമാൾക്ക് നൂറുദിനാരം പിഴ കൊടുക്കണം. ഈ പിഴ തൈപൂയം നാളിൽ ഉച്ചപൂജയ്ക്ക് മുൻപ് കൊടുക്കണം. കൊടുക്കാതിരുന്നാൽ ഇരട്ടി പിഴ കൊടുക്കണം. ഇത് മാതൃപരിഗ്രഹണത്തിനു തുല്യമാണ് എന്ന് ശാസനം പറയുന്നു.

നിത്യപൂജ മുടക്കുന്നവർ നൂറുദിനാരം പിഴ കൊടുക്കണം

**ഈ ശാസനത്തിന്റെ ഭാഷാപരമായ സവിശേഷതകൾ**

സംസ്കൃത തത്സമങ്ങളും തത്ഭവങ്ങളും ഉപയോഗിച്ചിരുന്നു. തമിഴ് രീതിയനുസരിച്ചുള്ള തത്ഭവങ്ങൾ മാത്രമുണ്ടായിരുന്ന ഭാഷയിലേക്ക് സംസ്കൃതവർണങ്ങൾ ഉപയോഗിച്ചുള്ള തത്സമങ്ങളുടെ ഉപയോഗം വർ

ഢിച്ചു വരുന്നതിന്റെ ആദ്യഘട്ടമാണ് ഈ ശാസന ഭാഷയിൽ കാണുന്നത്. ഗദ്യഭാഷയിൽ നിലവാരപ്പെടൽ സംഭവിച്ചിട്ടില്ല. എഴുതുന്ന രീതിയിലും വ്യവസ്ഥയുടെ അഭാവം കാണാം. എന്നാലും തമിഴിൽ നിന്നുള്ള അകൽച്ച വ്യക്തം. വർണതലത്തിലെയും (യാണ്ടു, പന്നിരണ്ടു, വാഴൈപ്പള്ളി, വൈത്ത, വകൈ, ഉച്ചി) സന്ധിതലത്തിലെയും (അവ്വാണ്ടു, അടികട്തകു, പിരഗ്രഹമും) വ്യാകരണതലത്തിലെയും (ആനിന്റ, മുട്ടാപ്പലി, പലിയിൻമുൻ) പഴക്കം ശ്രദ്ധിക്കേണ്ടതാണ്.

- ▶ തത്സമങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതിന്റെ ആദ്യഘട്ടം

## 1.1.2 നമ്പ്യാന്തമിഴ്

നമ്പ്യാന്മാർ കഥാകഥനത്തിന് ഉപയോഗിച്ചിരുന്ന വിശേഷ വ്യവഹാര ഭാഷയാണ് നമ്പ്യാന്തമിഴ്. പാട്ടിനും മണിപ്രവാളത്തിനും സമാന്തരമായി അന്നു നിലവിലുണ്ടായിരുന്ന ഒന്നാണ് നമ്പ്യാന്തമിഴ്. പാഠകം അവതരിപ്പിച്ചിരുന്നവർക്കു വേണ്ടി രചിച്ചവയാണ് നമ്പ്യാന്തമിഴുകൃതികൾ. കൂത്തും കൂടിയാട്ടവും സംസ്കൃതജ്ഞാനമുള്ളവരെ ഉദ്ദേശിച്ചാണ് അരങ്ങേറുന്നത്. എന്നാൽ അത്രയും സംസ്കൃത ജ്ഞാനമില്ലാത്തവരെ രസിപ്പിക്കാൻ വേണ്ടി ആവിഷ്കരിച്ചതാവണം പാഠകം. ചാക്യാർകൂത്ത് പറയുമ്പോൾ അത് വിസ്തരിച്ച് സാധാരണക്കാർക്ക് മനസ്സിലാക്കി കൊടുക്കുന്നത് നമ്പ്യാന്മാരായിരുന്നു. വിഭക്ത്യന്ത സംസ്കൃതമല്ലാത്തതിനാൽ ലീലാതിലകകാരൻ നമ്പ്യാന്തമിഴിനെ മണിപ്രവാള വിഭാഗത്തിൽ ഉൾപ്പെടുത്തുന്നില്ല. നമ്പ്യാന്തമിഴ് ഒരു ഭാഷയെന്നേ തോന്നൂ എന്ന് ലീലാതിലകകാരൻ പറയുന്നുണ്ട്. നമ്പ്യാന്തമിഴിൽ സംസ്കൃതപദങ്ങൾ തത്സമങ്ങളായി ഉപയോഗിച്ചിരിക്കുന്നതിനാൽ അത് പാട്ട് ഭാഷയും ആകുന്നില്ല. അതായത്, നമ്പ്യാന്തമിഴ് സാമാന്യവ്യവഹാര ഭാഷയോട് സാധർമ്യവും സാദൃശ്യവും പുലർത്തുന്ന ഒരു സാഹിത്യഭാഷയാകുന്നു എന്നു വേണം കരുതാൻ.

- ▶ ലീലാതിലകകാരൻ നമ്പ്യാന്തമിഴിനെ മണിപ്രവാള വിഭാഗത്തിൽ ഉൾപ്പെടുത്തുന്നില്ല

എ. ഡി. പതിനാലാംനൂറ്റാണ്ടിന്റെ മധ്യഘട്ടം മുതൽ പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭകാലം വരെ രാഷ്ട്രീയ പ്രവർത്തനങ്ങളോടൊപ്പം മാറിമാറി പ്രാദേശിക പ്രത്യേകതകളോടുകൂടി ഗദ്യകൃതികളുടെ നിർമിതിക്ക് സ്വീകാര്യമായ ഒരു സാഹിത്യഭാഷ നിലനിന്നുവെന്നും എ. ഡി. പതിനാലു മുതൽ പതിനേഴുവരെയുള്ള ഭാഷാ സംക്രമ കാലത്തെ ഗദ്യകൃതികളിൽ നമ്പ്യാന്തമിഴിന്റെ വിവിധരൂപങ്ങളാണ് നാം കാണുന്നതെന്നും പ്രൊഫ. സി. എൽ. ആന്റണി അഭിപ്രായപ്പെടുന്നു. ഡോ. പി. വി. വേലായുധൻ പിള്ളയുടെ അഭിപ്രായം മണിപ്രവാള ലക്ഷണം കാണുന്നില്ല എന്നു പറഞ്ഞ് ലീലാതിലകകാരൻ തള്ളിക്കളയുന്ന നമ്പ്യാന്തമിഴിലല്ലേ ആധുനികമലയാളഭാഷയുടെ പൂർവരൂപം കാണുന്നത് എന്നതാണ്. പാട്ടും മണിപ്രവാളവും കൃത്രിമമിശ്രമാണ്. നമ്പ്യാന്തമിഴ് സ്വാഭാവിക മിശ്രമാണ്. പദങ്ങൾ കലരുന്നതിനെ സ്വാഭാവിക മിശ്രമെന്നും വ്യാകരണം കലരുന്നതിനെ കൃത്രിമമിശ്രമെന്നും പറയുന്നു.

- ▶ നമ്പ്യാന്തമിഴ് സ്വാഭാവിക മിശ്രമാണ്

'ബ്രഹ്മാണ്ഡപുരാണം', 'അംബരീഷോപാഖ്യാനം', 'നളോപാഖ്യാനം', 'ദേവീമാഹാത്മ്യം' എന്നിവയാണ് നമ്പ്യാന്തമിഴ് മാധ്യമമാക്കിയ പ്രധാന കൃതികൾ. സഗരന് തടസ്സമില്ലാതെ രാജ്യം ഭരിക്കുവാൻ കുലഗുരുവായ വസിഷ്ഠ മഹർഷി ഭദ്രദീപ പ്രതിഷ്ഠാ വ്രതം ഉപദേശിക്കുന്നതാണ് ബ്രഹ്മാണ്ഡപുരാണം. ഏകാദശീവ്രതത്തിന്റെ മാഹാത്മ്യമാണ്

SGOU

> ▶ ഏകാദശീവ്രതത്തിന്റെ മാഹാത്മ്യം

അംബരീഷോപാഖ്യാനത്തിന്റെ പ്രമേയം. നളന്റെ ചരിത്രം വർണിക്കുന്ന ഗദ്യകൃതിയാണ് നളോപാഖ്യാനം. മഹാവിഷ്ണു, ശിവൻ എന്നിവരുടെ തേജസിൽനിന്ന് ഉരുവായ മഹാമായയെ പ്രകീർത്തിക്കുന്നതാണ് ദേവീ മാഹാത്മ്യം.

## 1.1.3 പുരാണ പുനരാഖ്യാനങ്ങൾ

പതിനാലാംശതകം കടന്ന് പതിനഞ്ചാംനൂറ്റാണ്ടിലെത്തുമ്പോൾ 'ഭാഗവതം', 'ഭാഗവത സംഗ്രഹം', 'തത്ത്വമസി വ്യാഖ്യാനം', 'സിദ്ധദീപിക', 'ജനകാഗസ്ത്യ സംവാദം', 'യന്ത്രരാജൻ', 'സൗന്ദര്യലഹരീ വ്യാഖ്യാനം', 'മുകുന്ദമാലാ വ്യാഖ്യാനം', 'യുധിഷ്ഠിരവിജയ വ്യാഖ്യാനം', 'സംഗീത രത്നാകരം വ്യാഖ്യാനം' തുടങ്ങി പുരാണ ശാസ്ത്ര വേദാന്താദി വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഗദ്യരചനകളുടെ എണ്ണം പൂർവാധികം വർധിക്കുന്നതു കാണാം. അവയിൽ ഭാഗവതം ഭാഷാമലയാള ഗദ്യശൈലിയുടെ ആശാസ്യമായ പരിവർത്തനത്തെ കുറിക്കുന്നു. വാക്യങ്ങൾ ഹ്രസ്വമായിത്തീരുന്നു. വാക്യഘടന ലളിതവും സുന്ദരവുമായി മാറുന്നു. സംസ്കൃതത്തിന്റെ പിടി അയയുന്നു. പഴയ പദങ്ങളും പ്രയോഗങ്ങളും ഉണ്ടെങ്കിലും ക്ലിഷ്ടതയ്ക്കു കുറവു വരുന്നു.

> ▶ സംസ്കൃതത്തിന്റെ പിടി അയയുന്നു

### രാമായണം തമിഴ്

നീചരാജ ഭാഷയുടെ നമ്പ്യാന്തമിഴ് രൂപത്തിൽ വിരചിതമായിട്ടുള്ള ഒരു ഗദ്യകൃതിയാണിത്. രാവണോത്ഭവം മുതൽ രാവണവധത്തിനു ശേഷം നടന്ന ശ്രീരാമാഭിഷേകം വരെയുള്ള കഥാഭാഗമാണ് ഉള്ളടക്കം. രാമായണം തമിഴിന്റെ കർത്താവ് ആരെന്നോ അതിന്റെ നിർമ്മിതി എന്നാണെന്നോ അറിവില്ല. പുരുഷപ്രത്യയ രഹിതങ്ങളായ ക്രിയാരൂപങ്ങൾ ഈ കൃതിയിൽ വ്യവസ്ഥയില്ലാതെ പ്രയോഗിച്ചു കാണുന്നു.

> ▶ നീചരാജ ഭാഷയുടെനമ്പ്യാന്തമിഴ് രൂപത്തിൽ വിരചിതമായ ഗദ്യകൃതി

### ഭാഗവതം ഗദ്യം

ശ്രീമൂലം മലയാള ഭാഷാഗ്രന്ഥാവലിയിലെ പത്തും പതിനാലും അങ്കങ്ങളായി 'ഭാഗവതം ദശമസ്കന്ധ'ത്തിന്റെ ഗദ്യരൂപത്തിലുള്ള പരിഭാഷ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ കൃതിയുടെ കർത്താവ് ആരെന്ന് വ്യക്തമല്ല. എ. ഡി. പതിനഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലായിരിക്കാം ഇതിന്റെ നിർമിതിയെന്ന് കരുതുന്നു. തമിഴിലെ ഭാഷാരീതിയേക്കാൾ സംസ്കൃത ശൈലീബദ്ധമാണ് ഇതിലെ രീതി. നീചരാജഭാഷയിൽ സംസ്കൃതത്തിന്റെ സംക്രമം അക്കാലത്തു ഗണ്യമായി സംഭവിച്ചിട്ടുണ്ടെന്ന് ഈ ഭാഷാ ഗദ്യകൃതി വിശദമാക്കുന്നു.

> ▶ സംസ്കൃത ശൈലീബദ്ധമാണ് ഇതിലെ രീതി

### ഉത്തരരാമായണം ഗദ്യം

ഭാഗവതം ഗദ്യത്തെപ്പോലെ തന്നെ നമ്പ്യാന്തമിഴിൽ വിരചിതമായിട്ടുള്ള ഒരു കൃതിയാണ് ഉത്തരരാമായണം ഗദ്യവും. ഉത്തരരാമായണം ഗദ്യത്തിലെ ഒരു താളിയോലപ്പകർപ്പിൽ അതെഴുതിയത് കൊല്ലവർഷം 759-ൽ (എ. ഡി. 1584) ആണെന്നു രേഖപ്പെടുത്തിയിട്ടുണ്ടെന്നു ടി. ബാലകൃഷ്ണൻ നായർ പ്രസ്താവിക്കുന്നു. തന്മൂലം ഈ കൃതി എ. ഡി. പതിനാറാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിലെങ്കിലും നിർമിതമായിക്കഴി

> ▶ നമ്പ്യാന്തമിഴിൽ വിരചിതമായിട്ടുള്ള ഒരു കൃതിയാണ് ഉത്തരരാമായണം ഗദ്യം

ഞ്ഞിട്ടുണ്ടെന്ന് ഊഹിക്കാവുന്നതാണ്. രാവണാദികളുടെ ഉത്പത്തി, ബാലിയിൽനിന്നും കാർത്തവീര്യാർജ്ജുനനിൽനിന്നും രാവണനു നേരിട്ട പരാജയം, വിദ്യുജ്ജിഹ്വ വധം, ഹനുമദുത്ഭവം തുടങ്ങിയ പൂർവ കഥാഭാഗങ്ങളും സീതാപരിത്യാഗവും തദനന്തര സംഭവങ്ങളും അഗസ്ത്യ മഹർഷി ശ്രീരാമനോടു വിവരിക്കുന്ന രീതിയിലാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

## Summarised Overview

വ്യവഹാരത്തിനായി മനുഷ്യൻ എന്നും ഉപയോഗിക്കുന്നത് ഗദ്യഭാഷയാണെങ്കിലും സാഹിത്യത്തിൽ, പദ്യസാഹിത്യത്തിനായിരുന്നു ആദ്യകാലങ്ങളിൽ മുൻതൂക്കം. പദ്യത്തിൽ എഴുതിയത് മാത്രമേ സാഹിത്യമാവുകയുള്ളൂ എന്നതായിരുന്നു ആദ്യകാല രീതി. വളരെ വൈകിയാണ് ഗദ്യസാഹിത്യം ഉടലെടുത്തതും ജനസമ്മതി നേടിയതും. മലയാള ഗദ്യഭാഷയുടെ വികാസഘട്ടങ്ങളെ പ്രാചീനം, മധ്യം, ആധുനികം എന്നിങ്ങനെ മൂന്നായി തിരിക്കാം. പ്രാചീന ഗദ്യങ്ങളുടെ ആദ്യമാതൃകകളാണ് ശാസനങ്ങൾ. കല്ല്, ചെമ്പുതകിട്, പനയോല തുടങ്ങിയവയിൽ ആലേഖനം ചെയ്തിട്ടുള്ള പ്രാചീന രേഖകളാണിവ. വ്യക്തികൾക്കും ക്ഷേത്രങ്ങൾക്കും ഇതര സ്ഥാപനങ്ങൾക്കും പണവും വസ്തുവും ദാനം ചെയ്യുന്നതും ഭരണകാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതും മറ്റും അന്നൊക്കെ രാജാക്കന്മാരും പ്രഭുക്കന്മാരും ഉദ്യോഗസ്ഥന്മാരുമെല്ലാം രേഖപ്പെടുത്തിയിരുന്നത് താളിയോലയിലും ചെമ്പുതകിടിലും കല്ലിലുമായിരുന്നു. ക്രിസ്തുവർഷം 9 മുതൽ 13 വരെയുള്ള നൂറ്റാണ്ടുകളിലെ ഭാഷാഗദ്യത്തിന് മാതൃകയായി കണക്കാക്കുന്നത് ശിലാശാസനങ്ങളിലെയും ചെപ്പേടിലെയും ഭാഷയാണ്. ആദ്യകാല ലിഖിതങ്ങളിൽ തമിഴ് സ്വാധീനം ധാരാളം കാണാമായിരുന്നു. സംസ്കൃത ഭാഷാസ്വാധീനം വളരെ കുറവായിരുന്നു. തമിഴ് ക്രമേണ കുറഞ്ഞ് മലയാള പ്രയോഗങ്ങൾ വർധിക്കുകയും ചെയ്തു.

ഭാഷാഗദ്യചരിത്രത്തിലേക്ക് കടക്കുമ്പോൾ കേരളത്തിലെ വ്യവഹാരഭാഷയ്ക്ക് സ്വന്തമായൊരു സാഹിത്യഭാഷ പടുത്തുയർത്താൻ വളരെക്കാലം പോരാടേണ്ടി വന്നിട്ടുണ്ട്. ദ്രാവിഡ ഭാഷാഗോത്രത്തിൽ ആദ്യം വികസിച്ച സാഹിത്യഭാഷയാണ് 'ചെന്തമിഴ്'. ശാസനങ്ങളിലെയും ചെപ്പേടുകളിലെയും ഭാഷയിൽ കാണുന്ന തമിഴ്പ്രഭാവം അന്നത്തെ മലയാളത്തിന്റെ സ്വഭാവമായിരുന്നു എന്നു കരുതുന്നതാണ് യുക്തം.

നമ്പ്യാന്മാർ കഥാകഥനത്തിന് ഉപയോഗിച്ചിരുന്ന വിശേഷ വ്യവഹാര ഭാഷയാണ് നമ്പ്യാന്തമിഴ്. പാഠകം അവതരിപ്പിച്ചിരുന്നവർക്കുവേണ്ടി രചിച്ചവയാണ് നമ്പ്യാന്തമിഴുകൃതികൾ. കൂത്തും കൂടിയാട്ടവും സംസ്കൃതജ്ഞാനമുള്ളവരെ ഉദ്ദേശിച്ചാണ് അരങ്ങേറുന്നത്. എന്നാൽ അത്രയും സംസ്കൃതജ്ഞാനമില്ലാത്തവരെ രസിപ്പിക്കാൻവേണ്ടി ആവിഷ്കരിച്ചതാവണം പാഠകം. ചാക്യാർകൂത്ത് പറയുമ്പോൾ അത് വിസ്തരിച്ച് സാധാരണക്കാർക്ക് മനസ്സിലാക്കിക്കൊടുക്കുന്നത് നമ്പ്യാന്മാരായിരുന്നു. വിഭക്ത്യന്ത സംസ്കൃതമല്ലാത്തതിനാൽ 'ലീലാതിലക'കാരൻ നമ്പ്യാന്തമിഴിനെ മണിപ്രവാളവിഭാഗത്തിൽ ഉൾപ്പെടുത്തുന്നില്ല. പാട്ടും മണിപ്രവാളവും കൃത്രിമമിശ്രമാണ്. നമ്പ്യാന്തമിഴ് സ്വാഭാവികമിശ്രമാണ്. പദങ്ങൾ കലരുന്നതിനെ സ്വാഭാവിക മിശ്രമെന്നും വ്യാകരണം കലരുന്നതിനെ കൃത്രിമ മിശ്രമെന്നും പറയുന്നു. ബ്രഹ്മാണ്ഡപുരാണം, അംബരീഷോപാഖ്യാനം, നളോപാഖ്യാനം, ദേവീമാഹാത്മ്യം എന്നിവയാണ് നമ്പ്യാന്തമിഴ് മാധ്യമമാക്കിയ പ്രധാനകൃതികൾ.

പതിനാലാം ശതകം കടന്ന് പതിനഞ്ചാം നൂറ്റാണ്ടിലെത്തുമ്പോൾ പുരാണ ശാസ്ത്ര വേദാന്താദി വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഗദ്യരചനകളുടെ എണ്ണം പൂർവാധികം വർധിക്കുന്നതു കാണാം. അവയിൽ 'ഭാഗവതം ഭാഷ' മലയാള ഗദ്യശൈലിയുടെ ആശാസ്യമായ പരിവർത്തനത്തെ കുറിക്കുന്നു. വാക്യങ്ങൾ ഹ്രസ്വമായിത്തീരുന്നു. വാക്യഘടന ലളിതവും സുന്ദരവുമായി മാറുന്നു. സംസ്കൃതത്തിന്റെ പിടി അയയുന്നു. പഴയ പദങ്ങളും പ്രയോഗങ്ങളും ഉണ്ടെങ്കിലും ക്ലിഷ്ടതയ്ക്കു കുറവു വരുന്നു. രാമായണം, തമിഴ് ഭാഗവതം ഗദ്യം, ഉത്തരരാമായണം ഗദ്യം എന്നിവ പ്രധാന പുരാണ പുനരാഖ്യാനങ്ങളാണ്.

## Assignments

1. വാഴപ്പള്ളിശാസനത്തിന് മലയാള ഭാഷാചരിത്രത്തിലുള്ള പ്രാധാന്യം വിവരിക്കുക.
2. മലയാളത്തിലുണ്ടായ പ്രധാന പുരാണപുനരാഖ്യാനങ്ങൾ ഏതെല്ലാം അവയുടെ ഭാഷാ സവിശേഷതകൾ വിവരിക്കുക.
3. 'നമ്പ്യാന്തമിഴ്'-ഭാഷാ ചരിത്രത്തിൽ ഉള്ള സ്ഥാനം അടയാളപ്പെടുത്തുക.
4. ശാസനഭാഷ- മലയാള ഭാഷാചരിത്രത്തിൽ പ്രധാനപ്പെട്ട ഒരുകാലത്തെക്കുറിക്കുന്നുണ്ട്. സ്വാഭിപ്രായം സ്ഥാപിക്കുക.
5. 'ഭാഷാസംക്രമണവാദം' ത്തെക്കുറിച്ച് വിവരിക്കുക.

## Suggested Readings


1. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിന്റെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി. കെ. നാരായണപിള്ള, പ്രാചീനഗദ്യമാതൃകകൾ, കേരള സർവ്വകലാശാല, തിരുവനന്തപുരം.
3. പി. വി. വേലായുധൻ പിള്ള, മധ്യകാല മലയാളം, ഡി. സി. ബുക്സ്, കോട്ടയം.
4. കെ. രത്നമ്മ, മലയാള ഭാഷാ ചരിത്രം എഴുത്തച്ഛൻ വരെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. സ്കറിയാ സക്കറിയ, പ്രാചീനഗദ്യമാതൃകകൾ മുതൽ മിലാൻ വരെ, എസ്. പി. സി. എസ്., കോട്ടയം.
6. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, പ്രാചീന മലയാളമാതൃകകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഭാഷാ ചരിത്രധാരകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


SGOU

## References


1. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, കേരള സർവകലാശാല, തിരുവനന്തപുരം.
2. കെ. എൻ. എഴുത്തച്ഛൻ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ.
3. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
4. കെ. എം. ഗോവി, ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും, കേരള സാഹിത്യ അക്കാദമി, തൃശൂർ.
5. കെ. എം. ജോർജ് (എഡി.), ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
6. ടി. എം. ചുമ്മാർ, ഗദ്യസാഹിത്യചരിത്രം, എൻ. ബി. എസ്. കോട്ടയം.
7. ഡോ. എസ്. വി. വേണുഗോപൻ, മലയാള ഭാഷാചരിത്രം, മാളുബെൻ പബ്ലിക്കേഷൻസ്, കോഴിക്കോട്.
8. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, മലയാള ഭാഷാചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# Unit 2

# ഭാഷാകൗടലീയം

## Learning Outcomes

- ഗദ്യസാഹിത്യത്തിന്റെയും മലയാള ഭാഷയുടെയും വളർച്ചാഗതിയെക്കുറിച്ചുള്ള സാമാന്യധാരണ നേടുന്നു
- 'ഭാഷാകൗടലീയ'ത്തിന് മലയാള ഭാഷാചരിത്രത്തിലുള്ള സ്ഥാനം മനസിലാക്കുന്നു
- മിഷനറി മലയാളത്തിന്റെ ചരിത്രപരവും ഭാഷാപരവുമായ സവിശേഷതകളെ തിരിച്ചറിയുന്നു
- അച്ചടി മലയാളത്തിന്റെ പ്രാരംഭ ചരിത്രത്തെക്കുറിച്ചുള്ള സാമാന്യധാരണ ലഭിക്കുന്നു
- ആദ്യകാല വിവർത്തനകൃതികൾക്ക് മലയാള ഭാഷാചരിത്രത്തിലുള്ള സ്ഥാനം തിരിച്ചറിയുന്നു

## Background

മലയാളം അച്ചടിയുടെ ചരിത്രം കൊളോണിയൽ ആധുനികതയുമായി ബന്ധപ്പെട്ടതാണ്. മിഷനറി പ്രവർത്തനമാണ് ഇതിന് വേഗത വർദ്ധിപ്പിച്ച പ്രധാന ഘടകം. ജോൺ ഗൊൺസാൽവ് (Joan Gonsalves) ആണ് നാട്ടുഭാഷാലിപികൾ ആദ്യമായി ഉണ്ടാക്കിയത്. ഇതുപയോഗിച്ച് ആദ്യം ഗോവയിലെ പ്രസ്സിൽ അച്ചടിച്ചു. പിന്നീട് അവ കൊച്ചിയിൽ കൊണ്ടുവന്ന് അച്ചടി നടത്തി. ഗൊൺസാൽവസ് ഉണ്ടാക്കിയ അച്ചുകൾ തമിഴിലോ മലയാളത്തിലോ എന്നതിനെക്കുറിച്ച് നിരവധി വാദങ്ങൾ ഉണ്ടായിട്ടുണ്ട്. 1579-ൽ ഒരു വേദോപദേശഗ്രന്ഥം പരിശോധിച്ചപ്പോൾ അന്നിവിടെ മുദ്രണം ചെയ്യപ്പെട്ട ഗ്രന്ഥങ്ങളെല്ലാം തമിഴിൽ ആയിരുന്നുവെന്ന് ബോധ്യമായെന്ന് പി. ജെ. തോമസ് 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും' എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഈ ഗ്രന്ഥം വൈപ്പിൻ കോട്ടയിൽ മുദ്രണം ചെയ്യപ്പെട്ടതാണ്. 1579-ൽ തന്നെ കൊച്ചിയിൽ ദൈവമാതാവിന്റെ മുദ്രാലയത്തിൽ മാർക്കോസ് ജോർജ്ജ് എന്ന പാതിരി 'ക്രിസ്തീയ മതതത്ത്വം' എന്നും 'ക്രിസ്തീയ വണക്കം' എന്നും പേരുള്ള രണ്ടു പുസ്തകങ്ങൾ അച്ചടിച്ചിരുന്നു.

ഭാഷാസംക്രമണകാലത്തെ ഗദ്യകൃതികളിൽ പഴക്കംകൊണ്ടും ഉള്ളടക്കം കൊണ്ടും ഏറ്റവുമധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് 'ഭാഷാകൗടലീയം'. ബി. സി. മൂന്നാംനൂറ്റാണ്ടിൽ ഭാരതം ഭരിച്ചിരുന്ന ചന്ദ്രഗുപ്ത മൗര്യന്റെ ഉപദേഷ്ടാവും മന്ത്രിയുമായ കൗടല്യൻ രചിച്ച 'അർത്ഥശാസ്ത്ര'ത്തിന്റെ പരിഭാഷയാണിത്. ഗ്രന്ഥകർത്താവ് ആരാണെന്ന് നിശ്ചയമില്ല. ഭാഷാകൗടലീയകാരൻ ത്രൈവർണ്ണികനായിരിക്കാമെന്ന ഇളംകുളം കുഞ്ഞൻപിള്ളയുടെ നിരീക്ഷണത്തോട് ഉള്ളൂരും യോജിക്കുന്നുണ്ട്. അർത്ഥശാസ്ത്രത്തിൽ പതിനഞ്ച് അധികരണങ്ങളുണ്ടെങ്കിലും ആദ്യത്തെ ഏഴ് അധികരണങ്ങളുടെ ഭാഷാവ്യാഖ്യാനം മാത്രമേ കണ്ടുകിട്ടിയിട്ടുള്ളൂ.

'ഭാഷാകൗടലീയ'ത്തിന്റെ കാലം 1150 നും 1225 നും ഇടയ്ക്കാണെന്ന് ഉള്ളൂരും ഇളംകുളവും കെ. എൻ. എഴുത്തച്ഛനും അഭിപ്രായപ്പെടുന്നു. ഇത് സാധാരണക്കാരനെ അഭിസംബോധന ചെയ്യുന്ന വിവർത്തനമല്ല. സംസ്കൃതത്തിൽ സാക്ഷരതയുള്ള ന്യൂനപക്ഷത്തെ മാത്രമേ ആകർഷിക്കുന്നുള്ളൂ. മലനാട്ടുതമിഴ് ഒരു സ്വതന്ത്രഭാഷയായി മലയാള ഭാഷയായി പരിണമിക്കാൻ

വെമ്പൽ കൊള്ളുന്നതിന്റെ അടയാളങ്ങൾ ഭാഷാകൗടലീയത്തിൽ കാണാം.

കാരിക, ശ്ലോകം, സൂത്രവാക്യങ്ങൾ, വൃത്തി എന്നിവ അടങ്ങിയതാണ് 'അർത്ഥശാസ്ത്രം'. മൂലകൃതിയിലെ സംസ്കൃതഭാഗങ്ങൾക്ക് ചിലേടത്തു ഭാഷാപദങ്ങൾ കൊണ്ടും മറ്റു ചിലേടത്തു വേറെ സംസ്കൃതപദങ്ങൾ കൊണ്ടും അർഥം പറഞ്ഞു പോകുന്ന രീതിയാണ് 'ഭാഷാകൗടലീയ'ത്തിനുള്ളത്. അർഥം സ്പഷ്ടമല്ലാത്തിടത്ത് വ്യാഖ്യാതാവ് വിശദീകരണം നൽകുന്നുണ്ട്. അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം എന്നീ നയങ്ങളുടെ പ്രവർത്തനങ്ങൾ 'ഭാഷാകൗടലീയ'ത്തിൽ പ്രകടമായി കാണാം. ശാസനങ്ങളിൽ നിന്നും ഭിന്നമായി 'ഋ' എന്ന സ്വരം സ്വതന്ത്രരൂപത്തിൽ ഇതിൽ കാണുന്നു എന്നത് ശ്രദ്ധാർഹമാണ്. 'ചെന്തമിഴിൽനിന്ന് വ്യത്യസ്തമായ ഒരു ഭാഷ കേരളത്തിലുണ്ടെന്ന് സമ്മതിച്ചു കൊടുക്കുകയാണ് 'കൗടലീയ' തർജമകൊണ്ട് കർത്താവ് ചെയ്തത് എന്ന് പി. വി. വേലായുധൻ പിള്ള അഭിപ്രായപ്പെടുന്നു. 'സങ്കീർണ വാക്യങ്ങളുടെ രചനയിൽ ലാളിത്യം ദീക്ഷിക്കാൻ ഭാഷാകൗടലീയകാരന് കഴിഞ്ഞിട്ടില്ല' എന്ന വിമർശനം നടുവട്ടം ഗോപാലകൃഷ്ണൻ ഉയർത്തുന്നുണ്ട്.

## Keywords

'ഭാഷാകൗടലീയം'-അധികരണം-അച്ചടി-മിഷനറിമലയാളം-വിവർത്തനം-'വർത്തമാനപ്പുസ്തകം' -സൂത്രം-വ്യാഖ്യാനം

## Discussion

### 1.2.1 മിഷനറി മലയാളം

പതിനേഴ്, പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളിൽ വൈദേശികാധിപത്യത്തിനു കീഴിലായിരുന്ന കേരളത്തിൽ മിഷണറി പ്രവർത്തകർ മതപ്രചരണാർത്ഥവും അല്ലാതെയും നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും അച്ചുക്കൂടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇത് മലയാള ഭാഷയുടെ വളർച്ചയിൽ നിർണായകമായി. മതപ്രചരണമായിരുന്നു ലക്ഷ്യമെങ്കിലും മിഷണറിമാർ സ്കൂളുകൾ സ്ഥാപിക്കുകയും തദ്ദേശീയർക്ക് പാശ്ചാത്യ രീതിയിലുള്ള വിദ്യാഭ്യാസം നൽകുകയും, ധാരാളം പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇത്തരം മാറ്റങ്ങൾ മലയാള ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്കും കാരണമായി. തങ്ങളുടെ ആശയങ്ങൾ അവതരിപ്പിക്കേണ്ടുന്നത് സാധാരണ ജനങ്ങൾക്കിടയിലായതുകൊണ്ടു തന്നെ മിഷണറി രചനകൾ സാമാന്യജനങ്ങളുടെ വ്യവഹാരഭാഷയിലായിരുന്നു. ഇത് സംസ്കൃതാധിക്യത്തിൽനിന്നും മലയാളത്തിനു സ്വതന്ത്രമാകുവാനുള്ള അവസരം നൽകി.

- ▶ മലയാള ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്കു കാരണമായി

ഏകദേശം പോർച്ചുഗീസ് കാലഘട്ടം മുതൽ മിഷണറിമാരുടെ പ്രവർത്തനം കേരളത്തിൽ സജീവമായി. പാതിരിമലയാളം, മിഷണറി ഗദ്യം എന്നെല്ലാം അന്നത്തെ ഗദ്യരീതിയെ വിളിച്ചിരുന്നു. മതപ്രചരണാർത്ഥം

വന്നുചേർന്ന മിഷണറിമാർക്ക് ആവശ്യം സാധാരണക്കാർക്കു വായിച്ചറിയാവുന്ന ഗദ്യകൃതികൾ ആയിരുന്നു. അവർ അധികം ഇടപെട്ട ജനങ്ങളുടെ ഇടയിൽ ഉപയോഗിക്കപ്പെട്ടിരുന്ന ഭാഷ തമിഴ് പദങ്ങൾ അധികമുണ്ടായിരുന്ന മലയാളവുമായിരുന്നു. 'നാനം മോനം എന്നു സാധാരണ പറഞ്ഞിരുന്ന വട്ടെഴുത്തു വശമാകാതെ അന്ന് സാധാരണക്കാരുടെ പഠനംപോലും പൂർത്തിയായിരുന്നില്ല. അതിനാൽ വൈപ്പിനിലും കൊച്ചിയിലും പിന്നീട് അമ്പഴക്കാട്ടും അച്ചടിക്കപ്പെട്ട പുസ്തകങ്ങൾ മിക്കതും തമിഴിലായിരുന്നു. അക്ഷരം തമിഴിലായിരുന്നെങ്കിലും ഭാഷ മിക്കവാറും ഒരു താണതരം മലയാളവുമായിരുന്നു. എന്ന് ഡോ. പി. ജെ. തോമസ് 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും' എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്.

▶ സാധാരണക്കാർക്കു വായിച്ചറിയാവുന്ന ഗദ്യകൃതികൾ

മലയാള ഭാഷയിൽ കൃതികൾ രചിച്ചിട്ടുള്ള വിദേശീയരിൽ പ്രമുഖന്മാർ അർണ്ണോസ് പാതിരി, പൗലീനോസ്, ഗുണ്ടർട്ട്, ബെഞ്ചമിൻ ബെയ്‌ലി തുടങ്ങിയവരാണ്. മിഷണറി ഗദ്യത്തിൽ വൈദേശിക സ്വാധീനത്തേക്കാൾ കൂടുതൽ പ്രാദേശികസ്വാധീനം തന്നെയാണുള്ളത്. വാമൊഴി നാട്ടുവഴക്കങ്ങളെ വരമൊഴിയിലേക്ക് പകർത്തി മലയാളത്തിന് ഒരച്ചടിഭാഷ രൂപപ്പെടുത്തി. നിലവാരപ്പെട്ടതെന്ന് വിദ്വാന്മാർ കരുതാത്ത പദങ്ങൾ, ശൈലികൾ തുടങ്ങിയവ മാനകഭാഷയിലേക്ക് കലർത്തുന്നതിൽ മിഷണറി ഗദ്യം വിജയിക്കുകതന്നെ ചെയ്തു. ഇത് ഭാഷയുടെ വളർച്ചയെ ത്വരിതപ്പെടുത്തുകയാണ് ചെയ്തത്. ആശയസ്വീകരണങ്ങളിൽ പാശ്ചാത്യഘടകങ്ങൾ കാണാമെങ്കിലും പ്രാദേശിക ഭാഷയിലൂന്നിയ ഗദ്യമായിരുന്നു മിഷണറി ഗദ്യം.

▶ വൈദേശിക സ്വാധീനത്തേക്കാൾ കൂടുതൽ പ്രാദേശിക സ്വാധീനം

## അച്ചടി മലയാള ഭാഷയിൽ

1686 നും 1763 നും ഇടയ്ക്ക് ഹോളണ്ടിൽ വെച്ചു മുദ്രണം ചെയ്ത 'ഹോർത്തൂസ് മലബാറിക്കസ്' (കേരളാരാമം) എന്ന ഗ്രന്ഥത്തിൽ സസ്യങ്ങളുടെ നാമങ്ങൾ ലത്തീനിലും അറബിയിലും സംസ്കൃതത്തിലും മലയാളത്തിലും കൊടുത്തിട്ടുണ്ട്. എന്നാൽ ഈ കൃതിയിൽ മലയാളത്തിൽ ഉള്ള ചില പേരുകളും വാചകങ്ങളും കാണുന്നുണ്ടെന്നല്ലാതെ ആ കൃതിയിലെ ഭാഷ മലയാളമല്ല. എന്നാൽ റോമിൽ 1772-ൽ അച്ചടിക്കപ്പെട്ട 'സംക്ഷേപ വേദാർത്ഥം' എന്ന കൃതിയാണ് ആദ്യമലയാളപുസ്തകം. മലയാളഭാഷയിൽ അച്ചടിക്കപ്പെട്ടിട്ടുള്ള ആദ്യകൃതി ഇതാണ്.

▶ 1772-ൽ അച്ചടിക്കപ്പെട്ട 'സംക്ഷേപ വേദാർത്ഥം'

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മലയാളം അച്ചടി ഇന്ത്യയിലെത്തി. ബോംബെയിലെ കൂറിയർ പ്രസ്സിൽ റോബർട്ട് ട്രമണ്ടിന്റെ *'Grammar of the malayalam Language'*, 1799 ഡിസംബറിൽ അച്ചടിച്ചു. ആദ്യത്തെ മലയാളം 'ബൈബിൾ' 1811-ൽ അച്ചടിച്ചതും ഈ പ്രസിൽ നിന്നുമാണ്. കേരളത്തിൽ മലയാളം അച്ചടി തുടങ്ങിയത് ബെഞ്ചമിൻ ബെയ്‌ലിയാണ്. കേരളത്തിൽ അച്ചടിച്ച ആദ്യത്തെ മലയാള പുസ്തകം 1824ൽ കോട്ടയം സി. എം. എസ് പ്രസ്സിൽ അച്ചടിച്ച 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തിയ കഥകൾ' എന്ന ഗ്രന്ഥമാണ്. ഇവയെല്ലാം ചതുരവടിവിലുള്ള അക്ഷരങ്ങളിലാണ് അച്ചടിച്ചിരുന്നത്. തുടർന്ന് ബെയ്‌ലി മലയാളലിപികളുടെ മുഖം ആകർഷകമാക്കി.'ബെയ്‌ലിയാണ് നമ്മുടെ അക്ഷരങ്ങളെ ശരിക്കും 'വട്ടെ'ഴുത്താക്കിയത്. മലയാളം അക്ഷരങ്ങളുടെ ഭംഗി മുഴുവൻ അവയുടെ 'ഉരു

> ▶ കേരളത്തിൽ അച്ചടിച്ച ആദ്യത്തെ മലയാള പുസ്തകം

ളത്ത'ത്തിലാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. "ബെയ്‌ലിയുടെ ഉരുളയാണ് നമ്മുടെ പ്രസ്സുകൾക്ക് ഇന്നും ആഹാരം എന്നു ചുരുക്കം" - പ്രൊഫ. എസ്. ഗുപ്തൻ നായർ 'പുനരാലോചന'യിൽ പറയുന്നു. 1844 -ൽ മാന്നാനത്ത് ചാവറ കുര്യാക്കോസച്ചൻ ഒരു അച്ചുകൂടം ആരംഭിച്ചു. 1845-ൽ തലശ്ശേരി ഇല്ലിക്കുന്നിൽ ഗുണ്ടർട്ടിന്റെ 'ദേവവിചാരണ' അച്ചടിച്ചു.

മിഷണറിമാരുടെ ആഗമനത്തിൽ പ്രശംസനീയമായ മറ്റൊരു നടപടിയാണ് പ്രമാണഗ്രന്ഥങ്ങളുടെ വിവർത്തനം. വേദപുസ്തകമായ 'ബൈബിളി'ന്റെ വിവർത്തനത്തിലാണ് അവർ ആദ്യം ശ്രദ്ധ പുലർത്തിയത്. മിഷണറിമാർ കേരളത്തിലെത്തുന്നതുവരെ മലയാളഭാഷയിൽ അച്ചടി നടത്താവുന്ന ഒരു മുദ്രണാലയവും കേരളത്തിൽ ഉണ്ടായിരുന്നില്ല. 1811 ലാണ് 'മലയാളം ബൈബിളി'ന്റെ ജനനം. 1829-ൽ ബെഞ്ചമിൻ ബെയ്‌ലി 'പുതിയനിയമം' പ്രസിദ്ധീകരിച്ചു. 'പഴയനിയമ'ത്തിന്റെ മൂന്നുഭാഗങ്ങൾ 1839, 1840, 1841 എന്നീ വർഷങ്ങളിൽ തർജമ ചെയ്തു പ്രസിദ്ധീകരിച്ചതോടെ മലയാളം ബൈബിൾ പൂർണരൂപത്തിലായി. പിന്നീട് ബാസൽ മിഷൻകാരുടെ ചുമതലയിൽ 'പുതിയ നിയമം' മുഴുവനും 'പഴയനിയമ'ത്തിന്റെ ചില ഭാഗങ്ങളും തർജമ ചെയ്തു. കാലക്രമത്തിൽ ഈ ബൈബിൾ തർജമകളും പുനഃപരിശോധന ചെയ്യേണ്ടത് ആവശ്യമാണെന്നു ബോധ്യപ്പെട്ടു. മലയാളഭാഷയ്ക്കു ഇക്കാലയളവിൽ പലവിധത്തിലുള്ള പുരോഗതി ഉണ്ടായതിനാൽ അതനുസരിച്ചു വേദപുസ്തക തർജമയിലും മാറ്റങ്ങൾ വേണ്ടിവന്നു. വേണ്ട പരിഷ്കാരങ്ങൾ വരുത്തുവാൻ രണ്ടു മിഷൻകാരുംകൂടി യോജിച്ച് ഒരു കമ്മിറ്റിയെ അധികാരപ്പെടുത്തി. മലയാള ഗദ്യചരിത്രത്തിൽ ബൈബിൾ വിവർത്തനത്തിന് നിർണായക സ്ഥാനമുണ്ട്.

> ▶ 'ബൈബിളി'ന്റെ വിവർത്തനത്തിലാണ് അവർ ആദ്യം ശ്രദ്ധ പുലർത്തിയത്

## ഗദ്യരചനകൾ

പാശ്ചാത്യസമ്പർക്കത്തിനുശേഷം മലയാളത്തിൽ രൂപംകൊണ്ട നവീന ഗദ്യലിഖിതഭാഷയുടെ ആദിമമാതൃകകളാണ് 'ഉദയംപേരൂർ സുനഹദോസിന്റെ കാനോനകളും' 'റോസിന്റെ നിയമാവലിയും'. പാശ്ചാത്യസമ്പർക്കത്തിൽ മലയാളഗദ്യത്തിനുണ്ടായ പുരോഗതി വെളിവാക്കുന്ന ഒരു കൈയെഴുത്തുഗ്രന്ഥമാണ് 'മിലാൻരേഖകൾ'. 'ഉദയംപേരൂർ സുനഹദോസിന്റ കാനോന'കളിലും റോസിന്റെ നിയമാവലിയിലും കാണുന്ന ഭാഷയോട് താരതമ്യപ്പെടുത്തിയാൽ മിലാൻരേഖകളിലെ ഭാഷ അൽപം വ്യത്യാസമുള്ളതാണെന്നു കാണാം.

> ▶ 'മിലാൻരേഖകൾ'

പതിനെട്ടാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലുണ്ടായ 'വർത്തമാനപ്പുസ്തകം', 'വേദതർക്കം', 'ജ്ഞാനമുത്തുമാല' എന്നീ കൃതികൾ നവീന മലയാള ഗദ്യശൈലിയുടെയും മലയാള സാഹിത്യത്തിന്റെയും ചരിത്രത്തിൽ അവിസ്മരണീയങ്ങളാണ്. കരിയാറ്റിൽ ഔസേപ്പു കത്തനാർ രചിച്ച കൃതിയാണ് 'വേദതർക്കം'. സാമൂഹികകാര്യങ്ങൾ മലയാളത്തിൽ പ്രതിപാദിച്ചിട്ടുള്ളതിന്റെ തെളിവാണ് ഈ കൃതി. ക്രിസ്ത്യാനികളുടെ ഇടയിൽ കണ്ടുവരുന്ന അനൈക്യവും മറ്റും ദൂരീകരിക്കുകയാണ് ഈ കൃതിയുടെ ലക്ഷ്യം. പാറേമ്മാക്കൽ തോമാകത്തനാർ 1786-ൽ രചിച്ച യാത്രാവിവരണമാണ് 'വർത്തമാനപ്പുസ്തകം'. 1778 നും 1786 നും ഇടയിൽ കരിയാറ്റിൽ ഔസേപ്പുമല്പാനും തോമ്മാകത്തനാരും നടത്തിയ റോമായാത്രയുടെ വിവരണമാണിത്. സന്മാർഗബോധം വളർത്താൻ ഉപകരിക്കുന്ന

ഉപദേശങ്ങൾ ഉൾപ്പെട്ടതാണ് 1784-ൽ അച്ചടിച്ച 'ജ്ഞാനമുത്തുമാല'. ഉള്ളടക്കം നോക്കിയാൽ വേദതർക്കവും ജ്ഞാനമുത്തുമാലയും മതഗ്രന്ഥങ്ങൾ മാത്രമാണ്. ഭാഷയുടെ പ്രസന്നതയും ഊർജസ്വലതയുമാണ് ആ കൃതികൾക്കു സവിശേഷപ്രാധാന്യം നൽകുന്നത്.

▶ പാറേമ്മാക്കൽ തോമാകത്തനാർ 1786-ൽ രചിച്ച യാത്രാവിവരണമാണ് 'വർത്തമാനപ്പുസ്തകം'

## 1.2.2 ഭാഷാകൗടലീയം (അധികരണം 3, പ്രകരണം 57)

### ധർമ്മസ്ഥീയം-തൃതീയമധികരണം

വ്യവഹാരമസ്ഥാപനാ
വിവാദപദനിബന്ധഃ

ധർമ്മസ്ഥീയമെൻപിതു അധികരണം. ധർമ്മസ്ഥരാവോർ ചതുർവർണ്ണാശ്രമമറിയുമവരൾ, അവരളെ അധികരിച്ചു ചൊല്ലിന്റതെൻപിതു അധികരണാർത്ഥം. ഇതിനിൽ മുതൽ സൂത്രം വ്യവഹാര സ്ഥാപനാ എൻപിതു. ഇരണ്ടാമതു വിവാദപദനിബന്ധഃ എൻപിതു. ഇരണ്ടുമൊരു അധ്യായം കൊണ്ടു ചൊല്ലിന്റിതു. വ്യവഹാരമാവിതു വിവാഹ സംയുക്താദികൾ മേൽചൊല്ലപ്പടിന്റ പതിനെട്ടു. അതിനുടെ സ്ഥാപന ആവിതു ആദേയാനാദേയനിരൂപണമെൻപിതു മുതൽ സൂത്രത്തിനുടെ അർത്ഥം. വിവാദപദങ്ങളാവോ പൂർവവാദിയുത്തരവാദിയുടയ വചനങ്കൾ. ഇവിറ്റിനുടെയ നിബന്ധനമാവിതു വ്യുഷ്ടദേശജാതിഗോത്രനാമാദികൾ അനുക്രമത്തിനാലെഴുതുമതു, അതു ചൊല്ലിന്റതെൻപിതു ഇരണ്ടാം സൂത്രത്തിനൊള്ള അർത്ഥം അധികരണസംബന്ധമാവിതു ധർമ്മോപധാശുദ്ധരായുള്ള പുരുഷരെ ധർമ്മസ്ഥീയത്തിലും കണ്ടകശോധനയിലും നിറുത്തുക എന്റു കീഴ്ചൊല്ലീതു. അവു കാര്യങ്കളാവോ ആരാരാവോർ, എത്തനവർകൂടി ആരാവിതു. എവിടെയിരുന്നാരായ് വിതു എന്നും ഇവ്വർത്ഥം പ്രതിപാദിപ്പാനായിക്കൊണ്ടു ചൊല്ലിന്റതെൻപിതു സംബന്ധം. പ്രകരണസംബന്ധമാവിതു അനുഷ്ഠാനക്രമ ലക്ഷണം.

▶ ഭാഷാകൗടലീയത്തിലെ ധർമസ്ഥീയം അധികരണം

**ധർമസ്ഥീയം അധികരണം**: നാലുവർണാശ്രമധർമം അറിയുന്നവർ ധർമസ്ഥർ. അവരെക്കുറിച്ച് പറയുന്നു എന്നാണ് അധികരണത്തിന്റെ പ്രത്യേകത. ഇതിലെ ഒന്നാം സൂത്രം വ്യവഹാരസ്ഥാപന എന്നതും, രണ്ടാമത്തേത് വിവാദപദനിബന്ധം എന്നതുമാണ്. വ്യവഹാരം എന്നത് വിവാഹസംയുക്താദികൾ, പതിനെട്ട് വിധം. അതിന്റെ സ്ഥാപന എന്നത് ആദേയം, അനാദേയം, നിരൂപണം എന്നാണ് ഒന്നാം സൂത്രത്തിന്റെ അർത്ഥം. വിവാഹാദികൾ നാമം തുടങ്ങിയവ ക്രമം തെറ്റാതെ എഴുതുന്നത്. അത് ചൊല്ലുന്നതെന്ന് രണ്ടാം സൂത്രത്തിന്റെ അർത്ഥം. അധികരണസംബന്ധം ആയത് ധർമോപധാശുദ്ധരായ പുരുഷന്മാരെ ധർമസ്ഥീയത്തിലും കണ്ടകശോധനയിലും നിറുത്തുക. രണ്ടാം ഭാഗത്തിൽ പൗരജനങ്ങളുടെ കാര്യങ്ങളന്വേഷിക്കണം. ആ കാര്യങ്ങൾ ആര് ആവുന്നവർ എത്ര ആളുകൾ എന്നിവ കൂടി ആരായണം. എവിടെയിരുന്നന്വേഷിക്കും എന്നും ഈ അർത്ഥം പറയാനായിക്കൊണ്ട് ചൊല്ലുന്നു എന്നത് സംബന്ധം. പ്രകരണസംബന്ധം ആയത് അനുഷ്ഠാനക്രമലക്ഷണം.

▶ ഇതിലെ ഒന്നാം സൂത്രം വ്യവഹാര സ്ഥാപന

'ധർമ്മസ്ഥാസ്ത്രയസ്ത്രയോമാത്യാ ജനപദസന്ധി സംഗ്രഹണ ദ്രോണ മുഖസ്ഥാനീയേഷു വ്യാവഹാരികാനർത്ഥാൻ കുര്യുഃ.'

ആദ്യ സൂത്രവും വ്യാഖ്യാനവും

പ്രഥമസൂത്രവ്യാഖ്യാനം ചൊല്ലിന്റിതു. ധർമ്മസ്ഥാ എന്റവാറു. ധർമ്മസ്ഥർ മൂവർ അമാതൃന്മാർ കൂടി (അന്തപാലസ്യ ദുർഗം?) ജനപദ സന്ധിയിലും, സംഗ്രഹണമാവിതു ദശഗ്രാമിയിൽ പ്രധാനാധിഷ്ഠാനം, ദ്രോണമുഖമും, സ്ഥാനീയങ്കൾ പ്രസിദ്ധങ്കൾ, എന്റിച്ചൊന്നവിറ്റിൽ വ്യാവ ഹാരികങ്കളായുള്ള അർത്ഥങ്കളനുഷ്ഠിപ്പിതു.

ധർമ്മസ്ഥർ മൂന്നുപേർ

പ്രഥമസൂത്രത്തിന്റെ വ്യാഖ്യാനം പറയുന്നു. ധർമസ്ഥാ എന്നവിധം ധർമ്മസ്ഥർ മൂന്നുപേർ. അമാതൃന്മാർ, അന്തപാലന്മാർ, ദുർഗപാലന്മാർ. ജനപദസന്ധിയിലും കൂടി. സംഗ്രഹണം എന്നത് പത്ത് ഗ്രാമങ്ങളിലെ പ്രാധാനാധിഷ്ഠാനവും ദ്രോണമുഖവും, സ്ഥാനീയങ്ങൾ, പ്രസിദ്ധങ്ങൾ. എന്നീ പറഞ്ഞവയിൽ വ്യവഹാരികളായുള്ള അർഥങ്ങളനുഷ്ഠിക്കണം.

തിരോഹിതാന്തരഗാരനക്താരണ്യോപധ്യുപഹ്വരകൃതാംശ്ച വ്യവഹാ രാൻ പ്രതിഷേധയേയുഃ കർതുഃ കാരയിതുശ്ച പൂർവഃ സാഹസ ദണ്ഡഃ. ശ്രോതൃണാമേകൈകം പ്രത്യർധദണ്ഡഃ. ശ്രദ്ധേയനാം തു ദ്രവ്യവ്യപന യഃ.

നാദേയ വ്യവഹാരങ്കൾ ചൊല്ലിന്റിതു

അവിറ്റിൽ നാദേയ വ്യവഹാരങ്കൾ ചൊല്ലിന്റിതു. തിരോഹിതാദി കൾ ആറു വ്യവഹാരങ്കളെയും നിഷേധിപ്പിതു. നിഷേധിപ്പിതെന്റവാറു -അപ്രവൃത്തപ്രവൃത്തി ഒഴിപ്പിതു പ്രവൃത്തമായുള്ളതിനെ വേണ്ടിക്കൊ ള്ളലാത്തവാറു ചെയ് വിതു. അവിറ്റിൽ തിരോഹിതമാവിതു മറയിൽ കൊടുക്കമതും കൊള്ളുമതും. അതുവു സ്വാമിദേശകലക്രിയാദ്രവ്യാ ദിഭേദത്തിനാൽ ബഹുപ്രകാരം. അവിറ്റിൽ സ്വാമിതിരോഹിതമാവിതു ഉടയവനിന്റിയെവച്ചു മറ്റൊരുത്തനവനുടയ ധനം വിനിയോഗം ചെയ്യു മതു. ദേശതിരോഹിതമാവിതു പരോക്ഷിസാക്ഷികമായിരിക്കുമതു. കാ ലതിരോഹിതമാവിതു ശതവർഷോപേക്ഷതിമായിരുന്ന ഋണം വേണ്ടുമ തു. ക്രിയാതിരോഹിതമാവിതു ഓല ദേശാന്തരത്തിരുക്കച്ചെയ്തേ കടം വളെച്ചുകൊള്ളുമതു. ദ്രവ്യതിരോഹിതമാവിതു ദ്വിപദചതുഷ്പദസ്ഥാവ രങ്ങൾ ദേശാന്തരത്തു നിൽക്കച്ചെയ്തേ കാണാതെ വിൽക്കുമതു. സു വർണ്ണാദികൾ പരീക്ഷിയാതെ വിൽക്കുമതു. ഇതു തിരോഹിതവ്യവഹാ രങ്കൾ. ഇനി അന്തരഗാരാകൃതമെന്റവാറു ഇല്ലത്തകത്തു ഇരിന്നു ചെയ്യും വ്യവഹാരങ്ങൾ, നക്തകൃതമാവിതു രാച്ചെയ്യും വ്യവഹാരങ്ങൾ ഉപധികൃ തമാവിതു കൂടവ്യവഹാരം. ഉപഹ്വരകൃതമാവിതു രഹസ്യത്തിൽ കൊടു ക്കിന്റവനും കൊള്ളിന്റവനുമേ അറിയച്ചെയ്യും വ്യവഹാരം. ഇവ്വാറു വ്യവ ഹാരങ്കളെയും പ്രതിഷേധിപ്പിതു. നിഷേധിക്കച്ചെയ്തേയുമനുഷ്ഠിക്കിൽ ചെയ്യിന്റവനും പൂർവം സാഹസദണ്ഡം. ശ്രോതാക്കൾക്കു പൂർവ സാഹ സദണ്ഡത്തിൽ പാതി. ശ്രദ്ധയായുള്ളവരൾ ഇവ്വാറു വ്യവഹാരം ചെയ് താൽ കൊടുത്ത ധനമിളപ്പിതു. ദണ്ഡമില്ല.

അവയിൽ നാദേയ വ്യവഹാരങ്ങൾ പറയുന്നു. തിരോഹിതം തുട ങ്ങിയ ആറു വ്യവഹാരങ്ങളെയും നിഷേധിക്കണം. നിഷേധിക്കുന്നവിധം -അപ്രവൃത്തപ്രവൃത്തി ഒഴിപ്പിക്കണം. തുടങ്ങിയതിനെ വേണ്ടിക്കൊള്ളാ ത്തവിധം ചെയ്യണം. അവയിൽ തിരോഹിതം എന്ന മറച്ച് കൊടുക്കുന്ന തും വാങ്ങുന്നതും. അവ സ്വാമി, ദേശം, കാലം, ക്രിയ, ദ്രവ്യം എന്നി ങ്ങനെയുള്ള ഭേദത്താൽ പലപ്രകാരം. അവയിൽ സ്വാമിതിരോഹിതം എന്നത് ഉടയവനില്ലാതെ മറ്റൊരാൾ അവന്റെ ധനം വിനിയോഗം ചെ യ്യുന്നത്. ദേശതിരോഹിതമായത് പരോക്ഷസാക്ഷിയും ഉള്ളത്. കാലതി

രോഹിതം ആയത് നൂറുവർഷം ഉപേക്ഷിക്കപ്പെട്ട കടം വീണ്ടും അടക്കേണ്ടത്. ക്രിയാതിരോഹിതം എന്നത് ഓലയാൽ ദേശാന്തരത്തിലുണ്ടായ കടം കൊടുക്കേണ്ടത്. ദ്രവ്യതിരോഹിതം എന്നത് ഇരുകാലി, നാൽക്കാലി, സ്ഥാവരം എന്നിവ ദേശാന്തരത്ത് നിൽക്കുമ്പോൾ കാണാതെ വിൽക്കുന്നത്. സ്വർണം പരിശോധിക്കാതെ വിൽക്കുന്നതും. ഇതു തിരോഹിതവ്യവഹാരങ്ങൾ. ഇനി അന്തരാഗകൃതം എന്നവിധം ഇല്ലത്തിനുള്ളിൽ ഇരുന്നു ചെയ്യുന്ന വ്യവഹാരങ്ങൾ. നക്തകൃതം എന്നത് രാത്രി ചെയ്യുന്ന വ്യവഹാരങ്ങൾ. ഉപധികൃതം എന്നത് കൂടവ്യവഹാരം. ഉപഹ്വരകൃതം എന്നത് രഹസ്യത്തിൽ കൊടുക്കുന്നവനും വാങ്ങുന്നവനും മാത്രം അറിയവേ ചെയ്യുന്ന വ്യവഹാരം. ഈ ആറു വ്യവഹാരങ്ങളെയും തടയണം. തടഞ്ഞിട്ടും ചെയ്യുകയാണെങ്കിൽ ചെയ്യുന്നവനും ചെയ്യിക്കുന്നവനും പൂർവം സാഹസദണ്ഡം. കേൾക്കുന്ന ആളുകൾക്കും പൂർവസാഹസദണ്ഡത്തിൽ പകുതി. ശ്രദ്ധിച്ചിരുന്നവർ ഈ ആറ് വ്യവഹാരം ചെയ്താൽ കൊടുത്തധനം വാങ്ങിപ്പിക്കണം. പിഴയില്ല.

> ▶ ദ്രവ്യതിരോഹിതം എന്നത് ഇരുകാലി, നാൽക്കാലി, സ്ഥാവരം എന്നിവ ദേശാന്തരത്ത് നിൽക്കുമ്പോൾ കാണാതെ വിൽക്കുന്നത്

'പരോക്ഷേണാധികർണ്ണഗ്രഹണമവക്തവ്യകരാ വാ തിരോഹിതാഃ സിദ്ധ്യേയുഃ'

പ്രതിഷിദ്ധവ്യവഹാരാപവാദമിനിച്ചൊല്ലിന്റിതു. പരോക്ഷമായുള്ള ഗൃഹാരാമാദികൾ പടുകലംവച്ചു ധനം കടൻകൊള്ളുമതു തിരോഹിതമാകിലും വ്യവഹാരമാം. അവക്ത്യവകരരാവോരിവനുടെ ധനം കൊണ്ടു ഇവൻ വ്യവഹരിച്ചാൽ കുറ്റമില്ലയെന്റു ലോകരറിഞ്ഞിരിക്കുമവരൾ. അങ്ങനെ ഇരിക്കുമവരൾ സ്വാമിതിരോഹിതമായ് വ്യവഹാരം ചെയ്യുമതു വ്യവഹാരമേ കുറ്റമില്ല.

> ▶ പരോക്ഷമായുള്ള ഗൃഹാരാമാദികൾ

പ്രതിഷിദ്ധ വ്യവഹാരാപവാദം ഇനി പറയുന്നു. പരോക്ഷമായ ഗൃഹം, ആരാമം തുടങ്ങിയവ പടുകലം ചെയ്യും. ധനം കടം (കടൻ കടം ഈ പഴയ മലയാളപദം ക്രി.വ. ഒൻപതാം നൂറ്റാണ്ടിലെയും പത്താം നൂറ്റാണ്ടിലെയും ശിലാലിഖിതങ്ങളിലും ഇന്നത്തെ മലപ്പുറം ഭാഷാഭേദത്തിലും കാണാം) വാങ്ങുന്നത് തിരോഹിതമാണെങ്കിലും വ്യവഹാരമാണ്. അവക്തവ്യരാകുന്നവർ ഇവന്റെ ധനം വാങ്ങി ഇവൻ വ്യവഹരിച്ചാൽ കുറ്റമില്ലെന്ന് ലോകരറിഞ്ഞിരിക്കുന്നവർ. അങ്ങനെയുള്ളവർ സ്വാമി തിരോഹിതമായി വ്യവഹാരം ചെയ്താൽ വ്യവഹാരം കുറ്റമല്ല.

> ▶ ധനം കടം വാങ്ങുന്നത് തിരോഹിതമാണെങ്കിലും വ്യവഹാരമാണ്

'ദായനിക്ഷേപോപനിധി വിവാഹസംയുക്താഃ സ്ത്രീണാമനിഷ്കാസിനീനാം, വ്യാധിതാനാം ചാമുഢസംജ്ഞാനാമന്തരാഗാരകൃതാഃ സിദ്ധ്യേയുഃ'

ഇനി അന്തരാഗാരവ്യവഹാരങ്ങളിൽ പിഴ ഇല്ലാതവാറു ചൊല്ലിൻറിതു. ദായം പകുക്കുമതു. നിക്ഷേപമാവിതു പണി ചെയ് വാൻ കൊടുക്കുമതു. ഉപനിധി ആവിതു നിക്ഷേപം വൈക്കുമതു. വിവാഹസംയുക്തമാവിതു സ്ത്രീധനം കൊടുക്കുമതു. പുറപ്പെടാത്ത സ്ത്രീകൾ ചെയ്യും വ്യവഹാരമും വ്യാധിപ്പെട്ടുകിടക്കുമവരളുമുണർച്ചയുണ്ടായിരുന്നു ചെയ്യും വ്യവഹാരമുമിച്ചൊന്നവെല്ലാമന്തരാഗാരകൃതങ്ങളായാലും ചെല്ലും.

> ▶ പിഴ ഇല്ലാതവാറു ചൊല്ലിന്റിതു

ഇനി അന്തരാഗാര വ്യവഹാരങ്ങളിൽ പിഴയില്ലാത്ത വിധം പറയുന്നു. ദായം എന്നാൽ ഭാഗിക്കുന്നത്. നിക്ഷേപം പണി ചെയ്യാൻ കൊടുക്കുന്നത്. ഉപനിധി നിക്ഷേപമായി വെക്കുന്നത്. വിവാഹസംയുക്തം എന്നത്

SGOU

സ്ത്രീധനം കൊടുക്കുന്നത്. പുറപ്പെടാത്ത സ്ത്രീകൾ ചെയ്യും വ്യവഹാരവും രോഗിയായി കിടക്കുന്നവർ രോഗമുക്തനായി ചെയ്യുന്ന വ്യവഹാരവും ഈ പറഞ്ഞ അന്തരാഗാരകൃതങ്ങളായാലും ആകാം.

▶ വിവാഹസംയുക്തം എന്നത് സ്ത്രീധനം കൊടുക്കുന്നത്

'സാഹസാനുപ്രവേശകലഹവിവാഹ രാജനിയോഗയുക്താഃപൂർവ രാത്രവ്യവഹാരിണാം ച രാത്രികൃതാഃ സിദ്ധ്യേയുഃ'

ഇനി രാത്രികൃത വ്യവഹാരങ്കൾ പിഴ ഇല്ലാത്തവു ചൊല്ലിന്റിതു സാഹസയുക്തമെന്റവാറു- നാട്ടാർധനം വലിയപ്പറിച്ചുകൊണ്ടു വ്യവഹാരം ചെയ്യുമതു. അന്തപ്രവേശയുക്തമെന്റവാറു- നാട്ടാരില്ലത്തു കട്ടുകൊണ്ടു വ്യവഹാരം ചെയ്യുമതു. കലഹയുക്തമെന്റവാറു വാക്പാരുഷ്യമെൻറവാറു. വിവാഹം പ്രസിദ്ധം. രാജനിയോഗയുക്തമെന്റവാറു നാഗരിക വ്യാപാരയുക്തമെൻറവാറു പൂർവരാത്ര വ്യവഹാരികളാവോർ വേശ്യാ ശൗണ്ഡികലാകലാദികൾ. ഇച്ചൊന്നവരുടെ വ്യവഹാരങ്കൾ രാത്രികൃതങ്കളാഇരിക്കിലും വ്യവഹാരങ്കളേ ആംഖണ്ഡിക.

▶ രാത്രികൃത വ്യവഹാരങ്കൾ പിഴ ഇല്ലാത്തവു ചൊല്ലിന്റിതു

ഇനി രാത്രി ചെയ്യുന്ന വ്യവഹാരങ്ങൾ പിഴ ഇല്ലാത്തവ പറയുന്നു. സാഹസയുക്തം എന്ന വിധം നാട്ടാടരുടെ ധനം ബലത്തോടെ പറിച്ചെടുത്ത് വ്യവഹാരം ചെയ്യുന്നത്. അന്തപ്രവേശയുക്തം എന്ന വിധം നാട്ടാരുടെ വീടുകളിൽ നിന്ന് കട്ടുകൊണ്ടു വ്യവഹാരം ചെയ്യുന്നത്. കലഹയുക്തം എന്നവിധം വാക്പാരുഷ്യം എന്ന വിധം. വിവാഹം പ്രസിദ്ധമാണല്ലോ. രാജനിയോഗയുക്തം എന്ന വിധം. പൂർവരാത്രി വ്യവഹാരങ്ങളാകുന്നവർ വേശ്യാവൃത്തി, മദ്യവില്പന തുടങ്ങിയവ. ഇപ്പറഞ്ഞവ രാത്രിയാണ് ചെയ്യുന്നതെങ്കിലും വ്യവഹാരങ്ങളേ ആകാം.

▶ സാഹസയുക്തം എന്ന വിധം

'സാർത്ഥ വ്രജാശ്രമവ്യാധ ചാരണമധ്യേഷ രണ ചരാണാമരണ്യ കൃതാഃ സിദ്ധ്യേയുഃ'

ഇനി അരണ്യകൃതവ്യവഹാരങ്ങളിൽ പിഴ ഇല്ലാതവു ചൊല്ലിന്റിതു. ചാരത്തുമായ് പാടിയിലുമാശ്രമത്തിലും വ്യാധരിലും ചാരണരിലും ഇവരളിലരണ്യപരമായുള്ളവരളിൽ അരണ്യത്തിലിരുന്നു ചെയ്യും വ്യവഹാരം സിദ്ധിക്കും.

ഇനി കാട്ടിൽ ചെയ്യുന്ന വ്യവഹാരങ്ങളിൽ പിഴ ഇല്ലാത്തവ പറയുന്നു. അടുത്തും പാടിയിലും ആശ്രമത്തിലും കാട്ടാളർ, ചാരണർ ഇവരിൽ കാട്ടിൽ കഴിയുന്നവരിൽ കാട്ടിലിരുന്ന് ചെയ്യും. വ്യവഹാരം സിദ്ധിക്കും.

▶ കാട്ടിൽ ചെയ്യുന്ന വ്യവഹാരങ്ങളിൽ പിഴ ഇല്ലാത്തവ

ഗൂഢാജീവിഷു ചോപധികൃതാഃ സിദ്ധ്യേയുഃ

ഇനി ഉപധികൃതങ്കളായുള്ള വ്യവഹാരങ്ങളിൽ പിഴയില്ലാതവു ചൊല്ലിൻറിതു. ഗൂഢജീവികളാവോർ കൂടഹിരണ്യസുവർണ്ണവ്യവഹാരികൾ. അവരളിലുപധികൃതവ്യവഹാരങ്ങൾ പിഴ ഇല്ല.

ഇനി ഉപധികൃതങ്ങളായ വ്യവഹാരങ്ങളിൽ പിഴയില്ലാത്തവ പറയുന്നു. ഗൂഢജീവികൾ കൂട ഹിരണ്യം സുവർണ വ്യവഹാരികൾ. അവരുടെ ഉപധികൃത വ്യവഹാരങ്ങൾ പിഴയില്ല.

▶ വ്യവഹാരങ്ങളിൽ പിഴയില്ലാത്തവ

'മിഥസ്സമവായേ ചോപഹ്വരകൃതാഃ സിദ്ധ്യേയുഃ'

ഉപഹ്വരമായുള്ള വ്യവഹാരത്തിൽ പിഴ ഇല്ലാതവു ചൊല്ലിന്റിതു. മി

SGOU

ഥഃസമവായമെന്റവാറു - സ്ത്രീ പുരുഷന്മാർ വെറ്റ കൊടുക്കുമതു. ഗാന്ധർവ്വ വിവാഹാദിവഴിമേലിതവരയാകിലും വ്യവഹാരമേ.

▶ അന്യോന്യസമവായം എന്ന വിധം

ഉപഹ്വരമായ വ്യവഹാരത്തിൽ പിഴയില്ലാത്തവ പറയുന്നു. അന്യോന്യസമവായം എന്ന വിധം സ്ത്രീ പുരുഷനും പുരുഷൻ സ്ത്രീക്കും വെറ്റില കൊടുക്കും. ഗാന്ധർവ വിവാഹാദി വഴിയിൽ ഇത് ശ്രേഷ്ഠമാണെങ്കിലും വ്യവഹാരം തന്നെ.

▶ അപാശ്രയവദ് ഭിശ്ച കൃതാഃ

അതോന്യഥാ ന സിദ്ധ്യേയുഃ. അപാശ്രയവദ്ഭിശ്ച കൃതാഃ പിതൃമതാ പുത്രേണ, പിത്രാ പുത്രവതാ, നിഷ്കുലേന ഭ്രാത്രാ, കനിഷ്ഠേനോവിക്താംശേന, പതിമത്യാ പുത്രവത്യാ ച സ്ത്രിയാ, ദാസാ ഹിതകാഭ്യാം, അപ്രാപ്താതീതവ്യവഹാരാഭ്യാം അഭിശസ്ത്രപ്രവ്രജിത വ്യങ്ഗവ്യാസനിഭിശ്ചാന്യത്രനിസൃഷ്ടവ്യവഹാരേഭ്യ:

ഇച്ചൊന്ന വ്യവഹാരങ്ങളന്റി മറ്റു തിരോഹിതാദികൃത വ്യവഹാരങ്ങളൊന്റും ചെല്ലാ. ഇനി അപാശ്രയവത്തുക്കളാവോർ പരതന്ത്രർ അവരളുടെയ വ്യവഹാരങ്ങളും സിദ്ധിയെച്ചെല്ലാ. അവരളാവോർ പിതാവു ഉളനായിരിക്കച്ചെയ്തേ പുത്രൻ ചെയ്യും വ്യവഹാരം സിദ്ധിയെച്ചെല്ലാ. പുത്രൻ യോഗ്യനായ് കുടുംബഭരനായിരിക്കച്ചെയ്തേ കുടുംബഭരനന്റിയെ ഇരുന്ന പിതാവു ചെയ്യും വ്യവഹാരം ചെല്ലാ. ദായം കൂറിടുമതിൻമുൻ കനിഷ്ഠൻ ചെയ്യും വ്യവഹാരം ചെല്ല. ഭർത്താവുളനായിരിക്കച്ചെയ്തേ സ്ത്രീകൾ ചെയ്യും വ്യവഹാരമും ചെല്ല. അടിയാർ ചെയ്യും വ്യവഹാരമും ഒറ്റിയാൾ ചെയ്യും വ്യവഹാരമും ചെല്ല. അപ്രാപ്തവ്യവഹാരരാവോർ പതിനാറാണ്ടു പുക്കില്ലാത്തവരൾ. അനീതവ്യവഹാ (രങ്ക?രിക)ളാവോർ എഴുപത്തേഴാണ്ടു കടന്നവരൾ, അവരൾ ചെയ്യും വ്യവഹാരമും ചെല്ല. അഭിശസ്തനാവോൻ മഹാപാതകാദിദോഷമുടെയവൻ പ്രവ്രജിതരാവോർ സന്യസിച്ചവരൾ. വ്യംഗരാവോർ മൂകബധിരാദികൾ. വ്യസനികളാവോർ ദ്യൂതസ്ത്രീമധുപാനസക്ത മനസ്സുകൾ. ഇവരൾ ചെയ്യും വ്യവഹാരം ചെല്ലാ. ഇച്ചൊന്ന പിതൃമത്പുത്രാദികൾ നിസൃഷ്ട വ്യവഹാരികളാകിൽ ചെല്ലും. നിസൃഷ്ടവ്യവഹാരാദികളാവോർ പ്രധാനരാലോകപ്പട്ടവരൾ.

▶ അടിയാർ ചെയ്യും വ്യവഹാരമും

ഈ പറഞ്ഞ വ്യവഹാരങ്ങൾ കൂടാതെ മറ്റു തിരോഹിതാദികൃത വ്യവഹാരങ്ങളൊന്നും പറ്റില്ല. ഇനി അപാശ്രയവത്തുക്കൾ എന്നാൽ പരതന്ത്രർ. അവരുടെ വ്യവഹാരങ്ങൾ പാടില്ല. അവർ; പിതാവിരിക്കേ പുത്രൻ ചെയ്യുന്ന വ്യവഹാരം പാടില്ല. പുത്രൻ കുടുംബഭാരം നയിക്കുമ്പോൾ പിതാവ് ചെയ്യുന്ന വ്യവഹാരങ്ങളും പാടില്ല. ദായമായി കിട്ടേണ്ട സ്വത്ത് അതിന്നു മുന്നേ അനുജൻ ചെയ്യുന്ന വ്യവഹാരങ്ങളും പാടില്ല. ഭർത്താവുണ്ടായിരിക്കേ സ്ത്രീകൾ ചെയ്യുന്ന വ്യവഹാരങ്ങളും പാടില്ല. അടിമകളും ചാരന്മാരും ചെയ്യുന്ന വ്യവഹാരങ്ങളും പാടില്ല. വ്യവഹാരം നടത്താൻ യോഗ്യതയില്ലാത്തവർ പതിനാറ് വയസ്സ് തികയാത്തവർ. അനീതവ്യവഹാരികൾ എഴുപത്തേഴ് വയസ്സ് കഴിഞ്ഞവർ. അവർ ചെയ്യുന്ന വ്യവഹാരവും പാടില്ല. അഭിശപ്തൻ മഹാപാതക ദോഷമുള്ളവൻ. പ്രവ്രജിതരാവോർ സന്യസിച്ചവർ. വ്യംഗർ മൂകരും ബധിരരും. വ്യസനികൾ ചൂതുകളി, സ്ത്രീസേവ, മദ്യസേവ എന്നിവയിൽ മനസുള്ളവർ. ഇവർ ചെയ്യുന്ന വ്യവഹാരവും പാടില്ല. ഈ പറഞ്ഞ പിതാവും പുത്രനും നിസൃഷ്ടവ്യവഹാരികൾ ആണെങ്കിൽ വ്യവഹാരം ചെയ്യാം.

▶ അഭിശപ്തൻ മഹാപാതക ദോഷമുള്ളവൻ

നിസൃഷ്ടവ്യവഹാരികൾ എന്നാൽ മുഖ്യന്മാർ ഒറ്റപ്പെടുത്തിയവർ.

'തത്രാപി ക്രുദ്ധേനാർതേനു മത്തേനോന്മത്തേ നാവഗൃഹീതേന വാകൃതാ വ്യവഹാരാ ന സിദ്ധ്യേയുഃ. കർതൃകാരയിതു ശ്രോതൃണാം പൃഥഗ്യഥോക്താ ദണ്ഡാഃ'

> ▶ ദണ്ഡിക്കപ്പെട്ടവൻ ഇവരൾ ചെയ്യും വ്യവഹാരങ്ങൾ ചെല്ലാ

ഏകപ്പട്ടവരളിലും ക്രുദ്ധനായിരിക്കുമവരളും ആർത്തനുമുന്മത്തനും മത്തനും അപഗൃഹീതനാവോൻ ദണ്ഡിക്കപ്പെട്ടവൻ ഇവരൾ ചെയ്യും വ്യവഹാരങ്ങൾ ചെല്ലാ. ഇച്ചൊന്ന വ്യവഹാരങ്ങളെ ചെയ്യുമവളെയും ചെയ്യിക്കുമവനെയും സാക്ഷികളെയും വെവ്വേറെ യഥോക്തദണ്ഡങ്ങൾ ദണ്ഡിപ്പിതു.

> ▶ ഇവർ വ്യവഹാരം ചെയ്യാൻ പാടില്ല

ഒറ്റപ്പെട്ടവരിലും ക്രോധിക്കുന്നവനും ദുഃഖിതനും ഭ്രാന്തനും മത്ത് പിടിച്ചവനും ഉണ്ടാകും. അപഗൃഹീതൻ എന്നവൻ ശിക്ഷിക്കപ്പെട്ടവൻ. ഇവർ വ്യവഹാരം ചെയ്യാൻ പാടില്ല. ഈ പറഞ്ഞ വ്യവഹാരങ്ങൾ ചെയ്യുന്നവരെയും ചെയ്യിക്കുന്നവർക്കും സാക്ഷികൾക്കും വേറെ വേറെയായി യുക്തമായ പിഴ ചുമത്തണം.

'സ്വേ സ്വേ തു വർഗേ ദേശേ കാലേ ച സ്വകരണകൃതാഃ സംപൂർണ്ണചാരാഃ ശുദ്ധദേശാ ദൃഷ്ടരൂപ ലക്ഷണപ്രമാണഗുണാഃ സർവ്വവ്യവഹാരഃ സിദ്ധ്യേയുഃ.'

സ്വേ സ്വേ തു വർഗേ എന്റവാറു- എല്ലാ ജാതികളിലും തത്താന്തുമ്മുടയ വർഗങ്ങൾക്കുള്ള വ്യവഹാരങ്ങളുള്ളവരൾക്കു ചെല്ലും. ദേശേ കാലേ ച എന്റവാറു- അരണ്യചരാദികൾക്കരണ്യ ദേശാദികളിലെയും വ്യവഹാരങ്ങൾ ചെല്ലും. രാത്രി വ്യവഹാരാദികൾക്കു രാത്രി വ്യവഹാരമും ചെല്ലും. ദിവാ വ്യവഹാരാദികൾക്കു പകൽ ചെയ്യും വ്യവഹാരമും ചെല്ലും. സംപൂർണ്ണചാരങ്ങളായിരിപ്പിതെന്റവാറു - അർത്ഥിപ്രത്യർത്ഥി സന്നിധി ഉണ്ടായ് പകൽ രാജമാർഗത്തിൽ ചെയ്യും വ്യവഹാരങ്ങൾ, ശുദ്ധ സാക്ഷികരെയുമുടെച്ചായ് കാണപ്പെട്ടിരുന്ന ഉരുവുമടയാളമും ഗുണങ്ങളയുമുടച്ചായിരിക്കും വ്യവഹാരങ്ങൾ എല്ലാം ചെല്ലും.

> ▶ ദിവാ വ്യവഹാരാദികൾക്കു പകൽ ചെയ്യും വ്യവഹാരമും ചെല്ലും

തന്റെ തന്റേതായ വർഗം എന്ന വിധം - എല്ലാ ജാതികളിലും തങ്ങളുടെ വർഗങ്ങൾക്കുള്ള വ്യവഹാരങ്ങൾ ആകാം. ദേശത്തിനും കാലത്തിനും അനുസരിച്ചെന്ന വിധം - കാട്ടിൽ ചരിക്കുന്നവർക്ക് ആ ദേശങ്ങളിൽ വ്യവഹാരങ്ങൾ ആകാം. രാത്രി വ്യവഹാരം ചെയ്യുന്നവർക്ക് രാത്രി വ്യവഹാരമാകാം. പകൽ വ്യവഹാരം ചെയ്യുന്നവർക്ക് പകൽ ചെയ്യുന്ന വ്യവഹാരമാകാം. സംപൂർണാചാരങ്ങളായിരിക്കുമെന്ന വിധം - അർഥികൾക്കും പ്രത്യർഥികൾക്കും സന്നിധിയിലും രാജമാർഗത്തിൽ പകൽ ചെയ്യുന്ന വ്യവഹാരങ്ങൾ. ശുദ്ധമായ സാക്ഷികളും ഉരുവും അടയാളവും ഉള്ള വ്യവഹാരങ്ങൾ. ശുദ്ധമായ സാക്ഷികളും ഉരുവും അടയാളവും ഉള്ള വ്യവഹാരങ്ങൾ എല്ലാം ആകാം.

> ▶ കാട്ടിൽ ചരിക്കുന്നവർക്ക് ആ ദേശങ്ങളിൽ വ്യവഹാരങ്ങൾ ആകാം

'പശ്ചിമം ചൈഷാം കരണമാദേശാധിവർജം ശ്രദ്ധേയം.'

> ▶ ഓലയും സാക്ഷിയും ബലവത്തു

ഒരു വ്യവഹാരത്തിന്നു ഇരണ്ടു ജാതി ഓലയും സാക്ഷിയുമുളവാകിൽ പിന്നെച്ചെയ്ത ഓലയും സാക്ഷിയും ബലവത്തുക്കളൊറ്റി ഓലയുമട്ടോലയുമൊഴിച്ചു. ഒറ്റി ഓലകളിലുമട്ടോലകളിലും മുന്നമുള്ള കരണം പ്രമാണം.

SGOU

ഇവ്വർത്ഥത്തിൽ ശ്ലോകം -

(ക്രി? ക്ര) യ ണാദിഷു സർവേഷു
ബലവത്യുത്തരോത്തരാ
പ്രതിഗ്രഹാധിക്രീതേഷു
പൂർവപൂർവാ ഗരീയസി.

> ▶ അവസാനം ചെയ്ത ഓലയും സാക്ഷിയും ആണ് ബലമുള്ളത്

ഒരു വ്യവഹാരത്തിന് രണ്ടു തരം ഓലയും സാക്ഷിയും ഉണ്ടെങ്കിൽ അവസാനം ചെയ്ത ഓലയും സാക്ഷിയും ആണ് ബലമുള്ളത്. ഒറ്റിയോലയും അട്ടോലയും ഒഴിച്ച്. ഒറ്റിയോലയിലും അട്ടോലയിലും ആദ്യത്തെ കരണമാണ് പ്രമാണം. ഈ അർഥത്തിൽ ശ്ലോകം.

വ്യവഹാരസ്ഥാപനമാകിന്റ സൂത്രം മുടിഞ്ചിതു.
വ്യവഹാരസ്ഥാപനമാകുന്ന സൂത്രം കഴിഞ്ഞു.

## ഭാഷാസവിശേഷതകൾ

> ▶ സമകാലഗദ്യഭാഷയെ പരിഷ്കരണങ്ങളോടെ വികസിപ്പിച്ചു

'ലീലാതിലകകാരൻ ഹീനജാതിക്കാരേ ഉപയോഗിക്കുകയുള്ളൂ എന്നുപറയുന്ന രൂപങ്ങളും 'ങ്ക' രൂപങ്ങളും കൗടലീയകാലത്തു ത്രൈവർണികരും ഉപയോഗിച്ചിരുന്നു' എന്ന് ഇളംകുളം കുഞ്ഞൻപിള്ള ചൂണ്ടിക്കാണിക്കുന്നുണ്ട്. സമകാലഗദ്യഭാഷയെ അവശ്യം വേണ്ട പരിഷ്കരണങ്ങളോടെ സാഹിത്യഭാഷയായി വികസിപ്പിച്ചെടുക്കുക എന്നതായിരുന്നു 'ഭാഷാകൗടലീയ'കാരന്റ ലക്ഷ്യമെന്ന് കരുതാം.

ഗ്രന്ഥകാരൻ ഒരു ത്രൈവർണികൻ ആയിരിക്കാമെന്നും ഇളംകുളം കുഞ്ഞൻപിള്ള അഭിപ്രായപ്പെടുന്നു. 'ഭാഷാകൗടലീയകർത്താവിനു സംസ്കൃതത്തിലും വിവിധ ശാസ്ത്രങ്ങളിലും അപാരമായ പാണ്ഡിത്യം ഉണ്ടായിരുന്നു' എന്നും അദ്ദേഹം ഒരു 'ത്രൈവർണികനാണെ'ന്നും 'ഭാഷാപരമായ പ്രത്യേകതകൾ അതു തെളിയിക്കുന്നുണ്ടെ'ന്നും ഇളംകുളത്തിന്റെ വാദം. മറഞ്ചു, അറിഞ്ചു, അതുവു, ഇവു, അങ്ങാടി, ഓതം, പലേപ്പാണും തുടങ്ങിയ രൂപങ്ങൾ ഭാഷയിൽ അന്നു സാധാരണമായിരുന്നു.'കൗടലീയത്തിലെ ഭാഷ ത്രൈവർണികരുടെ തമിഴാണെന്ന് വ്യക്തമായ ധാരണേയാടുകൂടിവണം അതിന്റെ കാലം ക്ലിപ്തപ്പെടുത്തുന്നതിനു ശ്രമിക്കാൻ' എന്നും 'അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം തുടങ്ങിയ നയങ്ങളുടെ പ്രവർത്തനം കൗടലീയത്തിൽ പ്രകടമായി കാണാം' എന്നും ഇളംകുളം സൂചിപ്പിക്കുന്നു. താലവ്യാദേശം, അനുനാസികാതിപ്രസരം, സ്വരസംവരണം തുടങ്ങിയവ ഉപേയാഗിച്ചും ഉപയാഗിക്കാതെയും ഈ കൃതിയിൽ കാണുന്നുണ്ട്.

> ▶ അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം

മൂലഭാഷയിലെ പദകോശം ലക്ഷ്യഭാഷയിൽ കടന്നുകൂടുക സ്വാഭാവികമായതിനാൽ സംസ്കൃതപദങ്ങൾ സമൃദ്ധമായി കൃതിയിൽ കടന്നുകൂടിയിട്ടുണ്ട്. രാജഭാഷയായിരുന്ന തമിഴിന്റെ സ്വാധീനവും കൃതിയിൽക്കാണാം. അക്കാലത്തെഴുതപ്പെട്ട ശാസനഭാഷയോട് 'ഭാഷാകൗടലീയ'ത്തിലെ ഭാഷ സമാനത പുലർത്തുന്നില്ല എന്നതും പ്രധാന സവിശേഷതയാണ്. സാങ്കേതികപദങ്ങൾ നിറഞ്ഞ ദുർഗ്രഹമായ അർത്ഥശാസ്ത്രം, അയത്നരീതിയിൽ ഭാഷയിലേക്ക് കൊണ്ടുവന്നു എന്നതാണു നേട്ടം. 'ഭാഷാസംക്രമണകാലത്തെ ഗദ്യകൃതികളിൽ പഴക്കം

കൊണ്ടും ഉള്ളടക്കം കൊണ്ടും ഏറ്റവുമധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണു കൗടലീയം ഭാഷാഗദ്യം' എന്നാണു സി. എൽ. ആന്റണിയുടെ അഭിപ്രായം. 'കേരളവ്യവഹാര ഭാഷയുടെ സംക്രമംമൂലം ചെന്തമിഴ് അധ:പതിക്കുകയും തന്മൂലം അബദ്ധരൂപങ്ങൾ അതിൽ കടന്നുകൂടുകയും ചെയ്തകാലത്താണു ഭാഷാകൗടലീയത്തിന്റെ നിർമ്മിതി' എന്നും വ്യാകരണപരമായ തികഞ്ഞ അരാജകത്വവും അവ്യവസ്ഥയുമാണ് അക്കാലത്തിന്റെ പ്രത്യേകത' എന്നും 'ഈ വ്യവസ്ഥാരാഹിത്യം കൗടലീയത്തിന്റെ വിഭക്തി പ്രത്യയങ്ങൾ, വർണവികാരങ്ങൾ, പദങ്ങൾ എന്നിവയവയുടെ പ്രയോഗത്തിലെല്ലാം ഉടനീളം കാണാം' എന്നും പറഞ്ഞ് ഇളംകുളത്തിന്റെ പഠനത്തോടു യോജിക്കുകയാണു സി. എൽ. ആന്റണി.

▶ ഭാഷാസംക്രമണ കാലം

'ഭാഷാകൗടലീയ' ഭാഷ അപഗ്രഥിച്ചു പഠിക്കുമ്പോൾ തെളിഞ്ഞു വരുന്ന ചില സവിശേഷതകളുണ്ട്. മലനാട്ടുതമിഴ് ഒരു സ്വതന്ത്രഭാഷയായി മലയാളമായി പരിണമിക്കാൻ വെമ്പൽ കൊള്ളുന്നതുകാണാം എന്നതാണ് അതിൽ പ്രധാനം. രാജഭാഷയായ തമിഴിന്റെയും പണ്ഡിതഭാഷയും സാഹിത്യഭാഷയുമായ സംസ്കൃതത്തിന്റെയും സമ്മർദ്ദങ്ങൾക്കു വിധേയമായി ഇവയുടെ കലർപ്പുള്ള ഒരു വർണമാലയും ഇതിൽ രൂപപ്പെട്ടു വന്നിട്ടുണ്ട്. ശാസനങ്ങളിൽനിന്നും ഭിന്നമായി 'ഋ' എന്ന സ്വരം സ്വതന്ത്രരൂപത്തിൽ ഇതിൽ കാണുന്നു എന്നതു ശ്രദ്ധേയമാണ്. ഉദാ : ഋതു, ഋണം. എ. ആർ. രാജരാജവർമ്മ അവതരിപ്പിച്ച ആറുവർണപരിണാമനയങ്ങളും സംഭവിച്ചതിനും സംഭവിക്കാത്തതിനും ഉദാഹരണങ്ങൾ ഈ കൃതിയിൽ കണ്ടെത്താനാവും. 'കൗടലീയം' പോലെ ഗഹനമായൊരു കൃതി സംസ്കൃതത്തിൽനിന്നു വിവർത്തനം ചെയ്യാൻ തക്ക ഗദ്യഭാഷ പതിമൂന്നാംനൂറ്റാണ്ടിൽ കേരളത്തിലുണ്ടായിരുന്നു എന്നത് വളരെ പ്രസക്തമാണ്.

▶ മലനാട്ടുതമിഴ് ഒരു സ്വതന്ത്രഭാഷയായി പരിണമിക്കുന്നു

## Summarised Overview

ക്രിസ്ത്വബ്ദം 1498-ൽ വാസ്കോഡഗാമ എന്ന പോർച്ചുഗീസ് കപ്പിത്താൻ കോഴിക്കോട് വന്നെത്തിയതിനു മുമ്പുതന്നെ യൂറോപ്പിൽനിന്നു ചില ക്രിസ്തീയ മിഷണറിമാർ കേരളത്തിൽ എത്തിയിരുന്നു. ക്രമേണ പോർച്ചുഗീസ് വാണിജ്യം പ്രബലമായതോടുകൂടി മിഷണറിമാരുടെ ശക്തി വർധിക്കുകയും ചെയ്തു. ഗ്രന്ഥങ്ങൾക്കു പ്രചാരം വരുത്താനായി അച്ചടി നടപ്പാക്കുകയാണ് മാർഗമെന്ന് പാതിരിമാർ മനസ്സിലാക്കിയിരുന്നു. അതിനാൽ അവർ ദേശഭാഷാലിപികൾ അച്ചിൽ കൊത്തി പുസ്തകങ്ങൾ മുദ്രണം ചെയ്യാനുള്ള ശ്രമങ്ങൾ തുടങ്ങി. അക്കാലത്ത് യൂറോപ്പിൽപോലും അച്ചടിവിദ്യ ആരംഭിച്ചതേയുള്ളൂവെങ്കിലും പാതിരിമാർക്ക് അതിൽ വിശേഷവൈദഗ്ധ്യമുണ്ടായിരുന്നതിനാൽ അധികകാലമാകുന്നതിന് മുൻപുതന്നെ അവർ ഗോവയിൽ ഒരു യന്ത്രം വരുത്തി സ്ഥാപിക്കുകയും പല ഗ്രന്ഥങ്ങൾ അതിൽ അച്ചടിക്കുകയും ചെയ്തു. ഈ ഗ്രന്ഥങ്ങളിലെ ഭാഷ കൊങ്കിണിയും മറാത്തിയുമായിരുന്നുവെങ്കിലും യൂറോപ്യൻ ലിപികളിലാണ് അച്ചടിച്ചത്. പാതിരിമലയാളം, മിഷണറി ഗദ്യം എന്നെല്ലാം അന്നത്തെ ഗദ്യരീതിയെ വിളിച്ചിരുന്നു. മതപ്രചരണാർത്ഥം വന്നുചേർന്ന മിഷണറിമാർക്ക് ആവശ്യമായിരുന്നത് സാധാരണക്കാർക്കു വായിച്ചറിയാവുന്ന ഗദ്യകൃതികൾ ആയിരുന്നു.

'വർത്തമാനപ്പുസ്തകം', 'വേദതർക്കം', 'ജ്ഞാനമുത്തുമാല' എന്നീ കൃതികൾ നവീന മലയാള ഗദ്യശൈലിയുടെയും മലയാള സാഹിത്യത്തിന്റെയും ചരിത്രത്തിൽ അവിസ്മരണീയങ്ങ

ളാണ്. കരിയാറ്റിൽ ഔസേപ്പു കത്തനാർ രചിച്ച കൃതിയാണ് 'വേദതർക്കം' (1768). സാമൂഹിക കാര്യങ്ങൾ മലയാളത്തിൽ പ്രതിപാദിച്ചിട്ടുള്ളതിന്റെ തെളിവാണ് ഈ കൃതി. ക്രിസ്ത്യാനികളുടെ ഇടയിൽ കണ്ടുവരുന്ന അനൈക്യവും മറ്റും ദൂരീകരിക്കുകയാണ് ഈ കൃതിയുടെ ലക്ഷ്യം. പാറേമ്മാക്കൽ തോമാകത്തനാർ 1786-ൽ രചിച്ച യാത്രാവിവരണമാണ് 'വർത്തമാനപ്പുസ്തകം'.

വ്യവഹാരഭാഷയുടെ ആത്മബലമാണ് മിഷണറിമാരുടെ ഗദ്യകൃതികൾ പ്രദർശിപ്പിക്കുന്നത്. സംസ്കൃതത്തിന്റെ ആധിപത്യത്തിൽനിന്നു മലയാളഗദ്യത്തെ സംരക്ഷിക്കാൻ മിഷണറിമാർക്ക് കഴിഞ്ഞു. വാക്യങ്ങളിൽ ആഖ്യ-കർമം-ആഖ്യാതം എന്ന ക്രമമാണ് പൊതുവെ കാണുന്നത്. ഹ്രസ്വവാക്യങ്ങൾക്കാണ് പ്രാധാന്യം. സാധ്യമാകുന്നിടത്തോളം മലയാള പദങ്ങൾ സ്വീകരിക്കുക. കൂടിയേ തീരൂ എന്നു വരുമ്പോൾ സംസ്കൃതം, സുറിയാനി, പോർച്ചുഗീസ്, ലത്തീൻ എന്നീ ഭാഷകളിൽനിന്നു കടം കൊള്ളുക - എന്നതായിരുന്നു അവരുടെ നയം. വ്യവഹാര ഭാഷയോടുള്ള സമ്പർക്കം കാരണം വർണപരിണാമം സംഭവിച്ച നിരവധി പദങ്ങൾ ഈ ഗദ്യ കൃതികളിൽ കാണാം (ഉദാ: അവിടെ- ഔടെ, ഉപകാരം - ഒപകാരം, ഏൽക്കുക - ഏക്കുക).

ഗദ്യകൃതികളിൽ പഴക്കംകൊണ്ടും ഉള്ളടക്കംകൊണ്ടും ഏറ്റവുമധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് 'ഭാഷാകൗടലീയം'. ബി. സി. മൂന്നാംനൂറ്റാണ്ടിൽ ഭാരതം ഭരിച്ചിരുന്ന ചന്ദ്രഗുപ്തമൗര്യന്റെ ഉപദേഷ്ടാവും മന്ത്രിയുമായ കൗടല്യൻ രചിച്ച 'അർത്ഥശാസ്ത്ര'ത്തിന്റെ പരിഭാഷയാണിത്. ഗ്രന്ഥകർത്താവ് ആരാണെന്ന് നിശ്ചയമില്ല. 'ഭാഷാകൗടലീയ'ത്തിന്റെ കാലം 1150നും 1225 നും ഇടയ്ക്കാണെന്ന് ഉള്ളൂരും ഇളംകുളവും കെ. എൻ. എഴുത്തച്ഛനും അഭിപ്രായപ്പെടുന്നു. ഇത് സാധാരണക്കാരനെ അഭിസംബോധന ചെയ്യുന്ന വിവർത്തനമല്ല. സംസ്കൃതത്തിൽ സാക്ഷരതയുള്ള ന്യൂനപക്ഷത്തെ മാത്രമേ ആകർഷിക്കുന്നുള്ളൂ. മൂലകൃതിയിലെ സംസ്കൃതഭാഗങ്ങൾക്ക് ചിലേടത്തു ഭാഷാപദങ്ങൾകൊണ്ടും മറ്റു ചിലേടത്തു വേറെ സംസ്കൃതപദങ്ങൾകൊണ്ടും അർഥം പറഞ്ഞുപോകുന്ന രീതിയാണ് 'ഭാഷാകൗടലീയ'ത്തിനുള്ളത്. അർഥം സ്പഷ്ടമല്ലാത്തിടത്ത് വ്യാഖ്യാതാവ് വിശദീകരണം നൽകുന്നുണ്ട്. അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം, എന്നീ നയങ്ങളുടെ പ്രവർത്തനങ്ങൾ 'ഭാഷാകൗടലീയ'ത്തിൽ പ്രകടമായി കാണാം.

## Assignments

1. 'ഭാഷാകൗടലീയ'ത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.
2. മിഷനറിമാർ മലയാളത്തിന് നൽകിയ സംഭാവനകൾ വിവരിക്കുക.
3. 'ഹോർത്തൂസ് മലബാറിക്കസി'ന്റെ ചരിത്രപ്രാധാന്യം വിശദമാക്കുക.
4. 'വർത്തമാനപ്പുസ്തക'ത്തിന് മലയാളത്തിലുള്ള സ്ഥാനം വ്യക്തമാക്കുക.
5. 'ഭാഷാകൗടലീയ'ത്തിലെ ഭാഷാസവിശേഷതകൾ വിവരിക്കുക.

## Suggested Readings


1. കെ. സാംബശിവശാസ്ത്രി, വി. എ. രാമസ്വാമിശാസ്ത്രി, (സംശോധനം), 'ഭാഷാകൗടലീയം, പ്രകാശനവിഭാഗം, കേരള സർവ്വകലാശാല, തിരുവനന്തപുരം.
2. ഡോ. ടി. പവിത്രൻ, ഭാഷാകൗടലീയം പാഠവും പഠനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

3. കൊച്ചി ഭാഷാ പരിഷ്കരണ കമ്മിറ്റി, കൗടില്യന്റെ അർത്ഥ ശാസ്ത്രം ( മലയാളഭാഷാവിവർത്തനം), രാമാനുജ മുദ്രണാലയം, തൃശ്ശിവപേരൂർ.
4. ഡോ. കെ. എൻ. എഴുത്തച്ഛൻ, (സമ്പാദകൻ), ഭാഷാകൌടലീയം, മദിരാശി സർവ്വകലാശാല, മദ്രാസ്.
5. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യചരിത്രം, കേരള സർവ്വകലാശാല, തിരുവനന്തപുരം.
6. ജെ. പത്മകുമാരി, ഭാഷാചരിത്രം, കറന്റ് ബുക്സ്, തൃശ്ശൂർ.

## References

1. കെ. എം. പ്രഭാകരവാര്യർ, മലയാളം മാറ്റവും വളർച്ചയും, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
2. കെ. എം. ജോർജ് (എഡി), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
3. എം. ജയരാജ്, മലയാള അച്ചടിമാധ്യമം ഭൂതവും വർത്തമാനവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 3

# 1. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ

## Learning Outcomes

- ഗദ്യസാഹിത്യത്തിന്റെയും മലയാളഭാഷയുടെയും വളർച്ചയെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നു
- 'ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ'ക്ക് മലയാള ഭാഷാചരിത്രത്തിലുള്ള സ്ഥാനം മനസിലാക്കുന്നു
- മിഷനറിമലയാളത്തിന്റെ ചരിത്രപരവും ഭാഷാപരവുമായ സവിശേഷതകളെ തിരിച്ചറിയുന്നു
- അച്ചടി മലയാളത്തിന്റെ പ്രാരംഭ ചരിത്രത്തെക്കുറിച്ച് അറിവ് നേടുന്നു

## Background

മിഷണറി ഗദ്യത്തിന്റെ വികാസത്തിലെ പ്രധാനഘട്ടങ്ങളിലൊന്ന് പ്രോട്ടസ്റ്റന്റ് മിഷണറിമാരുടെ വരവോടെയാണ് ആരംഭിക്കുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം വിപുലമായ ഇംഗ്ലീഷ് സാഹിത്യശേഖരവുമായി പരിചയപ്പെടാൻ മലയാളിക്ക് അവസരം നൽകി. ഗദ്യസാഹിത്യത്തിന്റെ സാധ്യതകൾ ഇംഗ്ലീഷ് ഭാഷയിലൂടെ അനുഭവിച്ചറിഞ്ഞവർ മലയാളഗദ്യത്തിന് പുതിയ വഴി വെട്ടിത്തുറന്നു. മലയാളഗദ്യത്തിന്റെ സാധ്യതകൾ കണ്ടറിഞ്ഞു സാഹിത്യോചിതമായി അത് ഉപയോഗിച്ചുതുടങ്ങിയതു മിഷണറിമാരാണ്.

ഇംഗ്ലീഷ്, പോർച്ചുഗീസ്, സ്പാനിഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, ലത്തീൻ തുടങ്ങിയ യൂറോപ്യൻ ഭാഷകളും സുറിയാനി, സംസ്കൃതം, ഹിന്ദുസ്ഥാനി, തമിഴ്, തെലുങ്ക് എന്നീ ഏഷ്യൻ ഭാഷകളും മാതൃഭാഷയായ മലയാളത്തിനു പുറമെ വശത്താക്കിയിരുന്ന ഒരു ബഹുഭാഷാപണ്ഡിതനായിരുന്നു മാണിക്കത്തനാർ. അദ്ദേഹം നിരവധി കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. പോർച്ചുഗീസ്, ഇംഗ്ലീഷ് മുതലായ ഭാഷകളിൽനിന്നു പല പ്രസംഗ പരമ്പരകളും ധ്യാനമുറകളും അദ്ദേഹം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. മലയാളത്തിന്റെ മറ്റൊരു ഭാഷാപരിപോഷകനായിരുന്നു കണ്ടത്തിൽ വർഗീസ് മാപ്പിള. അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതിയാണ് ഷേക്സ്പിയറുടെ 'Taming of the Shrew' എന്ന നാടകത്തിന്റെ സ്വതന്ത്ര പരിഭാഷയായ 'കലഹിനീദമനകം'. ഷേക്സ്പിയറുടെ 'കോമഡി ഓഫ് എറേഴ്സ്' എന്ന നാടകത്തിന്റെ സ്വതന്ത്രവിവർത്തനമായ 'ആൾമാറാട്ടവും' മലയാള ഗദ്യസാഹിത്യത്തിന് മുതൽക്കൂട്ടാണ്. 'ആൾമാറാട്ടം' രചിച്ച കല്ലൂർ ഉമ്മൻ പീലിപ്പോസിന് മലയാളഗദ്യസാഹിത്യചരിത്രത്തിൽ നിർണായകസ്ഥാനം തന്നെയാണുള്ളത്. നാടകം, നോവൽ, ചെറുകഥ തുടങ്ങിയ നൂതന ഗദ്യരീതികൾ മലയാളസാഹിത്യത്തിലേക്ക് കടന്നുവരുവാനും നൂതന വായനാനുഭൂതി ലഭിക്കുവാനും ഇംഗ്ലീഷ് സാഹിത്യം തന്നെയാണ് അടിസ്ഥാനം. പാശ്ചാത്യ സാഹിത്യ സമ്പ്രദായങ്ങൾ പരിഭാഷപ്പെടുത്തി മലയാള സാഹിത്യത്തിലേക്ക് കലർത്തിയത് മിഷണറിമാരാണ്. അത് മലയാളഗദ്യസാഹിത്യത്തിന് നവപ്രഭ ചൊരിഞ്ഞു.

സംസ്കൃതം ഉന്നതകുലജാതർക്ക് മാത്രം അവകാശപ്പെട്ട ഭാഷയായതിനാൽ തന്നെ സാഹിത്യം, വായന എന്നിവ ജനകീയമാകുവാൻ കാലതാമസമെടുത്തു. മിഷണറിമാരുടെ ആഗമനമാ

SGOU

ണ് അതിന് മാറ്റം കൊണ്ടുവന്നത്. അവർ വിദ്യാഭ്യാസസ്ഥാപനങ്ങളും അച്ചടികളും ആരംഭിച്ചു എന്നതുമാത്രമല്ല, അവ സാധാരണ ജനങ്ങളിലേക്കു കൂടി വ്യാപിപ്പിച്ചു എന്നതിലാണ് പ്രാധാന്യം. മിഷണറിമാരുടെ ഇത്തരം നീക്കങ്ങൾ സാഹിത്യത്തെ ജനകീയമാക്കി. സംസ്കൃതഭാഷയുടെ അതിപ്രസരം ഇല്ലാതാക്കിക്കൊണ്ട്, വ്യവഹാരഭാഷയ്ക്ക് പ്രാധാന്യം നൽകി എന്നിടത്തും വായനയ്ക്ക് പുതുശ്വാസം ലഭിക്കുകയാണുണ്ടായത്. മതപ്രചരണത്തിനു വേണ്ടിയാണെങ്കിലും ലഘുലേഖകളിലൂടെയും ചെറുകഥകളിലൂടെയും പത്രമാസികകളിലൂടെയും ജനങ്ങളുടെ വായനാഭിമുഖ്യം വളർത്തുകയാണ് ചെയ്തത്.

1599 ജൂൺ 20 മുതൽ 26 വരെ ഉദയംപേരൂർ മർത്തമറിയം പള്ളിയിൽവെച്ച് 153 വൈദികരുടെയും 660 അല്മായ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട സൂനഹദോസ് എടുത്ത തീരുമാനങ്ങളാണ് 'ഉദയംപേരൂർ സൂനഹദോസ് കാനോനകൾ' എന്ന പേരിലറിയപ്പെടുന്നത്. ഗോവാ ആർച്ച് ബിഷപ്പ് ഡോം അലക്സീസ് മെനേസീസ് ആയിരുന്നു ഈ സമ്മേളനത്തിന്റെ സംഘാടകൻ. കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികളെ 'ശുദ്ധീകരി'ച്ചെടുക്കുകയെന്നായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ആർച്ച് ബിഷപ്പ് മെനേസിസിന്റെ കുറിപ്പുകളെ ആധാരമാക്കി അഗസ്റ്റിനിയൻ സന്യാസി സമൂഹാംഗമായ ആന്റണി ഗോവയോ 1606ൽ പോർച്ചുഗീസ് ഭാഷയിൽ പ്രസിദ്ധീകരിച്ച 'ജോർണാദ' എന്ന ഗ്രന്ഥത്തിൽനിന്നാണ് സൂനഹദോസിനെക്കുറിച്ചുള്ള പ്രഥമവിവരം കിട്ടുന്നത്. പിന്നീട് യുറോപ്യൻ ഭാഷകളിലേക്ക് 'ജോർണാദ' പരിഭാഷപ്പെടുത്തുകയുണ്ടായി.

സൂനഹദോസ് ജൂൺ 20ന് ആരംഭിച്ച് 26ന് അവസാനിച്ചു. ഈ ഏഴു ദിവസങ്ങളിലായി ഒൻപതു യോഗങ്ങൾ (Sessions) നടത്തപ്പെട്ടു. ആദ്യയോഗം സൂനഹദോസിന്റെ പ്രാരംഭകർമ്മങ്ങൾക്ക് വിനിയോഗിച്ചു. രണ്ടാമത്തെ യോഗത്തിൽ എല്ലാവരും വിശ്വാസസത്യം ചെയ്തു. മൂന്നാം യോഗത്തിലെ നിയമങ്ങൾ വിശ്വാസത്തെ സംബന്ധിക്കുന്നവയാണ്. മാമോദീസ, മുമ്പിലത്തെ ഒപ്രുശുമ എന്ന കൂദാശകളെപ്പറ്റി ചെയ്യേണ്ടവയാണ് നാലാംയോഗത്തിന്റെ നിയമങ്ങളിലെ പ്രതിപാദ്യവിഷയം. അഞ്ചാം യോഗത്തിന്റെ നിയമങ്ങൾ വിശുദ്ധ കുർബ്ബാന എന്ന ബലിയേയും ആ കൂദാശയേയും സംബന്ധിക്കുന്നവയാണ്. വിശുദ്ധ കൂദാശകളായ പാപോച്ചാരണം, ഒടുക്കത്തെ ഒപ്രുശുമ എന്നിവയെപ്പറ്റി ആറാം യോഗത്തിലും പട്ടം, വിവാഹം എന്നിവയെപ്പറ്റി ഏഴാം യോഗത്തിലും പറയുന്നു. പള്ളിക്കാര്യങ്ങളുടെ നവീകരണത്തിനും നോമ്പ് മുതലായ സംഗതികൾക്കും വേണ്ടിയാണ് എട്ടാം യോഗം. ഒമ്പതാമത്തെ യോഗത്തിൽ ആചാരസംസ്കാരത്തെ ഉദ്ദേശിച്ചുള്ള നിയമങ്ങളാകുന്നു.

## Keywords

മിഷണറി ഗദ്യം-ഉദയംപേരൂർ സൂനഹദോസ് കാനോനകൾ-എടവക-ആചാരങ്ങൾ

## Discussion

### 1.3.1 ഉദയംപേരൂർ സൂനഹദോസ് കാനോനകൾ (ഏഴാം മൗതാ, 13-19 കാനോനകൾ)

#### പതിമൂന്നാം കാനോന

മലംകര എടവകയിൽ ഒള്ള നസ്രാണികൾ മാർഗ്ഗം അല്ലാത്ത രാജാ

ക്കടെയും കർത്താക്കടെയും നാടുകളിൽ ഇരിക്കുന്നതിനെക്കൊണ്ട ഏതാനും പെഴച്ചതൊ ഇല്ലയൊ എന്നറിവാൻ അവരെക്കൊണ്ട വെരൽ മുക്കിക്കയും മഴു എടുപ്പിക്കയും നീന്തി തെളിവാൻ ഒള്ള എടത്തിൽ നീന്തിക്കയും ചെയ്തു ഞായം, പെഴയാത്തവർക്കു സംകടം വരികയില്ല എന്നും പെഴച്ചവരാ എംകിൽ ഒടനെ അതകൊണ്ട അറിയാം എന്നും ചൊല്ലി. അറിവ കൊറഞ്ഞ ചെലര നസ്രാണികൾ തങ്ങളെ ആരാനും കുറ്റം ചൊല്ലി എംകിൽ ഇ മെൽ പറഞ്ഞ അടയാളങ്ങൾ ഏതാനും ചെയിച്ചു തെളിയിച്ച കൊള്ളണം എന്ന അപെക്ഷിച്ചു ഞായം. തങ്ങടെ പരമാർത്ഥം കാട്ടുവാൻ. അങ്ങിനെ തെളിയുന്നെടത്ത പരമാർത്ഥവും കുറ്റവും ഇല്ലെന്നു കണ്ട തംപുരാൻ ചെഷി എംകിലും ആയി നിന്ന സങ്കടം ചെലപ്പോൾ വരുത്തുകിലും അത അങ്ങനെ ചെയ്യുന്നത തംപുരാനെ പരൂഷിക്ക ചെയ്യുന്നത അത്രെ ആകുന്നതും, പ്രത്യക്ഷം ചെയണം എന്ന വരുത്തുന്നതും. ആയത യോഗ്യം ആകുന്നത അല്ല. ഇതിനെ കൊണ്ട ശുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു. നസ്രാണികൾ ആരാനും ഇത്തരം തെളിവിന്ന തങ്ങൾ ആം എന്ന ചൊല്ലരുത എന്ന അങ്ങനെ തങ്ങളെ തെളിയിപ്പാൻ ആയിസ്ഥമാകുന്നത കൊണ്ട ശാവദൊഷം ഒണ്ട എന്ന വഴിയെ അറിയണം, തംപുരാനെ പരൂക്ഷിക്കുന്നതകൊണ്ട. ഇതിന്ന എടത്തൂട ആരാനും ചെകിൽ വലുതായിട്ട കുറ്റപ്പെടുക്കയും വെണം. വിശേഷിച്ച നാടുവാഴിയുടെ ബലം കൊണ്ട തന്റെ എടവകയിൽ ഇരിക്കുന്നവരെ ആരാനെക്കൊണ്ട തെളിയിപ്പാൻ മുട്ടുകിൽ അത ചെയാതെ ഇരിപ്പാൻ കഴിവ ഇല്ലംകിൽ ആ മാർഗ്ഗക്കാരിടെ ഞായക്കെടു കൊണ്ട ഒള്ള ബലം തംപുരാന്റെ തിരുമുമ്പിൽ കയ്യാളിച്ചും കൊണ്ട അവരിടെ ബലം കയിക്കൊള്ളുകയല്ലൊ ആവു. വിശേഷിച്ചും മാർഗ്ഗക്കാരരെ തങ്ങളിൽ ഇത്തരം തെളിവുകൾ ചെകയം അതും മെൽ പറകയും അരുത. പട്ടാങ്ങയും മാർഗത്തിൽ അടുത്ത ആണയും സത്യവും കൊണ്ട തെളികെ ആവൂ. ഇ ലൊകത്തിലെ ഞെരിക്കങ്ങളിൽ ഒക്കയിലും പയപ്പെടുവാൻ തക്കത അത്രെ. മാർഗത്തിൽ മരിയാത ആയിട്ട ഒള്ള ശവസങ്ങൾ. വിശെഷിച്ചു മാർഗം അല്ലാത്തവര തങ്ങളുടെ മുക്കാൽ വട്ടത്തുംകൽ നിന്ന തെളിയണം എന്ന ചൊല്ലുകിൽ മരിക്കിലും അത കെൾക്കരുതെ അത എന്തെ. സത്യത്തിന്റെ സാക്ഷി തംപുരാന്റെ പെരിമക്ക തന്നെ വഴങ്ങുകെ ആവൂ.

▶ ഇ ലൊകത്തിലെ ഞെരിക്കങ്ങളിൽ ഒക്കയിലും പയപ്പെടുവാൻ തക്കത അത്രെ

## പതിന്നാലാം കാനോന

വിശ്വാസം ഒള്ള ലൊകരിടെയും ഇത ഇല്ലാത്തവരിടെയും ഭേദം പൊറമെ ഒള്ള ശമയം കൊണ്ടും ഒട്ടുവെണം എന്ന പള്ളിക്ക അതിന്ന ആതിനെ സൂക്ഷം ഒണ്ട. അത എന്തെ. രണ്ടു കൂട്ടവും ചമയം കൊണ്ട റിവാൻ ഇ എടവകയിൽ ഒള്ള നസ്രാണികളും മലയാളരും തങ്ങളിൽ ചമയം കൊണ്ടും തലമുടി കൊണ്ടും കണ്ടറിവാൻ ഏതും ഭദമില്ലെന്ന ശുദ്ധമാന സുനഹദൊസെ കണ്ടിട്ട തങ്ങളിൽ ഭെദം കൊണ്ട കണ്ടറിവാൻ കല്പിക്കുന്നു. ആൺങ്ങൾ ആരും ഇന്നി തൊടങ്ങികാത കത്തരുത എന്നും വളത്തരുത എന്നും. ഇതിന്ന എടത്തൂടെ ചെയ്യുന്നവരെ മെൽപട്ടക്കാരന്റെ മനസ്സിന്ന തക്കവണ്ണം കുറ്റപ്പെടുക്കയും വെണം. കാതിൽ പൊന്ന ഇടുകയും അരുത. പൊന്ന ഇടുകിൽ പള്ളിക്ക പൊറത്ത ആക്കുകയും വെണം. കൈ കസ്തൂരി പട്ടക്കാരര കൊടുക്കയും അരുത, വഴക്കം ചെവൊളം ഇപ്പൊൾ പൈതങ്ങൾ അല്ലാതെ കാത ഒള്ളവർക്ക കീഴിലെപ്പൊലെ വേണ്ടുന്നത കാതിൽ ഇട്ടുകൊള്ളാം.

▶ കാതിൽ പൊന്ന ഇടുകയും അരുത

SGOU

## പതിനഞ്ചാം കാനോന

മലംകര എല്ലാ ഞായത്തിന്നും എടത്തൂട ഒര മരിയാത ഒണ്ടായിരുന്നു. അത ആയത ഇ എടവകയിലെ നസ്രാണികളിടെ ആൺ മക്കൾക്ക അനന്തരപ്പാട ഒണ്ടായിരുന്നു. ഇത ആൺമക്കൾ തന്നെ ഒള്ളെടത്ത തന്നെ അല്ല പിന്നെയൊ പെണ്ണുങ്ങൾ തന്നെ ഒള്ളെടത്ത അവക്ക അനന്തരപ്പാട്ടിൽ വെന്തം ഇല്ലാതെ ഇരുന്നു. കെട്ടിയ സ്ത്രീധനവും കൊണ്ട പോയ പെണ്ണുങ്ങൾക്ക തന്നെ അല്ല അനന്തരപ്പാട ഇല്ലാഞ്ഞു. പിന്നെയൊ കെട്ടുവാനും വളരുവാനും ഇരിക്കുന്ന പെണ്ണുങ്ങൾക്കും കൂടെ അനന്തരപ്പാടിൽ വെന്തം ഇല്ലാതെ ഇരുന്നു അനെകം വലയുന്നവരും ക്ഷയിച്ച പൊകുന്നവരും ഒണ്ട. അവരിട കാർന്നവർ ഒണ്ടാക്കിയതിനെ ആണുങ്ങൾ എംകിലും അടുത്ത ചാർന്നവർ എംകിലും അടക്കി ഞായം. വസ്തു ഒടയവന്റെ പെൺമക്കൾക്ക ഏതാനും കൊടുക്കണം എന്ന ഓർക്കുന്നും ഇല്ല. ഇത ഒക്കയും ഞായം ഒടെ മരിയാതക്കും മാർഗത്തിനും എടത്തൂട ആകുന്നത. ഞായം ഒടെ മാർഗത്തിനു കാർന്നവരിടെ കടവും ധനവും ആൺമക്കൾക്കും പെൺമക്കൾക്കും ഒരുപൊലെ അത്രെ ആകുന്നത ചാർന്നവര ഒരുത്തിടെ വസ്തു അടക്കിയാൽ വസ്തു നെടിയവന്റെ പെൺമക്കൾക്ക ഒക്കയും വീണ്ടുകൊടുത്ത മതിയവൂ. ഇതിന്ന ശുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു. ഇതു നാളത്തെ മരിയാത ഞായമായ മരിയാത അല്ല, എന്ന, അടുത്ത ചാർന്നവർക്ക മരിക്കന്നവർക്ക പെൺമക്കൾ ഒണ്ടംകിൽ, തങ്ങൾക്ക ഏതും എടുത്ത അടിക്കൊള്ളരുത. വീണ്ടും മരിച്ച അവന്റെ പെൺമക്കൾക്ക, അടക്കിയ മൊതലും അതിനെക്കൊണ്ട ഒണ്ടാക്കിയ ഒഭയവും കൊടുത്തെ മതിയാവൂ. ആൺമക്കൾ തന്നെ കാർന്നവരിടെ വസ്തു പവുത്തു കൊള്ളരുത. തങ്ങടെ പെങ്ങന്മാർക്കകൂടെ ഒവകരി കൊടുത്തെ മതിയാവൂ. ഇവണ്ണം അല്ലാതെ ചൈകിൽ അവരും തങ്ങടെ പെങ്ങന്മാർക്ക അടുത്ത ഒവകരി വീണ്ടുകൊടുത്തെ മതിയാവൂ. കെട്ടിയ പെണ്ണുങ്ങൾക്ക കൊടുത്ത സ്ത്രീധനം മുതലും ആമ്മക്കൾക്ക കച്ചവടത്തിന്ന കൊടുത്തതും കൂടെ ഒവകരിയിൽ അടങ്ങുകയും വെണം. ശുദ്ധമാന സുനഹദൊസ എല്ലാവർക്കും പ്രമാണമായി കൽപിക്കുന്നു. ഇങ്ങനെ തന്നെയാ വരിക്കണം എന്നും തങ്ങൾക്ക പ്രമാണം ആയിരിക്കണം എന്നും. തങ്ങടെ ആത്മാവിന്ന അടുത്തത ഇത ആയതിനെക്കൊണ്ട. ഇതിന്ന എടത്തൂട അടുത്ത ചാർന്നവര പെൺമക്കൾക്ക അടുത്ത അനന്തരപ്പാട കൂടാതെ എംകിലും ആങ്ങളമാര പെങ്ങന്മാർക്ക ഓകരി കൊടുക്കായ്കിലും കൂടെ അടങ്ങെണ്ടുന്നവർക്ക കൊടുക്കാതെ തങ്ങൾ തന്നെ അടക്കിയും കൊണ്ട ഇരിക്കിലും മെൽപക്കാരൻ പ്രായശ്ചിത്വങ്ങൾ കൊണ്ട അതിനെ വിണ്ടെ മതിയാവു എന്ന വരുത്തണം. ഇ കൽപനക്ക ഒത്തവണ്ണം ഇരിയാത്തവർക്ക മഹറൊൻ ചൊല്ലണം ആ മഹറൊൻ പൊക്കവാൻ, ഇ കൽപനക്ക ഒത്തവണ്ണം ക്രിയയാലെ ഇരുന്ന വീണ്ടുകൊടുക്കെണ്ടുന്നവർക്ക കൊടുത്തെ ഒള്ളു എന്നറിക.

> ▶ ശുദ്ധമാന സുനഹദൊസ എല്ലാവർക്കും പ്രമാണമായി കൽപിക്കുന്നു

## പതിനാറാം കാനോന

ഇ എടവകയിലെ വസ്തുക്കൾ എപ്പെരും നസ്രാണികളിടെ മരിയാതകളും വഴിയെ കൽപിപ്പാൻ ശുദ്ധമാന സുനഹദൊസിന്ന അപേക്ഷ ആകുന്നു. ഇ എടവകയിലെ അങ്ങാടികളിലെ ഹമറാ വാണിഭം കൊണ്ട അനെകം കൊഴപ്പങ്ങളും കൊലയും ഒണ്ട. ഒട്ടെറെയും എരപ്പാളികളിലും എളിയവരിലും ആകുന്നു. ഇതിന്ന ആരും ഇവണ്ണം ചൈകയും അരുത.

> ▶ ഇ കൽപനക്ക തക്കവണ്ണം ഇരിയാത്തവരെ പ്രാശ്ചിത്വങ്ങളെക്കൊണ്ടും മഹറൊൻ വെണമെങ്കിൽ അതകൊണ്ടും കുറ്റപ്പാടുകൾ വെണം

മാപ്പിളമാരിടെ അങ്ങാടിയിൽ ഹമറാ വാണിഭം ചൈകയും അരുത. തങ്ങടെ സ്ഥലത്തെ രഹസ്യമായി ആർക്കാനും വിപ്പാൻ ശരസിക്കയും അരുത. ഇത ചെയുന്നവരെ മെല്പട്ടക്കാരന്റെ മനസിന്ന തക്കവണ്ണം കുറ്റപ്പെടുക്കയും വെണം. ഇ കൽപനക്ക തക്കവണ്ണം ഇരിയാത്തവരെ പ്രാശ്ചിത്വങ്ങളെക്കൊണ്ടും മഹറൊൻ വെണമെങ്കിൽ അതകൊണ്ടും കുറ്റപ്പാടുകൾ വെണം. മാർഗ്ഗ അല്ലാത്തവരും മാർഗ്ഗക്കാരും ഒരുമിച്ച ഇരുന്നുകൊള്ളുകയും കടിക്കയും ചൈയുന്നതിനെക്കൊണ്ട ഒള്ള ഒരിം പാട മാറ്റുവാനും മറ്റും പല പല മരിയാതകൾ അങ്ങനത്തെ എടത്തിന്ന ഒണ്ടാകുന്നതിനെക്കൊണ്ട.

## പതിനേഴാം കാനോന

> ▶ ഓരൊരൊ ദെശത്തെ മരിയാതക്ക തക്കവണ്ണം അത അത അങ്ങാടിയിൽ എല്ലാ വീട്ടിലും ഒരുപോലെ ഒള്ള അളവും തൂക്കവും കൊള്ളുവാനും കൊടുപ്പാനും ആവൂ

റൂഹാദക്കദശാ തംപുരാന്റെ ശാസ്ത്രങ്ങളിൽ കൊള്ളുകയും വിളിക്കുകയും ചൈയുന്നതിന്ന അളപ്പാനും തൂക്കുവാനും ഒള്ളത നെര അല്ലാത്തതിനെക്കൊണ്ട അതകറ്റം എന്ന പഠിപ്പിക്കയും തിന്മ ആയതിനെക്കൊണ്ട അതിനെ ഉപേക്ഷിക്കയും ചൈയുന്നു. എന്നാൽ മലംകര എടവകയിൽ ഒള്ള കച്ചവടക്കാരിടെ പക്കൽ വിപ്പാനും കൊള്ളുവാനും വെവ്വെറെ തൂക്കവും അളവും ഒണ്ടെന്ന അറിഞ്ഞതിനെക്കൊണ്ട പ്രമാണിക്കുന്നു. ഓരൊരൊ ദെശത്തെ മരിയാതക്ക തക്കവണ്ണം അത അത അങ്ങാടിയിൽ എല്ലാ വീട്ടിലും ഒരുപോലെ ഒള്ള അളവും തൂക്കവും കൊള്ളുവാനും കൊടുപ്പാനും ആവൂ. ഇതിന്ന തക്കവണ്ണം (ഇരിയാത്തവർക്ക വിഗാരിമാര ഇവണ്ണം) നടക്കണമെന്ന അറിയിക്കണം. അങ്ങിനെ അറിയിക്കുമ്പോൾ നടുവര വെണമെങ്കിൽ നടുവര കൂട്ടിക്കൊള്ളണം. ഇതിനെക്കൊണ്ടും ഭെദം ഇല്ലെംകിൽ ഇ എടവകയിലെ നസ്രാണികൾ ഒക്കയും പള്ളിയിൽ വാഴുന്നതിനെ കൊണ്ട മെൽപട്ടക്കാരൻ തനിക്ക ഒത്തവണ്ണവും കുറ്റപ്പെടുക്കയും വെണം. ഇതിന്ന പ്രാശ്ചിത്വം കൊണ്ടും മഹറൊൻ കൊണ്ടും കുറ്റപ്പെടുത്ത അത കൊണ്ടും വ്യാപരിക്കയും വെണം.

## പതിനെട്ടാം കാനോന

> ▶ അവർ നസ്രാണികൾ ആയതി നാംപക്കം മാർഗ്ഗത്തിന്റെ മുഴുപ്പിന്നും വിശ്വാസത്തിന്നും വെണ്ടി മരിച്ചെ മതിയാവുതാനും

ശുദ്ധമാന സുനഹദൊസ മാർഗ്ഗത്തിലെക്ക അനെകം മുക്ഷ്കരത്വവും കിഴക്കെദിക്കിലെക്ക ഒരുവൻ കർത്താവും ആകുന്ന പ്രൊത്തുക്കാൽ രാജാവിനൊട അപെക്ഷിക്കുന്നു, ഇ മലംകര നസ്രാണികളെ തന്റെ കീഴിൽ വഴക്കി കൈക്കൊണ്ടു കൊള്ളണം എന്ന പല മലയാം രാജാക്കളിടെ കീഴ കിടക്കുന്നവർക്ക ഒടയവനും തൊണയും വെണ്ടുവൊളം വെണം എന്ന ഒണ്ട. അവർ നസ്രാണികൾ ആയതി നാംപക്കം മാർഗ്ഗത്തിന്റെ മുഴുപ്പിന്നും വിശ്വാസത്തിന്നും വെണ്ടി മരിച്ചെ മതിയാവുതാനും. ഇ സുനഹദൊസ ശ്രമിക്കുന്നു. ബഹുമാനപ്പെട്ട മെത്രാപ്പൊലീത്തായൊട സുനഹദൊസ അപെക്ഷിക്കുന്നു. രാജാവിന്ന ചിറ്റാഴ്മ ചൈവാൻ ഈ നസ്രാണികൾക്ക ഒള്ള അപേക്ഷ രാജാവിനൊട കാട്ടണം എന്ന.

## പത്തൊൻപതാം കാനോനാ

ഇ ശുദ്ധമാന സുനഹദൊസിൽ കത്തൊലിക്ക വിശ്വാസം കൊണ്ടും പള്ളിയിടെ ശുദ്ധമാന കൂദാശകളെക്കൊണ്ടും പള്ളീയിടെ നല്ല മരിയാതകളെക്കൊണ്ടും വ്യാപരിച്ചതിനെക്കൊണ്ട പ്രമാണിക്കുന്നു. എല്ലാ പള്ളികളിലെ വികാരിമാര സുനഹദൊസിലെ എഴുത്തപ്പെട്ടത

ഒക്കെയും പെർത്ത തന്റെ പള്ളിക്കൽ വൈക്കണം എന്ന ഇ സുനഹ ദൊസിലെത എപ്പെരും മുമ്പിലുത്തെത കണ്ട നെരെ എഴുതി ഓരൊരൊ പൊസ്തകം മറ്റെല്ലാ പൊസ്തകങ്ങളൊടും കൂടെ വൈക്കണം എന്നും ഞായറാഴ്ചതൊറും പൊരുൾ പഠാർത്ഥയും വെണം. പൊരുൾ പഠാർത്ഥ ഇല്ലാത്ത ദിവസം ഇ പൊസ്തകത്തിൽ എഴുതപ്പെട്ടവുത്താൽ ഏതാനും ലൊകർക്ക വായിക്കയും കെപ്പിക്കയും വെണം. അതകൊണ്ട എല്ലാവരും അതിലെത അറിഞ്ഞതിന തക്കവണ്ണം ഇരിപ്പാൻ. എല്ലാ വിഗാരിമാരൊടും പട്ടക്കാരൊടും എണങ്ങരൊടും കൂടെ ശുദ്ധമാന സുനഹദോസ തംപുരാന്റെ നാമത്താൽ ഇ സുനഹദോസിൽ എഴുതപ്പെട്ടതിന്നതക്കവണ്ണം തന്നാൽ ആകുംവണ്ണം ഇരിക്കണം എന്നും ഇരുത്തണം എന്നും അപെക്ഷിക്കയും പ്രമാണിക്കയും ചെയ്യുന്നു. എന്നന്നെക്കും ഇരിക്കയും വാഴുകയും ചെയ്യുന്ന ബാവായും പുത്രനും റൂഹാദക്കു ദശായും മൂവരൊരുവൻ തംപുരാന്റെ നാമത്താൽ ഇത ഒക്കെയും എല്ലാവരും കൈക്കൊണ്ട അതിന്ന ഒത്തവണ്ണം ഇരിക്കും എന്ന ശുദ്ധമന സുനഹദൊസിന്ന അനുവാദം എന്ന ആമ്മേൻ:

> ▶ പൊരുൾ പഠാർത്ഥ ഇല്ലാത്ത ദിവസം ഇ പൊസ്തകത്തിൽ എഴുതപ്പെട്ടവുത്താൽ ഏതാനും ലൊകർക്ക വായിക്കയും കെപ്പിക്കയും വെണം

സുന്നഹദോസിലെ ഭാഷയ്ക്കും ചില പ്രത്യേകതകൾ കാണാം. പാശ്ചാത്യഗദ്യഭാഷയുടെ സ്വാധീനം പ്രകടമാക്കുന്ന ചില വാക്യങ്ങൾ ഈ കൃതിയിലുണ്ട്. മലയാളശൈലിക്ക് നിരക്കാത്ത കർമ്മണി പ്രയോഗം ഈ കൃതിയിൽ കാണുന്നുണ്ട്. 'ലൊകർക്കും വായിക്കയും കെപ്പിക്കയും വേണം'. ആധുനിക മലയാളത്തിൽ ഇല്ലാത്തതും ചെറുശ്ശേരി, എഴുത്തച്ഛൻ തുടങ്ങിയവരുടെ കൃതിയിൽ കാണുന്നതുമായ ചില വാക്യമാതൃകകൾ ഈ കൃതിയിൽ കാണുന്നുണ്ട്. 'അടുത്ത ചാർന്നവർ എംങ്കിലും അടക്കി ഞായം', അവരുടെ ബലം കയികൊള്ളൂ കയല്ലോ ആവൂ'. വികല്പനിപാതമായ 'ഓ' ഉപയോഗിക്കുന്നതിനുപകരം 'എങ്കിൽ' 'താൻ' എന്നിവ ചേർത്തു കാണുന്നു. 'കുറ്റപ്പെടുകയും വേണം' വ്യാപാരിക്കയും വേണം. കാര്യകാരണബന്ധമുള്ള വാക്യങ്ങൾക്കിടയിൽ അതെ, എന്തെ എന്നു ചേർത്തുകാണുന്നു. 'വിശേഷിച്ചു മാർഗം അല്ലാത്തവര തങ്ങളുടെ മുക്കാൽ വട്ടത്തും കൽ നിന്ന് തെളിയണം എന്നു ചൊല്ലുകിൽ മരിക്കിലും അത കേൾക്കരുതെ അത എന്തെ എന്നിങ്ങനെയുള്ള പ്രയോഗങ്ങളും കാണാം.

## Summarised Overview

മിഷണറിമാരുടെ ആഗമനം വിദ്യാഭ്യാസപ്രക്രിയയിൽ വലിയ മുന്നേറ്റമാണുണ്ടാക്കിയത്. സാധാരണക്കാർക്ക് വിദ്യാഭ്യാസം നൽകുക, സ്ത്രീ വിദ്യാഭ്യാസം, നിരവധി സ്കൂളുകളുടെ കടന്നുവരവ്, ഇംഗ്ലീഷ് വിദ്യാഭ്യാസം, നൂതന പാഠ്യപദ്ധതി തുടങ്ങിയവയെല്ലാം മിഷണറി വിദ്യാഭ്യാസത്തിന്റെ മേന്മയാകുന്നു. മിഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വലിയ മാറ്റങ്ങൾ വരുത്തിയിരുന്നു. വേദപ്രചരണമായിരുന്നു ലക്ഷ്യമെങ്കിലും അതിനു രണ്ട് മാർഗങ്ങളാണ് സ്വീകരിച്ചത്. ഇംഗ്ലീഷ് ഭാഷ നാട്ടിൽ നടപ്പാക്കുക; വേദപുസ്തകം മലയാളഭാഷയിലേക്ക് തർജമ ചെയ്ത് പ്രസിദ്ധീകരിക്കുക എന്നിവയാണവ. ഈ പ്രവർത്തനങ്ങൾ ഭാഷയ്ക്കും സാഹിത്യത്തിനും ഒരു പുതുജീവൻ കൊടുത്തു.



SGOU

മിഷണറിമാരുടെ ആദ്യകാലസാഹിത്യരചനകൾ മതപരിവർത്തനത്തിനും വിനോദത്തിനും മാത്രമുള്ളതായിരുന്നു. സാരോപദേശങ്ങൾ നിറഞ്ഞ മതപരമായ സംഗതികളായിരുന്നു ആദ്യകാല എഴുത്തുകളിൽ കാണുവാൻ സാധിക്കുന്നത്. തിരുവിതാംകൂറിൽ പാഠപുസ്തക സമിതി രൂപം കൊള്ളുന്നതിനു പത്തുവർഷംമുമ്പ് കോട്ടയത്തുനിന്നു പ്രസിദ്ധീകരിച്ച വൈജ്ഞാനിക ഗ്രന്ഥമാണ് 'വിദ്യാമൂലങ്ങൾ'. എഴുപത്തഞ്ച് പേജുള്ള ഈ ഗ്രന്ഥത്തിൽ അഗ്നിപർവ്വതങ്ങൾ, ഇടിത്തീ, കടൽ സിംഹം, കാറ്റ്, കുഴൽകണ്ണാടികൾ, ചുഴലിക്കാറ്റ്, തെർമോ മീറ്റർ തുടങ്ങിയവയെല്ലാം പ്രതിപാദിക്കുന്നുണ്ട്. മലയാളവൈജ്ഞാനികസാഹിത്യത്തിലെ മറ്റൊരു വിശിഷ്ടകൃതിയാണ് 'മൃഗചരിതം.' റവ. ജെ. ജെബൈയ്റ്റ്ലർ രചിച്ച ഈ ഗ്രന്ഥം അച്ചടിച്ചത് സി. എം. എസ്. പ്രസിലാണ്. അനേകം ചിത്രങ്ങളടങ്ങുന്നതാണ് ഈ ജന്തുശാസ്ത്രഗ്രന്ഥം.

ഒരു ജനതയുടെ ആധുനീകരണത്തിൽ ശാസ്ത്രത്തിനുള്ള പങ്ക് വലുതാണ്. അതിനു സമാനമാണ് ഒരു ഭാഷയുടെ ആധുനീകരണത്തിൽ വൈജ്ഞാനികഗദ്യത്തിനുള്ള പങ്ക്. ഭാരതീയ വിജ്ഞാനങ്ങൾ കൈകാര്യം ചെയ്യുന്ന കൃതികൾ പണ്ടുമുതലേ കേരളത്തിലുണ്ടായിരുന്നെങ്കിലും അവയെല്ലാം സംസ്കൃതത്തിലാണ് രചിക്കപ്പെട്ടത്. മലയാളത്തിൽ നവീനവൈജ്ഞാനിക ഗദ്യത്തിന്റെ പ്രോദ്ഘാടകർ എന്ന ബഹുമതി മിഷണറിമാർക്ക് നൽകുന്നതിൽ തെറ്റില്ല.

പത്രമാസികകളുടെ രംഗപ്രവേശനം വിജ്ഞാനചർച്ചകൾക്ക് അവസരം നൽകി. ശാസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം, ആകാശവിവരങ്ങൾ, അന്തർദേശീയസംഭവങ്ങൾ തുടങ്ങിയ പല കാര്യങ്ങളെക്കുറിച്ചുമുള്ള ലഘുകുറിപ്പുകൾ മാസികകളിലൂടെ ജനങ്ങളിലേക്കെത്തി. ഇത് ജനങ്ങൾക്കിടയിൽ നൂതനവിജ്ഞാനങ്ങൾ പകർന്നുനൽകി. ആനുകാലികപ്രസിദ്ധീകരണങ്ങളുടെ രണ്ടു ദൗത്യങ്ങളാണ് വാർത്താവിതരണവും വിജ്ഞാനവിതരണവും. വായനക്കാരൻ കാലികമായി അറിഞ്ഞിരിക്കേണ്ട വാർത്തയും വിവരവുമെല്ലാം വർത്തമാനത്തിന്റെ പരിധിയിൽ വരും. അതുകൊണ്ടുതന്നെ ആനുകാലികപ്രസിദ്ധീകരണങ്ങളിലെ മുഖ്യവിഭാഗമായ വർത്തമാനപ്പത്രങ്ങളുടെ സീമയിൽ ഇതെല്ലാം ഉൾപ്പെടും. തലശ്ശേരി പത്രങ്ങളിൽ ആദ്യത്തേത് ദൈവരാജ്യസമാചാരവിതരണത്തിലാണ് ശ്രദ്ധിച്ചതെങ്കിൽ രണ്ടാമത്തേത് വിജ്ഞാനവിതരണത്തിനാണ് ഊന്നൽ കൊടുത്തത്. പാശ്ചാത്യശാസ്ത്രവിജ്ഞാനത്തിന്റെ വെളിച്ചം പരത്തുകയാണ് 'പശ്ചിമൊദയ'ത്തിന്റെ ലക്ഷ്യം. ആധുനികവിജ്ഞാനവിനിമയത്തിനുതകുന്ന ഭാഷാരൂപം ഗദ്യമാണെന്നും 'പശ്ചിമൊദയം' പ്രസ്താവിച്ചു.

1599 ജൂൺ 20 മുതൽ 26 വരെ ഉദയംപേരൂർ മർത്തമറിയം പള്ളിയിൽവെച്ച് 153 വൈദികരുടെയും 660 അല്മായ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട സുനഹദോസ് എടുത്ത തീരുമാനങ്ങളാണ് 'ഉദയംപേരൂർ സൂനഹദോസ് കാനോനകൾ' എന്ന പേരിലറിയപ്പെടുന്നത്. ഗോവാ ആർച്ച് ബിഷപ്പ് ഡോം അലക്സീസ് മെനേസീസ് ആയിരുന്നു ഈ സമ്മേളനത്തിന്റെ സംഘാടകൻ. സൂനഹദോസ് ജൂൺ 20ന് ആരംഭിച്ച് 26ന് അവസാനിച്ചു. ഈ ഏഴു ദിവസങ്ങളിലായി ഒൻപതു യോഗങ്ങൾ (Sessions) നടത്തപ്പെട്ടു. യോഗത്തിൽ ക്രിസ്തുമത ആചാരസംസ്കാരത്തെ ഉദ്ദേശിച്ചുള്ള ചർച്ചകളായിരുന്നു നടന്നത്.

SGOU

## Assignments

1. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾക്ക് മലയാളഭാഷാചരിത്രത്തിലുള്ള സ്ഥാനം വ്യക്തമാക്കുക.
2. മിഷണറിഗദ്യത്തിന്റ സവിശേഷതകൾ വിവരിക്കുക.
3. വിദ്യാഭ്യാസരംഗത്തെ മിഷനറി സംഭാവനകൾ അടയാളപ്പെടുത്തുക.
4. ഇംഗ്ലീഷിന്റെ സ്വാധീനം ഭാഷയിൽ വർദ്ധിക്കുന്നതിന് ആദ്യകാല അച്ചടിയും കൊളോണിയൽ വിദ്യാഭ്യാസ പ്രവർത്തനവും കാരണമായിട്ടുണ്ടോ പരിശോധിക്കുക.
5. ബൈബിൾ വിവർത്തനങ്ങളുടെ ചരിത്രപരമായ പ്രാധാന്യവും ഭാഷയുടെ മാറ്റവും ചർച്ച ചെയ്യുക.

## Suggested Readings


1. സ്കറിയ സക്കറിയ, ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം.
2. പി. കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥയും കേരളചരിത്രവും, കറന്റ് ബുക്സ്, തൃശ്ശൂർ.
3. ഡോ. എസ്. വി. വേണുഗോപൻ നായർ, മലയാളഭാഷാ ചരിത്രം, മാളൂബൻ പബ്ലിക്കേഷൻസ്, കോഴിക്കോട്.
4. എം. ശ്രീനാഥൻ, മലയാളഭാഷാ ചരിത്രം: പുതുവഴികൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി, തിരൂർ.


## References


1. പി. ഭാസ്കരനുണ്ണി, പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. ഏ. ജി. ശ്രീകുമാർ, പുസ്തകവും കേരളസംസ്കാരപരിണാമവും, കേരള സർവ്വകലാശാല, തിരുവനന്തപുരം.
3. ജി. പ്രിയദർശനൻ, (സമ്പാ.), കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ മുഖപ്രസംഗങ്ങൾ, മനോരമ പബ്ലിക്കേഷൻസ്, കോട്ടയം.
4. പുതുപ്പള്ളി രാഘവൻ, മലയാള പത്രപ്രവർത്തനചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.
5. കെ. എം. ഗോവി, ആദിമുദ്രണം ഭാരതത്തിലും കേരളത്തിലും, കേരള സാഹിത്യ അക്കാദമി, തൃശൂർ.
6. കെ. എം. ജോർജ്ജ് (എഡി.), ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
7. ടി. എം. ചുമ്മാർ, ഗദ്യസാഹിത്യചരിത്രം, എൻ. ബി. എസ്., കോട്ടയം.

# 2. ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം

**ജോർജ്ജ് മാത്തൻ**

## Learning Outcomes

- ജോർജ്ജ് മാത്തന്റെ ഭാഷാപ്രവർത്തനങ്ങളെ മനസിലാക്കുന്നു
- 'ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം' എന്ന ഭാഗത്ത് ജോർജ്ജ് മാത്തൻ അവ തരിപ്പിക്കുന്ന നിരീക്ഷണങ്ങളെ സവിശേഷമായി തിരിച്ചറിയുന്നു
- പത്തൊൻപതാംനൂറ്റാണ്ടിൽ മിഷനറിമാരുടെ നേതൃത്വത്തിൽ നടന്ന ഭാഷാപ്രവർത്തനങ്ങൾ തിരിച്ചറിയുന്നു
- മാതൃഭാഷയിൽ വിദ്യാഭ്യാസം നടത്തേണ്ടതിനെപ്പറ്റി വിവിധകാലങ്ങളിൽ നടന്ന ചർച്ചകളെ മനസിലാക്കുന്നു
- മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു

## Background

**ജോർജ്ജ് മാത്തൻ**

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലയാളഗദ്യത്തിന് ഗണ്യമായ സംഭാവനകൾ നൽകിയ വ്യക്തിയാണ് റവ. ജോർജ്ജ് മാത്തൻ. 1819 സെപ്തംബർ 25 ന് ചെങ്ങന്നൂരിനടുത്തുള്ള പുത്തൻകാവ് എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. കോട്ടയത്തു പഴയ സെമിനാരിയിലെ പഠനത്തിനുശേഷം മദ്രാസിലെ ബിഷപ്പ് കോറിസ് ഗ്രാമർ സ്കൂളിൽ ചേർന്നു പഠിച്ച് അക്കാലത്തെ പ്രശസ്തനായ ഒരു പണ്ഡിതനായി തീർന്നു. ഇതിനിടയ്ക്ക് ഇംഗ്ലീഷ്, ഗ്രീക്ക്, തമിഴ്, തെലുങ്ക്, ഹിന്ദുസ്ഥാനി എന്നീ ഭാഷകൾ വശത്താക്കി. മദ്രാസിൽവെച്ച് അദ്ദേഹം സി. എം. എസ്. സഭാവിഭാഗത്തിൽ ചേരുകയും ആ സഭയിലെ ഒരു മിഷണറിയായി ശിഷ്ടജീവിതം നയിക്കുകയും ചെയ്തു.

മലയാള ഭാഷയ്ക്ക് ഒരു മലയാളി തയ്യാറാക്കിയ പ്രഥമ വ്യാകരണഗ്രന്ഥമാണ് രചിച്ച 'മലയാഴ്മയുടെ വ്യാകരണം'. 1863 ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. മലയാളഭാഷയുടെ സ്വാഭാവികമായ കഴിവുകൾ വിപുലമാണെന്നും നാട്ടുഭാഷയ്ക്ക് വേണ്ടവിധം അംഗീകാരവും ശ്രദ്ധയും ലഭിച്ചിട്ടില്ലെന്നും മനസ്സിലാക്കിയതുകൊണ്ടാണ് ഇങ്ങനെയൊരു ഉദ്യമത്തിന് താൻ മുതിർന്നതെന്ന് ജോർജ്ജ് മാത്തൻ ഈ ഗ്രന്ഥത്തിന്റെ മുഖവുരയിൽ വ്യക്തമാക്കുന്നുണ്ട്. കൂടാതെ വ്യാകരണത്തിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം സൂചിപ്പിക്കുന്നു. 214 പേജുള്ള 'മലയാഴ്മയുടെ വ്യാകരണം' 475 വകുപ്പുകളായി വിഭജിച്ചിരിക്കുന്നു. അക്ഷരലക്ഷണം, പദലക്ഷണം എന്നിങ്ങനെ 2 കാണ്ഡങ്ങളാണുള്ളത്. ഒന്നാം കാണ്ഡത്തിൽ സംജ്ഞ, സന്ധി എന്നീ രണ്ടധ്യായങ്ങളും 8 സർഗങ്ങളുമാണുള്ളത്. പദലക്ഷണം എന്ന രണ്ടാംകാണ്ഡത്തിൽ നാമം, വചനം, അവ്യയം എന്ന മൂന്ന് അധ്യായങ്ങളും 13 സർഗങ്ങളും ഒടുവിൽ വ്യാകരണപദങ്ങളുടെ ഒരു അകാരാദിയും ഉൾപ്പെടുന്നു.

'മലയാഴ്മയുടെ വ്യാകരണം' കൂടാതെ 'സത്യവാദഖേടം', 'വേദസംയുക്തി', 'കാശിയിൽ ഗുരുദാസ പണ്ഡിതരും ഒരു ഇംഗ്ലീഷ് ജഡ്ജിയുമായുണ്ടായ സംവാദം', 'ബാലാഭ്യസനം' എന്നീ

SGOU

കൃതികളും 'ഭൂമി ഉരുണ്ടതാകുന്നു', 'മരുമക്കത്തായത്താലുള്ള ദോഷങ്ങൾ', 'അദ്വൈതം', 'ആകാശത്തുള്ള ഗോളങ്ങൾ', 'അന്തരീക്ഷം', 'മറുജന്മം', 'സ്ത്രീയോഗ്യമായ സാമൂഹ്യസ്ഥിതി', സാധാരണ ചികിത്സാശാല തുടങ്ങിയ പ്രബന്ധങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. 1861-ൽ രചിച്ചതും മാധവരായർ ദിവാൻജിയുടെ കാലത്ത് തിരുവിതാംകൂർ ഗവൺമെന്റ് ഏർപ്പെടുത്തിയ ഒരു മത്സരത്തിൽ പ്രഥമ സമ്മാനാർഹമായതുമായ കൃതിയാണ് 'സത്യവാദഖേടം'. കള്ളം പറച്ചിലിന്റെ നികൃഷ്ടതയെയും സത്യവാദത്തിന്റെ ആവശ്യകതയെയും ഊന്നിപ്പറയുകയാണ് ഈ കൃതിയിൽ.

ഇംഗ്ലീഷിൽ പ്രസിദ്ധമായ ജോസഫ് ബട്ട്ലരുടെ 'അനോളജി ഓഫ് റിലീജ്യൺ' എന്ന ഗ്രന്ഥം ഒന്നാംഭാഗത്തിന്റെ തർജമയാണ് 'വേദസംയുക്തി'. ഈ കൃതി അത്യന്തം സുന്ദരമായ ശൈലിയിൽ, മലയാളത്തിലാക്കുവാൻ പാതിരിക്ക് സാധിച്ചിരിക്കുന്നു. 1866 ലാണ് 8 അധ്യായങ്ങളടങ്ങിയ പ്രഥമഭാഗം പ്രസിദ്ധീകൃതമായത്. രണ്ടാംഭാഗത്തിന്റെ തർജമ പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. 1870ൽ പ്രമേഹരോഗത്താൽ അദ്ദേഹം നിര്യാതനായി.

## Keywords

ജോർജ്ജ് മാത്തൻ-ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം-ജ്ഞാനനിക്ഷേപം-സത്തമഭാഷ-ജന്മഭാഷ

## Discussion

### 1.3.2 വിദ്യാഭ്യാസ ചർച്ചകൾ

വിദേശീയരുടെ ആഗമനത്തിനുമുമ്പും നമ്മുടെ നാട്ടിൽ വിജ്ഞാനസമ്പാദനത്തിനു വേണ്ട എഴുത്തുപള്ളിയും ആശാനും പഠന പരിപാടിയും പാഠ്യസാമഗ്രികളും ഉണ്ടായിരുന്നുവെങ്കിലും ഇന്നത്തേതിൽനിന്നും വ്യത്യസ്തവും സാധാരണക്കാരിൽനിന്നും നിഗൂഢമായി നിൽക്കുന്നതുമായിരുന്നു. മിഷണറിമാരുടെ ആഗമനം വിദ്യാഭ്യാസ പ്രക്രിയയിൽ വലിയ മുന്നേറ്റമാണുണ്ടാക്കിയത്. സാധാരണക്കാർക്ക് വിദ്യാഭ്യാസം നൽകുക, സ്ത്രീവിദ്യാഭ്യാസം, നിരവധി സ്കൂളുകളുടെ കടന്നുവരവ്, ഇംഗ്ലീഷ് വിദ്യാഭ്യാസം, നൂതന പാഠ്യപദ്ധതി തുടങ്ങിയവയെല്ലാം മിഷണറി വിദ്യാഭ്യാസത്തിന്റെ മേന്മയാകുന്നു. മിഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വലിയ മാറ്റങ്ങൾ വരുത്തി. വേദപ്രചാരണമായിരുന്നു ലക്ഷ്യമെങ്കിലും അതിനു രണ്ട് മാർഗങ്ങളാണ് സ്വീകരിച്ചത്. ഇംഗ്ലീഷ് ഭാഷ നാട്ടിൽ നടപ്പാക്കുക; വേദപുസ്തകം മലയാളഭാഷയിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുക എന്നിവയാണവ. ഈ പ്രവർത്തനങ്ങൾ ഭാഷയ്ക്കും സാഹിത്യത്തിനും ഒരു പുതുജീവൻ കൊടുക്കുകയും നാട്ടുകാരുടെ മാനസികവും സാംസ്കാരികവുമായ പുരോഗതിക്ക് വഴിതെളിക്കുകയുമുണ്ടായി.

- ▶ മിഷണറിമാരുടെ ആഗമനം വിദ്യാഭ്യാസ പ്രക്രിയയിൽ വലിയ മുന്നേറ്റമാണുണ്ടാക്കിയത്

നവീനരീതിയിലുള്ള വിദ്യാലയങ്ങൾ സംഭാവന ചെയ്തതുപോലെ തന്നെ ആധുനികസമ്പ്രദായത്തിലുള്ള പാഠപുസ്തകങ്ങൾ കേരളീയർക്കു പരിചയപ്പെടുത്തിക്കൊടുത്തതും ക്രൈസ്തവ മിഷണറിമാരാണ്. ഉള്ളടക്കം, സംവിധാനം, അച്ചടി എന്നിവയിലെല്ലാം ഉന്നത നിലവാ

രം പുലർത്തുന്നവയായിരുന്നു പാശ്ചാത്യ മിഷണറിമാർ പ്രസിദ്ധീകരിച്ച ആദ്യകാല പാഠപുസ്തകങ്ങൾ. ലക്ഷണയുക്തമായ ആദ്യത്തെ മലയാളപാഠാവലി നിർമ്മിച്ചത് ഹെർമൻ ഗുണ്ടർട്ടാണ്. 'പാഠമാല', 'പഞ്ചതന്ത്രം', 'വേതാളചരിതം', 'രാമായണം', 'ഭാരതം', 'ഭാഗവതം മുദ്രാരാക്ഷസം', 'കേരളവർമ്മ രാമായണം', 'ഉത്തരരാമായണം', 'ബ്രഹ്മാണ്ഡപുരാണം', 'വൈരാഗ്യചന്ദ്രോദയം', 'ജ്ഞാനപ്പാന', 'ശീലാവതി', 'ശ്രീകൃഷ്ണചരിതം' തുടങ്ങിയ കൃതികളിൽനിന്നു തിരഞ്ഞെടുത്തവയായിരുന്നു പദ്യഭാഗങ്ങൾ. 'രാമചരിത'ത്തിലെ അഞ്ചു പാട്ടുകൾ ഈ പാഠാവലിയിൽ ചേർത്തിരുന്നു. 1867 മാർച്ചിൽ തിരുവിതാംകൂർ മഹാരാജാവ് പാഠപുസ്തകകമ്മിറ്റി രൂപീകരിച്ചു. അണ്ണാവിരായർ അദ്ധ്യക്ഷനായുള്ള ആ സമിതിയിൽ കേരളവർമ്മവലിയകോയിതമ്പുരാൻ, സുബ്ബാദീക്ഷിതർ, കോളജ് മുൻഷി രാമൻതമ്പി എന്നിവർ അംഗങ്ങളായിരുന്നു. എന്നാൽ അതിന്റെ ആദ്യകാലപ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല. 1888-ൽ കേരളവർമ്മ തനിച്ച് അധ്യക്ഷപദം അലങ്കരിച്ചതോടുകൂടി സമിതിക്ക് നവോന്മേഷം ലഭിച്ചു. ചരിത്രം, ഭൂമിശാസ്ത്രം, സാമാന്യവിജ്ഞാനം മുതലായ വിഷയങ്ങളെ അധികരിച്ച് അനേകം ഗദ്യകൃതികൾ പ്രസിദ്ധീകൃതങ്ങളായി. വിദ്യാർത്ഥികളുടെ ഉപയോഗാർത്ഥം നല്ലൊരു 'പാഠാവലി'യും പ്രസിദ്ധപ്പെടുത്താൻ സമിതിക്കു കഴിഞ്ഞു.

▶ ആധുനിക സമ്പ്രദായത്തിലുള്ള പാഠപുസ്തകങ്ങൾ

## ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം

ഭാഷാവിദ്യാഭ്യാസത്തെക്കുറിച്ച് ജോർജ്ജ് മാത്തൻ 1867 ഓഗസ്ത് 13 ന് കൊല്ലം ഡിവിഷൻ കച്ചേരിയിൽ, ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ കൂടിയ ഒരു യോഗത്തിൽ ചെയ്ത പ്രസംഗമാണ് ബാലാഭ്യസനം. ബാലാഭ്യസനത്തിന്റെ അത്യന്തസാരത്വം, ഉത്തമമാതൃക, സത്തമഭാഷ എന്നിങ്ങനെ ഈ പ്രബന്ധത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്തിൽ അഭ്യസനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് പറയുന്നത്. മറ്റു ജന്തുജാലങ്ങളേക്കാൾ വിദ്യാഭ്യസനത്തിലൂടെ ശേഷികളെ വികസിപ്പിക്കാനുള്ള മനുഷ്യന്റെ ശേഷി അപാരമാണെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. ദൈവം തന്ന ശേഷികളെ വികസിപ്പിക്കേണ്ടത് മനുഷ്യന്റെ കടമയാണെന്നും അല്ലാത്തപക്ഷം അത് ദൈവനിന്ദയാകുമെന്നും ആദ്ധ്യാത്മികതലത്തിൽ നിന്നുകൊണ്ട് അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. പ്രബന്ധത്തിന്റെ രണ്ടാംഭാഗത്തിൽ ബാലാഭ്യസനം ശരിയായ മാതൃക പിന്തുടരേണ്ടുന്നതിനെക്കുറിച്ചാണ് പറയുന്നത്. അഭ്യസനത്തിന്റെ ഫലമായുള്ള വിദ്യാവർദ്ധന, മനോവ്യായാമം, സുശീലാകരണം എന്നിങ്ങനെയുള്ള സാധ്യതകളെ ഉദാഹരണസഹിതം അദ്ദേഹം വ്യക്തമാക്കുന്നു. കൂടാതെ അഭ്യസനത്തിന്റെ രീതി എങ്ങനെയായിരിക്കണം, കുട്ടികളെ എന്തെല്ലാം പഠിപ്പിക്കണം, ഏതുവിധത്തിൽ പഠിപ്പിക്കണം എന്നും കൂട്ടിച്ചേർക്കുന്നു.

▶ ബാലാഭ്യസനത്തിന്റെ അത്യന്തസാരത്വം, ഉത്തമമാതൃക, സത്തമഭാഷ എന്നിങ്ങനെ പ്രബന്ധത്തിന് മൂന്ന് ഭാഗങ്ങൾ

മൂന്നാമത്തെ ഭാഗമായ സത്തമഭാഷയിൽ മാതൃഭാഷാവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ എടുത്തുകാട്ടുന്നു. ബാലാഭ്യസനത്തിനുള്ള സത്തമഭാഷ ഓരോരുത്തന്റെ ജന്മഭാഷയാകുന്നു എന്നദ്ദേഹം പ്രസ്താവിച്ചു. സംസ്കൃത ആഭിമുഖ്യത്തിന്റെയും തുടർന്ന് ഇംഗ്ലീഷ് ഭാഷയോടുള്ള ആരാധനയുടെയും ഫലമായി മലയാളഭാഷയെ അവജ്ഞയോടെ കാണുന്ന ജനങ്ങളുടെ മനോഭാവത്തെ നിരീക്ഷിക്കുന്നതോടൊപ്പം

> ▶ ബാലാഭ്യസനത്തിനുള്ള സത്തമഭാഷ ഓരോരുത്തന്റെ ജന്മഭാഷയാകുന്നു

തന്നെ കേവലമായ ഭാഷാപരിജ്ഞാനംകൊണ്ടുമാത്രം ഒരാൾ അറിവുള്ളവനായി മാറില്ല എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ഭാഷയെ കേവലമായ ഒരു വിഷയം എന്ന നിലയിൽ മാത്രം കാണാതെ അറിവാർജിക്കുന്നതിനുള്ള ഉപാധിയാണെന്ന് മനസ്സിലാക്കണമെന്നും വെളിപ്പെടുത്തുന്നു. ലോകത്തിൽ ഇന്നുള്ള പലഭാഷകളിൽ ഏതെങ്കിലും ഒരു ഭാഷയെ മാത്രം മഹത്വവൽക്കരിക്കുന്നതിലെ ജനാധിപത്യവിരുദ്ധതയെക്കുറിച്ചും വ്യക്തമാക്കുന്ന ജോർജ്ജ് മാത്തൻ മാതൃഭാഷാ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറയുന്നു.

## Summarised Overview

പത്തൊൻപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലയാളഗദ്യത്തിന് ഗണ്യമായ സംഭാവനകൾ നൽകിയ വ്യക്തിയാണ് റവ. ജോർജ്ജ് മാത്തൻ. 1819 സെപ്തംബർ 25 ന് ചെങ്ങന്നൂരിനടുത്തുള്ള പുത്തൻകാവ് എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. കോട്ടയത്തു പഴയ സെമിനാരിയിലെ പഠനത്തിനുശേഷം മദ്രാസിലെ ബിഷപ്പ് കോറിസ് ഗ്രാമർ സ്കൂളിൽ ചേർന്നു പഠിച്ച് അക്കാലത്തെ പ്രശസ്തനായ ഒരു പണ്ഡിതനായി തീർന്നു. ഇതിനിടയ്ക്ക് ഇംഗ്ലീഷ്, ഗ്രീക്ക്, തമിഴ്, തെലുങ്ക്, ഹിന്ദുസ്ഥാനി എന്നീ ഭാഷകൾ വശത്താക്കി. മദ്രാസിൽവെച്ച് അദ്ദേഹം സി. എം. എസ്. സഭാവിഭാഗത്തിൽ ചേരുകയും ആ സഭയിലെ ഒരു മിഷണറിയായി ശിഷ്ടജീവിതം നയിക്കുകയും ചെയ്തു. മലയാളഭാഷയ്ക്ക് ഒരു മലയാളി തയ്യാറാക്കിയ പ്രഥമവ്യാകരണഗ്രന്ഥമാണ് അദ്ദേഹം രചിച്ച 'മലയാഴ്മയുടെ വ്യാകരണം'. 1863 ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. മലയാളഭാഷയുടെ സ്വാഭാവികമായ കഴിവുകൾ വിപുലമാണെന്നും നാട്ടുഭാഷയ്ക്ക് വേണ്ട വിധം അംഗീകാരവും ശ്രദ്ധയും ലഭിച്ചിട്ടില്ലെന്നും മനസ്സിലാക്കിയതുകൊണ്ടാണ് ഇങ്ങനെയൊരു ഉദ്യമത്തിന് താൻ മുതിർന്നതെന്ന് ജോർജ്ജ് മാത്തൻ ഈ ഗ്രന്ഥത്തിന്റെ മുഖവുരയിൽ വ്യക്തമാക്കുന്നു.

ഭാഷാവിദ്യാഭ്യാസത്തെക്കുറിച്ച് ജോർജ്ജ് മാത്തൻ 1867 ഓഗസ്ത് 13 ന് കൊല്ലം ഡിവിഷൻ കച്ചേരിയിൽ, ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ കൂടിയ ഒരു യോഗത്തിൽ ചെയ്ത പ്രസംഗമാണ് ബാലാഭ്യസനം. ബാലാഭ്യസനത്തിന്റെ അത്യന്തസാരത്വം, ഉത്തമമാതൃക, സത്തമഭാഷ എന്നിങ്ങനെ ഈ പ്രബന്ധത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. ഒന്നാംഭാഗത്തിൽ അഭ്യസനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് പറയുന്നത്. മറ്റു ജന്തുജാലങ്ങളേക്കാൾ വിദ്യാഭ്യസനത്തിലൂടെ ശേഷികളെ വികസിപ്പിക്കാനുള്ള മനുഷ്യന്റെ ശേഷി അപാരമാണെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. പ്രബന്ധത്തിന്റെ രണ്ടാംഭാഗത്തിൽ ബാലാഭ്യസനം ശരിയായ മാതൃക പിന്തുടരേണ്ടുന്നതിനെക്കുറിച്ചാണ് പറയുന്നത്. മൂന്നാമത്തെ ഭാഗമായ സത്തമഭാഷയിൽ മാതൃഭാഷാവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ എടുത്തുകാട്ടുന്നു.

## Assignments

1. ജോർജ് മാത്തന് മലയാളഭാഷാചരിത്രത്തിലുള്ള സ്ഥാനം വിശദീകരിക്കുക.
2. ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം എന്നതിൽ ജോർജ്ജ് മാത്തൻ അവതരിപ്പിക്കുന്ന നിഗമനങ്ങൾ പരിശോധിക്കുക.

SGOU

3. മാതൃഭാഷാപഠനത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ടുണ്ടായ ചർച്ചകൾ ക്രോഡീകരിക്കുക.
4. മലയാഴ്മയുടെ വ്യാകരണം എന്ന ഗ്രന്ഥത്തിന്റെ ചരിത്രപ്രാധാന്യം വ്യക്തമാക്കുക.

## Suggested Readings


1. ബാബുചെറിയാൻ, ജേക്കബ് ഐസക്ക് കാളിമഠം, ജ്ഞാനനിക്ഷേപം പഠനവും പാഠവും, പ്രഭാത് ബുക്ഹൗസ്, തിരുവനന്തപുരം.
2. കെ. എൻ. എഴുത്തച്ഛൻ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ.
3. എം. എൻ. വിജയൻ, (ജനറൽ എഡി.), നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
4. ടി. എം. ചുമ്മാർ, ഗദ്യസാഹിത്യചരിത്രം, എൻ. ബി. എസ്., കോട്ടയം.
5. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
6. ഡോ. പി. ജെ. തോമസ്, മലയാളസാഹിത്യവും ക്രിസ്ത്യാനികളും, ഡി. സി. ബുക്സ്, കോട്ടയം.
7. ഏ. ജി. ശ്രീകുമാർ, ഭാഷയുടെ ജീവചരിത്രം, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ.


## References


1. വില്യം ലോഗൻ, മലബാർ മാന്വൽ, മാതൃഭൂമി, കോഴിക്കോട്.
2. പി. ഭാസ്കരനുണ്ണി, പത്തൊൻപതാംനൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. ഏ. ജി. ശ്രീകുമാർ, പുസ്തകവും കേരളസംസ്കാരപരിണാമവും, കേരള സർവ്വകലാശാല, തിരുവനന്തപുരം.
4. ജി. പ്രിയദർശനൻ, (സമ്പാ.), കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ മുഖപ്രസംഗങ്ങൾ, മനോരമ പബ്ലിക്കേഷൻസ്, കോട്ടയം.
5. പുതുപ്പള്ളി രാഘവൻ, മലയാള പത്രപ്രവർത്തനചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.
6. കെ. എം. ഗോവി, ആദിമുദ്രണം ഭാരതത്തിലും കേരളത്തിലും, കേരള സാഹിത്യ അക്കാദമി, തൃശൂർ.
7. കെ. എം. ജോർജ്ജ് (എഡി.), ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
8. ടി. എം. ചുമ്മാർ, ഗദ്യസാഹിത്യചരിത്രം, എൻ. ബി. എസ്., കോട്ടയം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# 1. ജ്ഞാനനിക്ഷേപം

## Learning Outcomes

- ആദ്യകാല 'മാസിക'കളെ പരിചയപ്പെടുന്നു
- 'ജ്ഞാനനിക്ഷേപം' ലക്കം ഒന്നിലെ വിഷയങ്ങളെ പരിചയപ്പെടുന്നു
- ആദ്യകാല 'വ്യാകരണ' ഗ്രന്ഥങ്ങളെക്കുറിച്ച് ധാരണ ലഭിക്കുന്നു
- ആദ്യകാല 'പത്രമാസിക'കൾക്ക് മലയാളഭാഷാചരിത്രത്തിലുള്ള സ്ഥാനം മനസിലാക്കുന്നു
- 'ജ്ഞാനനിക്ഷേപ'ത്തിന്റെ ചരിത്രപരവും ഭാഷാപരവുമായ സവിശേഷതകളെ തിരിച്ചറിയുന്നു

## Background

**ജ്ഞാനനിക്ഷേപം** (1848)

ലഭ്യമായ കണക്കനുസരിച്ച് മലയാളത്തിലെ മൂന്നാമത്തെ മാസിക ജ്ഞാനനിക്ഷേപമാണ്. ആദ്യമായി ഇളക്കി മാറ്റാവുന്ന അച്ചുകൾ ഉപയോഗിച്ച് മലയാളം മുദ്രണം ചെയ്ത മാസികയാണ് 'ജ്ഞാനനിക്ഷേപം'. ചർച്ച് മിഷൻ സൊസൈറ്റി (സി. എം. എസ്.) കോട്ടയത്ത് സ്ഥാപിച്ച അച്ചുകൂടത്തിൽ നിന്ന് 1848 നവംബർ ഒന്നു മുതൽ ആണ് ഈ മാസിക പ്രസിദ്ധീകരണം ആരംഭിച്ചത്. ഇടയ്ക്കു മുടങ്ങിപ്പോയെങ്കിലും (1870ൽ മുടങ്ങിപ്പോയ പത്രം 1898-ൽ ആണ് പുനഃപ്രസിദ്ധീകരിക്കുന്നത്) ഇന്നും പ്രസിദ്ധീകരണം തുടരുന്ന മാസികയാണ് ഇത്. പൊതുവായ വിഷയങ്ങൾക്ക് പ്രാധാന്യം നല്കിയ ആദ്യപത്രമായിരുന്നു 'ജ്ഞാനനിക്ഷേപം' എന്ന് എൻ. സാം അഭിപ്രായപ്പെടുന്നു. ജനസാമാന്യത്തെ പരിഗണിച്ചുകൊണ്ടാണ് അത് മുന്നോട്ടുപോയത്. അതുകൊണ്ട് തന്നെ മതപ്രചാരണം മാത്രമായിരുന്നില്ല അതിലെ വിഷയമേഖലകൾ. വാർത്തകളും പുതിയ ചില കണ്ടുപിടുത്തങ്ങളും ഉൾപ്പടെ ധാരാളം വിജ്ഞാനലേഖനങ്ങൾ ഇതിൽ പ്രസിദ്ധീകരിക്കപ്പെട്ടു. മലയാളത്തിലെ ആദ്യത്തെ സചിത്രവർത്തമാനപത്രം എന്ന് പ്രിയദർശനൻ ജി. 'കേരള പത്രപ്രവർത്തനം സുവർണാദ്ധ്യായങ്ങൾ' എന്ന പുസ്തകത്തിൽ ജ്ഞാനനിക്ഷേപത്തെ വിശേഷിപ്പിക്കുന്നു (1993: 125).

മുൻകാലപത്രങ്ങളിൽനിന്നും വിഭിന്നമായി സാങ്കേതികമായി മുന്നിലായിരുന്നു 'ജ്ഞാനനിക്ഷേപം'. ഒന്ന്, പെറുക്കി മാറ്റാൻ കഴിയുന്ന അക്ഷരങ്ങൾ ഉപയോഗിച്ചുള്ള അച്ചടി, മറ്റൊന്ന്, ബെഞ്ചമിൻ ബെയ്‌ലി രൂപകല്പന ചെയ്ത ഉരുണ്ടതും വടിവൊത്തതുമായ അക്ഷരങ്ങൾ. മാത്രമല്ല മലയാളത്തിൽ ആദ്യമായി ഉള്ളടക്കം പ്രസിദ്ധീകരിക്കുന്ന രീതിക്കും 'ജ്ഞാനനിക്ഷേപം' തുടക്കം കുറിച്ചു. 'ജ്ഞാനനിക്ഷേപം' എന്ന പേരിനൊപ്പം അതിന്റെ ഇംഗ്ലീഷ് വിവർത്തനമായ 'The Treasury of Knowledge' എന്ന് ചേർത്തിരുന്നു. ഇതിനു ശേഷം 'സംഗതി വിവരങ്ങൾ' എന്ന പേരിൽ ഉള്ളടക്കം പ്രസിദ്ധീകരിച്ചു. അറിവാണ് ധനം എന്ന് വ്യക്തമാക്കുന്ന 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന ആദർശവാക്യം എല്ലാ ലക്കത്തിലും പ്രസിദ്ധീകരിച്ചിരുന്നു.

ഈ മാസികയുടെ പ്രധാന പ്രവർത്തകർ ആരൊക്കെയായിരുന്നു എന്നറിയാൻ സാധ്യമല്ല എന്ന് ജി. പ്രിയദർശനൻ പ്രസ്താവിക്കുന്നതിനുകാരണം ഇത് സംബന്ധിച്ച വിവരങ്ങൾ ഈ മാസികയിൽനിന്നും ലഭ്യമല്ലാത്തതിനാലാണ്. ബാബു ചെറിയാനും ജേക്കബ് ഐസക് കാളിമഠവും 'ജ്ഞാനനിക്ഷേപം പാഠവും പഠനവും' എന്ന പുസ്തകത്തിൽ ജോൺ ഹോക്സ് ഗാർത്തു വൈറ്റ് ആയിരുന്നു ഇതിന്റെ പ്രധാന ചുമതലക്കാരൻ എന്ന് കരുതുന്നുണ്ട്. ഭാഷാപരമായി ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കിയ ഒന്നായിരുന്നു സി. എം. എസ്. പ്രസ്സും 'ജ്ഞാനനിക്ഷേപവവും'.

ജ്ഞാനനിക്ഷേപം മാസികയുടെ പല ലക്കങ്ങളിലും അച്ചടിച്ച ആദ്യശ്ലോകം ഇതാണ്:

'ന രാജഹാര്യം ന ച ചോരഹാര്യം
പ്രയാണകാലെ ന ച ഭാരഹാര്യം
വ്യയീകൃതെ വർദ്ധന ഏവനിത്യം
വിദ്യാധനം സർവധനാൽ പ്രധാനം'

വിദ്യാധനം ഒരു അമൂല്യനിക്ഷേപമാണ് ജ്ഞാനത്തിന്റെ അമൂല്യനിക്ഷേപം. ജീവിക്കുന്ന ചുറ്റുപാടുമായി ബന്ധപ്പെട്ടുള്ള വിജ്ഞാനവും അനുഭവങ്ങളുമാണ് ഒരുവനെ ജ്ഞാനിയാക്കുന്നത്. തന്മൂലം 'ജ്ഞാനനിക്ഷേപ'ത്തിൽ വിജ്ഞാനത്തിനുവേണ്ടി നവീന ശാസ്ത്രവിജ്ഞാനവും അനുഭവപാഠങ്ങൾക്കുവേണ്ടി വാർത്തകളും ഉൾപ്പെടുത്തി. അങ്ങനെ വൃത്താന്തത്തിന്റെയും വിജ്ഞാനത്തിന്റെയും നിക്ഷേപമായി 'ജ്ഞാനനിക്ഷേപം'. 'പശ്ചിമൊദയം', 'ജ്ഞാനനിക്ഷേപം', 'വിദ്യാസംഗ്രഹം' എന്നിവയുടെ പ്രധാന ലക്ഷ്യം വിജ്ഞാനപോഷണമായിരുന്നു. ഇത്തരത്തിൽ, വിജ്ഞാനപരമായ പല ചർച്ചകളും ലേഖനങ്ങളും ആദ്യകാലപത്രമാസികകളിലൂടെ രംഗത്തുവന്നു.

1867-ൽ ഡബ്ല്യു. എച്ച്. മൂർ എന്ന സായിപ്പ് ആരംഭിച്ച മലയാളപത്രമാണ് 'സന്ദിഷ്ടവാദി'. കോട്ടയം സി. എം. എസ്. പ്രസ്സിൽ അച്ചടിച്ചിരുന്ന ഈ പത്രം തിരുവിതാംകൂർ സർക്കാരിന്റെ തെറ്റായ നയങ്ങളെ വിമർശിച്ചു. സർക്കാർ പത്രം നിരോധിച്ചിരുന്നു. 1874-ൽ മംഗലാപുരത്തു നിന്നു പ്രസിദ്ധീകരിച്ചിരുന്ന മാസികയാണ് 'കേരളോപകാരി'. 1876 ഒക്ടോബർ 12 ന് കുനമ്മാവ് അച്ചുകൂടത്തിൽ നിന്നാരംഭിച്ച വൃത്താന്തപത്രമാണ് 'സത്യനാദകാഹളം'. രണ്ടു കൊല്ലം കഴിഞ്ഞ് അതിന്റെ പ്രസിദ്ധീകരണം വരാപ്പുഴയ്ക്കും പത്തുപതിനാലു കൊല്ലത്തിനു ശേഷം എറണാകുളത്തേക്കും മാറ്റി.' 'കേരളടൈംസി'ന്റെ ഞായറാഴ്ച പതിപ്പായി 'സത്യനാദം' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ മലയാളഗദ്യത്തിന്റെ വളർച്ചയിൽ പത്രങ്ങളും മാസികകളും നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

## Keywords

ജ്ഞാനനിക്ഷേപം-നിഘണ്ടു-വ്യാകരണം-പുസ്തകങ്ങൾ-പത്രമാസികകൾ-ഹെർമൻ ഗുണ്ടർട്ട്

## Discussion

### 1.4.1 ജ്ഞാനനിക്ഷേപം

കേരളത്തിലെ ആദ്യത്തെ മൂന്ന് ആനുകാലിക പ്രസിദ്ധീകരണങ്ങളായ 'രാജ്യസമാചാരം', 'പശ്ചിമൊദയം', 'ജ്ഞാനനിക്ഷേപം' എന്നിവയിൽ തലശ്ശേരി മാസികകൾക്കും കോട്ടയം മാസികയ്ക്കും തമ്മിൽ

അച്ചടിക്കുപയോഗിക്കുന്ന സാങ്കേതികവിദ്യ, ഉള്ളടക്കം എന്നീ കാര്യങ്ങളിൽ കാതലായ വ്യത്യാസങ്ങളുണ്ട്. 'രാജ്യസമാചാരവും' 'പശ്ചിമോദയവും' കല്ലച്ചിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചപ്പോൾ ജ്ഞാനനിക്ഷേപം മാറ്റിവയ്ക്കാവുന്ന ആണിയച്ചുകൾ (movable types) ഉപയോഗിച്ചാണ് അച്ചടിച്ചത്. മലയാള പത്രപ്രവർത്തനചരിത്രത്തിൽ ടൈപ്പൊഗ്രഫിയുടെ സാദ്ധ്യതകളും വൈവിധ്യവും നടപ്പിൽ വരുത്തിയ ആദ്യപ്രസിദ്ധീകരണം 'ജ്ഞാനനിക്ഷേപ'മാണ്. 'ജ്ഞാനനിക്ഷേപം' വാർത്തകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകിയിരുന്നു. അന്തർദ്ദേശീയ, ദേശീയ, പ്രാദേശിക വാർത്തകൾ ഇങ്ങനെ വകതിരിച്ചു നൽകിയിരുന്നില്ലെങ്കിലും 'ജ്ഞാനനിക്ഷേപ'ത്തിന്റെ താളുകളിലൂടെ അത് വായനക്കാരിലെത്തിയിരുന്നു. ഒരു ലക്കത്തിലെങ്കിലും യൂറോപ്പുവർത്തമാനം, ഇന്ത്യാവർത്തമാനം എന്നിങ്ങനെ അന്തർദ്ദേശീയ ദേശീയ വർത്തമാനങ്ങൾ പ്രത്യേകവിഭാഗമായി പ്രസിദ്ധപ്പെടുത്തി.

> ▶ അന്തർദ്ദേശീയപ്രാദേശിക വാർത്തകൾ

## ജ്ഞാനനിക്ഷേപം ലക്കം 1

ജ്ഞാനനിക്ഷേപം ഒന്നാംപുറത്തിൽ വൃത്താന്തപത്രത്തിന്റെ പേര് മലയാളത്തിലും ഇംഗ്ലീഷിലുമായി അച്ചടിച്ചിരുന്നു. വില, ലക്കം എന്നീ പ്രാഥമികവിവരങ്ങൾ നൽകിയിരുന്നു. ഒന്നാംപേജിൽ ഏറ്റവും മുകളിൽ ഇടത്തേ അറ്റത്ത് ലക്കം നമ്പറും വലത്തേ അറ്റത്ത് പത്രത്തിന്റെ വിലയും കൊടുത്തു. ഇതിനു താഴെ പത്രത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും വലിയ അക്ഷരത്തിൽത്തന്നെ നൽകി. ഇംഗ്ലീഷിൽ 'The Treasury of Knowledge' എന്നായിരുന്നു. ഇതിനു ചുവട്ടിൽ ഇടത്തും വലത്തും രണ്ടു ഭാഗങ്ങളിലായി 'സംഗതി വിവരങ്ങൾ' എന്ന തലക്കെട്ടിൽ മാസികയിലെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകി. ഒന്നാം ലക്കത്തിലെ ഉള്ളടക്കം താഴെ കൊടുക്കുന്നു:

> ▶ ഇംഗ്ലീഷിൽ 'The Treasury of Knowledge' എന്നായിരുന്നു

- മുഖവുര
- വർത്തമാനങ്ങൾ
- മനുഷ്യൻ
- ഭാഷ
- എഴുത്ത്
- ഭൂമിയുടെ രൂപം
- ഗ്രഹാദികൾ
- ആഴ്ചവട്ടങ്ങൾ
- റെഗുലേഷൻ പകർപ്പുകൾ

'കൊട്ടയം 1848 മാണ്ട് വൃശ്ചികമാസം 1 നു' എന്നു പ്രസിദ്ധീകരണ വർഷവും മാസവും തീയതിയും രണ്ടു വരകൾക്കിടയിലായി പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഒരു ശ്ലോകത്തോടുകൂടി ആരംഭിക്കുന്നു. 'ജ്ഞാനനിക്ഷേപം' പ്രഥമലക്കംമുതൽ ദീർഘകാലത്തേക്ക് മുദ്രാവാക്യമായി അച്ചടിച്ചിരുന്നത്:

'ന രാജഹാര്യം ന ച ചോരഹാര്യം
പ്രയാണകാലെ ന ച ഭാരഹാര്യം
വ്യയീകൃതെ വർദ്ധന ഏവനിത്യം
വിദ്യാധനം സർവധനാൽ പ്രധാനം'

എന്നുള്ള ശ്ലോകമായിരുന്നു. 'ജ്ഞാനനിക്ഷേപം' എന്താണെന്നും എന്തിനാണെന്നും ആദ്യലക്കത്തിന്റെ ഒന്നാമത്തെ പുറത്ത് മുഖവുരയിൽ വളരെ വ്യക്തമായി പറഞ്ഞു വെച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്: 'ജ്ഞാനനിക്ഷേപം കൊട്ടയത്തെ അച്ചുകൂടത്തിൽ അച്ചടിച്ച മാസം തോറും പ്രസിദ്ധപ്പെടുത്തും. ഇത ഉപകാരമായിട്ടും കൗതുകമായിട്ടുമുള്ള പല പല കാര്യങ്ങളിന്മേൽ അറിവു വരുത്തുന്നതിനായിട്ട വിചാരിച്ച ഉണ്ടാക്കപ്പെട്ടതാകുന്നു. ഇതിൽ സ്വദേശ വർത്തമാനങ്ങളും പരദേശ വർത്തമാനങ്ങളും അതാത ദിക്കുകളിൽ ഉണ്ടാകുന്ന വസ്തുക്കളുടെ വിവരവും അവിടവിടങ്ങളിലെ കുടിയാന്മാരുടെ വിധങ്ങളും മര്യാദകളും പക്ഷിമൃഗാദികളെയും മത്സ്യങ്ങളെയും കുറിച്ചും മുളെച്ചുണ്ടാകുന്നതും ജീവനില്ലാത്തതുമായ വസ്തുക്കളെ സംബസിച്ചുമുള്ള ചില വിശേഷങ്ങളും തിരുവിതാംകോട്ട സംസ്ഥാനത്ത തനിച്ചുള്ള മര്യാദകളുടെ വിവരവും റെഗുലേഷനുകളിൽ നിന്നുള്ള ചില പേർപ്പുകളും ഉണ്ടായിരിക്കും. പിന്നെ മാർഗത്തെയും ശികിത്സയെയും ഗ്രഹശാസ്ത്രത്തെയും മറ്റും സംബന്ധിച്ച കാര്യങ്ങളും ഇതിൽ പറയും. മേൽ പറഞ്ഞ വിചാരം നന്നെന്ന ബോധിക്കുന്നവർ ഒക്കെയും ആയത സാധ്യമാക്കുന്നതിനായിട്ട കടലാസ വാങ്ങിക്കയും തങ്ങൾക്ക സ്നെഹിതന്മാരായുള്ളവരോട അതിനെ കുറിച്ച പറഞ്ഞറിയിക്കയും ചെയ്യുമല്ലൊ.'

> ▶ 'ജ്ഞാനനിക്ഷേപം' എന്താണെന്നും എന്തിനാണെന്നും മുഖവുരയിൽ വ്യക്തമായി പറഞ്ഞു വെച്ചിട്ടുണ്ട്

ഈ പ്രസ്താവനയിൽ ഏ-ഓ ദീർഘസ്വരങ്ങൾ ലേഖകർ കൂട്ടിച്ചേർത്തതാണ്. ഈ പ്രസ്താവന അച്ചടിച്ചുവന്നകാലത്ത് മലയാളത്തിൽ ഏ, ഓ എന്നീ സ്വരങ്ങളും ഉപലിപികളും സംവൃതോകാര ചിഹ്നവും നടപ്പിലുണ്ടായിരുന്നില്ല. വർത്തമാനങ്ങൾ എന്ന ആദ്യരചനയിൽ സമകാലിക രാഷ്ട്രീയവാർത്തകളായിരുന്നു ഉൾക്കൊള്ളിച്ചിരുന്നത്. ഗവർണർ ജനറലായി വിവിധ പ്രവിശ്യകളിൽ സ്ഥാനമേറ്റവരെ കുറിക്കുന്ന സൂചനകളും വൈദ്യപഠനം പൂർത്തിയാക്കി തിരിച്ചെത്തിയവരെ കുറിച്ചും ഫ്രാൻസിലെ രാജാവും ജനങ്ങളും തമ്മിലുള്ള പ്രശ്നങ്ങളെക്കുറിച്ചുള്ള സൂചനയും ഈ ലേഖനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ലോകചരിത്രത്തിലെ പല സുപ്രധാന സംഭവങ്ങളാണിവിടെ പറയുന്നത്.

> ▶ സമകാലിക രാഷ്ട്രീയ വാർത്തകൾ

മനുഷ്യൻ എന്നാൽ എന്താണ് എന്ന ധാരണ നൽകുന്ന ലേഖനമാണ് രണ്ടാമത്തേത്. മനുഷ്യന് ശരീരം എന്നും ആത്മാവ് എന്നും രണ്ടു ഭാഗങ്ങളുണ്ടെന്നും ഒന്നു കാണാൻ സാധിക്കുന്നതും മറ്റേത് കാണാൻ സാധിക്കാത്തതാണെന്നും പറയുന്നു. എന്നാൽ ബുദ്ധിമാന്മാർ ഒഴികെ ബാക്കിയെല്ലാവരും ശരീരത്തിനെക്കുറിച്ച് മാത്രമാണ് ചിന്തിക്കുന്നത്. ശരീരഭാഗങ്ങളുടെ മാസ്മരികമായ നില, മനസ്സിന്റെയും ശരീരത്തിന്റെയും അവിശ്വസനീയമായ ഏകോപനം തുടങ്ങിയ വിഷയങ്ങളാണിതിൽ ചർച്ച ചെയ്യുന്നത്.

> ▶ രണ്ടാമത്തെ ലേഖനം മനുഷ്യനെക്കുറിച്ചുള്ളതാണ്

ഭാഷയെക്കുറിച്ചുള്ള വിശദീകരണമാണ് മൂന്നാമത്തെ ലേഖനം. ഭാഷയുടെ വൈവിധ്യങ്ങളെക്കുറിച്ചും ഉച്ചാരണം, എഴുതുന്ന രീതി, അക്ഷരമാല വ്യതിയാനം, ലിപിയുള്ളതും ഇല്ലാത്തതും, പ്രചാരം കുറഞ്ഞ ഭാഷ എന്നിവയെക്കുറിച്ചും സൂചിപ്പിച്ച് ഭാഷോത്പത്തിയെ കുറിക്കുന്ന ഒരു സത്യവേദകഥ പങ്കുവെയ്ക്കുകയുമാണിവിടെ. എഴുത്തുമായി ബന്ധപ്പെട്ട ഒരു രസകരമായ കഥയുടെ സൂചനയാണ് അടുത്ത ലേഖനമായ എഴുത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

> ▶ ഭാഷയെക്കുറിച്ചുള്ള വിശദീകരണവും എഴുത്തുമായി ബന്ധപ്പെട്ട കാര്യങ്ങളും

SGOU

അടുത്തത് ഭൂമിയുടെ രൂപം എന്ന ശാസ്ത്രലേഖനമാകുന്നു. ഭൂമിയുടെ നിഴൽ ചന്ദ്രനുമേൽ വരുന്ന സോമഗ്രഹണസമയത്ത് ഭൂമിയുടെ രൂപം മനസ്സിലാക്കാമെന്നും അത് ചതുരത്തിൽ പലക പോലെയല്ല നാരങ്ങ പോലെ ഉരുണ്ടതാണെന്നും വ്യക്തമാക്കുന്നു. അടുത്തതും ഗ്രഹാദികൾ എന്ന പേരിലുള്ള ശാസ്ത്രലേഖനമാണ്. സഞ്ചരിക്കുന്നതും അല്ലാത്തതുമായ രണ്ടു കൂട്ടം ഗ്രഹങ്ങളാണുള്ളതെന്നും സൂര്യനും നക്ഷത്രങ്ങളും അനങ്ങാതെ നിൽക്കുകയും ഭൂമി, മറ്റു ഗ്രഹങ്ങൾ, ചന്ദ്രൻ, വാൽനക്ഷത്രം എന്നിവയൊക്കെ സൂര്യനു ചുറ്റും സഞ്ചരിക്കുന്നു എന്നും ഇതിൽ പറയുന്നു. സംവത്സരം എന്താണെന്നും ചില ഗ്രഹങ്ങൾ സൂര്യനെ ചുറ്റി വരാൻ എത്ര നാൾ എടുക്കുന്നു എന്നും ഇവിടെ പറയുന്നുണ്ട്. എന്നാൽ അവസാനഭാഗത്ത് ഈ പ്രപഞ്ച വൈവിധ്യങ്ങൾക്കെല്ലാം ഹേതു ഈശ്വരനാണെന്നും ഈശ്വരശക്തിയാലാണ് എല്ലാറ്റിന്റെയും നിലനിൽപ്പ് എന്നും പറഞ്ഞുവെക്കുന്നു.

- ഭൂമിയുടെ രൂപം, ഗ്രഹാദികൾ എന്നീ ശാസ്ത്രലേഖനങ്ങൾ

ദിവസങ്ങളെയും ആഴ്ചകളെയും മാസങ്ങളെയും സംവത്സരങ്ങളെയും എല്ലാ ജാതിക്കാരും ഒരുപോലെ കണക്കാക്കുന്നതിനു പിന്നിലെ ദൈവകഥ സൂചിപ്പിക്കുന്ന ലേഖനമാണ് ആഴ്ചവട്ടങ്ങളുടെ ഉദ്ഭവം. ആറു ദിവസംകൊണ്ട് ദൈവം ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അതിലുള്ള സകലതിനെയും ഉണ്ടാക്കി; ഏഴാം ദിവസം; സ്വസ്ഥമായി. അതുകൊണ്ടാണ് എല്ലാ ദിക്കിലും ആഴ്ചവട്ടം എന്നത് ഏഴ് എന്ന തുല്യദിവസങ്ങളായി തീർന്നത് എന്നാണ് ഇതിലൂടെ വ്യക്തമാക്കുന്നത്.

- ആഴ്ചവട്ടങ്ങളുടെ ഉദ്ഭവം

അവസാനവിഭാഗമായ റഗുലേഷൻ പകർപ്പുകൾ എന്നതിൽ സർക്കാർ വിജ്ഞാപനങ്ങളാണ് രേഖപ്പെടുത്തിയിരുന്നത്. രാജവിളംബരങ്ങൾ അച്ചടിച്ചുവന്ന ആദ്യമലയാളപത്രം എന്ന സ്ഥാനവും 'ജ്ഞാനനിക്ഷേപ'ത്തിനുണ്ട്. 'ജ്ഞാനനിക്ഷേപം' വളരെക്കാലം തിരുവിതാംകൂർ സർക്കാർ ഗസറ്റുകൂടിയായിരുന്നു എന്ന കാര്യം അധികം പേർക്കും അറിഞ്ഞുകൂടാ. ശേഷം പിന്നാലെകാണും എന്ന അടിക്കുറിപ്പോടുകൂടി 'ജ്ഞാനനിക്ഷേപം' ഒന്നാം ലക്കം അവസാനിക്കുന്നു.

- 'റഗുലേഷൻ പകർപ്പുകൾ'

'ജ്ഞാനനിക്ഷേപ'ത്തിന്റെ ശാസ്ത്രീയമായ സംവിധാനമാണ് ഭാഷയിൽ പിന്നീടുണ്ടായ പത്രങ്ങളും പിൻതുടർന്നത്. 'ജ്ഞാനനിക്ഷേപം' വിജ്ഞാനദാഹം ശമിപ്പിക്കുക മാത്രമല്ല, വിജ്ഞാനദാഹം വളർത്തുകയാണ് ചെയ്തത് എന്നു പറയുന്നതിൽ അതിശയോക്തിയില്ല.

- ജ്ഞാനനിക്ഷേപത്തിന്റെ രീതി പിൻതുടർന്നു

## Summarised Overview

ഗദ്യസാഹിത്യത്തെ ജനകീയമാക്കിയതിൽ നോവൽപ്രസ്ഥാനത്തിന് വളരെയേറെ പങ്കുണ്ട്. ആംഗല സാഹിത്യത്തിന്റെ ചുവടുപിടിച്ചാണ് നോവൽ മലയാളത്തിലുണ്ടാകുന്നത്. 1882-ൽ ആർച്ച് ഡീക്കൻ കോശി പ്രസിദ്ധീകരിച്ച 'പുല്ലേലിക്കുഞ്ചു' എന്ന കൃതിയിൽ നോവൽ പ്രസ്ഥാനത്തിന്റെ ആദ്യകിരണങ്ങൾ കാണാം. 'ജ്ഞാനനിക്ഷേപം' മാസികയിൽ ഖണ്ഡശ്ശയായി പ്രസിദ്ധീകരിച്ച ഈ നോവൽ പിന്നീട് കോട്ടയത്തെ മലയാളം റിലിജിയസ് ട്രാക്റ്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു. ക്രിസ്ത്യാനിയായ ഒരു മുതല പിടിക്കാരൻ,

SGOU

കൈതപ്പള്ളി രാമപ്പണിക്കർ, പുല്ലേലിക്കുഞ്ചുപ്പിള്ള, നെടുങ്ങാട്ടു മഠത്തിൽ ശാമു അണ്ണാവി, നെടുവേലി മനയ്ക്കൽ മൂത്ത നമ്പൂതിരിപ്പാട്, കൈതപ്പള്ളി മാധവൻകുട്ടി തുടങ്ങിയവരാണ് കഥാപാത്രങ്ങൾ. സാഹിത്യ പ്രയുക്തികൊണ്ടു പക്വത നേടി മിഷണറി ഗദ്യം പുരോഗമിച്ച ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാണ് കോളിൻസ് ദമ്പതികളുടെ 'ഘാതകവധം'. 1877-ൽ കോട്ടയം സി. എം. എസ് പ്രസിൽനിന്നാണ് ഈ നോവൽ പ്രസിദ്ധീകരിച്ചത്. ബാസൽ മിഷൻകാരാണ് മലയാള പത്രപ്രവർത്തനത്തിനു തുടക്കം കുറിച്ചത്. 1847 ജൂണിൽ തലശ്ശേരിയിലെ കല്ലച്ചിൽ അച്ചടിച്ച് 'രാജ്യസമാചാരം' എന്ന പത്രം പുറത്തിറക്കി. ആറോ എട്ടോ പുറങ്ങൾ വീതമുള്ള 42 ലക്കങ്ങൾ 1850 ഡിസംബർവരെ പ്രസിദ്ധീകരിച്ചു. പത്രാധിപർ ആരായിരുന്നു എന്ന് വ്യക്തമല്ല. എങ്കിലും ഗുണ്ടർട്ടാണ് പത്രാധിപരെന്ന് പലരും അനുമാനിക്കുന്നു. 1847 ഒക്ടോബറിൽ ബാസൽ മിഷനിൽ അച്ചടിച്ച 'പശ്ചിമൊദയം' എന്ന മാസികയാണ് രണ്ടാമത്തേത്. ഇതിന്റെ പത്രാധിപർ എഫ്. മുള്ളറാണ്. 'രാജ്യസമാചാരം' മതകാര്യങ്ങൾക്കും 'പശ്ചിമൊദയം' പൊതുവിജ്ഞാനത്തിനും മുൻതൂക്കം നൽകി.

മലയാളത്തിലെ മൂന്നാമത്തെ പത്രമാണ് 'ജ്ഞാനനിക്ഷേപം'. ഇതിന്റെ ആദ്യലക്കം കണ്ടെത്തിയത് എം. കെ. ചെറിയാൻ കൊഴുവല്ലൂരാണ്. 1848-ൽ കോട്ടയം സി.എം.എസ് പ്രസ്സിൽ അച്ചടിച്ചു. ആദ്യ പത്രാധിപർ ബെഞ്ചമിൻ ബെയ്ലിയാണ്. വിജ്ഞാനപ്രചാരണത്തിനും ആധ്യാത്മികാഭിവൃദ്ധിക്കും ഉതകുന്ന ലേഖനങ്ങളോടൊപ്പം സർക്കാർ കാര്യങ്ങളും പ്രാദേശിക വാർത്തകളും ഉൾപ്പെടുത്തിയിരുന്നു. പ്രാചീനവൃത്താന്തപത്രങ്ങളുടെ കൂട്ടത്തിൽ 'ജ്ഞാനനിക്ഷേപ'ത്തിന് പ്രഥമസ്ഥാനം കല്പിക്കുന്നു. അതിനുള്ള കാരണങ്ങൾ:

1. മുടക്കം കൂടാതെ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ഏക മാസിക.
2. വൃത്താന്തപത്രത്തിന്റെ ലക്ഷ്യസംവിധാനങ്ങളോടുകൂടി പ്രസിദ്ധീകരണമാരംഭിച്ച ആദ്യത്തെ പത്രം
3. കല്ലച്ചിൽ മുദ്രണം ചെയ്യുന്ന രീതി ഉപേക്ഷിച്ച് അച്ചടിയന്ത്രത്തിന്റെ അച്ചുകളിൽ മഷി പുരട്ടി അച്ചടിച്ച ആദ്യവൃത്താന്തപത്രം.

'ജ്ഞാനനിക്ഷേപം' 1870-ൽ മുടങ്ങിപ്പോവുകയും 1898-ൽ ജോൺ ചാണ്ടി പുന:രാരംഭിക്കുകയുമാണുണ്ടായത്. മിസ്സിസ് ഹെന്റി ബേക്കർ ജൂനിയർ വരച്ച പെൻസിൽ സ്കെച്ചുകളുണ്ടായിരുന്നതുകൊണ്ട് ആദ്യത്തെ സചിത്ര വർത്തമാനപ്പത്രം എന്നും വിശേഷിപ്പിക്കാവുന്നതാണ്.

കേരളത്തിലെ ആദ്യത്തെ കോളേജുമാസികയാണ് 1864 ജൂലൈ മാസത്തിൽ റവ.ജോർജ്ജ് മാത്തന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ച 'വിദ്യാസംഗ്രഹം' - The Kottayam college Quarterly magazine. ഇത് ഒരു ഇംഗ്ലീഷ് - മലയാളം പ്രസിദ്ധീകരണമായിരുന്നു. 1867 ജൂലൈവരെ നിലനിന്ന ഈ മാസികയിൽ ശാസ്ത്രലേഖനങ്ങൾ, ചരിത്രപഠനങ്ങൾ, വേദപഠനങ്ങൾ, കവിതകൾ, കഥകൾ, പുസ്തകവിമർശനങ്ങൾ, ജീവചരിത്രങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയിരുന്നു.

1860-ൽ ചാൾസ് ലാസണിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ച 'വെസ്റ്റേൺ സ്റ്റാർ' എന്ന ഇംഗ്ലീഷ് വാരികയുടെ മലയാളരൂപമായി 1864 ഓഗസ്റ്റിൽ പിറന്ന മലയാള മാസികയായിരുന്നു 'പശ്ചിമതാരകം'. ഇട്ടൂപ്പു റൈട്ടർ, ടി. ജെ. പൈലി എന്നിവരായിരുന്നു ആദ്യ പത്രാധിപന്മാർ. 1865 മുതൽ കല്ലൂർ ഉമ്മൻ പീലിപ്പോസ് ഇതിന്റെ പത്രാധിപരായി. 1868-ൽ ഈ പത്രം മുടങ്ങിപ്പോയി. പിന്നീട് 1870-ൽ 'കേരളപതാക' (പത്രാധിപർ: മംഗലത്ത് കുഞ്ഞുണ്ണിയാശാൻ) യുമായി യോജിച്ച് 'പശ്ചിമതാരക - കേരളപതാക' ആരംഭിച്ചു. ശേഷം 'കേരളപതാക'യുമായുള്ള

ബന്ധം വിടർത്തി പശ്ചിമതാരക പഴയതുപോലെ സ്വതന്ത്രമായിത്തീർന്നു. രാഷ്ട്രീയവും സാമൂഹ്യകാര്യങ്ങളും മതകാര്യങ്ങളും തിരുവിതാംകൂർ സർക്കാരിനെ വിമർശിക്കുന്ന കുറിപ്പുകളും ഉദ്യോഗസ്ഥരുടെ അഴിമതികളും ഈ പത്രം അവതരിപ്പിച്ചിരുന്നു.

## Assignments

1. 'ജ്ഞാനനിക്ഷേപ'ത്തിന്റെ ചരിത്രം വിവരിക്കുക.
2. 'ജ്ഞാനനിക്ഷേപം' മലയാളഭാഷയുടെ വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ വ്യക്തമാക്കുക.
3. മലയാളത്തിന്റെ ആധുനീകരണത്തിൽ ആദ്യകാലമാസികകളുടെ പങ്ക് വിശദീകരിക്കുക.
4. ആദ്യകാല വിജ്ഞാനലേഖനങ്ങളുടെ സവിശേഷതകൾ വിവരിക്കുക.
5. മലയാളം അച്ചടിയുടെ പ്രാരംഭചരിത്രത്തെക്കുറിച്ച് വിവരിക്കുക.
6. 'ജ്ഞാനനിക്ഷേപ'ത്തിന്റെ ചരിത്രപരവും ഭാഷാപരവുമായ സവിശേഷതകളെ കണ്ടെത്തുക.
7. ആദ്യകാല 'പത്രമാസിക'കൾക്ക് മലയാളഭാഷാചരിത്രത്തിലുള്ള സ്ഥാനം വിശകലനം ചെയ്യുക.

## Suggested Readings


1. എൻ. സാം, മലയാള പത്രപ്രവർത്തനം പത്തൊമ്പതാംനൂറ്റാണ്ടിൽ, ഡി. സി. ബുക്സ്, കോട്ടയം.
2. ബാബു ചെറിയാൻ, ജേക്കബ് ഐസക്ക് കാളിമഠം, ജ്ഞാനനിക്ഷേപം പഠനവും പാഠവും. പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
3. ചെറിയാൻ കുനിയന്തോടത്ത്, മലയാള ഭാഷയും ഡോ. ഹെർമ്മൻ ഗുണ്ടർട്ടും, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.
4. എം. ജയരാജ്, മലയാള അച്ചടിമാധ്യമം ഭൂതവും വർത്തമാനവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

## References


1. ജെഫ്രി റോബിൻ, ഇന്ത്യയിലെ പത്രവിപ്ലവം മുതലാളിത്തം രാഷ്ട്രീയം ഭാരതീയഭാഷാപ ത്രങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. എം. ജോർജ്, (എഡി). സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം.
3. എസ്. തങ്കമണി അമ്മ, മലയാള പത്രപ്രവർത്തനചരിത്രം, പ്രിയത ബുക്ക്സ്, കോഴിക്കോട്.
4. ദിനേശ് വർമ്മ, പത്രപ്രവർത്തനം വഴിയും വസ്തുതയും. തൃശൂർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
5. ജെ. പത്മകുമാരി, ഭാഷാചരിത്രം, കറന്റ് ബുക്ക്സ്, തൃശ്ശൂർ.
6. കെ. എം. പ്രഭാകരവാരിയർ, മലയാളം മാറ്റവും വളർച്ചയും, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
7. ജി. പ്രിയദർശനൻ, കേരള പത്രപ്രവർത്തനം സുവർണാദ്ധ്യായങ്ങൾ., കറന്റ് ബുക്ക്സ്, കോട്ടയം.
8. ജി. പ്രിയദർശനൻ, മൺമറഞ്ഞ മലയാളമാസികകൾ. സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.


SGOU

# 2. Preface to Malayalam English Dictionary

**Hermann Gundert**

## Learning Outcomes

- അച്ചടി മലയാളത്തിന്റെ പ്രാരംഭചരിത്രത്തെക്കുറിച്ച് അറിവ് നേടുന്നു
- ഹെർമൻ ഗുണ്ടർട്ടിന്റെ 'മലയാളം ഇംഗ്ലീഷ് ഡിക്ഷ്ണറിക്ക്' മലയാളഭാഷാചരിത്രത്തിലുള്ള സ്ഥാനം തിരിച്ചറിയുന്നു
- ആദ്യകാലപുസ്തകങ്ങളുടെ അവതാരികകളെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- ആദ്യകാല വ്യാകരണഗ്രന്ഥരചയിതാക്കളുടെ ഭാഷാസംഭാവനകൾ തിരിച്ചറിയുന്നു
- മലയാളത്തിലെ ആദ്യകാലനിഘണ്ടുക്കളെപ്പറ്റി സാമാന്യധാരണ നേടുന്നു

## Background

**ഹെർമൻ ഗുണ്ടർട്ട്**

1814 ഫെബ്രുവരി 14 നാണ് ഗുണ്ടർട്ടിന്റെ ജനനം. 1836-ൽ അദ്ദേഹം ഇന്ത്യയിലെത്തിച്ചേർന്നു. 1839-ൽ തലശ്ശേരി ഇല്ലിക്കുന്നിൽ താമസമാക്കി. ബാസൽ മിഷന്റെ കീഴിൽ മലബാർ മേഖലയിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. മലയാളഭാഷയുടെ വികസനഘട്ടത്തിൽ ഗുണ്ടർട്ടിന് പരമപ്രധാനമായ സ്ഥാനമാണുള്ളത്. വ്യാകരണം, നിഘണ്ടു കൂടാതെ നിരവധി ഗ്രന്ഥങ്ങളും അദ്ദേഹം മലയാളഭാഷയ്ക്ക് സംഭാവന നൽകിയിട്ടുണ്ട്.

'മലയാളഭാഷ ഇത്രത്തോളം ശാസ്ത്ര ഭദ്രമായി പഠിച്ച മറ്റൊരു പണ്ഡിതൻ ഉണ്ടോയെന്ന് സംശയിക്കണം' എന്ന് ഡോ. സ്കറിയ സക്കറിയ, 'മലയാളവും ഹെർമൻ ഗുണ്ടർട്ടും' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നത് ശ്രദ്ധേയമാണ്. 'കേരളത്തിനും കേരളഭാഷയ്ക്കുംവേണ്ടി ഒരേ സമയത്ത് ഇത്രയധികം പരിശ്രമിച്ച മറ്റൊരാൾ സ്വദേശികളുടെ കൂട്ടത്തിൽപോലും ഉണ്ടെന്നു തോന്നുന്നില്ല. കേരളീയർ അദ്ദേഹത്തിന്റെ പരിശുദ്ധ നാമധേയം എന്നും കൃതജ്ഞതയോടുകൂടി സ്മരിച്ചുകൊണ്ടിരിക്കേണ്ടതാകുന്നു' എന്ന് മൂർക്കോത്ത് കുമാരൻ 'ഗുണ്ടർട്ടിന്റെ ജീവചരിത്രം' എന്ന പുസ്തകത്തിൽ നിരീക്ഷിക്കുന്നു.

ഹെർമൻ ഗുണ്ടർട്ടിന്റെ കൃതികളിൽ പ്രധാനമായ ഒന്ന് 'പഴഞ്ചൊൽ മാല'യാണ്. 1845-ൽ മംഗലാപുരത്തുനിന്നു കല്ലച്ചിൽ ഇത് പ്രസിദ്ധീകരിച്ചു. പഴഞ്ചൊല്ലുകളാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം. നിത്യോപയോഗത്തിൽ കണ്ടുവരാറില്ലാത്ത അനേകം പഴഞ്ചൊല്ലുകൾ ഈ കൃതിയിലുണ്ട്. 1860-ൽ പ്രസിദ്ധീകൃതമായ ഒരു ഗദ്യപദ്യസമാഹാരമാണ് 'പാഠമാല'. ലക്ഷണമൊത്ത ആദ്യത്തെ പാഠപുസ്തകമാണിതെന്ന് ഡോ. സ്കറിയ സക്കറിയ പറയുന്നു. അദ്ദേഹത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട കൃതിയാണ് 'കേരളപഴമ'. 1498 മുതൽ 1631 വരെയുള്ള കേരള ചരിത്രത്തെ, പ്രത്യേകിച്ച് പോർച്ചുഗീസ് പ്രഭവകാലത്തെ പരാമർശിക്കുന്ന ചരിത്രകൃതിയാണിത്. കേവലം ചരിത്രമാണെങ്കിലും നോവൽപോലെ രസാവഹമാണ് ഇതിലെ പ്രതിപാദനരീതി. മലബാറിന്റെ ചരിത്രവും ഭൂമിശാസ്ത്രവും സംയോജിപ്പിച്ചു തയ്യാറാക്കിയിട്ടുള്ള ഒരു കൃതിയാണ് 'മലയാള രാ

SGOU

ജ്യം'. 1868-ലാണ് ഇത് പ്രസിദ്ധീകരിച്ചത്. മലയാളഭാഷയ്ക്ക് ഗുണ്ടർട്ടിന്റെ കൃതികൾ മഹത്തായ പ്രചോദനം നൽകി എന്ന വസ്തുത ഓർക്കേണ്ടതാകുന്നു.

മിഷണറിമാരുടെ ആഗമനത്തോടുകൂടിയാണ് വ്യവഹാരഭാഷയ്ക്ക് സാഹിത്യത്തിലും ലിഖിതങ്ങളിലും കൃത്യമായ സ്ഥാനം ലഭിച്ചുതുടങ്ങിയത്. തമിഴിന്റെയും സംസ്കൃതത്തിന്റെയും കെട്ടുപാടുകളിൽനിന്നും മലയാളം സ്വതന്ത്രമായി നിലനിൽക്കുവാൻ ഗുണ്ടർട്ടിനെപോലുള്ള മിഷണറിമാർ വേണ്ടിവന്നു. വ്യാകരണഗ്രന്ഥങ്ങളിലൂടെയും നിഘണ്ടുക്കളിലെ പദപരിചയങ്ങളിലൂടെയും സാധാരണ സംസാരഭാഷയ്ക്ക് സാമൂഹികപദവി ലഭ്യമായി എന്നുവേണം കരുതാൻ. ഇത്തരം മാറ്റങ്ങൾ മലയാളത്തിന്റെ വ്യവസ്ഥാപിതരൂപീകരണത്തിന് കാരണമാവുകയായിരുന്നു.

**നിഘണ്ടു**

മലയാളഭാഷയുടെ വളർച്ചയ്ക്ക് ക്രൈസ്തവമിഷണറിമാർ നൽകിയ സംഭാവനകളിൽ നിഘണ്ടുക്കൾ പരമപ്രാധാന്യമർഹിക്കുന്നു. ലഭ്യമായ തെളിവുകൾ വച്ചുനോക്കുമ്പോൾ പ്രഥമ മലയാളനിഘണ്ടു അർണോസ് പാതിരിയുടേതാണ് എന്ന് കരുതപ്പെടുന്നു. അദ്ദേഹം മൂന്നു നിഘണ്ടുക്കൾ രചിച്ചതായി പരാമർശങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് *'Vocabularium Malabarico Lustianum'* എന്ന മലയാള - പോർച്ചുഗീസ് നിഘണ്ടു. മലയാളം അകാരാദി ക്രമത്തിലല്ല അർണോസ് പാതിരിയുടെ നിഘണ്ടു. റോമൻ ലിപികളുടെ ക്രമത്തിൽ മലയാളവാക്കുകൾ നിരത്തിയിരിക്കുകയാണ് ചെയ്തത്. ലുപ്തപ്രചാരമായ അനേകം പദങ്ങൾ നിഘണ്ടുവിൽ കാണാം. എ, ഒ എന്നീ സ്വരങ്ങളുടെ ഹ്രസ്വദീർഘഭേദമോ സംവൃതോകാരമോ സൂചിപ്പിക്കുന്ന വിധത്തിന് ലിപികളില്ല. ശൈലികളും പഴഞ്ചൊല്ലുകളും നിഘണ്ടുവിൽ ചേർത്തിട്ടുണ്ട്.

അർണോസ് പാതിരിയുടെ നിഘണ്ടു കഴിഞ്ഞാൽ ആദ്യം പൂർത്തിയായ നിഘണ്ടുവായി കരുതുന്നത് ക്ലമന്റ് പീയാനിയോസിന്റെ 'മലയാളം നിഘണ്ടു'വാണ്. നാടോടി മലയാളത്തിന്റെ നിഘണ്ടുവെന്ന് ഇതിനെ പൗലിനോസ് വിശേഷിപ്പിക്കുന്നു. ഇതിൽ ഒന്നാംകോളത്തിൽ ലത്തീനും രണ്ടാംകോളത്തിൽ മലയാളവുമാണുള്ളത്. മലയാളഭാഷയ്ക്ക് ലഭിച്ച മറ്റൊരു അമൂല്യനിധിയാണ് 1846-ൽ പ്രസിദ്ധീകൃതമായ ബെഞ്ചമിൻ ബെയ്‌ലിയുടെ 'മലയാളം - ഇംഗ്ലീഷ് നിഘണ്ടു'. 1832-ൽ പ്രസിദ്ധീകൃതമായ എച്ച്. എച്ച്. വിൽസന്റെ 'സംസ്കൃത - ഇംഗ്ലീഷ് നിഘണ്ടു'വിന്റെ മാതൃകയിലാണ് ബെയ്‌ലി തന്റെ ശബ്ദകോശം തയ്യാറാക്കിയത്. ഈ നിഘണ്ടു സ്വാതിതിരുനാൾ രാമവർമ്മ രാജാവിനാണ് സമർപ്പിച്ചത്. മലയാള - ഇംഗ്ലീഷ് നിഘണ്ടുവിനൊപ്പം തന്നെ ഒരു 'ഇംഗ്ലീഷ് - മലയാള നിഘണ്ടു'വും 1848-ൽ അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു.

ബെയ്‌ലിക്കുശേഷം നിഘണ്ടുനിർമ്മാണത്തിൽ വ്യാപൃതനായ മറ്റൊരു പണ്ഡിതൻ റവ. റിച്ചാർഡ് കോളിംഗ്സാണ്. കോളിംഗ്സിന്റെ 'മലയാളം - മലയാളം നിഘണ്ടു' പ്രസിദ്ധീകൃതമായത് 1865 ലാണ്. മുൻഷി രാമവാര്യർ, മുൻഷി ചൈവള്ളിക്കൽ സുബ്രഹ്മണ്യൻ പോറ്റി മുതലായ പണ്ഡിതന്മാരുടെ സഹായം നിഘണ്ടു നിർമ്മാണത്തിൽ അദ്ദേഹത്തിന് ലഭിച്ചിരുന്നു. ബെയ്‌ലിയുടെ 'മലയാളം - ഇംഗ്ലീഷ് നിഘണ്ടു'വിലുള്ളതിനേക്കാൾ കൂടുതൽ പദങ്ങൾ കോളിംഗ്സിന്റെ നിഘണ്ടുവിലുണ്ട്. പ്രധാന സംസ്കൃതധാതുക്കൾക്ക് ഇംഗ്ലീഷിൽ അർഥം വിവരിക്കുന്ന ധാതുമഞ്ജരി എന്ന ഒരു അനുബന്ധം നിഘണ്ടുവിന്റെ ഒടുവിൽ ചേർത്തിട്ടുണ്ട്.

ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ചിട്ടുള്ള നിഘണ്ടുവാണ് ഡോ. ഹെർമൻ ഗുണ്ടർട്ട് തയ്യാറാക്കിയ ഇംഗ്ലീഷ് മലയാളം നിഘണ്ടു. 1116 പേജുകളുള്ള ഈ നിഘണ്ടു 1872-ൽ മംഗലാപുരം ബാസൽ മിഷൻ പ്രസ്സിൽനിന്നുമാണ് അച്ചടിച്ചു പ്രസിദ്ധീകരിച്ചത്. വാക്കുകളുടെ കേവലമായ അർഥം മാത്രമല്ല അവയുടെ ആഗമങ്ങൾകൂടി രേഖപ്പെടുത്തുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അറബി, പേർഷ്യൻ, ഹിന്ദുസ്ഥാനി, പോർച്ചുഗീസ്, ഇംഗ്ലീഷ് മുതലായ വൈദേശിക ഭാഷകളിൽനിന്നു മലയാളത്തിൽ കടന്നുവന്നിട്ടുള്ള പദങ്ങൾക്കും ദ്രാവിഡപദങ്ങൾക്ക് ഓരോ ഭാഷയിലുമുള്ള പ്രത്യേകരൂപങ്ങൾക്കും അദ്ദേഹം നിഘണ്ടുവിൽ സ്ഥാനം നൽകി. പദങ്ങൾക്ക്

ആദ്യമുണ്ടായിരുന്ന അർഥവും ഉപയോഗംകൊണ്ട് പിന്നീട് മാറി വന്ന അർഥവും അലങ്കാരപ്രയോഗങ്ങളിൽ പ്രകടമാവുന്ന പ്രത്യേകാർത്ഥവും പദങ്ങൾ കടന്നു വരുന്ന പഴഞ്ചൊല്ലുകളും തത്ഭവങ്ങളാണെങ്കിൽ അവയുടെ തത്സമങ്ങളും നിഘണ്ടുവിൽ ചേർത്തിട്ടുണ്ട്. ഗുണ്ടർട്ടിനുശേഷം വിപുലങ്ങളായ നിഘണ്ടുക്കൾ മലയാളത്തിലുണ്ടായിട്ടുണ്ടെങ്കിലും മേന്മയിൽ ഗുണ്ടർട്ടിന്റെ നിഘണ്ടുവിനോട് ഒപ്പമെത്തുവാൻ ഒന്നിനും സാധിച്ചിട്ടില്ല എന്നതാണ് സത്യം.

**വ്യാകരണം**

മണിപ്രവാള ലക്ഷണഗ്രന്ഥമായ 'ലീലാതിലകം' ഒഴിച്ചുനിറുത്തിയാൽ പാശ്ചാത്യമിഷണറിമാരുടെ ആഗമനംവരെ മലയാളത്തിൽ വ്യാകരണഗ്രന്ഥങ്ങളില്ലായിരുന്നു എന്നു സമ്മതിക്കണം. ഈ ദുർഗതിക്കു മുഖ്യകാരണം കേരളസമുദായത്തിലെ മേലാളർ അന്നു മലയാളഭാഷയോടു കാട്ടിയിരുന്ന അവഗണനയാണ്. പഠിക്കാനും പഠിപ്പിക്കാനും അർഹതയുള്ള ഭാഷയാണു മലയാളം എന്നു നമ്മുടെ പൂർവികരെ ബോധ്യപ്പെടുത്താൻ പാശ്ചാത്യമിഷണറിമാർ മുൻകൈ എടുക്കേണ്ടി വന്നു. എല്ലാ ഭാഷകൾക്കും വ്യാകരണവുണ്ട്. അത് ക്രോഡീകരിച്ച് ശാസ്ത്രീയമായി അവതരിപ്പിക്കുന്നത് ആ ഭാഷയുടെ പ്രചാരണത്തിനാണ്. മലയാളഭാഷ മറ്റു മിഷണറിമാർക്കു പകർന്നുകൊടുക്കണം എന്നും ആ ഭാഷയിലൂടെ ശക്തവും സൂക്ഷ്മവുമായ ആശയപ്രചാരണം നിർവഹിക്കണം എന്നും ആഗ്രഹിച്ച മിഷണറിമാർ സ്വാഭാവികമായും മലയാളവ്യാകരണ രചനയ്ക്ക് ഒരുമ്പെട്ടു. മതപ്രചരണമായിരുന്നു ഈ സംരംഭത്തിൽ അവരുടെ മൗലികലക്ഷ്യം എന്നതിൽ സംശയമില്ല. പതിനെട്ടാംനൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന വ്യവഹാരഭാഷയുടെ രീതിഭേദങ്ങൾ അക്കാലത്തെ മിഷണറി വ്യാകരണങ്ങളിലും പ്രതിഫലിച്ചുകാണാം.

സാധാരണക്കാരുടെ വ്യവഹാരഭാഷ കണക്കിലെടുത്ത് രചിച്ചതാണ് ബിഷപ്പ് ആഞ്ചലോ ഫ്രാൻസിസിന്റെ വ്യാകരണം. പുസ്തകത്തിന്റെ ഒന്നാംപേജിൽ 'കർമലീത്താ സഭാംഗമായ വിശുദ്ധ ത്രേസ്യായുടെ ആഞ്ചലോ ഫ്രാൻസീസ് മെത്രാപ്പോലീത്ത രചിച്ച മലയാളഭാഷാ വ്യാകരണം' എന്നു വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അർണോസ് പാതിരിയുടെ പോർച്ചുഗീസ് ഭാഷയിൽ രചിച്ച മലയാള വ്യാകരണം ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിൽനിന്നും ഉലഹന്നാൻ മാപ്പിളയാണ് കണ്ടെത്തിയത്. ആഞ്ചലോ ഫ്രാൻസിസിന്റെ ഗ്രന്ഥത്തിൽ വാമൊഴിയുടെ വ്യാകരണവും അർണോസിന്റെ ഗ്രന്ഥത്തിൽ വരമൊഴിയുടെ വ്യാകരണവും വിവരിക്കുന്നു. കൃത്യമായി വ്യാകരണത്തിന്റെ പരിധിക്കുള്ളിൽവരുന്ന കാര്യങ്ങൾ, രൂപപ്രകിയയും (Morphology) വാക്യവിചാരവും (Syntax) മാത്രമാണ് അർണോസ് പാതിരിയുടെ വ്യാകരണഗ്രന്ഥത്തിലുള്ളത്. ലിപി, വർണം, അക്ഷരഘടന, സന്ധി തുടങ്ങിയവയൊന്നും അദ്ദേഹം സ്പർശിച്ചിട്ടില്ല. അർണോസ് പാതിരിയുടെ വ്യാകരണഗ്രന്ഥത്തിലെ ചില സവിശേഷതകൾ ചുവടെ ചേർക്കുന്നു.

നാമങ്ങളെ നാലായി വർഗീകരിച്ചു.

1. ഹ്രസ്വമായ അകാരത്തിലോ ഉകാരത്തിലോ അവസാനിക്കുന്നവ

ഉദാ: വില്ലു / വില്ല (സംവൃതോകാരം രേഖപ്പെടുത്താൻ പ്രത്യേക ലിപി അക്കാലത്തില്ലാതിരുന്നതിനാൽ അകാര ചിഹ്നമോ ഉകാര ചിഹ്നമോകൊണ്ട് രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്)

2. ദീർഘമായ അകാരത്തിലോ ഇകാരത്തിലോ അവസാനിക്കുന്നവ

ഉദാ: ഉമ്മാ, പള്ളി

3. അൻ എന്ന് അവസാനിക്കുന്നവ

ഉദാ: പുത്രൻ, തമ്പുരാൻ

4. അം എന്ന് അവസാനിക്കുന്നവ

ഉദാ: ആകാശം

- വിഭക്തിച്ചേർച്ചയിൽ ഓരോ വിഭാഗത്തിനും ഏകവചനത്തിലും ബഹുവചനത്തിലുമുള്ള പ്രത്യേകതകൾ രേഖപ്പെടുത്തിയിരിക്കുന്നു.
- വർത്തമാനകാലരൂപം മുൻനിർത്തിയാണ് ക്രിയകളെ വർഗീകരിച്ചിരിക്കുന്നത്.
- ഭാഷയിൽ അനുപ്രയോഗങ്ങൾക്കുള്ള പ്രാധാന്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.
- സമാസം എന്ന പേര് ഉപയോഗിക്കാതെതന്നെ സമാസത്തെക്കുറിച്ച് അദ്ദേഹം ചർച്ച ചെയ്യുന്നു.
- കർമണി പ്രയോഗം ഭാഷയിൽ വിരളമാണെന്നും കൂടിയേ തീരൂ എന്നു വരുമ്പോൾ 'പെടുക' ചേർത്തു കർമണി രൂപം സൃഷ്ടിക്കാം എന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

ലക്ഷണയുക്തമായ ആദ്യത്തെ മലയാള വ്യാകരണം എന്നു വിശേഷിപ്പിക്കാവുന്ന കൃതിയാണ് റോബർട്ട് ഡ്രമ്മണ്ടിന്റെ 'Grammar of the Malabar Language'. 131 പുറമുള്ള ഈ ഗ്രന്ഥത്തിന് അച്ചടിയുടെ ചരിത്രത്തിലും പ്രാധാന്യമുണ്ട്. 1799 ഡിസംബർ 16-ന് ബോംബെയിലെ കൂരിയർ പ്രസിലാണ് ഇതിന്റെ അച്ചടി പൂർത്തിയായത്. പുസ്തകം സമർപ്പിച്ചിരിക്കുന്നത് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഗവർണറായ ജോനാഥൻ ഡങ്കനാണ്. അതിനുശേഷം വന്ന വ്യാകരണ കൃതികളാണ് എഫ്. സ്പ്രിങ്ങിന്റെ 'Outline of a Grammar of the Malayalim language as spoken in the provinces of north and south malabar and Kingdom of Travancore and Cochin' എന്നതും ജോസഫ് പീറ്റിന്റെ 'A Grammar of the malayalim Language Spoken in the Principalities of Travancore and Cochin and Districts of North and South Malabar'. സ്പ്രിങ്ങും പീറ്റും കേരളഭാഷയ്ക്കു നൽകിയിരിക്കുന്ന പേര് മലയാളിം എന്നാണ്. ഭാഷയിലെ വർണങ്ങൾ, ലിപിമാല, വാക്യഘടന, സന്ധികാര്യങ്ങൾ, ലിംഗ വചന വിഭക്തിഭേദങ്ങൾ, ക്രിയാരൂപങ്ങൾ എന്നിവയെല്ലാം ഈ മൂന്നു വൈയാകരണന്മാരും സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്. ധാരാളം ഉദ്ധരണികൾ ഇവരുടെ വ്യാകരണത്തിൽ കാണാം.

മലയാള വ്യാകരണ ചരിത്രം ഏറെക്കുറെ പക്വത പ്രാപിക്കുന്ന കാഴ്ചയാണ് 1851-ൽ അപൂർണമായി പ്രസിദ്ധീകരിച്ച ഗുണ്ടർട്ടിന്റെ 'മലയാള വ്യാകരണ'ത്തിലും 1863-ൽ വെളിച്ചം കണ്ട റവ.ജോർജ്ജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണ'ത്തിലും കാണുന്നത്. മലയാള ഭാഷയിലുണ്ടായ ആദ്യത്തെ സമ്പൂർണ മലയാള വ്യാകരണം എന്ന ബഹുമതിയും 'മലയാഴ്മയുടെ വ്യാകരണ'ത്തിനുണ്ട്.

ഹെർമൻ ഗുണ്ടർട്ടിന്റെ വ്യാകരണഗ്രന്ഥമായ 'മലയാള ഭാഷാവ്യാകരണ'ത്തിന് ഇന്നും മലയാളപഠനത്തിൽ പ്രസക്തിയുണ്ട്. 'ഗുണ്ടർട്ടിന്റെ നിഘണ്ടു എന്നപോലെ വ്യാകരണവും ഇന്നും നിരതിശയമായി വർത്തിക്കുന്നു. കേരളപാണിനീയത്തിനു പല മേന്മകളും ഏറെ പ്രചാരവുമുണ്ട്. എന്നാൽ അതിനോ മറ്റേതെങ്കിലും കൃതിക്കോ വിശദാംശങ്ങളിൽ ഗുണ്ടർട്ടിനെ മറികടക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നും പുതിയ വെളിച്ചം തേടുന്ന വൈയാകരണന്മാരും ഭാഷാശാസ്ത്രജ്ഞന്മാരും ഗുണ്ടർട്ടിലേക്കു നീങ്ങുന്നു' - എന്ന് ഡോ. കെ. എൻ. എഴുത്തച്ഛൻ നിരീക്ഷിക്കുന്നു

## Keywords

നിഘണ്ടു-വർത്തമാനപുസ്തകം-അന്യഭാഷാപദങ്ങൾ-രാമചരിതം-കേരളപഴമ-ബാസൽ മിഷൻ

# Discussion

## 1.4.1 ആദ്യകാലഗ്രന്ഥങ്ങളുടെ ഇംഗ്ലീഷ് അവതാരികകൾ

▶ ആമുഖങ്ങൾ മിക്കതും ഇംഗ്ലീഷ് ഭാഷയിൽ

ആദ്യകാലകൃതികളുടെ ആമുഖങ്ങൾ മിക്കതും ഇംഗ്ലീഷ് ഭാഷയിലായിരുന്നു രചിച്ചിരുന്നത്. മിഷണറിമാരുടെ കൃതികളാണ് മിക്കതും എന്നതുതന്നെയാണ് കാരണവും. ഗ്രന്ഥങ്ങളുടെ രചനാസാഹചര്യവും മറ്റുമാണ് ഭൂരിഭാഗം അവതാരികകളിലും കാണുവാൻ സാധിക്കുന്നത്. ചില കൃതികളുടെ അവതാരികകളെക്കുറിച്ച് സംക്ഷിപ്തമായ വിവരണം ചുവടെ ചേർക്കുന്നു.

### 1. വർത്തമാന പുസ്തകം

▶ വർത്തമാന പുസ്തകത്തിന്റെ അവതാരിക

1786-ൽ പാറേമ്മാക്കൽ തോമാകത്തനാർ രചിച്ച ഈ കൃതിക്ക് Introduction എന്ന തലക്കെട്ടോടുകൂടിയ അവതാരിക രചിച്ചത് ഡോ. പ്ലാസിഡ് ജെ പൊടിപ്പാറ (Dr. Placid J Podipara) യാണ്. ആമുഖക്കുറിപ്പിൽ അന്നത്തെ രാഷ്ട്രീയസാഹചര്യത്തെ വിശദമാക്കുകയാണ് ചെയ്യുന്നത്.

### 2. Grammar of the Malabar Language

▶ ഹോഫ്റ്റിന്റെ നിർദ്ദേശത്താലാണ് ഗ്രന്ഥം രചിച്ചത്

റോബർട്ട് ഡ്രമണ്ട് 1799-ൽ പ്രസിദ്ധീകരിച്ച മലയാളവ്യാകരണഗ്രന്ഥത്തിന്റെ ആമുഖം തയ്യാറാക്കിയത് ഗ്രന്ഥകാരൻ തന്നെയാണ്. നിഘണ്ടു രചനയ്ക്കാധാരമായ സാഹചര്യങ്ങൾ വിശദീകരിക്കുകയാണിവിടെ. ഹോഫ്റ്റിന്റെ നിർദ്ദേശത്താലാണ് ഈ ഗ്രന്ഥത്തിന്റെ നിർമ്മിതിക്ക് തുനിയുന്നതെന്ന സൂചന ഡ്രമണ്ട് (Robert Drummond) നൽകുന്നുണ്ട്. അച്ചടി പ്രക്രിയയ്ക്ക് ഭീംജി ജീജേഭോയ് നൽകിയ സേവനം അദ്ദേഹം അനുസ്മരിക്കുന്നു. ഈ ഉദ്യമത്തിന് എടുത്ത പ്രയത്നവും ലഭ്യമായ മറ്റു സഹായങ്ങളും സൂചിപ്പിച്ചു കൊണ്ടാണ് ഡ്രമണ്ട് ആമുഖക്കുറിപ്പ് അവസാനിപ്പിക്കുന്നത്.

### 3. മലയാഴ്മയുടെ വ്യാകരണം

▶ ഗ്രന്ഥത്തിന്റെ സ്വരൂപം വിശദമാക്കുന്നു

1863-ൽ റവ. ജോർജ്ജ് മാത്തൻ രചിച്ച കൃതിയാണിത്. ഗ്രന്ഥരചനയുടെ കാരണങ്ങൾ ഹ്രസ്വമായി വിവരിക്കുകയാണ് ആമുഖത്തിൽ ജോർജ്ജ് മാത്തൻ. സംസ്കൃത പണ്ഡിതർ വ്യവഹാരഭാഷയ്ക്ക് പ്രാധാന്യം നൽകാത്തതിനാൽ വിദേശീയർക്കും തദ്ദേശീയർക്കും പ്രാദേശിക ഭാഷയുടെ വ്യാകരണം ആവശ്യമാണെന്ന തോന്നലിലാണ് ഇത്തരമൊരു വ്യാകരണഗ്രന്ഥം ഉടലെടുത്തത് എന്ന് ഇവിടെ സൂചിപ്പിക്കുന്നു. ഗുണ്ടർട്ടിന്റെ വ്യാകരണഗ്രന്ഥത്തെക്കുറിച്ചും ഈ രണ്ടു ഗ്രന്ഥങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ചും ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നുണ്ട്. വ്യാകരണഗ്രന്ഥത്തിന്റെ രൂപഘടനയെക്കുറിച്ചാണ് പിന്നീട് ജോർജ്ജ് മാത്തൻ പറയുന്നത്. ഗ്രന്ഥത്തിന്റെ സ്വരൂപം അദ്ദേഹം വിശദമാക്കുന്നുണ്ട്. ഗ്രന്ഥസൃഷ്ടിക്ക് പരമഹേതുവായ ദൈവത്തിനുള്ള നന്ദി അർപ്പിച്ചുകൊണ്ടാണ് ആമുഖം അവസാനിപ്പിക്കുന്നത്.

SGOU

## 4. മലയാളം - ഇംഗ്ലീഷ് നിഘണ്ടു

1846-ൽ പ്രസിദ്ധീകരിച്ച ബെഞ്ചമിൻ ബെയ്‌ലിയുടെ നിഘണ്ടുവിന് ആമുഖം തയ്യാറാക്കിയത് ഗ്രന്ഥകർത്താവ് തന്നെയാണ്. ഹ്രസ്വമായ ഒരു ആമുഖം മതിയെന്ന് സ്വയം തീരുമാനമെടുത്താണ് ഗ്രന്ഥകർത്താവ് ആമുഖരചന നടത്തിയിട്ടുള്ളത്. ഇംഗ്ലീഷ് ഭാഷയിൽ പരിജ്ഞാനം നേടാൻ ആഗ്രഹിക്കുന്ന സ്വദേശി വിദ്യാർത്ഥികൾക്കും ഇത് ഉപകരിക്കുമെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. വളരെ വർഷങ്ങളുടെ ദത്തശേഖരണത്തിലൂടെയാണ് ഇത്തരമൊരു സൃഷ്ടി നടത്താൻ സാധിച്ചതെന്നും അതിൽ വലിയ പിഴവുകൾ സംഭവിച്ചിട്ടില്ലെന്നും ബെയിലി പറയുന്നു. എന്നാൽ ചില ടൈപ്പോഗ്രാഫിക്കൽ പിശകുകൾ സംഭവിച്ചിട്ടുണ്ടെന്നും അത് അവസാനമേൽനോട്ടത്തിൽ തിരുത്തുമെന്നും അദ്ദേഹം പരാമർശിക്കുന്നുണ്ട്. നിരവധി വാക്കുകൾക്ക് കൂടുതൽ അർഥം നൽകിയിരിക്കുന്നു എന്നും കൃതിയുടെ രചനയ്ക്കു സഹായകമായ ഇതരഗ്രന്ഥങ്ങളോടുള്ള കടപ്പാടും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

> ▶ ഇംഗ്ലീഷ് ഭാഷയിൽ പരിജ്ഞാനം നേടാൻ ആഗ്രഹിക്കുന്ന സ്വദേശി വിദ്യാർത്ഥികൾക്ക് ഉപകരിക്കും

## Preface to A Malayalam and English Dictionary

### Hermann Gundert

മലയാളം - ഇംഗ്ലീഷ് നിഘണ്ടു രചനാകാലയളവിൽ ഗുണ്ടർട്ട് സഞ്ചരിച്ച മാർഗങ്ങളെക്കുറിച്ചുള്ള ചില ധാരണകൾ ആമുഖത്തിൽനിന്നും ലഭ്യമാകുന്നുണ്ട്. നിഘണ്ടുവിനാവശ്യമായ സാമഗ്രികൾ ശേഖരിക്കപ്പെട്ട സ്രോതസുകളെക്കുറിച്ചും രചനാവേളയിൽ അനുഭവപ്പെട്ട ബുദ്ധിമുട്ടുകൾ, ഭാഷാപരമായ പ്രശ്നങ്ങൾ തുടങ്ങിയവയെക്കുറിച്ചുമൊക്കെ ഗുണ്ടർട്ട് അക്കമിട്ട് വിശദമാക്കുന്നുണ്ട്. ഇരുപത്തിയഞ്ചു വർഷത്തെ ഭാഷാപഠനത്തിലൂടെ ഈ ദൗത്യത്തിനാവശ്യമായ സാമഗ്രികൾ ജാതി, തൊഴിൽ, വാമൊഴി വഴക്കം, വിവിധ ജില്ലകളിലെ രേഖകൾ, എല്ലാ പ്രായത്തിലുമുള്ള ഗദ്യ-പദ്യ രചയിതാക്കൾ തുടങ്ങിയ എല്ലാ സ്രോതസുകളിൽനിന്നും ശേഖരിച്ചു. ഇതിനായി സ്വീകരിച്ച സാഹിത്യത്തിന്റെ ലിസ്റ്റ് ചുരുക്കെഴുത്ത് എന്ന തലക്കെട്ടിൽ ചേർത്തു.

> ▶ ഗുണ്ടർട്ട് സഞ്ചരിച്ച മാർഗങ്ങളെക്കുറിച്ചുള്ള ചില ധാരണകൾ

മലയാളം, തമിഴ്‌വാക്കുകൾക്കിടയിൽ അതിർത്തിരേഖ വരയ്ക്കുന്നത് ബുദ്ധിമുട്ടാണ്. ഇവ രണ്ടു ഭാഷകൾ എന്നതിലുപരി ഒരേ ദ്രാവിഡ കുടുംബത്തിലെ രണ്ടു ഭാഷാഭേദങ്ങൾ എന്നു പരിഗണിക്കുന്നതാവും നല്ലത്. പല തമിഴ്പദങ്ങളും പ്രാദേശികമായും പദസമുച്ചയങ്ങളിലും മറ്റും ഉപയോഗിക്കുന്നുണ്ട്. അത്തരം പദങ്ങൾ (പ്രാചീന മലയാളം) എന്ന് രേഖപ്പെടുത്തുന്നു. ഭാഷയുടെ ചരിത്രത്തിന്റെ പ്രതിനിധാനമാണ് നിഘണ്ടു എന്നതിനാൽതന്നെ അവയെ ഒഴിവാക്കാൻ സാധ്യമല്ല. സംസ്കൃത അക്ഷരമാല അവതരിപ്പിക്കുന്നതിന് മുമ്പുള്ളതുപോലെ രചിക്കപ്പെട്ടതും പോർച്ചുഗീസുകാരുടെ ആഗമനത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പുള്ളതുമായ ഏറ്റവും പഴയ മലയാളകൃതിയാണ് 'രാമചരിതം'. പല പുരാതനപദങ്ങൾക്കും (അഴുക, അറം, അങ്കി) 'രാമചരിതമാണ്' ആധികാരികം. ജനകീയ സാഹിത്യങ്ങളായ പുരാണഗ്രന്ഥങ്ങളിൽ കാണുന്ന ദ്രാവിഡപദങ്ങൾ ഒഴിവാക്കിയിട്ടില്ല.

> ▶ ഒരേ ദ്രാവിഡ കുടുംബത്തിലെ രണ്ടു ഭാഷാഭേദങ്ങൾ

SGOU

ഒരു മലയാളം നിഘണ്ടുവിലേക്ക് സംസ്കൃതപദങ്ങളുടെ അളവ് നിർണയിക്കുക എന്നത് ഇതിലും വലിയ ബുദ്ധിമുട്ടുള്ള സംഗതിയാണ്. ഈ നിഘണ്ടു സംസ്കൃത വിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടിയുള്ള തല്ലാത്തതിനാൽ നല്ല മലയാളം നിർമ്മാണത്തിനാവശ്യമായ പദങ്ങൾ മാത്രം തെരഞ്ഞെടുത്ത് ഉൾപ്പെടുത്തണം എന്ന ചട്ടമാണ് സ്വീകരിച്ചത്. കാവ്യാത്മകപ്രയോഗത്തിൽ ഒതുങ്ങിനിൽക്കുന്ന പദങ്ങളുടെ പ്രധാന അർഥം മാത്രം രേഖപ്പെടുത്തുക, മലയാളത്തിൽ സാമാന്യം ഉപയോഗ പ്രദമായത് എന്ന് അംഗീകരിക്കപ്പെടുന്ന ധാതുക്കൾ സ്വീകരിക്കുക തുടങ്ങിയവ.

- നല്ല മലയാളം നിർമ്മാണത്തിനാവശ്യമായ പദങ്ങൾ മാത്രം തിരഞ്ഞെടുത്തു

തെക്കൻകേരളത്തിന്റെയോ തിരുവിതാംകൂറിന്റെയോ പ്രത്യേകതകൾ, കോട്ടയം പ്രസ്സിന്റെ പ്രൊഡക്ഷനുകളിൽനിന്നും പോർച്ചുഗീസ് ഇറ്റാലിയൻ മിഷണറിമാർ സമാഹരിച്ച നിഘണ്ടുവിൽനിന്നും ശ്രദ്ധാപൂർവം ശേഖരിച്ചിട്ടുണ്ട്. 1746-ൽ പൂർത്തിയായെങ്കിലും 17-ാം നൂറ്റാണ്ടിൽ, ഒരു പക്ഷേ പതിനാറാംനൂറ്റാണ്ടിൽ സമാഹരിച്ച വസ്തുക്കളെ അടിസ്ഥാനമാക്കിയുള്ള കൃതികൾ, യൂറോപ്യൻമാർ ഭാഷകൾ പഠിച്ചതിന്റെ ഏറ്റവും പഴയ സ്മാരകമായി കണക്കാക്കുന്നു. അവ നിഘണ്ടു V1, V2 ൽ അടയാളപ്പെടുത്തിയിരിക്കുന്നു. വടക്കൻകേരളത്തിന്റെയോ മലബാറിന്റെയോ ഭാഷകൾക്ക് കൂടുതൽ പരിചരണം നൽകിയിട്ടുണ്ട്. ചരിത്രപരമായ പേരുകൾ, ജാതികൾ, രാജവംശങ്ങൾ എന്നിവയുടെ വിശദീകരണങ്ങളും മറ്റും വിശ്വസ്തമായ സ്രോതസുകളിൽനിന്നും ശേഖരിച്ചു. ഭാഷയെക്കുറിച്ച് ധാരാളം നിർദ്ദേശങ്ങൾ നൽകുന്ന തലശ്ശേരി രേഖകൾ ഇതിനായുള്ള സ്രോതസുകളിൽ ഒന്നാണ്.

- വടക്കൻ കേരളത്തിന്റെയോ മലബാറിന്റെയോ ഭാഷകൾക്ക് കൂടുതൽ പരിചരണം

മുഴുവൻ മലയാളഭാഷയുടെയും വിശ്വസ്തമായ ഒരു ചിത്രം അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, ഭാഷയിൽ കടന്നുകയറിയ അന്യഭാഷാപദങ്ങളെ ഒഴിവാക്കുവാനുള്ള സ്വാതന്ത്ര്യം എഴുത്തുകാരന് തോന്നിയിട്ടില്ല. നൂറ്റാണ്ടുകളുടെ വാണിജ്യവും പുതിയ നിയമങ്ങളും കലകളും ഉപയോഗിച്ച് വിദേശവിശ്വാസങ്ങളെയും ആയുധങ്ങളെയും കീഴടക്കി ഈ തീരത്ത് കൊണ്ടുവന്ന പേർഷ്യൻ, അറബി, ഹിന്ദുസ്ഥാനി, പോർച്ചുഗീസ്, ഇംഗ്ലീഷ് പദങ്ങൾ നിരോധിക്കുവാൻ സാധ്യമല്ല. അതേ കാരണത്താൽതന്നെ പ്രവിശ്യാവാദങ്ങൾ, അശ്ലീലതകൾ തുടങ്ങിയവ നിരാകരിക്കുന്നില്ല. ഓരോ വാക്കിന്റെയും ഉത്ഭവം കണ്ടെത്താൻ എഴുത്തുകാരൻ ഉടനീളം ശ്രമിച്ചിട്ടുണ്ട്. ദ്രാവിഡഭാഷകളുടെ താരതമ്യത്തിന് പ്രത്യേകശ്രദ്ധ നൽകിയിട്ടുണ്ട്. എല്ലാ സംഭവങ്ങളിലും വിജയിച്ചിട്ടില്ല. പ്രവിശ്യാവാദങ്ങളുടെ കാര്യത്തിലെന്നപോലെ ചിലപ്പോൾ വാക്കിന്റെ അപ്രസക്തത ഒരു പ്രതിസന്ധിയായിരുന്നു.

- ഓരോ വാക്കിന്റെയും ഉത്ഭവം കണ്ടെത്താൻ എഴുത്തുകാരൻ ഉടനീളം ശ്രമിച്ചിട്ടുണ്ട്

ഓരോ വാക്കിന്റെയും മൂലവും ഉത്ഭവവും സാധ്യമാകുന്നിടത്തോളം ചൂണ്ടിക്കാണിക്കുകയും അതിന്റെ പ്രാകൃതഅർഥം നൽകുകയും ആലങ്കാരികവും സ്വതന്ത്രവുമായ ഇന്ദ്രിയങ്ങളെ യുക്തിസഹമായ ക്രമത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിരിക്കുന്ന രീതിയിലാണ് ക്രമീകരണം. വിശ്വസനീയമായ അധികാരികളിൽനിന്ന് എടുത്ത ഉദാഹരണങ്ങളിലൂടെ അവസാനം വിശദമാക്കുന്നു. ഒരേ വാക്ക് സംഭവിക്കുന്ന വ്യത്യസ്തനിർമ്മിതികൾ, അതിന്റെ പ്രയോഗങ്ങൾ, ആചാരങ്ങളെയും വിശ്വാസങ്ങളെയുംകുറിച്ചുള്ള സൂചനകൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ എന്നിവയെ പ്രത്യേകമായി ചിത്രീകരിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഓരോ വാക്കിന്റെയും

- വിശ്വസനീയമായ അധികാരികളിൽ നിന്ന് ഉദാഹരണങ്ങൾ എടുത്തു

അക്ഷരവിന്യാസം അതിനെ പ്രതിപാദിക്കുന്ന തലക്കെട്ടായി നൽകിയിരിക്കുന്നു. വിശദീകരണത്തിൽ ഉച്ചാരണവ്യതിയാനം സൂചിപ്പിക്കുന്നു(ഉദാ: അടെപ്പു, അടപ്പു).

▶ ബെയ്ലിയുടെ നിഘണ്ടുവിൽ നിന്നും വ്യത്യസ്തം

റവ. ബെയ്ലിയുടെ നിഘണ്ടുവിന്റെ അതേ മാതൃകയിൽ ഒതുക്കുന്ന ഒന്നാണ് ഇതെന്ന് പ്രതീക്ഷിക്കരുത്. മലയാളം, സംസ്കൃതം എന്നീ പദങ്ങൾ തമ്മിൽ വിവേചനം കാണിക്കാത്തത്, അപ്രധാനമായവയ്ക്ക് കൂടുതൽ ഇടം നൽകിയത് തുടങ്ങിയവ അതിന്റെ പോരായ്മയാണ്.

## Summarised Overview

1814 ഫെബ്രുവരി 14 നാണ് ഗുണ്ടർട്ടിന്റെ ജനനം. 1836-ൽ അദ്ദേഹം ഇന്ത്യയിലെത്തുന്നു. 1839-ൽ തലശ്ശേരി ഇല്ലിക്കുന്നിൽ താമസമാക്കി. ബാസൽ മിഷന്റെ കീഴിൽ മലബാർ മേഖലയിലാണ് ഗുണ്ടർട്ട് തന്റെ പ്രവർത്തനങ്ങൾ നടത്തിയത്. മലയാളഭാഷയുടെ വികസനഘട്ടത്തിൽ ഗുണ്ടർട്ടിന് പരമപ്രധാനമായ സ്ഥാനമാണുള്ളത്. വ്യാകരണം, നിഘണ്ടുകൂടാതെ നിരവധി ഗ്രന്ഥങ്ങളും അദ്ദേഹം മലയാളഭാഷയ്ക്ക് സംഭാവന നൽകിയിട്ടുണ്ട്. ഹെർമൻ ഗുണ്ടർട്ടിന്റെ കൃതികളിൽ പ്രധാനമായ ഒന്ന് 'പഴഞ്ചൊൽ മാല'യാണ്.1845-ൽ മംഗലാപുരത്തുനിന്നു കല്ലച്ചിൽ ഇത് പ്രസിദ്ധീകരിച്ചു. പഴഞ്ചൊല്ലുകളാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദ്യം. നിത്യോപയോഗത്തിൽ കണ്ടുവരാറില്ലാത്ത അനേകം പഴഞ്ചൊല്ലുകൾ ഈ കൃതിയിലുണ്ട്. 1860-ൽ പ്രസിദ്ധീകൃതമായ ഒരു ഗദ്യപദ്യസമാഹാരമാണ് 'പാഠമാല'. ലക്ഷണമൊത്ത ആദ്യത്തെ പാഠപുസ്തകമാണിതെന്ന് ഡോ. സ്കറിയ സക്കറിയ പറയുന്നു. അദ്ദേഹത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട കൃതിയാണ് 'കേരളപഴമ'. 1498 മുതൽ 1631 വരെയുള്ള കേരളചരിത്രത്തെ - പ്രത്യേകിച്ച് പോർച്ചുഗീസ് പ്രഭവകാലത്തെ - പരാമർശിക്കുന്ന ചരിത്രകൃതിയാണിത്. കേവലം ചരിത്രമാണെങ്കിലും നോവൽ പോലെ രസാവഹമാണ് ഇതിലെ പ്രതിപാദനരീതി. മലബാറിന്റെ ചരിത്രവും ഭൂമിശാസ്ത്രവും സംയോജിപ്പിച്ചു തയ്യാറാക്കിയിട്ടുള്ള ഒരു കൃതിയാണ് 'മലയാള രാജ്യം'. 1868-ലാണ് ഇത് പ്രസിദ്ധീകരിച്ചത്.

മലയാളഭാഷയിൽ ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ചിട്ടുള്ള ആദ്യകാല നിഘണ്ടുക്കളിൽ ഒന്നാണ് ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ നിഘണ്ടു. 1116 പേജുകളുള്ള ഈ മലയാളം - ഇംഗ്ലീഷ് നിഘണ്ടു 1872-ൽ മംഗലാപുരം ബാസൽ മിഷൻ പ്രസ്സിൽനിന്നുമാണ് അച്ചടിച്ചുപ്രസിദ്ധീകരിച്ചത്. വാക്കുകളുടെ കേവലമായ അർഥം മാത്രമല്ല, അവയുടെ ആഗമങ്ങൾകൂടി രേഖപ്പെടുത്തുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അറബി, പേർഷ്യൻ, ഹിന്ദുസ്ഥാനി, പോർച്ചുഗീസ്, ഇംഗ്ലീഷ് മുതലായ വൈദേശികഭാഷകളിൽനിന്നു മലയാളത്തിൽ കടന്നു വന്നിട്ടുള്ള പദങ്ങൾക്കും ദ്രാവിഡ പദങ്ങൾക്കും അദ്ദേഹം നിഘണ്ടുവിൽ സ്ഥാനം നൽകി. പദങ്ങൾക്ക് ആദ്യമുണ്ടായിരുന്ന അർഥവും ഉപയോഗംകൊണ്ട് പിന്നീട് മാറി വന്ന അർഥവും അലങ്കാരപ്രയോഗങ്ങളിൽ പ്രകടമാവുന്ന പ്രത്യേകാർത്ഥവും പദങ്ങൾ കടന്നു വരുന്ന പഴഞ്ചൊല്ലുകളും തത്ഭവങ്ങളാണെങ്കിൽ അവയുടെ തത്സമങ്ങളും നിഘണ്ടുവിൽ ചേർത്തിട്ടുണ്ട്.

ബാസൽ മിഷൻകാരാണ് മലയാളപത്രപ്രവർത്തനത്തിനു തുടക്കംകുറിച്ചത്. 1847 ജൂണിൽ തലശ്ശേരിയിലെ കല്ലച്ചിൽ അച്ചടിച്ച് 'രാജ്യസമാചാരം' എന്ന പത്രം പുറത്തിറക്കി. ആറോ എട്ടോ പുറങ്ങൾ വീതമുള്ള 42 ലക്കങ്ങൾ 1850 ഡിസംബർവരെ പ്രസിദ്ധീകരിച്ചു. പത്രാധിപർ ആരായിരുന്നു എന്ന് വ്യക്തമല്ല. എങ്കിലും ഗുണ്ടർട്ടാണ് പത്രാധിപരെന്ന് പലരും അനുമാനിക്കുന്നു. 1847 ഒക്ടോബറിൽ ബാസൽ മിഷനിൽ അച്ചടിച്ച 'പശ്ചിമൊദയം' എന്ന മാസികയാണ് രണ്ടാമത്തേത്. ഇതിന്റെ പത്രാധിപർ എഫ്. മുള്ളറാണ്. 'രാജ്യസമാചാരം' മതകാര്യങ്ങൾക്കും

'പശ്ചിമൊദയം' പൊതുവിജ്ഞാനത്തിനും മുൻതൂക്കം നൽകി.

മലയാളത്തിലെ മൂന്നാമത്തെ പത്രമാണ് 'ജ്ഞാനനിക്ഷേപം'. ഇതിന്റെ ആദ്യലക്കം കണ്ടെത്തിയത് എം. കെ. ചെറിയാൻ കൊഴുവല്ലൂരാണ്. 1848-ൽ കോട്ടയം സി. എം. എസ്. പ്രസ്സിൽ അച്ചടിച്ചു. ആദ്യ പത്രാധിപർ ബെഞ്ചമിൻ ബെയ്‌ലിയാണ്. വിജ്ഞാനപ്രചാരണത്തിനും അധ്യാത്മികാഭിവൃദ്ധിക്കും ഉതകുന്ന ലേഖനങ്ങളോടൊപ്പം സർക്കാർകാര്യങ്ങളും പ്രാദേശികവാർത്തകളും ഉൾപ്പെടുത്തിയിരുന്നു. പ്രാചീനവൃത്താന്തപത്രങ്ങളുടെ കൂട്ടത്തിൽ 'ജ്ഞാനനിക്ഷേപ'ത്തിന് പ്രഥമസ്ഥാനം കല്പിക്കുന്നു. ആദ്യകാലകൃതികളുടെ ആമുഖങ്ങൾ മിക്കതും ഇംഗ്ലീഷ് ഭാഷയിലായിരുന്നു രചിച്ചിരുന്നത്. മിഷണറിമാരുടെ കൃതികളാണ് മിക്കതും എന്നതു തന്നെയാണിതിന് കാരണവും. ഗ്രന്ഥങ്ങളുടെ രചനാസാഹചര്യവും മറ്റുമാണ് ഭൂരിഭാഗം അവതാരികകളിലും കാണുവാൻ സാധിക്കുന്നത്.

## Assignments

1. ഹെർമൻ ഗുണ്ടർട്ടിന്റെ 'മലയാളം ഇംഗ്ലീഷ് ഡിക്ഷണറിക്ക്' മലയാളഭാഷാചരിത്രത്തിലുള്ള സ്ഥാനം വിശകലനം ചെയ്യുക.
2. അർണോസ് പാതിരിയുടെ വ്യാകരണഗ്രന്ഥത്തിന്റെ സവിശേഷതകൾ രേഖപ്പെടുത്തുക.
3. ആദ്യകാലഗ്രന്ഥങ്ങളുടെ അവതാരികകൾക്ക് ഭാഷാചരിത്രത്തിലുള്ള പ്രാധാന്യം അടയാളപ്പെടുത്തുക.
4. മലയാളത്തിലെ ആദ്യകാലനിഘണ്ടുക്കളെക്കുറിച്ച് വിശദീകരിക്കുക.

## Suggested Readings


1. ജി. പ്രിയദർശനൻ, മലയാളപത്രപ്രവർത്തനം പ്രാരംഭസ്വരൂപം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ,
2. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യചരിത്രം, കേരള സർവ്വകലാശാല, തിരുവനന്തപുരം.
3. ബാബു ചെറിയാൻ, ബെഞ്ചമിൻ ബെയ്‌ലി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
4. പി. ഭാസ്കരനുണ്ണി, പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

## References


1. പുതുപ്പള്ളി രാഘവൻ, കേരള പത്രപ്രവർത്തനചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.
2. എസ്. വി. വേണുഗോപൻ നായർ, മലയാളഭാഷാചരിത്രം, മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
3. എ. ജി. ശ്രീകുമാർ, അച്ചുകൂടത്തിലെ കേരളം, കൈരളി ബുക്സ്, കണ്ണൂർ.
4. എൻ. സാം മലയാള പത്രപ്രവർത്തനം പത്തൊമ്പതാംനൂറ്റാണ്ടിൽ, ഡി. സി. ബുക്സ്, കോട്ടയം.
5. വി. പി. സുബൈർ, മലയാള പത്രഭാഷ വികാസപരിണാമങ്ങൾ, കേരള പ്രസ് അക്കാദമി, കൊച്ചി.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# ആധുനിക ഗദ്യം (1880–1950)

## BLOCK-02

യൂണിറ്റ് 1

1. കണ്ടത്തിൽ വറുഗീസ് മാപ്പിള- മുഖപ്രസംഗം (1889 മാർച്ച് 21)
2. ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ, പ്രസ്താവന, വൃത്താന്തപത്രപ്രവർത്തനം

യൂണിറ്റ് 2

1. നാരായണഗുരു- സി. വി. കുഞ്ഞുരാമൻ സംവാദം

യൂണിറ്റ് 3

1. എസ്. ടി. റെഡ്യാർ- അവതാരിക, കുഞ്ചൻനമ്പ്യാരുടെ തുള്ളൽ കൃതികൾ
2. എൻ. കൃഷ്ണപിള്ള- കൈരളിയുടെ കഥയിൽനിന്ന് ഒരു ഭാഗം (പുറം 408- 414), ചങ്ങമ്പുഴ)

യൂണിറ്റ് 4

1. സി. കേശവൻ- ജീവിതസമരം

SGOU

Unit 1

# 1.മുഖപ്രസംഗം

കണ്ടത്തിൽ വർഗീസ് മാപ്പിള

## Learning Outcomes

- ഭാഷയുടെ വികാസപരിണാമദശകളിൽ ഗദ്യസാഹിത്യം വഹിച്ച പങ്ക് തിരിച്ചറിയുന്നു
- ഗദ്യകൃതികളുടെ രൂപപരമായ വ്യത്യാസം മനസിലാക്കുന്നു
- അച്ചടി, വായന എന്നിവയുടെ കടന്നുവരവ് ഗദ്യസാഹിത്യത്തെ എങ്ങനെ വളർത്തി എന്ന് മനസിലാക്കുന്നു
- സാമൂഹ്യപ്രശ്നങ്ങളെ പൊതുശ്രദ്ധയിലെത്തിക്കുന്ന മുഖപ്രസംഗത്തിലെ ആദ്യമാതൃകകളെ പരിചയപ്പെടുന്നു

## Background

മനുഷ്യൻ ആശയവിനിമയത്തിനായി ഭാഷ രൂപപ്പെടുത്തിയതുമുതൽ ഗദ്യമുണ്ടായി. വായ്മൊഴിയായിരുന്ന ഗദ്യം പിന്നീട് വരമൊഴിയായി വളർന്നു. ഒരു ശബ്ദത്തിന് പ്രതിരൂപമായി ഒരു ലിപി രൂപപ്പെട്ടതും അതുപയോഗിച്ച് ലിഖിതഭാഷ സൃഷ്ടിച്ചതും അങ്ങനെയാണ്. അതോടെ മനുഷ്യവർഗത്തിന്റെ സാംസ്കാരികചരിത്രം രൂപപ്പെടാൻ തുടങ്ങിയ ലിഖിതവിദ്യ മുദ്രണവിദ്യയുടെ സഹകരണത്തോടെ വമ്പിച്ച പുരോഗതി നേടി. അച്ചടിയുടെ കണ്ടുപിടുത്തമാണ് ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത്. ആദ്യകാലത്ത് ഗദ്യം വെറും ആശയവിനിമയോപാധിയായിരുന്നു. സംഭാഷണം നടത്താൻ മാത്രം ഉപയോഗിച്ചിരുന്ന ഗദ്യം അനുഭവങ്ങളുടെ ആവിഷ്കാരത്തിനും കഥ പറയുന്നതിനും വാർത്താവിതരണത്തിനും വൈജ്ഞാനികപ്രകാശനത്തിനും അറിവുകൾ രേഖപ്പെടുത്തി വയ്ക്കുന്നതിനും നിയമം, ശാസ്ത്രം, ചരിത്രം ആദിയായി മനുഷ്യനുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം കൈകാര്യം ചെയ്യുന്നതിനും പ്രയോജനപ്പെട്ടുതുടങ്ങി. ഗദ്യത്തിന്റെ മേഖല വളരെ വിപുലവും വൈവിധ്യമാർന്നതുമാണ്. മനുഷ്യനെ സംബന്ധിക്കുന്ന എന്തും ആവിഷ്കരിക്കാൻ ഗദ്യത്തിലൂടെ കഴിയും. പദ്യഭാഷ മനുഷ്യന്റെ വൈകാരിക തലത്തിലേക്ക് വ്യാപിക്കാൻ തുടങ്ങിയപ്പോൾ ഗദ്യഭാഷ വൈചാരികലോകം സ്വന്തമാക്കി. അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്ന വൈജ്ഞാനികമേഖലയിലും ആധിപത്യമുറപ്പിച്ചത് ഗദ്യമാണ്. ചുരുക്കത്തിൽ മനുഷ്യൻ സമ്പാദിച്ചുകൊണ്ടിരിക്കുന്ന ഏതുതരം അറിവിന്റെയും വ്യാപനം ഗദ്യത്തിലൂടെയാണ് നടന്നുകൊണ്ടിരിക്കുന്നത്.

മലയാളഗദ്യം ആരംഭിച്ചത് എന്നായിരുന്നു എന്നും ആദ്യകാലമാതൃകകൾ എന്തൊക്കെയായിരുന്നു എന്നും കൃത്യമായി ഗ്രഹിക്കാനുള്ള രേഖകളൊന്നും ലഭ്യമല്ല. ഏതായാലും പ്രാചീന മനുഷ്യർക്ക് ആശയവിനിമയോപാധിയായി ഒരു ഗദ്യഭാഷ ഉണ്ടായിരുന്നിരിക്കുമെന്നതു തീർച്ചയാണ്. അതിന്റെ സ്വഭാവം ഒരുപക്ഷേ ഇന്നു നമുക്കു ലഭിച്ചിട്ടുള്ള ശിലാശാസനങ്ങളുടെയും ചെപ്പേടുകളുടെയും മറ്റും രൂപത്തിലായിരുന്നിരിക്കണം. ക്രൈസ്തവസന്ദേശവാഹകന്മാരായി കേരളത്തിലെത്തിയ വിദേശമിഷനറിമാർ മതപ്രചരണത്തോടൊപ്പം മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടി അവിസ്മരണീയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അനർഘസമ്പത്തുകൾ ഭാഷയ്ക്ക് നേടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പാവപ്പെട്ട ജനവിഭാഗവുമായി മതപ്രചാരണാർഥം ഇടപെടേണ്ടി

വന്നപ്പോൾ നാട്ടുഭാഷയിൽ അവരുമായി ആശയവിനിമയം നടത്തിയേതീരൂ എന്ന നിലവന്നു.

1847-ലാണ് മലയാളത്തിലെ ആദ്യത്തെ പത്രിക 'രാജ്യസമാചാരം' എന്ന പേരിൽ ബാസൽ മിഷൻകാർ പ്രസിദ്ധം ചെയ്തത്. തലശ്ശേരിയിൽനിന്നാണ് രാജ്യസമാചാരം പ്രസിദ്ധം ചെയ്തതെങ്കിൽ അതേവർഷം കൊല്ലത്തുനിന്നും 'പശ്ചിമൊദയം' എന്ന മറ്റൊരു പത്രികകൂടി ബാസൽ മിഷൻകാർ പുറപ്പെടുവിച്ചു. ഗുണ്ടർട്ടായിരുന്നു രണ്ടിന്റേയും പിന്നിൽ പ്രവർത്തിച്ചത്. എന്നാൽ ഗദ്യസാഹിത്യത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രയോജനം ചെയ്തത് ചില സാഹിത്യ മാസികകളാണ്. വിദ്യാവിലാസിനി (1881), വിദ്യാവിനോദിനി (1889), ഭാഷാപോഷിണി (1892), രസികരഞ്ജിനി (1903), മംഗളോദയം (1908) എന്നീ മാസികകളും കേരളപത്രിക (1884), മലയാളി (1886), മലയാള മനോരമ (1890) എന്നീ വൃത്താന്തപത്രങ്ങളുമാണ് മലയാളഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് നിർണായകമായ പങ്കുവഹിച്ചത്. വിവിധവിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സർഗാത്മകസാഹിത്യസൃഷ്ടികളും മലയാളഗദ്യത്തെ വികസിപ്പിക്കുകയും നിരവധി എഴുത്തുകാരെ കണ്ടെത്തി വളർത്തിക്കൊണ്ടുവരുകയും ചെയ്തു.

ആദ്യകാലമുഖപ്രസംഗങ്ങളെ ഒരു പത്രാധിപരായി അടയാളപ്പെടുത്തുകയാണ് കണ്ടത്തിൽ വർഗീസ് മാപ്പിള. മലയാള മനോരമ ദിനപത്രത്തിന്റെ സ്ഥാപകനായ അദ്ദേഹം കവി, ലിപി പരിഷ്കർത്താവ്, ഗദ്യകാരൻ തുടങ്ങി വിവിധമേഖലകളിൽ തന്റെ സാന്നിദ്ധ്യം അറിയിച്ചിരുന്നു. കലഹിനീദമനകം (ഷേക്സ്പിയറുടെ ടെയ്മിംഗ് ഓഫ് ദ ഷ്റൂ നാടകത്തിന്റെ സ്വതന്ത്ര വിവർത്തനം) ദർപ്പവിച്ഛേദം ആട്ടക്കഥ ( യദുകുലരാഘവം), വിസ്മയജനനം പത്തുവൃത്തം, യോഷാഭൂഷണം, കീർത്തനമാല, എബ്രായക്കുട്ടി, ഇഷ്ടസഹോദരീവിലാപം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

## Keywords

പുസ്തക പ്രസാധനം-ഗദ്യരൂപങ്ങളുടെ പ്രചാരം-ശാസ്ത്രലേഖനം-പത്രപ്രവർത്തനം-അച്ചടി-മുഖപ്രസംഗം-സാമൂഹ്യപ്രശ്നം

## Discussion

### 2.1.1 അച്ചടി-വായനാ-പുസ്തക-മാസികാ സംസ്കാരത്തിന്റെ വ്യാപനം

- പ്രത്യേക ചരിത്ര സന്ദർഭത്തിന്റെ നിർമ്മാണം

അച്ചടിയും വായനയും പുസ്തകപ്രസാധനവും മാസികാസംസ്കാരത്തിന്റെ വ്യാപാനവുമൊക്കെ പ്രത്യേകചരിത്രസന്ദർഭത്തിന്റെ നിർമ്മാണമായിട്ടാണ് ഭാഷയിലേക്ക് കടന്നുവന്നത്. കൊളോണിയൽ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായാണ് മലയാളത്തിൽ അച്ചടിയും വായനാസമൂഹവും രൂപപ്പെട്ടത്. ഈ കാലഘട്ടത്തിൽ ഇംഗ്ലീഷിൽനിന്ന് ധാരാളം പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. ക്രൈസ്തവ മതപ്രചരണവുമായി ബന്ധപ്പെട്ടാണ് വിദ്യാഭ്യാസം, അച്ചടി സ്ഥാപനം, പ്രസാധനം, വായനശാലകൾ എന്നിവ രൂപപ്പെട്ടതെന്നതും ശ്രദ്ധേയമാണ്. ജനങ്ങളുടെ സമൂഹികജീവിതത്തിന്റെ

വശങ്ങളെ നിർണ്ണയിക്കാൻ വായനാസംസ്കാരത്തിന് കഴിഞ്ഞു.

കേരളത്തിന്റെ ജനാധിപത്യവൽക്കരണത്തിൽ വായനാസംസ്കാരം വഹിച്ച പങ്ക് വളരെ വലുതാണ്. പുസ്തകസംസ്കാരവും വായനയും കേരളീയ ജനതയെ ആധുനികതയിലേക്ക് നയിക്കാൻ സഹായിച്ചു. അച്ചടിവിദ്യ നടപ്പിലായതോടുകൂടി വിദ്യാഭ്യാസവും സാക്ഷരതയും പുതിയ മാനങ്ങളിൽ എത്തപ്പെട്ടു. കേരളീയസമൂഹത്തെ ആധുനീകരിക്കുന്നതിൽ പ്രധാന പങ്കുവഹിക്കാൻ അച്ചടിക്കു കഴിഞ്ഞു. ദിനപത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവ അച്ചടിയുടെ സാങ്കേതികസാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അച്ചടിയുടെ ആധുനികതയെ നിർവചിച്ചു. 1824-ൽ കോട്ടയത്തെ സി. എം. എസ്സ് പ്രസ്സിൽ അച്ചടിച്ച മലയാളപുസ്തകമായ ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ പുറത്തു വന്നതോടെയാണ് കേരളത്തിലെ അച്ചടിയുടെ ചരിത്രം ആരംഭിക്കുന്നത്. അച്ചടിയുടെ വ്യാപനത്തിന് സഹായിച്ച ഏറ്റവും സുപ്രധാന കണ്ടുപിടിത്തമാണ് കടലാസ്സിന്റെ നിർമ്മാണം. ഒന്നാംനൂറ്റാണ്ടിൽ ചൈനക്കാരാണ് കടലാസ്സ് കണ്ടുപിടിച്ചത്. ചൈനക്കാരിൽനിന്നും അറബികൾ കടലാസ് നിർമ്മാണം മനസ്സിലാക്കുകയും, അറബികളിൽനിന്ന് കടലാസ്സു നിർമ്മാണവിദ്യ യൂറോപ്പിലേക്ക് വ്യാപിക്കുകയും ചെയ്തു.

> ▶ കേരളത്തിന്റെ ജനാധിപത്യവൽക്കരണത്തിൽ നിർണ്ണായകപങ്ക്

ജോൺ ഗുട്ടൻബർഗ് മാറ്റിവയ്ക്കാൻ കഴിയുന്ന ആണിയച്ചുകൾ ഉപയോഗിച്ച് ബൈബിൾ 42 വരി അച്ചടിച്ചതോടുകൂടിയാണ് വ്യവസായികാടിസ്ഥാനത്തിൽ അച്ചടി ആരംഭിക്കുന്നത്. അച്ചടിയുടെ കണ്ടുപിടിത്തം പുസ്തകനിർമ്മാണത്തിന്റേയും വിവരവിനിമയത്തിന്റേയും ചരിത്രത്തോടൊപ്പം ലോകനാഗരികതയുടെ ചരിത്രത്തിലും സുപ്രധാനമായ ഒരേടാണ്. ഗുട്ടൻബർഗ് മതലഘുരേഖകളാണ് ആദ്യമായി അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയത്. അച്ചടിയുടെ കണ്ടുപിടിത്തത്തോടെ കൂടി വ്യവസായികരംഗത്ത് വലിയ പുരോഗതി ദൃശ്യമായി. 18-ാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ഏഷ്യയിലും തെക്കേഅമേരിക്കയിലുമുണ്ടായിരുന്ന യൂറോപ്പിന്റെ കോളനികളിൽ അച്ചടിയും പത്രങ്ങളും വ്യാപകമായി നിലവിൽവന്നു. ക്രൈസ്തവമതമൂല്യങ്ങളുടെ പ്രചാരണത്തിന്റെ ഭാഗമായിരുന്നെങ്കിലും അച്ചടിയും, പുസ്തകപ്രസാധനവും മിഷണറിമാർ ഇന്ത്യൻഭാഷകളിൽ അവതരിപ്പിച്ചു.

> ▶ അച്ചടിയുടെ കണ്ടുപിടിത്തം സുപ്രധാനമായ ഒരേട്

അച്ചടിയന്ത്രം ആദ്യമായി ഇന്ത്യയിലെത്തിയത് 1556 സെപ്തംബർ 6-ാം തീയതിയാണെന്ന് ആനന്ത് കാക്ബാ പ്രിയോൽക്കർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗുട്ടൻബർഗ് ബൈബിൾ അച്ചടിച്ച് ഒരു നൂറ്റാണ്ട് കഴിഞ്ഞപ്പോഴാണ് ഇന്ത്യയിൽ അച്ചടി തുടങ്ങിയത്. അബിസീനിയയിലെ ജസ്യൂട്ട് സഭാപ്രവർത്തനങ്ങൾക്കുവേണ്ടി പോർട്ടുഗീസ് രാജാവ് അയച്ച അച്ചടിയന്ത്രമാണ് വഴിതെറ്റി ഗോവയിലെത്തിയതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. 1577-ൽ ജോൺ ഗോൺസാൽവസ് എന്ന സ്പെയിൻകാരൻ മലബാർ ലിപിയിലുള്ള അച്ചുകൾ നിർമ്മിക്കുകയും ഇന്ത്യക്കാരുടെ ഉപയോഗത്തിനായി ഒരു കാറ്റിക്കിസം അടിച്ചുവെന്നും ഫ്രാൻസിസ്ക്കോ സക്കിനി രേഖപ്പെടുത്തുന്നു. 1878-ൽ ഡോക്ട്രീന ക്രിസ്താന എന്ന കൃതി കൊല്ലത്ത് ദിവ്യരക്ഷകന്റെ കലാലയത്തിൽ അച്ചടിച്ചതായി പറയപ്പെടുന്നു.

> ▶ ബൈബിൾ അച്ചടിച്ച് ഒരു നൂറ്റാണ്ടിനുശേഷമാണ് ഇന്ത്യയിൽ അച്ചടി ആരംഭിച്ചത്

SGOU

പുസ്തകചരിത്രത്തെക്കുറിച്ചുള്ള ജ്ഞാനം ലിഖിതചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആധുനിക രീതിയിലുള്ള പുസ്തകങ്ങളുടെ ആദ്യ കാലമാതൃകകൾ 18-ാം നൂറ്റാണ്ടിലാണ് ഇന്ത്യയിലെത്തുന്നത്. ആംഗ്ലോ ഇന്ത്യക്കാരും, അധിനിവേശക്കാരുമായിരുന്നു ആദ്യകാലത്ത് അച്ചടിക്കപ്പെട്ട പുസ്തകങ്ങൾ ഉപയോഗിച്ചിരുന്നത്. അധിനിവേശക്കാർ കൊണ്ടുവന്ന പുസ്തകങ്ങൾ വ്യാകരണവും നിഘണ്ടുക്കളും ബൈബിളുമായിരുന്നു. അച്ചടിയുടെ ആരംഭത്തിൽ ഇന്ത്യക്കാർ പുസ്തകത്തിന് വലിയ പ്രാധാന്യമൊന്നും നൽകിയിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. ബ്രിട്ടീഷ് ആധിപത്യത്തിന്റെ ഫലമായി ഇന്ത്യയിലെത്തിയ മിഷണറിമാർ പൗരസ്ത്യ വിജ്ഞാനത്തെ മനസിലാക്കുന്നതിനുവേണ്ടി ഇന്ത്യൻഭാഷ പഠിക്കുകയും തദ്ദേശീയരോട് ഇടപഴകുന്നതിനായി അച്ചടിയെ ഉപയോഗിക്കുകയും ചെയ്തു. തിരുവിതാംകൂറിലെ ആദ്യത്തെ അച്ചുകൂടമാണ് നാഗർകോവിൽ പ്രസ്സ്. സി. എം. എസ്സ് പ്രസ്സ് 1821-ൽ സ്ഥാപിതമായി. അച്ചടി എന്ന സാങ്കേതിക വിദ്യ തിരുവിതാംകൂറിൽ പരിചയപ്പെടുത്തുന്നത് എൽ. എം. എസ്സ്. മിഷണറിമാരാണ്. തിരുവിതാംകൂറിലെ അച്ചടിവ്യവസായത്തിന്റെ വളർച്ചയിൽ നാഗർകോവിൽ ട്രസ്റ്റ് ശക്തമായി സ്വാധീനം ചെലുത്തി. തിരുവനന്തപുരത്ത് സർക്കാർ പ്രസ്സ് ആരംഭിച്ചപ്പോൾ നാഗർകോവിൽ പ്രസ്സിൽനിന്ന് അച്ചടി പഠിച്ചവരെയാണ് തൊഴിലാളികളായി ചേർത്തത്.

▶ നാഗർകോവിൽ പ്രസ്സ്

ആധുനിക അച്ചടിക്ക് കേരളത്തിൽ ആരംഭം കുറിക്കുന്നത് ബഞ്ചമിൻ ബെയ്‌ലിയാണ്. ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്) യുടെ പ്രവർത്തനങ്ങൾക്കായി കേരളത്തിലെത്തിയ ബെയ്‌ലി ആധുനികവിദ്യാഭ്യാസം തിരുവിതാംകൂറിൽ നടപ്പിലാക്കുന്ന പ്രവൃത്തിയിലാണ് ആദ്യം മുഴുകിയത്. എഴുത്തും വായനയും മനസിലാക്കിയ തിരുവിതാംകൂറിലെ പുതിയ തലമുറയിലേക്കാണ് ബെയ്‌ലി അച്ചടി അവതരിപ്പിച്ചത്. മലയാളം അച്ചടി, പുസ്തകപ്രസാധനം എന്നിവയുടെ പ്രാരംഭകനും പ്രതിഷ്ഠാപകനുമാണ് ബെഞ്ചമിൻ ബെയ്‌ലി. എഴുത്ത്, വായന, പുസ്തകപ്രസാധനം, ഗദ്യാഖ്യാനങ്ങളുടെ വ്യാപനം എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ ബെയ്‌ലി നടത്തിയിട്ടുണ്ട്. പ്രധാനമായും ബൈബിളിന്റെ പ്രസാധനമായിരുന്നു മുഖ്യലക്ഷ്യമെങ്കിലും നിരവധി നിഘണ്ടുക്കളും മതഗ്രന്ഥങ്ങളും ഉൾപ്പെടെ അനവധി ഗ്രന്ഥങ്ങൾ അദ്ദേഹം പ്രസാധനം ചെയ്തു. 1821-ൽ ഇംഗ്ലണ്ടിൽ നിന്നെത്തിയ അച്ചടിയന്ത്രം കൊണ്ടു മാത്രം അച്ചടി നടത്താൻകഴിയാതെ വന്നപ്പോൾ 1827-ൽ പുതിയൊരു അച്ചടിയന്ത്രം ബെയ്‌ലി ഉണ്ടാക്കി. 1828-ൽ ബോംബെയിൽ നിന്ന് രണ്ട് യന്ത്രങ്ങൾകൂടി വാങ്ങി. ഇതോടുകൂടി ബെയ്‌ലിയുടെ അച്ചടിശാല സുസജ്ജമായി മാറി.

▶ ബെയ്‌ലിയുടെ പ്രവർത്തനങ്ങൾ

മലബാറിൽ ആദ്യമായി അച്ചടിവിദ്യ അവതരിപ്പിച്ചത് ഹെർമൻ ഗുണ്ടർട്ടാണ്. കേരളപ്പഴമയുടെ ആദ്യപതിപ്പ് അദ്ദേഹം മംഗലാപുരത്ത് അച്ചടിച്ചു. മലബാർ പ്രദേശത്തെ സുവിശേഷ മേഖലയ്ക്കുവേണ്ട പുസ്തകങ്ങളും പുതുതായി ആരംഭിച്ച സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങളും അച്ചടിക്കാൻ മംഗലാപുരത്തെ അച്ചടിശാല മാത്രംകൊണ്ട് നടക്കില്ല എന്ന് മനസിലാക്കിയ ഗുണ്ടർട്ട് ഇല്ലിക്കുന്നിലെ തന്റെ ബംഗ്ലാവിൽ 1845 ഒക്ടോബർ 23-ന് ഉത്തരകേരളത്തിലെ ആദ്യത്തെ അച്ചുകൂടം സ്ഥാപിച്ചു. ഈ അച്ചടിശാലയിലാണ് മലയാളത്തിലെ ആദ്യപത്രമായ

SGOU

രാജ്യസമാചാരം അച്ചടിക്കപ്പെട്ടത് (1847). മലയാളത്തിൽ നവീനരീതിയിലുള്ള പാഠപുസ്തകത്തിന്റെ ആദ്യമാതൃകയായി കണക്കാക്കപ്പെടുന്നത് ഗുണ്ടർട്ടിന്റെ പാഠാരംഭമാണ്. കേരളചരിത്രവുമായി ബന്ധപ്പെട്ട് ഗുണ്ടർട്ട് എഴുതിയ കൃതിയാണ് കേരളോൽപ്പത്തി. മലയാളരാജ്യത്തിന്റെ ഭൂമിശാസ്ത്രത്തെ സംബന്ധിക്കുന്ന ആദ്യകൃതിയായ മലയാളരാജ്യ (1868) വും 1498 മുതൽ 1631 വരെയുള്ള കേരളചരിത്രത്തെ പരാമർശിക്കുന്ന കേരളപ്പഴമയും (1868) ഗുണ്ടർട്ട് പ്രസാധനം ചെയ്തു.

▶ ഗുണ്ടർട്ടിന്റെ അച്ചടിശ്രമങ്ങൾ

പത്തൊൻപതാംനൂറ്റാണ്ടായപ്പോഴേക്കും ഗദ്യത്തിൽ കൂടുതൽ പുസ്തകങ്ങൾ അച്ചടിക്കണമെന്ന ആവശ്യം ഉയർന്നുവന്നു. ഭാഷാപോഷിണിസഭ, ഭാരതവിലാസംസഭ തുടങ്ങിയ സാംസ്കാരികകൂട്ടായ്മകൾ ആധുനികഗദ്യത്തിന്റെ വളർച്ചയെക്കുറിച്ച് ധാരാളം ചർച്ച ചെയ്തു. വിദേശമിഷണറിമാർ അച്ചടിച്ച് പ്രസിദ്ധീകരിച്ച ബൈബിളിൽ വ്യാകരണ ഗ്രന്ഥങ്ങൾ, നിഘണ്ടുക്കൾ, പാഠപുസ്തകങ്ങൾ എന്നിവയെല്ലാം ഗദ്യഭാഷയിലായിരുന്നു. മിഷണറി മലയാളഗദ്യത്തിന്റെ വികാസപരിണാമങ്ങൾ പരിശോധിക്കാൻ ഗദ്യത്തെ രണ്ടു ഘട്ടങ്ങളായി വിഭജിക്കാം. 16 മുതൽ 18 വരെയുള്ള നൂറ്റാണ്ടുകളാണ് ഒന്നാംഘട്ടത്തിൽ. കത്തോലിക്കാമിഷണറിമാർ മാർഗനിർദ്ദേശം നൽകുന്ന ഘട്ടമാണിത്. രണ്ടാം ഘട്ടം 19-ാം നൂറ്റാണ്ടാണ്. പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ സേവനങ്ങൾക്ക് പ്രധാന്യമുള്ള കാലം. ദക്ഷിണകേരളത്തിൽ ലണ്ടൻ മിഷൻ സൊസൈറ്റിയും മധ്യകേരളത്തിൽ ചർച്ച് മിഷൻ സൊസൈറ്റിയും ഉത്തരകേരളത്തിൽ ബാസൽമിഷനുമാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

▶ ഗദ്യത്തിന്റെ രണ്ടു ഘട്ടങ്ങങ്ങൾ

## മുഖപ്രസംഗം

### കണ്ടത്തിൽ വർഗീസ് മാപ്പിള

മലയാള പത്രപ്രവർത്തനത്തിന്റെ ചരിത്രത്തിൽ സവിശേഷമായ സ്ഥാനമുള്ള പത്രാധിപരാണ് കണ്ടതിൽ വർഗീസ് മാപ്പിള. മനോരമ പത്രം ആരംഭിച്ചപ്പോൾ ഒരു വിധം എഴുതാൻ കഴിയുന്നവരെ ഒരുമിച്ചുകൂട്ടി അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയ മനീഷിയാണ് അദ്ദേഹം. സി. എസ്. സുബ്രഹ്മണ്യൻ പോറ്റി, മൂർക്കോത്തു കുമാരൻ തുടങ്ങിയവർ ഇവരിൽ ഉൾപ്പെടുന്നു. കൂടാതെ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സാഹിത്യസൃഷ്ടികൾക്ക് പദവിയും പ്രചാരവുമുണ്ടാക്കിക്കൊടുത്തതും ഇദ്ദേഹമാണ്. മലയാളസാഹിത്യത്തെ ഇരുപതാംനൂറ്റാണ്ടിന്റെ സുവർണകവാടത്തിലേക്കാനയിച്ചത് 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അധ്യക്ഷനും കണ്ടത്തിൽ വർഗീസ് മാപ്പിള കാര്യദർശിയുമായി പ്രവർത്തിച്ച ഭാഷാപോഷിണിസഭയാണ്. മലയാളമനോരമയുടെ സ്ഥാപകനെന്നതിലുപരി ഒരു ഉത്തമപത്രാധിപർക്കുവേണ്ട എല്ലാ ഗുണങ്ങളും തികഞ്ഞ വ്യക്തിത്വത്തിനുടമയായിരുന്നു കണ്ടത്തിൽ വർഗീസ് മാപ്പിള.

▶ പത്രാധിപർക്കു വേണ്ട എല്ലാ ഗുണങ്ങളും തികഞ്ഞ വ്യക്തിത്വ

നല്ല ഒരു പത്രാധിപർക്ക് വേണ്ട ഗുണങ്ങൾ ഉണ്ടായിരുന്ന വ്യക്തിത്വത്തിന് ഉടമയാണ് കണ്ടതിൽ വർഗീസ് മാപ്പിള. അതിന് തെളിവാണ് അദ്ദേഹത്തിന്റെ മുഖപ്രസംഗങ്ങൾ. ഈ മുഖപ്രസംഗങ്ങൾ മറ്റേതൊരു ചരിത്രപുസ്തകത്തേക്കാളും സുവ്യക്തമായി പോയനൂറ്റാണ്ടിന്റെ

അജ്ഞാതകഥകളിലേക്ക് വെളിച്ചം വീശുന്നു. സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മതാത്മക സംഭവങ്ങളെല്ലാം ഇതിലുണ്ട്. ഒരു നൂറ്റാണ്ടു മുമ്പ് കേരളത്തിൽ നടമാടിയിരുന്ന സാമൂഹിക അസമത്വങ്ങളും ഉച്ചനീചത്വങ്ങളും ഏതെല്ലാം തരത്തിലായിരുന്നു എന്ന് ഊഹിക്കാൻപോലും ഇന്നത്തെ തലമുറയ്ക്ക് സാദ്ധ്യമല്ല. നമ്പൂതിരി മുതൽ സാമൂഹ്യചട്ടക്കൂടിന്റെ അടിത്തട്ടിൽ അമർന്നടിഞ്ഞുകിടന്നിരുന്ന പുലയർ, പറയർ തുടങ്ങിയിട്ടുള്ള അയിത്തജാതികൾ ഉൾപ്പെടെ എല്ലാവരുടെയും ജീവിതവും വിശ്വാസാചാരങ്ങളും ഏറെ പ്രാകൃതവും മനുഷ്യത്വരഹിതവുമായിരുന്നു. അവരത്രയും അന്ധമായി വിശ്വസിച്ചുപോന്നിരുന്നത് ജാതിനിയമങ്ങളെയും ജാത്യാചാരങ്ങളെയുമാണ്. അവയുടെ ലംഘനം ദൈവകോപത്തിനിരയാക്കുമെന്നു കരുതിയിരുന്നതിനാൽ ഓരോ ജാതിക്കാരും തങ്ങളുടെ വിശ്വാസാചാരങ്ങൾക്ക് അനുസൃതമായി മാത്രം ജീവിച്ചുപോന്നു. അപ്പോഴും ഓരോ ജാതിയിലും ഒറ്റയൊറ്റയായിട്ടാണെങ്കിലും ഈ ആചാരവൈകൃതങ്ങളിൽ വീർപ്പുമുട്ടിക്കൊണ്ടിരുന്ന അൽപ്പം ചിലരെങ്കിലും ഉണ്ടായിരുന്നു.

> ▶ മുഖപ്രസംഗങ്ങൾ പോയനൂറ്റാണ്ടിലേക്ക് വെളിച്ചം വീശുന്നു

1888-ൽ അരുവിപ്പുറത്ത് ഗുരുസ്വാമികൾ നടത്തിയ ശിവപ്രതിഷ്ഠ കേരളത്തിലെ അധഃസ്ഥിതവർഗ്ഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിന് നിദാനമായി ഭവിച്ച മഹാവിപ്ലവമായിരുന്നു. അതിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് നമ്പൂതിരി മുതൽ പുലയർവരെയുള്ള ജാതികളെല്ലാം സാമൂഹികനവോത്ഥാനത്തിനുവേണ്ടി പുതിയ വേദികൾ സൃഷ്ടിച്ചു മുന്നോട്ടുവന്നത്. ഗുരുസ്വാമികളുടെ പ്രതിഷ്ഠാവിപ്ലവത്തോടൊപ്പം ഉത്ഭവിച്ച മലയാള മനോരമ കമ്പനിയും അതിന്റെ പത്രവും നവോത്ഥാനത്തിന്റെ ചരിത്രത്തിൽ അനശ്വരമായ സ്ഥാനം നേടിയെടുക്കുവാൻ പ്രാപ്തരായി. കേരളത്തിൽ അന്നുംഅതിനുശേഷവുമായി ഉണ്ടായ അനവധി പത്രങ്ങളിൽനിന്നു മലയാള മനോരമയെ വേറിട്ടുനിർത്തുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിനുമുമ്പ് സാമൂഹികരംഗത്തു മൊട്ടിട്ട നവോത്ഥാനപ്രസ്ഥാനങ്ങളോടൊപ്പം പ്രവർത്തിച്ച ഏകപത്രം എന്ന നിലയിലാണ്. വ്യത്യസ്തസമുദായങ്ങളും നിരവധി ജാതികളും ഉപജാതികളും വേറെ വേറെയായി കഴിഞ്ഞിരുന്ന അക്കാലത്ത് എല്ലാ മതസ്ഥരെയും എല്ലാ ജാതിക്കാരെയും ഏകസമൂഹമായി കണ്ടുകൊണ്ട് കേരളീയരുടെ കൂട്ടായുള്ള ഉത്ഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതിന് തുടക്കം കുറിച്ചത് മനോരമയാണ്.

> ▶ സാമൂഹികനവോത്ഥാനത്തിനുവേണ്ടി പുതിയ വേദികൾ

മലയാള മനോരമയുടെ പ്രഥമലക്കം ഇറങ്ങിയത് 1890 മാർച്ച് 22-ാം തീയതിയായിരുന്നു. അതിൽതന്നെ 'തിരുവിതാംകോട്ട് സംസ്ഥാനത്തിലെ പുലയരുടെ വിദ്യാഭ്യാസം' എന്ന ശീർഷകത്തിൽ അദ്ദേഹം എഴുതിയ മുഖപ്രസംഗം ശ്രദ്ധേയമാണ്. അക്കാലത്ത് ഒരു പത്രവും ഈ അരിക്വൽക്കരിക്കപ്പെട്ട ജാതികളുടെ വിദ്യാഭ്യാസപ്രശ്നം ഉരിയാടാൻ ധൈര്യപ്പെടുമായിരുന്നില്ല. ഇവിടെ ആദ്യലക്കത്തിൽ തന്നെയാണ് പുലയരുടെ വിദ്യാഭ്യാസത്തെക്കുറിച്ച് വർഗീസ് മാപ്പിള ആദർശനിഷ്ഠയോടുകൂടി ഉപന്യസിക്കുന്നത്. സ്വമതക്കാർ ഉൾപ്പെടെ മേൽജാതിക്കാർ എല്ലാവരുംതന്നെ ഇതു നീരസത്തോടുമാത്രം വീക്ഷിക്കുമായിരുന്നിട്ടുകൂടിയും സോദ്ദേശ്യപ്രേരിതനായ ആ നവോത്ഥാന നായകൻ അതിനു തുനിഞ്ഞത് പുലയരാദികളിൽനിന്നും കുറെ വരിക്കാരെ കിട്ടുമെന്നുള്ള മൂഢസ്വപ്നം കൊണ്ടായിരിക്കാനും തരമില്ല. എഴുത്തും വായനയും

നിഷിദ്ധമാക്കപ്പെട്ടിരുന്ന ഈ താഴ്ന്ന ജാതിക്കാരിൽ ഒന്നോ രണ്ടോ പേർ അക്ഷരം ശീലിച്ചിട്ടുണ്ടെങ്കിൽത്തന്നെയും പണം കൊടുത്ത് പത്രം വാങ്ങുവാനുള്ള സ്ഥിതി അവർക്കില്ലായിരുന്നുവല്ലോ. ഇത്തരം അവസ്ഥയിൽ പുതുതായി തുടങ്ങിയ ഈ പത്രവും പത്രാധിപരും എന്തിനാണ് ഇതിനിറങ്ങിയതെന്ന് അന്വേഷിക്കുമ്പോഴാണ് മഹാമേരുവോളം ഉയർന്നുനിൽക്കുന്ന ആദർശപ്രൗഢിയുടെ പ്രാഗത്ഭ്യം ദർശിക്കുവാൻ കഴിയുക. ഇവിടെ സമൂഹം വളരണമെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പുരോഗതി കൈവരണമെന്ന് വർഗീസ് മാപ്പിള മനസ്സിലാക്കി. രാഷ്ട്രശരീരത്തിലെ ഏതെങ്കിലും ഒരവയവം തളർന്നാൽ മതി ശരീരത്തെ ആകമാനം അത് ബാധിക്കുവാൻ.

▶ ജാതിഭേദമില്ലാതെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ചു

പുലയവിദ്യാഭ്യാസത്തെക്കുറിച്ച് 1890-ൽ എഴുതിയ ഈ മുഖക്കുറിപ്പ് കേരളത്തിലെ സാമൂഹികനവോത്ഥാനത്തിന്റെ ചരിത്രം അറിയുവാൻ ശ്രമിക്കുന്ന ആരെയും ആവേശം കൊള്ളിക്കുന്നതാണ്. മലയാളമൊട്ടുക്കും നീചജാതിക്കാരെന്ന് പറയപ്പെട്ടുവരുന്നവരിൽ ജനസംഖ്യകൊണ്ട് പ്രാധാന്യം പുലയർക്കത്രേ. ഇവർ കേവലം മൃഗപ്രായന്മാരെങ്കിലും ഇവരുടെ മനുഷ്യസാമാന്യതയെപ്പറ്റി സംശയിക്കുന്നവർ ഇപ്പോൾ വളരെ ചുരുക്കമാണ്. ഇതിന് ഇവരുടെ വിദ്യാഭ്യാസത്തെക്കുറിച്ച് സർക്കാരിലേക്ക് ഈയിടെ ഉണ്ടായിരിക്കുന്നതായിക്കാണുന്ന ശ്രദ്ധതന്നെ ലക്ഷ്യം. എങ്കിലും ഇവരെക്കൊണ്ട് കുറഞ്ഞ കൂലിക്ക് വേലയെടുപ്പിച്ച് കാലക്ഷേപം ചെയ്യുന്ന കൃഷിക്കാർ ഉൾപ്പെട്ട ആളുകളിൽ പലരും ഇതിന് വിരോധികളാണെന്ന് കാണുന്നതിൽ വളരെ വ്യസനമുണ്ട്. വേലയ്ക്ക് കൂലി കൂടുതലായി ആവശ്യപ്പെടുന്നത് സ്വാഭാവികമാണെന്നും ഇതിനുതക്കവണ്ണം വിളകളും വിളകൾക്ക് വിലയും ഉയർന്നുവരേണ്ടതാണെന്നും വേല നിറവേറ്റാനുള്ളവർ സുശീലന്മാരും വിവരമുള്ളവരും ആയിരുന്നാൽ അന്യോന്യം ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിക്കാൻ തക്ക സ്ഥിതി വന്നുകൂടുന്നതാകയാൽ പല പ്രകാരത്തിലും തങ്ങൾക്ക് ആദായം അധികപ്പെടുവാനേ ഇടയുള്ളൂവെന്നും അവർക്ക് തോന്നാത്തത് ആശ്ചര്യം തന്നെ. കൂടുതൽ വിലയും അധികം ചെലവുമുള്ള തീറ്റയും കൊടുത്ത് നല്ല കാലികളെക്കൊണ്ട് പണിയിക്കാൻ പല കൃഷിക്കാർക്കും സമ്മതമുള്ള സ്ഥിതിക്ക് ഇതിനെക്കുറിച്ച് അവർ അന്യഥാ വിചാരിക്കുന്നത് കേവലം ആലോചനക്കുറവുകൊണ്ട് എന്നുതന്നെ വന്നുകൂടുന്നു. കന്നുകാലികൾക്ക് തങ്ങളെ പലവക ചെലവുകളും ചെയ്ത് പോറ്റുന്ന ഉടമസ്ഥനെക്കുറിച്ച് ഒരു പുലയനോളം അറിവുണ്ടായിരുന്നുവെങ്കിൽ അവനെക്കൊണ്ട് പണിചെയ്യിക്കുന്നതിനും മറ്റുമായി എല്ലാ കൃഷിക്കാരും ഇന്നത്തേതിൽ കൂടുതൽ ചെലവ് ചെയ്യുമായിരുന്നു.

▶ താഴ്ന്ന ജാതിക്കാരോട് വളരെ മോശമായി പെരുമാറിയിരുന്നു

'എല്ലാ കൃഷിക്കാരും സദാ വിനിമയിച്ചുവരുന്ന ഏറിയൊരു പുലയരുടെ കൂലി ലാഭമാക്കുകയാൽ കേവലം കന്നുകാലികളുടെ സമത്തിലും തീറ്റി മുതലായവ നൽകുന്ന കാര്യത്തിലും ഇവയെക്കാൾ വളരെ താഴ്ചയിലും ഇരിക്കുന്ന പുലയരെ പരിഷ്ക്കരിച്ച് തങ്ങളുടെ യജമാനന്മാരുടെ തൊട്ടടുത്തുവരുന്നത് വാസ്തവത്തിൽ വളരെ നന്നായിരിക്കയില്ലയോ എന്ന് അവർ സാവധാനമായി ആലോചിച്ചുനോക്കട്ടെ. ഇക്കാര്യത്തിൽ ആയിടയ്ക്കായി തിരുവിതാംകൂർ സർക്കാർ എടുത്തിട്ടുള്ള നടപടികൾ ഈ സമുദായങ്ങളുടെ ഉദ്ഗതിക്ക് എത്രത്തോളം പ്രയോജനപ്പെടുന്നുണ്ട് എന്നു തീർച്ചപ്പെടുത്താൻ ആവശ്യമായ അന്വേഷണം നടത്തിക്കൊ


SGOU

ണ്ടിരിക്കണമെന്നും ഈ ലേഖനം ഉദ്ബോധിപ്പിക്കുന്നുണ്ട്. രാജ്യക്ഷേമത്തിന് അത്യന്തം ഉപയുക്തമായ പുലയരുടെ വിദ്യാഭ്യാസം വകയ്ക്ക് സർക്കാരിൽനിന്നും ചെലവാക്കുന്ന പണം പരമാർത്ഥത്തിൽ അതിലേക്കുതന്നെ ചെല്ലുന്നുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ടിരിക്കുന്നതിന് മേലുദ്യോഗസ്ഥന്മാരെ പ്രത്യേകം ഓർമ്മപ്പെടുത്തിക്കൊണ്ടാണ്' ഈ മുഖലേഖനം സമാപിക്കുന്നത്.

- സർക്കാർ നടപടികൾ പ്രയോജനപ്പെടുന്നുണ്ടോ?

## Summarised Overview

വായന എന്ന സംസ്കാരവുമായി അച്ചടി പുസ്തക മാസികാപ്രസാധനം ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹികമാറ്റങ്ങളും സാക്ഷരതയും മലയാളിയെ വായനയിലേക്ക് നയിച്ചു. മാളിയേക്കൽ അച്ചുകൂടക്കാരനായ മാളിയേക്കൽ കുഞ്ഞുവറീദ് തന്റെ ശ്രീ മഹാഭാഗവതം ദശമം എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ പറയുന്നത് എഴുത്തച്ഛന്റെ കാലം മുതൽക്ക് മലയാളികൾക്ക് പുരാണ പരിശീലനത്തിന് മാർഗം ലഭിച്ചിരിക്കുന്നു എന്നാണ്. എന്നാൽ അന്തർജനങ്ങൾക്കും അവരെ അനുഗമിച്ചിരുന്ന മറ്റു സ്ത്രീകൾക്കും പ്രസ്തുതകൃതിയുടെ ആവിർഭാവത്തിനു ശേഷമാണ് അതിനുള്ള ഭാഗ്യം ലഭിച്ചത്. വായനാവിഭവം എന്ന രീതിയിൽ പുസ്തകം ആവശ്യപ്പെടുന്ന സ്ത്രീകൾ അന്ന് ഉണ്ടായിരിക്കണമെന്നാണ് മാളിയേക്കൽ കുഞ്ഞുവറീദ് സാക്ഷ്യപ്പെടുത്തുന്നത്. അച്ചടി വായനയിലേക്ക് കൊണ്ടുവന്നത് ബഹുജനത്തിന്റെ സാന്നിദ്ധ്യമാണ്. ആദ്യത്തെ പൊതുജനമാദ്ധ്യമം വായനയാണ്. വായന ഒരു ഇടപെടലാണ്. കൃതിയെ അഴിച്ചെടുത്ത് പാഠങ്ങളാക്കുന്ന സംവാദാത്മകക്രിയയായി വായനയെ മനസിലാക്കാമെന്നർത്ഥം. ഈ അഴിച്ചെടുക്കലാകട്ടെ വിഭിന്നവിചാരമാതൃകകളുടെയും പ്രത്യയശാസ്ത്രധാരണകളുടെയും പ്രവൃത്തിമണ്ഡലമായി വായനയെ മാറ്റിത്തീർക്കുന്നുണ്ട്.

ചുരുക്കത്തിൽ കേരളത്തിന്റെ ആധുനീകരണത്തിൽ വിജ്ഞാനവിതരണത്തിന് അടിസ്ഥാനഘടകമായി നിലനിന്നിരുന്നത് അച്ചടിമാധ്യമങ്ങളാണ്. പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി വളർന്നുവന്ന പത്ര, പുസ്തകസംസ്കാരത്തിലൂടെയാണ് കേരളീയ വായനാസമൂഹം രൂപപ്പെട്ടത്. കേരളീയ സംസ്കാരത്തിന്റെയും മലയാളഭാഷയുടെയും വികാസത്തെ പ്രതിഫലിപ്പിക്കുന്ന മേഖല എന്ന നിലയിൽ പുസ്തകപ്രസാധനവും അച്ചടിയും കേരളത്തിന്റെ സംസ്കാരികചരിത്രം തന്നെയാണ്. മലയാള പുസ്തകവായനാ സംസ്കാരത്തിന്റെ ചരിത്രം കേരളസമൂഹത്തിന്റെ രാഷ്ട്രീയാഭിരുചിയുടെ ചരിത്രംകൂടിയാണ്.

കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ ലേഖനത്തിൽനിന്ന് ഉരുത്തിരിയുന്ന സാമൂഹികപ്രശ്നങ്ങൾ ഒരു കാലഘട്ടത്തിന്റെ അവസ്ഥ വെളിപ്പെടുത്തുന്നു. അധഃസ്ഥിതവർഗങ്ങളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ളവരാണ് പുലയർ. എന്നാൽ മൃഗങ്ങളേക്കാൾ കഷ്ടതരമാണ് അവരുടെ ജീവിതം. ഒരുകാലത്ത് ഇവർ ആരുംതന്നെ മനുഷ്യരായിരുന്നുവെന്ന് സമൂഹത്തിലെ മേലേത്തലപ്പിലുള്ളവർ അംഗീകരിച്ചിരുന്നില്ല. ലേഖനത്തിൽ ഇവരുടെ മനുഷ്യസാമാന്യതയെപ്പറ്റി സംശയിക്കുന്നവർ ഇപ്പോൾ വളരെ ചുരുക്കമാണല്ലോ എന്ന് എഴുതിയിരിക്കുന്നതിൽ നിന്നും ഇത് ഊഹിക്കാവുന്നതാണ്. അതുപോലെ 'ഈ ഏഴജാതികളെ വിദ്യ അഭ്യസിപ്പിച്ച് ഉദ്ധരിക്കുന്ന കാര്യത്തിൽ മറ്റുള്ളവർക്ക് ആർക്കുംതന്നെ താൽപ്പര്യമില്ലെന്നു മാത്രമല്ല, അവരത്രയും അതിനെതിരാണെന്നും' വ്യക്തമാക്കുന്നുണ്ട്. ഇങ്ങനെ സാമൂഹ്യപുരോഗതിക്ക് എതിരായി നിൽക്കുന്നവരോട് ലേഖകൻ തന്റെ ദുഃഖം രേഖപ്പെടുത്തുകയും ചെയ്യുന്നു. ജോലി ചെയ്യുന്നവനു തൃപ്തികരമായി ഭക്ഷണവും കൂലിയും നൽകുന്നുവെങ്കിൽ അത് കൃഷിയുടെ വർദ്ധനവിനു സഹായമാകും. കാരണം വേലക്കാർ ആത്മാർത്ഥമായി അദ്ധ്വാനിക്കുമെങ്കിൽ അതിന്റെ

SGOU

ഫലം ഉണ്ടാകുമല്ലോ. ആടുമാടുകൾക്ക് കൂടുതൽ തീറ്റയും സംരക്ഷണവും നൽകുമ്പോഴാണ ല്ലോ അവയിൽനിന്നും കൂടുതൽ പാലും മറ്റും ലഭിക്കുക. അതുപോലെ കൃഷിപ്പണിക്കിറങ്ങു ന്നവരോട് ഈ മൃഗങ്ങളോട് കാണിക്കുന്ന താത്പര്യമെങ്കിലും മേലാളന്മാർക്ക് ഉണ്ടാകണമെന്ന് ഈ മുഖപ്രസംഗം ആവശ്യപ്പെടുന്നുണ്ട്.

കൃഷിക്കാരുടെ കഴിവിനെ പരിപോഷിപ്പിക്കുവാൻ അവന് വിദ്യാഭ്യാസം നൽകുകയാണു പ്രധാനമായും വേണ്ടത്.1890-ൽ ഇതെഴുതുമ്പോൾ പുലയ-പറയാദികളുടെ ക്ലേശകരമായ ജീ വിതം എന്തായിരുന്നുവെന്ന് ഇന്നുള്ളവർക്ക് ഒരേകദേശരൂപമെങ്കിലും ഉണ്ടാവാൻ ഇടയില്ല. 1893-ൽ ആണ് അധഃസ്ഥിതരുടെ പടനായകനായ അയ്യങ്കാളി ഒരു വില്ലുവണ്ടിയുമായി പൊ തുനിരത്തിലൂടെ സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി സമരാഹ്വാനം നടത്തുന്നത്. പിന്നെയും എത്രയോ വർഷങ്ങൾക്കുശേഷമാണ് പുലയക്കിടാങ്ങൾക്ക് സർക്കാർ സ്കൂളുകളിൽ പ്രവേശനം വാങ്ങിയെടുക്കുവാൻ തീവ്രസമരങ്ങൾ നടത്തേണ്ടതായിവന്നത്. 1911-ൽ പോലും പുലയരുടെ ഒരു യോഗം കൂടുവാൻ കൊച്ചിപ്രദേശത്ത് സ്ഥലം ലഭിക്കുമായിരുന്നില്ല. പണ്ഡിറ്റ് കറുപ്പന്റെ ഉപദേശപ്രകാരം കൃഷ്ണാദി ആശാന്റെ നേതൃത്വത്തിൽ വള്ളങ്ങൾ കൂട്ടിക്കെട്ടി കായ ലിൽവെച്ചായിരുന്നു പുലയരുടെ ഒരു യോഗം കൂടുന്നത്. മനുഷ്യാവകാശങ്ങൾ എല്ലാം തന്നെ നിഷേധിക്കപ്പെട്ടിരുന്ന ഈ ജാതിക്കാരുടെ വിദ്യാഭ്യാസത്തെക്കുറിച്ചാണ് 1890 ആദ്യത്തിൽ മല യാള മനോരമയുടെ പ്രഥമലക്കം തറപ്പിച്ചെഴുതിയതെന്ന കാര്യം ഏതു സാമൂഹ്യശാസ്ത്ര ജ്ഞന്റെയും കണ്ണ് തുറപ്പിക്കുവാൻ പര്യാപ്തമാണ്.

തിരുവിതാംകൂർ സർക്കാരിൽനിന്നും പുലയരുടെ വിദ്യാഭ്യാസം വകയ്ക്ക് പ്രത്യേകം ഒരു സം ഖ്യ അനുവദിക്കുകയും ഇതിൻപ്രകാരം പലദിക്കിലും പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തി നടത്തുക യും ചെയ്യുന്നത് രാമരായർ ദിവാൻജി അവർകളാണ്. അധഃസ്ഥിതരുടെ ഉദ്ഗതി സമൂഹത്തിന്റെ ഒന്നായുള്ള വളർച്ചയുടെ പ്രാഥമികഘടകമാണെന്ന് മനോരമ ആവർത്തിച്ചാവർത്തിച്ച് വ്യക്തമാ ക്കിയിരുന്നു. സാമൂഹ്യനവോത്ഥാനത്തിന്റെ അവശ്യഘടകമെന്ന നിലയ്ക്ക് ചേറിലും ചണ്ടിയി ലും അമർന്നടിയുന്ന ലക്ഷോപലക്ഷം പുലയ-പറയാദി ജാതികളെ മനുഷ്യരായി അംഗീകരിച്ച് അവരിൽ അവകാശബോധം അങ്കുരിപ്പിക്കുക എന്നതായിരുന്നു മനോരമയുടെ ലക്ഷ്യം. എവി ടെയെല്ലാം ഈ ഏഴജാതികൾക്കെതിരായി പ്രവർത്തിക്കുന്നുവോ, അവയെയെല്ലാം ജനശ്രദ്ധ യിൽ കൊണ്ടുവന്ന് അത്തരം മനുഷ്യത്വരഹിതമായ ചെയ്തികളെ അപലപിക്കുവാനും അവ അവസാനിപ്പിക്കണമെന്ന് പറയുവാനും മലയാള മനോരമ നടത്തിയിട്ടുള്ള ശ്രമം ഒരു സാമൂഹ്യ ശാസ്ത്രവിദ്യാർത്ഥിക്കും കണ്ടില്ലെന്നു നടിക്കുക സാദ്ധ്യമല്ല.

# Assignments

1. അച്ചടിയുടെ വരവോടുകൂടി സമൂഹത്തിൽ വന്ന മാറ്റം എന്ത്? പരിശോധിക്കുക.
2. അച്ചടിയും വായനയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ചർച്ചചെയ്യുക.
3. സമൂഹത്തിൽ നടമാടിയിരുന്ന ഉച്ചനീചത്വങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
4. ആദ്യകാലത്ത് താഴ്ന്ന ജാതിക്കാർ അനുഭവിച്ചിരുന്ന മാനസിക ശാരീരിക പീഡനങ്ങൾ വിശദമാക്കുക.
5. സാമൂഹികമാറ്റങ്ങൾ മലയാളിയുടെ വായനാസ്വഭാവത്തെ മാറ്റിത്തീർത്തതെങ്ങനെ?
6. കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ ലേഖനത്തിൽനിന്ന് ഉരുത്തിരിയുന്ന സാമൂഹികപ്രശ് നങ്ങൾ വിശദമാക്കുക.

## Suggested Readings


1. തോമസ് ജേക്കബ്, ചന്ദ്രക്കലാധരൻ, മനോരമ ബുക്സ്, കോട്ടയം.
2. എൻ. പി. രാജേന്ദ്രൻ, മലയാള പത്രപംക്തി എഴുത്തും ചരിത്രവും, കേരള പ്രസ് അക്കാദമി, കൊച്ചി.


## References


1. ഡി. സി. കിഴക്കേമുറി, അച്ചടിയും പുസ്തകപ്രസിദ്ധീകരണവും, മലയാള പത്രചരിത്രം, സത്യനാദം ശതാബ്ദി സ്മാരകം, കൊച്ചി.
2. കെ. എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരികപ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.
3. ഡോ. വള്ളിക്കാവ് മോഹൻദാസ്, പത്രാധിപർ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.


SGOU

# 2. പ്രസ്താവന, വൃത്താന്തപത്രപ്രവർത്തനം

**ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ**

## Learning Outcomes

- പത്രപ്രവർത്തനത്തിന്റെ വിവിധവശങ്ങൾ പരിചയപ്പെടുന്നു
- ചെങ്കുളത്ത് കുഞ്ഞിരാമമേനോന്റെ എഴുത്തുജീവിതത്തെക്കുറിച്ച് സാമാന്യധാരണ ലഭിക്കുന്നു
- പത്രപ്രവർത്തനത്തെക്കുറിച്ചുള്ള മലയാളത്തിലെ ആദ്യഗ്രന്ഥത്തെ പരിചയപ്പെടുന്നു
- മലയാളപത്രങ്ങളുടെ ആദ്യകാലപ്രത്യേകതകളിൽ ചിലതിനെ മനസിലാക്കുന്നു

## Background

വൃത്താന്തപത്രപ്രവർത്തനം എന്ന കൃതിയുടെ രചയിതാവ് സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയാണ് (1878-1016). പത്രപ്രവർത്തനത്തെക്കുറിച്ചുള്ള ആദ്യമലയാളകൃതിയാണിത്. 12 അധ്യായങ്ങളിലായി പത്രപ്രവർത്തനത്തിന്റെ വിവിധ വശങ്ങൾ ഈ കൃതിയിൽ അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ കൃതിക്ക് പ്രസ്താവന എഴുതിയിരിക്കുന്നത് കേരളപത്രിക പത്രാധിപരായിരുന്ന ചെങ്കുളത്ത് സി. കുഞ്ഞിരാമമേനോനാണ്. മലയാളത്തിലെ പത്രപ്രവർത്തകനും എഴുത്തുകാരനുമാണ് ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ (1857-1935). 1895ൽ ലണ്ടനിൽ നടന്ന ലോകപത്രാധിപസമ്മേളനത്തിൽ പങ്കെടുക്കാൻ ക്ഷണിക്കപ്പെട്ട മൂന്നു ഇന്ത്യൻ പത്രാധിപന്മാരിൽ ദ ഹിന്ദു, അമൃത്ബസാർ പത്രിക എന്നിവയുടെ പത്രാധിപന്മാർക്കൊപ്പം കുഞ്ഞിരാമമേനോനും ഉണ്ടായിരുന്നു.

മലബാറിൽനിന്ന് ഒരു വാർത്താപത്രം ആദ്യമായി പ്രസിദ്ധീകരിക്കുന്നത് കുഞ്ഞിരാമമേനോനാണ്. 48 വർഷം കേരളപത്രികയുടെ പത്രാധിപത്യം വഹിച്ച വ്യക്തിയാണ് അദ്ദേഹം. വിദേശ പത്രങ്ങളിലെ വാർത്തകൾ നൽകുക എന്ന ആദ്യകാലസ്വഭാവത്തിൽനിന്ന് വാർത്തയോടൊപ്പം അഭിപ്രായങ്ങളും വിമർശനങ്ങളും ആവശ്യങ്ങളും ചേർക്കുക എന്ന രീതിക്കു തുടക്കം കുറിക്കുന്നത് കുഞ്ഞിരാമമേനോനാണ്. മാധ്യമപ്രവർത്തനജീവിതത്തിലുടനീളം ധാർമ്മികത ഉയർത്തിപ്പിടിക്കുന്നതിൽ അദ്ദേഹം ജാഗരൂകനായിരുന്നു. ടി. എം. അപ്പുനെടുങ്ങാടി, കെ. ടി. വർഗ്ഗീസ്, കണ്ണമ്പ വലിയ ഉണ്ണിനായർ എന്നിവരുടെ സഹായത്തോടെയാണ് 1884-ൽ കേരളപത്രിപത്രം നിലവിൽവന്നത്. തന്റെ 'കേരളപത്രിക' എന്ന പത്രം മലയാളജില്ലയിൽ മലയാളഭാഷയിലെ ഒന്നാമത്തെ പത്രമാണ് എന്ന് കുഞ്ഞിരാമമേനോൻ വൃത്താന്തപത്രപ്രവർത്തനത്തിന്റെ പ്രസ്താവനയിൽ അവകാശപ്പെടുന്നുണ്ട്.


## Keywords

വൃത്താന്തപത്രപ്രവർത്തനം-സ്വദേശാഭിമാനി രാമകൃഷ്ണപിള്ള-ചെങ്കുളത്ത് സി. കുഞ്ഞിരാമ മേനോൻ-പ്രസ്താവന-പത്രാധിപർ

# Discussion

## 2.1.2 പ്രസ്താവന, വൃത്താന്തപത്രപ്രവർത്തനം

### കുഞ്ഞിരാമമേനോൻ ചെങ്കുളത്ത്

പത്രപ്രവർത്തനത്തെക്കുറിച്ചുള്ള മലയാളത്തിലെ ആദ്യഗ്രന്ഥം സ്വദേശാഭിമാനി രാമകൃഷ്ണപിള്ള 1912-ൽ എഴുതിയപ്പോൾ അതിൽ പ്രസ്താവന എഴുതാൻ അഭ്യർത്ഥിച്ചത് ചെങ്കുളത്ത് കുഞ്ഞിരാമമേനോനോടായിരുന്നു. മാധ്യമസദാചാരവും മര്യാദയും ഉയർത്തിപ്പിടിച്ചുകൊണ്ട് ശരിക്കും അന്തസ്സുള്ള പത്രപ്രവർത്തനമാണ് കുഞ്ഞിരാമമേനോൻ നടത്തിയിരുന്നത് എന്ന് അംഗീകരിച്ചുകൊണ്ട് മലയാളമനോരമ അദ്ദേഹത്തെക്കുറിച്ച് മുഖപ്രസംഗം തയ്യാറാക്കിയിട്ടുണ്ട്. പത്രപ്രവർത്തനം അത്ര എളുപ്പമുള്ള പണിയല്ലെന്ന് വൃത്താന്തപത്രപ്രവർത്തനം എന്ന പുസ്തകം വായിക്കുന്നവർക്കറിയാമെന്ന് പ്രസ്താവനയിൽ അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. പ്രത്യേകപഠിപ്പും തയ്യാറെടുപ്പുകളും പത്രപ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ ചിലരെങ്കിലും അല്ലാതെയും പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവരുന്നുണ്ട്. ഒരു പത്രാധിപരുടെ ഏറ്റവും മികച്ച ഗുണം സത്യവും സ്വാതന്ത്ര്യവും വിടാതെ കാര്യങ്ങൾ അവതരിപ്പിക്കാനും പ്രവർത്തിക്കാനുമുള്ള ധൈര്യമാണ്. ഇംഗ്ലണ്ട്, അമേരിക്ക തുടങ്ങിയ രാഷ്ട്രങ്ങളിലെ പത്രമേഖലപോലെ നമ്മൾ അത്രത്തോളം ഉൽകൃഷ്ടാവസ്ഥയിൽ എത്തിയിട്ടില്ല.

> ▶ പത്രപ്രവർത്തനത്തെക്കുറിച്ചുള്ള ആദ്യഗ്രന്ഥം

ആദ്യകാലത്ത് ഒരു പ്രമാണിയുടെയോ ഒരു ഉന്നത ഉദ്യോഗസ്ഥന്റെയോ അഭിപ്രായമായിരുന്നു അഭിപ്രായമായി പരിഗണിച്ചിരുന്നത്. പൊതുജനങ്ങൾക്ക് പ്രത്യേക അഭിപ്രായം ഉണ്ടായിരുന്നില്ല. പ്രത്യേക അഭിപ്രായം ഉള്ളവർപോലും അത് പ്രകടിപ്പിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല. കേരളപത്രികയാണ് മലയാളഭാഷയുടെ ആദ്യപത്രമെന്നും അതിനുമുൻപ് ഒന്നു രണ്ട് മലയാളപത്രങ്ങൾ ഉണ്ടായിരുന്നെന്നും അവയൊന്നും മലയാള ജില്ലക്കാർ കൃത്യമായി വരുത്തുകയോ വായിക്കുകയോ ചെയ്തിരുന്നില്ലെന്നും പ്രസ്താവനയിൽ അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. ആദ്യകാലത്ത് പദ്യത്തിനു പ്രാധാന്യമുണ്ടായിരുന്നു. മാത്രമല്ല പദ്യങ്ങൾ മാത്രം വായിച്ചു ശീലിച്ചിരുന്നതിനാൽ ഗദ്യങ്ങൾ എഴുതുവാൻ ശീലം കുറവായിരുന്നു. ആയതിനാൽ ലേഖന ദൗർലഭ്യം നിലനിന്നിരുന്നതായി പ്രസ്താവനയിൽ രേഖപ്പെടുത്തിയിരുന്നു. വർത്തമാനപത്രങ്ങളിൽ ശ്ലോകങ്ങൾ പ്രസിദ്ധീകരിക്കുകയും നാട്ടിൻപുറങ്ങളിൽനിന്നുവരുന്ന വർത്തമാനകത്തുകളും ലേഖനങ്ങളുമൊക്കെ മലയാളത്തിലാക്കി മാറ്റുകയും ചെയ്തിരുന്നു.

> ▶ മലയാളഭാഷയുടെ ആദ്യപത്രം

ഏറെ വ്യത്യസ്തമായ അഭിരുചികളും താത്പര്യങ്ങളും അന്ന് നിലനിന്നിരുന്നു. അഴിമതിയും വ്യക്തിതാൽപ്പര്യങ്ങളും സ്വജനപക്ഷപാതവും ഉദ്യോഗസ്ഥരുടെ ഇടയിൽ സാധാരണയായി കണ്ടുവന്നു. കൈക്കൂലി വാങ്ങുന്നവരെയും ജനങ്ങളെ ദ്രോഹിക്കുന്നവരെയും നാട്ടുപ്രമാണിമാർപോലും ഭയഭക്തിബഹുമാനത്തോടെയാണ് കണ്ടിരുന്നത്. നല്ല കാര്യങ്ങൾ കേൾക്കുവാനോ അംഗീകരിക്കുവാനോ ഉള്ള മനസാന്നിധ്യം

> ▶ അഭിപ്രായങ്ങൾക്കും നടപടികൾക്കും ഏറെ വ്യത്യാസം

അന്ന് ജനങ്ങൾക്ക് ഉണ്ടായിരുന്നില്ല. വിപരീത ചിന്താഗതി ഉള്ളവരായിരുന്നു ബഹുഭൂരിപക്ഷം ജനങ്ങളും. ആരെങ്കിലും അഭിപ്രായം പറയണമെന്നാഗ്രഹിച്ചാൽതന്നെ അതിനുള്ള കഴിവ് അവർക്ക് ഉണ്ടായിരുന്നില്ല. പണ്ട് നിലനിന്ന രീതികളും ഇപ്പോഴുള്ള രീതികളും തുലനം ചെയ്തുനോക്കിയാൽ ജനങ്ങളുടെ അഭിപ്രായങ്ങൾക്കും നടപടികൾക്കും ഏറെ വ്യത്യാസം വന്നിട്ടുള്ളതായി മനസിലാക്കാൻ കഴിയും. നിരവധി രചനകളാൽ സമ്പന്നമാണ് സാഹിത്യമേഖലകൾ എല്ലാംതന്നെ.

തിന്മകൾ കണ്ടുപിടിച്ച് നിർമാർജ്ജനം ചെയ്യുന്നതിനും നന്മ ചെയ്യുന്നവരെ അംഗീകരിക്കുന്നതിനും ഇന്ന് മാധ്യമങ്ങളും ജനങ്ങളും മുന്നോട്ട് വന്നിരിക്കുന്നു. പല അനീതികളും പത്രങ്ങളിൽ പ്രസിദ്ധം ചെയ്യുന്നതിനും അവ അവസാനിപ്പിക്കുന്നതിനും ജനങ്ങൾക്ക് യാതൊരു മടിയും ഇല്ലാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കാലം മാറിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം മാധ്യമങ്ങൾ സാമൂഹിക ചർച്ചയിൽ പല നിർണ്ണായകപങ്കും വഹിക്കുന്നുണ്ട്. വർത്തമാനപത്രങ്ങൾ ജനങ്ങളുടെ ഇടയിൽ വരുത്തിയ സ്വാധീനം വളരെ വലുതാണ്. പല കാലഘട്ടത്തിലുമുള്ള പത്രങ്ങൾ പരിശോധിച്ചാൽ ഇത് മനസിലാക്കാവുന്നതാണ്. വായന വിദ്യാഭ്യാസത്തിന്റെ പ്രധാനഭാഗമാണ്. വിദ്യാശാലകളിൽ വച്ച് പുസ്തകങ്ങൾ പഠിക്കുക മാത്രമല്ല വിദ്യാഭ്യാസം. അറിവ് നേടുക എന്ന പ്രക്രിയ അനസ്യൂതം തുടർന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. ആയതിനാൽ വിദ്യാഭ്യാസത്തിനുശേഷവും അറിവ് നേടുന്നതിന് വായന സഹായിക്കുന്നു. അതിൽ ഒരു പ്രധാനഭാഗം പത്രവായനയിൽനിന്ന് സിദ്ധിക്കുന്നു.

> ▶ വർത്തമാനപത്രങ്ങൾക്ക് വലിയ സ്വാധീനം

## Summarised Overview

പത്രപ്രവർത്തനം മറ്റ് തൊഴിലുകളെപ്പോലെ മഹനീയമായ ഒരു തൊഴിലാണ്. പത്രപ്രവർത്തനത്തെക്കുറിച്ച് വിവരിക്കുന്ന ആദ്യമലയാളപുസ്തകമാണ് രാമകൃഷ്ണപിള്ളയുടെ വൃത്താന്തപത്രപ്രവർത്തനം. ഈ കൃതിക്ക് പ്രസ്താവന എഴുതിയിരിക്കുന്നത് കേരളപത്രികാ പത്രാധിപരായിരുന്ന ചെങ്കുളത്ത് സി. കുഞ്ഞിരാമമേനോനാണ്. മലബാറിൽനിന്ന് ഒരു വാർത്താപത്രം ആദ്യമായി പ്രസിദ്ധീകരിക്കുന്നത് കുഞ്ഞിരാമമേനോനാണ്. 48 വർഷം കേരളപത്രികയുടെ പത്രാധിപത്യം വഹിച്ച വ്യക്തിയാണ് അദ്ദേഹം. മലയാളപത്രങ്ങളുടെ അന്നത്തെ രീതി വളരെ നല്ല നിലയിൽ ആയിരുന്നില്ലെന്ന് പ്രസ്താവനയിൽ സി. കുഞ്ഞിരാമമേനോൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. തിരുവിതാംകൂറിൽനിന്ന് പുറത്തിറങ്ങുന്ന പത്രങ്ങളിലാണ് ഇത് പ്രധാനമായും കണ്ടുവരുന്നത് എന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. മലയാളപത്രങ്ങളുടെ ആദ്യകാലത്ത് പ്രമാണിമാരുടെയോ ഉദ്യോഗസ്ഥരുടെയോ അഭിപ്രായത്തിനപ്പുറം പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്ക് വേണ്ടത്ര വിലയുണ്ടായിരുന്നില്ല. ആരെങ്കിലും അഭിപ്രായം പറയണമെന്നാഗ്രഹിച്ചാൽ തന്നെ അതിനുള്ള കഴിവും അവർക്ക് ഉണ്ടായിരുന്നില്ല.

വൃത്താന്തപത്രപ്രവർത്തനത്തിന്റെ രചയിതാവായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള സ്വാതന്ത്ര്യത്തേയും സത്യസന്ധതയേയും ജനസമുദായത്തിന്റെ നന്മയേയും മുൻനിർത്തി പത്രം നടത്തിയിരുന്ന വ്യക്തിത്വത്തിനുടമയായതിനാൽ അദ്ദേഹം തിരുവിതാംകൂറിൽനിന്നും നാടുകടത്തപ്പെട്ടു. ഒരു പത്രാധിപരുടെ ഏറ്റവും മികച്ച ഗുണം സത്യവും സ്വാതന്ത്ര്യവും വിടാതെ കാര്യങ്ങൾ അവതരിപ്പിക്കാനും പ്രവർത്തിക്കാനുമുള്ള ധൈര്യമാണ്. അത് സ്വദേശാഭിമാനിക്കുണ്ടായിരുന്നു. ഓരോരുത്തരും അവനവന്റെ തെറ്റുകൾ കണ്ടറിഞ്ഞ്, അത് തിരുത്തി താൻ

SGOU

ഏർപ്പെട്ടിരിക്കുന്ന തൊഴിൽ മഹനീയമാക്കണമെന്നും അതിന് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ വൃത്താന്തപത്രപ്രവർത്തനം എന്ന പുസ്തകം വഴികാട്ടിയാകട്ടെ എന്നും പ്രസ്താവനയിൽ സി. കുഞ്ഞിരാമമേനോൻ അഭിപ്രായപ്പെടുന്നു. തിന്മകൾ കണ്ടുപിടിച്ച് നിർമാർജ്ജനം ചെയ്യുന്നതിനും നന്മ ചെയ്യുന്നവരെ അംഗീകരിക്കുന്നതിനും ഇന്ന് മാധ്യമങ്ങളും ജനങ്ങളും മുന്നോട്ട് വന്നിരിക്കുന്നു എന്നിടത്ത് മാധ്യമരംഗത്തെ വലിയ മാറ്റങ്ങളെ കാണാനാകും.

## Assignments

1. ആദ്യകാലത്തെ പത്രപ്രവർത്തനം അത്ര സുഗമമമായ പ്രവൃത്തി ആയിരുന്നില്ല. വിലയിരുത്തുക.
2. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
3. വൃത്താന്തപത്രപ്രവർത്തനത്തിന്റെ ചരിത്രപ്രാധാന്യം വിശദമാക്കുക.
4. ചെങ്കുളത്ത് സി. കുഞ്ഞിരാമമേനോന്റെ പത്രപ്രവർത്തനജീവിതത്തിൽ ശ്രദ്ധേയമായ ഘടകങ്ങൾ എന്തെല്ലാം?
5. മലയാള മാധ്യമപ്രവർത്തനത്തിന്റെ വർത്തമാനകാലപ്രവണതകളെ വിമർശനാത്മകമായി സമീപിച്ച് കുറിപ്പ് തയ്യാറാക്കുക.
6. ഔപചാരികവിദ്യാഭ്യാസാനന്തരം അറിവ് നൽകുന്ന പ്രക്രിയയായി പത്രവായന മാറുന്നതെങ്ങനെ?

## Suggested Readings


1. പി. ഗോവിന്ദപ്പിള്ള, വൈജ്ഞാനികവിപ്ലവം സാംസ്കാരികചരിത്രം, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പുതുപ്പള്ളി രാഘവൻ, കേരളപത്രപ്രവർത്തനചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.
3. ജി. പ്രിയദർശനൻ, മലയാളപത്രപ്രവർത്തനം പ്രാരംഭസ്വരൂപം, കേരള സാഹിത്യ അക്കാദമി, തൃശൂർ.


## References


1. സി. കുഞ്ഞിരാമമേനോൻ, പ്രസ്താവന, വൃത്താന്തപത്രപ്രവർത്തനം (സ്വദേശാഭിമാനി രാമകൃഷ്ണപിള്ള) കേരള പ്രസ് അക്കാദമി, കൊച്ചി.
2. കേരളചരിത്രത്തിൽ സ്വദേശാഭിമാനിയുടെ സ്ഥാനം (അവതാരിക), സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എന്റെ നാടുകടത്തൽ, പബ്ലിക് ഇൻഫർമേഷൻ റിലേഷൻസ് വകുപ്പ്, കേരളസർക്കാർ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# ശ്രീനാരായണഗുരു- സി. വി. കുഞ്ഞുരാമൻ സംവാദം

## Learning Outcomes

- ആധുനികഗദ്യരൂപങ്ങളുടെ പ്രചാരത്തെക്കുറിച്ച് അറിവു നേടുന്നു
- മലയാളം അച്ചടിയുടെ ആരംഭചരിത്രത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു
- പ്രധാനപ്പെട്ട വിദേശ/സ്വദേശ പ്രസാധകരേയും അവരുടെ പ്രസിദ്ധീകരണങ്ങളെയും പരിചയപ്പെടുന്നു
- ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾ മനസിലാക്കുന്നു

## Background

മലയാളത്തിലെ നവീനസാഹിത്യപ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിനും വികാസത്തിനും പ്രേരകമായിത്തീർന്നത് പത്രമാസികകളായിരുന്നു. ചെറുകഥ, നോവൽ, നാടകം, ഉപന്യാസം തുടങ്ങി നൂതനസാഹിത്യപ്രസ്ഥാനങ്ങൾ ആനുകാലികങ്ങളിലാണ് പിറന്നുവീണതും വളർന്നതും. മലയാളത്തിൽ അത്തരം സാഹിത്യരൂപങ്ങളില്ലാതിരുന്നതിനാൽ, അവ രചിക്കുന്നതിനുള്ള പരിചയക്കുറവ് പല എഴുത്തുകാരെയും അലട്ടിയിരുന്നു. തന്മൂലം ആദ്യകാലരചനകൾ മിക്കവാറും ഇംഗ്ലീഷിൽനിന്നുള്ള വിവർത്തനങ്ങളായിരുന്നു.

എന്നാൽ നാടകത്തെ സംബന്ധിച്ചിടത്തോളം അവ അധികവും സംസ്കൃത നാടകരൂപങ്ങളെയും തമിഴ് നാടകരൂപങ്ങളെയും ആശ്രയിച്ച് രചിക്കപ്പെട്ടിരുന്നവയായിരുന്നു. എങ്കിലും ആധുനികരീതിയിലുള്ള നാടകമാതൃകകൾ ഇവിടെ അവതരിപ്പിക്കപ്പെട്ടത് പാശ്ചാത്യസാഹിത്യത്തിൽ നിന്നാണെന്ന് കാണാം. മലയാളത്തിലാദ്യമായൊരു നാടകമുണ്ടായത് ഇംഗ്ലീഷിൽനിന്നുള്ള വിവർത്തനമായിട്ടാണ്. കല്ലൂർ ഉമ്മൻ പീലിപ്പോസ് രചിച്ച ആൾമാറാട്ടം ഉൾപ്പെടെ ഷേക്സ്പിയറുടെ പല നാടകങ്ങളും വിവർത്തനം ചെയ്യപ്പെട്ടു.

നമ്മുടെ എഴുത്തുകാരെ സ്വാധീനിച്ച സംസ്കൃതമഹാകവികളായ ഭാസകാളിദാസാദികളുടെ കൃതികളും ഈ കാലഘട്ടത്തിൽ തർജമ ചെയ്യുകയുണ്ടായി. ഇതിനിടയ്ക്കു ചില വാസ്തവികനാടകങ്ങളും പുരാണകഥകളുടെ പുനരാഖ്യാനങ്ങളുമൊക്കെ ഉണ്ടായിട്ടുണ്ട്. ആംഗല സംസ്കൃതമാതൃകകളെ അനുകരിച്ചുണ്ടാക്കപ്പെട്ട ഇത്തരം കൃതികളിൽ പലതും വെറും അനുകരണങ്ങളായധഃപതിച്ചെങ്കിലും പ്രതിഭാശാലികളായ ചിലരുടെ രചനകൾ അനുകരണങ്ങളെന്നതിനെക്കാളുപരി തങ്ങളുടെ വ്യക്തിത്വംകൂടി പ്രതിഫലിപ്പിച്ചു. പൊതുവെ അനുകരണങ്ങളും ആ കാലഘട്ടത്തിൽ വളരെ കൂടുതലായിരുന്നു. അങ്ങനെ ഇരുപതാംനൂറ്റാണ്ടിന്റെ പിറവിയോടെ യൂറോപ്യൻ സാഹിത്യങ്ങളിലും സംസ്കൃതസാഹിത്യത്തിലുമുള്ള മിക്കവാറും എല്ലാ രൂപങ്ങളും മലയാളത്തിൽ അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഈ പരീക്ഷണഘട്ടത്തിൽ ആനുകാലികങ്ങൾ വഹിച്ച പങ്ക് നിസ്സീമമാണ്. ഇങ്ങനെ നോക്കുമ്പോൾ പത്രമാസികായുഗമെന്നു വിളിക്കാവുന്ന 19-ാം ശതകം നമ്മുടെ സാംസ്കാരികമേഖലയിൽ ഒരു ചിന്താസ്ഫോടനംതന്നെ സൃഷ്ടിച്ചു. ഇക്കാലഘട്ടത്തിൽ പൗരസ്ത്യസാഹിത്യമാതൃകകളെ അനുവർത്തിച്ചുള്ള രചനകളുണ്ടായതിനോടൊപ്പംതന്നെ ആധുനികഗദ്യരചനയും സജീവമായെന്നു കാണാം. പത്രമാസികകൾ പാശ്ചാത്യാശയങ്ങളോടുള്ള കൗതുകത്തെ വർദ്ധിപ്പിച്ചുകൊണ്ടുതന്നെയിരുന്നു.

SGOU

ആധുനിക രീതിയിലുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഇവിടെ ആരംഭിച്ചതും അക്കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്.

വ്യവസായവിപ്ലവം അരങ്ങേറിയതോടുകൂടി ലോകത്താകമാനം ജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും മാറ്റങ്ങൾ വന്നുതുടങ്ങി. വ്യവസായവൽക്കരണാനന്തരം ഉടലെടുത്ത സാഹിത്യരൂപങ്ങൾ എന്ന നിലയിൽ നോവലും ചെറുകഥയും ഗദ്യസാഹിത്യത്തിൽ സവിശേഷമായ സ്ഥാനം അർഹിക്കുന്നുണ്ട്. മിഷനറിമാർ മതപ്രചാരണാർത്ഥം തുടങ്ങിയ ആദ്യകാല പത്രങ്ങളിലൂടെയാണ് മലയാളത്തിലെ ഗദ്യശാഖയ്ക്ക് വികാസമുണ്ടായത്. വാർത്തകൾ ഏറെയൊന്നും കണ്ടു കിട്ടാത്ത അവസരങ്ങളിൽ പത്രങ്ങൾ ചെറിയ സാദാചാരകഥകളും, തർജമ ചെയ്ത ഇംഗ്ലീഷ് കഥകളും ചേർത്ത് കോളങ്ങൾ സൃഷ്ടിച്ചു. പാഠപുസ്തകകമ്മിറ്റിയുടെ അധ്യക്ഷൻ എന്ന നിലയ്ക്ക് കേരളവർമ്മവലിയകോയിത്തമ്പുരാനും പാഠപുസ്തകങ്ങളിൽ കഥകൾക്ക് ഇടം നൽകി. കുട്ടികൾക്ക് വായിച്ചുരസിക്കാൻ പുതിയ കഥകൾ സൃഷ്ടിച്ചു. ആനുകാലികങ്ങളുടെ വരവോടെയാണ് ചെറുകഥകൾ ഒരു പ്രസ്ഥാനമായി വളർന്നത്. വിദ്യാവിലാസിനി (1881), വിദ്യാവിനോദിനി (1889), ഭാഷാപോഷിണി (1892), ലക്ഷ്മീഭായി (1905), രസികരഞ്ജിനി (1903), മംഗളോദയം (1908), കഥാമാലിക (1933) തുടങ്ങിയവയാണ് ആദ്യകാലമാസികകൾ.

## Keywords

മലയാളത്തിലെ ഗദ്യസാഹിത്യത്തിന്റെ വികാസം-നോവൽ-ചെറുകഥ-ഉപന്യാസം-ജീവചരിത്രം-മിഷനറി ഗദ്യം-സംവാദം-നാരായണഗുരുവിന്റെ ദർശനങ്ങൾ

## Discussion

### 2.2.1 ആധുനികഗദ്യരൂപങ്ങളുടെ പ്രചാരം

നമ്മുടെ സാമൂഹികബോധത്തിലും ജീവിതദർശനത്തിലും ചിന്താഘടനയിലുമെല്ലാം ഒരഴിച്ചുപണി നടത്തിയാലോ എന്നാലോചിക്കുന്ന ഒരു വിഭാഗം ജനതയെ സൃഷ്ടിക്കുവാൻ പത്തൊമ്പതാംനൂറ്റാണ്ടിന് കഴിഞ്ഞു. ആധുനികരീതിയിലുള്ള വിദ്യാഭ്യാസത്തിന് അവസരം ലഭിച്ച ഈ കാലഘട്ടത്തിൽ വായനയ്ക്കെന്നപോലെ, തുറന്നചിന്തയ്ക്കും ചോദ്യംചെയ്യലിനും ഏറെ പ്രാധാന്യമുണ്ടായി. വളരെക്കാലം ജഡനിശ്ചലമായിക്കിടന്നിരുന്ന നമ്മുടെ സംസ്കാരത്തിനുമേൽ വൈദേശിക സംസ്കാരം നടത്തിയ കൈയേറ്റം നമ്മെ പ്രക്ഷീണരാക്കുന്നതിനുപകരം, പൂർവാധികം ഊർജസ്വലരും ശക്തരുമാക്കിത്തീർത്തു. ഏതു സാംസ്കാരികസാഹചര്യത്തോടും സർഗ്ഗാത്മകമായി പ്രതികരിക്കാൻ സമ്പന്നമായ ഒരു ആധുനികമനോഭാവം ഇവിടുത്തെ ജനങ്ങളിലുളവാക്കി. ഈ പുതിയ മനോഭാവത്തിന്റെയും അതുമായി ബന്ധപ്പെട്ട നൂതനസംവേദനസാദ്ധ്യതകളുടെയും ഏതാണ്ട് പൂർണ്ണമായ ഉത്തരവാദിത്വം അച്ചടിയ്ക്കും അതിന്റെ പാത തുടർന്നുവന്ന ആധുനികരീതിയിലുള്ള വിദ്യാഭ്യാസത്തിനും അവകാശപ്പെട്ടതാണ്. അത് ഗദ്യസാഹിത്യത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തി.

- പത്രമാസികകൾ ഗദ്യസാഹിത്യത്തിന്റെ വളർച്ചയെ സഹായിച്ചു

## നോവൽ

ഒരു ശതകംകൊണ്ട് അദ്ഭുതകരമായ വളർച്ച നേടിയ പ്രസ്ഥാനമാണ് മലയാളത്തിലെ നോവൽ സാഹിത്യം. പാശ്ചാത്യസാഹിത്യപരിചയം നേടിയ എഴുത്തുകാരാണ് മലയാളനോവലുകൾക്ക് ആദ്യകാലങ്ങളിൽ ജന്മം നൽകിയത്. സംസ്കൃതകാവ്യലോകത്തുനിന്നും മലയാളസാഹിത്യം വിമുക്തമാകുന്ന കാഴ്ച നോവലിന്റെ ഉദയത്തോടെയാണ് നമുക്ക് അനുഭവപ്പെട്ടത്. പുല്ലേല്ലിക്കുഞ്ചു (1882), ഫുൽമോനി ആൻഡ് കോരുണ എന്ന ബംഗാളിനോവലിന്റെ പരിഭാഷ (1858), മറ്റൊരു വിവർത്തനമായ ഘാതകവധം (1878), കുന്ദലത (1887) തുടങ്ങിയ വിവർത്തനകൃതികളാണ് മലയാളനോവൽ സാഹിത്യത്തിന്റെ പ്രാരംഭഘട്ടത്തെ അടയാളപ്പെടുത്തുന്നത്. 1889-ൽ ഒ. ചന്തുമേനോൻ എഴുതിയ ഇന്ദുലേഖയാണ് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവൽ. സി. വി. രാമൻപിള്ള രചിച്ച മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജബഹദൂർ തുടങ്ങിയ ചരിത്രാഖ്യായികകളും മലയാളത്തിന്റെ അനർഘനിധികളായിത്തീർന്നു. "ഇന്ദുലേഖ പുറത്തുവന്ന 1889 മുതൽ 1920 വരെയുള്ള കാലത്ത് നൂറിൽ താഴെ നോവലുകൾ മാത്രമാണ് മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. 1920-40 കാലയളവിൽ നാനൂറിലധികം നോവലുകളും പ്രസിദ്ധീകരിക്കപ്പെട്ടു. നാൽപതുകളിൽ സ്ഥിതി മാറി. നോവൽ രചനയും പ്രചാരവും വർദ്ധിക്കുകയും അത് ഏറ്റവും ജനപ്രിയമാധ്യമമായിത്തീരുകയും ചെയ്തു. മലയാളനോവൽ നിരവധി എഴുത്തുകാരിലൂടെ വളർന്ന്, മലയാളത്തിലെ ഏറ്റവും മികച്ച സാഹിത്യപ്രസ്ഥാനമായി പരിണമിച്ചു. തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പി. കേശവദേവ്, ചെറുകാട്, എസ്. കെ. പൊറ്റക്കാട്ട്, പി. സി. കുട്ടിക്കൃഷ്ണൻ, വിലാസിനി എന്ന എം. കെ. മേനോൻ, എം. ടി. വാസുദേവൻ നായർ, ഒ. വി. വിജയൻ, കാക്കനാടൻ, കെ. സുരേന്ദ്രൻ, ജി. എൻ. പണിക്കർ, പാറപ്പുറത്ത്, മുട്ടത്തുവർക്കി, ആനന്ദ്, സി. രാധാകൃഷ്ണൻ, വി. കെ. എൻ. തുടങ്ങിയ നോവലിസ്റ്റുകൾ മലയാളഗദ്യത്തിലെ അഭിമാനഭാജനങ്ങളായി നിലനിൽക്കുന്നു.

▶ മലയാളത്തിലെ ആദ്യകാല നോവലുകൾ

## ചെറുകഥ

'ജീവിതത്തിലെ ഒരു സംഭവത്തിന്റെയോ, രംഗത്തിന്റെയോ, ഭാവത്തിന്റെയോ ഗദ്യത്തിലുള്ള ഒരു ചിത്രമാണ് ചെറുകഥ' എന്ന് കേസരി എ. ബാലകൃഷ്ണപിള്ള ചെറുകഥയെ നിർവചിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. ഭാവനയിലുള്ള ഒരു സന്ദർഭം മനോഹരമായി ചിത്രീകരിക്കുകയാണ് ഒരു ചെറുകഥയിലൂടെ ചെയ്യുന്നത്. കാര്യങ്ങൾ പരത്തി പറയുന്നതിനു പകരം സംഗ്രഹിച്ചു പറയുകയാണു ചെറുകഥയിൽ ചെയ്യുന്നത്. 19-ാം ശതകത്തിന്റെ ആദ്യദശകങ്ങളിൽ പാശ്ചാത്യഭാഷകളിലാണ് ചെറുകഥ വളർച്ച പ്രാപിച്ചത്. അച്ചടി വ്യാപകമായതോടെ പത്ര- മാസികാരംഗത്തുണ്ടായ വളർച്ചയുടെ ഫലമായി ആവിർഭവിച്ച ഈ സാഹിത്യരൂപം മുമ്പു നിലനിന്നിരുന്ന കഥാരൂപങ്ങളിൽ നിന്നു വിഭിന്നമായി വായനക്കാരനിൽ ജിജ്ഞാസയുണർത്തുന്ന സംഭവാഖ്യാനത്തിനു മുൻതൂക്കം കൊടുക്കുന്നവയായിരുന്നു. മലയാളസാഹിത്യരംഗത്ത് അതിവേഗത്തിൽ വളർന്ന ഒരു സാഹിത്യശാഖയാണ് ചെറുകഥ. 1890-ൽ തുടങ്ങുന്ന ഒന്നേകാൽ ശതാബ്ദക്കാലത്തെ ഈ സാഹിത്യശാഖയുടെ വികാസപരിണാമങ്ങളെ പലഘട്ടങ്ങളായി തിരിക്കാവുന്നതാണ്. 20-ാം നൂറ്റാണ്ടിലാണ് മലയാള

▶ 19-ാം നൂറ്റാണ്ടിന്റെ അവസാനദശകവും ചെറുകഥയും

SGOU

ചെറുകഥാസാഹിത്യം വികാസഗതി പ്രാപിച്ചത്.

19-ാം നൂറ്റാണ്ടിന്റെ അവസാനദശയിൽ പ്രാരംഭം കുറിച്ചെങ്കിലും 1930 മുതലുള്ള കാലഘട്ടം ചെറുകഥാസാഹിത്യത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കു സാക്ഷ്യം വഹിക്കയാണുണ്ടായത്. അടുത്ത മുപ്പതുവർഷക്കാലംകൊണ്ട് ചെറുകഥ ഏറെ ജനകീയാംഗീകാരം നേടുകയും ഏറ്റവും മികവാർന്ന സാഹിത്യവിഭാഗമായി മാറുകയുംചെയ്തു. മലയാളത്തിലെ ആദ്യകാലമാസികകൾ മലയാള ചെറുകഥയ്ക്ക് നൽകിയ സവിശേഷമായ സ്ഥാനം അവയുടെ വളർച്ചയെ സ്വാധീനിച്ചതായി കാണാം. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, എം. ആർ. കെ. സി. അമ്പാടി നാരായണപൊതുവാൾ, മൂർക്കോത്തു കുമാരൻ, കെ. സുകുമാരൻ തുടങ്ങിയ ചെറുകഥാകൃത്തുക്കൾ മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുക്കളിൽ പ്രധാനികളാണ്. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിലെത്തിയ ക്രൈസ്തവ മിഷണിമാർ, അവരുടെ വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളിൽ ബൈബിളിലെ കഥകളും സാരോപദേശകഥകളും പരിഭാഷപ്പെടുത്തി ചേർത്തിരുന്നു. 1824-ൽ അച്ചടിച്ച, 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തിയ കഥകൾ എന്ന കൃതിയാണ് ഇക്കൂട്ടത്തിൽ ഏറ്റവും പഴക്കം ചെന്നത്. ഇതിലെ കഥകളാണ് മലയാളത്തിലെ ആദ്യകഥകൾ എന്ന വിശേഷണത്തിന് അർഹത നേടിയത്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ 'പാഠാവലി'കളിൽ ചേർത്ത കഥകളെ, മലയാളചെറുകഥയുടെ ആദ്യാങ്കുരങ്ങളായി സമർത്ഥിക്കുന്നവരുമുണ്ട്. ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ അക്കൂട്ടത്തിൽ എടുത്തുപറയേണ്ട ഒരു രചനയാണ്. മലയാളത്തിലെ ആദ്യത്തെ ചെറുകഥാകാരനായി കണക്കാക്കിവരുന്നത് വേങ്ങയിൽ കുഞ്ഞിരാമൻ നായനാരെയാണ് (1860-1914). 1066-ൽ 'വിദ്യാവിനോദിനി' മാസികയിൽ പ്രസിദ്ധീകരിച്ച വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'വാസനാവികൃതി'യാണ് ആദ്യത്തെ മലയാളകഥയായി പരിഗണിച്ചുവരുന്നത്. മൂർക്കോത്തുകുമാരൻ, സി. എസ്. ഗോപാലപ്പണിക്കർ, അമ്പാടി നാരായണപ്പൊതുവാൾ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, കെ. സുകുമാരൻ, കുറ്റിപ്പുറത്തു കിട്ടുണ്ണിനായർ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി, ഇ. വി. കൃഷ്ണപിള്ള തുടങ്ങിയവർ അക്കാലഘട്ടത്തിലെ പ്രധാന ചെറുകഥാകൃത്തുക്കളാണ്. ഇംഗ്ലീഷ് കഥകളെ അനുകരിച്ചാണ് ഇതിൽ മിക്കവരും ചെറുകഥകളെഴുതിയത്. ചെറുകഥ എന്ന ഗണത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത നിലയിലുള്ള ദീർഘകഥകളും പരത്തിപ്പറയുന്ന ആഖ്യാനരീതിയും ഈ കഥാകൃത്തുക്കളുടെ പ്രത്യേകതയായിരുന്നു.

► ആദ്യകാല ചെറുകഥകളുടെ സവിശേഷതകൾ

വൈക്കം മുഹമ്മദ് ബഷീർ, കാരൂർ നീലകണ്ഠപ്പിള്ള, പൊൻകുന്നം വർക്കി, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, എസ്. കെ. പൊറ്റെക്കാട്ട്, ലളിതാംബിക അന്തർജ്ജനം, ഉറൂബ്, കെ. സരസ്വതിയമ്മ തുടങ്ങിയ കഥാകൃത്തുക്കൾ  മലയാള ചെറുകഥയുടെ നവോത്ഥാനചരിത്രത്തെ അടയാളപ്പെടുത്തുന്നു. നവോത്ഥാനഘട്ടത്തോടെ സാധാരണക്കാരുടെയും തൊഴിലാളികളുടെയും തോട്ടികളുടെയുമൊക്കെ ജീവിതം മുഖ്യപ്രമേയമായി അവതരിപ്പിക്കപ്പെട്ടു. ആ നിലയിൽ നവോ

ത്ഥാനമൂല്യങ്ങളുടെ ചാലകശക്തിയായി പ്രവർത്തിക്കാൻ ചെറുകഥാരംഗത്തിനു കഴിഞ്ഞു. സാമുദായിക പരിഷ്കരണങ്ങൾക്കപ്പുറത്തേക്ക് സമത്വദർശനങ്ങളുടെ നൂതനഭാവംകൂടി ആ കഥകൾ ഉൾക്കൊണ്ടു. ശേഷം 1950കളോടുകൂടി മലയാളചെറുകഥയിൽ ആധുനികത കടന്നുവരുന്നു. സാമൂഹികവും രാഷ്ട്രീയവുമായ ഇടപെടൽ നടത്തുന്നതിനേക്കാൾ, ആത്മനിഷ്ഠമായ കഥകൾക്കാണ് അവർ പ്രാധാന്യം നൽകിയത്. എം. ടി. വാസുദേവൻ നായർ, ടി. പത്മനാഭൻ, മാധവിക്കുട്ടി തുടങ്ങിയവരടങ്ങുന്ന ആധുനികതയുടെ ആരംഭകാലമാണത്.

ആധുനിക മലയാള ചെറുകഥ സാഹിത്യത്തിൽ ഒരു പ്രസ്ഥാനമായി പൂർണ്ണതയിലെത്തിക്കാൻ പിന്നീടു വന്ന കഥാകാരന്മാർക്കു കഴിഞ്ഞു. അതിൽ പ്രമുഖർ ഒ.വി. വിജയൻ, എം.പി. നാരായണപിള്ള, കാക്കനാടൻ, പട്ടത്തുവിള കരുണാകരൻ, എം. മുകുന്ദൻ, സക്കറിയ, ടി.ആർ. സേതു, സി. അയ്യപ്പൻ, എം. സുകുമാരൻ, വി.പി. ശിവകുമാർ തുടങ്ങിയവരാണ്. വർത്തമാനകാലത്ത് ഈ ശാഖ സജീവമാണ്. ഉത്തരാധുനികഘട്ടത്തിൽ നീണ്ടനിര തന്നെ കഥാസാഹിത്യത്തെ പരിപോഷിപ്പിക്കുന്നു. എൻ.എസ്. മാധവൻ, സാറാ ജോസഫ്, തോമസ് ജോസഫ്, പി.എഫ്. മാത്യൂസ്, പ്രിയ എ.എസ്., എസ്. ഹരീഷ്, സി.എം. ദേവദാസ്, ഉണ്ണി. ആർ, സുബാഷ്ചന്ദ്രൻ, കെ. രേഖ, സന്തോഷ് ഏച്ചിക്കാനം, സുസ്മേഷ് ചന്ദ്രോത്ത്, പി.പി. ഷാജികുമാർ, ബി. മുരളി, ഇ.സന്തോഷ് കുമാർ, വി. വിനയകുമാർ തുടങ്ങിയവർ മുഖ്യധാരയിൽ രംഗത്തുണ്ട്. കഥാരംഗത്തു സ്ഥിരോത്സാഹത്തോടെ നിറഞ്ഞുനിൽക്കുന്ന ഉത്തരാധുനികകാഥികന്മാരുടെ പേരുകൾ പൂർണമായി പകർത്തുക അസാധ്യമാണ്.

- മലയാളചെറുകഥയുടെ വിവിധ ഘട്ടങ്ങൾ

## ജീവചരിത്രം

ഒരാൾ മറ്റൊരാളുടെ ജീവിതവൃത്താന്തം സാഹിത്യസുന്ദരമായി ആവിഷ്ക്കരിക്കുന്നതാണ് ജീവചരിത്രം. ഇംഗ്ലീഷിൽ 'ബയോഗ്രഫി' എന്ന് അറിയപ്പെടുന്നു. ഇംഗ്ലീഷ് കവിയും നാടകകൃത്തും വിവർത്തകനുമായ ജോൺ ഡ്രൈഡനാണ് 1683-ൽ പ്ലൂട്ടാർക്ക് എന്ന തന്റെ പുസ്തകത്തിന്റെ ആമുഖത്തിൽ ബയോഗ്രഫി എന്ന പദം ആദ്യം ഉപയോഗിച്ചത്. കലാസൃഷ്ടി എന്ന രീതിയിൽ തയ്യാറാക്കിയ ഒരു വ്യക്തിയുടെ സത്യസന്ധമായ ജീവിതരേഖ എന്ന് ജീവചരിത്രത്തെ നിർവചിക്കാം. ചരിത്രപരം, വ്യക്തിപരം, കലാപരം എന്നീ മൂന്നു കാര്യങ്ങൾ ജീവചരിത്രത്തിൽ പ്രധാനമാണ്. ആരുടെ ജീവചരിത്രമാണോ എഴുതുന്നത് ആ വ്യക്തിയുടെ വ്യക്തിപരവും വൈജ്ഞാനികവും മനഃശാസ്ത്രപരവുമായ ജീവിതത്തെ വളരെ അടുത്തുനിന്ന് പഠിച്ചാൽ മാത്രമേ നല്ല ജീവചരിത്രഗ്രന്ഥം രചിക്കാൻ കഴിയൂ. ഒരു വ്യക്തിയെക്കുറിച്ചുള്ള സകല വിവരങ്ങളും ശേഖരിക്കുകയും അത് യുക്തിപൂർവം തിരഞ്ഞെടുക്കുകയും വേണം. കാരണം ഗുണദോഷസമ്മിശ്രമാണ് ജീവിതം. ദോഷങ്ങൾ മാത്രമോ ഗുണങ്ങൾ മാത്രമോ എഴുതരുത്. നിക്ഷ്പക്ഷസമീപനമാണ് സ്വീകരിക്കേണ്ടത്. കാലത്തിന്റെ ചലനങ്ങൾ ശരിയായ രീതിയിൽ മനസിലാക്കണം. യൂറോപ്പിൽ പതിനാറാംനൂറ്റാണ്ടോടെ ഉദയം ചെയ്ത ഒരു സാഹിത്യശാഖയാണ് ജീവചരിത്രം. വില്യം റോപ്പറുടെ 'തോമസ് മൂർ', കാവൻ ഡിഷ് എഴുതിയ 'കാൻഡിനൽ വൂൾസി' എന്നിവ അക്കാലത്ത് രചിക്കപ്പെട്ട മുഖ്യജീവചരിത്രങ്ങളാണ്. പതിനെട്ടാംനൂറ്റാണ്ടോടുകൂടി ചെറു ജീവചരി

ത്രഗ്രന്ഥങ്ങൾ ധാരാളമായി പുറത്തുവന്നു. ഇന്ത്യയിൽ ഒരു സാഹിത്യ ശാഖയെന്ന നിലയിൽ ജീവചരിത്രഗദ്യം വളർന്നുവന്നു. അക്കൂട്ടത്തിൽ ബാണഭട്ടന്റെ ഹർഷചരിതം ശ്രദ്ധേയമായ കൃതിയാണ്. മലയാളത്തിൽ ആദ്യമുണ്ടായ ജീവചരിത്രം മാഴ്സിനോസ് പാതിരി ഇറ്റാലിയൻ ഭാഷയിൽനിന്ന് പരിഭാഷപ്പെടുത്തിയ വിശുദ്ധ ത്രേസ്യയുടെ ചരിത്രസംക്ഷേപമാണ് (1886). 1895ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ 107 ജീവചരിത്രങ്ങൾ ഉൾക്കൊള്ളുന്ന മഹച്ചരിതസംഗ്രഹം പ്രസിദ്ധീകരിച്ചു. ഇത് ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയതാണ്. അതിനുശേഷം ധാരാളം ജീവചരിത്രഗ്രന്ഥങ്ങൾ മലയാളത്തിൽ പുറത്തുവന്നു. വ്യക്തിയുടെ പ്രവർത്തനമേഖലയുടെ സ്വഭാവമനുസരിച്ച് ജീവചരിത്രത്തെ സാഹിത്യം-കല, സാമൂഹികം, മതപരം, ആത്മീയം എന്നിങ്ങനെ വിഭജിക്കാം. എന്നാൽ ഈ തരംതിരിവ് പൂർണ്ണമായും ശരിയല്ല. കാരണം രാഷ്ട്രീയക്കാരിൽതന്നെ സാഹിത്യകാരന്മാരും നേരേമറിച്ചും ഉണ്ടാകാം. കല-സാഹിത്യരംഗത്താണ് ജീവചരിത്രങ്ങൾ കൂടുതലുള്ളത്. ഒരു മലയാളി മറ്റൊരു മലയാളിയെക്കുറിച്ചെഴുതിയ ആദ്യത്തെ ജീവചരിത്രമാണ് പി. എൻ. നാരായണപിള്ളയുടെ ചിത്രമെഴുത്ത് കോയിത്തമ്പുരാൻ. പി. കെ. പരമേശ്വരൻ നായർ, എൻ. ബാലകൃഷ്ണൻ നായർ എന്നിവർ പ്രമുഖരായ മലയാള ജീവചരിത്രകാരന്മാരാണ്. ഇവർ ജീവചരിത്രത്തെ ഒരു പ്രസ്ഥാനമാക്കി മാറ്റുന്നതിൽ പ്രമുഖ പങ്കുവഹിച്ചു. മലയാളത്തിലെ രാഷ്ട്രീയ ജീവചരിത്രങ്ങളാണ് കാറൽ മാർക്സ്, സഖാവ് ഇ. എം. എസ്. (എം. എ. ജോർജ്), യേശുദേവൻ (കെ. പി. കേശവമേനോൻ) തുടങ്ങിയ കൃതികൾ. ജീവചരിത്രരചനയിൽ സ്ത്രീകളും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. മലയാളഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് ജീവചരിത്രശാഖ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.

- ഒരാൾ മറ്റൊരാളെക്കുറിച്ചെഴുതുന്നതാണ് ജീവചരിത്രം.
- ഇംഗ്ലീഷ് സാഹിത്യത്തിൽനിന്നാണ് ജീവചരിത്രശാഖ മലയാളത്തിലേക്ക് കടന്നുവന്നത്

## യാത്രാവിവരണം

മലയാളസാഹിത്യത്തിൽ സഞ്ചാരസാഹിത്യമേഖല ഏറെ സമ്പന്നമാണ്. യാത്രാനുഭവങ്ങൾ പ്രതിപാദിക്കുന്ന പ്രബലസാഹിത്യമേഖലയാണ് ഇത്. യാത്രകൾ മനുഷ്യനെന്നും പ്രിയപ്പെട്ടതാണ്. ദേശാന്തരങ്ങളിലൂടെയുള്ള പ്രയാണവും പലായനവും പുതിയ സങ്കേതങ്ങളിൽ എത്തിച്ചേരലുമാണ് പ്രധാനലക്ഷ്യം. ഇലിയഡ്, ഒഡിസി എന്നീ പശ്ചാത്യ ഇതിഹാസങ്ങളിലും രാമായണം, മഹാഭാരതം തുടങ്ങിയ പൗരസ്ത്യ ഇതിഹാസങ്ങളിലും പൗരാണികകഥാപാത്രങ്ങളുടെ സാഹസികമായ സഞ്ചാരകഥകളാണുള്ളത്. ചരിത്രപരത നിറഞ്ഞ കാലഘട്ടത്തിലെത്തുമ്പോൾ സഞ്ചാരികളുടെ കുറിപ്പുകളും കൃതികളും ദേശചരിത്രത്തെയും സംസ്കാരത്തേയുംകുറിച്ചുള്ള പഠനങ്ങളും കാണാം. യൂറോപ്യൻ സഞ്ചാരികളായ ഫാഹിയാനും, ഹുയാൻസാങ്ങും, മാർക്കോപോളോയുമൊക്കെ എല്ലാ കാലത്തും പ്രസക്തരാണ്. സഞ്ചാരസാഹിത്യം വളരെ ആകർഷകമാണ്. സഞ്ചരിച്ച സ്ഥലത്തിന്റെ ഭൂമിശാസ്ത്രം, ചരിത്രം, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം ഇവയൊക്കെ പ്രതിപാദിക്കുമ്പോൾ സഞ്ചാരസാഹിത്യം വസ്തുനിഷ്ഠമാകുന്നു. ആകർഷകമായ ശൈലിയും വൈകാരികമായ വിവരണവും നടത്താൻ സഞ്ചാരസാഹിത്യകാരന് അവസരമുണ്ട്. കാര്യമാത്രപ്രസക്തമായി ഉള്ളടക്കം ചിട്ടപ്പെടുത്തൽ, വളച്ചുകെട്ടില്ലാത്ത വിവരണം, അവതരണത്തിൽ പുലർത്തുന്ന ആത്മാർത്ഥത മുതലായവ സഞ്ചാരസാഹിത്യത്തിന് യോജിച്ച സവിശേഷതക

ളാണ്. മഹത്തായ ഒരു സാംസ്കാരികഇടപെടലാണ് ഓരോ സഞ്ചാര സാഹിത്യകാരനും സാധ്യമാക്കേണ്ടത്. ബി. സി. എട്ടാം ശതകത്തിൽ എഴുതിയ ഗിൽഗമേഷ് ആദ്യസഞ്ചാരസാഹിത്യകൃതിയായി പരിഗണിക്കപ്പെടുന്നു. പാറേമ്മാക്കൽ തോമാ കത്തനാർ എഴുതിയ വർത്തമാന പുസ്തകമാണ് മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതി. പതിനെട്ടാംനൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിലാണ് ഈ കൃതി രചിക്കപ്പെട്ടത്. തോമാകത്തനാരും, ജോസഫ് മൽപ്പാനും സഭാതർക്കം പരിഹരിക്കാൻ പോപ്പിനെ കാണാനായി റോമിലേക്ക് നടത്തിയ യാത്രയാണ് ഇതിൽ വിവരിക്കുന്നത്. എന്നാൽ ആദ്യമായി പ്രസിദ്ധീകരിച്ച സഞ്ചാരസാഹിത്യകൃതി പരുമലതിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണമാണ്. 1872-ൽ കട്ടയാട്ട് ഗോവിന്ദമേനോൻ എഴുതിയ കൃതിയാണ് കാശി യാത്രാ റിപ്പോർട്ട് എന്ന തീർത്ഥയാത്രാവിവരണം. 19-ാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിനെ സംബന്ധിക്കുന്ന മനോഹരവിവരണങ്ങൾ അടങ്ങിയ ലണ്ടനും പാരീസും (1897) എന്ന ബാരിസ്റ്റർ ജി. പി. പിള്ളയുടെ കൃതിയാണ് യാത്രാവിവരണങ്ങളുടെ സാധ്യതകൾ മലയാളത്തിലെത്തിച്ചത്. മലയാളത്തിൽ സഞ്ചാരസാഹിത്യത്തിന്റെ കുലപതിയായി അറിയപ്പെടുന്നത് എസ്. കെ. പൊറ്റെക്കാട്ടാണ്. ഇന്ന് സാമൂഹികമാധ്യമങ്ങളുടെയും വിവരസാങ്കേതികവിദ്യയുടെയും ദൃശ്യമാധ്യമങ്ങളുടെയും വളർച്ച സഞ്ചാര സാഹിത്യത്തെ അതിസമ്പന്നമാക്കിയിരിക്കുന്നു.

- മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതി വർത്തമാനപുസ്തകം

## വിദേശ /സ്വദേശ പ്രസാധകരുടെ കാലം

### ബെഞ്ചമിൻ ബെയ്‌ലി (1791-1871)

മലയാളത്തിൽ അച്ചടിക്കും ഗ്രന്ഥപ്രസിദ്ധീകരണത്തിനും തുടക്കം കുറിച്ച വിദേശ ക്രൈസ്തവ മിഷനറിയായ ബെഞ്ചമിൻ ബെയ്‌ലി ഇംഗ്ലണ്ടിലെ യോർഷെയറിൽ ഡ്യൂസ്ബെറി എന്ന സ്ഥലത്ത് 1791-ൽ ജനിച്ചു. വൈദ്യശാസ്ത്രം പഠിച്ച് 1812-ൽ ചർച്ച് മിഷൻ സൊസൈറ്റിയിൽ (സി. എം. എസ്.) അംഗമായി. 1816 നവംബർ 19-ന് കേരളത്തിലെ ആലപ്പുഴയിൽ വന്ന് കോട്ടയം കേന്ദ്രമാക്കി മിഷൻ പ്രവർത്തനം നടത്തി. കോട്ടയം സെമിനാരിയുടെ പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. ഭാഷകൾ പഠിക്കുന്നതിൽ അതീവതത്പരനായിരുന്നു ബെയ്‌ലി. ഇംഗ്ലീഷും സുറിയാനിയും നേരത്തെ പഠിച്ചിരുന്ന ബെയ്‌ലി കേരളത്തിൽ വന്ന് രണ്ടുവർഷം കൊണ്ട് മലയാളവും സംസ്കൃതവും പഠിച്ചു. ബൈബിൾ പരിഭാഷപ്പെടുത്താനും പ്രചരിപ്പിക്കുവാനുമുള്ള ചുമതലയാണ് ആദ്യം ഏറ്റെടുത്തത്. ആദ്യമായി പ്രാർത്ഥനാപുസ്തകം പരിഭാഷപ്പെടുത്തി. തുടർന്ന് ശുദ്ധമായ മലയാളത്തിൽ ബൈബിൾ പരിഭാഷയും നടത്തി. എല്ലാ ക്രിസ്തീയഭവനങ്ങളിലും ബൈബിൾ എത്തിക്കുക എന്നതായിരുന്നു അടുത്ത ഉദ്ദേശ്യം. ഇതിനായി ബൈബിൾ കേരളത്തിൽ തന്നെ അച്ചടിക്കുവാൻ തീരുമാനിച്ചു. ഇംഗ്ലണ്ടിൽനിന്ന് പ്രസ്സ് വരുത്തി കോട്ടയത്ത് സ്ഥാപിച്ചു. കൂടാതെ സ്വന്തമായി അച്ചുകൾ വാർക്കുകയും ചെയ്തു. സ്വാതിതിരുനാൾ മഹാരാജാവ് അച്ചുകൂടം സ്ഥാപിക്കുന്നതുവരെ ഈ അച്ചിലാണ് സർക്കാരിലേക്കാവശ്യമായ അച്ചടിപ്പണികൾ നിർവഹിച്ചിരുന്നത് എന്നതും ശ്രദ്ധേയമാണ്. ഈ അച്ചടിയന്ത്രം സി. എം. എസിൽ ബെയ്‌ലി പ്രസ് എന്ന പേരിൽ ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്. ബെയ്‌ലിയുടെ കൃതികളിൽ പ്രാധാന്യമർഹിക്കുന്നവയാണ് 1846-ൽ പ്രസിദ്ധീകരിച്ച മലയാളം-ഇംഗ്ലീഷ് നിഘണ്ടു(ഡിക്ഷണറീസ് ഓഫ് ഹൈ ആൻഡ്

കോളോക്യൽ മലയാളം ആൻഡ് ഇംഗ്ലീഷ്)വും 1848-ൽ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് മലയാളം നിഘണ്ടു(എ ഡിക്ഷണറി ഓഫ് ഇംഗ്ലീഷ് ആൻഡ് മലയാളം)വും. എച്ച്. എച്ച്. വിത്സൺ 1832-ൽ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ്-സംസ്കൃതം, ഇംഗ്ലീഷ് നിഘണ്ടുവിനെ മാതൃകയാക്കിയാണ് മലയാളം-ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ഇതിൽ സംസ്കൃതപദങ്ങൾ കൂടുതലായി ഉപയോഗിച്ചിട്ടുണ്ടെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മലയാളപദങ്ങൾക്ക് ഇംഗ്ലീഷിൽ അർഥം നൽകിയിരിക്കുന്നു. സ്വാതിതിരുനാളിനാണ് ബെയ്‌ലി ഈ നിഘണ്ടു സമർപ്പിച്ചിരിക്കുന്നത്. വെട്ടംമാണി 1970-ൽ ഇത് പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. ആദ്യത്തെ ഇംഗ്ലീഷ് മലയാളം നിഘണ്ടു എന്ന ബഹുമതി ബെയ്‌ലിയുടെ ഈ നിഘണ്ടുവിന് അവകാശപ്പെട്ടതാണ്. ഇതിനുപുറമെ മറ്റ് ചില കൃതികൾ കൂടി ബെയ്‌ലിയുടേതായിട്ടുണ്ട്. ജ്ഞാനനിക്ഷേപം എന്ന മാസികയുടെ പ്രസിദ്ധീകരണമാണ് ബെയ്‌ലിയുടെ പ്രധാനപ്പെട്ട മറ്റൊരു സംഭാവന. അച്ചടിച്ചു പ്രസിദ്ധീകരിച്ച തിരുവിതാംകൂറിലെ ആദ്യത്തെ മാസികയാണിത്. സാമൂഹികരംഗത്തും ബെയ്‌ലി മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. കോട്ടയം കേന്ദ്രീകരിച്ച് സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുകയും, ആംഗ്ലിക്കൻ പള്ളി പണിയുന്നതിനു മുൻകൈ എടുക്കുകയും 34 വർഷം ഇവിടെ താമസിച്ച് ഭാഷാസംബന്ധവും മതസംബന്ധവുമായ സേവനങ്ങൾ നടത്തുകയും ചെയ്തു. 1850-ൽ സ്വന്തം നാട്ടിലേക്ക് മടങ്ങി. മലയാളത്തിന് ആദ്യത്തെ നിഘണ്ടുവും ആദ്യത്തെ മാസികയും ആദ്യമായി മലയാളം അച്ചുകൂടവും നൽകി. ആ നിലയിൽ മലയാളഭാഷയെ പരിപോഷിപ്പിച്ച ബെയ്‌ലി 1871-ൽ 80-ാം മത്തെ വയസ്സിൽ അന്തരിച്ചു.

- മലയാളഭാഷയ്ക്ക് നിരവധി സംഭാവനകൾ നൽകി
- ബൈബിൾ പരിഭാഷ
- മലയാളം - ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധീകരിച്ചു

## ഹെർമൻ ഗുണ്ടർട്ട് (1814-1893)

മലയാള നിഘണ്ടു നിർമ്മാതാവും വൈയാകരണനുമായ ജർമ്മൻ മിഷനറിയാണ് ഹെർമൻ ഗുണ്ടർട്ട്. 1814 ഫെബ്രുവരി 4-നു ജർമനിയിലെ സ്റ്റുട്ഗർട്ടിൽ ജനിച്ചു. പിതാവ് ലുഡവിഗ് ഗുണ്ടർട്ടും മാതാവ് ക്രിസ്റ്റീന ഹൈസ്ളിനും. വൈദികപരിശീലനം നേടിയതോടൊപ്പം തത്ത്വശാസ്ത്രത്തിലും ഭാഷാശാസ്ത്രത്തിലും ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും സമ്പാദിച്ചു. ഇംഗ്ലീഷ്, ലത്തീൻ എന്നീ ഭാഷകളിൽ നല്ല അവഗാഹം നേടുകയും ചെയ്തു. പഠനത്തിനുശേഷം ഒരു മിഷണറിയായി 1836 ഏപ്രിൽ 7-നു മദ്രാസ്സിൽ വന്നു. വൈകാതെതന്നെ ബാസൽ മിഷനിൽ അംഗമായി മിഷൻ പ്രവർത്തനം മദ്രാസിൽനിന്നു തലശ്ശേരിയിലേക്കു(1839) മാറ്റുകയും ഇല്ലിക്കുന്നിൽ താമസിക്കുകയും ചെയ്തു. മിഷൻ പ്രവർത്തനത്തോടൊപ്പം വിദ്യാഭ്യാസകാര്യങ്ങളിലും വ്യാപൃതനായിരുന്നു ഗുണ്ടർട്ട്. ഇദ്ദേഹം നിരവധി സ്കൂളുകൾ സ്ഥാപിക്കുകയും സിലബസ് പരിഷ്കരിക്കുകയും പാഠപുസ്തകങ്ങൾ നിർമ്മിക്കുകയും അച്ചുകൂടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. കൊച്ചി മലബാർപ്രദേശത്തെ സ്കൂൾ ഇൻസ്പെക്ടറായി രണ്ടരവർഷകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ ദിനപത്രങ്ങളായ പശ്ചിമൊദയം, രാജ്യസമാചാരം എന്നിവ ആരംഭിച്ചതും ഗുണ്ടർട്ടാണ്. പ്രസിദ്ധീകരണരംഗത്തും ഇദ്ദേഹം ഏറെ പ്രശസ്തി നേടി. തലശ്ശേരിയിലുണ്ടായിരുന്ന ഇരുപത് വർഷക്കാലവും മലയാളഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി കഠിനമായി യത്നിച്ചു. പ്രേഷിതവൃത്തിയോടൊപ്പം ഭാഷാസേവനവും

SGOU

വ്രതാനുഷ്ഠാനമായി കരുതിയ വ്യക്തിയായിരുന്നു ഗുണ്ടർട്ട്. മലയാളത്തിനു പുറമേ 18 ഭാഷകളിൽ ഇദ്ദേഹത്തിന് പരിജ്ഞാനമുണ്ടായിരുന്നു. ഇവയിൽ ബംഗാളി, ഹിന്ദി, തമിഴ്, കന്നഡ, തെലുഗു എന്നീ ഭാരതീയ ഭാഷകളും ഉൾപ്പെടുന്നു. മലയാളഭാഷയുടെ ഉത്പത്തി മറ്റു ദ്രാവിഡഭാഷകളുമായുള്ള ബന്ധം, ഇതരഭാഷകളിൽ നിന്നു മലയാളത്തിലേക്കു സംക്രമിച്ച പദങ്ങൾ എന്നിവയെപ്പറ്റിയെല്ലാം ആഴത്തിലുള്ള പഠനങ്ങളും ഇദ്ദേഹം നടത്തി. നിഘണ്ടു, വ്യാകരണം, പഴഞ്ചൊൽ സാഹിത്യം, ചരിത്രം എന്നീ വിഭാഗങ്ങളിലെ പ്രാമാണികഗ്രന്ഥങ്ങളുടെ രചനയിലും ഗുണ്ടർട്ട് ഏർപ്പെട്ടിരുന്നു. മലയാളഭാഷാവ്യാകരണം, മലയാളം - ഇംഗ്ലീഷ് നിഘണ്ടുക്കൾ എന്നിവയെപ്പറ്റിയെല്ലാം ആഴത്തിലുള്ള പഠനങ്ങളും ഇദ്ദേഹം നടത്തി.

> ▶ പശ്ചിമോദയം, രാജ്യസമാചാരം എന്നിവ ആരംഭിച്ചത് ഗുണ്ടർട്ടാണ്

നിഘണ്ടു, വ്യാകരണം, പഴഞ്ചൊൽ സാഹിത്യം, ചരിത്രം എന്നീ വിഭാഗങ്ങളിലെ പ്രാമാണികഗ്രന്ഥങ്ങളുടെ രചനയിലും ഗുണ്ടർട്ട് ഏർപ്പെട്ടിരുന്നു. മലയാളഭാഷാവ്യാകരണം, മലയാളം - ഇംഗ്ലീഷ് നിഘണ്ടു എന്നിവയാണ് മലയാളത്തിൽ ഗുണ്ടർട്ടിനെ അനശ്വരനാക്കിയത്. ദീർഘവീക്ഷണത്തോടുകൂടി രചിക്കപ്പെട്ട വ്യാകരണഗ്രന്ഥമാണ് മലയാളഭാഷാവ്യാകരണം. പ്രാചീനമലയാളകൃതികളിൽ നിന്ന് ധാരാളം ഉദ്ധരണികൾ ഇതിൽ ചേർത്തിട്ടുണ്ട്. പാശ്ചാത്യമാതൃകയിൽ തികച്ചും ശാസ്ത്രീയമായ കാഴ്ചപ്പാടോടെ മലയാളഭാഷയിൽ രചിക്കപ്പെട്ട ആദ്യത്തെ വ്യാകരണഗ്രന്ഥമാണിത്. വ്യാകരണത്തിനും നിഘണ്ടുവിനും പുറമേ പഴഞ്ചൊൽമാല, പാഠമാല, മലയാളരാജ്യം, കേരളപ്പഴമ, മലയാളവ്യാകരണം, ചോദ്യോത്തരം തുടങ്ങിയ കൃതികളും ഗുണ്ടർട്ട് രചിച്ചിട്ടുണ്ട്. സ്കൂൾ ഇൻസ്പെക്ടറായി ജോലി ചെയ്ത കാലത്തു തയ്യാറാക്കിയ പുസ്തകങ്ങളിൽ ഒന്നാണു പാഠമാല. ചരിത്രവും ഭൂമിശാസ്ത്രവും പ്രതിപാദിച്ചിട്ടുള്ള കൃതിയാണ് മലയാളരാജ്യം, 1498 മുതൽ 1681 വരെയുള്ള കേരളചരിത്രത്തെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് കേരളപ്പഴമ. വിദ്യാർത്ഥികൾക്കുവേണ്ടി രചിച്ച വ്യാകരണഗ്രന്ഥമാണ് മലയാളവ്യാകരണം. മലയാളത്തിലെ പൂർണവിരാമം, അർഥവിരാമം, ചോദ്യചിഹ്നങ്ങൾ എന്നിവ അവതരിപ്പിച്ചത് ഇദ്ദേഹമാണ്. മലയാളത്തിന് നല്ല ഒരു ഗദ്യശൈലി രൂപപ്പെടുത്തിയതിലും ഗുണ്ടർട്ടിന് പ്രമുഖമായ പങ്കുണ്ട്. 1859 ഏപ്രിൽ 11-ന് തലശ്ശേരിയിൽനിന്നും ബാസലിലേക്കു മടങ്ങിപ്പോയ ഗുണ്ടർട്ട് ജീവിതാന്ത്യംവരെ ഗവേഷണ പ്രവർത്തനങ്ങൾ തുടർന്നു. 1893 ഏപ്രിൽ 25-നു ഗുണ്ടർട്ട് നിര്യാതനായി. സ്കറിയ സക്കറിയ, മാമ്മൻ ഫിലിപ്പ് എന്നിവർ ഗുണ്ടർട്ടിന്റെ ജീവചരിത്രങ്ങൾ രചിച്ചിട്ടുണ്ട്. സിദ്ധാർഥ എന്ന ദാർശനികനോവലിന്റെ കർത്താവും നോബൽ സമ്മാന ജേതാവുമായ ഹെർമാൻ ഹെസ്സേ ഇദ്ദേഹത്തിന്റെ പൗത്രനാണ്.

> ▶ നിഘണ്ടു, വ്യാകരണചരിത്രം എന്നീ വിഭാഗങ്ങളിലെ പ്രാമാണികഗ്രന്ഥങ്ങളും ഗുണ്ടർട്ട് രചിച്ചു

## വൈക്കത്തുപാച്ചുമൂത്തത്

വൈദ്യൻ, സാഹിത്യകാരൻ, സാമ്പത്തിക വിദഗ്ധൻ എന്നീ മേഖലകളിൽ പ്രതിഭ തെളിയിച്ച വ്യക്തിയായിരുന്നു വൈക്കത്തു പാച്ചുമൂത്തത്. അദ്ദേഹത്തിന് വ്യാകരണം, ചരിത്രം, വേദാന്തം, ജ്യോതിഷം തുടങ്ങിയ വിഷയങ്ങളിൽ അഗാധമായ അറിവുണ്ടായിരുന്നു. ഇദ്ദേഹം ഉത്രം തിരുനാൾ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂറിലെ കൊട്ടാരം വൈദ്യനായിരുന്നു. കേരളത്തിൽ ഇന്നത്തെ രീതിയിലുള്ള ആയുർവേദ പഠനത്തിന് തുടക്കം കുറിച്ചത് ഇദ്ദേഹമാണെന്ന കാര്യം ശ്രദ്ധേയമാണ്.

SGOU

പിൽക്കാലത്ത് തിരുവനന്തപുരത്തെ ആയുർവേദ കോളേജായി അറിയപ്പെട്ടത് വൈദ്യം പഠിപ്പിക്കാനായി മൂത്തത് തുടങ്ങിയ പാഠശാലയായിരുന്നു. മലയാളത്തിലെ ആദ്യത്തെ ഭാഷാശാസ്ത്രഗ്രന്ഥമായ കേരള ഭാഷാവ്യാകരണം ബാലസാഹിത്യകൃതിയായ ബാലഭൂഷണം തുടങ്ങി മലയാളത്തിലും സംസ്കൃതത്തിലുമായി നിരവധി ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ ആത്മകഥയും ഇദ്ദേഹത്തിന്റേതാണ്. കേരളത്തിലെ പണ്ഡിതരായ വ്യക്തിത്വങ്ങൾ അവരുടെ രചനകളെല്ലാം സംസ്കൃതത്തിൽ തന്നെ നടത്തിയിരുന്ന കാലത്ത് ജനസാമാന്യത്തിനുവേണ്ടി അവരുടെ ഭാഷയായ മലയാളത്തിൽ രചന നടത്തിയിരുന്ന വ്യക്തിയായിരുന്നു വൈക്കത്ത് പാച്ചു മൂത്തത്. മതപ്രചാരണാർത്ഥം കേരളമിഷണറിമാർ മലയാളഭാഷയിൽ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുകളും പാഠപുസ്തകങ്ങളും പുതുതായി തയ്യാറാക്കിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. തുടക്കത്തിൽ സംസ്കൃതത്തിൽ രചന നടത്തിയിരുന്ന പാച്ചുമൂത്തത് ക്രമേണ മലയാളത്തിലേക്ക് കടക്കുകയായിരുന്നു. മലയാളത്തിലെ ആദ്യആത്മകഥയുടെ രചയിതാവ്.

- മലയാളത്തിലെ ആദ്യത്തെ ആത്മകഥ പാച്ചുമൂത്തതിന്റേതാണ്

## ജോർജ് മാത്തൻ

മലയാള ഭാഷാഗദ്യത്തിന് അതുല്യസംഭാവനകൾ നൽകിയ പണ്ഡിതനായിരുന്നു ജോർജ് മാത്തൻ. ഗ്രീക്ക്, ഇംഗ്ലീഷ്, സംസ്കൃതം, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിലെ നല്ല അംശങ്ങളെ സ്വാംശീകരിക്കുകയും മലയാളഗദ്യത്തെ സമ്പന്നമാക്കുകയും ചെയ്തു അദ്ദേഹം. ഒരു മലയാളി ഭാഷാശാസ്ത്രശാഖക്ക് നൽകിയ പ്രഥമവ്യാകരണഗ്രന്ഥം എന്ന നിലയിൽ ഏറെ പ്രസക്തമാണ് അദ്ദേഹത്തിന്റെ 'മലയാഴ്മയുടെ വ്യാകരണം'. ഹെർമൻ ഗുണ്ടർട്ടിന്റെ വ്യാകരണഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് മുൻപുതന്നെ മലയാഴ്മയുടെ വ്യാകരണം തയ്യാറാക്കിയിരുന്നെങ്കിലും 1863-ൽ മാത്രമേ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞുള്ളൂ. ഒരു മലയാളി പൂർണമായി മലയാളത്തിലെഴുതിയ ആദ്യത്തെ മലയാള വ്യാകരണ ഗ്രന്ഥമാണിത്. മലയാളഭാഷയിൽ പല വ്യാകരണഗ്രന്ഥങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും അവയുടെ എല്ലാം അസ്തിവാരം മാത്തന്റെ വ്യാകരണമാണെന്ന് ഡോ പി. ജെ. തോമസ് അഭിപ്രായപ്പെടുന്നു.

- മലയാള ഗദ്യത്തിന്റെ വളർച്ചയ്ക്ക് നിരവധി സംഭാവനകൾ നൽകി.

## ആർച്ച് ഡീക്കൻ കോശി

മലയാളസാഹിത്യകാരനും, ക്രൈസ്തവ പുരോഹിതനുമായ ആർച്ച് ഡീക്കൻ കോശി 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. അദ്ദേഹം പത്തോളം മലയാളകൃതികൾ രചിച്ചിട്ടുണ്ട്. ഇദ്ദേഹം ജോൺ ബനിയന്റെ പിൽഗ്രിംസ് പ്രോഗ്രസ് എന്ന കൃതി 'പരദേശി മോക്ഷയാത്ര' എന്ന പേരിൽ വിവർത്തനം ചെയ്തു. കേരളത്തിന്റെ പഴയകാല സാമൂഹികയാഥാർത്ഥ്യം പങ്കു വയ്ക്കുന്ന പുല്ലേലിക്കുഞ്ചു എന്ന കൃതിയാണ് മറ്റൊന്ന്. മലയാളത്തിലെ ആദ്യനോവലെന്ന് ചില പണ്ഡിതന്മാർ ഇതിനെ ചൂണ്ടിക്കാട്ടുന്നു. കോട്ടയം സി. എം. എസ്. പ്രസ്സിൽനിന്ന് 1848-ൽ പ്രസിദ്ധീകൃതമായ ജ്ഞാനനിക്ഷേപം ഇദ്ദേഹത്തിന്റെ പത്രാധിപത്യത്തിലായിരുന്നു പുറത്തിറങ്ങിയിരുന്നത്. പുല്ലേലിക്കുഞ്ചു ആദ്യമായി പ്രസിദ്ധീകൃതമായത് ജ്ഞാനനിക്ഷേപത്തിലായിരുന്നു. സംസ്കൃതം, ഇംഗ്ലീഷ്, ലത്തീൻ തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്നു. 1872 മുതൽ 1878 വരെയുള്ള കാലയളവിൽ അദ്ദേഹം മലയാളം ബൈബിൾ നവീകരിക്കുന്നതിൽ വ്യാപൃതനായി.

- ജ്ഞാനനിക്ഷേപം പുറത്തു വന്നു

## കേരളവർമ്മ വലിയകോയിത്തമ്പുരാൻ

'കേരള കാളിദാസൻ' എന്ന അപരനാമധേയത്തിൽ അറിയപ്പെടുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻ ആധുനിക മലയാളഗദ്യ സാഹിത്യത്തിന്റെ പിതാവെന്ന നിലയിൽ ശ്രദ്ധേയനാണ്. സംസ്കൃതത്തിലും മലയാളസാഹിത്യത്തിലും അമൂല്യമായ നിരവധി സംഭാവനകൾ നൽകി. തിരുവിതാംകൂറിന്റെ പാഠപുസ്തകക്കമ്മിറ്റി ചെയർമാനെന്ന നിലയിൽ ഭാഷാഗദ്യശാഖയെ പരിപോഷിപ്പിക്കുകയും, പരിഷ്കരിക്കുകയും ചെയ്തു. കേരളവർമ്മയുടെ കാലത്ത് മലയാളസാഹിത്യത്തിൽ കടന്നുവന്ന ഒരു വിഷയമാണ് ദ്വിതീയാക്ഷരപ്രാസവാദം. ഒരു ഭാഗത്ത് കേരളവർമ്മയും മറുഭാഗത്ത് അദ്ദേഹത്തിന്റെ ഭാഗിനേയൻ എ. ആർ. രാജരാജവർമ്മയും പ്രാസവാദത്തിന് നേതൃത്വം വഹിച്ചു. വളരെയധികം ചർച്ചകളും വാദകോലാഹലങ്ങളും സൃഷ്ടിച്ച ദ്വിതീയാക്ഷര പ്രാസവാദം മലയാള സാഹിത്യത്തിന്റെ വളർച്ചയ്ക്ക് വളരെയധികം പ്രയോജനകരമായി ഭവിച്ചു എന്നത് ശ്രദ്ധേയമാണ്. 19-ാം ശതകത്തിന്റെ ഉത്തരാർധവും 20-ാം ശതകത്തിന്റെ ആദ്യത്തെ രണ്ടു ദശകങ്ങളും ഉൾപ്പെട്ട കാലഘട്ടമാണ് കേരളവർമ്മയുഗം. കേരളവർമ്മവലിയകോയിത്തമ്പുരാൻ സാഹിത്യരംഗത്തു നിറഞ്ഞുനിന്ന കാലത്തെയാണ് ഈ യുഗം അനുസ്മരിപ്പിക്കുന്നത്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കാലംവരെ മലയാളഗദ്യം ഗൗരവമുള്ള ഒരു മേഖലയായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രവർത്തനം ഭാഷാഗദ്യസാഹിത്യത്തിന് പുതിയൊരു ഉണർവും ഉത്തേജനവും നൽകാൻ സഹായിച്ചു.

- മലയാളഗദ്യത്തിന്റെ സുവർണ്ണകാലം

ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്താണ് തിരുവിതാംകൂറിലെ സ്കൂളുകളിൽ ഭാഷയും കണക്കും ചരിത്രവും ഭൂമിശാസ്ത്രവും സന്മാർഗപാഠവും പഠിപ്പിക്കാൻ ആവശ്യമായ പുസ്തകങ്ങളുണ്ടാക്കാനുള്ള ഒരു കമ്മിറ്റി രൂപംകൊണ്ടത്. 1867-ൽ രൂപീകരിച്ച പ്രസ്തുത കമ്മിറ്റിയിൽ വലിയകോയിത്തമ്പുരാൻ ഒരംഗമായിരുന്നു. 1868-ൽ അതിന്റെ അധ്യക്ഷപദവി ഏറ്റെടുക്കുകയും ചെയ്തു. ഒന്നാംപാഠം മുതൽ ഓരോ ക്ലാസിലേക്കുമുള്ള ഭാഷയും കണക്കും ചരിത്രവും ഭൂമിശാസ്ത്രവുമെല്ലാം കമ്മിറ്റി നിർമ്മിച്ചു. എന്നാൽ വലിയകോയിത്തമ്പുരാൻ ഒറ്റയ്ക്കാണ് മിക്കവാറും എല്ലാ പാഠപുസ്തകങ്ങളും നിർമ്മിച്ചത്. ഓരോ ക്ലാസ്സിന്റേയും നിലവാരം മനസ്സിലാക്കി അദ്ദേഹം നിർമ്മിച്ച പാഠപുസ്തകങ്ങളാണ് വരുംതലമുറകളിൽ സാഹിത്യാഭിരുചിയും ഭാഷാപ്രേമവും ഉണ്ടാക്കിയതെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല.

- പാഠപുസ്തക കമ്മിറ്റിയുടെ ചെയർമാൻ

## സംവാദം

സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുവാൻവേണ്ടി ഒരു പ്രത്യേക വിഷയത്തെപ്പറ്റി രണ്ടുപേർതമ്മിലോ, കൂടുതൽ പേർ ചേർന്നോ നടത്തുന്ന വാദപ്രതിവാദങ്ങളെ സംവാദം എന്ന് പറയാം. ഏതെങ്കിലും ഒരു വിഷയത്തെയോ ആശയത്തെയോ സംഭവങ്ങളെയോ സംവാദവിധേയമാക്കാം. രണ്ടുപേർ തമ്മിലുള്ള സംഭാഷണങ്ങളിലൂടെ വ്യത്യസ്തചിന്താഗതികൾ കൈമാറാം. ഒരാൾ പറയുന്ന കാര്യങ്ങൾ കേൾക്കുന്ന ആൾക്കും, മറ്റുള്ളവർക്കും കൂടുതൽ വ്യക്തത വരുത്തുവാൻവേണ്ടി അതിലുള്ള ആശയങ്ങളിൽ ഇടപെടുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്യുകവഴി കൂടുതൽ വിപുലമായ അർഥസമ്പുഷ്ടത വരുത്താനും സംവാദങ്ങൾ സഹായിക്കും. വ്യക്തികളുടെ ഉന്നതമായ

SGOU

> ▶ രണ്ടുപേർ തമ്മിലോ, കൂടുതൽ പേർ ചേർന്നോ നടത്തുന്ന വാദപ്രതിവാദങ്ങൾ

കാഴ്ചപ്പാടും അതിൽ അടങ്ങിയിരിക്കുന്ന വിവിധവീക്ഷണങ്ങളും ആ ആശയത്തിന്റെ നിർമ്മാതാവുതന്നെ വിശദീകരിച്ച് കൂടുതൽ വിപുലമാക്കുകയും ചെയ്യാറുണ്ട്. ചിലപ്പോൾ വിഷയം അതിന്റെ സാധുതയ്ക്ക് വേണ്ടി വളരെ വിശദമായി അവതരിപ്പിക്കേണ്ടിവരും. മാത്രമല്ല ചില വിഷയങ്ങൾ നീണ്ട വിശദീകരണത്തിലൂടെ മാത്രമേ പൂർണമാവുകയുള്ളൂ.

ഒരാളുടെ വാക്കുകളിൽ ഉള്ളടങ്ങിയിരിക്കുന്ന വ്യത്യസ്ത ചിന്താപദ്ധതികൾ പലപ്പോഴും കൂടുതൽ വിശദീകരണങ്ങൾ ആവശ്യപ്പെടേണ്ടിവരുന്നു. അങ്ങനെ വാക്കുകളുടെ ഉടമകൾതന്നെ അവയെ വിശദീകരിക്കുമ്പോൾ അനേകം മാനങ്ങൾ കൈവരുന്നു. അതിലൂടെ പുതിയൊരു ആശയലോകം സംജാതമാകുന്നു. പറയുന്ന ആശയങ്ങളോട് വിയോജിപ്പുണ്ടെങ്കിൽ അത് ചൂണ്ടിക്കാട്ടി അവയോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും വ്യക്തത വരുത്താൻ സംവാദത്തിലൂടെ ആവശ്യപ്പെടുകയും ചെയ്യാം. സി. വി. കുഞ്ഞുരാമനും ശ്രീനാരായണഗുരുവും തമ്മിൽ നടത്തിയ സംവാദം അത്തരത്തിൽ പ്രസക്തമാണ്. മുഖാമുഖം രണ്ടുപേർ തമ്മിലോ വ്യത്യസ്തസന്ദർഭങ്ങളിലുള്ള പ്രസംഗമായിട്ടോ എഴുത്തായിട്ടോ സംവാദങ്ങളുണ്ടാവാറുണ്ട്. ഒരാൾ പറയുന്ന വിഷയത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടു തന്നെ യോജിക്കാതെ തികച്ചും പ്രതികൂലമായ ആശയങ്ങളും അവതരിപ്പിക്കാൻ മറ്റുള്ളവർക്ക് കഴിയും. പ്രതികൂലമായി അവതരിപ്പിക്കുന്ന ആശയങ്ങൾക്ക് ന്യായീകരണം നൽകുകയും ചെയ്യാം. ചിലർക്ക് എതിർ അഭിപ്രായങ്ങളോട് യോജിക്കാനായിരിക്കും താത്പര്യം. സംവാദത്തിലൂടെ അവരുടെ അഭിപ്രായങ്ങളും രംഗത്തുവരും. പലപ്പോഴും പറയുന്ന വിഷയങ്ങളെ അനുകൂലിച്ചും പ്രതികൂലിച്ചും ആശയ സംഘട്ടനങ്ങളും നടക്കാറുണ്ട്. രാഷ്ട്രീയസാമൂഹിക സാഹിത്യസംവാദങ്ങൾ നിലവിലുണ്ട്. കൂടാതെ ആനുകാലികപ്രസിദ്ധീകരണങ്ങൾ സമകാലിക സംഭവങ്ങളെ സംവാദത്തിന് വിധേയമാക്കാറുണ്ട്. അതും സാമൂഹിക രാഷ്ട്രീയ സാഹിത്യമേഖലകൾക്ക് വിഷയങ്ങളാകാറുണ്ട്. മലയാളത്തിൽ ഒരു കാലത്തുണ്ടായിരുന്ന ദ്വിതീയാക്ഷരപ്രാസവാദം, ഉണ്ണുനീലിസന്ദേശവാദം, തുടങ്ങിയവ ശ്രദ്ധേയങ്ങളായിരുന്നു.

> ▶ വിഷയങ്ങളെ അനുകൂലിച്ചും പ്രതികൂലിച്ചും ആശയസംഘട്ടനങ്ങൾ നടക്കാറുണ്ട്

സാഹിത്യസംബന്ധിയായ ചില സംവാദങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ട്. കുഞ്ചൻനമ്പ്യാർ - രാമപാണിവാദം, ഉണ്ണുനീലിസന്ദേശവാദം, ദ്വിതീയാക്ഷരപ്രാസവാദം തുടങ്ങിയവ ഉദാഹരണം. അതിൽ വളരെ പ്രധാന്യമർഹിക്കുന്നൊരു സംവാദമായിരുന്നു 1891-ൽ തുടങ്ങിയ ദ്വിതീയാക്ഷരപ്രാസവാദം. കേരളവർമ്മ വലിയകോയിത്തമ്പുരാനും നടുവത്തച്ഛനും ഒരു ചേരിയിലും എ. ആർ. രാജരാജവർമ്മ, കെ. സി. കേശവപിള്ള തുടങ്ങിയവർ മറുചേരിയിലുമായി ആരംഭിച്ച സംവാദം സജാതീയ ദ്വിതീയാക്ഷരപ്രാസവാദം (സ്വരത്തിനും വ്യഞ്ജനത്തിനും ഐക്യമുള്ള ദ്വിതീയാക്ഷരം) എന്ന് അറിയപ്പെടുന്നു. സംവാദം കേരളത്തിന്റെ ദക്ഷിണദിക്കിലാണ് തുടങ്ങിയതെങ്കിലും അത് പിന്നീട് കേരളമാകെ വ്യാപിച്ചു. മലയാളഭാഷയ്ക്ക് ദ്വിതീയാക്ഷരപ്രാസം അനിവാര്യമാണെന്ന് കേരളവർമ്മയും നടുവത്തച്ഛനും വാദിച്ചപ്പോൾ അത് അനാവശ്യമാണെന്ന നിലപാടിലായിരുന്നു എ. ആർ. രാജരാജവർമ്മയും മറ്റുചിലരും. മലയാള മനോരമയിൽ പ്രാസവാദത്തിന് അനുകൂലമായും പ്രതികൂലമായും ധാരാളം ലേഖനം വന്നുകൊണ്ടിരുന്നു.

> ▶ പ്രാസവാദവും സാഹിത്യസംവാദവും

കവിതയിൽ ശബ്ദഭംഗിയെക്കാൾ അർഥപുഷ്ടിയാണ് അഭികാമ്യം

SGOU

എന്ന നിലപാടിലുറച്ചുകൊണ്ട് എ. ആർ. രാജരാജവർമ്മ 1895-ൽ കാളിദാസന്റെ മേഘദൂതം പരിഭാഷപ്പെടുത്തുകയും അതിൽ ദ്വിതീയാക്ഷര പ്രാസം നിശ്ശേഷം ഒഴിവാക്കുകയും ചെയ്തു. പ്രാസപക്ഷപാതികളെ എ. ആർ. നല്ലതുപോലെ പരിഹസിക്കുകയുമുണ്ടായി. ആ വാദകോലാഹലം കുറച്ചുനാളത്തേക്ക് കെട്ടടങ്ങിയെങ്കിലും ഏതാനും വർഷങ്ങൾക്കുശേഷം കേരളവർമ്മ വലിയകോയിത്തമ്പുരാൻ അധ്യക്ഷനായുള്ള ഭാഷാകവിതയെപ്പറ്റിയുള്ള ഒരു യോഗത്തിൽ കെ. സി. കേശവപിള്ള പ്രാസവാദികളെ പരിഹസിച്ചുകൊണ്ട് നടത്തിയ പ്രസംഗം വീണ്ടും പ്രാസവാദം ശക്തമാകാൻ കാരണമായി. പിന്നെയും ആ സംവാദം കുറച്ചുനാൾകൂടി തുടർന്നുകൊണ്ടേയിരുന്നു. ഒരുഭാഗത്ത് കെ. സി. കേശവപിള്ളയും മറുഭാഗത്ത് ഉള്ളൂരുമായിരുന്നു ഈ സംവാദത്തിന് നേതൃത്വം നൽകിയത്. കെ. സി. കേശവപിള്ള ദ്വിതീയാക്ഷരപ്രാസത്തോടു വിയോജിച്ചുകൊണ്ട് കേശവീയം മഹാകാവ്യ (1913) വും ഉള്ളൂർ ദ്വിതീയാക്ഷരപ്രാസത്തെ അനുകൂലിച്ചുകൊണ്ട് ഉമാകേരളം മഹാകാവ്യ(1914) വും രചിക്കുകയുണ്ടായി. വൈകാതെ ദ്വിതീയാക്ഷരപ്രാസം പിന്തുടരാതെ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ദൈവയോഗം എഴുതിയതോടുകൂടി പ്രാസവാദസംവാദം അവസാനിച്ചു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പന്തളം കേരളവർമ്മ, മൂർക്കോത്ത് കുമാരൻ, കൊട്ടാരത്തിൽ ശങ്കുണ്ണി തുടങ്ങിയവരും പങ്കെടുത്ത ഈ സംവാദത്തോടുകൂടി മലയാളകവിതയിൽ ഒരു പുതിയ ഉണർവുണ്ടായി.

- ▶ പ്രാസവാദ സംവാദം അവസാനിച്ചു

## ഉപന്യാസം

ഒരു പ്രത്യേകവിഷയത്തെ ആസ്പദമാക്കി രചിക്കപ്പെടുന്ന ഗദ്യരൂപത്തെയാണ് പ്രബന്ധം അഥവാ ഉപന്യാസം എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ഇംഗ്ലീഷിൽനിന്നാണ് ഉപന്യാസം എന്ന സാഹിത്യശാഖ മലയാളത്തിലേക്ക് കടന്നുവന്നത്. ആധുനികമലയാളഗദ്യസാഹിത്യത്തിന്റെ വളർച്ചയിൽ ഉപന്യാസപ്രസ്ഥാനം നിസ്തുലമായ പങ്കുവഹിച്ചു. ഫ്രഞ്ചുസാഹിത്യത്തിലാണ് യൂറോപ്പിൽ ഈ ശാഖ ആദ്യമായി രൂപംകൊണ്ടത്. മൊണ്ടേയ്ൻ എന്ന ചിന്തകനാണ് ഇതിന്റെ ഉപജ്ഞാതാവ്. ഒരു സമ്പൂർണകൃതിയെന്ന നിലയിൽ ഒറ്റയിരിപ്പിനു വായിച്ചുതീർക്കാൻവേണ്ടി സാങ്കേതികവിഷയങ്ങളെ അധികരിച്ചെഴുതപ്പെടുന്ന ഗദ്യരൂപമാണ് ഉപന്യാസം എന്നായിരുന്നു ആദ്യകാലത്തെ നിർവചനം. പിൽക്കാലത്ത് സാങ്കേതികേതരവിഷയങ്ങളും ഉപന്യാസത്തിന്റെ പ്രതിപാദ്യമായി മാറി. ഒരു ശിഥിലമായ മാനസികനിലവാരത്തിനനുസരിച്ച് ക്രമരഹിതവും അജീർണവുമായ ഒരു രചന എന്നാണ് ഉപന്യാസകാരൻ കൂടിയായ ഡോ. ജോൺസൺ തന്റെ നിഘണ്ടുവിൽ ഉപന്യാസത്തെപ്പറ്റി പറയുന്നത്. ക്രമരഹിതമായേക്കാം ഉപന്യാസം. എന്നാൽ ബുദ്ധിപരമായ അജീർണത ആരോപിക്കുക ഉചിതമല്ല. ഉപന്യാസകാരന്റെ അനുഭവസമ്പത്തിന്റെയും മനനത്തിന്റെയും തെളിമയും തനിമയും പ്രതിഫലിക്കുന്ന സാഹിത്യരൂപമാണ് ഉപന്യാസം.

- ▶ മലയാളസാഹിത്യത്തിന്റെ വളർച്ചയിൽ ഉപന്യാസസാഹിത്യം വഹിച്ച പങ്ക്

ഇംഗ്ലീഷ് നിഘണ്ടുവിൽ ഉപന്യാസത്തിനു പുതിയൊരു നിർവചനം നൽകപ്പെട്ടത് ഏതു വിഷയത്തെപ്പറ്റിയുമുള്ള ഗദ്യസാഹിത്യരചന എന്നാണ്. ഈ നിർവചനമാണ് ഇന്നു അംഗീകൃതമായിട്ടുള്ളത്. ആഖ്യാനം, വർണനം, ഉപപാദനം എന്നിങ്ങനെയുള്ള സാഹിത്യരൂപങ്ങൾ ഉപന്യാസരചനയ്ക്കിണങ്ങുന്നതാണ്. എന്നാൽ വൈയക്തികവീക്ഷണവും

സ്വാഭിപ്രായപ്രകടനവും ഉപന്യാസത്തിൽ മുന്തിനിൽക്കുന്നു. തൻനിമിത്തം മിക്കവാറും ഉപന്യാസങ്ങൾ ഉപപാദനരൂപം കൈക്കൊള്ളുന്നു. തന്റെ പ്രത്യേകശ്രദ്ധയ്ക്കു വിഷയമായ ഒന്നിനെപ്പറ്റി വിവരിക്കുന്നതോടൊപ്പം സ്വാഭിപ്രായത്തിനനുകൂലമായ ഒരു വീക്ഷണഗതി അനുവാചകരിൽ ജനിപ്പിക്കുകയെന്നത് ഉപന്യാസകാരന്റെ ലക്ഷ്യമാണ്. അങ്ങനെ വരുമ്പോൾ ഉപന്യാസങ്ങൾ ഉപപാദനങ്ങളായി തീരാതെ വയ്യ. രൂപഭാവങ്ങൾ എന്തായാലും പ്രതിപാദനത്തിൽ വിശദമാക്കേണ്ട. വിവിധാംശങ്ങളെ യുക്തിസഹമായി ക്രമപ്പെടുത്തി ചമൽക്കാരജനകമായും നാതിദീർഘമായും വിവരിക്കുന്ന ഉപന്യാസങ്ങളാണ് ഉത്തമം. ഇംഗ്ലീഷ് സാഹിത്യത്തിൽ സ്വതന്ത്രമായി ഉപന്യാസരചന നടത്തിയ ആദ്യത്തെ ഗ്രന്ഥകാരനാണ് ഫ്രാൻസിസ് ബേക്കൺ (1561-1626). ഇദ്ദേഹത്തിന്റെ കൃതികളുടെ ആദ്യപതിപ്പ് 1597-ൽ പ്രകാശിതമായി. മൊണ്ടേയന്റേതിൽ നിന്നു വ്യതിരിക്തമായി വസ്തുനിഷ്ഠമായ ഉപന്യാസങ്ങളാണ് ബേക്കൺ രചിച്ചവയിൽ മിക്കതും. പതിനെട്ടാംശതകത്തിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കുണ്ടായ വമ്പിച്ച പ്രചാരണം ഉപന്യാസപ്രസ്ഥാനത്തെ പൂർവാധികം വികസിപ്പിച്ചു. ഇരുപതാംനൂറ്റാണ്ടിലും ഉപന്യാസ പ്രസ്ഥാനം പരിപുഷ്ടമായിത്തന്നെ വർത്തിക്കുന്നു. നോവൽ, നാടകം, കവിത തുടങ്ങിയ സാഹിത്യമണ്ഡലങ്ങളിൽ പ്രശസ്തരായ പലരും ഉപന്യാസരചന നടത്തുകയുണ്ടായി.

▶ ആനുകാലികങ്ങളുടെ വരവ് ഉപന്യാസസാഹിത്യത്തിന്റെ വളർച്ചയ്ക്ക് മുഖ്യപങ്ക് വഹിച്ചു

പത്തൊൻപതാംനൂറ്റാണ്ടിലാണ് മലയാളത്തിൽ ഗദ്യസാഹിത്യപ്രസ്ഥാനം വികസിക്കാൻ തുടങ്ങിയത്. 1907-ൽ (കൊ.വ.1082) കൊച്ചി രാമവർമ്മ അപ്പൻതമ്പുരാൻ പ്രസാധനം ചെയ്ത 'ഗദ്യമാലിക'യാണ് ആദ്യമായി പുസ്തകരൂപത്തിൽ പുറത്തുവന്ന ഉപന്യാസസമാഹാരം. സി. പി. അച്യുതമേനോന്റെ (1862-1937) പത്രാധിപത്യത്തിൽ നടന്നിരുന്ന വിദ്യാവിനോദിനി (1890-95) യിലെ ലേഖനങ്ങളിൽ നിന്നെടുത്ത ഉപന്യാസങ്ങളാണു 'ഗദ്യമാലിക'യിലുള്ളത്. അച്യുതമേനോന്റെ ലേഖനങ്ങൾ എം. രാജരാജവർമ്മ (1871-1959), കുഞ്ഞിക്കുട്ടൻ തമ്പുരാൻ (1864-1913) മുതലായവരുടെ ഉപന്യാസങ്ങളും ഗദ്യമാലികയുടെ ഒന്നാംഭാഗത്തിൽ ചേർത്തിട്ടുണ്ട്. സാമ്പത്തികശാസ്ത്രം, സാഹിത്യം, ചരിത്രം, തത്വചിന്ത മുതലായ വിഷയങ്ങളാണ് പ്രതിപാദ്യം. രസികരഞ്ജിനി, ഭാഷാപോഷിണി മുതലായ മറ്റു മാസികകളിൽനിന്നും ഉപന്യാസങ്ങൾ ചേർത്ത് പ്രസിദ്ധീകരിച്ചതാണ് ഗദ്യമാലികയുടെ അനന്തരഭാഗങ്ങൾ. ഗദ്യമാലികയ്ക്കുശേഷം ഇന്നോളം ഭാഷയിൽ ഒട്ടുവളരെ പ്രബന്ധസമാഹാരങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. പ്രബന്ധസംഗ്രഹം എ. ആർ. രാജരാജവർമ്മയുടെ (1863-1918) പ്രസിദ്ധമായ ഉപന്യാസസമാഹാരമാണ്. കേസരി, വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ (1861-1914) കേസരി എന്ന ഗ്രന്ഥത്തിൽ ആമുഖോപന്യാസം, ദ്വാരക, നാട്ടെഴുത്തശ്ശൻ, മരിച്ചാലത്തെ സുഖം, ആഖ്യായികകൾ എന്നിങ്ങനെയുള്ള 25 ഉപന്യാസങ്ങൾ ഉൾക്കൊള്ളുന്നു. വിവിധ വിഷയങ്ങളെ അധികരിച്ചുള്ളവയാണ് ഇതിലെ പ്രബന്ധങ്ങളെങ്കിലും മിക്കവയും സാഹിത്യസംബന്ധിയാണ്. സംസ്കാരമധുരമായ പരിഹാസം നായനാരുടെ സവിശേഷതയാണ്. കൊച്ചി രാമവർമ്മ അപ്പൻതമ്പുരാന്റെ (1875-1941) പ്രബന്ധസമാഹാരമാണ് മംഗളമാല. ഈ പ്രബന്ധസഞ്ചികയിൽ സാഹിത്യം, ചരിത്രം, ശാസ്ത്രം മുതലായ വിഷയങ്ങൾ പ്രസാദമധുരമായ ശൈലിയിൽ പ്രതിപാദിച്ചിരിക്കുന്നു. സി. പി. അച്യുതമേനോൻ, കുഞ്ഞുരാമൻ നായനാർ, കുഞ്ഞി

> ▶ മലയാളത്തിലെ ഉപന്യാസശാഖയെ സമ്പന്നമാക്കിയതിൽ നിരവധി സാഹിത്യകാരന്മാർ പ്രധാന പങ്കു വഹിച്ചു

ക്കുട്ടൻ തമ്പുരാൻ, അപ്പൻ തമ്പുരാൻ, സി. അന്തപ്പായി (1862-1936), എ. ആർ. രാജരാജവർമ്മ, അമ്പാടി നാരായണപ്പൊതുവാൾ (1871-1936), ശേഷഗിരി പ്രഭു (1855-1916) തുടങ്ങിയ പ്രഗല്ഭമതികളുടെ ലേഖനങ്ങൾ സി. ഡി. ഡേവിഡ് (1850-1920) സമാഹരിച്ചു പ്രസിദ്ധപ്പെടുത്തിയതാണ് പ്രബന്ധമഞ്ജരി (2 ഭാഗങ്ങൾ). ഭാഷാചരിത്രം, കൃഷിശാസ്ത്രം, ജീവശാസ്ത്രം എന്നിങ്ങനെ വിവിധ വിഷയങ്ങൾ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. അക്കാലത്ത് ഈ വിഷയങ്ങളും പ്രതിപാദനരീതിയും പുതുമയേറിയതായിരുന്നു.

ഉപന്യാസശാഖയെ വളർത്തിയ ഒരു പ്രസ്ഥാനമാണ് പ്രഭാഷണങ്ങൾ. എം. രാമവർമ്മത്തമ്പാനാണ് ഇതിന്റെ ഉപജ്ഞാതാവ്. ദേശാഭിമാനോജ്ജ്വലങ്ങളും വിജ്ഞാനപ്രദങ്ങളുമായ വിഷയങ്ങളെ അധികരിച്ചുള്ള ലഘുപ്രബന്ധങ്ങളാണ് പ്രഭാഷണങ്ങൾ എന്ന പേരിൽ മൂന്നുഭാഗങ്ങളായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. അക്കാലത്ത് ഇതിലെ പ്രഭാഷണങ്ങൾ വിദ്യാർത്ഥികൾ ഉരുവിട്ടു പഠിച്ച് സഭാവേദികളിൽ പ്രയോഗിക്കുക പതിവായിരുന്നു. കെ. ആർ. കൃഷ്ണപിള്ളയുടെ (1867-1953) പ്രബന്ധങ്ങൾ നാലുഭാഗങ്ങളായി പ്രസിദ്ധീകരിച്ചിരിക്കുന്നു. എം. രാജരാജവർമ്മയുടെ 15 ഉപന്യാസങ്ങളുടെ സമാഹാരമാണ് ഉപന്യാസാരാമം. അദ്ദേഹത്തിന്റെ മറ്റൊരുകൃതിയാണ് ഉപന്യാസപഞ്ചകം. പി. അനന്തൻ പിള്ളയുടെ (1886-1966) പ്രബന്ധരത്നാകരം മറ്റൊരു ശ്രദ്ധേയമായ ഉപന്യാസസമാഹാരമാണ്. അതിൽ വിവിധ വിഷയങ്ങൾ പ്രതിപാദിക്കുന്ന 14 പ്രബന്ധങ്ങളുണ്ട്. മഹാകവി ഉള്ളൂർ പരമേശ്വരയ്യരുടെ (1877-1949) വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ വിജ്ഞാനദീപിക (4 ഭാഗങ്ങൾ)യിൽ സഞ്ചയിച്ചിരിക്കുന്നു. മഹാകവി ജി. ശങ്കരക്കുറുപ്പ് രചിച്ച പ്രബന്ധസമാഹാരങ്ങളാണ് ഗദ്യോപഹാരം, ലേഖമാല, മുത്തും ചിപ്പിയും തുടങ്ങിയവ. അനുവാചകരുടെ യുക്തിവിചാരത്തെ തൃപ്തിപ്പെടുത്തുന്ന രീതിയിൽ കൈനിക്കര കുമാരപിള്ള രചിച്ച ഉപന്യാസങ്ങളുടെ സമാഹാരമാണ് വിചാരവീചികൾ. ഇംഗ്ലീഷ് സാഹിത്യത്തിലെ നർമോപന്യാസശാഖയുടെ മാതൃകയിൽ വിരചിതമായ 14 ഉപന്യാസങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഉപന്യാസപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ മൊണ്ടേയ്ന്റെ ഉപന്യാസങ്ങൾ പി. ശേഷാദ്രി അയ്യർ (1891-1969) മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്.

> ▶ അച്ചടിയും മാസികാപ്രവർത്തനങ്ങളുമാണ് ഉപന്യാസശാഖ വിപുലപ്പെടുത്തിയത്

## ശ്രീനാരായണഗുരു – സി. വി. കുഞ്ഞുരാമൻ സംവാദം

വിജ്ഞാനദാഹിയും നിരന്തരാന്വേഷകനുമായ സി. വി. കുഞ്ഞുരാമൻ, മഹാപ്രഭാവനും ബ്രഹ്മതത്ത്വവേദിയും ദൃഢചിത്തനുമായ ശ്രീനാരായണഗുരുവിനോട് ചോദ്യരൂപത്തിലും സ്വാഭിപ്രായമായും, സംവാദമായും ഉന്നയിച്ച സമസ്യകൾക്ക് ഗുരു നൽകിയ പ്രതികരണങ്ങൾ പ്രസിദ്ധമാണ്. ഇതിനെ അനൗപചാരിക സംഭാഷണമായും ഗൗരവപൂർണമായ ആശയവിനിമയമായും ആത്മാർത്ഥമായ ഗുരു-ശിഷ്യ സംവാദമായും, ഒരു പത്രപ്രവർത്തകന്റെ കേവലജിജ്ഞാസയായും വിലയിരുത്തുന്നവരുമുണ്ട്. ഏതായാലും ഗുരുവിന്റെ അദ്വൈതദർശനത്തിലധിഷ്ഠിതമായ കാതലായ സിദ്ധാന്തത്തിന്റെ പൊരുൾ സുലളിത

മായി വിശദീകരിക്കുന്നതിനുപകരിച്ച സംഭാഷണമെന്ന നിലയ്ക്ക് ഇതിന് നമ്മുടെ സാമൂഹ്യ-സാംസ്കാരികചരിത്രത്തിൽ മികച്ച സ്ഥാനമുണ്ട്. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തെ ആറ് പതിറ്റാണ്ടുകളും ഇരുപതാം ശതകത്തിന്റെ ആദ്യത്തെ മൂന്ന് ദശവത്സരങ്ങളും കേരളീയ നവോത്ഥാനത്തിന്റെ മൂശയിൽ ആശയങ്ങളും സ്വതന്ത്രചിന്തകളും തിളച്ച് പൊന്തിയ കാലമായിരുന്നു. ഈ ഊർജപ്രസരണത്തിന് ഓരോ തരത്തിൽ ആക്കം നൽകിയ മനീഷികളും ആശയപ്രചാരകരുമായിരുന്നു ശ്രീനാരായണഗുരുവും സി. വി. കുഞ്ഞുരാമനും.

▶ ഗുരുവിന്റെ അദ്വൈതദർശനത്തിലധിഷ്ഠിതമായ കാതലായ സിദ്ധാന്തത്തിന്റെ പൊരുൾ

സി. വി. യെപ്പോലെ ജ്ഞാനതൃഷ്ണയുള്ള ശിഷ്യന്മാരുടെ നിരീക്ഷണങ്ങളും അനുഭവങ്ങളും ശ്രീനാരായണധർമ്മത്തിൽ ലയിച്ചുചേർന്നിട്ടുണ്ട്. സംവാദങ്ങളിലൂടെയാണ് അമൂർത്തവും ശിഥിലവുമായ ചിന്തകൾ രൂപപ്പെടുന്നതും കരുത്താർജ്ജിക്കുന്നതും. തത്വചിന്താപരമായ സംവാദങ്ങൾ എല്ലാ ഇതിഹാസങ്ങളുടെയും ഓജസ്കരമായ ഭാഗങ്ങളാണ്. ഗുരുദേവന്റെ മൗലികചിന്തകൾ പലരുമായുള്ള ഔപചാരികസംഭാഷണവേളകളിൽ ഊർന്നുവീണ മുത്തുകളായിട്ടാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. ഡോ. പല്പു, സി. വി. കുഞ്ഞുരാമൻ, കെ. അയ്യപ്പൻ തുടങ്ങിയ ഗൃഹാസ്ഥാശ്രമശിഷ്യന്മാരുമായും ചിന്നസ്വാമി (ആശാൻ), ബോധാനന്ദൻ, സ്വാമി സത്യവ്രതൻ, നടരാജഗുരു തുടങ്ങിയ സന്യാസശിഷ്യന്മാരുമായുള്ള ഭാഷണങ്ങളിലും ചർച്ചകളിലും അവ തിളങ്ങിനിൽക്കുന്നു. ഗുരു -സി. വി. സംഭാഷണം ആദർശാധിഷ്ഠിതമായ സത്യാന്വേഷണത്തിന്റെ ഭാഗമാണ്. സമീപത്തിരിക്കുന്ന ശിഷ്യന്റെ ബോധനവീകരണത്തിനായി ഗുരു പകരുന്ന ജീവിതസത്യങ്ങളാണ് ഉപനിഷത്തിന്റെ ഉള്ളടക്കം. ഇവിടെ ശ്രീനാരായണഗുരു ഏകമതതത്വം ശിഷ്യന് വിശദീകരിച്ച് നൽകുന്ന ഈ സംവാദവും ഉപനിഷത്തിന്റെ പരമ്പരയിൽപ്പെടുത്താവുന്നതാണ്. സംവാദത്തിന്റെ പ്രസക്തിയിൽ വിശ്വസിച്ചിരുന്ന ഗുരുദേവൻ, വാദിക്കുകയും ജയിക്കുകയുമല്ല, മറിച്ച് അറിയുകയും അറിയിക്കുകയുമാകണം ജീവിതലക്ഷ്യമെന്ന് ആവർത്തിച്ച് പറഞ്ഞു.

▶ ആദർശാധിഷ്ഠിതമായ സത്യാന്വേഷണത്തിന്റെ ഭാഗമാണ് ഈ സംവാദം

ജീവിതത്തിൽ ഒന്നിനെയും ഒരിക്കലും അദ്ദേഹം നേരിട്ട് എതിർത്തില്ല. ഏത് കാര്യത്തിലും അടങ്ങിയിരിക്കുന്ന കാരണങ്ങളെയും അതിന്റെ സ്രോതസ്സുകളെയും സൗമ്യമായും സൂക്ഷ്മബുദ്ധിയോടും സമീപിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. ഗുരുവിന്റെ ശാന്തമായ പ്രതിവചനങ്ങളിൽ മറുചോദ്യത്തിന്റെ വ്യംഗ്യവും ഉൾക്കൊണ്ടിരുന്നു. ഏതു തർക്കത്തിലും തന്റെ ഭാഗം ജയിക്കണമെന്ന വാശിയുള്ള വക്കീലായ സി. വി.യെ ഗുരുവിന് പ്രിയമായിരുന്നു. അകമേ ആരെയും ആദരിക്കാത്ത ഈ ധിഷണാശാലിക്ക് ഗുരുദേവന്റെ തൃപ്പാദങ്ങളോട് നിഷ്കളങ്കമായ ബഹുമാനമുണ്ടെന്ന് പല അനുഭവങ്ങളിലൂടെ ഗുരു മനസിലാക്കുകയും ചെയ്തിരുന്നു. വാദത്തിനുവേണ്ടി ഒരേസമയത്ത് പലമരക്കൊമ്പുകളിൽ കൂസലെന്യേ ചാടിമറിയുന്ന സി. വി. യുടെ ചാഞ്ചല്യവും അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ടാണ് ഒരു ജാതി എന്ന സങ്കല്പത്തിന് സി. വി. ഗുരുവിന്റെ വിശദീകരണം തേടിയപ്പോൾ, 'കുഞ്ഞുരാമൻ അത് എങ്ങിനെ വ്യാഖ്യാനിക്കുന്നു' എന്ന ചോദ്യം അദ്ദേഹത്തിൽ നിന്നുയർന്നത്. ഏത് കക്ഷിക്കുവേണ്ടിയാണ് താൻ വാദിക്കുന്നത്, ഏത് പത്രത്തിനാണ് താൻ മുഖപ്രസംഗമെഴുതുന്നത് എന്നു നോക്കി സന്ദർഭാനുസരണം സരസമായി വചനവിന്യാസം നടത്തുന്ന സി. വി. വിവാദപരമായ

SGOU

മക്കത്തായ-മരുമക്കത്തായ പ്രശ്നത്തിലെടുത്ത ഇരുപക്ഷപ്രീണനനില പാട് അറിയാവുന്നതുകൊണ്ടാവാം ആ വക്കീലിന്റെ വ്യാഖ്യാനം ആദ്യം വരട്ടെ എന്ന് ഗുരു തീരുമാനിച്ചത്. ഭാഗ്യവശാൽ അക്കാര്യത്തിൽ - മനുഷ്യരെല്ലാം ഒരു ജാതിയാണെന്ന ഗുരുവിന്റെ നിലപാടിനോട് അദ്ദേ ഹത്തിന് പൂർണയോജിപ്പായിരുന്നു. എന്നാൽ, ഒരുമതം എന്ന നിർവ്വച നത്തിന്റെ പൊരുളിനെപ്പറ്റി സി. വി. ആശങ്കകൾ ഉന്നയിച്ചു. അവിടെയും ബുദ്ധമതത്തെപ്പറ്റിയുള്ള പരാമർശത്തിനിടയ്ക്കു "സി. വി. നാസ്തിക നോ ആസ്തികനോ എന്ന് സ്വയം വിലയിരുത്തണ"മെന്ന ഗുരുവിന്റെ നിർദ്ദേശം ശിഷ്യനെ കുഴക്കി. ഗുരു നാസ്തികവാദം ചെയ്തുവരുന്നു എന്ന് കേട്ടിട്ടുണ്ട് എന്ന ചോദ്യത്തിന് ഗുരു നൽകിയ മറുപടി, താൻ ഇരുഭാഗത്തിനുവേണ്ടിയും വാദിച്ചിട്ടുണ്ട് എന്ന വക്കീൽമുറയിൽ അഭ യംതേടാൻ സി. വി.യെ പ്രേരിപ്പിച്ചു. തുടർന്ന് വാദത്തിനുവേണ്ടി വാ ദിക്കരുത് എന്ന ഗുരുശാസന അദ്ദേഹം ഏറ്റുപിടിക്കേണ്ടിയുംവന്നു. അടിസ്ഥാനപരമായി ഭാവനാശാലിയായ എഴുത്തുകാരനും ആത്യന്തി കസത്യത്തിന്റെ അസ്തിത്വത്തിൽ ആശങ്കയുള്ള അവിശ്വാസിയുമായ സി. വി. യുടെ വ്യക്തിത്വത്തിൽ വൈരുദ്ധ്യത്തിന്റെ പൊരുത്തക്കേടു കൾ ഏറിയും കുറഞ്ഞും അവസാനകാലം വരെ നിലനിന്നു. പക്ഷേ 'പലമതസാരവുമേകം' എന്ന സാർവകാലികസത്യം ഗുരു വിശദമാക്കി യപ്പോൾ അതിനോട് ശിഷ്യൻ യോജിച്ചു.

▶ പലമതസാരവുമേകം

തത്വങ്ങളിൽ ഭിന്നതയുണ്ടെങ്കിലും എല്ലാ മതങ്ങളുടെയും ലക്ഷ്യം ഒന്നാണെന്നും അവ സൂക്ഷ്മാന്വേഷണത്തെ സഹായിക്കുന്ന മാർഗ്ഗദർ ശികളാണെന്നും മതാനുയായികൾ മതസ്ഥാപകർ തുറന്ന വഴിയിലൂടെ സഞ്ചരിച്ചാൽ പ്രശ്നങ്ങളൊന്നുമില്ലെന്നും ഗുരു പറഞ്ഞു. ഇവയുടെ ബാഹ്യമായ സ്വരൂപത്തിലും ആചരണത്തിലും വ്യത്യാസങ്ങൾ തോ ന്നുമെങ്കിലും ഉള്ളടക്കത്തിലും ലക്ഷ്യത്തിലും അവ ഭിന്നങ്ങളല്ലെന്നും മഹാനായ ആ പ്രബോധകൻ ശിഷ്യന് ബോദ്ധ്യമാക്കിക്കൊടുത്തു. 1893-ലെ രണ്ടാം ലോകമതപാർലമെൻറിൽ പരസ്പരം മത്സരിക്കുകയും ദ്വേഷിക്കുകയും കലമ്പലുണ്ടാക്കുകയും ചെയ്ത 125 പ്രധാനമതങ്ങൾ ചർച്ചകൾക്കൊടുവിൽ ഏകത്വത്തിന്റെ തീരമണഞ്ഞ് ആശ്വാസത്തോടെ പിരിഞ്ഞ സംഭവം ചരിത്രത്തിലുണ്ട്. ആ സത്യമാണ് ഗുരു ഇവിടെ അനുസ്മരിപ്പിച്ചത്. ഈഴവരുടെയും മറ്റ് അധഃകൃതവർഗക്കാരുടെയും കൂട്ടത്തോടെയുള്ള മതപരിവർത്തനം - ക്രിസ്തുവിന്റെ വേദമാർഗത്തി ലേക്കോ ബുദ്ധന്റെ ശരണത്രയത്തിലേക്കോ ഉള്ള മാർഗംകൂടൽ - സി. വി.യുടെ മനസിനെ അസ്വസ്ഥമാക്കിക്കൊണ്ടിരുന്ന സന്ദർഭത്തിൽ ഈ ഗുരുവരുൾ അപൂർവമായ ശാന്തിയും മനഃസ്വസ്ഥതയും ആ ശിഷ്യന് നൽകി എന്ന സവിശേഷതയും ഈ ഉപദേശത്തിനുണ്ട്.

▶ മതത്തെക്കുറിച്ച് കുഞ്ഞുരാമന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു

മനുഷ്യജാതി എന്ന മതത്തെ പൊതുവിൽ എടുത്ത് അതിന്റെ ഏക ത്വത്തിലെ നാനാത്വവും നാനാത്വത്തിലെ ഏകത്വവും വിലയിരുത്തണ മെന്ന തത്വം ഗാന്ധിജിയുടെ ശിവഗിരിസന്ദർശനവേളയിൽ ജാതിയെപ്പ റ്റിയുണ്ടായ സംവാദം വിശദീകരിച്ച് ഗുരു സി. വി.യെ അനുസ്മരിപ്പിച്ചു. സനാതനമായ ഏതെങ്കിലും ഒരു ധർമ്മത്തെയോ സത്യത്തെയോ അടി സ്ഥാനപ്പെടുത്തിയല്ലാതെ ഒരു മതത്തിനും നിലനിൽക്കാനാവില്ലെന്നും സമബുദ്ധിയോടും സമഭക്തിയോടുംകൂടി എല്ലാ മതങ്ങളെയും എല്ലാ വരും പഠിക്കുവാനും ലഭിച്ച അറിവിനെ പരസ്പരം സ്നേഹപൂർവം

വിനിമയം ചെയ്യാനും ശ്രമിക്കണമെന്നും ഗുരു നിരീക്ഷിച്ചു. ശിഷ്യനെ ഈ അരുളപ്പാടുകൾ പൂർണതൃപ്തനാക്കി. തൃക്കൈയിൽനിന്ന് സന്യാസം സ്വീകരിച്ച് നിത്യോപാസകനാകണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹ പ്രകടനത്തിൽനിന്ന് അത് വ്യക്തമാവുന്നു. പ്രായോഗികാദ്വൈതത്തിന്റെ സത്തയായ ഏകജാതി, ഏകമതം, ഏകദൈവം എന്ന ചിരന്തന സത്യം ഗുരുദേവന്റെ മൊഴിയിലൂടെ ലോകത്തോട് വിശദീകരിക്കുന്നതിന് അരങ്ങൊരുക്കുകയും അതിന് സഹായകമായ പ്രതിപക്ഷവാദങ്ങൾ ഉന്നയിക്കുകയും ചെയ്ത സി. വി. കുഞ്ഞുരാമൻ അതോടൊപ്പം ഒരു പത്രപ്രവർത്തകൻ  എന്ന നിലയ്ക്ക് ഈ അഭിമുഖം സത്യസന്ധമായും അർഹിക്കുന്ന ഗൗരവത്തോടെയും അവതരിപ്പിച്ച് ഒരു ചരിത്രദൗത്യം നിർവഹിച്ചിരിക്കുകയാണ്.

- അരുളപ്പാടുകൾ പൂർണതൃപ്തനാക്കി

കടവല്ലൂർ അന്യോന്യത്തിൽ അനേകദിനങ്ങളിലെ സംവാദത്തിനും ആശയസമന്വയത്തിനുംശേഷം ജേതാവ് സർവജ്ഞപീഠത്തിലേക്ക് കടന്നിരിക്കുന്നതുപോലെ ഋഷിയും മനുഷ്യസ്നേഹിയുമായ ശ്രീനാരായണഗുരു സമുന്നത ആദ്ധ്യാത്മികപീഠം അലങ്കരിക്കുന്ന അപൂർവകാഴ്ച ഈ മാനവീയോപനിഷത്ത് അനുഭവപ്പെടുത്തിത്തരുന്നു. ശ്രീനാരായണ ഗുരുവും സി. വി. കുഞ്ഞുരാമനുമായി പല വിഷയങ്ങളെക്കുറിച്ചും ദീർഘമായ സംവാദം നടന്നിട്ടുണ്ട്.  അതിന്റെ റിപ്പോർട്ട് സി. വി. കുഞ്ഞുരാമൻ തന്നെ 1926-ൽ കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുരുവിന്റെ ജീവചരിത്രകാരന്മാർ മിക്കവരും ആ സംവാദം അവരവരുടെ കൃതികളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. മതം, മതംമാറ്റം എന്നിവയെക്കുറിച്ച് പ്രസ്തുത സംവാദത്തിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെ സംഗ്രഹിക്കാം. സാമാന്യജനങ്ങൾക്കു അവർ വിശ്വസിക്കുന്ന മതത്തിന് ആധാരമായ ഗ്രന്ഥം പ്രമാണമായിത്തന്നെയിരിക്കണം.  അങ്ങനെ പ്രമാണമാക്കുന്ന ഗ്രന്ഥങ്ങളിൽ ധർമ്മവിരുദ്ധമായ ഉപദേശങ്ങൾ വരാതിരിക്കാൻ മതഗുരുക്കന്മാർ സൂക്ഷിക്കേണ്ടതാണ്. രാജ്യങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലുമുള്ള ശണ്ഠ ഒന്ന് മറ്റൊന്നിനെ തോൽപ്പിക്കുമ്പോൾ അവസാനിക്കും. മതങ്ങൾ തമ്മിൽ പൊരുതാൻ ഒരുങ്ങാത്തതുകൊണ്ട് ഒന്നിനു മറ്റൊന്നിനെ തോൽപ്പിക്കുവാൻ കഴിയില്ല.  ഈ മതപ്പോരിന് അവസാനമുണ്ടാകണമെങ്കിൽ, സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം. അപ്പോൾ പ്രധാനതത്വങ്ങളിൽ അവയ്ക്കു തമ്മിൽ സാരമായ വ്യത്യാസമില്ലെന്ന് വെളിപ്പെടുന്നതാണ്. അങ്ങനെ വെളിപ്പെട്ടുകിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന ഏകമതം. ഒരു "മതാചാര്യന്റെ പേരിൽ പല ആചാര്യന്മാരുടെ ഉപദേശങ്ങളടക്കി അതിനെ ഒരു മതമെന്ന് പേരു വിളിക്കാമെങ്കിൽ പലപല ആചാര്യന്മാരാൽ സ്ഥാപിതങ്ങളായ എല്ലാ മതങ്ങളെയും ചേർത്ത് അതിന് ഒരു മതമെന്നോ ഏകമതമെന്നോ മനുഷ്യമതമെന്നോ മാനവധർമ്മമെന്നോ എന്തുകൊണ്ട് ഒരു പൊതുപേരിട്ടുകൂടാ?" അങ്ങനെ ചെയ്യുന്നത് യുക്തിഭംഗവും അസംബന്ധവുമാണെങ്കിൽ ഈ അസംബന്ധവും യുക്തിഭംഗവും ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന എല്ലാ മതങ്ങൾക്കും ഏറെക്കുറെ സംഭവിച്ചുകഴിഞ്ഞിരിക്കുകയാണ്.  'ഏകത്വത്തിൽ നാനാത്വവും, നാനാത്വത്തിൽ ഏകത്വവും' അവരവരുടെ മതത്തെ സംബന്ധിച്ചു ചാതുര്യത്തോടെ പ്രസംഗിക്കുന്നവർക്ക് മനുഷ്യജാതിയുടെ മതത്തെ പൊതുവിലെടുത്ത് അതിന്റെ ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും കാണാൻ കഴിയാതെ വന്നത് ആശ്ചര്യമായിരിക്കുന്നു.

- മതങ്ങൾ തമ്മിൽ പരസ്പര ഐക്യത്തോടെ മുന്നോട്ട് പോകുന്നു

മഹാത്മാഗാന്ധി കേരളത്തിൽ വന്നപ്പോൾ ചെയ്ത പ്രസംഗത്തിൽ "ആശ്രമമുറ്റത്തു നിൽക്കുന്ന ഒരു മാവിനെ ചൂണ്ടിക്കാണിച്ചു അതിന്റെ ശാഖകളും ഇലകളും എങ്ങനെ ഒന്നിനൊന്നു ഭിന്നമായിരിക്കുമോ അതുപോലെ മനുഷ്യരിലുള്ള വ്യക്തികളും ഭിന്നമായിരിക്കും. ഈ ഭിന്നതയുള്ള കാലത്തോളം മനുഷ്യരുടെ മതങ്ങളും ഭിന്നങ്ങളായിരിക്കാനെ നിവൃത്തിയുള്ളു" എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. നൈയാമികദൃഷ്ട്യാ അതിനെ പരിശോധിക്കുന്നതായാൽ ഓരോ വ്യക്തിക്കും ഓരോ മതമുണ്ടെന്ന് സമ്മതിക്കേണ്ടിവരും. അങ്ങനെയായാൽ ഹിന്ദുവായ രാമനും ഹിന്ദുവായ കൃഷ്ണനും ഒരു മതമല്ല വിശ്വസിക്കുന്നത്. ഇരുപതുകോടി ഹിന്ദുക്കൾക്ക് ഇരുപതുകോടി മതമുണ്ടെന്നു വന്നുകൂടും. ചില സാമാന്യലക്ഷണങ്ങൾ ഈ ഇരുപതുകോടിയുടെയും വിശ്വാസങ്ങളിലുള്ളതുകൊണ്ട് അവരെ ഒരു മതക്കാർ എന്നു പറയുന്നു. അതുപോലെ എല്ലാ പ്രധാനമതക്കാരുടെയും വിശ്വാസങ്ങൾ ചില സാമാന്യലക്ഷണങ്ങളുള്ളതുകൊണ്ട് മനുഷ്യരെല്ലാം ഒരു മതക്കാർ തന്നെയാണ്. സനാതനമായ ഏതെങ്കിലുമൊരു ധർമ്മത്തെയോ സത്യത്തെയോ അടിസ്ഥാനപ്പെടുത്തിയല്ലാതെ യാതൊരു മതത്തിനും നിലനിൽക്കാൻ കഴിയുന്നതല്ല. സാഹോദര്യത്തിന് മുഹമ്മദുമതവും സ്നേഹത്തിന് ക്രിസ്തുമതവും മുഖ്യത കല്പിക്കുന്നു. എന്നാൽ സാഹോദര്യം സ്നേഹത്തെയും സ്നേഹം സാഹോദര്യത്തെയും ആശ്രയിച്ചിരിക്കുന്നു എന്നറിയാതെ, സാഹോദര്യമാണ് ശ്രേഷ്ഠം, അതല്ല, സ്നേഹമാണ് ശ്രേഷ്ഠം എന്നു വാദമുണ്ടാകുന്നുവെങ്കിൽ, അതിനെ വൃഥാവാദമെന്നല്ലാതെ പറയാൻ തരമുണ്ടോ? സനാതനധർമ്മങ്ങൾ തുല്യപ്രാധാന്യങ്ങളാണ്. ദേശകാലവസ്ഥകളാൽ നേരിടുന്ന ആവശ്യങ്ങളനുസരിച്ച് അവയിൽ ഏതെങ്കിലുമൊന്നിനു മുഖ്യത കൽപ്പിക്കേണ്ടതു ആവശ്യമായിവരും. ഹിംസ കലശലായിരുന്ന ദേശകാലങ്ങളിൽ അഹിംസാധർമ്മത്തിന് ജഗദ്ഗുരുക്കന്മാർ മറ്റു ധർമ്മങ്ങളെക്കാൾ മുഖ്യത കൽപ്പിക്കും. ബുദ്ധന്റെ കാലത്ത് ഹിംസ കലശലായിരുന്നു. അതിനാൽ അഹിംസാധർമ്മത്തിനു ബുദ്ധൻ മുഖ്യത കൽപിച്ചു. നബിയുടെ കാലത്ത് അറേബ്യയിൽ സാഹോദര്യത്തിന് മുഖ്യത കൽപിക്കേണ്ടത് അവശ്യമായിരുന്നിരിക്കണം. അതിനാൽ അദ്ദേഹത്തിന്റെ മതത്തിൽ സാഹോദര്യത്തിന് മുഖ്യത കാണുന്നു. ഇന്ന് ഇന്ത്യയുടെ ആവശ്യം എന്താണ്? ജാതികൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള മത്സരത്തിൽനിന്നു മോചനം; സമബുദ്ധിയോടും സമഭക്തിയോടും കൂടി എല്ലാ മതങ്ങളും എല്ലാവരും പഠിച്ചറിയുവാനും, ലഭിച്ച അറിവിനെ പരസ്പരം സ്നേഹപൂർവം വിനിമയം ചെയ്യുവാനും ശ്രമിക്കട്ടെ; മത്സരം മതം നിമിത്തമല്ല; മദം നിമിത്തമാണെന്ന് അപ്പോൾ മനസിലാകും. മതപരിവർത്തനോത്സാഹവും അപ്പോൾ അസ്തമിക്കും.

- സാഹോദര്യവും സ്നേഹവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു

## Summarised Overview

ആധുനികരീതിയിലുള്ള വിദ്യാഭ്യാസത്തിന് അവസരം ലഭിച്ച ഈ കാലഘട്ടത്തിൽ വായനയ്ക്കെന്നപോലെ, തുറന്ന ചിന്തയ്ക്കും ചോദ്യംചെയ്യലിനും ഏറെ പ്രാധാന്യമുണ്ടായി. വളരെക്കാലം ജഡനിശ്ചലമായിക്കിടന്നിരുന്ന നമ്മുടെ സംസ്കാരത്തിനുമേൽ വൈദേശിക സംസ്കാരം നടത്തിയ കൈയേറ്റം നമ്മെ പ്രക്ഷീണരാക്കുന്നതിനുപകരം, പൂർവാധികം ഊർജസ്വലരും ശക്തരുമാക്കിത്തീർത്തു. ഒരു ശതകംകൊണ്ട് അദ്ഭുതകരമായ വളർച്ച നേടിയ പ്രസ്ഥാനമാണ് മലയാളത്തിലെ നോവൽസാഹിത്യം. പാശ്ചാത്യസാഹിത്യപരിചയം നേടിയ എഴുത്തുകാരാണ് മലയാളനോവലുകൾക്ക് ആദ്യകാലങ്ങളിൽ ജന്മം നൽകിയത്. പുല്ലേല്ലിക്കുഞ്ചു(1882), ഫുൽമോനി ആൻഡ് കോരുണ എന്ന ബംഗാളിനോവലിന്റെ പരിഭാഷ (1858), മറ്റൊരു വിവർത്തനമായ ഘാതകവധം (1878), കുന്ദലത (1887) തുടങ്ങിയ വിവർത്തനകൃതികളാണ് മലയാളനോവൽസാഹിത്യത്തിന്റെ പ്രാരംഭഘട്ടത്തെ അടയാളപ്പെടുത്തുന്നത്. 1889-ൽ ഒ. ചന്തുമേനോൻ എഴുതിയ ഇന്ദുലേഖയാണ് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവൽ. 19-ാം ശതകത്തിന്റെ ആദ്യദശകങ്ങളിൽ പാശ്ചാത്യഭാഷകളിലാണ് ചെറുകഥ വളർച്ച പ്രാപിച്ചത്. അച്ചടി വ്യാപകമായതോടെ പത്ര- മാസികാരംഗത്തുണ്ടായ വളർച്ചയുടെ ഫലമായി ആവിർഭവിച്ച ഈ സാഹിത്യരൂപം മുമ്പു നിലനിന്നിരുന്ന കഥാരൂപങ്ങളിൽനിന്നു വിഭിന്നമായി വായനക്കാരനിൽ ജിജ്ഞാസയുണർത്തുന്ന സംഭവാഖ്യാനത്തിനു മുൻതൂക്കം കൊടുക്കുന്നവയായിരുന്നു. മലയാളസാഹിത്യരംഗത്ത് അതിവേഗത്തിൽ വളർന്ന ഒരു സാഹിത്യശാഖയാണ് ചെറുകഥ. 1890-ൽ തുടങ്ങുന്ന ഒന്നേകാൽ ശതാബ്ദക്കാലത്തെ ഈ സാഹിത്യശാഖയുടെ വികാസപരിണാമങ്ങളെ പലഘട്ടങ്ങളായി തിരിക്കാവുന്നതാണ്. 20-ാം നൂറ്റാണ്ടിലാണ് മലയാള ചെറുകഥാസാഹിത്യം വികാസഗതി പ്രാപിച്ചത്.

ഒരാൾ മറ്റൊരാളുടെ ജീവിതവൃത്താന്തം സാഹിത്യസുന്ദരമായി ആവിഷ്ക്കരിക്കുന്നതാണ് ജീവചരിത്രം. ഇംഗ്ലീഷിൽ 'ബയോഗ്രഫി' എന്നു അറിയപ്പെടുന്നു. ഇംഗ്ലീഷ് കവിയും നാടകകൃത്തും വിവർത്തകനുമായ ജോൺ ഡ്രൈഡനാണ് 1683-ൽ പ്ലൂട്ടാർക്ക് എന്ന തന്റെ പുസ്തകത്തിന്റെ ആമുഖത്തിൽ ബയോഗ്രഫി എന്ന പദം ആദ്യം ഉപയോഗിച്ചത്. കലാസൃഷ്ടി എന്ന രീതിയിൽ തയ്യാറാക്കിയ ഒരു വ്യക്തിയുടെ സത്യസന്ധമായ ജീവിതരേഖ എന്ന് ജീവചരിത്രത്തെ നിർവചിക്കാം. ചരിത്രപരം, വ്യക്തിപരം, കലാപരം എന്നീ മൂന്നു കാര്യങ്ങൾ ജീവചരിത്രത്തിൽ പ്രധാനമാണ്.

മലയാളസാഹിത്യത്തിൽ സഞ്ചാരസാഹിത്യ മേഖല ഏറെ സമ്പന്നമാണ്. യാത്രാനുഭവങ്ങൾ പ്രതിപാദിക്കുന്ന പ്രബലസാഹിത്യമേഖലയാണ് ഇത്. ദേശാന്തരങ്ങളിലൂടെയുള്ള പ്രയാണവും പലായനവും പുതിയ സങ്കേതങ്ങളിൽ എത്തിച്ചേരലുമാണ് പ്രധാനലക്ഷ്യം. സഞ്ചരിച്ച സ്ഥലത്തിന്റെ ഭൂമിശാസ്ത്രം, ചരിത്രം, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം ഇവയൊക്കെ പ്രതിപാദിക്കുമ്പോൾ സഞ്ചാരസാഹിത്യം വസ്തുനിഷ്ഠമാകുന്നു. ആകർഷകമായ ശൈലിയും വൈകാരികമായ വിവരണവും നടത്താൻ സഞ്ചാരസാഹിത്യകാരന് അവസരമുണ്ട്.

മലയാളത്തിൽ അച്ചടിക്കും ഗ്രന്ഥപ്രസിദ്ധീകരണത്തിനും തുടക്കം കുറിച്ച വിദേശ ക്രൈസ്തവ മിഷനറിമാരിൽ പ്രധാനിയാണ് ബെഞ്ചമിൻ ബെയ്‌ലിയും ഹെർമ്മൻ ഗുണ്ടർട്ടും. ഭാഷകൾ പഠിക്കുന്നതിൽ അതീവതൽപ്പരനായിരുന്നു ബെയ്‌ലി. ഇംഗ്ലീഷും സുറിയാനിയും നേരത്തെ പഠിച്ചിരുന്ന ബെയ്‌ലി കേരളത്തിൽ വന്ന് രണ്ടുവർഷംകൊണ്ട് മലയാളവും സംസ്കൃതവും പഠിച്ചു. ആദ്യമായി പ്രാർത്ഥനാപുസ്തകം പരിഭാഷപ്പെടുത്തി. തുടർന്ന് ശുദ്ധമായ മലയാളത്തിൽ

ബൈബിൾ പരിഭാഷയും നടത്തി. ബെയ്‌ലിയുടെ കൃതികളിൽ പ്രാധാന്യമർഹിക്കുന്നവയാണ് 1846-ൽ പ്രസിദ്ധീകരിച്ച മലയാളം-ഇംഗ്ലീഷ് നിഘണ്ടു (ഡിക്ഷണറീസ് ഓഫ് ഹൈ ആൻഡ് കോളോക്യൽ മലയാളം ആൻഡ് ഇംഗ്ലീഷ്)വും 1848-ൽ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് മലയാളം നിഘണ്ടു (എ ഡിക്ഷണറി ഓഫ് ഇംഗ്ലീഷ് ആൻഡ് മലയാളം)വും. മലയാളനിഘണ്ടു നിർമ്മാതാവും വൈയാകരണനുമായ ജർമ്മൻ മിഷനറിയാണ് ഹെർമൻ ഗുണ്ടർട്ട്. പശ്ചിമൊദയം, രാജ്യസമാചാരം എന്നിവ ആരംഭിച്ചത് ഗുണ്ടർട്ടാണ്. നിഘണ്ടു, വ്യാകരണചരിത്രം എന്നീ വിഭാഗങ്ങളിലെ പ്രാമാണികഗ്രന്ഥങ്ങളും ഗുണ്ടർട്ട് രചിച്ചു. മലയാളത്തിലെ പൂർണവിരാമം, അർഥവിരാമം, ചോദ്യചിഹ്നങ്ങൾ എന്നിവ അവതരിപ്പിച്ചത് ഇദ്ദേഹമാണ്.

വൈദ്യൻ, സാഹിത്യകാരൻ, സാമ്പത്തികവിദഗ്ധൻ എന്നീ മേഖലകളിൽ പ്രതിഭ തെളിയിച്ച വ്യക്തിയായിരുന്നു വൈക്കത്തു പാച്ചുമുത്തത്. അദ്ദേഹത്തിന് വ്യാകരണം, ചരിത്രം, വേദാന്തം, ജ്യോതിഷം തുടങ്ങിയ വിഷയങ്ങളിൽ അഗാധമായ അറിവുണ്ടായിരുന്നു. മലയാളസാഹിത്യകാരനും, ക്രൈസ്തവപുരോഹിതനുമായ ആർച്ച് ഡീക്കൻ കോശി 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. അദ്ദേഹം പത്തോളം മലയാളകൃതികൾ രചിച്ചിട്ടുണ്ട്. ഇദ്ദേഹം ജോൺ ബനിയന്റെ പിൽഗ്രിംസ് പ്രോഗ്രസ് എന്ന കൃതി പരദേശിയുടെ മോക്ഷയാത്ര എന്ന പേരിൽ വിവർത്തനം ചെയ്തു. കേരളവർമ്മവലിയകോയിത്തമ്പുരാൻ സംസ്കൃതത്തിലും മലയാളസാഹിത്യത്തിലും അമൂല്യമായ നിരവധി സംഭാവനകൾ നൽകിയ ഭാഷാപണ്ഡിതനാണ്. തിരുവിതാംകൂറിന്റെ പാഠപുസ്തകക്കമ്മിറ്റി ചെയർമാനെന്ന നിലയിൽ ഭാഷാഗദ്യശാഖയെ പരിപോഷിപ്പിക്കുകയും, പരിഷ്ക്കരിക്കുകയും ചെയ്തു. കേരളവർമ്മയുടെ കാലത്ത് മലയാളസാഹിത്യത്തിൽ കടന്നുവന്ന ഒരു വിഷയമാണ് ദ്വിതീയാക്ഷരപ്രാസവാദം. ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്താണ് തിരുവിതാംകൂറിലെ സ്കൂളുകളിൽ ഭാഷയും കണക്കും ചരിത്രവും ഭൂമിശാസ്ത്രവും സന്മാർഗപാഠവും പഠിപ്പിക്കാൻ ആവശ്യമായ പുസ്തകങ്ങളുണ്ടാക്കാനുള്ള ഒരു കമ്മിറ്റി രൂപം കൊണ്ടത്. 1867-ൽ രൂപീകരിച്ച പ്രസ്തുത കമ്മിറ്റിയിൽ വലിയകോയിത്തമ്പുരാൻ ഒരംഗമായിരുന്നു.

ഒരു പ്രത്യേകവിഷയത്തെ ആസ്പദമാക്കി രചിക്കപ്പെടുന്ന ഗദ്യരൂപത്തെയാണ് പ്രബന്ധം അഥവാ ഉപന്യാസം എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ഇംഗ്ലീഷിൽനിന്നാണ് ഉപന്യാസം എന്ന സാഹിത്യശാഖ മലയാളത്തിലേക്ക് കടന്നുവന്നത്. ആധുനികമലയാളഗദ്യസാഹിത്യത്തിന്റെ വളർച്ചയിൽ ഉപന്യാസപ്രസ്ഥാനം നിസ്തുലമായ പങ്കുവഹിച്ചു. ഫ്രഞ്ചുസാഹിത്യത്തിലാണ് യൂറോപ്പിൽ ഈ ശാഖ ആദ്യമായി രൂപംകൊണ്ടത്. മൊണ്ടേയ്ൻ എന്ന ചിന്തകനാണ് ഇതിന്റെ ഉപജ്ഞാതാവ്. ആനുകാലികങ്ങളുടെ വരവാണ് മലയാളത്തിൽ ഉപന്യാസസാഹിത്യത്തിന്റെ വളർച്ചയ്ക്ക് മുഖ്യപങ്ക് വഹിച്ചത്. പത്തൊൻപതാംനൂറ്റാണ്ടിലാണ് മലയാളത്തിൽ ഗദ്യസാഹിത്യപ്രസ്ഥാനം വികസിക്കാൻ തുടങ്ങിയത്. 1907-ൽ കൊച്ചി രാമവർമ്മ അപ്പൻ തമ്പുരാൻ പ്രസാധനംചെയ്ത ഗദ്യമാലികയാണ് ആദ്യമായി പുസ്തകരൂപത്തിൽ പുറത്തുവന്ന ഉപന്യാസസമാഹാരം.

ഗുരുവിന്റെ അദ്വൈതദർശനത്തിലധിഷ്ഠിതമായ കാതലായ സിദ്ധാന്തത്തിന്റെ പൊരുൾ സുലളിതമായി വിശദീകരിക്കുന്നതിനുപകരിച്ച സംഭാഷണമെന്ന നിലയ്ക്ക് സി. വി. കുഞ്ഞുരാമൻ ശ്രീനാരായണഗുരുവിനോട് ചോദ്യരൂപത്തിലും സ്വാഭിപ്രായമായും, സംവാദമായും ഉന്നയിച്ച സമസ്യകൾക്കും ഗുരു നൽകിയ പ്രതികരണങ്ങൾക്കും നമ്മുടെ സാമൂഹ്യ-സാംസ്കാരിക ചരിത്രത്തിൽ മികച്ചസ്ഥാനമുണ്ട്. ഇതിനെ അനൗപചാരികസംഭാഷണമായും ഗൗരവപൂർണമായ ആശയവിനിമയമായും ആത്മാർത്ഥമായ ഗുരു-ശിഷ്യ സംവാദമായും, ഒരു പത്രപ്രവർത്തകന്റെ കേവലജിജ്ഞാസയായും വിലയിരുത്തുന്നവരുമുണ്ട്. ഗുരുവിനെ എന്ന പോലെ മതത്തെക്കുറിച്ച് കുഞ്ഞുരാമനും വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഒരു ധർമ്മത്തെയോ സത്യത്തെയോ അടിസ്ഥാനപ്പെടുത്തിയല്ലാതെ ഒരു മതത്തിനും നിലനിൽക്കാനാവില്ലെന്നും സമബുദ്ധിയോടും

സമഭക്തിയോടുംകൂടി എല്ലാ മതങ്ങളെയും എല്ലാവരും പഠിക്കുവാനും ലഭിച്ച അറിവിനെ പരസ്പരം സ്നേഹപൂർവം വിനിമയം ചെയ്യാനും ശ്രമിക്കണമെന്നും ഗുരു നിരീക്ഷിച്ചു. ഗുരുവും ഗാന്ധിയും തമ്മിൽ നടന്ന സംവാദം ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. തുടർന്ന് മതത്തെയും സാഹോദര്യത്തെയും നിർവചിക്കുന്നതിൽ പുലർത്തുന്ന ഭിന്നധാരണകൾ സൂക്ഷ്മമായി വിശകലനം ചെയ്യപ്പെടുന്നു.

## Assignments

1. ഗദ്യസാഹിത്യത്തിന്റെ വളർച്ചക്ക് സഹായിച്ച സാഹിത്യ രൂപങ്ങൾ ഏവ? കുറിപ്പ് തയ്യാറാക്കുക.
2. മലയാളസാഹിത്യത്തിന്റെ വളർച്ചയിൽ നോവലുകൾ ചെലുത്തിയ സ്വാധീനം വിശദമാക്കുക
3. മലയാളഭാഷയ്ക്ക് ബെഞ്ചമിൻ ബെയ്‌ലിയും ഹെർമ്മൻ ഗുണ്ടർട്ടും നൽകിയ സംഭാവനകൾ ഏതെല്ലാം?
4. മലയാളസാഹിത്യത്തിന്റെ വളർച്ചയ്ക്ക് ഉപന്യാസം ഏതെല്ലാം വിധത്തിൽ സഹായിച്ചു. പരിശോധിക്കുക?
5. ഒരു സാമൂഹികപരിഷ്കർത്താവെന്ന നിലയിൽ ശ്രീനാരായണഗുരുവിനെക്കുറിച്ച് കുറിപ്പെഴുതുക.
6. ഗാന്ധിജിയും ശ്രീനാരായണഗുരുവും തമ്മിൽ നടന്ന സംവാദത്തിന്റെ പ്രസക്തി എന്ത്?
7. മതത്തെക്കുറിച്ച് ഗുരുവിനുണ്ടായിരുന്ന അഭിപ്രായമെന്ത്?
8. 'വാദിക്കുകയും ജയിക്കുകയുമല്ല അറിയുകയും അറിയിക്കുകയുമാണ് ജീവിതലക്ഷ്യം' – നാരായണഗുരുവിന്റെ ജീവിതവീക്ഷണങ്ങളെ അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുക.

SGOU

## Suggested Readings


1. പി. ഗോവിന്ദപിള്ള, 1956, മലയാളഭാഷാചരിത്രം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
2. നാരായണഗുരു, വിദ്യ കൊണ്ട് പ്രബുദ്ധരാകുക (മംഗളപത്രത്തിനുള്ള മറുപടി 1910), കെ. എൻ. ഷാജി (എഡി), നാരായണഗുരു ജീവിതം കൃതികൾ ദർശനം, കറന്റ് ബുക്സ്, തൃശ്ശൂർ.
3. ഗുണ്ടർട്ട് നിഘണ്ടുവും ദേശ്യഭാഷയും പുനരാലോചന, എൻ. ബി. എസ്., കോട്ടയം.
4. കേരളോൽപ്പത്തിയും, മറ്റും (ആമുഖപഠനം, പ്രൊഫ. സ്കറിയ, സ്കറിയ) ഡി. സി ബുക്സ്, കോട്ടയം.

5. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി ബുക്സ്, കോട്ടയം

## References


1. പി. ഗോവിന്ദപിള്ള, മലയാളഭാഷാചരിത്രം, സാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം.
2. ഗംഗാധരൻ തിക്കുറിശ്ശി, കേരളവർമ്മയും മലയാളഗദ്യവും, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
3. എം. ജയരാജ്, മലയാളഅച്ചടി മാധ്യമം ഭൂതവും വർത്തമാനവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. നാരായണഗുരു, വിദ്യകൊണ്ട് പ്രബുദ്ധരാകുക (മംഗളപത്രത്തിനുള്ള മറുപടി 1910), കെ. എൻ. ഷാജി (എഡി), നാരായണഗുരു ജീവിതം കൃതികൾ ദർശനം, കറൻറ് ബുക്സ്, തൃശ്ശൂർ.
5. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 3

# 1. കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്യതികൾ (അവതാരിക)

എസ്. ടി. റെഡ്യാർ

## Learning Outcomes

- ശാസ്ത്രലേഖനങ്ങളുടെ സ്വഭാവസവിശേഷതകൾ അപഗ്രഥിക്കുന്നു
- വിവർത്തന നിർവചനവും രീതികളും വിലയിരുത്തുന്നു
- ആദ്യകാലപത്രപ്രവർത്തനത്തിന്റെ ചരിത്രം മനസിലാക്കുന്നു
- കേരളത്തിലെ പുസ്തകപ്രസാധകരംഗത്തെ പ്രതിസന്ധികൾ ചർച്ച ചെയ്യുന്നു
- കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾ വിശകലനം ചെയ്യുന്നു
- എസ്. ടി. റെഡ്യാർ പുസ്തകപ്രസാധകരംഗത്തു നൽകിയ സംഭാവനകൾ വിലയിരുത്തുന്നു

## Background

**ശാസ്ത്രലേഖനം**

ശാസ്ത്രലേഖനങ്ങളെക്കുറിച്ചുള്ള അറിവ് ഈ യൂണിറ്റിൽ നൽകുന്നു. ഇംഗ്ലീഷിൽ സയൻസ് എന്നും ടെക്നോളജി എന്നും വ്യവഹരിച്ചുവരുന്ന വിഷയങ്ങളെയാണ് മലയാളത്തിൽ ശാസ്ത്രം എന്നും സാങ്കേതികവിദ്യയെന്നും വ്യവഹരിക്കുന്നത്. സംസ്കൃതത്തിലും മലയാളത്തിലും ശാസ്ത്രം എന്ന പദത്തിന് പ്രകൃതിശാസ്ത്രം, സാമൂഹികശാസ്ത്രം, നരവംശശാസ്ത്രം, മാനവികശാസ്ത്രം എന്നൊരു വിവക്ഷ ഉണ്ടായിരുന്നില്ല. സംസ്കൃതാലങ്കാരികനായിരുന്ന രാജശേഖരൻ വാങ്മയങ്ങളെയെല്ലാം അലങ്കാരമെന്നും ശാസ്ത്രമെന്നും രണ്ടു വിഭാഗത്തിൽ ഉൾപ്പെടുത്തിയപ്പോൾ ശാസ്ത്രവിഭാഗത്തിൽ അദ്ദേഹം ഉൾപ്പെടുത്തിയത് വൈദ്യം, ജ്യോതിശാസ്ത്രം, വാസ്തുശില്പം, വേദാംഗങ്ങൾ എന്നിവയെയാണ്. മലയാളത്തിൽ ദിവാൻ സർ സി. മാധവറാവുവിന്റെ അധ്യക്ഷതയിൽ ബുക്ക് കമ്മിറ്റി രൂപവൽക്കരിച്ചു. 1867-ൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കു പ്രചോദനവും നേതൃത്വവും നൽകിയത് കേരളവർമ്മ വലിയകോയിത്തമ്പുരാനായിരുന്നു. പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നതോടൊപ്പം ശാസ്ത്രലേഖനങ്ങളും ശാസ്ത്രകാരന്മാരുടെ ജീവചരിത്രവും ഉൾക്കൊള്ളിക്കാൻ കമ്മിറ്റി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. രസതന്ത്രം, ബ്രഹ്മാണ്ഡം, നക്ഷത്രങ്ങൾ തുടങ്ങി പല സയൻസ് പ്രമേയങ്ങളും ഭാഷാപോഷിണി കൈകാര്യം ചെയ്തിരുന്നു. ശാസ്ത്രമാസികകൾ നിർമിച്ച് പ്രസിദ്ധീകരിക്കുന്നതിൽ പ്രത്യേക താൽപര്യം എ.ആർ.കാണിച്ചിരുന്നു.

**വിവർത്തനം**

ആശയപ്രധാനവും ആശയവിനിമയവുമാണ്, ഭാഷയുടെ അടിസ്ഥാനധർമ്മം. വിജ്ഞാന വിതരണത്തിന്റെ ശക്തമായ മാധ്യമമാണ് ഭാഷ. ഒരു ഭാഷ അറിഞ്ഞുകൂടെങ്കിൽ ആ ഭാഷയിൽ വിജ്ഞാനവും അന്യമായി നിൽക്കുന്നു. ആശയവിനിമയത്തിന് ദൂരം ഇന്നൊരു തടസമല്ല. അന്യഭാഷയിലെ ആശയങ്ങളെ മാതൃഭാഷയിലേക്ക് മാറ്റുക എന്നത് നമ്മുടെ സാംസ്കാരിക ജീവിതത്തിൽ അനിവാര്യമായി തീർന്നിരിക്കുന്നു. അവിടെയാണ് വിവർത്തനത്തിന്റെ ആവശ്യകത. വിവർത്തനത്തിന് നിരവധി നിർവചനങ്ങൾ നൽകിയിട്ടുണ്ട്. ജെ. സി. ക്യാറ്റ്ഫോർ

SGOU

ഡിന്റെ അഭിപ്രായത്തിൽ ഒരു ഭാഷയിലെ പാഠ്യവസ്തുവിന് സമാനമായി മറ്റൊരു ഭാഷയിലുള്ള പാഠ്യവസ്തു മാറ്റിവയ്ക്കലാണ് വിവർത്തനം. വിവർത്തനപ്രക്രിയയുടെ മുഖ്യപ്രശ്നം ലക്ഷ്യപാഠത്തിന്റെ വിവർത്തനലഭ്യത കണ്ടെത്തുക എന്നതാണ്. വിവർത്തനം മൂന്നു തരമാണ്. 1) പദാനുപദം 2) ഭാവാനുപദം 3) അനുകരണം. മലയാളത്തിൽ നിരവധി വിവർത്തനകൃതികൾ ഉണ്ടായിട്ടുണ്ട്. ആധുനികലോകത്ത് ഇന്റർനെറ്റ് സഹായത്തോടുകൂടിയുള്ള വിവർത്തനത്തിനും വളരെയധികം പ്രാധാന്യമുണ്ട്.

**പത്രപ്രവർത്തനം**

മാധ്യമങ്ങൾക്കായി വാർത്തകൾ ശേഖരിച്ച് അതിൽ തിരുത്തലുകൾ വരുത്തി പ്രസിദ്ധീകരണയോഗ്യമാക്കുന്ന പ്രവൃത്തിയാണ് പത്രപ്രവർത്തനം. വാർത്തകളുടെ ശേഖരണത്തിലൂടെയും പ്രസിദ്ധീകരണത്തിലൂടെയുമാണ് പത്രപ്രവർത്തനത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. ക്രിസ്ത്യൻ മിഷണറിമാർ, മതപ്രചാരണത്തിന് വേണ്ടിയാണ് ആദ്യം പത്രപ്രവർത്തനത്തിന് തുടക്കമിട്ടതെങ്കിലും അത് സാമൂഹ്യ, രാഷ്ട്രീയരംഗത്തെ ചലനാത്മകമാക്കുന്ന ആയുധമായി മാറാൻ ദശാബ്ദങ്ങൾ വേണ്ടിവന്നു. നവോത്ഥാനകാലത്തും സ്വാതന്ത്ര്യസമരകാലത്തും നിരവധി പത്രങ്ങൾ കേരളത്തിലാരംഭിച്ചു. സമുദായോദ്ധാരണത്തിനുവേണ്ടിയുള്ള പത്രങ്ങളും ധാരാളം മുണ്ടായി.

**എസ്. ടി. റെഡ്യാർ**

തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽ സമൂഹരംഗപുരത്ത് 1855-ലാണ് സുബ്ബയ്യ തെന്നാട്ടു റെഡ്യാർ എന്ന എസ്. ടി. റെഡ്യാർ ജനിച്ചത്. മലയാളത്തിലെ പുസ്തകപ്രസാധനത്തെ ജനകീയവത്ക്കരിച്ചത് എസ്. ടി. റെഡ്യാരായിരുന്നു. എഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും ഉൾപ്പെടെയുള്ളവരുടെ കൃതികൾ അച്ചടിരൂപത്തിൽ ഉത്സവപ്പറമ്പിലും അങ്ങാടിയിലും കുറഞ്ഞവിലയ്ക്കു വിറ്റുകൊണ്ട് റെഡ്യാർ അതിനെ സാമാന്യജനങ്ങൾക്ക് പ്രാപ്യമാക്കി. 1886-ൽ കൊല്ലത്ത് വിദ്യാഭിവർധിനി (വി. വി.) പ്രസ് സ്ഥാപിച്ചു. 1886-ൽ കൊല്ലത്ത് ആരംഭിച്ച ഒരു അച്ചുകൂടമാണ് എസ്.ടി. റെഡ്യാർ ആൻഡ് സൺസ്. വിദ്യാഭിവർധിനി അച്ചുകൂടം ഇതിന്റെ ഭാഗമായിരുന്നു. പിന്നീട് ഇതിന്റെ ആസ്ഥാനം എറണാകുളത്തേക്ക് മാറ്റപ്പെട്ടു.

എസ്. ടി. റെഡ്യാർ കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾക്ക് എഴുതിയ മുഖവുര (1912) മലയാളപുസ്തക പ്രകാശനരംഗത്തെ ഒരു ചരിത്രരേഖയാണ്. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ അച്ചടിഭാഷയുടെ മുഖചിത്രം സമൃദ്ധമായി വരയ്ക്കാൻ ഈ മുഖവുരയിൽ റെഡ്യാർക്കു കഴിഞ്ഞിട്ടുണ്ട്. താൻ പ്രസാധനരംഗത്ത് എത്തുന്ന ഘട്ടത്തിലെ പുസ്തകപരിസ്ഥിതിയും തന്റെ സംരംഭങ്ങൾക്ക്ശേഷം മലയാളപുസ്തകപ്രസാധന രംഗം ദർശിച്ച മാറ്റങ്ങളും റെഡ്യാർ അപഗ്രഥിക്കുന്നു. ഏതു ഭാഷയും ഉൽക്കർഷം നേടുന്നത് ആ ഭാഷയിൽ രചിക്കപ്പെട്ട പുസ്തകങ്ങളെ വിലയിരുത്തിക്കൊണ്ടാണെന്ന് റെഡ്യാർ നിരീക്ഷിക്കുന്നു. തുഞ്ചത്തെഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ട് കെ. സാംബശിവശാസ്ത്രികളെക്കൊണ്ട് വ്യാഖ്യാനം നടത്തി അച്ചടിപ്പിച്ചത് എസ്. ടി. റെഡ്യാരാണ്. സാധാരണക്കാരെ മുന്നിൽ കണ്ടുകൊണ്ടുള്ള ജനകീയ പ്രസാധനത്തിന്റെ തുടക്കം ഇവിടെ കാണാവുന്നതാണ്. മലയാള ഭാഷയേയും സാഹിത്യത്തെയും പരിപോഷിപ്പിക്കുന്നതിന് ഇദ്ദേഹം വഹിച്ച പങ്ക് പ്രശംസനീയമാണ്. എസ്. ടി. റെഡ്യാർ കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികൾക്കെഴുതിയ അവതാരിക വളരെ ശ്രദ്ധേയവും ജനകീയവുമായിരുന്നു. അതാണിവിടെ പാഠ്യഭാഗം.

## Keywords

ശാസ്ത്രലേഖനം-വിവർത്തനം-പത്രപ്രവർത്തനം-പുസ്തകപ്രസാധകരംഗം-അച്ചടിയും മാധ്യമവും -എസ്. ടി. റെഡ്യാർ-എഴുത്തച്ഛൻ-കുഞ്ചൻനമ്പ്യാർ-തുള്ളൽകൃതികൾ

# Discussion

## 2.3.1 ശാസ്ത്രലേഖനം

കേരളീയർ എന്നും ശാസ്ത്രാഭിരുചി ഉള്ളവരായിരുന്നു. ഗണിതം, വൈദ്യം, നക്ഷത്രശാസ്ത്രം, വാസ്തുശില്പം തുടങ്ങിയ മേഖലകളിൽ നാം നല്ല പുരോഗതി നേടി. ശാസ്ത്രരംഗത്ത് പുതുമന സോമയാജിയെയും തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയെയുംപോലുള്ള അതികായരും ആദ്യകാലത്തുണ്ടായിരുന്നു. അച്ചടി ആരംഭിച്ചിട്ടില്ലാത്ത അക്കാലത്ത് അവയുടെ പ്രചാരം പരിമിതമായിരുന്നു. എങ്കിലും അന്നും ആഗോളതലത്തിൽ ശ്രദ്ധ നേടിയ ഒരു പഠനം കേരളത്തിൽ പൂർത്തിയാക്കി. ഹോർത്തൂസ് മലബാറിക്കസ് എന്ന പേരിൽ കേരളത്തിൽ സസ്യങ്ങളെക്കുറിച്ചുള്ള പഠനമായിരുന്നു അത്. 794 ചെടികളെക്കുറിച്ചുള്ള ഈ വിവരണം പന്ത്രണ്ടു വാല്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചത്. ഈ പാഠപുസ്തകപരമ്പര ആസൂത്രണം ചെയ്തതും സാക്ഷാൽക്കരിച്ചതും കൊച്ചിയിലെ ഡച്ച് ഗവർണറായിരുന്ന വാൻറീഡായിരുന്നു. മലയാളനാമങ്ങൾ സ്വീകരിച്ചു നമ്മുടെ ലിപിയിൽത്തന്നെ അത് പുസ്തകത്തിൽ അച്ചടിക്കുകയും ചെയ്തു. ഓരോ ചെടിയുടെയും വിവരണം ലാറ്റിനിൽ നൽകി. സൂക്ഷ്മതയോടുകൂടിയ ചിത്രങ്ങളും വരപ്പിച്ചു. ശാസ്ത്രസാഹിത്യചരിത്രത്തിലെ അദ്ഭുതം എന്നു പറയാവുന്ന പുസ്തകമാണ് ഗുണ്ടർട്ടിന്റെ ശിഷ്യനായ ജൂഹാനസ് ഫോൺമേയർ എന്ന വൈദികൻ എഴുതി പ്രകൃതിശാസ്ത്രം എന്ന പേരിൽ 1883-ൽ പ്രസിദ്ധപ്പെടുത്തിയ ഭൗതികശാസ്ത്രം.

- കേരളത്തിലെ സസ്യങ്ങളെക്കുറിച്ചുള്ള പഠനമാണ് ഹോർത്തൂസ് മലബാറിക്കസ്

ഫോൺമേയറുടെ പുസ്തകം പുറത്തുവരുന്നതിനു മുൻപുതന്നെ ശാസ്ത്രഗ്രന്ഥങ്ങൾ നിർമ്മിക്കാനുള്ള ഒരു ആസൂത്രിതശ്രമം തിരുവിതാംകൂറിൽ ആരംഭിച്ചിരുന്നു. ഈ ലക്ഷ്യത്തോടെയാണ് ദിവാൻ സർ സി. മാധവറാവുവിന്റെ അധ്യക്ഷതയിൽ ബുക്ക് കമ്മിറ്റി രൂപവൽക്കരിച്ചത്. 1867-ൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കു പ്രചോദനവും നേതൃത്വവും നൽകിയത് കേരളവർമ്മ വലിയകോയിത്തമ്പുരാനായിരുന്നു. വിശാഖം തിരുനാൾ രാജ്യഭാരമേറ്റെടുത്തതോടെ കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ ഉഷാറായി. പാഠപുസ്തകങ്ങൾ നിർമ്മിക്കുകയായിരുന്നു ലക്ഷ്യമെങ്കിലും, ആ പുസ്തകങ്ങളിൽ ശാസ്ത്രലേഖനങ്ങളും ശാസ്ത്രകാരന്മാരുടെ ജീവചരിത്രവും ഉൾക്കൊള്ളിക്കാൻ കമ്മിറ്റി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ശാസ്ത്രം സാധാരണക്കാരിലെത്താൻ ഏറ്റവും നല്ല മാർഗം ആനുകാലികങ്ങളാണെന്നു കേരളവർമ്മയും സഹപ്രവർത്തകരും മനസിലാക്കി. അങ്ങനെയാണ് കേരളവർമ്മയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തുനിന്നും 1881-ൽ വിദ്യാവിലാസിനി മാസിക ആരംഭിച്ചത്. ശാസ്ത്രലേഖനങ്ങൾ എല്ലാ ലക്കത്തിലും നിർബന്ധപൂർവം ഉൾപ്പെടുത്തിയിരുന്നു. 1885-ൽ ഈ മാസിക പ്രസിദ്ധപ്പെടുത്തിയ കൃഷിശാസ്ത്രം എന്ന ലേഖനത്തിൽ വളത്തിന്റെ രസതന്ത്രവും മണ്ണിന്റെ ഘടനാവിശേഷങ്ങളും സാധാരണക്കാർക്കു മനസിലാകുന്ന ഭാഷയിൽ ചർച്ച ചെയ്തിരുന്നു.

- പാഠപുസ്തകങ്ങളിൽ ശാസ്ത്രലേഖനങ്ങൾ ഉൾപ്പെടുത്തി

1897-ൽ ഭാഷാപോഷിണി, മാസികയായി പ്രസിദ്ധീകരിച്ചു തുടങ്ങി. ഭാഷാപോഷിണിസഭയുടെ അധ്യക്ഷനും മാസികയുടെ സാഹിത്യനാ

SGOU

യകനും കേരളവർമ്മയായിരുന്നു. ടി. കെ. ജോസഫ്, ഐ. സി. ചോക്കോ, പൈലോ പോൾ, സി. എസ്. സുബ്രഹ്മണ്യൻ പോറ്റി തുടങ്ങിയവർ ശാസ്ത്രസംബന്ധമായ പല പ്രബന്ധങ്ങളും എഴുതി. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ (കേസരി) കൃഷിയുടെ ശാസ്ത്രീയവശത്തെക്കുറിച്ച് പല പ്രൗഢലേഖനങ്ങളും പ്രസിദ്ധപ്പെടുത്തി. ഭാഷാപോഷിണിയും മറ്റ് ആനുകാലികങ്ങളും ശാസ്ത്രലേഖനങ്ങൾക്കു നൽകിയ പ്രാധാന്യം വായനക്കാരിൽ നല്ല പ്രതികരണമുണ്ടാക്കി. കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ ആഭിമുഖ്യത്തിൽ 1903-ൽ തുടങ്ങിയ 'ധന്വന്തരി' മാസികയാണ് ഇത്തരം പ്രസിദ്ധീകരണങ്ങൾക്കു തുടക്കം കുറിച്ചത്. അതോടൊപ്പം അലോപ്പതി ഉൾപ്പെടെയുള്ള മറ്റു ചികിത്സാരംഗങ്ങളിൽ വന്ന പുരോഗതിയും 'ധന്വന്തരി' വായനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തി. അതിനൊരു ഉദാഹരണമാണ് ടി. കെ. ജോസഫ് എഴുതിയ 'റേഡിയം ചികിത്സ'. ധന്വന്തരി ആരംഭിച്ചതിന്റെ അടുത്ത വർഷം മുതൽ കോട്ടയ്ക്കൽ നിന്ന് ഒരു ധനശാസ്ത്ര മാസിക 'ലക്ഷ്മീവിലാസം' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. 1909-ലാണ് കായംകുളത്തുനിന്ന് 'വ്യവസായചന്ദ്രിക' പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയത്. വ്യവസായത്തോടൊപ്പം കൃഷിക്കും ഈ പ്രാധാന്യം നൽകിയിരുന്നു മാസികയാണ് 'വ്യവസായചന്ദ്രിക'. കൃഷി, കൈത്തൊഴിൽ, കച്ചവടം എന്നിവയ്ക്കു പ്രാധാന്യം നൽകിയിട്ടുള്ള ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്ന 'തൊഴിലാളിയും' ഇക്കാലത്താണ് ഉദയം ചെയ്തത്. അതിനുപുറമേ കൊല്ലത്തുനിന്നും പുറപ്പെട്ടിരുന്ന വിജ്ഞാനചന്ദ്രികയും ആകർഷകമായ ഒരു ആനുകാലികമായിരുന്നു. മനഃശാസ്ത്രപ്രധാനമായ ലേഖനങ്ങൾക്കായിരുന്നു ഇതിൽ മുൻഗണന. സസ്യശാസ്ത്രത്തെക്കുറിച്ചുള്ള ഒരു ലേഖനപരമ്പര ഈ മാസിക പ്രസിദ്ധപ്പെടുത്തി.

> ▶ വ്യവസായത്തോടൊപ്പം കൃഷിക്കും ഈ പ്രാധാന്യം നൽകിയിരുന്നു മാസികയാണ് 'വ്യവസായചന്ദ്രിക'

ശാസ്ത്രസാഹിത്യം സാധാരണക്കാരിലെത്തിക്കാനുള്ള വാഹകരെന്ന നിലയിലാണ് കേരളവർമ്മയും സഹപ്രവർത്തകരും ആനുകാലികങ്ങൾക്ക് പ്രോത്സാഹനം നൽകിയത്. ഈ പ്രസിദ്ധീകരണങ്ങൾ പ്രതീക്ഷിച്ചതിലും നല്ല ഫലം നൽകി. അവ ശാസ്ത്രസാഹിത്യവളർച്ചയ്ക്ക് അനുകൂലമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിൽത്തന്നെ ധനശാസ്ത്രം, കൃഷി, വൈദ്യം തുടങ്ങിയ മേഖലകൾക്ക് പ്രത്യേകം പ്രത്യേകം മാസികകളുണ്ടായി. ചുരുക്കത്തിൽ ഇരുപതാംനൂറ്റാണ്ട് ശാസ്ത്രസാഹിത്യവളർച്ചയുടെ നവോത്ഥാനഘട്ടമായിരുന്നു. ശാസ്ത്രസാഹിത്യരചനയ്ക്കു സംഘടിതമായ ശ്രമം ആവശ്യമാണെന്നു മനസിലാക്കി ഗ്രന്ഥനിർമ്മാണത്തിന് നേതൃത്വം കൊടുത്തത് എ. ആർ. രാജരാജവർമയാണ്. എ. ആറിന് ശാസ്ത്രത്തിലും അഗാധമായ താത്പര്യം ഉണ്ടായിരുന്നു. അക്കാലത്ത് ശ്രീരംഗത്തുനിന്നു പുറപ്പെടുന്ന 'സഹൃദയ' എന്ന മാസികയിൽ രസതന്ത്രപ്രധാനമായ ഒരു സംസ്കൃത ലേഖനം എ. ആർ. എഴുതി. രസതന്ത്രത്തിൽ മാത്രമല്ല, ഗണിതശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലും എ. ആർ. താല്പര്യം കാട്ടിയിരുന്നു. ഗണിതശാസ്ത്രസംബന്ധമായ പല ലേഖനങ്ങളും അദ്ദേഹം ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഒ. എം. ചെറിയാൻ എഴുതിയ ഭൂവിവരണസംഗ്രഹവും ഇന്ത്യാവിവരണവും എ. ആറിന്റെ പിൻബലത്തോടെയാണ് പ്രസിദ്ധീകരിച്ചത്. ഈ വിഷയത്തിലുള്ള താല്പര്യം കൊണ്ടാണ് അദ്ദേഹം ടി. കെ. കൃഷ്ണമേനോനെക്കൊണ്ട് ഭൂപ്രകൃതിശാസ്ത്രം എഴുതിച്ചതും. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ

> ▶ ഇരുപതാംനൂറ്റാണ്ട് ശാസ്ത്രസാഹിത്യവളർച്ചയുടെ നവോത്ഥാനഘട്ടമായിരുന്നു

നിരവധി ആയുർവേദഗ്രന്ഥങ്ങളും പ്രസിദ്ധീകൃതമായതിൽ എടുത്തുപറയേണ്ട ഒരു പുസ്തകം മഹാകവി വള്ളത്തോൾ സ്വതന്ത്രമായി രചിച്ച 'ആരോഗ്യചിന്താമണി' എന്ന ബൃഹദ്ഗ്രന്ഥമാണ്.

കൊച്ചി സർക്കാരിന്റെ സ്റ്റേറ്റ് സർവേയർ കെ. പരമേശ്വരക്കുറുപ്പ് എഴുതിയ ചെയിൻസർവേ മാനുവൽ പ്രസിദ്ധപ്പെടുത്തിയത് 1924-ൽ ആയിരുന്നു. സർവേ പരിശീലനക്ലാസുകളിൽ ഉപയോഗിക്കാനുള്ള പാഠപുസ്തകമായിട്ടാണ് അതു തയ്യാറാക്കിയത്. 1910-ൽ ഡോ. കെ. ഭാസ്കരൻ നായർ പരിണാമം എന്ന പുസ്തകത്തിൽ മൂന്നൂറുകോടി വർഷത്തെ ജൈവപരിണാമം കാവ്യാത്മകമായ ഭാഷയിൽ ചിത്രീകരിച്ചിരിന്നു. ആധുനികശാസ്ത്രം, പ്രാണിലോകം. പ്രകൃതിപാഠങ്ങൾ, ശാസ്ത്രത്തിന്റെ ഗതി, ശാസ്ത്രദീപിക തുടങ്ങി ഒട്ടധികം കൃതികൾ അദ്ദേഹത്തിന്റേതായുണ്ട്. ഈ കാലഘട്ടത്തിൽ നിരവധി ശാസ്ത്രലേഖനങ്ങളും ഗ്രന്ഥങ്ങളും എം. രാജരാജവർമ്മ രചിക്കുകയുണ്ടായി. ലോകാലോകം, വിഹായവിഹാരം, അർത്ഥശാസ്ത്രപ്രവേശിക തുടങ്ങിയ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതാണ്. ജീവശാസ്ത്രം, മനഃശാസ്ത്രം, ഭൗതികശാസ്ത്രം എന്നീ മേഖലകളിലും പുതിയ നേട്ടങ്ങൾ വായനക്കാർക്കു പരിചയപ്പെടുത്താൻ രാജരാജവർമ്മ ശ്രമിച്ചു. വായനക്കാർക്ക് ലഘുപ്രബന്ധങ്ങളോടാണ് താത്പര്യം. ഡോ. ഭാസ്കരൻനായരുടെ ആധികാരികവും ആഴത്തിലുമുള്ളതുമായ പല ലേഖനങ്ങളും ജനപ്രീതിയാർജിച്ചിരുന്നു.

- ഡോ. കെ. ഭാസ്കരൻനായർ ശാസ്ത്രസാഹിത്യത്തിന് പുത്തനുണർവു നൽകി

## വിവർത്തനം

വിവർത്തനം എന്നാൽ കൃത്യമായ മൊഴിമാറ്റം എന്ന് നിസംശയം കരുതിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അർഥം സുനിശ്ചിതം, അർഥഗ്രഹണം സുഭദ്രം, അർഥാവിഷ്കാരം അവികലം എന്നിങ്ങനെയുള്ള വിശ്വാസങ്ങളിൽ ഉറപ്പിച്ചതായിരുന്നു ആ ധാരണ. അതനുസരിച്ച് ഭാഷാരൂപങ്ങളെ അർഥശോഷണം വരാതെ അവതരിപ്പിക്കുന്ന സത്യസന്ധനും സമർത്ഥനുമാണ് നല്ല തർജമക്കാരൻ. പാശ്ചാത്യർക്ക് തർജമയുടെ ആദർശം ബൈബിൾ തർജമകളായിരുന്നു. എന്നാൽ ഇന്ന് രാഷ്ട്രത്തലവന്മാർ തമ്മിലുള്ള സംഭാഷണം, ലോകനേതാക്കളുടെ പ്രഭാഷണങ്ങൾ എന്നിവ ദ്വിഭാഷി വഴി പെട്ടെന്ന് വിവർത്തനം ചെയ്യപ്പെടേണ്ടതായി വരുന്നു. ആധുനികയുഗത്തിനു യോജിച്ച വിധത്തിൽ കമ്പ്യൂട്ടർ വിവർത്തനവും സ്ഥാനം പിടിച്ചിരിക്കുന്നു. ഭാഷയുടെ പരിമിതിയെ ഇല്ലാതാക്കുക എന്നതാണ് വിവർത്തനത്തിന്റെ ലക്ഷ്യം. വിവർത്തനത്തിന് നൽകപ്പെട്ട ആദ്യത്തേതും ലളിതവുമായ നിർവചനം സാമുവൽ ജോൺസന്റേതാണ്. അർഥം നിലനിർത്തികൊണ്ട് ഒരു ഭാഷയിൽനിന്ന് മറ്റൊന്നിലേക്കുള്ള മാറ്റമാണ് വിവർത്തനം എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. എന്നാൽ വിവർത്തനത്തിന്റെ അർഥം മുഴുവൻ നിലനിർത്താനാവില്ല. അതിനാൽ അർഥത്തെ ആവുന്നത്ര നിലനിർത്തികൊണ്ട് ഒരു ഭാഷയിൽനിന്ന് മറ്റൊന്നിലേക്കുള്ള മാറ്റം എന്ന് എ. എച്ച്. സ്മിത്ത് ഈ നിർവചനത്തെ മാറ്റി പ്രസ്താവിച്ചു. ഈ രണ്ടു നിർവ്വചനങ്ങളും വളരെ ലളിതമാണ്. മൂലഗ്രന്ഥകാരനെ അതിശയിപ്പിക്കുക എന്നത് വിവർത്തകന്റെ ജോലിയല്ല എന്ന സാമൂവൽ ജോൺസിന്റെ അഭിപ്രായം ആദ്യകാലവിവർത്തനസങ്കല്പത്തെ വ്യക്തമാക്കിത്തരുന്നു. എൻ. വി. കൃഷ്ണവാര്യർ വിവർത്തനത്തിന് നല്ലൊരു നിർവചനം നൽകുന്നുണ്ട്. സ്രോതഭാഷയിൽ ആവിഷ്ക്കരിക്കപ്പെട്ട ആശയങ്ങളെ

കഴിയുന്നത്ര ഏറ്റകുറച്ചിൽ കൂടാതെ ലക്ഷ്യഭാഷയിൽ ആവിഷ്ക്കരിക്കുന്നതിനുള്ള പ്രേരണയാണ് വിവർത്തനം. ഗൊയ്ഥേ വിവർത്തനത്തിന് നൽകുന്ന നിർവചനം വിവർത്തനത്തിന്റെ അപര്യാപ്തതയെപ്പറ്റി എന്തുതന്നെ പറഞ്ഞാലും ലോകത്തിന്റെ സമഗ്രമായ നേട്ടങ്ങളിൽവച്ച് ഏറ്റവും പ്രധാനവും സ്പൃഹണീയവുമാണ് വിവർത്തനം എന്നാണ്. അതുപോലെ മൂലകൃതിയുമായി അർഥപരമായ തുല്യത തർജമകൾക്ക് ആവശ്യമില്ല എന്നാണ്. ഈ നിർവചനങ്ങളെല്ലാം വിവർത്തനത്തിന്റെ വിവിധതലങ്ങളിലേക്ക് നമ്മെ നയിക്കുന്നു.

▶ ഭാഷയുടെ പരിമിതിയെ ഇല്ലാതാക്കുക എന്നതാണ് വിവർത്തനത്തിന്റെ ലക്ഷ്യം

വിവർത്തനത്തിൽ കൃത്യത അഭിലഷണീയമാണ്. എന്നാൽ അതു സംഭവ്യമല്ല. അതിനാൽ സമാനത മാത്രമേ വിവർത്തനത്തിൽ പ്രതീക്ഷിക്കാവൂ. ഏതുതരത്തിലുള്ള സമാനതയാണ് ലക്ഷ്യമാക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കി വിവർത്തനരീതികളും വ്യത്യസ്തമാവാം. വിവർത്തനവിഭജനത്തിന് ആംഗലവിവർത്തകനായ ഡ്രൈഡനോളം പഴക്കമുണ്ട്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ വിവർത്തനം മൂന്നു തരമാണ്. 1) പദാനുപദം 2) ഭാവാനുപദം 3) അനുകരണം. ജെ. സി. ക്യാറ്റ്ഫോഡ് എന്ന ഭാഷാശാസ്ത്രജ്ഞൻ വിവർത്തനത്തെ 1). Word for Word 2). Literal 3). Free എന്നിങ്ങനെ വിഭജിക്കുന്നു. ചുരുക്കത്തിൽ ഈ രണ്ടു വിഭജനരീതിയും ഏറെക്കുറെ സമാനമാണ് എന്ന് കാണാവുന്നതാണ്. കൃതി വിവർത്തകന് നൽകുന്ന ആശയത്തെ സ്വന്തം ഭാഷയിൽ വിവർത്തനം ചെയ്യുന്നതാണ് രണ്ടാമത്തെ രീതി. ഇവിടെ വ്യംഗ്യാർത്ഥം ഉൾക്കൊള്ളിക്കാൻ കഴിയാതെവരുന്നു. സ്വതന്ത്രവിവർത്തനമാണ് മൂന്നാമത്തെ രീതി. ഇവിടെ സ്രോതപാഠത്തോടു കൂടുതൽ സ്വാതന്ത്ര്യം കാട്ടുന്നു. ലക്ഷ്യഭാഷയിലെ വായനക്കാർക്ക് ആ ഭാഷയുടെ തനിമ നഷ്ടപ്പെടുത്താതെതന്നെ ആശയം പകർന്നുകിട്ടുന്നു. ഇവിടെ വിവർത്തകന് ചില ഭാഗങ്ങൾ ഒഴിവാക്കാനും ആശയവൈദഗ്ധ്യം നൽകുവാനും സ്വാതന്ത്ര്യം ലഭിക്കുന്നു. ശാസ്ത്രവിവർത്തനത്തിന് ലിറ്ററൽ ആണ് അനുയോജ്യം. സാഹിത്യവിവർത്തനത്തിന് സ്വതന്ത്ര തർജമയാണ് ഹൃദ്യമാവുക. കാരണം സ്വതന്ത്രവിവർത്തനത്തിൽ വക്താവിന്റെ മനോഭാവവും സമീപനത്തിലടങ്ങിയിരിക്കുന്ന വൈകാരിക അവസ്ഥയും പ്രകടമാക്കാൻ കഴിയും. വിവർത്തനത്തിൽ സ്വീകരിക്കുന്ന ഏകകത്തെ അടിസ്ഥാനമാക്കി വിവർത്തനത്തെ 1) പദാനുപദ വിവർത്തനം, 2) വാക്യാനുവാക്യ വിവർത്തനം, 3) ഗ്രന്ഥനിഷ്ഠവിവർത്തനം എന്നിങ്ങനെ വിഭജിക്കാവുന്നതാണ്. ഓരോ പദങ്ങളും സ്രോതഭാഷയിൽനിന്ന് ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യാവുന്നതാണ് ആദ്യത്തേത്. വാക്യത്തെ അടിസ്ഥാനമാക്കിയുള്ള വിവർത്തനമാണ് രണ്ടാമത്തേത്. ഗ്രന്ഥത്തിലെ ആശയത്തെ സ്വീകരിച്ച് വിവർത്തനം ചെയ്യുന്നതാണ് മൂന്നാമത്തേത്. നല്ല വിവർത്തകൻ ഈ മൂന്നുരീതിയും ഔചിത്യത്തിനനുസരിച്ച് മാറ്റി സ്വീകരിക്കേണ്ടതാണ്.

▶ സാഹിത്യവിവർത്തനത്തിന് സ്വതന്ത്ര തർജമയാണ് ഹൃദ്യമാവുക

മലയാളവിവർത്തനത്തിന് വളരെ നീണ്ട ചരിത്രമുണ്ടെന്ന് പറയാൻ കഴിയില്ല. സംസ്കൃതഭാഷയുമായുള്ള ബന്ധത്തിന്റെ പഴക്കവും മണിപ്രവാളമെന്ന കാവ്യപ്രസ്ഥാനം ഉണ്ടായി എന്ന വസ്തുതയും പരിഗണിക്കുമ്പോൾ മലയാളവിവർത്തനങ്ങൾക്ക് ദീർഘമായ ചരിത്രമുണ്ടാവില്ല എന്നതു വിസ്മയം ഉളവാക്കുന്നതാണ്. പദാനുപദ വിവർത്തനരീതി കേരളീയർ പഴയകാലത്തു സാമാന്യമായി അംഗീകരിച്ചിരുന്നില്ല എന്നതു

കൊണ്ട് കൃത്യമായ വിവർത്തനങ്ങൾ കുറവായിരുന്നു. എന്നാൽ സംസ്കൃതഭാഷയിലെ ഇതിഹാസപുരാണങ്ങൾ, സാഹിത്യം, തത്ത്വചിന്ത, ഇതര വിജ്ഞാനശാഖകൾ എന്നിവയിലെ ഉള്ളടക്കം ഭാഷയിലേക്ക് പകർന്നുവയ്ക്കപ്പെട്ടു എന്നത് ഒരു വസ്തുതയാണ്. സാഹിത്യമാകുമ്പോൾ വിവർത്തകൻ സ്വന്തം ഭാവന കലർത്തി സ്വതന്ത്രപരിഭാഷ രീതി സ്വീകരിക്കുന്നു. ഉദാഹരണമായി കൃഷ്ണഗാഥയേയും അധ്യാത്മ രാമായണം കിളിപ്പാട്ടിനേയും ചൂണ്ടിക്കാണിക്കാവുന്നതാണ്. പതിനാലാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടെ സ്വതന്ത്രവിവർത്തനമെന്ന നിലയിൽ കവിതകളും കാണപ്പെടുകയുണ്ടായി.

- ഭാവന കലർത്തി സ്വതന്ത്രപരിഭാഷാ രീതി സ്വീകരിച്ചു

'ഭാഷാകൗടലീയ'മാണ് ആദ്യത്തെ ശ്രദ്ധേയമായ വിവർത്തനം. അന്നത്തെ ഭാഷയുടെ പരിമിതിക്കകത്തു നിന്നുകൊണ്ട് കൗടലീയത്തിന്റെ സാങ്കേതികപദങ്ങളേയും മറ്റും അർഥം ചോർന്നുപോകാതെ വിവർത്തനം ചെയ്തുവെന്നത് ശ്രദ്ധേയമാണ്. തുടർന്ന് പ്രത്യക്ഷപ്പെട്ട രണ്ട് വിവർത്തനങ്ങൾ 'അംബരീഷചരിത'വും 'ബ്രഹ്മാണ്ഡപുരാണം ഗദ്യ'വുമാണ്. ഇത്തരം ഗദ്യങ്ങളുടെ സവിശേഷത ഭാഷയുടെ ഊർജ്ജസ്വലത പ്രത്യക്ഷപ്പെടുത്തിത്തരുന്നു എന്നതാണ്. കണ്ണശ്ശകവികളുടെ വിവർത്തനങ്ങൾ പ്രത്യക്ഷപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. രാമപ്പണിക്കരുടെ രാമായണം, വാല്മീകിരാമായണത്തിന്റെ സംക്ഷേപമാണ്. മാധവപ്പണിക്കരുടെ ഭഗവത്ഗീത സ്വതന്ത്രവിവർത്തനമാണ്. ഇന്ത്യൻ ഭാഷകളിൽ മലയാളത്തിലാണ് ഭഗവത്ഗീത ആദ്യമായി വിവർത്തനം ചെയ്തത് എന്ന കാര്യത്തിലും കേരളത്തിന് അഭിമാനിക്കാവുന്നതാണ്. വിവർത്തനസാഹിത്യത്തിന് അന്തസും ഗാംഭീര്യവും നൽകിയതു എഴുത്തച്ഛനാണ്. അധ്യാത്മരാമായണം കിളിപ്പാട്ട് സ്വതന്ത്രവിവർത്തനത്തിന്റെ മഹിതമായ മാതൃകയാണ്, സംസ്കൃതകാവ്യമായ രാമായണം ഭക്തിസാന്ദ്രവും വികാരതീവ്രവുമാക്കി മാറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞു. തത്ത്വചിന്താഭാഗങ്ങൾ പദാനുപദവിവർത്തനസമ്പ്രദായത്തിലും സ്തുതിഭാഗങ്ങൾ സ്വന്തമായി കൂട്ടിച്ചേർത്തും വികസിപ്പിച്ചു. സംസ്കൃതസാഹിത്യകൃതികളെ ഭാഷാന്തരം ചെയ്യുന്നതിൽ പ്രധാനിയായിരുന്നു കുഞ്ഞിക്കുട്ടൻ തമ്പുരാൻ. വിക്രമോർവശീയം, ആശ്ചര്യചൂഡാമണി, അഭിജ്ഞാനശാകുന്തളം എന്നിവ അദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്. എങ്കിലും മഹാഭാരതത്തെ വൃത്താനുവൃത്തമായി വിവർത്തനം ചെയ്തു എന്നതാണ് അദ്ദേഹത്തിന്റെ അവിസ്മരണീയവും ഐതിഹാസികവുമായ ദൗത്യം. മൂലഭാഷയിലെ ഗഹനമായ ആശയങ്ങളെ അക്ലിഷ്ട മനോഹരമായ ഭാഷയിൽ മൊഴിമാറ്റം ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചു.

- മഹാഭാരതത്തെ വൃത്താനുവൃത്തമായി കുഞ്ഞിക്കുട്ടൻ തമ്പുരാൻ വിവർത്തനം ചെയ്തു

പത്തൊൻപതാംശതകത്തിന്റെ അവസാനത്തിലും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകത്തിലും വളരെയേറെ സംസ്കൃതകൃതികൾ വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മണിപ്രവാള ശാകുന്തളം മലയാളനാടകവേദിക്ക് അനുകൂലമായ ഒരന്തരീക്ഷം ഒരുക്കി. അതിനെ പിൻതുടർന്ന് കേരളീയർക്ക് നാടകത്തോട് അഭൂതപൂർവമായ താത്പര്യം ജനിച്ച നിരവധി സംസ്കൃതനാടകങ്ങൾ വിവർത്തനം ചെയ്യപ്പെട്ടു. ചാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതം, ജാനകീപരിണയം, കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ മാലതീമാധവം തുടങ്ങിയവ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇരുപതാംനൂറ്റാണ്ടിൽ ഭാഷാവികസനത്തെ മുൻനിർത്തി വിവർത്തനത്തിലേർപ്പെട്ടവർ എ.

ആർ. രാജരാജവർമ്മയും വള്ളത്തോളുമാണ്. മലയാളശാകുന്തളം, മാളവികാഗ്നിമിത്രം, ചാരുദത്തം, സ്വപ്നവാസവദത്തം, ഭാഷാമേഘദൂതം, ഭാഷാകുമാരസംഭവം എന്നിവ എ. ആറിന്റെ സംഭാവനകളാണ്. ഭാസനാടകങ്ങൾ, സംസ്കൃതത്തിലെ ചില രൂപകങ്ങൾ, ഋഗ്വേദം, വാല്മീകി രാമായണം, ശാകുന്തളം എന്നിവയാണ് വള്ളത്തോൾ വിവർത്തനം ചെയ്ത പ്രമുഖകൃതികൾ. പാറേമ്മാക്കൽ തോമാകത്തനാർ വിവർത്തനം ചെയ്ത ക്രിസ്ത്വനുകരണം ആണ് ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് വന്ന ആദ്യത്തെ വിവർത്തനം. കുഞ്ഞിക്കുട്ടൻതമ്പുരാൻ ഹാംലെറ്റും കേരളവർമ്മ വലിയകോയിത്തമ്പുരാൻ അക്ബറും വിവർത്തനം ചെയ്തു. കണ്ടത്തിൽ വർഗീസ് മാപ്പിള കലഹിനീദമനകം എന്ന പേരിൽ Taming of the shrew എന്ന നാടകവും എ. ഗോവിന്ദപിള്ള മാക്ബത്ത്, ഹാംലെറ്റ്, ഒഥല്ലോ എന്നീ നാടകങ്ങളും വിവർത്തനം ചെയ്തു.

▶ ക്രിസ്ത്വനുകരണം മാണ് ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വന്ന ആദ്യത്തെ വിവർത്തനം

## പത്രപ്രവർത്തനം

17-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലാണ് ആദ്യമായി വാർത്താപത്രം വിതരണം ചെയ്തത്. ദൈവാരികയായിട്ടായിരുന്നു ആദ്യ പ്രസിദ്ധീകരണം. ദി ഡയലി കോറന്റ് എന്ന പേരിൽ പിന്നീട് അറിയപ്പെട്ട പത്രമായിരുന്നു അത്. 1690-ൽ അമേരിക്കയിലും പത്രപ്രസിദ്ധീകരണമാരംഭിച്ചു. 1920 മുതലാണ് ആധുനികപത്രപ്രവർത്തനം ആരംഭിക്കുന്നത്. കേരളത്തിലാദ്യമായി പ്രസിദ്ധീകരിച്ച പത്രം ഇംഗ്ലീഷിലായിരുന്നു. കൊച്ചിയിൽ നിന്നുള്ള വെസ്റ്റേൺ സ്റ്റാർ എന്ന പത്രം 1860-ൽ ആണ് പ്രസിദ്ധീകരിച്ചത്. നാലുവർഷം കഴിഞ്ഞപ്പോൾ ഇതിന്റെ മലയാളപതിപ്പായ പശ്ചിമതാരക പ്രസിദ്ധീകരിച്ചു. ക്രിസ്ത്യൻ മിഷണറിമാർ മതപ്രചാരണത്തിനു വേണ്ടിയാണ് ആദ്യം പത്രപ്രവർത്തനത്തിനു തുടക്കമിട്ടത്. ഹെർമ്മൻ ഗുണ്ടർട്ട് ആദ്യമായി കേരളത്തിൽ രാജ്യസമാചാരം എന്ന മാസിക തുടങ്ങി. 1867-ൽ കോട്ടയത്ത് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'സന്ദിഷ്ടവാദി' എന്ന മലയാളപത്രവും 'ട്രാവൻകൂർ ഹെറാൾഡ്' എന്ന ഇംഗ്ലീഷ് പത്രവും സർക്കാരിനെ വിമർശിക്കാൻ തുടങ്ങി. ഇതോടെ സന്ദിഷ്ടവാദിയെ തിരുവിതാംകൂർ സർക്കാർ നിരോധിച്ചു. 1881-ൽ പ്രസിദ്ധീകരിച്ച കേരളമിത്രം ആയിരുന്നു ലക്ഷണമൊത്ത ആദ്യ മലയാളപത്രം. ദേവ്ജി ഭിംജിയായിരുന്നു ഇതിന്റെ ഉടമസ്ഥൻ. അച്ചടിശാല പൂട്ടി വയ്ക്കാൻ കൊച്ചി സർക്കാർ ഉത്തരവായി. ഒടുവിൽ അദ്ദേഹം ബ്രിട്ടീഷ് സർക്കാരിനെ സമീപിച്ചു. അതിനു ശേഷമാണ് പത്രപ്രസിദ്ധീകരണത്തിന് അനുവാദം ലഭിച്ചത്. കേരളമിത്രത്തിന്റെ പത്രാധിപർ കണ്ടത്തിൽ വർഗീസ് മാപ്പിളയായിരുന്നു. ഇദ്ദേഹമാണ് പിന്നീട് മലയാള മനോരമ പത്രം തുടങ്ങിയത്, 1847 മുതൽ 1900 വരെയുള്ള കാലഘട്ടത്തിൽ നിരവധി പത്രങ്ങൾ പ്രസിദ്ധീകരിച്ചുവെങ്കിലും മിക്കതും നിലച്ചു പോയി. 1884 ഒക്ടോബറിൽ ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ പ്രസിദ്ധീകരിച്ച കേരളപത്രികയായിരുന്നു മലബാർദേശത്തെ വർത്തമാനപത്രം.

▶ 1881-ൽ പ്രസിദ്ധീകരിച്ച കേരളമിത്രം ലക്ഷണമൊത്ത ആദ്യ മലയാളപത്രം

കൈക്കൂലി, കരിഞ്ചന്ത എന്നിവയ്ക്കെതിരെ രൂക്ഷമായ വിമർശനം നടത്തിയിരുന്ന കേരളപത്രികയുടെ 200 പ്രതികൾ വരിസംഖ്യ അടച്ച് തിരുവിതാംകൂർ മഹാരാജാവ് വാങ്ങി ഉദ്യോഗസ്ഥർക്കിടയിൽ വിതരണം ചെയ്തിരുന്നു. 1886 തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരിച്ച മലയാളം 1887-ൽ ബഹുഭാഷാപണ്ഡിതനും സമുദായപ്രവർത്തകനുമായ മാണിക്കത്തനാർ കോട്ടയം മാന്നാനത്തു തുടങ്ങിയ നസ്രാണി ദീപിക

(പിന്നീട് ഇതിന്റെ പേര് ദീപിക എന്നാക്കി), 1890-ൽ കോട്ടയത്തു നിന്നു കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ നേതൃത്വത്തിൽ ആരംഭിച്ച മലയാള മനോരമ(1928) എന്നിവ പിന്നീട് മലയാളത്തിലെ ദിനപത്രങ്ങളായി മാറി. മലയാള മനോരമ 1928-ൽ ദിനപത്രമായി. 1938-ൽ ഈ പത്രത്തെ തിരുവിതാംകൂർ സർക്കാർ നിരോധിക്കുകയും പ്രസ് അടച്ചു പൂട്ടുകയും ചെയ്തു. തുടർന്ന് സ്വാതന്ത്ര്യലബ്ധിക്കുശേഷം പുനഃ പ്രസിദ്ധീകരിച്ച ഈ പത്രം ഇന്ന് ഇന്ത്യയിലെ പത്രങ്ങളുടെ മുന്നിലാണ്.

> ▶ മലയാള മനോരമ 1928-ൽ ദിനപത്രമായി

മലയാളപത്രപ്രവർത്തനചരിത്രത്തിൽ 'സ്വദേശാഭിമാനി' ഇന്നും വികാരമായി നിൽക്കുന്നു. 1905-ൽ വക്കം അബ്ദുൾ ഖാദർ മൗലവിയുടെ ഉടമസ്ഥതയിൽ ആരംഭിച്ച പത്രമാണ് സ്വദേശാഭിമാനി. 1906-ൽ അതിന്റെ പത്രാധിപരായി കെ. രാമകൃഷ്ണപിള്ള ചാർജ് എടുത്തു. അഴിമതിക്കും അനാചാരങ്ങൾക്കും അനീതിക്കും സർക്കാർ ധൂർത്തിനും എതിരെ പടവാളായി സ്വദേശാഭിമാനി മാറി. പത്ര ഉടമസ്ഥനായ മൗലവിയെയും പത്രാധിപരെയും സ്വാധീനിക്കാനും പിന്നീട് ശ്രമം നടന്നു. അത് പരാജയപ്പെട്ടതോടെ സ്വദേശാഭിമാനി പ്രസ് കണ്ടുകെട്ടാനും പത്രാധിപരെ നാടുകടത്താനും സർക്കാർ തീരുമാനിച്ചു. 1910-ൽ സെപ്റ്റംബർ 26-ാം തീയതി രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽനിന്നും നാടുകടത്തി. നവോത്ഥാനകാലത്തും സ്വാതന്ത്ര്യസമരകാലത്തും നിരവധി പത്രങ്ങൾ കേരളത്തിലാരംഭിച്ചു. സമുദായോദ്ധാരണത്തിനുവേണ്ടിയുള്ള പത്രങ്ങളും അതിൽ ധാരാളം ഉണ്ടായിരുന്നു. അതിലൊന്നാണ് 1911-ൽ സി. വി കുഞ്ഞുരാമൻ ആരംഭിച്ച കേരളകൗമുദി ഇന്നത് മലയാളത്തിലെ പ്രധാനദിനപത്രമാണ്. സ്വാതന്ത്ര്യസമരകാലത്ത് ജന്മമെടുത്ത പല പത്രങ്ങളും അധികാരികളുടെ നടപടിമൂലമോ സാമ്പത്തിക പ്രതിസന്ധി കാരണമോ നിന്നുപോയി. എന്നാൽ ദേശീയവാർത്തകൾ പ്രചരിക്കാൻ കോൺഗ്രസ് നേതാക്കൾ ആരംഭിച്ച മാതൃഭൂമിയാണ് മറ്റൊരു പ്രധാനപത്രം. ഗാന്ധിജിയെ ബ്രിട്ടീഷ് സർക്കാർ അറസ്റ്റ് ചെയ്ത് ജയിലിലടച്ചതിന്റെ ഒന്നാംവാർഷികമായ 1923 മാർച്ച് 18 ന് കെ. പി കേശവമേനോന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച മാതൃഭൂമി 1930 ഏപ്രിൽ 6നാണ് ദിനപത്രമായത്. ആദ്യകാലപത്രങ്ങളുടെ ചെറുചരിത്രമാണിത്.

> ▶ അഴിമതിക്കും അനാചാരങ്ങൾക്കും അനീതിക്കും സർക്കാർ ധൂർത്തിനും എതിരെ പടവാളായി 'സ്വദേശാഭിമാനി' മാറി

## വിശദപഠനം: കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾ (അവതാരിക)

### എസ്. ടി. റെഡ്യാർ

കേരളീയ പുസ്തകപ്രസാധനത്തിന് വാണിജ്യവൽക്കരണ സ്വഭാവം കൈവന്നത് എസ്. ടി. റെഡ്യാർ പ്രസാധനരംഗത്ത് എത്തിയതോടെയാണ്. അദ്ദേഹം പ്രസാധനരംഗത്തേക്ക് കടന്നുവന്ന് ഇരുപത്തിയേഴുവർഷം പിന്നിട്ടപ്പോൾതന്നെ നിരവധി പ്രാചീനങ്ങളും നവീനങ്ങളുമായ പുസ്തകങ്ങൾ പ്രസാധനം ചെയ്തു. ഒരു ഭാഷ എത്രത്തോളം വളർന്നു എന്ന് മനസിലാക്കാൻ ആ ഭാഷയിൽ പ്രചാരത്തിലിരിക്കുന്ന പുസ്തകങ്ങളുടെ എണ്ണവും വണ്ണവും തെളിവുംകൊണ്ട് മനസിലാക്കാൻ കഴിയുമെന്നദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. റെഡ്യാർ പുസ്തകപ്രസാധനരംഗത്തേക്ക് കടന്നുവരുമ്പോൾ ഭാഷയിൽ പുസ്തകങ്ങൾ കുറവായിരുന്നു. ഉള്ള പുസ്തകങ്ങൾക്ക് വലിയ വിലയും ഉണ്ടായിരുന്നു. എഴുത്തച്ഛൻകൃതികൾക്ക് വളരെയധികം പ്രചാരമുള്ള കാലമായിരുന്നു അത്. ഹിന്ദു

SGOU

ക്കൾ രാമായണം, മഹാഭാരതം, ഭാഗവതം എന്നീ കിളിപ്പാട്ടുകൾ വീട്ടിൽ പാരായണം ചെയ്തിരുന്നു. ഇവയ്ക്ക് വില കൂടുതലായിരുന്നു. മാത്രമല്ല ഇവയുടെ ലഭ്യതയും കുറവായിരുന്നു. ഇവയുടെ അച്ചടിയിൽ സാരമായ തകരാറുകളും ഉണ്ടായിരുന്നു. എന്നാൽ റെഡ്യാർ പ്രസാധനരംഗത്തേക്ക് കടന്നുവന്നതോടുകൂടി പുസ്തകത്തിന്റെ വില നേരത്തെ ഉള്ളതിനേക്കാൾ അഞ്ചിലൊന്നായി കുറഞ്ഞു. അതോടുകൂടി ആവശ്യക്കാർക്ക് പുസ്തകം ലഭിക്കുന്ന അവസ്ഥ സംജാതമായി. അങ്ങനെ ധനികരുടെ മാളികകളിലും സാധാരണക്കാരുടെ വീടുകളിലും പാവങ്ങളുടെ കുടിലുകളിലും പുരാണപാരായണം കടന്നു വരുകയുണ്ടായി. വായനാവിഭവങ്ങളുടെ വൈവിധ്യം വൻതോതിലുള്ള ഉല്പാദനം, പുസ്തകവില്പന, പ്രസാധകരും എഴുത്തുകാരുമായുള്ള ബന്ധം എന്നീ ഘടകങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള എസ്. ടി. റെഡ്യാരുടെ പ്രവർത്തനങ്ങളാണ് കേരളത്തിലെ സാർവത്രികമായ പുസ്തകലഭ്യതയ്ക്ക് സഹായിച്ചത്. തെക്കൻകേരളത്തിൽ സാഹിത്യത്തിലായാലും അധ്യാത്മികതയിലായാലും അക്ഷരപൂജകൊണ്ട് ഏറ്റവും വലിയ പരിവർത്തനം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത് എസ്. ടി. റെഡ്യാർ തുടങ്ങി വച്ച പ്രസിദ്ധീകരണങ്ങളിൽ കൂടിയായിരുന്നു എന്ന് ഗുരുനിത്യചൈതന്യയതിയും കേരളത്തിൽ ദരിദ്രന്മാർക്കു പോലും ഗ്രന്ഥസഞ്ചയനം സുഗമമാക്കി തീർത്തത് എസ്. ടി. റെഡ്യാരാണെന്ന് ഉള്ളൂരും നിരീക്ഷിക്കുന്നുണ്ട്. ഒരു കവിയുടെയോ ഒരു പ്രസ്ഥാനത്തിന്റെയോ ആയ എല്ലാ കൃതികളും ഒന്നിച്ചുചേർത്ത് പ്രസിദ്ധീകരിക്കുക എന്ന സമ്പ്രദായം മലയാളത്തിൽ ആരംഭിച്ചത് എസ്. ടി. റെഡ്യാരുടെ വരവോടുകൂടിയാണ്.

> ▶ സാധാരണജനങ്ങളെ വായനയിലേക്ക് നയിക്കാൻ റെഡ്യാർക്ക് കഴിഞ്ഞു

എസ്. ടി. റെഡ്യാർ കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾക്ക് എഴുതിയ മുഖവുര (1912) മലയാളപുസ്തക പ്രസാധനരംഗത്തെ ഒരു ചരിത്ര രേഖയാണ്. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ അച്ചടിഭാഷയുടെ മുഖചിത്രം സമൃദ്ധമായി വരയ്ക്കാൻ ഈ മുഖവുരയിൽ റെഡ്യാർക്കു കഴിഞ്ഞിട്ടുണ്ട്. താൻ പ്രസാധനരംഗത്ത് എത്തുന്ന ഘട്ടത്തിലെ പുസ്തകപരിസ്ഥിതിയും തന്റെ സംരംഭങ്ങൾക്കുശേഷം മലയാളപുസ്തകരംഗം ദർശിച്ച മാറ്റങ്ങളും റെഡ്യാർ അപഗ്രഥിക്കുന്നു. ഏതു ഭാഷയും ഉൽക്കർഷം നേടുന്നത് ആ ഭാഷയിൽ രചിക്കപ്പെട്ട പുസ്തകങ്ങളെ വിലയിരുത്തിക്കൊണ്ടാണെന്ന് റെഡ്യാർ നിരീക്ഷിക്കുന്നു. തുഞ്ചത്തെഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ട് കെ. സാംബശിവശാസ്ത്രികളെക്കൊണ്ട് വ്യാഖ്യാനം നടത്തി അച്ചടിപ്പിച്ചത് എസ്. ടി. റെഡ്യാരാണ്. സാധാരണക്കാരെ മുന്നിൽകണ്ടുകൊണ്ടുള്ള ജനകീയ പ്രസാധനത്തിന്റെ തുടക്കം ഇവിടെ കാണാവുന്നതാണ്. എസ്. ടി. റെഡ്യാർ തന്റെ സംരംഭത്തിന്റെ വിജയത്തിനായി ശ്രീനാരായണഗുരു, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കുമാരനാശാൻ, എ. ആർ. രാജരാജവർമ്മ, കെ. സി. കേശവപിള്ള, പി. കെ. നാരായണപിള്ള എന്നിവരോട് നല്ല വ്യക്തിബന്ധം പുലർത്തിയിരുന്നു. ഏതുതരത്തിലുള്ള പുസ്തകം അച്ചടിക്കണമെന്നും വായനക്കാരുടെ അഭിരുചി എന്തെന്നും മനസ്സിലാക്കാൻ ഇത് സഹായിച്ചു.

> ▶ ജനകീയ പ്രസാധനത്തിന്റെ തുടക്കം

ആട്ടക്കഥകൾ കേരളത്തിൽ വ്യാപകമായി പ്രചരിക്കാൻ തുടങ്ങിയത് ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടും മൂന്നും ദശകങ്ങളിലാണ്. ഇക്കാലത്ത് ഒരു സാഹിത്യരൂപമെന്ന നിലയിൽ ഇവ പ്രചാരം നേടുകയും അതോടൊപ്പം ആട്ടക്കഥാപാഠങ്ങൾക്ക് ധാരാളം വായനക്കാരുണ്ടാവുകയും ചെയ്തു.

ആട്ടക്കഥകളുടെ പ്രചാരം മനസിലാക്കിയ റെഡ്യാർ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ സ്ഥലങ്ങളിൽനിന്ന് ആട്ടക്കഥാപാഠങ്ങൾ ശേഖരിച്ച് പ്രസാധനം ചെയ്തു. ആട്ടക്കഥകളുടെ പ്രസാധനത്തെക്കുറിച്ച് കേരളവർമ്മ ഇങ്ങനെ അഭിപ്രായപ്പെടുന്നു: ഉത്രാടം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് 54 ദിവസത്തെ ആട്ടക്കഥകൾ പുസ്തകരൂപത്തിൽ തിരുമനസിന്റെ സേവകരിൽ ഒരാളായ ഈശ്വരപിള്ള വിചാരിപ്പുകാർ സ്വന്തം അച്ചുകൂടത്തിൽ അച്ചടിച്ചിരുന്നു. ഈ പുസ്തകം ഇപ്പോൾ ലഭ്യമല്ല. ആ പുസ്തകത്തിലുണ്ടായിരുന്ന കഥകളും പിന്നീട് പലരും രചിച്ച 18 കഥകളും ചേർത്ത് അച്ചടിച്ച പ്രവൃത്തി അത്യന്തം ശ്ലാഘനീയമാണ്. മലയാളദേശത്ത് കഥകളിക്ക് വളരെയധികം പ്രാധാന്യമുള്ളതിനാൽ റെഡ്യാരുടെ പ്രവൃത്തി പ്രോത്സാഹനജനകമാണ്. പല ആട്ടക്കഥകളും സർവകലാശാല പരീക്ഷകൾക്ക് പാഠപുസ്തകമായി സ്വീകരിക്കാറുണ്ട്. അന്ന് ആട്ടക്കഥകൾ വിപുലമായി അച്ചടിക്കാത്തതിനാൽ പാഠപുസ്തകമായി ലഭിക്കാതെവന്നിരുന്നു. വിദ്യാഭിവർധിനി പ്രസ് മുൻകൈ എടുത്ത് ആ പുസ്തകങ്ങൾ അച്ചടിച്ചതുമൂലം പഠിതാക്കളുടെ ബുദ്ധിമുട്ടുകൾ ഒഴിവായി. റെഡ്യാർ പ്രസിദ്ധപ്പെടുത്തിയ ആട്ടക്കഥാപുസ്തകത്തിന്റെ വില വെറും രണ്ടു രൂപയായിരുന്നു. മലയാളഭാഷയിൽ അനേകം പുസ്തകങ്ങൾ അദ്ദേഹത്തിന്റെ പരിശ്രമം നിമിത്തം അച്ചടിക്കപ്പെട്ടത് മലയാളദേശത്തിനും മലയാളഭാഷയ്ക്കും മലയാളികൾക്കും ഒരു അമൂല്യഅനുഗ്രഹമാണ്. എഴുപത്തിരണ്ടുദിവസത്തെ ആട്ടക്കഥയുടെ പല പരിഷ്കരിച്ച പതിപ്പുകളും വിദ്യാഭിവർധിനി പുറത്തിറക്കിയിട്ടുണ്ട്. കഥകളിക്കും പൂർവാധികം പരിഷ്കാരം സിധിച്ചിരിക്കുന്നതിനാൽ പൂർവരീതിയെ ഭേദപ്പെടുത്തി. ശ്ലോകം, പല്ലവി, അനുപല്ലവി, ചരണം ഇവ വേർതിരിച്ച് കൂടുതൽ കഥകൾ കൂട്ടിച്ചേർത്ത് പ്രസിദ്ധീകരിക്കുന്നത് കൂടുതൽ സൗകര്യത്തിനും ജനങ്ങൾക്ക് ഉപകാരപ്പെടുന്നതിനുംവേണ്ടിയാണെന്ന് പറയുന്നു. ഈ പതിപ്പിൽ നിഴൽക്കൂത്ത്, കുചേലവൃത്തം, ദേവയാനി ചരിതം, ത്രിപുര ദഹനം, ബാലി വിജയം, ശ്രീരാമപട്ടാഭിഷേകം, പ്രഹ്ലാദചരിതം എന്നിവയാണ് വിശേഷാൽ ചേർത്തിരിക്കുന്നത്.

- ▶ മലയാളഭാഷയിലെ അനേകം പുസ്തകങ്ങൾ റെഡ്യാരുടെ ശ്രമഫലമായി പ്രസിദ്ധപ്പെടുത്തി

മലയാളഭാഷാസാഹിത്യത്തിന് പെട്ടെന്നൊരു ശക്തിയും വികാസവും വന്നുചേർന്നതിനുകാരണം മലയാളദേശത്തെ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും കൃത്യനിഷ്ഠയും മലയാളഭാഷയുടെ ഉണർവും അന്യഭാഷാസമ്പർക്കവുമാണ്. സർവകലാശാലകളിൽ മലയാളം ഉപഭാഷയായി സ്വീകരിക്കപ്പെട്ടതും കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നിവിടങ്ങളിൽ മലയാളം വിദ്യാലയങ്ങൾ സ്ഥാപിച്ചതും മലയാളം ഒരു പ്രത്യേക ഭാഷയായി രൂപപ്പെട്ടതും അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തവും ഇതിന് ഉപോദ്ബലമായി ചൂണ്ടിക്കാട്ടാവുന്നതാണ്. എഴുത്തച്ഛന്റെ മഹനീയവും പരിപാവനവുമായ കൃതികളും, കോട്ടയത്തുതമ്പുരാൻ, ഉണ്ണായിവാര്യർ തുടങ്ങിയ കവികളും മലയാളസാഹിത്യത്തിന് സ്വന്തമായൊരു സ്ഥാനം നൽകിയ കുഞ്ചൻനമ്പ്യാരും എന്നും സ്മരണീയരാണ്. അധ്യാത്മരാമായണം, മനുസ്മൃതി, ഭർത്തൃഹരി എന്നീ ശ്രേഷ്ഠഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനങ്ങൾ എഴുതിയ ശങ്കരാചാര്യരും, വിക്രമാദിത്യകഥ, കാദംബരി, കഥാസരിത്സാഗരം, ലീലാവതി തുടങ്ങി നൂറിൽകൂടുതൽ ഗദ്യരചനകളെ ദ്രാവിഡം, സംസ്കൃതം, ഇംഗ്ലീഷ് എന്നിവിടങ്ങളിലെ പണ്ഡിതന്മാരെക്കൊണ്ട് തർജ്ജമ ചെയ്യിച്ച് വർക്കല സ്ഥലമാഹാത്മ്യം, ഗുരുഡപുരാണം, സേതുമ

ഹാത്മ്യം തുടങ്ങിയ കിളിപ്പാട്ടുകൾ ഹരിശ്ചന്ദ്രചരിതം തുടങ്ങി അൻപതിൽപ്പരം നാടകങ്ങൾ, ശ്രീകൃഷ്ണചരിതം, സന്മാർഗചന്ദ്രിക തുടങ്ങിയ നൂറിൽപ്പരം മണിപ്രവാളകൃതികൾ, മാധവനിദാനം, വൈദ്യസംഗ്രഹം തുടങ്ങിയ വൈദ്യഗ്രന്ഥങ്ങൾ, വളപ്പാട്ടുകൾ, അമ്മാനപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ, ഊഞ്ഞാൽപ്പാട്ടുകൾ, ക്രിമിനൽ കേസ്സുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ തുടങ്ങി മുന്നൂറിൽപ്പരം മറ്റ് ഇനങ്ങളിൽപ്പെടുന്ന പുസ്തകങ്ങൾ അങ്ങനെ എഴുന്നൂറിൽപ്പരം ഭാഷാഗ്രന്ഥങ്ങളെ രണ്ട് വ്യാഴവട്ടക്കാലംകൊണ്ട് സംഗ്രഹിച്ച് സഞ്ചയിച്ച് പ്രസിദ്ധം ചെയ്ത ഭാഷാസാഹിത്യതത്പരർക്ക് ഉപകാരപ്പെടുത്തിയ വിദ്യാഭിവർദ്ധിനി പ്രസ്സും പുസ്തകശാലയും ഭാഷാഭിവൃദ്ധിയിൽ വളരെയധികം പ്രയോജനകരമായിരുന്നു എന്നതിൽ തർക്കമില്ല.

- ഭാഷാഗ്രന്ഥങ്ങളെ രണ്ട് വ്യാഴവട്ടക്കാലം കൊണ്ട് സംഗ്രഹിച്ചു

എസ്. ടി. റെഡ്യാർ അദ്ദേഹത്തിന്റെ ജീവിതം മുഴുവനും, ഭാഷാഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുന്നതിനും മലയാളഅച്ചടി അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണ് വിനിയോഗിച്ചത്. അദ്ദേഹത്തെ ധാരാളം പണ്ഡിതന്മാർ അനുമോദിക്കുകയും സഹായിക്കുകയും അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വാങ്ങി വായിക്കുകയും ചെയ്യുമായിരുന്നു. ഗവൺമെന്റിൽ നിന്നോ ബുക്കുകമ്മിറ്റിയിൽ നിന്നോ ഒരിക്കലും വിദ്യാഭിവർധിനിക്ക് യാതൊരു സഹായവും ലഭിച്ചിട്ടില്ല. ഏതൊരു വ്യാവസായികസംരംഭവും അഭിവൃദ്ധിപ്പെടുന്നതിന് തദ്ദേശഗവൺമെന്റുകളുടെ സഹായം അത്യന്താപേക്ഷിതമാണ്. താൻ അച്ചുകൂടം നടത്തി മലയാളഭാഷയെ പരിഷ്കരിച്ചിരുന്നുവെങ്കിലും തന്റെ എല്ലാ ആഗ്രഹങ്ങളും പ്രവൃത്തിയിൽ കൊണ്ടുവരാൻ കഴിഞ്ഞിരുന്നില്ല എന്നതും അദ്ദേഹം വളരെ ദു:ഖത്തോടെ വെളിപ്പെടുത്തുന്നു. പ്രാചീനരും അർവാചീനരുമായ പണ്ഡിതന്മാരുടെ കവിതകളെ ഓരോ വിഭാഗമായി പ്രത്യേകം തിരിച്ച് അച്ചടിച്ച് വായനക്കാരിൽ എത്തിച്ചിരുന്നു.

- അച്ചടിയന്ത്രത്തിന്റെ കണ്ടുപിടുത്തം പുസ്തകപ്രസാധനത്തെ സഹായിച്ചു

മലയാളഭാഷയ്ക്കും സാഹിത്യത്തിനും തുള്ളൽകൃതികളിലൂടെ മഹനീയസ്ഥാനം നേടിത്തന്ന കുഞ്ചൻനമ്പ്യാരുടെ സരസമധുരവും പ്രസന്നഗാംഭീരവുമായ തുള്ളൽപ്പാട്ടുകൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത് മലയാളഭാഷയ്ക്കും ജനങ്ങൾക്കും പ്രയോജനകരമാകുമെന്ന് റെഡ്യാർ മനസിലാക്കി. അതിന്റെ ഫലമായി കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകളുടെ ഒന്നാം ഭാഗം 1084-ൽ വിദ്യാഭിവർധിനി പുറത്തിറക്കി. കേരളത്തിലെ പല പത്രങ്ങളിലും ഇതിനെക്കുറിച്ച് പല വിലയേറിയ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും കേരളജനത അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു. ഇതൊക്കെ വളരെയധികം സന്തോഷിപ്പിച്ചുവെങ്കിലും ഇതിന്റെ 2-ാം പ്രതി ഉടനെ പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. സരസകവിയായ നമ്പ്യാരുടെ മറ്റ് കാവ്യഭാഗങ്ങൾകൂടി സ്വരൂപിച്ച് 2-ാം ഭാഗമായി പുറത്തിറക്കണമെന്നും അതിലൂടെ മലയാളഭാഷയുടെ പ്രസക്തി വർധിപ്പിക്കണമെന്നും പല പണ്ഡിതന്മാരും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കുഞ്ചൻനമ്പ്യാരുടെ പല കവിതകളും മറ്റുള്ളവർ പ്രസാധനം ചെയ്തിട്ടുള്ളതിനാലും അവ ശേഖരിക്കുന്നതിനുള്ള ബുദ്ധിമുട്ടും അധികചെലവും അദ്ദേഹത്തെ അതിൽനിന്നും പിൻന്തിരിപ്പിച്ചു. എന്നാൽ കൊച്ചിരാമവർമ്മ തമ്പുരാൻ കുഞ്ചൻനമ്പ്യാരുടെ ചില നല്ല തുള്ളൽ കഥകൾ അയച്ചു കൊടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തതിനാൽ 1086-ൽ രണ്ടാംഭാഗം പ്രസിദ്ധീകരിച്ചു പ്രസാധനം ചെയ്തു. ഇതിൽ ധനവ്യയം

SGOU

ഉണ്ടായെങ്കിലും പൊതുജനങ്ങൾക്കും വിദ്വാൻമാർക്കും സഹായകമായതുകൊണ്ട് പരോപകരമാണ് ഏറ്റവും വലിയ പുണ്യമെന്നു ധരിച്ച് അദ്ദേഹം ചാരിതാർത്ഥ്യനായി. അതിനുശേഷം അൻപത്തിയെട്ടുകഥകളെ ഒരുമിച്ചുചേർത്ത് ഓട്ടൻ, ശീതങ്കൻ, പറയൻ ഇങ്ങനെ ഇനംതിരിച്ച് അച്ചുപിഴകൊണ്ട് വന്നുപോയിട്ടുള്ള നിസ്സാരപിഴകളെ തിരുത്തി വീണ്ടും പ്രസാധനം ചെയ്തു. അവ ചുരുങ്ങിയ വിലയ്ക്ക് ജനങ്ങളിൽ എത്തിച്ചു.

- ജീവിതത്തിന്റെ മുഴുവൻസമയവും ഭാഷാഗ്രന്ഥങ്ങൾ പ്രചരിപ്പിച്ചു

തുള്ളൽകൃതികൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിന് നേരിടേണ്ടി വന്ന ധനവ്യയവും പ്രയത്നവും കണക്കിലെടുത്ത് ഈ പുസ്തകത്തിന് പത്തു രൂപ വില നിശ്ചയിച്ചാലും അധികമാകില്ലെന്ന് അദ്ദേഹത്തിന് തോന്നിയിട്ടുണ്ട്. ഇതിൽ ആദ്യം പ്രസിദ്ധീകരിച്ച പുസ്തകത്തെപ്പറ്റി കേരളവർമ്മ വലിയകോയിത്തമ്പുരാൻ പുസ്തകമൊന്നിന് 5 രൂപ ഇട്ടാൽ പോലും അത് കൂടുതലല്ലെന്ന് അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ നമ്മുടെ മലയാളികളിൽ കൂടുതൽ പേരും സമ്പന്നരല്ലാത്തതിനാലും ഭാഷാകവികുലകിരീടമണിയായ കുഞ്ചൻനമ്പ്യാരുടെ വാങ്മാധുര്യം എല്ലാവരും ഒന്നുപോലെ അനുഭവിക്കണമെന്നുള്ളതിനാലും ഇതിന് ചുരുങ്ങിയ വില മാത്രമാണ് ഈടാക്കിയിരുന്നത്. അദ്ദേഹം ജനങ്ങളോടായി ചോദിക്കുകയാണ് "അല്ലയോ കേരളീയരേ ഞാൻ ഈ ഗ്രന്ഥത്തിന് ഈടാക്കുന്ന നിസാരതുക കൂടുതൽ അല്ലല്ലോ നിങ്ങൾ ഈ ഗ്രന്ഥങ്ങൾ വാങ്ങി വായിച്ച് മലയാളഭാഷയെ ഉദ്ദേശിച്ചുകൊണ്ടുള്ള എന്റെ മഹത്തായ ഈ ശ്രമത്തിന് ഫലം നൽകണമെന്ന് ആഗ്രഹിക്കുന്നു. എന്റെ അച്ചടിശാലയിൽനിന്നും പുറത്തിറക്കി കഥകൾ വായിച്ച് അഭിപ്രായങ്ങൾ നൽകിയവർക്കും നല്ല ചില കഥകൾ അയച്ചുതന്ന് എന്നെ സഹായിച്ച ഭാഷയുടെ വികസനത്തിൽ തൽപ്പരനായ രാമവർമ്മ തമ്പുരാനും ഞാൻ വന്ദനങ്ങൾ അറിയിച്ചു കൊണ്ടും ആദ്യകാലത്ത് പ്രസിദ്ധംചെയ്ത കഥകളിൽ വന്ന തെറ്റുകൾ പരിശോധിച്ച് തിരുത്തൽവരുത്തിയും രണ്ടുഭാഗവും ഇനം തിരിച്ചപ്പോൾ അതിന്റെ സങ്കലനത്തിൽവന്ന അച്ചടിത്തെറ്റുകൾ പരിശോധിച്ച തെങ്ങിലഴികത്ത് എൻ. നാണുപിള്ള ആശാനോടും നന്ദി അറിയിക്കുന്നു" എന്നുപറഞ്ഞുകൊണ്ട് റെഡ്യാർ ഈ മുഖവുര അവസാനിപ്പിച്ചിരിക്കുന്നു.

- മലയാളഭാഷ, സാഹിത്യം ഇവയെ പരിപോഷിപ്പിക്കുന്നതിന് റെഡ്യാർ വഹിച്ച പങ്ക് പ്രശംസനീയമാണ്

## Summarised Overview

**ശാസ്ത്രലേഖനം**

ഉഷ്ണമേഖലയിലെ സസ്യങ്ങളെപ്പറ്റി ഗവേഷണം നടത്തുന്നവർക്ക് ഇന്നും വിലപ്പെട്ട ഒരു റഫറൻസ് രേഖയാണ് ഹോർത്തൂസ് മലബാറിക്കസ്. ആദ്യത്തെ വാല്യം പുറത്തിറക്കിയത് 1686-ൽ ആയിരുന്നു. അവസാനത്തേത് 1703 ലും. മലയാളലിപി ആദ്യമായി അച്ചടിയിൽ വരുന്നത് ഈ ഗ്രന്ഥപരമ്പരയിലൂടെയാണ്. ശാസ്ത്രസാഹിത്യചരിത്രത്തിലെ അദ്ഭുതം എന്നു പറയാവുന്ന പുസ്തകമാണ് ഗുണ്ടർട്ടിന്റെ ശിഷ്യനായ ജൂഹാനസ് ഫോൺമേയർ എന്ന വൈദികൻ എഴുതി പ്രകൃതിശാസ്ത്രം എന്ന പേരിൽ 1883-ൽ പ്രസിദ്ധപ്പെടുത്തിയ ഭൗതികശാസ്

ത്രം. നമ്മുടെ ഭാഷയിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ ഫിസിക്സ് പുസ്തകം എന്ന പ്രാധാന്യം മാത്രമല്ല ഇതിനുള്ളത്. മലയാളം പഠിച്ച ഒരു വിദേശിയാണ് അന്നത്തെ ഭൗതികശാസ്ത്രപ്രതിഭാസങ്ങൾ വ്യാഖ്യാനിക്കുന്ന ഈ പുസ്തകം എഴുതിയതെന്നു കൂടി ഓർക്കണം. പിന്നീട് പാഠപുസ്തക കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കു പ്രചോദനവും നേതൃത്വവും കേരളവർമ്മ വലിയ കോയിത്തമ്പുരാനായിരുന്നു. പാഠപുസ്തകങ്ങൾ നിർമ്മിക്കുകയായിരുന്നു ലക്ഷ്യമെങ്കിലും, ആ പുസ്തകങ്ങളിൽ ശാസ്ത്രലേഖനങ്ങളും ശാസ്ത്രകാരന്മാരുടെ ജീവചരിത്രവും ഉൾക്കൊള്ളിക്കാൻ കമ്മിറ്റി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ബുക്ക് കമ്മിറ്റി പ്രസിദ്ധീകരണങ്ങൾ വിദ്യാർഥികളിൽ മാത്രമല്ല, ഒരു വിഭാഗം അധ്യാപകരിലും രക്ഷാകർത്താക്കളിലും ശാസ്ത്രബോധം വളർത്താൻ സഹായിച്ചു. ഭാഷാപോഷിണി മാസികയുടെ ആദ്യ ലക്കത്തിലെ ആദ്യ ലേഖനം വൈദ്യത്തെപ്പറ്റിയായിരുന്നു. രസതന്ത്രം, ബ്രഹ്മാണ്ഡം, നക്ഷത്രങ്ങൾ തുടങ്ങി പല സയൻസ് പ്രമേയങ്ങളും ഭാഷാപോഷിണി കൈകാര്യം ചെയ്തിരുന്നു. കൃഷി, വൈദ്യം, സാമ്പത്തികശാസ്ത്രം തുടങ്ങിയ വൈജ്ഞാനികശാഖകൾ വളർന്നുവന്നു. ശാസ്ത്രത്തിന്റെ ഓരോ വിഭാഗത്തിനും പ്രത്യേകമായ ആനുകാലികങ്ങൾ ആവശ്യമാണെന്നും വന്നു. ഭാഷാപോഷിണിയും മറ്റ് ആനുകാലികങ്ങളും ശാസ്ത്രലേഖനങ്ങൾക്കു നൽകിയ പ്രാധാന്യം വായനക്കാരിൽ നല്ല പ്രതികരണമുണ്ടാക്കി.

### വിവർത്തനം

പാശ്ചാത്യസാഹിത്യം എന്നാൽ ഇംഗ്ലീഷ് സാഹിത്യമാണ് എന്ന് കരുതിപ്പോന്ന കാലത്ത് ഫ്രഞ്ചുസാഹിത്യത്തിലെ മികച്ച നേട്ടങ്ങളെ മലയാളികൾക്ക് പരിചയപ്പെടുത്തിയ വ്യക്തിയാണ് കേസരി. ആധുനികയൂറോപ്യൻമാതൃകകളെ അദ്ദേഹം വിവർത്തനത്തിലൂടെ മലയാളികൾക്ക് പരിചയപ്പെടുത്തി. മോപ്പസാങ്ങ്, ഇബ്സൻ എന്നിവരുടെ എഴുത്തുകാരുടെ കൃതികളും അദ്ദേഹം വിവർത്തനം ചെയ്തു. മലയാളസാഹിത്യത്തിനെയും മലയാളിമനസിനെയും വിശ്വസാഹിത്യത്തോട് അടുപ്പിക്കുക എന്ന ലക്ഷ്യം നിർവഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കേസരിയുടെ കാലത്തും തുടർന്നും കവിതയിലും നല്ല വിവർത്തനങ്ങൾ ഉണ്ടായി. പ്രമുഖകവികൾ തന്നെ കാവ്യവിവർത്തനരംഗത്തു സജീവമായി പ്രവർത്തിച്ചു. നാലപ്പാട്ടു നാരായണമേനോൻ പൗരസ്ത്യദീപമെന്ന പേരിൽ എഡ്വിൻ ആർനോൾഡിന്റെ 'Light of Asia' വിവർത്തനം ചെയ്തു. ഒമർ ഖയ്യാമിന്റെ റുബായിയാത്തിന് പ്രമുഖ കവികളുടെ ഒന്നിലധികം വിവർത്തനങ്ങൾ ഉണ്ടായി. നാടക വിവർത്തനത്തിൽ കാതലായ സംഭാവനകൾ നൽകിയ സാഹിത്യകാരനാണ് സി. ജെ. തോമസ്. ഈഡിപ്പസ്, ആന്റിഗണി, ഭൂതം, കീടജന്മം തുടങ്ങിയവയാണ് നാടകവിവർത്തനങ്ങൾ, യൂറോപ്യൻ ക്ലാസിക്ക് നാടകങ്ങളെ മലയാളിക്ക് പരിചയപ്പെടുത്തി കൊടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. നോവലിൽ മാതൃകാപരമായ വിവർത്തനം നടത്തിയത് എൻ. കെ. ദാമോദരനാണ്. അദ്ദേഹത്തിന്റെ ദസ്തയോവിസ്കിയുടെ വിവർത്തനങ്ങൾ ഇതിന് ഉദാഹരണമാണ്. ചുരുക്കത്തിൽ വിവർത്തനമെന്നാൽ കൃത്യമായ മൊഴിമാറ്റം എന്നു നിസംശയം കരുതിയിരുന്ന ഒരു കാലഘട്ടത്തിൽനിന്ന് ഇന്നെത്തുമ്പോൾ ഒരുപാട് മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളതായി കാണാവുന്നതാണ്.

### പത്രപ്രവർത്തനം

ക്രിസ്ത്യൻ മിഷണറിമാർ മതപ്രചാരണത്തിന് വേണ്ടിയാണ് ആദ്യം പത്രപ്രവർത്തനത്തിന് തുടക്കമിട്ടതെങ്കിലും അത് സാമൂഹ്യരാഷ്ട്രീയരംഗത്തെ ചലനാത്മകമാക്കുന്ന ആയുധമായി മാറാൻ ദശാബ്ദങ്ങൾ വേണ്ടിവന്നു. 1847-ൽ, അതായത് ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് എതിരെ ആദ്യത്തെ സ്വാതന്ത്ര്യസമരം നടന്നതിന് 100 വർഷംമുമ്പാണ് ഹെർമൻ ഗുണ്ടർട്ട് ആദ്യമായി കേരളത്തിൽ രാജ്യസമാചാരം എന്ന മാസിക തുടങ്ങിയത്. എന്നാൽ മതപ്രചാരണത്തിൽനിന്നും വ്യത്യസ്തമായി എല്ലാ വിഭാഗം ആളുകൾക്കുംവേണ്ടി പശ്ചിമോദയം എന്ന മാസികകൂടി പിന്നീട് പ്രസിദ്ധീകരിച്ചു. വർഷങ്ങൾ കഴിഞ്ഞപ്പോൾ 1848-ൽ തിരുവിതാംകൂറിലെ കോട്ടയം സി എം എസ് പ്രസിൽനിന്നും ജ്ഞാനനിക്ഷേപം എന്ന മൂന്നാമത്തെ പത്രം ഇറങ്ങി. മതവും വി

ജ്ഞാനവും സമന്വയിച്ചുകൊണ്ടുള്ള മാസികയായിരുന്നു അത്. നാട്ടുവാർത്തകളും സർക്കാർ അറിയിപ്പുകളും പ്രസിദ്ധീകരിച്ച ആദ്യമാസികയായിരുന്നു ഇത്. കോട്ടയം സി. എം. എസ് കോളേജിന്റെ വകയായി 1867-ൽ പ്രസിദ്ധീകരിച്ച വിദ്യാസംഗ്രഹം ആണ് കൂടുതൽ ലോകവാർത്തകൾ മലയാളത്തിലെത്തിച്ച ആദ്യമാസിക. 1870-ൽ കൊച്ചിയിൽനിന്നും കേരളപാത എന്ന പത്രം തുടങ്ങി. ഗാന്ധിജി ഉപ്പുനിയമം ലംഘിച്ച 1930 ഏപ്രിൽ 6 ന് ആണ് മാതൃഭൂമി ദിനപത്രമായത്. സ്വാതന്ത്ര്യസമരകാലത്ത് കൊച്ചിയിലും തിരുവിതാംകൂറിലും നിരവധി പത്രങ്ങൾ നിലച്ചുപോയി. മലയാള പത്രപ്രവർത്തനം വളരെ ശക്തമാണിന്ന്. പല അഴിമതികളും സാമൂഹ്യപ്രശ്നങ്ങളും ഉയർത്തിക്കൊണ്ടുവരുന്നത് പത്രങ്ങളാണ്.

**എസ്. ടി. റെഡ്യാർ**

എസ്. ടി. റെഡ്യാർ പുസ്തകപ്രസാധനരംഗത്തേക്ക് കടന്നുവന്ന് ഇരുപത്തിയേഴുവർഷം പിന്നിട്ടപ്പോൾതന്നെ നിരവധി പ്രാചീനങ്ങളും നവീനങ്ങളുമായ പുസ്തകങ്ങൾ അദ്ദേഹം പ്രസാധനം ചെയ്തു. എസ്. ടി. റെഡ്യാർ കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾക്ക് എഴുതിയ മുഖവുര (1912) മലയാളപുസ്തക പ്രസാധനരംഗത്തെ ഒരു ചരിത്രരേഖയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അച്ചടിഭാഷയുടെ മുഖചിത്രം സമൃദ്ധമായി വരയ്ക്കാൻ ഈ മുഖവുരയിൽ റെഡ്യാർക്കു കഴിഞ്ഞിട്ടുണ്ട്. താൻ പ്രസാധനരംഗത്ത് എത്തുന്ന ഘട്ടത്തിലെ പുസ്തകപരിസ്ഥിതിയും തന്റെ സംരംഭങ്ങൾക്കുശേഷം മലയാളപുസ്തകപ്രസാധന രംഗം ദർശിച്ച മാറ്റങ്ങളും റെഡ്യാർ അപഗ്രഥിക്കുന്നു. എസ്. ടി. റെഡ്യാർ അദ്ദേഹത്തിന്റെ ജീവിതം മുഴുവനും, ഭാഷാഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുന്നതിനും മലയാള അച്ചടി അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണ് വിനിയോഗിച്ചത്. തന്റെ എല്ലാ ആഗ്രഹങ്ങളും പ്രവൃത്തിയിൽ കൊണ്ടുവരാൻ കഴിഞ്ഞിരുന്നില്ല എന്നത് അദ്ദേഹം വളരെ ദുഃഖത്തോടെ വെളിപ്പെടുത്തുന്നു. റെഡ്യാർ പല പണ്ഡിതൻമാരുമായി ബന്ധം പുലർത്തിയിരുന്നു. സാധാരണജനങ്ങളെ വായനയിലേക്ക് നയിക്കാൻ റെഡ്യാർക്ക് കഴിഞ്ഞു. എഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും ഉൾപ്പെടെയുള്ളവരുടെ കൃതികൾ അച്ചടിരൂപത്തിൽ ഉത്സവപ്പറമ്പിലും അങ്ങാടിയിലും കുറഞ്ഞവിലയ്ക്കു വിറ്റുകൊണ്ട് റെഡ്യാർ അതിനെ സാമാന്യജനങ്ങൾക്ക് പ്രാപ്യമാക്കി. അദ്ദേഹം തന്റെ ജീവിതത്തിന്റെ മുഴുവൻസമയവും ഭാഷാഗ്രന്ഥങ്ങൾ പ്രചരിപ്പിക്കാൻ ഉപയോഗിച്ചു. എസ്. ടി. റെഡ്യാർ കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾക്ക് എഴുതിയ അവതാരിക (1912) മലയാളപുസ്തക പ്രകാശനരംഗത്തെ ഒരു ചരിത്രരേഖയാണ്.

## Assignments

1. മലയാളത്തിലെ ശാസ്ത്രസാഹിത്യ മേഖലയെക്കുറിച്ച് കുറിപ്പെഴുതുക
2. ശാസ്ത്രമാസികയുടെ രംഗപ്രവേശനം മലയാളസാഹിത്യത്തെ എങ്ങനെ സഹായിച്ചു. വിലയിരുത്തുക.
3. ബുക്കു കമ്മിറ്റിയുടെ പ്രസിദ്ധീകരണങ്ങൾ ശാസ്ത്രപഠനത്തെ എങ്ങനെ സ്വാധീനിച്ചു. ചർച്ചചെയ്യുക
4. മലയാളഭാഷയുടെ വളർച്ചയിൽ ശാസ്ത്രപഠനത്തിന്റെ പങ്ക്.
5. ആദ്യകാല ശാസ്ത്രമാസികകളെക്കുറിച്ച് കുറിപ്പെഴുതുക.
6. മലയാളപത്രപ്രവർത്തനരംഗത്ത് കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ സംഭാവനകൾ വിലയിരുത്തുക.

SGOU

7. മതപ്രചാരണാർത്ഥം കേരളത്തിലെത്തിയ മിഷണറിമാർ പത്രപ്രവർത്തനത്തിൽ വഹിച്ച പങ്കെന്ത്.
8. മലയാളസാഹിത്യത്തിന്റെ വളർച്ചക്ക് ഉപന്യാസസാഹിത്യം എങ്ങനെയെല്ലാം സഹായിച്ചെന്ന് വിശദീകരിക്കുക.
9. കുഞ്ചൻനമ്പ്യാരുടെ തുള്ളൽകഥകൾ സാധാരണക്കാരിൽ എത്തിക്കുന്നതിൽ റെഡ്യാർ വഹിച്ചപങ്ക് വിശദമാക്കുക.
10. തുള്ളൽപ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക.

## Suggested Readings


1. ഡി. സി. കിഴക്കേമുറി, അച്ചടിയും പുസ്തക പ്രസിദ്ധീകരണവും, മലയാള പത്രചരിത്രം, സത്യനാദം ശതാബ്ദി സ്മാരകം, കൊച്ചി.
2. ജി. പ്രിയദർശൻ, മലയാള പത്രപ്രവർത്തനം, പ്രാരംഭ സ്വരൂപം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. എം. എൻ. വിജയൻ (എഡി.), നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.


## References


1. പുതുപ്പള്ളി രാഘവൻ, മലയാള പത്രപ്രവർത്തനചരിത്രം, ഡി. സി. ബുക്സ്, കോട്ടയം
2. കേസരി ബാലകൃഷ്ണൻ, കേസരിയുടെ മുഖപ്രസംഗങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം
3. പി.ഭാസ്കരനുണ്ണി, പത്തൊൻപതാംനൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. ജി. പ്രിയദർശനൻ (സമ്പാ:) കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ മുഖപ്രസംഗങ്ങൾ, മനോരമ പബ്ലിക്കേഷൻസ്, കോട്ടയം.


SGOU

# 2. ചങ്ങമ്പുഴ കൃഷ്ണപിള്ള (കൈരളിയുടെ കഥ)

**എൻ. കൃഷ്ണപിള്ള**

## Learning Outcomes

- ജീവചരിത്രത്തിന്റെ ചരിത്രം അറിയുന്നു
- ലോകസാഹിത്യത്തിലെ പ്രധാനപ്പെട്ട ജീവചരിത്രങ്ങളെക്കുറിച്ചറിയുന്നു
- മലയാളത്തിലെ ജീവചരിത്രങ്ങളെക്കുറിച്ച് അപഗ്രഥിക്കുന്നു
- എൻ. കൃഷ്ണപിള്ളയുടെ സാഹിത്യസംഭാവനകൾ വിലയിരുത്തുന്നു
- ചങ്ങമ്പുഴയുടെ കാവ്യസപര്യ അപഗ്രഥിക്കുന്നു
- ചങ്ങമ്പുഴയുടെ ജീവിതരേഖ വിലയിരുത്തുന്നു

## Background

**ജീവചരിത്രം**

ഒരു വ്യക്തിയെക്കുറിച്ച് മറ്റൊരാൾ നടത്തുന്ന ജീവിതകഥാഖ്യാനമാണ് ജീവചരിത്രം. ഒരാളുടെ ജീവിതകാലത്തെയും ജീവിതസംഭവങ്ങളെയും പുസ്തകരൂപത്തിലോ ഉപന്യാസരൂപത്തിലോ എഴുതി പ്രസിദ്ധീകരിക്കുകയാണ് ഇതിന്റെ സ്വഭാവം. ഇത് ചെറിയ തോതിലുള്ള വിശദീകരണമല്ല, മറിച്ച് വ്യക്തിത്വത്തെ വരച്ചുകാട്ടുന്ന ജീവിതാനുഭവങ്ങൾ ഉൾപ്പെടുത്തി എഴുതുന്നതാണ്. എന്നാൽ കെട്ടുകഥകളോ, കല്പിത കഥാപാത്രങ്ങളോ ഇതിൽ ഉണ്ടായിരിക്കുകയില്ല. ഒരാൾ സ്വന്തം ജീവചരിത്രം എഴുതിയാൽ അതിനെ ആത്മകഥ എന്നു പറയുന്നു. എന്നാൽ ജീവചരിത്രത്തിൽ ഒരാൾ മറ്റൊരാളുടെ ജീവിതവൃത്താന്തമാണു വിവരിക്കുന്നത്. ജീവചരിത്രം ചരിത്രത്തോടു ഗാഢമായ ബന്ധം പുലർത്തുന്നു. ആദ്യകാലങ്ങളിൽ ചരിത്രം തന്നെ സമുന്നതരായവ്യക്തികളുടെ ജീവിതകഥയോടു ഘടിപ്പിച്ചാണു എഴുതിവന്നിട്ടുള്ളത്. ഇതിഹാസങ്ങളുടെയും ചരിത്രവിവരണങ്ങളുടെയും അംശങ്ങളെന്ന നിലവിട്ട് ജീവചരിത്രം അതിന്റേതായ പ്രത്യേക രൂപം പ്രാപിച്ചത് ചൈനയിലാണ്. ഏതാണ്ട് രണ്ടായിരം വർഷത്തെ പഴക്കമുണ്ട് ചൈനീസ് ചരിത്രരചനയ്ക്കും, ജീവചരിത്ര രചനയ്ക്കും. ഗ്രീക്കുഭാഷയിൽ പ്ലൂട്ടാർക്കാണു (എ.ഡി. 46-120) ലക്ഷണമൊത്ത ജീവചരിത്രങ്ങൾ ആദ്യം എഴുതിയത്. അദ്ദേഹം ഗ്രീസിലും റോമിലും ജീവിച്ചിരുന്ന 50 പ്രശസ്തവ്യക്തികളുടെ ജീവചരിത്രങ്ങൾ എഴുതി. ഇംഗ്ലീഷിൽ ഏഴാംനൂറ്റാണ്ടോടുകൂടിയാണു ജീവചരിത്രശാഖയുടെ വളർച്ച ആരംഭിച്ചത്. വിശുദ്ധവ്യക്തികളുടെ ചരിതങ്ങളാണു ഇതിനു വഴിതെളിച്ചത്. 18-ാം നൂറ്റാണ്ടിൽ ലഘുജീവചരിത്രസമ്പ്രദായവും ആരംഭിച്ചു. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് എഡ്മണ്ട് ഗോസ്സിന്റെ 'അച്ഛനും മകനും' എഴുതപ്പെട്ടത്. 1918-ൽ ലിറ്റൻ സ്ട്രാച്ചിയുടെ എമിനെന്റ് വിക്ടോറിയൻസ് എന്ന ഗ്രന്ഥം ലോകജീവചരിത്രസാഹിത്യത്തിൽ ഒരു വഴിത്തിരിവായി.

ഇന്ത്യയിലെ ജീവചരിത്രസാഹിത്യം സംസ്കൃതസാഹിത്യത്തിലാണ് ആദ്യമുണ്ടായതെന്നു കണക്കാക്കപ്പെടുന്നു. ബാണഭട്ടന്റെ ഹർഷചരിതം സംസ്കൃതത്തിലാണു രചിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പാശ്ചാത്യജീവചരിത്രങ്ങളുടെ മാതൃക ഇരുപതാംനൂറ്റാണ്ടോടുകൂടി മാത്രമേ ഇന്ത്യ

യിലെഴുതപ്പെട്ടു തുടങ്ങിയുള്ളൂ. ആന്ധ്രക്കാരനും സംസ്കൃതപണ്ഡിതനുമായ കാശി കൃഷ്ണാചാര്യ വാല്മീകിയുടെ ജീവിതചരിത്രത്തെ ആസ്പദമാക്കി ഒരു ലളിതഗ്രന്ഥം 1957-ൽ രചിക്കുകയുണ്ടായി. ഇതു സംസ്കൃതത്തിലായിരുന്നു. ശ്രീനഗറിൽ ഏതാനും കാശ്മീരി സിദ്ധന്മാരുടെ ചരിത്രങ്ങളും പ്രസിദ്ധീകൃതമായി. ചെന്നൈയിൽ (മദിരാശി) പി. പഞ്ചാപകേശശാസ്ത്രി, ശ്രീരാമകൃഷ്ണപരമഹംസന്റെ ജീവചരിത്രം (1937) പ്രസിദ്ധീകരിച്ചു. ബാംഗ്ലൂരിലെ കെ. എസ്. നാഗരാജൻ വിവേകാനന്ദചരിതമെഴുതി അമൃതവാണിയിൽ പ്രസിദ്ധീകരിച്ചു. മലയാളത്തിൽ ജീവചരിത്രത്തിന്റെ തുടക്കത്തെപറ്റി വിരുദ്ധാഭിപ്രായങ്ങളാണുള്ളത്. തിരുവനന്തപുരത്ത് നീലകണ്ഠശാസ്ത്രി യേശുക്രിസ്തുവിന്റെ ചരിത്രമെഴുതി. തിരുവിതാംകൂറിലെ വിശാഖം തിരുനാൾ മഹാരാജാവിനെ ആസ്പദമാക്കി കേരളവർമ്മ വലിയകോയിത്തമ്പുരാൻ എഴുതിയതാണു വിശാഖവിജയം മഹാകാവ്യം. ഇതു പദ്യരൂപത്തിലായിരുന്നു. വടക്കൻപാട്ടുകളിലും മറ്റും തച്ചോളി ഒതേനൻ, ആരോമൽ ചേകവർ മുതലായവരുടെ വീരഅപദാനങ്ങൾ വർണിച്ചിരുന്നുവെങ്കിലും ഇതൊന്നും ജീവചരിത്രസങ്കല്പത്തിലുള്ള കൃതികളായിരുന്നില്ല. 1875ൽ വൈക്കത്തു പാച്ചുമൂത്തതിന്റെ ജീവിതകഥയും 1880-ൽ വിശാഖം തിരുനാൾ മഹാരാജാവ് ഇംഗ്ലീഷിലെഴുതിയ ആത്മകഥസംഗ്രഹവും ഈ ഗണത്തിൽപ്പെടുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ' (1911), സാഹിത്യപഞ്ചാനന്റെ 'സ്മരണമണ്ഡലം' (1938), ഇ. വി. കൃഷ്ണപിള്ളയുടെ 'ജീവിതസ്മരണ'കൾ (1938,1949) സി. ശങ്കരൻനായരുടെ ആത്മകഥ (1945) തുടങ്ങിയവ ആദ്യകാലജീവിതചരിത്രകഥകളിൽപ്പെടും. 20-ാം നൂറ്റാണ്ടിൽ ആംഗലസാഹിത്യവുമായി അടുത്ത് മലയാളജീവചരിത്രശാഖ വിപുലമായി.

**എൻ. കൃഷ്ണപിള്ള**

സാഹിത്യപണ്ഡിതൻ, ഗവേഷകൻ, നാടകകൃത്ത്, അധ്യാപകൻ എന്നീ നിലകളിൽ പ്രശസ്തനായ വ്യക്തി. 1916-ൽ വർക്കലക്കടുത്തുള്ള ചെമ്മരുതിയിൽ ജനിച്ചു. കേരള ഇബ്സൻ എന്ന പേരിൽ അറിയപ്പെടുന്നു. വിദ്യാഭ്യാസം തിരുവനന്തപുരം ആർട്സ് കോളേജിൽ. 'കേരളസംസ്കാരത്തിലെ ആര്യാംശം' എന്ന വിഷയത്തിൽ തിരുവിതാംകൂർ സർവകലാശാലയിൽ ഗവേഷണം നടത്തി. കേരള സാഹിത്യ അക്കാദമിയുടെ ഏറ്റവും നല്ല നാടകത്തിനുള്ള അവാർഡ് 1958-ൽ 'അഴിമുഖത്തേക്ക്' എന്ന നാടകത്തിന് ലഭിച്ചു. 1972-ൽ 'തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ'ക്ക് ഓടക്കുഴൽ അവാർഡ് ലഭിച്ചു.1987-ലെ സാഹിത്യ അക്കാദമി അവാർഡ് 'പ്രതിപാത്രം ഭാഷണഭേദം'എന്ന ഗ്രന്ഥത്തിനാണ് ലഭിച്ചത്. ഈ കൃതി സി. വി. രാമൻപിള്ളയുടെ നോവലുകളിലെ കഥാപാത്രങ്ങളുടെ സംഭാഷണശൈലിയെപ്പറ്റിയുള്ള ഒരാധികാരികമായ പഠനമാണ്. അദ്ദേഹത്തിന്റെ സാഹിത്യചരിത്രഗ്രന്ഥമാണ് 'കൈരളിയുടെ കഥ'. ആ ഗ്രന്ഥത്തിലെ ചങ്ങമ്പുഴയുടെ ജീവചരിത്രമാണ് പാഠ്യഭാഗം.

**ചങ്ങമ്പുഴ കൃഷ്ണപിള്ള**

മലയാളസാഹിത്യചരിത്രം പ്രതിപാദിക്കുന്ന പ്രധാനപ്പെട്ട ഗ്രന്ഥങ്ങളിലൊന്നാണ് കൈരളിയുടെ കഥ. മലയാളസാഹിത്യത്തിന്റെയും ഭാഷയുടെയും ഉല്പത്തിമുതൽ സമകാലീന അവസ്ഥവരെ ഇരുപത് നൂറ്റാണ്ടുകളിലായി പരന്നുകിടക്കുന്ന ചരിത്രമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം. മറ്റു സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളിൽനിന്നും തികച്ചും വ്യത്യസ്തത പുലർത്തുന്ന കൃതിയാണിത്. മലയാള കാവ്യലോകത്തിൽ ഒരു പുതുയുഗത്തിന് തുടക്കം കുറിച്ച കവിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള. മലയാള സാഹിത്യം സമ്മാനിച്ച കാല്പനികകവികളിൽ പ്രമുഖനാണ് അദ്ദേഹം. തന്റെ കവിതകളുടെ മാസ്മരികപ്രഭാവത്താൽ ആസ്വാദകമനസ്സുകളിൽ ഒരു സിംഹാസനം തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. പ്രകൃതിയുടെ സകലഭംഗിയും തന്റെ കവിതകളിൽ ആവാഹിച്ച കവി. മലയാള കാവ്യസാഹിത്യത്തിൽ പുതുവസന്തം തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. യുവമനസ്സുകളെ തരളിതമാക്കിയ സ്വപ്നങ്ങളും വികാരങ്ങളും സങ്കല്പങ്ങളുമെല്ലാം ആ കവിമനസ്സിന്റെ സവിശേഷതകളാണ്.

# Keywords

ജീവചരിത്രം-നിർവചനങ്ങൾ-പ്രശസ്ത വ്യക്തികൾ-എൻ. കൃഷ്ണപിള്ള-കൈരളിയുടെ കഥ -ചങ്ങമ്പുഴ-ഇടപ്പള്ളി കവികൾ

# Discussion

## 2.3.2 ജീവചരിത്രം

ജീവചരിത്രവും ആത്മകഥയും വ്യക്തി ഉൾക്കൊണ്ട കാലഘട്ടത്തിന്റെ ചരിത്രമാണ്. രണ്ടിലും ജീവിതകഥയാണുള്ളത്. സ്വയം ചിത്രീകരിക്കാത്തത് ആത്മകഥയും മറ്റൊരാളുടെ ജീവിതമെഴുതുന്നത് ജീവചരിത്രവും. 1870 കളിലാണ് ഇവ മലയാളഭാഷയിൽ പ്രത്യക്ഷമാകുന്നത്. ആദ്യത്തെ ആത്മകഥയായി വിശ്വസിച്ചുപോരുന്നത് അപ്പത്തടീരിയുടെയും വെള്ളയുടെയും ആത്മകഥാവിവരണങ്ങളാണ്. 1875ൽ വൈക്കത്തു പാച്ചുമൂത്തതിന്റെ ജീവിതകഥയും 1880-ൽ വിശാഖം തിരുനാൾ മഹാരാജാവ് ഇംഗ്ലീഷിലെഴുതിയ ആത്മകഥസംഗ്രഹവും ഈ ഗണത്തിൽപ്പെടുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ' (1911), സാഹിത്യപഞ്ചാനനന്റെ 'സ്മരണമണ്ഡലം' (1938), ഇ. വി. കൃഷ്ണപിള്ളയുടെ 'ജീവിതസ്മരണ'കൾ (1938,1949) സി. ശങ്കരൻനായരുടെ ആത്മകഥ (1945) തുടങ്ങിയവ ആദ്യകാല ജീവിതകഥകളിൽപ്പെടും. നെഹ്റുവിന്റെ ആത്മകഥ 1940-ലും ടാഗോറിന്റെ ആത്മകഥ 1947-ലും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിരുന്നു.

▶ ആദ്യകാല ആത്മകഥകൾ

1895 ലാണ് ആധുനികരീതിയിലുള്ള ഒരു ജീവചരിത്രസംഗ്രഹം മലയാളത്തിന് ലഭിച്ചത്. 'മഹച്ചരിത സംഗ്രഹം' എന്ന പേരിലറിയപ്പെട്ട ഈ സഞ്ചികയിൽ ലോകത്തിലെ പല ഭാഗങ്ങളിലും ജനിച്ചുവളർന്ന 107 മഹാന്മാരുടെ ലഘുജീവചരിത്രങ്ങളാണുള്ളത്. ഭരണനിപുണനായ വിശാഖം തിരുനാളാണ് ഈ സഞ്ചിക പ്രസിദ്ധീകരിക്കാനുള്ള പ്രേരണ നൽകിയത്. കേരളവർമ്മയും മറ്റു ചിലരും ചേർന്നാണ് ഇതിന്റെ രചന നിർവഹിച്ചത്. ഇത് കുട്ടികൾക്കായി ഒരു സഞ്ചികയായി പ്രസിദ്ധീകരിക്കണമെന്നായിരുന്നു വിശാഖം തിരുനാളിന്റെ നിർദ്ദേശം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിൽ ഇരുപത്തിയാറ് ജീവചരിത്രഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയതായി പറയപ്പെടുന്നു. പ്രധാനപ്പെട്ട രണ്ടു ഗ്രന്ഥങ്ങളാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള 1912-ൽ രചിച്ച കാൾ മാർക്സിന്റെ ലഘുജീവചരിത്രവും, രാമകൃഷ്ണപിള്ളയെക്കുറിച്ച് സഹധർമ്മിണി ബി. കല്യാണിയമ്മ 1916-ൽ എഴുതിയ വ്യാഴവട്ട സ്മരണകളും. ഇന്ത്യൻ ഭാഷകളിൽ മലയാളത്തിലാണ് കാൾ മാർക്സിനെപ്പറ്റി ഒരു പുസ്തകം ആദ്യമായി പ്രസിദ്ധീകരിച്ചത്. കല്യാണിയമ്മയുടെ വ്യാഴവട്ടസ്മരണകൾക്ക് സ്മരണകൾ എന്ന പേരുണ്ടെങ്കിലും അത് ലക്ഷണമൊത്തൊരു ജീവചരിത്രഗ്രന്ഥമാണ്. ഇത്രയേറെ പ്രചാരം നേടിയ ഒരു ജീവിതരേഖ മലയാളത്തിൽ വിരളമാണെന്നു തന്നെ പറയാം. സുന്ദരമായ ഈ ജീവിതചിത്രീകരണത്തിൽ തീക്ഷ്ണവികാരത്തിന്റെ പ്രവാഹമാണ് നാം കാണുന്നതെന്ന് കെ. എം. ജോർജ്ജ് നിരീക്ഷി

ക്കുന്നു. (ജീവചരിത്ര സാഹിത്യം). മയ്യനാട് കെ. ദാമോദരൻ 1929-ൽ പ്രസിദ്ധീകരിച്ച 'ശ്രീനാരായണഗുരുസ്വാമികൾ' ജീവചരിത്രഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഗുരുവിനെക്കുറിച്ച് മലയാളത്തിൽ വന്ന ആദ്യപുസ്തകം എന്ന സവിശേഷതകൂടി ഇതിനുണ്ട്. ഗുരുവിന്റെ ജീവചരിത്രത്തെക്കുറിച്ചും ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന മഹത്വാക്യത്തെക്കുറിച്ചും, സി. വി. കുഞ്ഞുരാമനുമായി നടത്തിയ സംഭാഷണത്തെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നു.

▶ വ്യാഴവട്ടസ്മരണകൾക്ക് സ്മരണകൾ എന്ന പേരും ഉണ്ട്

ഒരു മലയാളി മറ്റൊരു മലയാളിയെക്കുറിച്ചെഴുതിയ ആദ്യ ജീവചരിത്രമായി കരുതുന്നത് പി. എൻ. നാരായണപിള്ളയുടെ 'ചിത്രമെഴുത്തു കോയിത്തമ്പുരാൻ' (1913) ആണ്. പി. കെ. പരമേശ്വരൻ നായർ, കണ്ടത്തിൽ വർഗീസ് മാപ്പിള, മഹാകവി കെ. പി. കേശവപിള്ള, എ. ഡി. ഹരിശർമ്മ, പി. അനന്തൻപിള്ള, കെ. സുരേന്ദ്രൻ, വി. ഉണ്ണികൃഷ്ണൻ നായർ, മാടശ്ശേരി, എം. ഭാഗിരഥിയമ്മത്തമ്പുരാൻ, ഇ. എം. ജെ. വെണ്ണിയൂർ, ടി. എം. ചുമ്മാർ, കെ. പി. ശങ്കരമേനോൻ, പ്രൊഫ. പി. ജി. പുരുഷോത്തമൻ പിള്ള, മൂർക്കോത്തു കുഞ്ഞപ്പ, കെ. പി. എസ്. മോനോൻ, പവനൻ, ഡോ. കെ. ടി. രാമവർമ്മ, കെ. പി. നാരായണപ്പിഷാരടി ഇങ്ങനെ നിരവധി പ്രതിഭാധനരായ എഴുത്തുകാർ ഈ രംഗത്ത് പിന്നീട് ചുവടുറപ്പിച്ചു. മലയാളത്തിൽ വളരെ സമ്പന്നമാണ് ജീവചരിത്രം/ആത്മകഥ/തൂലികാചിത്രസാഹിത്യം. പാരമ്പര്യത്തിന്റെ കരുത്ത് പകർന്നെടുത്ത് പുതുതലമുറയും ഈ ശാഖയിൽ ശോഭിക്കുന്നു. മഹാത്മഗാന്ധി, ജവഹർലാൽ നെഹ്റു, രവീന്ദ്രനാഥ ടാഗോർ, സരോജിനി നായിഡു, സ്വാമി വിവേകാനന്ദൻ തുടങ്ങിയവരെക്കുറിച്ചുള്ള അനേകം ഗ്രന്ഥങ്ങൾ മലയാളത്തിൽ വന്നത് ഇംഗ്ലീഷിൽനിന്നാണ്. എബ്രഹാം ലിങ്കൺ, ജോർജ് വാഷിംഗ്ടൺ, മാർട്ടിൻ ലൂതർകിങ് തുടങ്ങിയ മഹാപുരുഷന്മാരെക്കുറിച്ചും മതനേതാക്കളെക്കുറിച്ചുമൊക്കെ മലയാളി അറിഞ്ഞത് ഇംഗ്ലീഷിലൂടെയാണ്. മലയാളത്തിലെ മറ്റു സാഹിത്യശാഖകളെപ്പോലെ ജീവചരിത്രസാഹിത്യവും ഇംഗ്ലീഷ് സാഹിത്യത്തോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. മലയാളജീവചരിത്രശാഖയിൽ ഗണ്യമായ പങ്കുവഹിച്ച സൃഷ്ടികളാണ് തോമസ് പോളിന്റെ 'ഭാഷാ പ്രണയികൾ' (1932), ആ കാലഘട്ടത്തിലെ പ്രമുഖരായ പലരുടേയും ജീവചരിത്രം തയ്യാറാക്കിയിരിക്കുന്നത് എ. ഡി. ഹരിശർമ്മയാണ്.

▶ ഭാഷാപ്രണയികൾ ജീവചരിത്ര ശാഖയിൽ ഗണ്യമായ പങ്കുവഹിച്ചു

'കേരള ഭാഷാപ്രണയികൾ' എന്ന ശീർഷകത്തിൽ തോമസ് പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത് കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കോയിപ്പിള്ളിൽ പരമേശ്വരൻ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, എ. ഡി. ഹരിശർമ്മ, പന്തളം കേരളവർമ്മത്തമ്പുരാൻ, ഒ. ചന്തുമേനോൻ, മൂർക്കോത്തു കുമാരൻ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, വി. സി. ബാലകൃഷ്ണപ്പണിക്കർ, കുമാരനാശാൻ, കുന്നത്ത് ജനാർദ്ദനമേനോൻ, ഉണ്ണായി വാര്യർ എന്നിവരെയാണ്-മലയാളത്തിലെ ജീവചരിത്രസാഹിത്യം ഒരു പ്രസ്ഥാനമെന്ന നില കൈവരിച്ചത് പി. കെ. പരമേശ്വരൻ നായരുടെ 'സാഹിത്യപഞ്ചാനനൻ' എന്ന കൃതിയുടെ പ്രകാശനത്തോടുകൂടിയാണെന്ന് അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെടുന്നു (പി. കെ. പരമേശ്വരൻ നായരും ജീവചരിത്ര സാഹിത്യവും). ഈ കൃതിയുടെ ആദ്യപതിപ്പും രണ്ടാം പതിപ്പും തമ്മിൽ വലിയ വ്യത്യാസമുണ്ട് എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഈ വ്യത്യാസം പരമേശ്വരൻ നായരുടെ രചനാസ



SGOU

മ്പ്രദായത്തിൽ വന്ന മാറ്റത്തെകൂടി പ്രതിഫലിപ്പിക്കുന്നു എന്ന അയ്യപ്പ പ്പണിക്കരുടെ അഭിപ്രായം ഏറെ സ്വീകാര്യമാണ്. നെപ്പോളിയനും ജോസഫൈനും, വോൾട്ടയർ, സാഹിത്യപഞ്ചാനനൻ, സി. വി. രാമൻ പിള്ള, മഹാത്മാഗാന്ധി, കേരളവർമ്മ വലിയകോയിത്തമ്പുരാൻ എന്നിവ യാണ് പി. കെ. പരമേശ്വരൻ നായരുടെ ജീവചരിത്രഗ്രന്ഥങ്ങൾ. 1937-ൽ പ്രസിദ്ധീകരിച്ച രണ്ടു സാഹിത്യനായകന്മാർ അദ്ദേഹത്തിന്റെ ഏറ്റവും മനോഹരമായ രചനകളാണ്. എം. ആർ. ബാലകൃഷ്ണന്റെ കേരളവർമ്മ ദേവൻ (1940) പുത്തേഴത്ത് രാമൻ മേനോൻ എഴുതിയ ശക്തൻ തമ്പുരാൻ, കെ. എം. ജോർജിന്റെ കൊച്ചൂണ് എന്നിവയെല്ലാംതന്നെ മലയാള ജീവ ചരിത്രസാഹിത്യത്തിനു ലഭിച്ച വിലപ്പെട്ട സംഭാവനകളാണ്.

▶ ആംഗലസാഹിത്യവുമായി ചേർന്ന് മലയാളജീവചരിത്ര ശാഖ വിപുലമായി

സ്വാതന്ത്ര്യാനന്തരം ജീവചരിത്രങ്ങളും ആത്മകഥകളും ധാരാളമു ണ്ടായി. സർദാർ കെ.എം. പണിക്കരുടെ ആത്മകഥയുടെ നാലുഭാഗങ്ങൾ 1952-54 കാലത്തു പ്രസിദ്ധീകരിച്ചു. സി. കേശവന്റെ 'ജീവിതസമരം' (1945), മന്നത്തുപത്മനാഭന്റെ 'എന്റെ ജീവിതസ്മരണകൾ' (1957), കെ.പി. കേശവമേനോന്റെ 'കഴിഞ്ഞകാലം' (1958) സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതരുടെ 'ഒരു നടന്റെ ആത്മകഥ' (1964), ഇ. എം. എസ്സിന്റെ 'ആത്മ കഥ' (1969), എ. കെ. ഗോപാലന്റെ 'എന്റെ ജീവിതകഥ' (1972), ചെറുകാടി ന്റെ 'ജീവിതപ്പാത' (1974), ഫാദർ ജോസഫ് വടക്കന്റെ 'എന്റെ കുതിപ്പും കിതപ്പും' (1974), പി. കുഞ്ഞിരാമൻ നായരുടെ 'കവിയുടെ കാൽപ്പാടുകൾ' (1975), തിക്കോടിയന്റെ 'അരങ്ങു കാണാത്ത നടൻ' (1991) തുടങ്ങി ശ്രദ്ധേയ മായ അനവധി ജീവിതകഥകളുടെ സാന്നിധ്യംകൊണ്ട് നമ്മുടെ ആത്മ കഥ-ജീവചരിത്രസാഹിത്യം സമ്പന്നമാക്കി. ഇന്ന് മലയാളത്തിൽ വള രെ സജീവമായ ജീവചരിത്ര/ആത്മകഥാസാഹിത്യം ഇരുപത്തൊന്നാം നൂറ്റാണ്ടോടുകൂടിയാണ് ഒരു സാഹിത്യശാഖ എന്ന നിലയിൽ വളർന്നു വന്നത്. വലിയ കോയിത്തമ്പുരാൻ 107 ജീവചരിത്രങ്ങൾ ഉൾക്കൊള്ളുന്ന മഹത്ചരിതസംഗ്രഹം 1895-ൽ പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷിൽനിന്ന് പരി ഭാഷപ്പെടുത്തിയതാണിത്.

▶ സ്വാതന്ത്ര്യാനന്തരം ജീവചരിത്രങ്ങളും ആത്മകഥകളും അനവധി ഉണ്ടായി

## വിശദ പഠനം

## ചങ്ങമ്പുഴ കൃഷ്ണപിള്ള (കൈരളിയുടെ കഥയിൽ നിന്ന് ഒരു ഭാഗം)

### എൻ. കൃഷ്ണപിള്ള

മലയാളത്തിലെ ഏറ്റവും ശ്രദ്ധേയമായ സാഹിത്യചരിത്രഗ്രന്ഥമാ ണ് എൻ. കൃഷ്ണപിള്ളയുടെ 'കൈരളിയുടെ കഥ'. മലയാളത്തിന്റെ ഓർഫ്യൂസായ ചങ്ങമ്പുഴയെക്കുറിച്ചുള്ള ഒരു ജീവചരിത്രലേഖനമാണി വിടെ പാഠ്യഭാഗം. മലയാളകാവ്യസാഹിത്യത്തിൽ പുതുവസന്തം തീർ ക്കാൻ ചങ്ങമ്പുഴയ്ക്ക് കഴിഞ്ഞു. യുവമനസുകളെ തരളിതമാക്കിയ സ്വ പ്നങ്ങളും വികാരങ്ങളും സങ്കല്പങ്ങളുമെല്ലാം ആ കവി മനസിന്റെ സവിശേഷതകളാണ്. സ്വന്തം ഹൃദയഭാവങ്ങൾക്ക് ആവിഷ്കരണം നൽകിയ ചങ്ങമ്പുഴ ഒരു കാലഘട്ടത്തിന്റെയും ഒരു തലമുറയുടെയും പ്രതിനിധികൂടിയാണ്. അതിനു കാരണം അദ്ദേഹം ഒരു രചനാപ്രസ്ഥാ നത്തെയും അനുകരിക്കുന്നില്ല, ഒരു ചിന്താഗതിക്കും അടിപ്പെടുന്നില്ല. അദ്ദേഹത്തിന്റെ കവിതകളിൽ ദർശിക്കാൻ കഴിയുന്നത് ഒരു പ്രത്യേക കാലഘട്ടത്തിന്റെ സ്വപ്നങ്ങളും തേങ്ങലുകളും പ്രതിഷേധങ്ങളും മാ

SGOU

ത്രമാണ്. യാതൊന്നിനോടും പ്രത്യേക മമതയോ സ്നേഹമോ ഇല്ല. സാഹചര്യങ്ങൾക്കനുസരിച്ച് ഓരോ സമയത്ത് തോന്നുന്നത് പച്ചയായി പറയുന്ന യഥാർത്ഥ മനുഷ്യൻ, അതാണ് നാം ചങ്ങമ്പുഴയിൽ കാണുന്നത്. ഒരിക്കൽ എതിർത്തതിനെ പിന്നീട് ആശ്ലേഷിക്കുന്നു. പച്ചയായ ജീവിതയഥാർത്ഥ്യങ്ങൾ തന്റെ കവിതയിലൂടെ ആവിഷ്കരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇതാണ് മറ്റു കവികളിൽനിന്നും ചങ്ങമ്പുഴയെ വ്യത്യസ്തനാക്കുന്നത്. ഒരിക്കൽ എതിർത്തത് പിന്നീട് ശരിയെന്നു തോന്നിയാൽ യാതൊരു സങ്കോചവും കൂടാതെ മാറ്റിപ്പറയാൻ മടിയില്ല. സ്വന്തം ഹൃദയത്തിൽനിന്ന് നിർഗമിക്കുന്ന നഗ്നസത്യങ്ങൾ യാതൊരു മടിയും കൂടാതെ വിളിച്ചുപറയാൻ ചങ്ങമ്പുഴയെപ്പോലെ മറ്റൊരു കവിയും മലയാളത്തിലില്ല. സ്വപ്നങ്ങൾക്കും തേങ്ങലുകൾക്കും ചങ്ങമ്പുഴ കവിതയിലുള്ള പ്രാമുഖ്യം ഒന്നുവേറെത്തന്നെയാണ്. അദ്ദേഹത്തിന്റെ ശൈലി തികച്ചും ജനകീയമാണ് അതാണ് ചങ്ങമ്പുഴയുടെ കവിതകൾക്ക് അത്രയേറെ പ്രചാരം ലഭിച്ചത്. ഒരു കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ കവിതയിലെ വരികൾ വലുപ്പചെറുപ്പമില്ലാതെ ജനഹൃദയങ്ങൾ ഏറ്റെടുത്തു. അവ വായ്പ്പാട്ടുകളായി പ്രകൃതിയിൽ മറ്റൊലികൊണ്ടു എന്നതും ശ്രദ്ധേയമാണ്.

- മലയാള കാവ്യസാഹിത്യത്തിൽ പുതുവസന്തം തീർത്ത കവി

പലതരത്തിലുള്ള വൈരുധ്യങ്ങളുടെയും വൈവിധ്യങ്ങളുടെയും വസ്തുതകളുടെയും സംഭവങ്ങളുടെയും അവസാനമില്ലാത്ത ജീവിതയാത്രക്കിടയിൽ തന്റെ ജീവിതത്തെക്കുറിച്ചുതന്നെ കവിക്ക് സമഗ്രവും വ്യവസ്ഥാപിതവുമായ ബോധം ഉണ്ടായിരുന്നില്ല. തന്റെ കാവ്യങ്ങളുടെ മന്ത്രികശക്തി കൊണ്ടല്ല ചങ്ങമ്പുഴ മറ്റ് കവികളിൽനിന്ന് വ്യത്യസ്തനാകുന്നത്. മറിച്ച് പ്രതിപാദ്യവിഷയത്തിന്റെ പ്രത്യേകത, കവിതയുടെ സ്വഭാവം, അതിന്റെ സാരംശം എന്നിവയിലെല്ലാം അദ്ദേഹം മറ്റുള്ളവരിൽനിന്ന് അകന്നുനിൽക്കുന്നു. വികാരത്തിന്റെ താൽക്കാലികാവസ്ഥകളെ ഭാവനാത്മകഗാനങ്ങളിലൂടെ ചിത്രീകരിക്കുവാൻ കവിക്ക് അസാധാരണ കഴിവുണ്ടായിരുന്നു. മാറിമാറിവരുന്ന വികാരങ്ങളുടെ, ക്ഷണികാവസ്ഥകളുടെ കവി എന്ന രീതിയിലാണ് അദ്ദേഹം കൂടുതലും ആദരിക്കപ്പെടുന്നത്. സഹൃദയഹൃദയങ്ങളിൽ സ്പന്ദനം സൃഷ്ടിക്കുന്നതിനു വേണ്ടി ഒരു പ്രത്യേക കണികയിൽ സമസ്തചൈതന്യവും ചെന്ന് തറയ്ക്കുമ്പോൾ അവിടെനിന്നും നിർഗളിക്കുന്ന സുന്ദരമായ ആവിഷ്കാരത്തിന്റെ പ്രതിഫലനമാണ് കവിത. അതുകൊണ്ടാണ് കവിത മനുഷ്യഹൃദയങ്ങളിൽ ചലനങ്ങൾ സൃഷ്ടിക്കുന്നത്. നമ്മുടെ മുൻവിധികൾ മാരുതന്റെ തഴുകലിൽ അലിഞ്ഞില്ലാതാകുന്നു. എന്നാൽ കാലത്തിന്റെ പ്രയാണത്തിനിടയിൽ ആ കവിതയുടെ, കവിയുടെ ആശ്ലേഷത്തിൽനിന്ന് നാം വിമുക്തരാകുന്നു. അപ്പോൾ നമ്മുടെ ഹൃദയം ഹരിച്ച കവി അസ്ഥിരനെന്നും ധർമ്മബോധമില്ലാത്തവനെന്നും ചപലനെന്നുമൊക്കെ നാം വിധി എഴുതുന്നു. ഇതാണ് ചങ്ങമ്പുഴക്കവിതയും കാവ്യാസ്വാദകരും തമ്മിലുള്ള ബന്ധം. മലയാള കാവ്യചരിത്രത്തിലെ അൽഭുതപ്രതിഭാസമാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള. ഒരു കാലഘട്ടത്തിന്റെ ഭാവുകത്വത്തെ തന്നെ മാന്ത്രികമായി മാറ്റി എടുത്ത കവിയാണദ്ദേഹം. നാടൻപാട്ടുകളുടെ ഈണവും താളവും മലയാളത്തിലാവാഹിച്ചുകൊണ്ട് കവിതയെ ജനകീയമാക്കിയ കവിയാണ് ചങ്ങമ്പുഴകൃഷ്ണപിള്ള. ലാളിത്യവും ഭാഷാസാരള്യവും ഗാനാത്മകതയുമാണ് ചങ്ങമ്പുഴയുടെ കവിതകളുടെ മുഖമുദ്ര. ചങ്ങമ്പുഴക്കവിത സാർവത്രികവും സാർവകാലികവുമായ

SGOU

> ▶ ഒരു കാലഘട്ട ത്തിന്റെ ഭാവുക ത്വത്തെ മാന്ത്രിക മായി മാറ്റിയ കവി

കാവ്യാനുഭവമാണ്. അത് കാലാതിവർത്തിയായി കാവ്യാസ്വാദക മനസു കളെ ഇന്നും വശീകരിക്കുന്നു. ഒരു കാലഘട്ടത്തിന്റെ ആത്മാവ് ഇന്നും അതിൽ തുടിച്ചു നിൽക്കുന്നു. ക്ഷണികതയും നിത്യതയും ഒന്നുചേർന്ന് നിൽക്കുന്നതു കൊണ്ടാണ് കവിതകൾ അനുവാചകഹൃദയത്തെ ഇത്ര മേൽ സ്വാധീനിക്കുന്നത്.

ഏതു പരിസ്ഥിതിയിലും പ്രതികരണമുളവാക്കാൻ അദ്ദേഹത്തിന് കഴിയുന്നു. രൂപങ്ങളും ശബ്ദങ്ങളും വികാരത്തിന്റെ ക്ഷണികാവസ്ഥക ളായിരുന്നു. ആർദ്രത, സന്തോഷം, വേദന, നിരാശ, അഭിലാഷം എന്നിവ യിൽ കവിക്കുണ്ടാകുന്ന വ്യത്യസ്തഭാവങ്ങൾ, ഇത് ഒരു മലയാളകവിയി ലും ദൃശ്യമാകുക സാധ്യമല്ല. ഒരു നിർദ്ധനകുടുംബത്തിലെ അംഗമായി ജനിച്ച ചങ്ങമ്പുഴക്ക് ജീവിതയാത്രയിൽ പല പ്രയാസങ്ങളും അനുഭവി ക്കേണ്ടി വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ബാല്യകാലവിദ്യാഭ്യാസം വളരെ ക്ലേശകരമായിരുന്നു. അധികാരവും പുച്ഛവും അനാദരവും ഹീനകൃത്യ ങ്ങളും നൈരാശ്യവും അപമാനവും സ്ഥാനവലിപ്പത്തിന്റെ വിലങ്ങുക ളും കാണാനും മനസ്സിലാക്കാനും കഴിയാത്ത ബാല്യകാലത്തും ചില കാര്യങ്ങളൊക്കെയും മനസ്സിലാക്കാൻ കഴിയുന്ന കൗമാരവും വ്യക്തമാ യി മനസ്സിലാക്കാൻ കഴിയുന്ന യൗവ്വനവും അദ്ദേഹത്തിന്റേത്. അക്കാ ലത്ത് മറ്റുള്ളവരോട് തോന്നുന്ന ആത്മബന്ധങ്ങളും ആ ബന്ധത്തിനു ണ്ടാകുന്ന തകർച്ചയും ഭൗതികസുഖങ്ങൾക്കുവേണ്ടിയുള്ള പാച്ചിലും ആ പാച്ചിലിൽ ഓരോന്നും നേടിയെടുക്കാൻ സ്വീകരിക്കുന്ന മാർഗവും നമ്മുടെ ബലഹീനത മുതലെടുക്കുന്ന വ്യക്തിത്വങ്ങളും സ്ഥാപനങ്ങളും യാഥാസ്ഥിതികരായ സാഹിത്യകാരന്മാരുടെ പരിഹാസവുമൊക്കെയാ ണ് ചങ്ങമ്പുഴയുടെ മനസ്സിൽകൂടി കടന്നുപൊയ്ക്കൊണ്ടിരുന്നത് അ വയോടുള്ള പ്രതികരണമാണ് കവി മനസ്സിലുണ്ടായ ശോകവും ദൈന്യ തയും ദേഷ്യവും വിരക്തിയും പരിഹാസവും അമർഷവും ഒക്കെയായി പ്രത്യക്ഷപ്പെട്ടത്. ചങ്ങമ്പുഴയ്ക്ക് പ്രേമം, ശരീരവും ആത്മാവും ഒത്തു ചേർന്നിണങ്ങിയിട്ടുള്ള സമഗ്രമായ ജീവിതശില്പത്തിനു നിതാന്തശോ ണിമ കലർന്ന ഒരനുഭൂതിയാണ്. ചങ്ങമ്പുഴക്കവിതകളുടെ പ്രത്യേകത, അവയിൽ സ്വപ്നലോകത്തിന്റെ സൗന്ദര്യവും യഥാർത്ഥലോകത്തിന്റെ ചൈതന്യവും സമ്മേളിച്ചിരിക്കുന്നു എന്നതാണ്. അതുകൊണ്ടാണ് ചങ്ങമ്പുഴക്കവിതകൾ യുവജനഹൃദയങ്ങളെ ഇത്രമേൽ ആകർഷിച്ചത്. ചങ്ങമ്പുഴക്കവിതകളുടെ സ്ഥായീഭാവം ശോകമാണ്. അഴകിന്റെ തുവെ ള്ളിക്കിണ്ണമെല്ലാം അഴക് നിറഞ്ഞവയായിരുന്നു. ഇടപ്പള്ളി രാഘവൻപിള ളയെപ്പോലെ ചങ്ങമ്പുഴയ്ക്കും അത് സുന്ദരവും അതിൽ നിറഞ്ഞ ദു:ഖം പ്രേമത്തി ന്റേതുമായിരുന്നു. ആ പ്രേമമാകട്ടെ വെൺമണികവികളുടെ മനോഭാവമോ കുമാരനാശാന്റെ ആദർശാത്മകതയോ ആത്മഐക്യമോ മറ്റു ചിലർ പറയുന്ന സ്ത്രീ പുരുഷബന്ധമോ ആയിരുന്നില്ല. വിശ്വപ്രേ മത്തിന്റെ അവതാരകനായിരുന്നു ചങ്ങമ്പുഴ. സ്നേഹത്തിൽ നിറഞ്ഞ വിഷാദമാധുര്യമാണ് ചങ്ങമ്പുഴക്കവിതകളുടെ മുഖമുദ്ര. പ്രകൃതിസൗ ന്ദര്യത്തിന്റെ ആരാധകനായിരുന്നു ചങ്ങമ്പുഴ. തന്റെ ആദ്യകാലകവിത കളായ ബാഷ്പാഞ്ജലി, രമണൻ, ഹേമന്തചന്ദ്രിക എന്നിവയിലെല്ലാം പ്രകൃതിയുടെ സുന്ദരമായ നിരവധി ചിത്രങ്ങൾ അദ്ദേഹം വരച്ചിട്ടുണ്ട്.

> ▶ പ്രകൃതി സൗന്ദ ര്യത്തിന്റെ ആരാ ധകനായിരുന്നു ചങ്ങമ്പുഴ

മലയാളകാവ്യലോകത്ത് പ്രണയത്തിന്റെ പൂമഴ പെയ്യിച്ച കവിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള. പ്രേമത്തിന്റെ വ്യാമോഹവും ആനന്ദവും,

വേദനയും പീഡനവും വിലാപവും, സ്വപ്നങ്ങളും നെടുവീർപ്പുകളും തീവ്രത ഒട്ടും കുറയാതെ അദ്ദേഹത്തിന്റെ കവിതകളിൽ കാണാം. പ്രണയത്തിന്റെ അന്ധതയും വഞ്ചനയും അതുണ്ടാക്കുന്ന വിഭ്രാന്തിയും പ്രേമം വിരിയിക്കുന്ന പൂന്തോട്ടവും എല്ലാം കവിതകളിലൂടെ ആവിഷ്കരിച്ചുകൊണ്ട് എല്ലാ മലയാളമനസുകളെയും അദ്ദേഹം കാവ്യലോകത്തേക്കാനയിച്ചു. രമണനിൽ ഗൃഹാതരത്വമുണർത്തുന്ന ഗ്രാമീണസൗന്ദര്യവർണനയിൽ ചാലിച്ച് ഒരു സാധാരണക്കാരന്റെ പ്രേമഭംഗത്തിന്റെ വേദനയും ദുരന്തവുമാണ് ആവിഷ്കരിച്ചിരിക്കുന്നത്. വിഷാദമാധുര്യം ചങ്ങമ്പുഴ കവിതകളുടെ പ്രത്യേകതകളാണ്. അനുരാഗത്തിന്റെ നിരാസവും വിരഹവേദനയും ഉപേക്ഷിക്കപ്പെട്ട കാമുകരുടെ വിലാപവും പ്രണയത്താൽ വഞ്ചിക്കപ്പെട്ടവരുടെ മോഹഭംഗങ്ങളും അപരാധിയുടെ പശ്ചാത്താപവും നഷ്ടസ്വപ്നങ്ങളുമായി കഴിയേണ്ടിവരുന്നവരുടെ രോദനങ്ങളും എല്ലാം തന്റെ കവിതകളിലൂടെ യുക്തിഭദ്രമായി ആവിഷ്കരിക്കാൻ കവിക്ക് കഴിഞ്ഞു എന്നിടത്താണ് ചങ്ങമ്പുഴ എന്ന വ്യക്തിയുടെ വിജയം നമുക്ക് കാണാൻ കഴിയുന്നത്. ജീവിതത്തെ നിത്യസുന്ദരമായ സ്നേഹത്താൽ നിസ്തുലമാക്കണം എന്ന പക്ഷക്കാരനായിരുന്നു ചങ്ങമ്പുഴ. അദ്ദേഹം തികച്ചും ഒരു സൗന്ദര്യാരാധകനായിരുന്നു. ഒരു പുഷ്പത്തിൽനിന്ന് മറ്റൊന്നിലേക്ക് പാഞ്ഞെത്തി തേൻ നുകർന്ന് വണ്ടിനെപ്പോലെ സ്ത്രീകളിൽ അദ്ദേഹം ആകൃഷ്ടനായിരുന്നുവെന്ന് ചിലരെങ്കിലും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ആദർശപരമായ സ്നേഹമാണ് ചങ്ങമ്പുഴയിലുണ്ടായിരുന്നത്. ചങ്ങമ്പുഴയുടെ മനസ്വിനി എന്ന കവിതയിൽ തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട നായിക അദ്ദേഹത്തിന്റെ സങ്കല്പത്തിലുള്ള സൗന്ദര്യലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയ സുന്ദരിയായിരുന്നു. അവളുടെ സ്നേഹത്തിൽ കവി മതിമറന്നു. പെട്ടെന്നാണ് നായികയ്ക്ക് വസൂരിരോഗം പിടിപെട്ട് അവർ അന്ധയും ബധിരയും വിരൂപിയുമായത്. എങ്കിലും അവൾ ചൊരിഞ്ഞുകൊണ്ടിരുന്ന സ്നേഹം നായകനെ വികാരാവേശനാക്കി. ഉദാത്തസ്നേഹത്തിന്റെ ദിവ്യാനുഭൂതി എന്തെന്ന് നായകൻ മനസ്സിലാക്കുന്നു. മാംസനിബദ്ധമല്ലാത്ത രാഗമെന്ന തത്വമാണ് ഇവിടെ കവി അവതരിപ്പിക്കുന്നത്. ആ സ്നേഹത്തിന്റെ പാരമ്യം കവിയിൽ അദ്വൈതചിന്ത ഉണർത്തുന്നു. ജീവാത്മവും പരമാത്മാവും ലയിക്കുന്നതുപോലെ അദ്വൈതാമലഭാവസ്പന്ദിത വിദ്യുൻമേഖല പൂകി ഞാൻ എന്ന അനുഭൂതിയാണ് കവിക്കുണ്ടാകുന്നത്. രൂപശില്പത്തിൽ ഏറെ ശ്രദ്ധിച്ചിരുന്ന ചങ്ങമ്പുഴ അദ്ദേഹത്തിനുശേഷവും അതിനു മുമ്പുള്ള കവികൾക്ക് ഒരു വെല്ലുവിളി തന്നെയായിരുന്നു. ബോധപൂർവം കലാശില്പം സംവിധാനം ചെയ്യുന്ന കവിയല്ല അദ്ദേഹം. തന്റെ ഉള്ളിലുള്ള വിചാരവികാരങ്ങൾ വായനക്കാരന്റെ മനസ്സിലേക്ക് സന്നിവേശിപ്പിക്കാൻ മാത്രമാണദ്ദേഹം ശ്രദ്ധിച്ചിരുന്നത്. വാക്കുകളുടെ സൂക്ഷ്മാർത്ഥങ്ങളിലേക്ക് കടക്കാത്ത, ഇടയ്ക്കിടക്ക് അർഥഭേദം വരുത്താതെ പദങ്ങൾ ആവർത്തിക്കുന്ന തനിക്ക് പ്രിയപ്പെട്ടതും തന്നോടടുത്തതുമായ ശൈലിയും കല്പനകളും പല കുറി ആവർത്തിക്കുന്ന കവിക്ക് പെട്ടെന്ന് അർഥ ചിത്രങ്ങൾ സമർപ്പിക്കാൻ അന്യാദൃശ്യമായ കഴിവുണ്ടായിരുന്നു. അംഗാംഗി പൊരുത്തം, രചനാസമഗ്രികളിൽ നിയന്ത്രണം, വ്യംഗ്യമര്യാദ എന്നിവ പാലിക്കാൻ അദ്ദേഹത്തിന് പ്രയാസമില്ല. പലതരത്തിലുള്ള വികാരവിചാരങ്ങൾ വായനക്കാരന്റെ മനസിലേക്ക് ആവാഹിക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധിച്ചിരുന്നത്.

▶ ആദർശപരമായ സ്നേഹമാണ് ചങ്ങമ്പുഴയിലുണ്ടായിരുന്നത്

SGOU

തന്റെ ഉള്ളിലുള്ള വികാരങ്ങൾ കവിതകളിലൂടെ അദ്ദേഹം വായനക്കരിലേക്ക് സന്നിവേശിപ്പിച്ചു. മനുഷ്യഹൃദയങ്ങളിലേക്കിറങ്ങിച്ചെന്ന കവി തന്റെ കവിതകളിൽ തെങ്ങിൻതോപ്പുകളും മരതകപ്പച്ചയും പുല്ലാങ്കുഴലും ലോലമായ നീലഅളകങ്ങളും മാനസവീണയും രാക്കുയിലും ഇളങ്കാറ്റും മഞ്ജീരശിഞ്ജിതവും വസന്തഭംഗിയും പ്രയോഗിച്ചു. അദ്ദേഹത്തിന്റെ ഭാഷാശൈലി മധുരസുന്ദരമാണ്. തന്റെ പല കവിതകളിലും അദ്ദേഹം ഗദ്യശൈലിയാണ് പ്രയോഗിച്ചിരിക്കുന്നതെങ്കിലും പാടാൻ തുടങ്ങിയ എവിടെനിന്നോ വന്നുചേർന്ന ശോഭാവിസ്മയംപോലെ ആ വാക്യങ്ങൾ അലങ്കരിക്കപ്പെടുന്നു. ഒറ്റവായനയിൽത്തന്നെ വായനക്കാരുടെ മനസ്സിനെ ആനന്ദത്തിലാറാടിക്കാനും അർഥഗ്രഹണം സാധ്യമാക്കാനും കഴിയുന്നവയാണ് ചങ്ങമ്പുഴക്കവിതകൾ. കല്പനകളും കാവ്യസാങ്കേതങ്ങളും വാരിക്കോരി ചൊരിയുമ്പോഴും അവയെല്ലാം കേരളീയർക്ക് ചിരപരിചിതമാണെന്നതും ശ്രദ്ധേയമാണ്. ഷെല്ലി, കീറ്റ്സ്, വാൾട്ട് വീറ്റ്മാൻ, പോൾ വെർലെയിൻ എന്നിവരിൽനിന്നും പ്രചോദനമുൾക്കൊണ്ടാണ് ചങ്ങമ്പുഴ കാവ്യരംഗത്തേക്കു കടന്നുവന്നത്. വിദേശകല്പനകൾ മലയാളികൾക്ക് സുപരിചിതമാക്കി അദൃശ്യവും അമൂർത്തവുമായ വസ്തുക്കൾക്ക് ജീവൻ നൽകുകയും മൂർത്തവും ദൃശ്യവുമായ വസ്തുക്കളോട് ഉപമിക്കുകയും ചെയ്യുന്ന നിരവധി സന്ദർഭങ്ങൾ ചങ്ങമ്പുഴക്കവിതകളിൽ കാണാം. തികച്ചും തന്റേതായ വ്യക്തിത്വവും, കാവ്യപ്രപഞ്ചവും സൃഷ്ടിച്ചുകൊണ്ടാണ് ചങ്ങമ്പുഴ മലയാളസാഹിത്യത്തിലേക്ക് കടന്നുവന്നത്. എഴുത്തച്ഛന്റെ വരികളും ആശാന്റെ കാവ്യഭാഗങ്ങളും നമുക്ക് അർഥഗ്രാഹ്യമുണ്ടാകുന്നതുപോലെ ചങ്ങമ്പുഴക്കവിതകളും നമുക്ക് മനസിലാക്കാൻ കഴിയുന്നു. അദ്ദേഹത്തിന്റെ കവിതകൾ നമുക്ക് അനുകരിക്കാൻ തോന്നുമെങ്കിലും അതിനു കഴിയാത്തവയാണ്. ചങ്ങമ്പുഴയുടെ സംഗീതത്തിന് മാസ്മരികശക്തിയുണ്ട്. അത് പാടാത്തവരെപ്പോലും പാടിക്കുന്നു. മാവേലിയും ഓമനക്കുട്ടനും, തിരുവാതിരയും കുറിഞ്ഞിയും കല്യാണി കളവാണിയും മധുരമൊഴിയും, കാകളിയും പാനയും കേകയുമെല്ലാം അതാതിന്റെ സൗന്ദര്യത്താൽ കേരളീയരുടെ മുന്നിലെത്തുന്നു. ആ സൗന്ദര്യം അല്പനേരം മനസ്സിൽ തങ്ങി പിന്നീട് എങ്ങോ മറയുന്നു. അത് കാവ്യത്തിന് ആകർഷകമാണെങ്കിൽ അത് ചങ്ങമ്പുഴക്കവിതകളിലുടനീളം കാണാം.

- ▶ ചങ്ങമ്പുഴയുടെ സംഗീതത്തിന് മാസ്മരിക ശക്തിയുണ്ട്

ഒരേ ഞെട്ടിൽ വിടർന്ന രണ്ടു പൂക്കളാണ് ഇടപ്പള്ളിയും ചങ്ങമ്പുഴയും. ക്ഷണികമായ ഒരു മിന്നൽപ്പിണർപോലെ വന്ന് കാലയവനികയ്ക്കുളളിൽ മറഞ്ഞ മണിമുഴക്കത്തിന്റെ കവിയാണ് ഇടപ്പള്ളിരാഘവൻപിള്ള. പൂർണശോഭയോടെ വിരിയാതെപോയ പൂവ്. ജീവിതാനുഭവങ്ങളുടെ തീച്ചൂളയിൽ വെന്തുരുകി തന്റെ കവിതകളിലൂടെ ശോഭയും, മധുരവും, ഗന്ധവും, പ്രസരിപ്പും പ്രകാശിപ്പിച്ച കവി. വീണ്ടും അല്പനാൾ കൂടി ജീവിച്ച് ചങ്ങമ്പുഴയും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. തന്റെ ഇരുപത്തിയേഴാമത്തെ വയസിൽ അന്തരിച്ചു. എന്നാൽ ചങ്ങമ്പുഴ മുപ്പത്തിനാലാമത്തെ വയസിലാണ് ജീവിതത്തോട് വിടപറഞ്ഞത്. 1936-ൽ ഇടപ്പള്ളി പ്രേമനൈരാശ്യം മൂലം ആത്മഹത്യ ചെയ്തു. 1948-ൽ ചങ്ങമ്പുഴയും അരങ്ങൊഴിഞ്ഞു. ഇവർ രണ്ടുപേരും ജീവിതദു:ഖങ്ങളിൽപെട്ട് ഉഴറി. സമാനജീവിതസാഹചര്യങ്ങളിലൂടെയാണ് രണ്ടുപേരും കടന്നുപോയത്. തങ്ങളുടെ ചുറ്റിലും വേദനയും ചൂഷണവും കാപട്യവും നീതികേടുമൊക്കെയാണിവർ കണ്ടത്. പ്രേമത്തിന്റെ ആവേശവും തുടർ

SGOU

ന്നുള്ള നൈരാശ്യവും ഇരുവരും ഒരുപോലെ അനുഭവിച്ചു. ചങ്ങമ്പുഴക്കവിതകളെ അപേക്ഷിച്ച് രാഘവൻപിള്ളയുടെ കാവ്യസരണി കൂടുതൽ വിഷാദാത്മകമായിരുന്നു. പ്രായോഗികബുദ്ധിയും സഹനശേഷിയും കുറഞ്ഞ ഇടപ്പള്ളി പല സന്ദർഭങ്ങളിലും വികാരവിക്ഷുബ്ധനായിരുന്നു. കാരിരുമ്പേറ്റു വ്രണിതമായ തന്റെ ആത്മാവിന് മോചനം ലഭിക്കുന്നതിനുവേണ്ടി അദ്ദേഹം മരണത്തെപ്പറ്റി തന്റെ അവസാനകവിതയായ മണിമുഴക്കത്തിൽ പ്രതിപാദിക്കുന്നു. അത് മരണദിനത്തിന്റെ മണിമുഴക്കമായി പര്യവസാനിച്ചു. ആ മരണത്തിനു കാരണക്കാരായ സമൂഹികബന്ധത്തോടുള്ള വെല്ലുവിളിയായും താൻ സോദരനെപ്പോലെ സ്നേഹിച്ചിരുന്ന ഇടപ്പള്ളിയുടെ സ്മരണയായുമാണ് ചങ്ങമ്പുഴ രമണൻ എന്ന കവിത രചിച്ചത്. മലയാളകവിതയിൽ ഒരു നവഭാവുകത്വത്തിന് തുടക്കം കുറിച്ചവരാണ് ഇടപ്പള്ളിക്കവികൾ. ചില ദ്രാവിഡവൃത്തങ്ങൾ ചങ്ങമ്പുഴ പുന:സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ കവിതകളിലൂടെ വാരിവിതറിയ അനുഭൂതിയും ഭാഷാശൈലിയും പദഘടനയും പ്രേമഗാനങ്ങളോടുള്ള അടങ്ങാത്ത അഭിവാഞ്ഛയും ആബാലവൃദ്ധം ജനങ്ങളെയും സ്വാധീനിച്ചു. ജീവിതത്തിലെ ചെറിയ അഭാവങ്ങൾപോലും താങ്ങാനുള്ള കരുത്ത് മറ്റ് കവികളെപ്പോലെ ഇടപ്പള്ളിക്കവികൾക്ക് ഉണ്ടായിരുന്നില്ല. ചങ്ങമ്പുഴ എഴുതിത്തുടങ്ങിയ കാലംമുതൽ അദ്ദേഹത്തെ അനുകരിക്കാത്തവരായി ആരുമില്ല. ചങ്ങമ്പുഴക്കവിതകളുടെ രൂപവും ഭാവവും പദഘടനയും ഭാഷാശൈലിയും കല്പനകളും പല മലയാളകവികളിലും നമുക്ക് ദർശിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ മലയാളകാവ്യസരണിയിൽ ഒരു ശുക്രനക്ഷത്രമായി ഉദിച്ചുയർന്ന കവിസാർവഭൗമനാണ് ചങ്ങമ്പുഴ കൃഷ്ണപിള്ളയെന്ന് നിസംശയം പറയാം.

- ഒരേ ഞെട്ടിൽ വിടർന്ന രണ്ടു പൂക്കളാണ് ചങ്ങമ്പുഴയും ഇടപ്പള്ളിയും

## Summarised Overview

ഒരു ജീവചരിത്രകൃതി കാലാതിവർത്തിയാകണമെങ്കിൽ അതിലെ കഥാപുരുഷൻ ഏതെങ്കിലും തരത്തിൽ അസാധാരണക്കാരനായിരിക്കണം. അത്തരമൊരു വ്യക്തിയുടെ ജീവിതമാകുന്ന അസംസ്കൃതവസ്തുവിനെ സമകാലികസമൂഹവുമായി ബന്ധപ്പെടുത്തി സംസ്കരിച്ചെടുത്ത് കഥാപരമായി രേഖപ്പെടുത്തിയിട്ടുള്ളതാണ് ഉത്തമജീവചരിത്രങ്ങൾ. ഇതിന്റെ രചന നടത്തേണ്ടത് ആ വ്യക്തിയെക്കുറിച്ചുണ്ടായിട്ടുള്ള പഠനങ്ങൾ, ഡയറിക്കുറിപ്പുകൾ. ഔദ്യോഗികജീവിതരേഖകൾ, ചിത്രങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിലായിരിക്കണം. അതിന് ചരിത്രത്തോടോ നോവലിനോടോ ബന്ധം തോന്നുമെങ്കിലും ഇത് അതിൽ നിന്നെല്ലാം വ്യത്യസ്തമാണ്. നിഷ്പക്ഷവും സത്യസന്ധവുമായ ആവിഷ്കരണത്തിലൂടെ മാത്രമേ ലക്ഷണമൊത്ത ജീവചരിത്രം സൃഷ്ടിക്കാൻ കഴിയുകയുള്ളു. സ്വിസ് ഭാഷയിലാണ് ലോകഭാഷയിലാദ്യമായി ഒരു ജീവചരിത്ര വിജ്ഞാനകോശം ഉണ്ടായത്. ഈ സാഹിത്യശാഖയെ ബോയോഗ്രഫി എന്നു വിശേഷിപ്പിച്ചത് ഡ്രൈഡനാണ്. ഇംഗ്ലീഷ് ഭാഷയിലൂടെയാണ് ജീവചരിത്ര സാഹിത്യത്തിന് അനുക്രമമായൊരു വികാസചരിത്രം ഉണ്ടാകുന്നത്. എ.ഡി.690 മുതൽക്കേ ഇത് ആരംഭിച്ചുവെങ്കിലും 'ഇംഗ്ലണ്ടിന്റെ ചരിത്രം' എന്ന ഗ്രന്ഥം രചിച്ചതോടെയാണ് ജീവചരിത്രശാഖ വികാസം പ്രാപിച്ചുതുടങ്ങിയത്. 19-ാം നൂറ്റാണ്ടിൽ മികച്ച ജീവചരിത്രരചനകൾ ഉണ്ടായിട്ടുണ്ട്. ഡോ.സാമുവേൽ ജോൺസന്റെയും ജെയിംസ് ബോസ്വലിന്റെയും കൃതികൾ. ജീവചരിത്രസാഹിത്യം അവിർഭവിച്ചത് ചൈനയിലാണ്. ചെമ്പോലകളിലോ ശിലാഫലകങ്ങളിലോ രേഖപ്പെടുത്തിയ അഭിജാതരുടെ വീരാപദാനങ്ങളാണ് ജീവചരിത്രത്തിന്റെ ആദ്യമാതൃകകൾ. യവനഭാഷയിൽ പ്ലൂട്ടർക്കാണ് ജീവചരിത്രരചനയ്ക്ക് തുടക്കംകുറിച്ചത്. പതിനേഴാംശതകം മുതലാണ് ഇതൊരു പ്രത്യേകസാ

ഹിത്യശാഖയായിത്തീർന്നത്. ഇന്ന് പൂർണജീവചരിത്രങ്ങൾക്കു പുറമെ തൂലികാചിത്രജീവചരിത്രങ്ങൾ, വിജ്ഞാനകോശങ്ങൾ തുടങ്ങിയ രൂപങ്ങളിലുള്ള ആവിഷ്കാരങ്ങൾ ഉൾക്കൊള്ളുന്ന സമ്പന്നമായൊരു സാഹിത്യധാരയായി ജീവചരിത്രം മാറിയിട്ടുണ്ട്.

മലയാളത്തിലെ ജീവചരിത്രസാഹിത്യം ഒരു പ്രസ്ഥാനമെന്ന നില കൈവരിച്ചത് പി. കെ. പരമേശ്വരൻ നായരുടെ സാഹിത്യപഞ്ചാനൻ എന്ന കൃതിയുടെ പ്രകാശനത്തോടുകൂടിയാണെന്ന് അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെടുന്നു (പി. കെ. പരമേശ്വരൻ നായരും ജീവചരിത്രസാഹിത്യവും) പല പ്രമുഖരുടെയും ജീവചരിത്രക്കുറിപ്പുകൾ മലയാളജീവചരിത്രസാഹിത്യത്തിനു ലഭിച്ച വിലപ്പെട്ട സംഭാവനകളാണ്. ആംഗലസാഹിത്യവുമായുള്ള അടുപ്പമാണ് മലയാളജീവചരിത്രശാഖ വിപുലമാക്കിയത്. 20-ാം ശതകത്തിൽ മലയാളസാഹിത്യ ലോകത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച കവിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള. ജീവിതത്തെ ഒരു സുന്ദര സ്വപ്നമായിക്കാണാൻ മലയാളിയെ പഠിപ്പിച്ച കവി. കാൽപ്പനികഭാവുകത്വത്തെ പൂർണ്ണമായി സ്വാംശീകരിച്ച ചങ്ങമ്പുഴ മലയാളസാഹിത്യലോകത്തിന് സമ്മാനിച്ചത് വർണവിസ്മയമായ കാൽനൂറ്റാണ്ടാണ്. 'ചങ്ങമ്പുഴ നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന എം. കെ. സാനുവിന്റെ നിരീക്ഷണം തികച്ചും അന്വർത്ഥമാണ്. ചങ്ങമ്പുഴയുടെ അസാധാരണത്വത്തിനു കാരണം അദ്ദേഹത്തിന്റെ പ്രകൃതം തന്നെയാണെന്നാണ് എൻ. കൃഷ്ണപിള്ളയുടെ നിരീക്ഷണം. കവിയുടെ സാഹിത്യസപര്യയോടൊപ്പം അദ്ദേഹത്തിന്റെ വ്യക്തിജീവിതപരാമർശവും ഈ ജീവചരിത്രക്കുറിപ്പിൽ ദർശിക്കാം. ഒറ്റവായനയിൽതന്നെ വായനക്കാരുടെ മനസിനെ ആനന്ദത്തിലാറാടിക്കാനും അർഥഗ്രഹണം സാധ്യമാക്കാനും കഴിയുന്നവയാണ് ചങ്ങമ്പുഴകവിതകൾ. ദ്രാവിഡവൃത്തങ്ങളിലൂടെ കാല്പനികഭാവനയുടെ വിശാലമായ തലത്തിൽ ആസ്വാദകരെ കൊണ്ടെത്തിച്ചു. മറ്റുകവികളിൽനിന്നും ഏറെ വ്യത്യസ്തനായിരുന്നു ചങ്ങമ്പുഴ. മലയാളഭാഷയിൽ കാല്പനികകവിയായ ചങ്ങമ്പുഴക്കുള്ള സ്ഥാനം ഉന്നതമാണ്. അദ്ദേഹത്തിന്റെ കൃതികൾ അത് കാലാതിവർത്തിയായി കാവ്യാസ്വാദകമനസുകളെ ഇന്നും വശീകരിക്കുന്നു. ഒരു കാലഘട്ടത്തിന്റെ ആത്മാവ് ഇന്നും അതിൽ തുടിച്ചുനിൽക്കുന്നു. ചുരുക്കത്തിൽ മലയാളകാവ്യസരണിയിൽ ഒരു ശുക്രനക്ഷത്രമായി ഉദിച്ചുയർന്ന കവി സാർവഭൗമനാണ് ചങ്ങമ്പുഴ കൃഷ്ണപിള്ളയെന്ന് നിസംശയം പറയാം എന്നു പറഞ്ഞുകൊണ്ടാണ് എൻ. കൃഷ്ണപിള്ള ഈ ജീവചരിത്രക്കുറിപ്പ് അവസാനിപ്പിച്ചിരിക്കുന്നത്.

## Assignments

1. ചങ്ങമ്പുഴ കവിതയിലെ കാല്പനികത- ചർച്ചചെയ്യുക.
2. എം. കെ സാനു ചങ്ങമ്പുഴകൃഷ്ണപിള്ളയെ നക്ഷത്രങ്ങളുടെ സ്നേഹഭാജനമെന്ന് വിശേഷിപ്പിച്ചതിന്റെ ഔചിത്യമെന്ത്.
3. നിഷ്പക്ഷവും സത്യസന്ധവുമായ ആവിഷ്ക്കരണത്തിലൂടെ മാത്രമേ ലക്ഷണമൊത്ത ജിവചരിത്രഗ്രന്ഥങ്ങൽ രചിക്കാനാവൂ - ഔചിത്യമെന്ത് ചർച്ചചെയ്യുക.
4. ജീവചരിത്രം നോവലിൽനിന്നും എങ്ങനെ വ്യത്യസ്തത പുലർത്തുന്നെന്ന് വ്യക്തമാക്കുക.
5. ജീവചരിത്രത്തിന്റെ പരിമിതികൾ ഏവ.
6. എൻ. കൃഷ്ണപിള്ളയുടെ 'കൈരളിയുടെ കഥ' എന്ന ഗ്രന്ഥത്തിന്റെ പ്രാധാന്യം വിലയിരുത്തുക.
7. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ജീവചരിത്രം 'കൈരളിയുടെ കഥ'യിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ.

## Suggested Readings

1. എം. കെ. സാനു, നക്ഷത്രങ്ങളുടെ സ്നേഹഭാജനം, ഡി. സി. ബുക്സ്, കോട്ടയം
2. എൻ. പി. രാജേന്ദ്രൻ, മലയാള പത്രപംക്തി എഴുത്തും ചരിത്രവും, കേരള പ്രസ് അക്കാദമി, കൊച്ചി
3. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

## References


1. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ജീവചരിത്രസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. ഉള്ളൂർ. എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, കേരള സർവകലാശാല, തിരുവനന്തപുരം
3. എൻ.കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം
4. കെ. എം. ജോർജ്ജ്, (എഡി.) ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം
5. കേസരി ബാലകൃഷ്ണപിള്ള, കേസരിയുടെ മുഖപ്രസംഗങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# ജീവിതസമരം

**സി. കേശവൻ**

## Learning Outcomes

- ആത്മകഥാസാഹിത്യത്തെക്കുറിച്ച് മനസിലാക്കുന്നു
- 'ജീവിതസമരം' എന്ന സി. കേശവന്റെ ആത്മകഥയെക്കുറിച്ച് ധാരണ നേടുന്നു
- സി. കേശവന്റെ ജീവിതത്തെക്കുറിച്ചുള്ള സാമാന്യധാരണ ലഭിക്കുന്നു
- എസ്. എൻ. ഡി. പി. യോഗത്തിന്റെ ചരിത്രപരമായ വളർച്ച മനസിലാക്കുന്നു
- സി. കേശവന്റെ ജീവിതകാലത്തെ സാമൂഹ്യസാഹചര്യങ്ങളെ തിരിച്ചറിയുന്നു

## Background

**ആത്മകഥാസാഹിത്യം**

ഒരു സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ ആത്മകഥാസാഹിത്യത്തിന് ഇന്ന് സാർവത്രികമായ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആത്മകഥയ്ക്കു തുല്യമായി ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന 'ആട്ടോബയോഗ്രഫി' എന്ന പദം 'ആട്ടോ', 'ബയോസ്', 'ഗ്രാഫിയ' എന്നീ മൂന്നു ഘടകങ്ങളിൽനിന്നും നിഷ്പന്നമാണ്. ഒരു വ്യക്തി സ്വന്തം ജീവിതകഥ സ്വയം എഴുതുക എന്നാണ് ഇതിനർഥം. ആത്മകഥയ്ക്കു പല നിർവചനങ്ങളും പാശ്ചാത്യസാഹിത്യത്തിൽ പ്രചാരത്തിലുണ്ട്. 'ഒരുതരം ജീവിതം തന്നെയാണ് ആത്മകഥ' എന്ന് ആത്മകഥയെ ഗ്രഹാം ഗ്രീൻ നിർവചിച്ചിരിക്കുന്നു. 'ജീവിതാവബോധം നമ്മുടെ മുമ്പിൽ മഹത്തരവും വിജ്ഞേയവുമായ വിധത്തിൽ പ്രത്യക്ഷപ്പെടുന്നതാണ് ആത്മകഥ' എന്ന് എച്ച്. എ. ഹെഡ്ജസ്സും അഭിപ്രായപ്പെടുന്നു. നിർവചനത്തെക്കാൾ ആത്മകഥാരചനയുടെ ശില്പവൈദഗ്ധ്യവും സ്വഭാവവൈചിത്ര്യവും വിശദമാക്കുന്ന നിരീക്ഷണങ്ങൾ മറ്റുചില പ്രശസ്തപണ്ഡിതൻമാർ പുറപ്പെടുവിച്ചിട്ടുണ്ട്. 'ഓരോരുത്തരുടെയും ജീവിതകഥ അവരവർതന്നെ എഴുതുന്നതാണ് ഉത്തമം' എന്ന് ഡോക്ടർ ജോൺസനും വ്യക്തമാക്കുന്നു. 'ജീവചരിത്രസാഹിത്യത്തോട് ഉറ്റബന്ധം പുലർത്തുന്ന ഒന്നാണ് ആത്മകഥയെന്നും ഒരാൾ തന്റെ ജീവിതാനുഭവങ്ങൾ സ്വയം എഴുതുന്നതുകൊണ്ട് അത് എപ്പോഴും അപൂർണമായിരിക്കും' എന്നും 'എൻസൈക്ളോപീഡിയ ബ്രിട്ടാനിക്ക'യിൽ പോൾമുറെ കെന്റൽ രേഖപ്പെടുത്തുന്നു. ആത്മകഥ വ്യക്തിയുടെ സ്വന്തം അനുഭവങ്ങളുടെ കഥനത്തിനു പ്രാധാന്യം കൊടുക്കുന്നുവെന്ന് മേൽപ്പറഞ്ഞ അഭിപ്രായങ്ങളിൽനിന്നും വ്യക്തമാകും. എന്നാൽ ഒരു വ്യക്തി തന്റെ ജീവിതാനുഭവങ്ങളെല്ലാം ഏതെങ്കിലും തരത്തിൽ എഴുതിവച്ചാൽ അത് ആത്മകഥാസാഹിത്യത്തിന്റെ പരിധിയിൽപ്പെടുകയില്ല. സാഹിത്യത്തിനു വൈകാരികമായ ഒരു അന്തർഭാവം ആവശ്യമാണ്. ഈ വൈകാരികമായ അന്തർഭാവം സമാനമായഭാവങ്ങളെ അനുവാചകഹൃദയങ്ങളിൽ ഉണർത്താൻ പര്യാപ്തമായിരിക്കണം. എങ്കിൽ മാത്രമേ സാഹിത്യത്തിന്റെ ധർമ്മം നിറവേറുകയുള്ളു. തന്റെ ജീവിതാനുഭവങ്ങൾ കലാത്മകമായി അവതരിപ്പിക്കുകയും. മനുഷ്യമനസുകളിൽ സുപ്തമായിക്കിടക്കുന്ന സമാനാനുഭൂതികളെ ഉണർത്തുകയും ചെയ്യുന്ന പ്രബന്ധത്തെ ഉത്തമമായ ആത്മകഥയെന്നു വിളിക്കാം. സാധാരണയായി ഗദ്യത്തിലാണ് ആത്മകഥകൾ രചിച്ചുകാണുന്നത്. ജീവിതാനുഭവങ്ങൾ എല്ലാ

SGOU

വ്യക്തികൾക്കും ഉണ്ടാകും എന്നതിൽ തർക്കമില്ല. ഏകാന്തതയിലിരുന്നു കഴിഞ്ഞകാലജീവിതത്തിലെ സംഭവപരമ്പരകളിൽ നിന്നൂറിക്കൂടുന്ന രസാനുഭൂതികൾ അയവിറക്കുക ഏതൊരു വ്യക്തിക്കും കൗതുകമായിരിക്കും. പക്ഷേ അത്തരം അയവിറക്കലുകളെല്ലാം ആത്മകഥകളായി രൂപം കൊള്ളാറില്ല. ഏതെങ്കിലും ഒരു മണ്ഡലത്തിന്റെ അംഗീകാരം നേടാൻ കഴിഞ്ഞിട്ടുള്ള ഒരു വ്യക്തി തന്റെ ജീവിതവും പ്രവർത്തനങ്ങളും സമൂഹത്തിനു മാർഗദർശകമായിത്തീരും എന്ന വിശ്വാസത്തോടെ ജീവിതാനുഭവങ്ങൾ സോദ്ദേശ്യമായി ആവിഷ്ക്കരിക്കുമ്പോഴാണ് മികച്ച ആത്മകഥ ഉടലെടുക്കുന്നത്. അനുഭവാഖ്യാനങ്ങളിൽ പ്രകടമാകുന്ന നിർമ്മാണവൈദഗ്ധ്യവും ആത്മാർത്ഥതയും സത്യസന്ധതയുമെല്ലാം വ്യക്തിയുടെ ജീവിതവൈശിഷ്ട്യത്തെ ഉദാത്തതയിലേക്കു നയിക്കുന്നു. അതുതന്നെയാണ് ആത്മകഥയുടെ മഹത്ത്വത്തിനു നിദാനം. മാതൃകാപരമായ ഒരു ആത്മകഥ സ്വാഭാവികമായും വ്യക്തിയുടെ ജീവിതം ചിത്രീകരിക്കുന്നതോടൊപ്പം രാഷ്ട്രം, സമൂഹം, കാലഘട്ടം തുടങ്ങിയവയുടെ പ്രതിഫലനവും ഉൾക്കൊള്ളും. ആത്മകഥാകാരനു സമൂഹത്തോടുള്ള പ്രതികരണം അതിൽ വളരെ വ്യക്തമായി തെളിഞ്ഞുകാണുകയും ചെയ്യും.

ആത്മകഥയുടെയും ജീവചരിത്രത്തിന്റെയും ആത്യന്തികമായ ലക്ഷ്യം ഒരു വ്യക്തിത്വത്തെ അതിന്റെ ഉടമ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെയും പരിതഃസ്ഥിതികളുടെയും പശ്ചാത്തലത്തിൽ ചിത്രീകരിച്ചു കാണിക്കുകയാണ്. വ്യക്തിത്വത്തിന്റെ പ്രതിഷ്ഠാപനമാണ് ആത്മകഥയുടെ ഉദ്ദേശ്യം. സ്വന്തം അഭിരുചിയെയും ദൗർബല്യത്തെയുംകുറിച്ച് ഉത്തമബോധ്യമുള്ളതുകൊണ്ട് ആത്മകഥാകൃത്തിന് തന്റെ ജീവിതകഥ പൂർണമായും വ്യാഖ്യാനിക്കുവാൻ സാധിക്കും. മഹാത്മാഗാന്ധിയുടെ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' ഇതിനു തികഞ്ഞ ദൃഷ്ടാന്തമാണ്. മനുഷ്യമനസിന്റെ ഉള്ളറകൾ പൂർണമായും തുറന്നുകാണിക്കുകയും കറയറ്റ ആത്മാർത്ഥത പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഇത്തരം ആത്മകഥാഗ്രന്ഥങ്ങൾ വിശ്വസാഹിത്യത്തിൽ അധികം കാണുകയില്ല. എന്നാൽ ആത്മകഥയുടെ ദൗർബല്യങ്ങളും പരിമിതികളും എന്തൊക്കെയാണെന്നു കാണാൻ മറ്റുചില ആത്മകഥകൾ അനുവാചകനെ സഹായിക്കും. ജനനം മുതൽ മരണംവരെ വ്യാപിച്ചുകിടക്കുന്ന ജീവിതത്തെ സമഗ്രമായി ഉൾക്കൊള്ളാൻ ആത്മകഥയ്ക്ക് കഴിയുകയില്ല. ആത്മകഥ എഴുതിത്തീർത്തതിനുശേഷവും ആത്മകഥാകാരൻ ജീവിച്ചിരിക്കും. അതുകൊണ്ടാണ് ആത്മകഥകൾ അപൂർണ്ണങ്ങളാണെന്നു നിർവചനങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളത്. വിശ്വമഹാകവിയായ ഗൊയ്ഥേ തന്റെ ഇരുപത്തിയാറാമത്തെ വയസിലാണ് ആത്മകഥ എഴുതിത്തീർത്തത്. അതിനുശേഷം അദ്ദേഹം നയിച്ച സുദീർഘവും വിജയപ്രദവുമായ ജീവിതത്തെ കേന്ദ്രബിന്ദുവാക്കി രചിച്ച 'കവിതയും സത്യവും' എന്ന കൃതി അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് മതിയാവുന്നിടത്തോളം വിവരങ്ങളൊന്നും തരുന്നില്ല. സാധാരണനിലയിൽ അസുഖകരങ്ങളായ സ്വന്തം ചെയ്തികൾ വിവരിക്കാൻ ആത്മകഥാകാരനു വൈമനസ്യം കാണും. ചിലപ്പോൾ അവയിൽ പലതും മൂടിവയ്ക്കുകയോ വളച്ചൊടിക്കുകയോ ചെയ്തെന്നും വരും. അവതന്നെ മറ്റൊരുരൂപത്തിൽ ആവിഷ്ക്കരിച്ചുവെന്നുംവരാം. ചില സംഭവങ്ങളുടെ വർണന ആത്മപ്രശംസാപരമായിത്തീരാനും സാധ്യതയുണ്ട്. ജീവചരിത്രകാരന്റെ നിസ്സംഗത ആത്മകഥാകൃത്തിന് കൈവരിക്കാൻ പ്രയാസമാണ്. ജീവിതത്തിന്റെ അർഥവും മൂല്യവും അന്വേഷിച്ചുപോകുന്ന കൃതികൾ വിരളമാണെന്നതും ആത്മകഥാസാഹിത്യത്തിന്റെ പരിമിതികളിൽപെടും. ശ്രദ്ധേയമായ ആ വസ്തുതകൾ പോരായ്മകളെ പരിഹരിക്കാൻ സഹായകമാവും. ആത്മകഥയെ അതിന്റെ ഉള്ളടക്കത്തിന്റെ സ്വഭാവത്തെ ആധാരമാക്കി കുമ്പസാരപരം, ചരിത്രപരം, സംഭവാഖ്യാനപരം എന്നിങ്ങനെ മൂന്നായി വിഭജിക്കാം. ഒരു വ്യക്തി തന്റെ കുറ്റങ്ങളും കുറവുകളും യഥാർഥമായി ആവിഷ്കരിക്കുന്നതാണു കുമ്പസാരപരമായ ആത്മകഥ, സെയ്ന്റ് അഗസ്റ്റിന്റെയും റൂസ്സോയുടെയും ടോൾസ്റ്റോയിയുടെയും ആത്മകഥകൾ ഇതിനുദാഹരണങ്ങളാണ്. ഒരാളുടെ ജീവിതാനുഭവങ്ങളുടെ കാലക്രമമനുസരിച്ച് ഒരു ചരിത്രരേഖയെന്നവണ്ണം വിവരിക്കുന്ന ആത്മകഥയെ ചരിത്രപരമെന്നു വിളിക്കാം. എച്ച്. ജി. വെൽസ്, ജവഹർലാൽ നെഹ്റു, സുരേന്ദ്രനാഥ് ബാനർജി,

SGOU

സി. രാജഗോപാലാചാരി, കെ. പി. കേശവമേനോൻ തുടങ്ങിയവരുടെ ആത്മകഥകൾ ഉദാഹരണമായെടുക്കാവുന്നതാണ്. സ്വജീവിതത്തിൽ നടന്നിട്ടുള്ള കാര്യങ്ങളുടെ വ്യാഖ്യാനമെന്ന നിലയിൽ രചിക്കപ്പെടുന്ന ആത്മകഥകൾ സംഭവാഖ്യാനപരങ്ങളാണ്. ഗൊയ്ഥേ, ടാഗൂർ, ഗാന്ധിജി, ഗോർക്കി, യശ്പാൽ, ലക്ഷ്മിഭായി തിലക്, എ. കെ. ഗോപാലൻ, ചെറുകാട് മുതലായവരുടെ ആത്മകഥകളെ സംഭവാഖ്യാനപരങ്ങളായി അംഗീകരിക്കാം. ആത്മകഥാരചനയ്ക്കു ബൗദ്ധികം, വൈകാരികം എന്ന് രണ്ടു രചനാസങ്കേതങ്ങളുണ്ട്. ചാൾസ് ഡാർവിൻ, കാർഡിനൽ ന്യൂമാൻ, ആൽബർട്ട് ഷൈറ്റ്സർ, പ്രേംചന്ദ്, രാധാകൃഷ്ണൻ, കമലാഭായ് ദേശ്പാണ്ഡേ, നാഗേശ്വരറാവു, ടി. പി. രാജരത്നം, ജോസഫ് മുണ്ടശ്ശേരി, ഇ. എം. എസ്. നമ്പൂതിരിപ്പാട് എന്നിവരുടെ ആത്മകഥകൾ ബൗദ്ധികവിഭാഗത്തിൽപെടും. സെയ്ന്റ് അഗസ്റ്റിൻ, റൂസ്സോ, ടോൾസ്റ്റോയി, ടാഗൂർ, ഹരിവംശറായ് ബച്ചൻ, ശിവരാമകാന്ത്, സി. കേശവൻ, വി. ടി. ഭട്ടതിരിപ്പാട് തുടങ്ങിയവരുടെ ആത്മകഥാരചനകളെ വൈകാരികവിഭാഗത്തിൽ ഉൾപ്പെടുത്താം. എന്നാൽ സൂക്ഷ്മനിരീക്ഷണത്തിൽ ഈ രണ്ടു സങ്കേതങ്ങളും ആത്മകഥകളിൽ കെട്ടുപിണഞ്ഞു കിടക്കുന്നതായി കാണാവുന്നതാണ്.

## Keywords

ആത്മകഥാസാഹിത്യം-ജീവിതസമരം-അയിത്താചാരം-അവർണസമുദായം-സവർണർ-ഭ്രഷ്ട്-എസ്. എൻ. ഡി. പി. യോഗം

## Discussion

### 2.4.1 ജീവിതസമരം

കഥാപുരുഷന്റെ ആത്മനിരീക്ഷണം ഉള്ളതുകൊണ്ടാണ് ആത്മകഥ ജീവചരിത്രത്തിൽനിന്ന് ഭിന്നമാകുന്നത്. നിർഭാഗ്യവശാൽ മലയാളത്തിലുണ്ടായിട്ടുള്ള ആത്മകഥകളിൽ വളരെക്കുറച്ചു മാത്രം പ്രകടമാകുന്നതും ഈ ആത്മനിരീക്ഷണമാണ്. പ്രശസ്തമായ പല കേരളീയരും എഴുതിയിട്ടുള്ള ആത്മകഥകളിൽ ഗ്രന്ഥകാരന്മാരുടെ ആന്തരികജീവിതം ഒഴിവാക്കപ്പെടുന്നു. തങ്ങൾ പ്രവർത്തിച്ച സാമൂഹികമേഖലകളിൽ വെളിച്ചം പകരുന്ന ചരിത്രഗ്രന്ഥമോ സാമൂഹികനിരൂപണമോ ആയി അവ ചുരുങ്ങിപ്പോകുന്നു. ആത്മാംശം ഗോപനം ചെയ്തുകൊണ്ടുള്ള ആത്മകഥകളായി പോകുന്നു അവയെന്നു ചുരുക്കം. മാധവിക്കുട്ടിയുടെ 'എന്റെ കഥ' പോലെയുള്ള ചില കൃതികൾ അപവാദങ്ങളായി ഉണ്ടെന്നു സമാധാനിക്കാം. സി. കേശവന്റെ ആത്മകഥയായ ജീവിതസമരമാകട്ടെ സി. കേശവനെന്ന സാമൂഹികപ്രവർത്തകനെ മാത്രമല്ല, സി. കേശവനെന്ന വ്യക്തിയെയും ഒട്ടൊക്കെ അനാവരണം ചെയ്യുന്നു. തീർച്ചയായും ജീവിതസമരം ഒരാത്മാന്വേഷണമല്ല. സ്വകാര്യജീവിതത്തെക്കാൾ സാമൂഹികപ്രശ്നങ്ങളിൽ വ്യാപൃതനായ ഒരു വ്യക്തിയുടെ ജീവിതകഥയാണത്. എങ്കിലും ശക്തമായ ഇഷ്ടാനിഷ്ടങ്ങളും, സ്വകാര്യമായ നിലപാടുകളും ധീരമായ ജീവിതവിമർശനവും അഗാധമായ ജീവിതാബോധവും പ്രകടമാക്കുന്ന കൃതിയാണിത്.

- ▶ സ്വകാര്യജീവിതത്തെക്കാൾ സാമൂഹിക പ്രശ്നങ്ങളിൽ വ്യാപൃതനായി

1891 മേയ് 23-ാം തീയതി ജനിച്ച കേശവൻ മനുഷ്യസ്വാതന്ത്ര്യത്തിനു



SGOU

വേണ്ടിയാണ് ജീവിച്ചത്. രണ്ടു ലോകമഹായുദ്ധങ്ങൾ വറുതിവിതച്ച കാലം പ്രാഥമികമായ മാനുഷികാവശ്യങ്ങൾക്കുവേണ്ടി മനുഷ്യർ പോരാടുകയും വിലപിക്കുകയും ചെയ്തുകൊണ്ടിരുന്നു. മഹാത്മാഗാന്ധിയുടെ സ്വാതന്ത്ര്യസമരപ്രസ്ഥാനം ചൂടുപിടിച്ച കാലമായിരുന്നു. അക്കാലത്ത് മനുഷ്യസ്നേഹിയായ ഒരു വ്യക്തിക്ക് തികച്ചും സ്വകാര്യമായൊരു ജീവിതം അസാധ്യമായിരുന്നു. ജന്മനാ മനുഷ്യസ്നേഹിയും നിർഭയനുമായിരുന്ന സി. കേശവൻ കേരളീയവും ഭാരതീയവും അന്തർദ്ദേശീയവുമായ എല്ലാ സംഭവവികാസങ്ങളോടും ധീരമായി പ്രതികരിച്ചകൊണ്ടാണ് വളർന്നത്. ജന്മനാ ഒരു ഗായകനും നടനുമായിരുന്നിട്ടും കേശവൻ രാഷ്ട്രീയവും സാമൂഹികവുമായ ജീവിതം മനഃപൂർവ്വം തിരഞ്ഞെടുക്കുകയായിരുന്നു. സാധാരണ കുടുംബത്തിൽ ജനിച്ച് കഠിനാധ്വാനത്തിലൂടെ ജീവിതം മുന്നോട്ടുനയിച്ച വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. വെറുമൊരു സാമൂഹികനേതാവ് മാത്രമായിരുന്നില്ല നല്ലൊരു ഗായകനും അഭിനേതാവുമായി പ്രശംസ നേടുകയും ശ്രീനാരായണഗുരു, കുമാരനാശാൻ, സി. വി. കുഞ്ഞുരാമൻ, ഇ. വി. കൃഷ്ണപിള്ള തുടങ്ങിയ മഹനീയവ്യക്തികളുടെ സൗഹൃദങ്ങൾ സമ്പാദിക്കുകയും അവരെക്കുറിച്ചെല്ലാം സ്വകീയമായ വിലയിരുത്തലുകൾ നടത്തുകയും ചെയ്ത സി. കേശവനെയും നാം ഈ ആത്മകഥയിൽ കണ്ടുമുട്ടുന്നു.

- ▶ രാഷ്ട്രീയവും സാമൂഹികവുമായ ജീവിതം മനഃപൂർവ്വം തിരഞ്ഞെടുത്തു

നിവർത്തനപ്രക്ഷോഭണത്തിൽ വഹിച്ച പങ്ക്, കോഴഞ്ചേരി പ്രസംഗം, അതിന്റെ സംഭവബഹുലമായ പ്രത്യാഘാതങ്ങൾ, ജയിൽജീവിതം, മന്ത്രിസ്ഥാനലബ്ധി തുടങ്ങിയവ സി. കേശവന്റെ ആത്മകഥയുടെ പ്രധാന ഭാഗമാണെങ്കിലും അവയൊന്നും ഈ കൃതിയിൽ ചേർത്തിട്ടില്ല. 1891 മുതൽ 1933 വരെയുള്ള 42 വയസ്സുവരെയുള്ള ജീവിതം മാത്രമാണീ ആത്മകഥ. എല്ലാ ജാതിയിലും മതത്തിലും പെട്ടവർ പാർക്കുന്ന മയ്യനാട് എന്ന പ്രദേശത്താണ് സി. കേശവൻ ജനിച്ചത്. അന്ന് മയ്യനാട് ഗ്രാമത്തിൽ സി. വി. കുഞ്ഞുരാമനായിരുന്നു ഏവരുടെയും പ്രിയങ്കരനായ നേതാവ്. കുട്ടിയായ കേശവന് സ്കൂളിൽ പോകാൻ മടിയുണ്ടായിരുന്നു. എന്നാൽ ഗാനാലാപനത്തിലും നാടകാഭിനയത്തിലും ബാല്യത്തിൽതന്നെ കേശവൻ അധ്യാപകരുടെയും സഹപാഠികളുടെയും പ്രശംസ നേടിയിരുന്നു. ബാല്യത്തിൽ മുതിർന്നവരോടൊപ്പം കൊടുങ്ങല്ലൂർ ഭരണിക്കുപോയ സംഗതി സി. കേശവൻ ഓർക്കുന്നു. ഭക്തിയും മദ്യപാനാസക്തിയും ചേർന്ന ഉന്മാദം മുതിർന്നവരെയും കുട്ടികളെയും എത്രമാത്രം അധഃപതിപ്പിച്ചിരുന്നുവെന്നും സി. കേശവൻ ഓർക്കുന്നു.

- ▶ സി. വി. കുഞ്ഞുരാമനായിരുന്നു ഏവരുടെയും പ്രിയങ്കരനായ നേതാവ്

വിദ്യാഭ്യാസകാലത്ത് അന്നത്തെ രീതിയിൽ കുടുമ നീട്ടി വളർത്തിയിരുന്നതും കാതുകുത്തിയിരുന്നതും ഓർക്കുന്ന കേശവൻ തന്റെ മുൻതലമുറ ജാതിമേധാവികളുടെ ശിക്ഷയ്ക്കു വിധേയരായി മുടിവെട്ടാൻ കഴിയാതെ ഭ്രഷ്ടരായിത്തീർന്ന സംഭവങ്ങൾ ഓർക്കുന്നു. മാറുമറയ്ക്കാനും അവർണർക്കു റോഡിൽ സഞ്ചരിക്കാനുംവേണ്ടി തന്റെ പൂർവഗാമികൾ നടത്തിയ സമരങ്ങൾ ചരിത്രകാരന്റെ പാടവത്തോടെ കഥാപുരുഷൻ വിവരിക്കുന്നു. അവർണസമുദായത്തിൽപ്പെട്ടവർ കൂട്ടത്തോടെ ക്രിസ്തുമതത്തിൽ അഭയം തേടിയത് സവർണപീഡനം മാത്രം കൊണ്ടായിരുന്നില്ല. ഈഴവരിൽതന്നെയുള്ള സ്ഥാനികളുടെ പീഡനങ്ങൾ സഹിക്കാൻ കഴിയാതെ മറ്റു മതങ്ങളിൽ കൂട്ടത്തോടെ അഭയം തേടിയവരും ധാരാളമുണ്ടായിരുന്നു. ഈഴവ, നായർ സമുദായങ്ങളിൽ നിലനി

SGOU

> ▶ മാറുമറയ്ക്കാനും അവർണർക്കു റോഡിൽ സഞ്ച രിക്കാനും വേണ്ടി സമരങ്ങൾ

ന്നിരുന്ന താലികെട്ട് എന്ന അനാചാരത്തിന്റെ സ്വഭാവം ഈ ആത്മകഥ യിൽ സി. കേശവൻ വിവരിക്കുന്നുണ്ട്. പെൺകുട്ടി പ്രായമാകുംമുൻപ് ഏതെങ്കിലും ഒരാണിനെക്കൊണ്ട് താലികെട്ടിയ്ക്കണമായിരുന്നു. ഭാവി യിൽ അവർ തമ്മിൽ ഒരു ബന്ധവും ഇല്ല. പക്ഷേ താലികെട്ടിനുവേണ്ടി പന്തലുകെട്ടി ആർഭാടവും സദ്യയും നടത്തി തറവാട് കാരണവന്മാർ വി റ്റുമുടിച്ചിരുന്നു. തിരണ്ടുകുളി, പുളികുടി, പുലകുളി ഇങ്ങനെ വേറെയും ധൂർത്തുകൾ തറവാട്ടുമഹിമ നിലനിർത്താൻ ആവശ്യമായിരുന്നു.

വിദ്യാഭ്യാസകാലത്ത് സി. കേശവൻ പുലർത്തിയിരുന്ന ഊഷ്മള മായ സുഹൃദ്ബന്ധങ്ങളും കലാപ്രവർത്തനങ്ങളും ആത്മകഥയുടെ പാരായണസുഖം വർധിപ്പിക്കാൻ ഉതകുന്നു. പച്ചക്കറി നട്ടുവളർത്തിയും നെയ്ത്തുവേല ചെയ്തും സ്വന്തം ആവശ്യത്തിന് അന്ന് സി. കേശവൻ പണം കണ്ടെത്തിയിരുന്നു. കുടുംബത്തിന്റെ സാമ്പത്തികനില മോശമാ യിരുന്നെങ്കിലും സ്നേഹസമ്പന്നനായ ജ്യേഷ്ഠൻ കേശവനെ കോളേ ജിലയച്ചു. ഈഴവർക്ക് മഹാരാജാസ് കോളേജിൽ പഠിക്കാൻ തടസമു ണ്ടായിരുന്നില്ലെങ്കിലും കോളേജ് ഹോസ്റ്റലിൽ താഴ്ന്ന ജാതിക്കാരെന്നു കരുതപ്പെട്ടിരുന്നവരെ പ്രവേശിപ്പിച്ചിരുന്നില്ല. പക്ഷേ, സി. കേശവൻ വിലക്കു ലംഘിച്ച് ഹോസ്റ്റലിൽ സുഹൃത്തുക്കളെ കാണാൻ പോയി. ബ്രാഹ്മണകുട്ടികൾ എതിർത്തപ്പോൾ ധീരതയോടെ പ്രതിഷേധിക്കുക യും പത്രപംക്തികളിലൂടെ അനീതിയെ തുറന്നുകാട്ടുകയും ചെയ്തു. മയ്യനാട്ടുകാരനും ബുദ്ധിമാനും സമുദായസ്നേഹിയും വിദേശത്തുപോ യി സാങ്കേതികവിദ്യ അഭ്യസിച്ചുവന്നയാളുമായ ടി. സി. രാമന്റെ ദുര ന്തകഥ നാൽപ്പത്തിഒന്നാമധ്യായത്തിൽ വിവരിക്കുന്നു. മയ്യനാട് വഴി റെ യിൽവേ ലൈൻ കടന്നുപോകുന്നതിന് ഉതകുന്ന സാങ്കേതിക ജ്ഞാനം സർക്കാരിനു നൽകി ദിവാന്റെ പ്രശംസ രാമൻ നേടിയിരുന്നു. മയ്യനാട്ട് ഒരു ഇംഗ്ലീഷ് സ്കൂൾ ഉണ്ടാകുന്നതിൽ രാമൻ നിർണായക പങ്കുവഹി ച്ചു. പക്ഷേ രാമന് പെട്ടെന്ന് ഉന്മാദം പിടിപെടുകയും സ്വന്തം കുഞ്ഞിന്റെ കഴുത്ത് വെട്ടുകയും ചെയ്തു. വളരെക്കാലത്തെ ചികിത്സയ്ക്കുശേഷം രാമൻ വീണ്ടും കർമ്മനിരതനായെങ്കിലും ഒടുവിൽ റെയിൽപാളത്തിൽ തലവച്ച് ആത്മഹത്യ ചെയ്യുകയുണ്ടായി.

> ▶ ടി. സി. രാമന്റെ ദു രന്തകഥ

ഇന്റർമീഡിയറ്റ് പാസായ സി. കേശവന് പാലക്കാട് ഇംഗ്ലീഷ് ഹൈസ് ക്കൂളിൽ ബോട്ടണി ടീച്ചറുടെ ജോലി വാഗ്ദാനം ചെയ്യപ്പെട്ടു. ഇതിനകം കേശവൻ സി. വി. കുഞ്ഞുരാമന്റെ മകൾ വാസന്തിയുമായി പ്രണയത്തി ലായി. സ്കൂളിൽ അധ്യാപകനായി ചേർന്ന കേശവൻ, അധ്യാപകനെന്ന നിലയിലും വിദ്യർഥികളുടെ കലാ-കായിക വാസനകളുടെ പ്രോത്സാ ഹകനെന്ന നിലയിലും വളരെ വേഗം പ്രശസ്തനായി. നാടകനടനെന്ന നിലയിൽ മലബാറിലെങ്ങും സി. കേശവന്റെ പ്രശസ്തി പരന്നതും ഈ കാലത്താണ്. അന്ന് കെ. പി. പാൾ എന്ന ഒരു ക്രൈസ്തവസുഹൃത്തു മായി തനിക്കുണ്ടായ ഗാഢമായ സ്നേഹബന്ധം ഹൃദ്യമായി വിവരി ക്കുന്നു. ക്രിസ്തുമതത്തിന്റെ നന്മകൾ മുഴുവൻ പാളിൽ സി. കേശവൻ ദർശിച്ചു. താൻ ഹൈന്ദവസ്തോത്രങ്ങൾ പാടുകയും ഉത്സവങ്ങളിൽ പങ്കെടുക്കുകയും ചെയ്യുമെങ്കിലും തനിക്കോ തന്നെപ്പോലുള്ളവർക്കോ പാളിനെപ്പോലാകാൻ സാധ്യമല്ല. പള്ളിയിൽ പോകുകയും നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുന്ന ഇതരമതക്കാരിലും പാളിന്റെ നന്മ കാണു ന്നില്ല. മതത്തെക്കാൾ പാളിന്റെ വ്യക്തിപരമായ നന്മയാണിതിനു കാര



SGOU

> ▶ അധ്യാപകനെന്ന നിലയിലും കലാ-കായിക വാസനകളുടെ പ്രോത്സാഹകനെന്ന നിലയിലും പ്രശസ്തനായി

ണമെന്ന് കേശവൻ തീരുമാനിക്കുന്നു. ഏതായാലും മതഗ്രന്ഥങ്ങൾ സൂക്ഷ്മമായി പാരായണം ചെയ്യാൻ പാളിന്റെ സ്വാധീനം സി.കേശവനെ പ്രേരിപ്പിച്ചു. ഇതിനകം പട്ടാളത്തിൽ ചേർന്ന പാൾ തന്റെ ശമ്പളത്തിൽ സിംഹഭാഗവും പലർക്കായി വീതിച്ചുനൽകുകയുണ്ടായി. സി. കേശവന്റെ വിദ്യാഭ്യാസചെലവിന് മാസം പതിനഞ്ചു രൂപ നീക്കിവച്ചു. തന്റെ ജീവിതത്തെ സാരമായ സ്വാധീനിച്ച വ്യക്തിയായി പാളിനെ സി. കേശവൻ വിലയിരുത്തുന്നു.

ബി. എയ്ക്കു തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജാണ് സി. കേശവൻ തിരഞ്ഞെടുത്തത്. വിദേശീയരും സ്വദേശീയരുമായ പ്രഗൽഭരായ അധ്യാപകരാൽ സമ്പന്നമായിരുന്നു അന്ന് കോളേജ്. ഗായകനും നടനുമായിരുന്ന കേശവൻ വളരെവേഗം കോളേജിലും പുറത്തും പ്രശസ്തനായി. സി. വി. കുഞ്ഞിരാമന്റെ മകൾ വാസന്തിയുമായുള്ള കേശവന്റെ വിവാഹം അക്കാലത്തു നടന്നു. സി. വി. യെ ബഹുമാനിച്ചിരുന്ന നാട്ടുകാർ ജാതിഭേദം കൂടാതെ കല്യാണത്തിൽ പങ്കെടുക്കുക മാത്രമല്ല നിലവിലിരുന്ന അയിത്താചാരം ഗണിക്കാതെ മിശ്രഭോജനത്തിൽ പങ്കാളികളാവുകയും ചെയ്തു. മഹാകവി ടാഗോർ കേരളം സന്ദർശിച്ചപ്പോൾ കുമാരനാശാൻ രചിച്ച സ്വാഗതഗാനം ആലപിക്കാനുണ്ടായ സാഹചര്യം കേശവൻ വിവരിക്കുന്നു. ഗംഭീരമായ സ്വീകരണസമ്മേളനത്തിൽ ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയ കവികളുടെ സ്വാഗതഗാനം ഉൾപ്പെടുത്തിയിരുന്നെങ്കിലും ആശാന്റെ സ്വാഗതഗാനം ഉൾപ്പെടുത്തിയിരുന്നില്ല. ആശാൻ നിമിഷകവിയല്ലെന്ന ന്യായമാണ് സംഘാടകർ കാരണമായി പറഞ്ഞത്. എന്നാൽ സി. കേശവൻ ആശാനെ സമീപിക്കുകയും ഒരു രാത്രികൊണ്ട് സ്വാഗതഗാനം രചിച്ചുവാങ്ങുകയും ചെയ്തു. ആശാൻ എഴുതിയ ദിവ്യകോകിലം എന്ന മനോഹരമായ കവിത സി. കേശവൻ ആ മഹാസദസ്സിൽ ആലപിച്ചപ്പോൾ ടാഗോർ ഉൾപ്പെടെയുള്ള ശ്രോതാക്കൾ കവിതയിൽ ലയിച്ച് സ്തബ്ധരായി ഇരുന്ന രംഗം സി. കേശവൻ ഓർക്കുന്നു. കുമാരനാശാനെയും, സി. കേശവനെയും അഭിനന്ദിക്കാത്തവരായി ആ സമ്മേളനത്തിൽ ആരുമുണ്ടായിരുന്നില്ല. ഇതിനിടയിൽ സി. കേശവൻ തുണിത്തരങ്ങളുടെ വ്യാപാരവുമായി ബന്ധപ്പെട്ട് ബർമ്മയാത്ര നടത്തിയെങ്കിലും വിചാരിച്ചതുപോലെ ആ പരിശ്രമം വിജയിച്ചില്ല.

> ▶ ആശാൻ എഴുതിയ 'ദിവ്യകോകിലം' എന്ന മനോഹരമായ കവിത സി. കേശവൻ ആ മഹാസദസ്സിൽ ആലപിച്ചു

ശ്രീനാരായണ ഗുരുവുമായി സി. കേശവൻ നേരിട്ടു പരിചയത്തിലാകുന്നത് ഈ കാലത്താണ്. സ്വാമിയോട് തനിക്കുണ്ടായ ആദരം ആദ്ദേഹത്തെക്കുറിച്ചു പ്രചരിച്ചിരുന്ന അത്ഭുതകഥകൾ മൂലമായിരുന്നു. പരിപൂർണവും പരിശുദ്ധവുമായജീവിതമായിരുന്നു ഗുരുവിന്റേത്. ഗുരുവിനെ ഈഴവനോ ഹിന്ദുവോ ആക്കുന്നവരോട് കേശവനു മതിപ്പില്ല. ശിവഗിരിയിൽ സ്വാമി നടത്തിയിരുന്ന നെയ്ത്തുശാല സി. കേശവൻ സന്ദർശിച്ചു. നെയ്ത്തുശാലയുടെ പ്രവർത്തനം ആശാവഹമായിരുന്നില്ല. ശിവഗിരിയിൽ ഇത്തിൾക്കണ്ണികളായി കൂടിയിരിക്കുന്ന സ്വാമിമാരെക്കൊണ്ട് പണിയെടുപ്പിച്ചാൽ മാത്രമേ ആശ്രമപ്രവർത്തനം മുന്നോട്ടുപോകൂ എന്ന് കേശവൻ സ്വാമിയെ അറിയിച്ചു. ജോലി ചെയ്യിക്കാൻ നോക്കിയാൽ ഒന്നിനെയും പിന്നിവിടെ കാണില്ല എന്ന ഗുരുവിന്റെ നർമ്മമധുരമായ മറുപടിയിൽ എല്ലാം ധ്വനിച്ചിരുന്നതായി കേശവൻ ഓർക്കുന്നു. താൻ പഠിച്ച ശാസ്ത്രീയവിഷയങ്ങളെക്കുറിച്ച് ഗുരു ചോദിച്ചിരുന്നു. കുശാഗ്രബുദ്ധിയായ



SGOU

സ്വാമിയുടെ ചോദ്യങ്ങൾ പലതും തന്നെ കുഴക്കിയിരുന്നു. സ്വാമിയുടെ ജീവചരിത്രമെഴുതാൻ വേണ്ട ശ്രമം നടത്താൻ തനിക്കു കഴിഞ്ഞില്ലല്ലോ എന്നോർത്ത് സി. കേശവൻ പശ്ചാത്തപിക്കുന്നു. മദ്യവർജ്ജനത്തിനായി കെ. അയ്യപ്പന്റെ നേതൃത്വത്തിൽ നടന്ന പ്രസ്ഥാനം ജനകീയപ്രസ്ഥാനമായി വളർന്നിരുന്നു. ക്ഷേത്രപ്രവേശനത്തിനായി ടി. കെ. മാധവനും ദേശാഭിമാനി പത്രവും കൊടുങ്കാറ്റഴിച്ചുവിട്ടതും അന്നായിരുന്നു. ടി. കെ. യുടെ ഉദ്യമത്തെ നായർസമുദായവും അംഗീകരിച്ചു. ക്ഷേത്രപ്രവേശനത്തിനുവേണ്ടി സത്യാഗ്രഹമനുഷ്ഠിക്കാൻ കോൺഗ്രസിന്റെയും ഗാന്ധിജിയുടെയും അനുവാദം മാധവൻ നേടിയെടുക്കുകയുണ്ടായി. 99 മീനം 7 ന് വൈക്കം സത്യാഗ്രഹം ആരംഭിച്ചു. സത്യാഗ്രഹത്തിനാവേശം പകരാൻ ഗാന്ധിജി കേരളം സന്ദർശിച്ചു. കേശവനും പലവിധത്തിൽ ഈ സമരപരിപാടികളിൽ പങ്കാളിയായി. ബി. എൽ. പാസായ കേശവൻ കൊല്ലം ബാറിൽ പ്രാക്ടീസ് തുടങ്ങി. സാഹിത്യകാരനും ഹാസ്യസമ്രാട്ടുമായിരുന്ന ഇ. വി. കൃഷ്ണപിള്ള കൊല്ലം ബാറിൽ പ്രാക്ടീസ് ചെയ്തിരുന്ന കാലമായിരുന്നു. ഇ. വി. യുടെ സ്വഭാവസവിശേഷതയെയും മദ്യപാനശീലത്തെയും ബന്ധപ്പെടുത്തി ധാരാളം അപവാദങ്ങൾ പ്രചരിച്ചിരുന്ന കാലമായിരുന്നു അത്. എന്നാൽ സി. കേശവൻ ഇ. വി. യുടെ മഹത്വം തിരിച്ചറിഞ്ഞു. മദ്യത്തിനടിമയായിരുന്നെങ്കിലും മദ്യത്തിന്റെ ലഹരിയിലാണ് അദ്ദേഹത്തിൽ മഹാപ്രതിഭ ഉണർന്നിരുന്നതും മഹത്തായ കൃതികൾ പിറവിയെടുത്തിരുന്നതുമെന്ന് സി. കേശവൻ ഓർമ്മിപ്പിക്കുന്നു. ഇ. വി. യുടെ കമ്പനിയിൽപ്പെട്ടതുകൊണ്ട് താനും വലിയൊരു മദ്യപാനിയാണെന്ന് പലരും കരുതി. പക്ഷേ, താൻ മദ്യപാനം നിറുത്തി എന്ന് പറഞ്ഞശേഷം ഇ. വി. തന്നെ മദ്യപിക്കാൻ നിർബന്ധിച്ചിരുന്നില്ലെന്ന് സി. കേശവൻ ഓർക്കുന്നു. ജാതിചിന്ത തീണ്ടിയിട്ടില്ലാത്ത വ്യക്തിയായിരുന്നു ഇ. വി. ശ്രീനാരായണഗുരുവിനെ ആത്മാർത്ഥമായി ഇ. വി. ബഹുമാനിച്ചിരുന്നു. ഇ. വി. യ്ക്ക് എന്തെല്ലാം ദൂഷ്യങ്ങളുണ്ടെങ്കിലും ഗാന്ധിജിയ്ക്കും ശ്രീനാരായണഗുരുവിനുമൊപ്പം സ്വർഗ്ഗത്തു പോകുന്നതിനെക്കാൾ ഇ. വി. യുമൊത്ത് നരകത്തിൽ കഴിയുന്നതാണ് തനിക്കിഷ്ടമെന്ന് സി. കേശവൻ അഭിപ്രായപ്പെടുന്നു.

> ▶ സത്യാഗ്രഹത്തിനാവേശം പകരാൻ ഗാന്ധിജി കേരളം സന്ദർശിച്ചു

മറ്റുള്ളവരുടെ നിർബന്ധത്തിനുവഴങ്ങിയും നല്ല കാര്യങ്ങൾക്കുവേണ്ടിയുള്ള ധനസമാഹരണത്തിനായും തനിക്ക് പലപ്പോഴും നാടകാഭിനയം തുടരേണ്ടിവന്നു എന്ന് കേശവൻ പറയുന്നു. എസ്. എൻ. ഡി. പി. വാർഷികത്തിന് ധനശേഖരണാർത്ഥം അഭിനയിക്കേണ്ടിവന്ന സന്ദർഭം അദ്ദേഹം ഓർക്കുന്നു. ശാകുന്തളം നാടകമായിരുന്നു. തനിക്കു ദുഷ്യന്തന്റെ വേഷമായിരുന്നു. ചിത്രമെഴുത്തു വിക്രമൻ തമ്പി, മുക്കുവൻ കൃഷ്ണപിള്ള, വർക്കല അമ്മുക്കുട്ടിയമ്മ എന്നിവർ മറ്റ് അഭിനേതാക്കൾ. എല്ലാറ്റിനും സൂത്രധാരത്വം വഹിച്ചുകൊണ്ട് ഇ. വി. കൃഷ്ണപിള്ളയും ഉണ്ടായിരുന്നു. നാടകം വൻവിജയമായിരുന്നു. ഒരു നടനെന്ന തൊഴിൽകൊണ്ടു നടന്നിരുന്നുവെങ്കിൽ തനിക്ക് നല്ല സമ്പാദ്യം ഉണ്ടാക്കാൻ പ്രയാസമില്ലായിരുന്നു. ശിവഗിരി സ്കൂളിന്റെ ധനശേഖരണാർത്ഥം നടത്തിയ നാടകാഭിനയം ഫലത്തിൽ ഒരു നാടകവിമർശനമായിത്തീർന്ന കഥ, സി. കേശവൻ സരസമായി വിവരിക്കുന്നു. സംഗീത നാടകം പൊടിപൊടിച്ചുനടക്കുന്ന കാലമായിരുന്നു. ഈ നാടകരീതിയെ പരിഹസിച്ചുകൊണ്ട് നിമിഷത്തിനകം ഇ. വി. ഒരു പ്രഹസനം തയ്യാറാക്കി. സി. കേശവനും കൂട്ടരും അഭിനയിച്ചു. ആ നാടകം തുടക്കം മുതൽ അവസാ

> ▶ ശിവഗിരി സ്കൂളിന്റെ ധനശേഖരണാർത്ഥം നടത്തിയ നാടകം ഫലത്തിൽ ഒരു നാടകവിമർശനമായിത്തീർന്നു



SGOU

നംവരെ പ്രേക്ഷകരെ ഇളക്കിമറിച്ചു. ആ ചിരിയുടെ ഗംഭീരധ്വനി ശിവഗിരിയിൽ ഉറക്കത്തിലായിരുന്ന ശ്രീനാരായണഗുരുവിന്റെ നിദ്രയെപ്പോലും ഭഞ്ജിച്ചതായി പിന്നീടറിയാൻ കഴിഞ്ഞു.

പരവൂരിൽ സ്ഥാപിച്ച സന്മാർഗപ്രദായിനിസഭ പരവൂർ അതിർത്തിക്കുള്ളിൽ മദ്യഷോപ്പുകളോ മദ്യപാനമോ പാടില്ലെന്നു ശഠിച്ചു. ആ ജനകീയാവശ്യത്തിന് നേതൃത്വം നൽകിയവരിൽ സി. കേശവനും ഉണ്ടായിരുന്നു. പക്ഷേ, സർക്കാർ ഖജനാവിനു നഷ്ടം വരുത്തുന്ന ഈ പ്രസ്ഥാനത്തെ തകർക്കാൻ സർക്കാർതലത്തിൽതന്നെ ശ്രമം നടത്തിയിരുന്നു. എങ്കിലും പ്രവർത്തനം ശക്തമായി മുന്നോട്ടുപോയി. അതോടെ സി. കേശവന്റെ ആത്മാർഥതയും ശേഷിയും സർവത്ര അംഗീകൃതമായി. ഈഴവസമുദായം സി. കേശവനെ പ്രതീക്ഷയോടെ ഉറ്റുനോക്കി. എസ്. എൻ. ഡി. പിയിലൂടെ വേണം അന്ന് നേതൃനിരയിലെത്തേണ്ടിയിരുന്നത്. എസ്. എൻ. ഡി. പി. യോഗത്തിന്റെ ചരിത്രപരമായ വളർച്ച സി. കേശവൻ വിവരിക്കുന്നു. സമുദായസ്നേഹം വേണ്ടസമയത്തു പ്രകടിപ്പിക്കാത്ത പലരും പെൻഷനായശേഷം സമുദായസ്നേഹം പ്രകടിപ്പിച്ച് പദവികൾ മോഹിച്ചെത്താറുണ്ടായിരുന്നു. എം. ഗോവിന്ദൻ പെൻഷൻ പറ്റിയശേഷം യോഗം സെക്രട്ടറിയാകാൻ വന്നപ്പോൾ സി. കേശവനു സഹിച്ചില്ല. ഒരു യോഗത്തിൽവച്ച് പ്ലാറ്റ്ഫോമിൽ ചാടിക്കയറി ഗോവിന്ദന്റെ സ്ഥാനാർത്ഥിത്വത്തെ ഘോരഘോരം കേശവൻ എതിർത്തു. സദസ് നിശബ്ദമായി പ്രസംഗം ശ്രവിച്ചു. പക്ഷേ ഗോവിന്ദൻ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

> ▶ എസ്. എൻ. ഡി. പി. യോഗത്തിന്റെ ചരിത്രപരമായ വളർച്ച

ചരിത്രകാരൻ, സാമൂഹികപരിഷ്കർത്താവ്, നടൻ, ഗായകൻ, മുഖം നോക്കാതെ അഭിപ്രായം പറയുന്ന ധീരൻ എന്നീ നിലകളിൽ സവിശേഷ വ്യക്തിത്വമാണ് കേശവനുണ്ടായിരുന്നതെന്ന് ഈ കൃതി വ്യക്തമാക്കുന്നു. കാലഘട്ടത്തെയും മഹാന്മാരെയും തന്റേതായ നിലയിൽ പുനരാവിഷ്കരിക്കാനും പുനർമൂല്യനിർണ്ണയം ചെയ്യാനും സി. കേശവനു കഴിയുന്നു. ഇ. വി. കൃഷ്ണപിള്ളയെ സി. കേശവൻ ഹൃദയംകൊണ്ടാണ് അളന്നു കുറിച്ചിരിക്കുന്നത്. ഒരു പക്ഷേ ഇ. വി. യുടെ സങ്കീർണ്ണമായ വ്യക്തിത്വവും പ്രതിഭാവിലാസവും കേശവനോളം സൂക്ഷ്മമായി മറ്റാരും മനസ്സിലാക്കിയിട്ടില്ല. ശ്രീ. പാൾ എന്ന വ്യക്തിയുടെ അപൂർവ മാഹാത്മ്യം വിവരിക്കുമ്പോൾ അറിയപ്പെടാതെപോകുന്ന മഹാത്മാക്കൾ ധാരാളമുണ്ടെന്ന് തോന്നിപ്പോകും. സി. കേശവന്റെ രചനാശൈലി ആത്മാർത്ഥത മുറ്റിയതും നൈസർഗികഗദ്യത്തിന്റെ സുഗന്ധം നിറഞ്ഞതുമാണ്.

> ▶ കാലഘട്ടത്തെയും മഹാന്മാരെയും പുനർമൂല്യനിർണ്ണയം ചെയ്യാൻ സി. കേശവനു കഴിഞ്ഞു

SGOU

## Summarised Overview

മലയാളത്തിലെ ആത്മകഥാസാഹിത്യത്തിന് ഏതാണ്ട് ഒരു നൂറ്റാണ്ടുകാലത്തെ ചരിത്രമാണുള്ളത്. നോവൽ, ചെറുകഥ, ഗദ്യനാടകം തുടങ്ങിയ ഇതരസാഹിത്യശാഖകളെപ്പോലെ ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേയ്ക്കു സംക്രമിച്ച പുതിയൊരു പ്രസ്ഥാനമാണ് ആത്മകഥയെന്നാണ് പരക്കെയുള്ള വിശ്വാസം. എന്നാൽ സാഹിത്യനിരൂപകൻമാരുടെ ഇടയിൽ അതിന് എതിരായ അഭിപ്രായവും ഇല്ലെന്നില്ല. സംസ്കൃതത്തിൽനിന്ന് പല മാതൃകകൾ ഇന്ത്യൻ ഭാഷകളെല്ലാം സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ മലയാളത്തിലെ ആത്മകഥയ്ക്ക് സംസ്കൃതഭാഷയുമായി പറയത്തക്ക ഒരു ബന്ധവും ഉണ്ടെന്നു തോന്നുന്നില്ല. മുഗൾവംശസ്ഥാപകനായ ബാബറും അദ്ദേഹത്തിന്റെ പിൻഗാമികളിൽ ഒരാളായ ജഹാംഗീറും പേർഷ്യൻ ഭാഷയിൽ തങ്ങളുടെ ആത്മകഥകൾ രചിച്ചിട്ടുണ്ടെന്നുള്ളത് ഒരു ചരിത്രയാഥാർഥ്യമാണ്. ഇംഗ്ലീഷിന്റെ പ്രചുരപ്രചാരം ഇന്ത്യയിലുണ്ടായതിന്റെ ഫലമായി പ്രശസ്തരായ പല ഭാരതീയരും ആംഗലഭാഷയിൽ ആത്മകഥകൾ രചിച്ചുതുടങ്ങി. കൂട്ടത്തിൽ പഴക്കമുള്ള ഒരു കൃതിയായി കണക്കാക്കാവുന്നത് വിശാഖം തിരുനാളിന്റെ ഇംഗ്ലീഷിലുള്ള ആത്മകഥാസംഗ്രഹമാണ്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ' മലയാളത്തിലെ പ്രശസ്തമായ ആത്മകഥയാണ്. തുടർന്നുള്ള ഏഴുദശകങ്ങളിലായി വലുതും ചെറുതുമായ നൂറോളം കൃതികൾ ആത്മകഥാവിഭാഗത്തിൽ ഉണ്ടായിട്ടുണ്ട്.

സി. കേശവന്റെ ആത്മകഥയായ ജീവിതസമരം അദ്ദേഹത്തിലെ സാമൂഹികപ്രവർത്തകനെ മാത്രമല്ല, സി. കേശവനെന്ന വ്യക്തിയെയും അനാവരണം ചെയ്യുന്നു. 'ജീവിതസമരം' ഒരാത്മാന്വേഷണമല്ല. സ്വകാര്യജീവിതത്തെക്കാൾ സാമൂഹികപ്രശ്നങ്ങളിൽ വ്യാപൃതനായ ഒരു വ്യക്തിയുടെ ജീവിതകഥയാണത്. എങ്കിലും ശക്തമായ ഇഷ്ടാനിഷ്ടങ്ങളും, സ്വകാര്യമായ നിലപാടുകളും ധീരമായ ജീവിതവിമർശനവും അഗാധമായ ജീവിതാബോധവും പ്രകടമാക്കുന്ന കൃതിയാണിത്. 1891 മേയ് 23-ാം തീയതി ജനിച്ച കേശവൻ ജീവിച്ചത് മനുഷ്യസ്വാതന്ത്ര്യത്തിനുവേണ്ടി, പ്രാഥമികമായ മാനുഷികാവശ്യങ്ങൾക്കുവേണ്ടി മനുഷ്യർ പോരാട്ടങ്ങൾ ചെയ്തുകൊണ്ടിരുന്ന കാലത്താണ്. ലോകമഹായുദ്ധങ്ങൾ വറുതിവിതച്ച കാലമായിരുന്നു അത്. ശ്രീനാരായണഗുരു ഉൾപ്പെടെയുള്ള സാമൂഹ്യപരിഷ്കർത്താക്കൾ ഉഴുതിട്ട മണ്ണായിരുന്നു. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരപ്രസ്ഥാനം ചൂടുപിടിച്ച കാലമായിരുന്നു. മനുഷ്യസ്നേഹിയായ ഒരു വ്യക്തിക്ക് തികച്ചും സ്വകാര്യമായൊരു ജീവിതം അസാധ്യമായിരുന്നു അന്ന്. മനുഷ്യസ്നേഹിയും നിർഭയനുമായിരുന്ന സി. കേശവൻ കേരളീയവും ഭാരതീയവും അന്തർദ്ദേശീയവുമായ എല്ലാ സംഭവവികാസങ്ങളോടും ധീരമായി പ്രതികരിച്ചുകൊണ്ടാണ് വളർന്നത്. അതിനാൽ സി. കേശവൻ രാഷ്ട്രീയവും സാമൂഹികവുമായ ജീവിതം മനഃപൂർവം തിരഞ്ഞെടുക്കുകയായിരുന്നു.

## Assignments

1. ആത്മകഥാ രചനയുടെ സവിശേഷതകൾ വിവരിക്കുക.
2. 'ജീവിതസമരം' എന്ന് ഈ ഗ്രന്ഥത്തിന് പേരിട്ടത് എന്തുകൊണ്ടാകാം? വിവരിക്കുക.
3. ആത്മകഥാകാരനും സാസ്കാരികപഠിതാവും ഒന്നിക്കുന്ന ഗ്രന്ഥമാണ് 'ജീവിതസമരം' പരിശോധിക്കുക.
4. സി. കേശവന്റെ ജീവിതത്തെ സ്വാധീനിച്ച വ്യക്തികളെ സ്മരിക്കുന്നത് എപ്രകാരമാണ്?

5. സമൂഹത്തിൽ നടമാടിയിരുന്ന ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ കേരളത്തിൽ നടന്ന സമരങ്ങളെക്കുറിച്ച് വിവരിക്കുക.
6. 'ജീവിതസമരം' എന്ന സി . കേശവന്റെ ആത്മകഥ രേഖപ്പെടുത്തുന്ന കാലത്തിന്റെ സാമൂഹികാവസ്ഥ വിവരിക്കുക.

## Suggested Readings


1. സി. കേശവൻ, ജീവിതസമരം, എൻ. ബി. എസ്. കോട്ടയം.
2. മാധവിക്കുട്ടി, 'എന്റെകഥ', ഡി. സി. ബുക്സ്, കോട്ടയം.
3. കെ. ആർ. ഗൗരിയമ്മ, ആത്മകഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. ജയകുമാർ, വിജയാലയം, ആത്മകഥാസാഹിത്യം മലയാളത്തിൽ., എൻ. ബി. എസ് കോട്ടയം.


## References


1. ഡോ. കെ. എം. ജോർജ്(എഡി), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
2. എരുമേലി പരമേശ്വരൻ പിള്ള, സാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ
3. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ഇ. വി. രാമകൃഷ്ണൻ (എഡി.) സ്ത്രീ, സ്വത്വം, സമൂഹം, മാധവിക്കുട്ടി പഠനങ്ങൾ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ആധുനികഗദ്യം (1950 മുതൽ 1990 വരെ)

# BLOCK-03

## Block Content

യൂണിറ്റ് - 1

1. എസ്. കെ. പൊറ്റെക്കാട്ട്- കാപ്പിരികളുടെ നാട്ടിൽ
2. എൻ. വി. കൃഷ്ണവാര്യർ - ഭൂമിയും മനുഷ്യനും

യൂണിറ്റ് - 2

1. സി. ജെ. തോമസ് - ഞാൻ
2. കെ. ആർ. ഗൗരിയമ്മ - ആത്മകഥയിൽനിന്നൊരു ഭാഗം (അധ്യായം - 7)

യൂണിറ്റ് - 3

1. പി. അപ്പുക്കുട്ടൻ, വി. ബാബുസേനൻ - ഡാർവിനിസത്തിന്റെ ചൂഷകരും, വൈരികളും (ജീവസുറ്റ ജീവശാസ്ത്രം)

യൂണിറ്റ് - 4

1. എം. എൻ. കാരശ്ശേരി - ഉമ്മമാർക്ക് വേണ്ടി ഒരു സങ്കടഹർജി

SGOU

Unit 1

# 1. കാപ്പിരികളുടെ നാട്ടിൽ

**എസ്. കെ. പൊറ്റെക്കാട്ട്**

## Learning Outcomes

- സഞ്ചാരസാഹിത്യത്തെക്കുറിച്ച് മനസിലാക്കുന്നു
- സഞ്ചാരസാഹിത്യരചനയിൽ എസ്. കെ. പൊറ്റെക്കാട്ട് പുലർത്തുന്ന സവിശേഷതകൾ തിരിച്ചറിയുന്നു
- ആഫ്രിക്കൻ വൻകരയിലെ ജനജീവിതത്തെക്കുറിച്ച് അറിവ് നേടുന്നു
- മനുഷ്യന്റെയും പ്രകൃതിയുടെയും മർദ്ദനമേറ്റ് ജീവിക്കേണ്ടിവരുന്ന ആഫ്രിക്കയിലെ അരിക്‌വൽക്കരിക്കപ്പെട്ട ജീവിതങ്ങളെക്കുറിച്ച് ഉൾക്കാഴ്ച ലഭിക്കുന്നു
- ആഫ്രിക്കയിൽ ഇന്ത്യൻ കുടുംബങ്ങൾ തമ്മിൽ നിലനിന്നുപോരുന്ന വിവേചനം മനസിലാക്കാൻ കഴിയുന്നു

## Background

**അച്ചടിയുടെ ആരംഭം**

അച്ചടി എന്ന മാധ്യമം, ലോകത്തെ വലിയരീതിയിൽ സ്വാധീനിച്ച ഒന്നാണ്. അച്ചടിസംസ്കാരം വായനാസമൂഹം എന്ന പുതിയൊരു സമൂഹസ്വത്വത്തിലേക്കാണ് ലോകത്തെ നയിച്ചത്. മലയാളത്തിൽ മിഷനറിമാരുടെ പ്രവർത്തനങ്ങളാണ് അച്ചടിയുടെ തുടക്കത്തിനും പ്രചാരണത്തിനും കാരണമായത്. അച്ചടിയുടെയും ഗദ്യത്തിന്റെയും രംഗത്തുണ്ടായ ക്രിസ്ത്യൻ മിഷനറിമാരുടെ സംഭാവനകൾ മലയാളഭാഷയെ പുതിയതലത്തിലേയ്ക്ക് ഉയർത്തി. ആരംഭകാലത്ത് മതപ്രചരണത്തിനുവേണ്ടിയുള്ള പുസ്തകങ്ങൾ മാത്രം പുറത്തിറക്കിയിരുന്ന അച്ചുകൂടങ്ങൾ വിജ്ഞാന മേഖലകളെക്കുറിച്ചുള്ള പുസ്തകങ്ങൾ, യാത്രാവിവരണങ്ങൾ, ജീവചരിത്രങ്ങൾ, ആത്മകഥകൾ തുടങ്ങി മതേതരവിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള നിരവധി കൃതികൾ പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. കേരളവർമ്മ, 'പാഠാവലി'കളിൽ ഗദ്യത്തിനു പ്രാധാന്യം കൊടുത്തത് 1860കളിലാണ്. പാഠ്യപദ്ധതികളിലൂടെ ഗദ്യകേന്ദ്രീകൃതമായ സാഹിത്യസംസ്കാരം പ്രബലമായി. ഗദ്യത്തിന്റെ വികാസം, ഭാഷാദേശീയത, ലിപിവ്യവസ്ഥയുടെ മാനകീകരണം, അച്ചടിക്കുവേണ്ടിയുള്ള ശുദ്ധപാഠനിർമ്മിതി എന്നീ ഘടകങ്ങളെ ഭാഷാനവോത്ഥാനത്തിന്റെയും കേരളീയാധുനീകരണത്തിന്റെയും ചരിത്രസംഭവങ്ങളുമായി ബന്ധപ്പെടുത്താവുന്നതാണ്. മലയാളത്തിന്റെ വളർച്ചയുടെ അടയാളങ്ങളായാണ് ഗദ്യകേന്ദ്രിതമായ ആഖ്യാനരൂപങ്ങളെ കാണുന്നത്.

**സഞ്ചാരസാഹിത്യം**

മനുഷ്യരുടെ സാംസ്കാരികപുരോഗതി ദേശാടനവുമായി ബന്ധപ്പെടുന്നു. പ്രാചീനനാഗരികതകൾ വികാസം പ്രാപിക്കാൻ തുടങ്ങിയതിനുശേഷം സഞ്ചാരികൾ യാത്രാനുഭവം രേഖപ്പെടുത്തുവാനാരംഭിച്ചു. ആദ്യകാലത്തെ സമുദ്രയാത്രാവർണ്ണനകൾ അജ്ഞാതവനങ്ങളിലേക്കും മരുഭൂമികളിലേക്കും നദിയുടെ ഉത്പത്തിസ്ഥാനങ്ങളിലേക്കും നടത്തിയ സാഹസിക യാത്രകളായിരുന്നു. സാഹിത്യത്തിൽ കാല്പനികതയ്ക്ക് പ്രാധാന്യം കൈവന്നപ്പോൾ വ്യക്തിഭാവ

ങ്ങൾക്കും അനുഭവങ്ങൾക്കും പ്രാധാന്യം കൈവന്നു. യാത്രാവിവരണങ്ങൾ ആത്മകഥയോ ടടുക്കുവാൻ അത് കാരണമായി. പ്രമേയത്തേക്കാൾ എഴുത്തുകാരന്റെ രചനാകൗശലത്തിനും ആത്മാർത്ഥതയ്ക്കും സഞ്ചാരസാഹിത്യത്തിൽ പ്രാധാന്യമുണ്ട്. അസാധാരണ അനുഭവങ്ങൾ രസകരമായി അവതരിപ്പിക്കാനുള്ള കഴിവാണ് സഞ്ചാരസാഹിത്യകാരൻ ആർജിക്കേണ്ടത്. എഴുത്തുകാരന്റെ ആത്മാംശത്തിനാണ് ഇതിൽ പ്രാധാന്യം. മനുഷ്യർ തങ്ങളുടെ ചരിത്രവും ഭാഗധേയവും പടുത്തുയർത്തിയതെങ്ങനെയെന്നും അതിൽ അവന്റെ വിജയ-പരാജയങ്ങൾ എത്രമാത്രമെന്നും ചിത്രീകരിക്കുവാൻ കൃതികൾക്കു കഴിയണം. വസ്തുസ്ഥിതി കഥനത്തേ ക്കാൾ മാനവചൈതന്യമാണ് അവയെ ഹൃദയഹാരിയാക്കുന്നത്. ചരിത്രം, ഭൂമിശാസ്ത്രം, കല, സാഹിത്യം, നരവംശശാസ്ത്രം, പ്രകൃതിശാസ്ത്രം തുടങ്ങി ഏതു വിജ്ഞാനവും യാത്രാവിവ രണത്തിൽ ഉൾപ്പെടുത്താം.

1949-ൽ നടത്തിയ ആഫ്രിക്കൻ പര്യടനത്തിലെ ആദ്യഘട്ടങ്ങളിലെ ചില കാഴ്ചകളുടെയും അനുഭവങ്ങളുടെയും വിവരണങ്ങളാണ് 'കാപ്പിരികളുടെ നാട്ടിൽ' എന്ന കൃതി. വെള്ളക്കാരു ടെ ഭരണത്തിൻ കീഴിലായിരുന്നു അക്കാലത്ത് കിഴക്കേആഫ്രിക്കൻ നാടുകളെല്ലാം. ഒരിന്ത്യ ക്കാരൻ എന്ന നിലയിൽ ദക്ഷിണ റൊഡേഷ്യയിൽ 1949ൽ തനിക്കു നേരിട്ട ദുരിതാനുഭവങ്ങൾ അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. 1949ൽ എസ്. കെ. സ്വതന്ത്രഇന്ത്യയിൽനിന്ന് ആഫ്രിക്കയിൽ പ്രവേശിക്കുമ്പോൾ അവിടെ കോളനിവാഴ്ച അതിന്റെ തീവ്രതയിലായിരുന്നു. ആ ആഫ്രിക്കൻ ഭൂപടം ഇന്ന് മാറ്റിവരക്കപ്പെട്ടു. അദ്ദേഹം യാത്രചെയ്ത പല സ്ഥലങ്ങളുടെയും പേരുകൾ ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു.

നിരവധി രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെങ്കിലും താൻ ഏറ്റവും ഇഷ്ടപ്പെടുന്നത് ആഫ്രിക്കൻ രാജ്യമാണെന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. പച്ചമനുഷ്യരെ കാണണമെങ്കിൽ ആഫ്രിക്കൻ രാജ്യ ങ്ങളിൽ പോകണമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ആ മഹാകഥാകാരനിലൊളിഞ്ഞിരുന്ന റൊമാന്റിക്കും സാഹസികനുമായ ദേശാടകനായിരുന്നിരിക്കണം ഇരുളടഞ്ഞ ആഫ്രിക്കയെ ധൈര്യപൂർവം മോചിപ്പിച്ചത്. സഞ്ചാരത്തെ കലയായി സ്വീകരിച്ച ആദ്യത്തെ ഇന്ത്യൻ എഴു ത്തുകാരനാണ് എസ്. കെ. പൊറ്റെക്കാട്ടെന്ന് സക്കറിയ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നുണ്ട്. താൻകണ്ട നാടുകളെയും അവിടുത്തെ ജനസമൂഹങ്ങളെയും അവരുടെ ജീവിതസവിശേഷത കളെയും കലാഭംഗിയോടെ അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് അനായാസം സാധിച്ചു. കാപ്പി രികളുടെ നാട്ടിൽ, നൈൽ ഡയറി, ബാലിദ്വീപ്, പാതിരാസൂര്യന്റെ നാട്ടിൽ തുടങ്ങി നിരവധി കൃതികൾ അദ്ദേഹം രചിച്ചു. 'സഞ്ചാരസാഹിത്യത്തിലെ എമ്പയർ സ്റ്റേറ്റ് ബിൽഡിംഗ്സ് 'എന്നും മലയാളത്തിലെ 'ജോൺഗന്തർ' എന്നും വിശേഷിപ്പിക്കപ്പെട്ട എഴുത്തുകാരനാണ് എസ്. കെ. പൊറ്റെക്കാട്ട്. നവോത്ഥാനകാലഘട്ടത്തിലെ പ്രമുഖ നോവലിസ്റ്റും ചെറുകഥാകൃത്തുമായിരു ന്നു അദ്ദേഹം. 'നാടൻകഥകളും നാടൻതമാശകളും നാട്ടുപഴമൊഴികളും നാടൻപാട്ടുപോലെ നിറഞ്ഞൊഴുകുന്ന ഒരു നാടോടിസംസ്കാരത്തിന്റെ അനശ്വരമായ ചിത്രശാലയാണ് പൊറ്റെ ക്കാട്ടിന്റെ കഥാപ്രപഞ്ചമെന്ന്' സുകുമാർ അഴിക്കോട് വിലയിരുത്തിയിട്ടുണ്ട്. ലോകസഞ്ചാ രിയായ പൊറ്റെക്കാട്ടിന്റെ 'സിക്കാരി', 'കറുത്ത കൗമുദി', 'കുലദ്രോഹി' തുടങ്ങി നിരവധി കഥകൾ ആഫ്രിക്കയുടെയും നൈറോബിയുടെയും പശ്ചാത്തലത്തിൽ എഴുതപ്പെട്ടവയാണ്. വിദേശമണ്ണിൽനിന്ന് ചികഞ്ഞെടുത്ത് അവതരിപ്പിച്ച കഥാപാത്രങ്ങൾ വൈവിധ്യമുള്ളവരാണ്.

## Keywords

സഞ്ചാരസാഹിത്യം -കാപ്പിരികളുടെ നാട്ടിൽ-ആഫ്രിക്ക-അവതരണരീതിയുടെ സവിശേഷ ത-ഭൂപ്രകൃതി-സംസ്കാരം-ഭാഷ

## Discussion

### 3.1.1 കാപ്പിരികളുടെ നാട്ടിൽ എസ്. കെ. പൊറ്റെക്കാട്ട്

കൊച്ചു കൊച്ചു ചിത്രങ്ങളിലൂടെ ഒരു മഹാപ്രപഞ്ചത്തെ ആവാഹിച്ചെടുക്കാനുള്ള കരവിരുതാണ് എസ്. കെ. യുടെ യാത്രാവിവരണത്തെ മറ്റുള്ളവരുടേതിൽനിന്നും വേർതിരിച്ചുനിർത്തുന്നത്. ആഫ്രിക്കയിലെ കാപ്പിരികളെക്കുറിച്ചു വിവരിക്കുമ്പോൾ വായനക്കാരെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ആഫ്രിക്കയിലെ മനുഷ്യരുടെ ഹൃദയം അദ്ദേഹം മറനീക്കിക്കാണിക്കുന്നത്. ലോകമെമ്പാടുമുള്ള മനുഷ്യരെ കാണാനും മനുഷ്യസ്വഭാവവൈചിത്ര്യങ്ങളെ പഠിക്കാനുമാണ് എസ്. കെ. ലോകസഞ്ചാരം നടത്തിയത്. മനുഷ്യന്റെ സ്നേഹവും സൗന്ദര്യവും മഹത്വവും പൊറ്റെക്കാട്ടിന്റെ യാത്രാവിവരണങ്ങൾക്ക് പ്രത്യേക ചാരുത നൽകുന്നു. വിപുലമായ ദേശാടനത്തിലൂടെ അദ്ദേഹത്തിന്റെ ഹ്യുമനിസം വളർന്ന് വികസിക്കുന്നു. മനുഷ്യത്വം ഹനിക്കപ്പെടുകയും ചൂഷണവും മർദ്ദനവും ഉയരുകയും ചെയ്യുന്നിടത്ത് അദ്ദേഹത്തിലെ മനുഷ്യസ്നേഹിയുടെ പ്രതിഷേധസ്വരം ഉയർന്നു കേൾക്കാം. വെള്ളക്കാരന്റെ ആധിപത്യവും വർണവിവേചനവും നിലനിന്നിരുന്ന ആഫ്രിക്കയെക്കുറിച്ചെഴുതപ്പെട്ട കൃതികളിലെല്ലാം ഈ പ്രതിഷേധശബ്ദം ഉച്ചസ്ഥായിയിലാണെന്നു കാണാം. പല രാജ്യങ്ങളും തന്നെ ആകർഷിച്ചിട്ടുണ്ടെങ്കിലും തന്റെ ഹൃദയത്തിൽ മായാതെ കിടക്കുന്ന രാജ്യം ആഫ്രിക്കയാണെന്ന് അഭിമാനത്തോടെ അദ്ദേഹം പറഞ്ഞിരുന്നു. അവിടെ മാത്രമാണ് യഥാർത്ഥ മനുഷ്യൻ എന്ന അസംസ്കൃതജീവിയെ, പച്ചമനുഷ്യനെ താൻ കണ്ടതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 'മുഖം മൂടികളില്ലാത്ത പച്ചമനുഷ്യന്റെ സുഗന്ധവും സ്നേഹവുമാണ്' എസ്. കെ.യുടെ യാത്രാവിവരണങ്ങളെ ചേതോഹരമാക്കുന്നതെന്ന് വി. രമേഷ്ചന്ദ്രൻ 'സഞ്ചാരസാഹിത്യം മലയാളത്തിൽ' എന്ന കൃതിയിൽ നിരീക്ഷിക്കുന്നുണ്ട്.

- മനുഷ്യന്റെ സ്നേഹവും സൗന്ദര്യവും മഹത്വവും യാത്രാവിവരണങ്ങൾക്ക് പ്രത്യേക ചാരുത നൽകുന്നു

ആഫ്രിക്കയുടെ മണ്ണിൽ, ബൈറ, ദക്ഷിണറൊഡേഷ്യയിൽ, വിക്ടോറിയ വെള്ളച്ചാട്ടം, കിഴക്കേ ആഫ്രിക്കയിലെ ഇന്ത്യക്കാർ, ബ്ലാൻടയറിൽ നിന്ന് ഡൊഡോമയിലേക്ക് ന്യാസാലന്റിലേക്ക് ഒരു തിരിഞ്ഞുനോട്ടം, സ്വഹിലി ഭാഷ. ഇന്ത്യൻബാന തുടങ്ങിയ ഒൻപത് അധ്യായങ്ങൾ 'കാപ്പിരികളുടെ നാട്ടിൽ' എന്ന കൃതിയിലുണ്ട്. ആഫ്രിക്കൻ ജീവിതത്തിന്റെ നേർചിത്രം, ആഫ്രിക്കൻ വൻകരയിലെ ജനതയെ മുഴുവൻ പ്രതിനിധീകരിക്കുന്ന അർധനഗ്നനായ ഒരു കൂറ്റൻ കാപ്പിരിയുടെ രൂപം അവതരിപ്പിച്ചുകൊണ്ടാണ് എസ്. കെ. തന്റെ കൃതി ആരംഭിക്കുന്നത്. ആഫ്രിക്കയെന്ന ഇരുട്ടറയെ കണ്ടെത്താൻ ശ്രമിച്ച സാഹസികരായ നോർവേ നാവികരുടെ കപ്പൽ കടലിൽ പ്രത്യക്ഷപ്പെട്ടപ്പോഴും കാപ്പിരികൾക്ക് ഇതേ അനുഭവം തന്നെയുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം കരുതിയിരുന്നു. 25000 വർഷങ്ങൾക്കപ്പുറവും കാപ്പിരി ജനതയെ വെള്ളക്കാർ തങ്ങളുടെ കൈക്കരുത്തുകൊണ്ട് അകറ്റി നിർത്തുന്ന കാഴ്ചയാണ് ചരിത്രം ബോധ്യപ്പെടുത്തുന്നത്. ഇരുപതാംനൂറ്റാണ്ടിലും ആ ദയനീയ കാഴ്ച ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

- കാപ്പിരി ജനതയെ വെള്ളക്കാർ അകറ്റി നിർത്തുന്നു

SGOU

വെളുത്തവന്റെ മർദ്ദനത്തോടൊപ്പം പ്രകൃതിയും അവർക്കെതിരെ നിലയുറപ്പിക്കുന്നു. ഹിമഭിത്തികൾ ഉരുകിയൊലിച്ച് പുതിയ നദികളുണ്ടാകുകയും, സമുദ്രവിതാനം പൊങ്ങി അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവപ്പെടുകയും ചെയ്യുന്നു. ചിലയിടങ്ങളിൽ കൊടുങ്കാറ്റും പേമാരിയും, മറ്റു ചിലയിടങ്ങളിൽ നദികളും തടാകങ്ങളും വറ്റി വരളുന്നു. നൂറ്റാണ്ടുകളായി തുടർന്നുപോന്ന ഇത്തരം പ്രകൃതിദുരന്തങ്ങളാൽ ആഫ്രിക്കയുടെ വടക്കുഭാഗം ഒരു വൻമരുഭൂമിയായി മാറിക്കഴിഞ്ഞു. അവിടെ എത്തിച്ചേർന്ന ഇന്ത്യൻ നെഗ്രിറ്റോ വർഗം മരുഭൂമിക്കും വൻകാടുകൾക്കും മധ്യേ അകപ്പെട്ടുപോയി. വർഷങ്ങളോളം അനുഭവിക്കേണ്ടിവന്ന ഏകാന്തത്തടവ് അവരെ മൃഗീയതയിലേയ്ക്ക് മാറ്റിയെന്നും എസ്. കെ. നിരീക്ഷിക്കുന്നു. 'ആഫ്രിക്കൻ നീഗ്രോ വിശ്വസിക്കാൻ കൊള്ളാത്ത ഒരു മൃഗമാണ്' എന്ന അഭിപ്രായം പുറപ്പെടുവിക്കുന്നവർ അവരുടെ ദയനീയ പൂർവചരിത്രം ഓർത്തുനോക്കിയിരുന്നെങ്കിൽ എന്ന് അദ്ദേഹം ചിന്തിക്കുന്നു. ഏതൊരു ജനതയേയും മുൻവിധിയോടെ സമീപിക്കാതെ അവരുടെ ജീവിതസാഹചര്യങ്ങൾകൂടി ഉൾക്കൊള്ളാൻ നാം തയ്യാറാകണമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുകയാണ്.

- ഏതൊരു ജനതയേയും അവരുടെ ജീവിതസാഹചര്യങ്ങൾക്കൂടി ഉൾക്കൊള്ളാൻ നാം തയ്യാറാകണം

ഭയംകൊണ്ട് മരവിച്ചുപോയ ഒരു വിചിത്രജീവിതമാണ് കാപ്പിരികളിൽ കാണുവാൻ കഴിയുന്നത്. മനുഷ്യന്റെയും പ്രകൃതിയുടെയും മർദ്ദനം നിരന്തരം അവർക്ക് ഏൽക്കേണ്ടിവരുന്നു. യുഗങ്ങൾക്കപ്പുറമാണ് അവരുടെ ഇന്നലെകൾ. നാളെയാവട്ടെ, നൂറ്റാണ്ടുകൾക്കപ്പുറവും. ദീർഘനിദ്രയിൽനിന്ന് അവർ ഉണർന്നുവരുന്നതേയുള്ളൂ. ദശാബ്ദങ്ങളും ശതാബ്ദങ്ങളും വേണ്ടിവരും അവൻ ആ മയക്കത്തിൽ നിന്ന് ഉണരാൻ. അവരുടെ സ്വഭാവവും ചേഷ്ടകളും മനഃശാസ്ത്രജ്ഞരെപ്പോലും ഞെട്ടിച്ചുകൊണ്ടിരിക്കുന്നതിനും കാരണം അതുതന്നെയാണെന്ന് എസ്. കെ. നിരീക്ഷിക്കുന്നു. സ്നേഹം, നന്ദി, വിശ്വാസം തുടങ്ങിയ മനോഭാവങ്ങൾ അവർക്ക് അന്യമാണ്. നാളെയെക്കുറിച്ചുള്ള ചിന്ത അവരെ അലോസരപ്പെടുത്തുന്നില്ല. ഏതു കടുംകൈ ചെയ്യാനും അവർ മടിക്കുന്നില്ല. ശരിയായ കാപ്പിരിയുടെ സ്വഭാവം എന്തെന്ന് മനസ്സിലാക്കുവാൻ എസ്. കെ ഒരനുഭവം പങ്കുവെയ്ക്കുന്നു. മൊംബാസയിലെ ഒരു കാപ്പിരി, തന്റെ അഞ്ചു വയസായ മകനെ ഉരലിലിട്ടു ചമ്മന്തിയാക്കി. വെള്ളം കൊണ്ടുവരാൻ പോയ അമ്മയോടൊപ്പം പോകാൻ അവൻ ശാഠ്യംപിടിച്ചു കരഞ്ഞപ്പോൾ കലി കയറിയ കാപ്പിരി അവനെ ഉരലിലിട്ട് അടുത്തു കിടന്നിരുന്ന ഉലയ്ക്കയെടുത്ത് ഇടിച്ച് അവന്റെ കരച്ചിൽ എന്നന്നേക്കുമായി മാറ്റി. കാപ്പിരിയുടെ സ്വഭാവം മനസിലാക്കിത്തന്നെയാണ് വെള്ളക്കാരൻ അവരെ ഭരിക്കുന്നത്. വിശപ്പുപറ്റിയ കാപ്പിരി നാട്ടിലെ ഏറ്റവും വലിയ വിപ്ലവകാരിയാണെന്ന് അദ്ദേഹം കണ്ടെത്തുന്നു. കളവും കുറ്റവും ചെയ്ത കാപ്പിരിയെ നിർദ്ദാക്ഷിണ്യം ഉപദ്രവിക്കുന്നതിന് വെള്ളക്കാരന് ഒരു മടിയുമില്ല. തന്റെ സ്വന്തം നാട്ടിൽ യാതൊരു സ്ഥാനവും കാപ്പിരിക്കില്ല. രാത്രി എട്ടുമണിക്കുശേഷം കുടിലിൽനിന്ന് പുറത്തിറങ്ങുന്നതും കാപ്പിരിക്കു കുറ്റകരമാണ്. ഒരു വെള്ളക്കാരിപ്പെണ്ണിനെ ബലാൽക്കാരം ചെയ്താൽ ഒരു കാപ്പിരിക്ക് വധശിക്ഷയാണ് വിധിക്കുന്നത്. എന്നാൽ ആഫ്രിക്കയിൽ ഇന്നു കാണുന്ന ലക്ഷക്കണക്കിനുള്ള 'കളേർഡ് ' ജാതികളിൽ, ഓരോ വെള്ളക്കാരന്റെയും വ്യഭിചാരം മുഴച്ചുനിൽക്കുന്നത് ആരും ഗൗനിക്കാറില്ലെന്ന് പൊറ്റെക്കാട്ട് വിമർശിക്കുന്നു.

- നാളെയെക്കുറിച്ചുള്ള ചിന്ത അവനെ അലോസരപ്പെടുത്തുന്നില്ല

പോർത്തുഗീസ് പൂർവാഫ്രിക്കയിലെ ഒരു പ്രധാന തുറമുഖ പട്ടണമാണ് ബൈറ. ബ്രിട്ടീഷ് അധീശസാമ്രാജ്യങ്ങളിലെ ഉല്പന്നങ്ങളുടെയും വനവിഭവങ്ങളുടെയും ബഹിർഗമനമാർഗം 'ബൈറ'യാണ്. പണ്ടുകാലത്ത് ചതുപ്പുനിലമായി കിടന്നിരുന്ന ഈ സ്ഥലം മലമ്പനിയും 'ബ്ലേക്ക് വാട്ടർ പനി'യും മൂലം ആയിരക്കണക്കിന് ആൾക്കാരെ കൊന്നൊടുക്കി, 'വെള്ളക്കാരന്റെ ശവക്കുഴി' എന്ന പേരും സമ്പാദിച്ചു. എന്നാൽ ഇന്ന് മനോഹരമായ ഒരു നഗരമാക്കി അതിനെ മാറ്റിയിരിക്കുന്നു. ഇതരരാജ്യങ്ങളിൽനിന്ന് യാത്ര ചെയ്യുന്ന ഏഷ്യാക്കാർക്ക് ഈ തുറമുഖം ഒരാശ്വാസകേന്ദ്രമാണ്. അതിനു കാരണം പോർത്തുഗീസാഫ്രിക്കയിൽ വർണവിദ്വേഷമില്ലെന്നതാണ്. ബസ്സിൽ യാത്ര ചെയ്യുന്നതിനും സിനിമ കാണുന്നതിനും യാതൊരു വിലക്കുമുണ്ടാവില്ല. ഇംഗ്ലീഷ് മാത്രം സംസാരിക്കുവാൻ അനുവാദമില്ല. പോർത്തുഗീസുകാർക്ക് ഇംഗ്ലീഷുകാരോടുള്ള വെറുപ്പ് വാസ്ഗോഡഗാമയുടെ കാലം മുതൽ ആരംഭിച്ചതാണെന്ന് എസ്. കെ. പറയുന്നു. തങ്ങളെ കീഴടക്കിയ ജനതയോടുള്ള രോഷം അവർ എന്നും സൂക്ഷിക്കുന്നു. 'ബൈറ' പട്ടണം സുന്ദരമാണെങ്കിലും ശുദ്ധജലക്ഷാമം നേരിടുന്ന സ്ഥലമാണ്.

► "വെള്ളക്കാരന്റെ ശവക്കുഴി''

ദക്ഷിണറൊഡേഷ്യയിൽ വെള്ളക്കാരന്റെ എല്ലാ അഹങ്കാരങ്ങളും വർണഭേദത്തിന്റെ പേരിൽ പൊട്ടിത്തെറിക്കുന്ന നാടാണ് റൊഡേഷ്യ. കാപ്പിരികൾക്കു വേണ്ടി പ്രത്യേക കമ്പാർട്ടുമെന്റുകൾ തീവണ്ടിയിലുണ്ട്. കാലിത്തൊഴുത്തിനേക്കാൾ മോശമായ അതിൽ കാറ്റും വെളിച്ചവും കടക്കാറില്ല. അതിന്റെ പിന്നിലുള്ള കമ്പാർട്ടുമെന്റിലായിരുന്നു എസ്. കെ. യാത്ര ചെയ്യുന്നത്. വീർപ്പുമുട്ടലിൽനിന്ന് രക്ഷപ്പെടാൻ തങ്ങളുടെ കമ്പാർട്ടുമെന്റിൽനിന്ന് ഉറക്കെ പാടുന്ന കാപ്പിരികളുടെ ശബ്ദം കേൾക്കാമായിരുന്നു എന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. വെള്ളക്കാരന്റെ സ്വേച്ഛാഭരണം തുടരുന്ന തെക്കൻ റൊഡേഷ്യയിൽ ഇന്ത്യക്കാരെ തങ്ങൾക്ക് ആവശ്യമില്ല എന്ന നയമാണ് സ്വീകരിച്ചു പോരുന്നത്. സിനിമാശാലകളിലും റെസ്റ്റോറന്റുകളിലും ഇന്ത്യക്കാർക്ക് പ്രവേശനമില്ല. പട്ടണത്തിന്റെ വൃത്തികെട്ട മൂലയിലാണ് അവർക്ക് പാർപ്പിടങ്ങൾ അനുവദിച്ചുകൊടുത്തിരിക്കുന്നത്.

► കാപ്പിരികൾക്കു വേണ്ടി പ്രത്യേക കമ്പാർട്ടുമെന്റുകൾ തീവണ്ടിയിലുണ്ട്

'റൊഡേഷ്യ'യിലെ ആദിവാസികളെക്കുറിച്ചുള്ള വിവരങ്ങൾ എസ്. കെ. പങ്കുവെയ്ക്കുന്നുണ്ട്. 'ബുഷ്മെൻ' എന്നറിയപ്പെടുന്ന കാട്ടാളരായിരുന്നു അവർ. ധാരാളം സ്വർണഖനികൾ അവിടെയുണ്ടായിരുന്നു. പിന്നീട്, ഫൊയിനീഷ്യൻ വർഗത്തിന്റെ ഒരവാന്തരവിഭാഗക്കാരായവർ ബുഷ്മെൻ വർഗത്തെ അടിച്ചോടിക്കുകയും സ്വർണം വിളയുന്ന ഖനികൾ സ്വന്തമാക്കുകയും ചെയ്തു. അവർ ഖനികൾ കുഴിക്കുകയും സ്വർണം സംരക്ഷിക്കാൻ കിടങ്ങുകളും മറ്റും നിർമ്മിക്കുകയും ചെയ്തു. വളരെക്കാലത്തോളം വെള്ളക്കാരനു കീഴടങ്ങാൻ കാപ്പിരികൾ തയ്യാറായില്ല. 1889-ൽ വിക്ടോറിയ മഹാരാജ്ഞി സൗത്താഫ്രിക്കൻ കമ്പനിക്ക് ആ നാടുകളുടെ ഭരണം വിട്ടുകൊടുത്തു. തെക്കൻ റൊഡേഷ്യ തെക്കേ ആഫ്രിക്കയുമായുള്ള ബന്ധം വേർപ്പെടുത്തി ഒരു സ്വതന്ത്രരാഷ്ട്രമായിത്തീർന്നത് എസ്. കെ. വിവരിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിലെ സ്വയംഭരണം സിദ്ധിച്ച ആദ്യത്തെ കോളനിയായി തെക്കൻ റൊഡേഷ്യ മാറി. ദക്ഷിണറൊഡേഷ്യയിലെ വാണിജ്യപ്രധാനമായ നഗരം ബുലുവായോവാണ്. 'മട്ടാബലെ' ഭാഷയിലെ ഈ

SGOU

പദത്തിനർത്ഥം കൊലക്കളം എന്നാണ്. യുദ്ധത്തിൽ പിടിച്ച ശത്രുക്കളെ കൂട്ടക്കൊല ചെയ്തിരുന്ന സ്ഥലമായിരുന്നു അത്. പട്ടണത്തിലെ കാപ്പിരികൾ, യൂറോപ്യൻരീതിയിൽ വസ്ത്രധാരണം ചെയ്യുന്നു. സ്കർട്ട് ധരിച്ച് തലയിൽ ഉറുമാൽ കെട്ടി ഹൈഹീൽഷൂസിന്റെ മുകളിൽ തത്തിത്തത്തിപ്പോകുന്ന ആ കറുത്ത മദാമ്മമാരെ കാണുമ്പോൾ ചിരി വരുമെന്ന് എസ്. കെ. അഭിപ്രായപ്പെടുന്നു. ധാരാളം 'കളേർഡ്' സ്ത്രീകളും റൊഡേഷ്യയിലുണ്ട്. വെള്ളക്കാർക്ക് ആഫ്രിക്കക്കാരിലുണ്ടായ സന്താനങ്ങൾക്കാണ് 'കളേർഡ്' എന്നു പറയുന്നത്. അവരെ നിറം പിടിപ്പിച്ചത് വെള്ളക്കാരന്റെ വ്യഭിചാരമാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ആ പുതുനിറം വ്യഭിചാരത്തിലേയ്ക്കുതന്നെ അവരെ വലിച്ചിഴക്കുകയും ചെയ്യുന്നു.

- ബ്രിട്ടീഷ് സാമ്രാജ്യത്തിലെ സ്വയംഭരണം സിദ്ധിച്ച ആദ്യത്തെ കോളനിയായി തെക്കൻ റൊഡേഷ്യ മാറി

തെക്കൻ റൊഡേഷ്യയുടെ സ്ഥാപകനായ സിസിൽറോഡ്സിന്റെ മാർബിൾ ശവകുടീരത്തെക്കാൾ തന്നെ ആകർഷിച്ചത് മട്ടാബലെ വർഗത്തിന്റെ സ്ഥാപകനായ കാപ്പിരിരാജാവ് മിസ്സിലിക്കാസ് അന്ത്യവിശ്രമംകൊള്ളുന്ന ഇടമാണെന്ന് അഭിമാനത്തോടെ പൊറ്റെക്കാട്ട് കുറിക്കുന്നു.

- കാപ്പിരിരാജാവ് മിസ്സിലിക്കാസ്

## വിക്ടോറിയ വെള്ളച്ചാട്ടം

ദക്ഷിണാഫ്രിക്കയുടെ നടുക്കുള്ള വിക്ടോറിയ വെള്ളച്ചാട്ടം ആദ്യമായി കണ്ടെത്തിയത് ഡേവിഡ് ലിവിങ്സ്റ്റൺ ആയിരുന്നു എന്നതിനെ സംബന്ധിച്ച് ഇന്നും നിലനിൽക്കുന്ന തർക്കത്തെ സൂചിപ്പിച്ചുകൊണ്ടാണ് പൊറ്റെക്കാട്ട് ആ അത്ഭുതം ജലപാതത്തെക്കുറിച്ച് വിവരിക്കുന്നത്. സാംബസി നദിയുടെ പാതാളവീഴ്ചയുടെ കാഴ്ച ആദ്യമായി ദർശിച്ച വെള്ളക്കാരൻ ആരായാലും അതിന് എത്രയോ നൂറ്റാണ്ടുകൾക്കു മുൻപുതന്നെ കാപ്പിരികളതിനെ ആരാധിച്ചുവന്നിരുന്നു. വെള്ളച്ചാട്ടവും സാംബസി നദിയും അവർക്ക് ഒരത്ഭുതമായിരുന്നു. അടിമക്കൂട്ടങ്ങളെ വഹിച്ചുകൊണ്ടു പാഞ്ഞിരുന്ന നാടൻതോണികൾ സാംബസി നദിയിലൂടെ നീങ്ങുന്നത് അവർ കാണാറുണ്ടെങ്കിലും നദിയുടെ ഗതിയെപ്പറ്റി അവർക്ക് ഒരറിവുമുണ്ടായിരുന്നില്ല. വിക്ടോറിയ വെള്ളച്ചാട്ടം ആദ്യമായി കണ്ടതിന്റെ ആഹ്ലാദം ഇപ്രകാരം എസ്. കെ. പങ്കുവെയ്ക്കുന്നു. 'നിലാവിൽ പാൽക്കുടം മറിക്കുന്നതുപോലുള്ള ഒരു കാഴ്ചയാണതെന്ന്' അദ്ദേഹം എഴുതുമ്പോൾ എസ്. കെ. യിലെ കവിഹൃദയം തെളിഞ്ഞു വരുന്നതായി അനുഭവപ്പെടുന്നു. ഏതൊരു വെള്ളച്ചാട്ടത്തിനും അഴകിന്റെയും ശക്തിയുടെയും ഗുണങ്ങൾ ഇഴുകിച്ചേർന്നു നിൽക്കും. ശക്തിയേറിയ അഴകെന്നോ അഴകേറിയ ശക്തിയെന്നോ അതിനെ വിളിക്കാമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. സമതലത്തിലൂടെ പ്രവഹിച്ചുകൊണ്ടിരിക്കെ, ഗംഭീരമായൊരു പിളർപ്പിലേക്ക് വഴുതിവീഴുന്ന ആ കാഴ്ച എസ്. കെ.യെ ഹരംപിടിപ്പിച്ചു. ശാസ്ത്രീയമായി അലങ്കോലപ്പെടുത്താനോ, പരിഷ്ക്കാരം നടപ്പിലാക്കാനോ റൊഡേഷ്യൻ ഗവൺമെന്റ് ശ്രമിക്കാത്തത് ആശ്വാസകരമെന്ന് അദ്ദേഹം ഓർമ്മിക്കുന്നു. നാട്ടുകാർ ഈ വെള്ളച്ചാട്ടത്തെ, 'ഒച്ചപ്പെടുത്തുന്ന പുക' എന്നും 'വെള്ളം തിളച്ചുമറിയുന്ന തടാകം' എന്നും വിളിച്ചുവന്നിരുന്നു. വർഷകാലത്താണ് വെള്ളച്ചാട്ടം വലുപ്പംകൊണ്ടും ശക്തികൊണ്ടും ഊർജ്ജസ്വലതകൊണ്ടും അതിന്റെ മൂർധന്യദശയിലെത്തുന്നത്. 'സാംബസി' നദിയ്ക്കു കുറുകെയുള്ള പാലം കടക്കാനുപയോഗിച്ച ഉരുക്കുപലകക

SGOU

ളും ദണ്ഡുകളും മറ്റും ഇന്ത്യയിൽ ടാറ്റാ ഉരുക്കുനിർമ്മാണശാലയിൽ ഉണ്ടാക്കിയതാണെന്നത് എസ്. കെ. എടുത്തുപറയുന്നു. കിഴക്കേ അരുവിച്ചാട്ടം, മഴവില്ലിന്റെ വെള്ളച്ചാട്ടം, പ്രധാന വെള്ളച്ചാട്ടം, ചെകുത്താന്റെ കുത്തിത്തിരുപ്പ് എന്നിവയെല്ലാം വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ വിഭാഗങ്ങളാണ്. ഇടതടവില്ലാതെ പതിക്കുന്ന ജലധാര പൊറ്റെക്കാട്ടിന് 'തിരുവാതിര ഞാറ്റുവേല'യായാണ് അനുഭവപ്പെട്ടത്. അന്യനാട്ടിലെത്തുമ്പോഴും ജന്മനാടിന്റെ ത്രസിപ്പിക്കുന്ന ഓർമ്മകൾ അദ്ദേഹത്തിൽ എത്ര ശക്തമാണെന്ന് ബോധ്യപ്പെടുന്നു.

- വിക്ടോറിയ വെള്ളച്ചാട്ടം ആദ്യമായി കണ്ടതിന്റെ ആഹ്ലാദം പങ്കുവെയ്
- ക്കുന്നു

കാട്ടുമരങ്ങളെ കാപ്പിരികൾ ആരാധിച്ചുവരുന്നതും, ഒരിക്കലും മരം മുറിക്കാൻ അവർ ധൈര്യപ്പെടാത്തതും ആവേശത്തോടെ എഴുത്തുകാരൻ ചൂണ്ടിക്കാണിക്കുന്നു. ജലപാതയും വർണോജ്ജ്വലമായ പരിസരവും കൂടിക്കലർന്ന അന്തരീക്ഷം സൃഷ്ടിക്കുന്ന അലൗകിക പ്രതീതി വാക്കുകൾക്കതീതമാണ്, അനുഭവിച്ചറിയുകതന്നെ വേണമെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു. വിക്ടോറിയ വെള്ളച്ചാട്ടം അത്ഭുതരസമല്ല, മറ്റെന്തോ രസമാണ് നമ്മിൽ സൃഷ്ടിക്കുന്നതെന്ന് എസ്. കെ. തുറന്നു പറയുന്നു. ആ കാഴ്ച കാണുമ്പോൾ ഏതോ സ്വർഗ്ഗീയ സ്വപ്നത്തിലേക്ക് നാം ഉണരുകയാണ് ചെയ്യുന്നത്. ജലപാതം എന്നത് ഒരു ഉപാധി മാത്രമാണ്. അതിനെ പൊതിഞ്ഞുനിൽക്കുന്ന മായികാന്തരീക്ഷമാണ് കാഴ്ചക്കാരെ നിർവൃതി കൊള്ളിക്കുന്നത്.

- വിക്ടോറിയ വെള്ളച്ചാട്ടം അത്ഭുതരസമല്ല, മറ്റെന്തോ രസമാണ് സൃഷ്ടിക്കുന്നത്

## കിഴക്കേ ആഫ്രിക്കയിലെ ഇന്ത്യക്കാർ

ഗുജറാത്തികളുടെ സംഖ്യാബലം ആഫ്രിക്കയിൽ കൂടുതലായതിനാൽ ആഫ്രിക്കയിലെ ഇന്ത്യൻ ഭാഷ ഗുജറാത്തിയായി മാറിയിരിക്കുന്നുവെന്ന് എസ്. കെ. രേഖപ്പെടുത്തുന്നു. ആഫ്രിക്കയിലെ ഇന്ത്യക്കാരിൽ 96 ശതമാനവും ഗുജറാത്തി കച്ചവടക്കാരും അവരുടെ കുടുംബങ്ങളുമാണ്. ഒരു ഗുജറാത്തിയുടെ 'ഡൂക്കാ' (പീടിക) ആഫ്രിക്കയിലെ ഏതു ഗ്രാമത്തിൽ ചെന്നാലും കാണാം. കാപ്പിരികളെ വശീകരിക്കാനായി ഇന്ത്യയിലുണ്ടാക്കിയ കറുപ്പുതുണിയും ലണ്ടനിൽനിന്നുള്ള പുള്ളിത്തുണിയും പ്ലാസ്റ്റിക് വസ്തുക്കളുമെല്ലാം അവിടെ ശേഖരിച്ചുവെക്കുന്നു. ഓരോ ഗ്രാമത്തിലും ഓരോ ഭാഷയാണ് ആഫ്രിക്കയുടെ ഉൾനാടുകളിൽ സംസാരിച്ചുവരുന്നത്. ഗുജറാത്തി കച്ചവടക്കാർ നാട്ടുകാരുടെ ഭാഷകൾ വശമാക്കിയിട്ടുണ്ട്. അവരുടെ ആചാരങ്ങളും ഇഷ്ടാനിഷ്ടങ്ങളും മനസ്സിലാക്കി താളത്തിൽ അവരെ തട്ടിപ്പറിക്കാനുള്ള ഗുജറാത്തികളുടെ സാമർഥ്യം ഒന്നുവേറെ തന്നെയാണെന്ന് പൊറ്റെക്കാട്ട് വിലയിരുത്തുന്നു. പണം സമ്പാദിക്കുവാൻ എന്ത് മ്ലേച്ഛകർമ്മം ചെയ്യാനും അവർക്ക് മടിയില്ല. സമ്പാദ്യം നിലനിർത്താൻ തങ്ങളുടെ മഹത്തായ ഇന്ത്യൻ ദേശീയതയെപ്പോലും വിൽക്കാൻ അവർ തയ്യാറാണ്. കള്ളത്തരവും കരിഞ്ചന്തയുംകൊണ്ട് ഇന്ത്യയുടെ പേര് മലിനപ്പെടുത്തിയവരായാണ് എസ്. കെ. അവിടത്തെ ഗുജറാത്തികളെ കാണുന്നത്. ഈ സംസ്കാരശൂന്യരിലൂടെയാണ് ഇന്ത്യൻ സംസ്കാരത്തിന്റെ സ്വഭാവം അന്നാട്ടുകാർ മനസിലാക്കുന്നത്. ഇന്ത്യയിൽവെച്ച് നടന്ന ഏഷ്യൻ സമ്മേളനത്തിൽ നെഹ്റു പറഞ്ഞ വാക്കുകൾ എസ്. കെ. എടുത്തു പറയുന്നു. തങ്ങൾ ആഫ്രിക്കക്കാരുടെ അതിഥികളാണെന്നും സമത്വവും സ്വാതന്ത്ര്യവുംകൊണ്ട് കെട്ടിപ്പെടുത്ത ഒരേകലോകമാണ് നമുക്ക് വേണ്ടതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഇന്ത്യക്കാർ ആഫ്രിക്കയിലെ

- ഒരു ഗുജറാത്തിയുടെ 'ഡൂക്കാ' (പീടിക) ആഫ്രിക്കയിലെ ഏതു ഗ്രാമത്തിൽ ചെന്നാലും കാണാം

SGOU

നാട്ടുകാരുമായി കൂടുതൽ സൗഹാർദ്ദം സ്ഥാപിക്കുകയും നാട്ടുകാരുടെ ഉൽക്കർഷത്തിനുവേണ്ടി ശ്രമിക്കുകയും വേണമെന്ന് എസ്. കെ. എടുത്തുപറയുന്നു.

## ബ്ലാൻടയറിൽനിന്ന് ഡൊഡോമയിലേക്ക്

ബ്ലാൻടയറിൽ നിന്നുള്ള യാത്രയിൽ സാഹസികരായ കാപ്പിരികളുടെ ജീവിതം ഏറെ മനസിലാക്കുവാൻ എസ്. കെ.യ്ക്കു കഴിഞ്ഞു. ആഫ്രിക്കയിലെ കാപ്പിരികളുടെ കമ്പിയില്ലാക്കമ്പിസന്ദേശം സഞ്ചരിക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. പരിഷ്ക്കാരിയായ വെള്ളക്കാർപോലും അസൂയപ്പെടുന്നതും അത്ഭുതപ്പെടുന്നതുമായ ഒരു ഏർപ്പാടാണതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ആഫ്രിക്കയിലെ കുഗ്രാമങ്ങളിൽ, ഉയരമുള്ള മരത്തിന്റെ ശിഖരങ്ങൾക്കിടയിൽ, പൊള്ളയായ ഉരുണ്ട മരത്തടിയുടെ ഇരുവശവും മരംകൊണ്ടോ തടിച്ച തോലുകൊണ്ടോ പൊതിഞ്ഞ വലിയ ഒരു ചെണ്ട ഘടിപ്പിച്ചിരിക്കും. രാത്രിയിൽ ഈ ചെണ്ടവഴി സന്ദേശങ്ങൾ സഞ്ചരിക്കുന്നു. താളസ്വരഭേദങ്ങളോടെ ഇടവിട്ട കൊട്ടുകൾ കേൾക്കാം. അടുത്ത ഗ്രാമത്തിലെ 'മരക്കൊമ്പാപ്പീസ്' ചെണ്ട ഈ സന്ദേശം പകർത്തി മറ്റേ ഗ്രാമത്തിലേക്ക് അയയ്ക്കും. ഇരുനൂറും മുന്നൂറു മൈൽ അകലെ കിടക്കുന്ന ഗ്രാമങ്ങളിലേക്കുപോലും സന്ദേശം എത്തിക്കാൻ സാധിക്കും. അതൊരു രഹസ്യമായ കോഡാണ്. ചില മൂപ്പന്മാർക്കും ആ വകുപ്പിലെ വിദഗ്ധന്മാർക്കുംമാത്രം ഗ്രഹിക്കാൻ കഴിയുന്ന ആകാശവാണിയാണതെന്ന് പൊറ്റെക്കാട്ട് നിരീക്ഷിക്കുന്നു. ആഫ്രിക്കയിലെ ശാന്തമായ രാത്രികളിൽ സിംഹഗർജനവും ഈ കമ്പിയില്ലാക്കമ്പി സന്ദേശവും നമ്മുടെ കരളിനെ ചലിപ്പിക്കുന്നു. അവർ പങ്കുവെയ്ക്കുന്ന സന്ദേശം ഒരു വിപ്ലവാഹ്വാനമോ മരണവാർത്തയോ ഉത്സവവിളംബരമോ, 'ഒരു വെള്ളക്കാരൻ വരുന്നുണ്ട്'എന്ന മുന്നറിയിപ്പോ ആകും. കാപ്പിരികൾ പൊതുവേ സഞ്ചാരപ്രിയരാണ്. സ്ഥിരത ഇഷ്ടപ്പെടാത്തവരാണ്. മറുനാടുകൾ കണ്ട കാപ്പിരികളെ അവർ വിജ്ഞാനികളായി കരുതുന്നു. കാവിമണ്ണ് കുഴച്ച് ദേഹത്തിലും തലയിലും പൂശി നടക്കുന്ന വാഗോഗോവർഗക്കാർ നല്ല വെള്ളത്തുണികൾ കാവിമുക്കി ചുകപ്പിച്ചിട്ടേ അവർ ധരിക്കുകയുള്ളൂ. വസ്ത്രം അരയിൽ പിടിപ്പിച്ച് ചുമലിലൂടെ ഇടണമെന്നല്ലാതെ നഗ്നത മറയ്ക്കണമെന്ന ഉദ്ദേശ്യം അവർക്കില്ലെന്ന് എന്ന് എസ്. കെ. വിവരിക്കുന്നു.

> ▶ രാത്രിയിൽ ചെണ്ട വഴി സന്ദേശങ്ങൾ സഞ്ചരിക്കുന്നു

## ന്യാസാലന്റിലേക്ക് ഒരു തിരിഞ്ഞുനോട്ടം

നിരവധി കാപ്പിരി വർഗങ്ങൾ ആഫ്രിക്കയിലുണ്ട്. ഓരോ വർഗത്തിനും ഓരോ പ്രത്യേകഭാഷയാണുള്ളത്. ന്യാസാലാന്റ് ഒരു കറുത്ത നാടായിട്ടാണ് എസ്. കെ. യ്ക്ക് അനുഭവപ്പെട്ടത്. കാട്ടുതീ പടർന്ന് കത്തിക്കരിഞ്ഞ് കിടക്കുന്ന നിലങ്ങൾ. കറുപ്പു വസ്ത്രം ധരിച്ച് നടക്കുന്ന കറുത്ത കാപ്പിരികൾ, കുറുപ്പു തിന്നമട്ടിലുള്ള ഗവൺമെന്റും. പാഴായിക്കിടക്കുന്ന നിലമെല്ലാം പതിരായി കഴിയുന്ന മനുഷ്യരേയും ന്യാസാലന്റിൽ കാണാം. ബ്രിട്ടൺ ഏറ്റെടുത്ത് നടത്തിവരുന്ന ഒരു ഭൂമിയാണ് ന്യാസാലാന്റ്. ലണ്ടനിൽനിന്ന് ചില ഉദ്യോഗസ്ഥരെ ഇങ്ങോട്ട് കടത്തിവിടും. ജീവിതകാലം മുഴുവൻ സുഖിക്കാനുള്ള വക തട്ടിയെടുക്കുക മാത്രമാണ് അവരുടെ ലക്ഷ്യം. കൈക്കൂലിയും കരിഞ്ചന്തയും ഇത്ര നഗ്നമായി നടനം ചെയ്യുന്ന ഒരു ഭരണകൂടം ആഫ്രിക്കയിൽ

> ▶ ബ്രിട്ടൺ ഏറ്റെടുത്ത് നടത്തിവരുന്ന ഒരു ഭൂമിയാണ് ന്യാസാലാന്റ്

മറ്റൊരിടത്തും കാണുകയില്ല.

ലോകത്തിലെ ഏറ്റവും വലിയ പാലം 'സാംബസി' നദിയ്ക്കു കുറുകെയുള്ള പാലമാണ്. എന്നാൽ ഈ പാലം കാക്കുന്ന ന്യാസാലന്റ് റെയിൽവേ ലോകത്തിലെ ഏറ്റവും വലിയ യാത്രാചാർജ്ജാണ് തട്ടിയെടുക്കുന്നത്. 'അങ്കോണി' വർഗക്കാർ ഉപ്പ് ഒരാരാധ്യവസ്തുവായാണ് കാണുന്നത് ഭർത്താവ് വീട്ടിലില്ലാത്ത അവസരത്തിൽ അന്യപുരുഷസംസർഗംചെയ്ത ഒരു പെണ്ണ് തന്റെ ഭർത്താവിന് അന്നു തയ്യാറാക്കിക്കൊടുക്കുന്ന ഭക്ഷണത്തിൽ ഉപ്പ് ചേർക്കുകയില്ല. ഉപ്പിടാത്ത കഞ്ഞി കുടിക്കുമ്പോൾ ഭർത്താവിന് കാര്യം മനസ്സിലാവുമെങ്കിലും അയാൾ ഒന്നും മിണ്ടുകയില്ല. വ്യഭിചരിച്ച പെണ്ണ് ഭർത്താവിന് കൊടുക്കുന്ന അന്നത്തിൽ ഉപ്പിട്ടുപോയാൽ ആ ഭർത്താവിന് ദേഹം വിങ്ങി കുരച്ചുചാകുന്ന ഒരു ദീനം ബാധിക്കുമെന്നാണ് വിശ്വാസം തന്നെ ആ വിശ്വാസം അവൾ രക്ഷിച്ചല്ലോ എന്ന ചിന്താഗതിയാണ് അയാൾക്കുണ്ടാവുന്നത്. ദുർമ്മന്ത്രവാദം, ആഭിചാരം, വൈദ്യം, വശീകരണം തുടങ്ങിയ വിദ്യകൾ ഓരോ വർഗവും പ്രത്യേകരീതിയിലാണ് പ്രയോഗിക്കുന്നത്. കാപ്പിരികളുടെ സാമുദായികമായ സ്വകാര്യജീവിതത്തെ ചൂഴ്ന്ന അന്ധകാരമാണ് ആഫ്രിക്കയെ ഇരുണ്ട ആഫ്രിക്കയാക്കി മാറ്റിയതെന്ന് എസ്. കെ. വിശ്വസിക്കുന്നു.

▶ 'അങ്കോണി' വർഗ്ഗക്കാർ ഉപ്പ് ഒരാരാധ്യവസ്തുവായാണ് കാണുന്നത്

## സ്വാഹിലിഭാഷ

ആഫ്രിക്കയിലെ മിക്ക നാടുകളിലെയും പൊതുഭാഷയാണ് 'സ്വാഹിലി.' ഗവൺമെന്റ് അംഗീകരിച്ച നാട്ടുഭാഷയും അതുതന്നെയാണ്. 'സ്വാഹിലി' എന്ന പദത്തിന്റെ അർഥം 'കടലോരത്തിലെ ഭാഷ' എന്നാണ്. ആഫ്രിക്കയിൽ നൂറ്റാണ്ടുകളായി അടിമകളായിരുന്ന അറബികൾ ഈ ഭാഷയ്ക്ക് അനവധി പദസമ്പത്ത് സംഭാവന ചെയ്തിട്ടുണ്ട്. അറബി പദങ്ങളോടൊപ്പം നിരവധി ഹിന്ദുസ്ഥാനി പദങ്ങളും ഇംഗ്ലീഷ് പദങ്ങളും അതിൽ കടന്നുകൂടിയിട്ടുണ്ട്. ഉച്ചരിക്കാനും പഠിക്കാനും എളുപ്പമുള്ള ഈ ഭാഷയ്ക്ക് സ്വന്തമായ ലിപിയില്ല. ഇംഗ്ലീഷ് അക്ഷരങ്ങളിലാണ് എഴുതുന്നത്. കാപ്പിരികൾ നല്ല നർമ്മബോധമുള്ളവരാണെന്നാണ് എസ്. കെ.യുടെ അഭിപ്രായം. തന്റെ പര്യടനത്തിനിടയിൽ കരയുന്ന ഒരു കാപ്പിരിയെ തനിക്കു കാണാൻ കഴിഞ്ഞിട്ടില്ല. വെള്ളക്കാർക്ക് ഹാസ്യപ്പേരുകൾ സൃഷ്ടിക്കുന്നതിലും മിടുക്കരാണ് കാപ്പിരികൾ.

▶ 'സ്വാഹിലി ' എന്ന പദത്തിന്റെ അർഥം 'കടലോരത്തിലെ ഭാഷ'എന്നാണ്

## ഇന്ത്യൻബസാർ

ഇന്ത്യക്കാർക്ക് കിഴക്കേ ആഫ്രിക്കൻ ഗവൺമെന്റ് സർവീസിൽ, ഏതു വകുപ്പായാലും ക്ലാർക്കുമാരുടെ സ്ഥാനമേയുള്ളൂ. ഇന്ത്യക്കാർക്ക് കിട്ടുന്ന ശമ്പളംകൊണ്ട് ഇന്ത്യയിലേതിനെക്കാൾ ഉയർന്ന ജീവിതനിലവാരത്തിൽ കഴിഞ്ഞുകൂടാം. ആഫ്രിക്കയിലെ ഇന്ത്യക്കാരിൽ ബഹുഭൂരിപക്ഷം വരുന്ന ഗുജറാത്തികൾ പണം സമ്പാദിക്കുന്നതിൽ മാത്രം ശ്രദ്ധിച്ച് ജീവിച്ചുപോരുന്നു. മദിരാശികളെ അയിത്തം ബാധിച്ചവരെപ്പോലെ കരുതി, സാമുദായികമായി അകറ്റി നിർത്താൻ അവർക്ക് ഒരു മടിയുമില്ല. മതശുദ്ധിയെ ദേശീയതയ്ക്കും ഉപരിയായി അവർ കാണുന്നു. ഉത്തരേന്ത്യൻ കുടുംബങ്ങളുമായി സംവദിക്കുവാൻ മദിരാശിക്കാർക്ക് ഇംഗ്ലീഷ് ഉപയോഗിക്കേണ്ടിവരുന്നു. എന്നാൽ ഇംഗ്ലീ

▶ മതശുദ്ധിയെ ദേശീയയ്ക്കും ഉപരിയായി കാണുന്നു

ഷ് വശമില്ലാത്തവർക്ക് കാപ്പിരികളുടെ ഭാഷയായ 'സ്വഹിലി'യെ ആശ്രയിക്കേണ്ടിവരുന്നു. സാമുദായിക വേഴ്ചയക്ക് ഒരു കൃത്രിമത്വം സ്വീകരിക്കേണ്ടിവരുന്നു എന്നതുതന്നെയാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്ന് എസ്. കെ. കണ്ടെത്തുന്നു.

## Summarised Overview

മലയാളത്തിലെ സഞ്ചാരസാഹിത്യകാരന്മാരിൽ സമുന്നതവ്യക്തിത്വം പുലർത്തിയ എഴുത്തുകാരൻ എസ്. കെ. പൊറ്റെക്കാട്ടാണെന്ന് നിസ്സംശയം പറയാം. സാമൂഹികപുരോഗതിയോ യാത്രാസൗകര്യങ്ങളോ ഇല്ലാതിരുന്ന കാലത്ത് ഒട്ടേറെ പര്യടനങ്ങൾ നടത്തിയ സാഹസികനായ എഴുത്തുകാരനാണ് പൊറ്റെക്കാട്ട്. ഏതു നാട്ടിൽ സഞ്ചരിക്കുമ്പോഴും അവിടുള്ള ജനങ്ങളുമായി കൂടുതൽ സംവദിക്കുവാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്. ഒരു നാടിന്റെ ആത്മാവ് അവിടുള്ള സാധാരണ ജനങ്ങളുടെ ജീവിതവുമായി ഇഴുകിനിൽക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു. അവരുടെ ഭാഷ കഴിയുന്നത്ര മനസിലാക്കുവാനും അതിലൂടെ ആ നാടിന്റെ തനിമയുൾക്കൊള്ളുവാനുമാണ് അദ്ദേഹം താത്പര്യം കാട്ടിയത്. സാധാരണ സഞ്ചാരികളെ ആകർഷിക്കുന്ന ഇടങ്ങൾ എസ്. കെ.യ്ക്ക് അത്ര പഥ്യമല്ല. സാധാരണ ജനങ്ങളുടെ ജീവിതവും അവരുടെ സംസ്കാരവും ചരിത്രവുമെല്ലാമാണ് അദ്ദേഹത്തെ കൂടുതൽ ആകർഷിക്കുന്നത്.

വെളുത്തവന്റെ മർദ്ദനത്തോടൊപ്പം പ്രകൃതിയും അവർക്കെതിരെ നിലയുറപ്പിക്കുന്നു. ഹിമഭിത്തികൾ ഉരുകിയൊലിച്ച് പുതിയ നദികളുണ്ടാകുകയും, സമുദ്രവിതാനം പൊങ്ങി അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവപ്പെടുകയും ചെയ്യുന്നു. ചിലയിടങ്ങളിൽ കൊടുങ്കാറ്റും പേമാരിയും, മറ്റു ചിലയിടങ്ങളിൽ നദികളും തടാകങ്ങളും വറ്റി വരളുന്നു. നൂറ്റാണ്ടുകളായി തുടർന്നുപോന്ന ഇത്തരം പ്രകൃതിദുരന്തങ്ങളാൽ ആഫ്രിക്കയുടെ വടക്കുഭാഗം ഒരു വൻമരുഭൂമിയായി മാറിക്കഴിഞ്ഞു. അവിടെ അകപ്പെട്ടുപോയ ഇന്ത്യൻ നീഗ്രിറ്റോ വർഗ്ഗം മരുഭൂമിക്കും വൻകാടുകൾക്കും മധ്യേ അകപ്പെട്ടുപോയി. വർഷങ്ങളോളം അനുഭവിക്കേണ്ടിവന്ന ഏകാന്തത്തടവ് അവരെ മൃഗീയതയിലേയ്ക്ക് മാറ്റിയെന്നും എസ്. കെ. നിരീക്ഷിക്കുന്നു. 'ആഫ്രിക്കൻ നീഗ്രോ വിശ്വസിക്കാൻ കൊള്ളാത്ത ഒരു മൃഗമാണ്' എന്ന അഭിപ്രായം പുറപ്പെടുവിക്കുന്നവർ അവരുടെ ദയനീയപൂർവ ചരിത്രം ഓർത്തുനോക്കിയിരുന്നെങ്കിൽ എന്ന് അദ്ദേഹം ചിന്തിക്കുന്നു. ഏതൊരു ജനതയേയും മുൻവിധിയോടെ സമീപിക്കാതെ അവരുടെ ജീവിതസാഹചര്യങ്ങൾകൂടി ഉൾക്കൊള്ളാൻ നാം തയ്യാറാകണമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുകയാണ്.

അന്യനാടുകളെക്കുറിച്ചും അവിടുത്തെ ജനങ്ങളുടെ ജീവിതരീതികളെക്കുറിച്ചും അറിയുവാനുള്ള ജിജ്ഞാസ എല്ലാ മനുഷ്യനുമുണ്ട്. മനുഷ്യന്റെ അനുഭവലോകവുമായി ബന്ധപ്പെട്ട പല ഘടകങ്ങളും സഞ്ചാരസാഹിത്യകൃതികളിൽ ഉള്ളടങ്ങിയിരിക്കുന്നു. നാടിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പ്രത്യേകതകൾ, സാംസ്കാരികബോധം, ഭരണസംവിധാനം, സാമൂഹിക സ്ഥിതിഗതികൾ എന്നിവയെല്ലാം മനസിലാക്കുവാനും ഓരോ ജനസമൂഹങ്ങളുടെയും സാംസ്കാരികവൈവിധ്യങ്ങളെ ഉൾക്കൊള്ളാനും വിലയിരുത്തുവാനും അവ സഹായകമായി മാറുന്നു. യാഥാർത്ഥ്യപ്രതീതിയും ഭാവസാന്ദ്രതയും സഞ്ചാരസാഹിത്യകൃതികൾക്ക് മനോഹാരിത നൽകുന്നു. അന്വേഷണപരതയും സൂക്ഷ്മനിരീക്ഷണപാടവവും ഭാവനാവിലാസവും ശിൽപചാതുര്യവും ഒരു സഞ്ചാരസാഹിത്യകാരനിൽ ഒത്തിണങ്ങിയിരിക്കണം. അതിന്റെ പ്രത്യക്ഷ സാക്ഷ്യമാണ് എസ്. കെ. പൊറ്റെക്കാട്ടിന്റെ 'കാപ്പിരികളുടെ നാട്ടിൽ'.

കൊച്ചു ചിത്രങ്ങളിലൂടെ ഒരു മഹാപ്രപഞ്ചത്തെ ആവാഹിച്ചെടുക്കാനുള്ള കരവിരുതാണ് എസ്. കെയുടെ യാത്രാവിവരണത്തെ മറ്റുള്ളവരുടേതിൽനിന്നും വേർതിരിച്ചുനിർത്തുന്നത്. ആഫ്രിക്കയിലെ കാപ്പിരികളെക്കുറിച്ചു വിവരിക്കുമ്പോൾ വായനക്കാരെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ആഫ്രിക്കയിലെ മനുഷ്യരുടെ ഹൃദയം അദ്ദേഹം മറനീക്കിക്കാണിക്കുന്നത്. ലോകമെമ്പാടുമുള്ള മനുഷ്യരെ കാണാനും മനുഷ്യസ്വഭാവവൈചിത്ര്യങ്ങളെ പഠിക്കാനുമാണ് എസ്. കെ. ലോകസഞ്ചാരം നടത്തിയത്. ആഫ്രിക്കൻ നാടുകൾ ഇരുണ്ടതായി മാറിയതെങ്ങനെയെന്നും കാലാകാലങ്ങളായി അവർ അനുഭവിച്ചുവന്ന അടിമത്തത്തിന്റെ ആഴമെന്തെന്നും തുറന്നുകാട്ടാൻ എസ്. കെ. പൊറ്റെക്കാട്ടെന്ന മനുഷ്യസ്നേഹിക്കു കഴിയുന്നു.

## Assignments

1. കാപ്പിരികളുടെ സ്വഭാവസവിശേഷതകൾ എസ്. കെ. പൊറ്റെക്കാട്ട് അടയാളപ്പെടുത്തുന്നതെങ്ങനെ വിശദമാക്കുക.
2. വെള്ളക്കാരുടെ ചൂഷണത്തിന് ആഫ്രിക്കൻജനത വിധേയമായതെങ്ങനെ വിലയിരുത്തുക
3. സ്വഹിലിഭാഷയുടെ സവിശേഷതകളെന്തെല്ലാം വിശദമാക്കുക.
4. 'സഞ്ചാരസാഹിത്യത്തിലെ ഒരനന്വയമാണ് എസ്. കെ. പൊറ്റെക്കാട്ട്.' ഈ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക.
5. സഞ്ചാരസാഹിത്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം അപഗ്രഥിക്കുക.

## Suggested Readings


1. എസ്. കെ. പൊറ്റെക്കാട്ട്, കാപ്പിരികളുടെ നാട്ടിൽ, ഡി. സി. ബുക്സ്, കോട്ടയം.
2. എസ്. കെ. പൊറ്റെക്കാട്ട്, ലണ്ടൻ നോട്ട്ബുക്ക്, ഡി. സി. ബുക്സ്, കോട്ടയം.
3. എസ്. കെ. പൊറ്റെക്കാട്ട്, പാതിരാസൂര്യന്റെ നാട്ടിൽ, ഡി. സി. ബുക്സ്, കോട്ടയം.
4. എസ്. കെ. പൊറ്റെക്കാട്ട്, ബാലിദ്വീപ്, ഡി. സി. ബുക്സ്, കോട്ടയം.
5. എസ്. കെ. പൊറ്റെക്കാട്ട്, സിംഹഭൂമി, ഡി. സി. ബുക്സ്, കോട്ടയം.
6. എസ്. കെ. പൊറ്റെക്കാട്ട്, യൂറോപ്പിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
7. എസ്. കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം vol. 1 & 2, ഡി. സി. ബുക്സ്, കോട്ടയം.
8. എസ്. കെ. പൊറ്റെക്കാട്ട്, ക്ലിയോപാട്രയുടെ നാട്ടിൽ, ഡി. സി. ബുക്സ്, കോട്ടയം.

## References


1. അശോകൻ പുതുപ്പാടി (എഡി.), എസ്. കെ. പൊറ്റെക്കാട്ട്- ഓർമ്മ. പഠനം. സംഭാഷണം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. പ്രൊഫ. കൃഷ്ണൻ, എസ്. കെ. പൊറ്റെക്കാട്ട്, ജീവിതവും കൃതികളും, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. വി. രമേഷ് ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


SGOU

# 2. ഭൂമിയും മനുഷ്യനും

**എൻ. വി. കൃഷ്ണവാരിയർ**

## Learning Outcomes

- എൻ. വി. കൃഷ്ണവാരിയർ എന്ന ബഹുമുഖപ്രതിഭയെക്കുറിച്ച് അറിയുന്നു
- സിയാറ്റിനിലെ ഗോത്രനേതാവ് വാഷിങ്ടണിലെ വെള്ളക്കാരുടെ നേതാവിന് അയച്ച കത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു
- 'ഭൂമിയും മനുഷ്യനും' എന്ന ലേഖനത്തെ സവിശേഷമായി മനസിലാക്കുന്നു
- എൻ. വി. കൃഷ്ണവാര്യർ മുന്നോട്ടുവെയ്ക്കുന്നു പരിസ്ഥിതിദർശനത്തെ വിശകലനം ചെയ്യുന്നു

SGOU

## Background

**എൻ. വി. കൃഷ്ണവാരിയർ എന്ന ബഹുമുഖപ്രതിഭ**

കാല്പനികപ്രസ്ഥാനത്തിനു ബദലായി പ്രതികാല്പനികം എന്നു വിളിക്കാവുന്ന ഒരു ചിന്താപദ്ധതിയുമായി സാഹിത്യരംഗത്തു വന്ന കവിയും, സാഹിത്യവിമർശകനും ആക്ടിവിസ്റ്റുമായിരുന്നു എൻ. വി. കൃഷ്ണവാരിയർ. സങ്കീർണമായ ശാസ്ത്രവിഷയത്തെ ലേഖനരൂപത്തിൽ ലളിതമായ ഭാഷയിൽ കേരളത്തിലെ ജനസമൂഹത്തിന് സമർപ്പിക്കുകവഴി സാഹിത്യപൊതുമണ്ഡലത്തിലും സാമൂഹികപൊതുമണ്ഡലത്തിലും പാരിസ്ഥിതികമായ ഒരവബോധം സൃഷ്ടിക്കുവാൻ എൻ. വി.യ്ക്കു കഴിഞ്ഞു. ഒരു സമൂഹത്തിന്റെ സുസ്ഥിരമായ വികസനത്തിനും പുരോഗതിക്കും ശാസ്ത്രാവബോധത്തിന്റെ അടിത്തറ ഉണ്ടായിരിക്കണമെന്ന ബോധ്യം എൻ. വി.ക്കുണ്ടായിരുന്നു. പരിസ്ഥിതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതികവിഷയങ്ങൾക്ക് പ്രാധാന്യമുള്ള ലേഖനങ്ങളെ ഒരു ജനതയുടെ ജീവിതമണ്ഡലവുമായി ബന്ധപ്പെടുത്തിയാണ് എൻ. വി അവതരിപ്പിക്കുന്നത്. ബഹുഭാഷാപണ്ഡിതനായിരുന്നു എൻ. വി. കൃഷ്ണവാരിയർ. സ്വാതന്ത്ര്യസമരസന്നാഹങ്ങളിലൂടെ ഉൾക്കൊണ്ട ഏകലോകദർശനം, മാർക്സിസപഠനത്തിലൂടെ ആർജിച്ച ചരിത്രവീക്ഷണം, ഭാരതീയദർശനങ്ങൾവഴി സ്വാംശീകരിച്ച പ്രജ്ഞാപരിപാകം എന്നിവയെല്ലാം ആ പാണ്ഡിത്യത്തിന്റെ മാറ്റുരച്ചുകൊണ്ടിരുന്നു.

പരിസ്ഥിതിശാസ്ത്രത്തിന്റെ ഭിന്നതലങ്ങൾ കേരളീയസമൂഹത്തിനു മുന്നിലവതരിപ്പിക്കുവാനും പരിസ്ഥിതിപ്രവർത്തനങ്ങളിൽ മുൻനിരയിൽനിന്ന് പ്രവർത്തിക്കുവാനും എൻ. വി. സന്നദ്ധനായി. മാതൃഭൂമി വാരികയിൽ പത്രാധിപരായി പ്രവർത്തിച്ചവേളയിൽ പരിസ്ഥിതിശാസ്ത്രം, ഇക്കോളജി തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അതീവജാഗ്രത പുലർത്തി. സൈലന്റ്‌വാലിയെക്കുറിച്ച് എൻ. വി. മാതൃഭൂമി വാരികയിലെഴുതിയ പത്രാധിപക്കുറിപ്പ് വലിയ വിവാദങ്ങൾക്ക് കാരണമായി. മാതൃഭൂമി പത്രം സൈലൻറ് വാലി പദ്ധതിയെ അനുകൂലിച്ചുകൊണ്ട് മുഖപ്രസംഗം തയ്യാറാക്കിയപ്പോഴും വാരികയിലൂടെ വിരുദ്ധാഭിപ്രായം ബോധ്യപ്പെടുത്താൻ അദ്ദേഹം മടികാട്ടിയില്ല.

## Keywords

പ്രകൃതി - വൈജ്ഞാനികത - സിയാറ്റിൻ - ഗോത്രനേതാവ്

## Discussion

### 3.1.2 ഭൂമിയും മനുഷ്യനും എൻ. വി. കൃഷ്ണവാരിയർ

> ▶ അതിരുകടന്ന പ്രകൃതി ചൂഷണം കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്നു

ഭൂമിയും മനുഷ്യനും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധം എന്താണെന്ന വിഷയം കേരളത്തിൽ രൂക്ഷമായ പ്രശ്നമാണ്. മനുഷ്യന്റെ കൈയേറ്റം ഒരളവുവരെ ഭൂമി സഹിക്കും. എന്നാൽ അത് അതിരു കടന്നാൽ ഭൂമി തിരിച്ചടിക്കും. മലയിടിയൽ, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വരൾച്ച, മണ്ണ് തരിശാവൽ, നിരന്തരമായ കൃഷിപ്പിഴ എന്നിവയായിരിക്കും അതിന്റെ അനന്തരഫലം. കേരളത്തിൽ മനുഷ്യന്റെ കൈയേറ്റം ഭൂമിയുടെ ക്ഷമയുടെ അതിർത്തി ലംഘിച്ചിരിക്കുന്നു എന്ന സൂചന കടുത്ത വരൾച്ചയിൽനിന്ന് മനസിലാക്കാനാവും. പ്രകൃതിയോടിണങ്ങി, പ്രകൃതിയുടെ ഭാഗമായി ജീവിച്ച പ്രാചീനമനുഷ്യർക്ക് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു. പരിഷ്കൃത മനുഷ്യർക്ക് ഈ ധാരണ നഷ്ടപ്പെട്ടുപോയിരിക്കുന്നു.

കൈയേറിയും വെട്ടിപ്പിടിച്ചും വിലയ്ക്കുവാങ്ങിയും അമേരിന്ത്യരെ (ചുകന്ന ഇന്ത്യക്കാർ) സ്ഥാനഭ്രഷ്ടരാക്കിയാണ് വെള്ളക്കാർ വടക്കേ അമേരിക്കയിൽ ആധിപത്യം ഉറപ്പിച്ചത്. 1854-ൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് സിയാറ്റിൻ എന്ന സ്ഥലത്തുള്ള ഇന്ത്യൻ ഗോത്രനേതാവുമായി, ആ ഗോത്രത്തിന്റെ വകയായ ഭൂമി മുഴുവൻ വിലയ്ക്കെടുക്കാൻ കൂടിയാലോചനകൾ നടത്തി. അമേരിന്ത്യക്കാർക്കു താമസിക്കാൻ പ്രത്യേകമായി വേണ്ടത്ര ഭൂമി നീക്കിവെയ്ക്കും എന്ന വ്യവസ്ഥയും അവർ മുന്നോട്ടുവെച്ചു. സിയാറ്റിനിലെ അമേരിന്ത്യൻ ഗോത്രനേതാവ് വാഷിങ്ടണിലെ വെള്ളക്കാരുടെ നേതാവിന് ഒരു കത്തയച്ചു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം മനോഹരമായി നിർവചിക്കുന്ന ഈ കത്ത് പ്രകൃതിയോട് പ്രേമമുള്ള എല്ലാവരും വായിച്ച് മനസിലാക്കേണ്ടതാണെന്ന് എൻ. വി. കൃഷ്ണവാരിയർ ചൂണ്ടിക്കാണിക്കുന്നു. ആ കത്ത് ഇപ്രകാരമായിരുന്നു. "ആകാശത്തെ, ഊഷ്മാവുള്ള ഭൂമിയെ നിങ്ങൾക്ക് എങ്ങനെ വാങ്ങാനോ വിൽക്കാനോ കഴിയും? ഈ ഭൂമിയുടെ ഓരോ ഭാഗവും പരിശുദ്ധമാണെന്ന് ഞങ്ങൾ കരുതുന്നു. മരങ്ങളിലൂടെ ഒഴുകുന്ന സസ്യരസം ചുകന്ന മനുഷ്യന്റെ ഓർമ്മകളെ വഹിക്കുന്നു. ഈ ഭൂമി ചുകന്ന മനുഷ്യന്റെ അമ്മയാണ്. ഞങ്ങൾ ഈ ഭൂമിയുടെ ഭാഗമാണ്. വാസനയുള്ള പൂക്കൾ ഞങ്ങളുടെ സഹോദരിമാരാണ്. ഞങ്ങൾക്കു പരിശുദ്ധമാണ് ഈ ഭൂമി. അരുവികളിലും പുഴകളിലും ഒഴുകുന്ന ഈ തിളങ്ങുന്ന വെള്ളം വെറും വെള്ളമല്ല. അതു ഞങ്ങളുടെ പൂർവികരുടെ രക്തമാണ്. അരുവിയുടെ മർമ്മരം ഞങ്ങളുടെ മുത്തച്ഛന്റെ ശബ്ദമാണ്. നദികൾ ഞങ്ങളുടെ സഹോദരന്മാ

രാണ്. അവർ ഞങ്ങളുടെ ദാഹം തീർക്കുന്നു. വായു അമൂല്യമാണെന്ന് ചുകന്ന മനുഷ്യൻ കരുതുന്നു. ഒരേ ശ്വാസവായുവാണ് എല്ലാ വസ്തുക്കൾക്കും. ഞങ്ങളുടെ പിതാമഹൻ ആദ്യശ്വാസം നൽകിയ ഈ വായുവിലാണ് അദ്ദേഹത്തിന്റെ അന്ത്യനിശ്വാസവും ലയിച്ചിട്ടുള്ളത്. ഞങ്ങളുടെ ഭൂമി നിങ്ങൾക്കു ഞങ്ങൾ വിൽക്കുകയാണെങ്കിൽ, അതൊരു വിശുദ്ധസ്ഥലമായി നിങ്ങൾ നീക്കിവെക്കണം. ഈ ഭൂമിയിലെ മൃഗങ്ങളെ തന്റെ സഹോദരരായി വെള്ളക്കാരൻ കരുതണം. ഭൂമി നമ്മുടെ അമ്മയാണെന്ന് ഞങ്ങളുടെ കുട്ടികളെ ഞങ്ങൾ പഠിപ്പിച്ചു വന്നു. ഇതു നിങ്ങളുടെ കുട്ടികളെയും പഠിപ്പിക്കുക. ഭൂമി മനുഷ്യന്റേതല്ല. മനുഷ്യൻ ഭൂമിയുടേതാണെന്നതാണ് സത്യം''. പ്രകൃതിയുമായി ഇണങ്ങി ജീവിച്ച ഒരു ജനത സഹസ്രാബ്ദങ്ങളിലൂടെ നേടിയ വ്യക്തിത്വത്തിന്റെ കാച്ചിക്കുറുക്കിയ സത്താണ് ഈ സന്ദേശം. അമേരിക്കയിലെ വെള്ളക്കാരന് ഇത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ദരിദ്രരായ നമുക്ക് വൈകിയ വേളയിലെങ്കിലും ഈ സന്ദേശം ഉൾക്കൊള്ളാൻ കഴിയുമോ? ഈ സന്ദേഹമാണ് എൻ. വി. മുന്നോട്ടുവെയ്ക്കുന്നത്.

▶ കുട്ടികളെ പഠിപ്പിക്കുക ഭൂമി മനുഷ്യന്റേതല്ല. മനുഷ്യൻ ഭൂമിയുടേതാണെന്നതാണ് സത്യം

## Summarised Overview

ശാസ്ത്രവിഷയങ്ങളെക്കുറിച്ചും പ്രകൃതിയും പരിസ്ഥിതിയും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കേരളജനതയ്ക്ക് ബോധ്യം നൽകുന്ന ധാരാളം ലേഖനങ്ങൾ എൻ. വി. രചിച്ചു. മാതൃഭൂമിയിലെ പല മുഖപ്രസംഗങ്ങളും പരിസ്ഥിതിപ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതായിരുന്നു. പ്രകൃതിയുടെ വൈവിധ്യത്തെക്കുറിച്ചും ജൈവശൃംഖലയുടെ പരസ്പരാശ്രിതത്വത്തെപ്പറ്റിയും അദ്ദേഹം ധാരാളം എഴുതുകയും സംസാരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പരിസ്ഥിതിവിജ്ഞാനം സമസ്തജൈവാജൈവഘടകങ്ങളെയും ഉൾക്കൊള്ളുന്നതായിരുന്നു.

ഒരു സമൂഹത്തിന്റെ സുസ്ഥിരവികസനത്തിനും പുരോഗതിക്കും ശാസ്ത്രാവബോധത്തിന്റെ അടിത്തറയുണ്ടായിരിക്കണമെന്ന് എൻ. വിയ്ക്ക് ബോധ്യമുണ്ടായിരുന്നു. അതിനാലാവണം നിരവധി ശാസ്ത്രലേഖനങ്ങൾ എഴുതാൻ അദ്ദേഹം തത്പരനായത്. പരിസ്ഥിതിശാസ്ത്രം, അറ്റോമിക് എനർജി, ശൂന്യാകാശപര്യവേഷണശാസ്ത്രം തുടങ്ങി ശാസ്ത്രലോകത്തെ ത്വരിപ്പിക്കുന്ന ആശയങ്ങളും അന്വേഷണങ്ങളും എൻ. വിയുടെ എഴുത്തിന്റെ ഭാഗമായി മാറി. ഭൂമിയിലെ ജന്തുജാലങ്ങളും സസ്യജാലങ്ങളും മണ്ണും ജലവും വായുവും സൗരമണ്ഡലവും രാസായുധങ്ങളുമെല്ലാം അദ്ദേഹത്തിന്റെ സൂക്ഷ്മമായ പഠനങ്ങൾക്കും നിരീക്ഷണങ്ങൾക്കും വിധേയമായി.

വെട്ടിപ്പിടിച്ചും വിലയ്ക്കുവാങ്ങിയും അമേരിന്ത്യരെ (ചുകന്ന ഇന്ത്യക്കാർ) സ്ഥാനഭ്രഷ്ടരാക്കിയുമാണ് വെള്ളക്കാർ വടക്കേഅമേരിക്കയിൽ ആധിപത്യമുറപ്പിച്ചത്. 1854ൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് സിയാറ്റിൻ എന്ന സ്ഥലത്തുള്ള ഇന്ത്യൻ ഗോത്രനേതാവുമായി, ആ ഗോത്രത്തിന്റെ വകയായ ഭൂമി മുഴുവൻ വിലയ്ക്കെടുക്കാൻ കൂടിയാലോചനകൾ നടത്തി. അമേരിന്ത്യക്കാർക്കു താമസിക്കാൻ പ്രത്യേകമായി വേണ്ടത്ര ഭൂമി നീക്കിവെയ്ക്കും എന്ന വ്യവസ്ഥയും അവർ മുന്നോട്ടുവെച്ചു. സിയാറ്റിനിലെ അമേരിന്ത്യൻ ഗോത്രനേതാവ് വാഷിങ്ടണിലെ വെള്ളനേതാവിന് ഒരു കത്തയച്ചു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം മനോഹരമായി നിർവചിക്കുന്ന ഈ കത്ത് പ്രകൃതിയോട് പ്രേമമുള്ള എല്ലാവരും വായിച്ച് മനസിലാക്കേണ്ടതാണെന്ന് എൻ. വി. കൃഷ്ണവാരിയർ ചൂണ്ടിക്കാണിക്കുന്നു. ഞങ്ങളുടെ ഭൂമി നിങ്ങൾക്ക് തരുക



SGOU

യാണെങ്കിൽ ഞങ്ങൾ സംരക്ഷിക്കുന്നതുപോലെ സംരക്ഷിക്കുമോ എന്നാണ് ഗോത്രവർഗക്കാർ കത്തിലൂടെ ചോദിക്കുന്നത്.

ഞങ്ങളുടെ ഭൂമി നിങ്ങൾക്കു ഞങ്ങൾ വിൽക്കുകയാണെങ്കിൽ, അതൊരു വിശുദ്ധ സ്ഥലമായി നിങ്ങൾ നീക്കിവെക്കണം. ഈ ഭൂമിയിലെ മൃഗങ്ങളെ തന്റെ സഹോദരരായി വെള്ളക്കാരൻ കരുതണം. ഭൂമി നമ്മുടെ അമ്മയാണെന്ന് ഞങ്ങളുടെ കുട്ടികളെ ഞങ്ങൾ പഠിപ്പിച്ചുവന്നു. ഇതു നിങ്ങളുടെ കുട്ടികളെയും പഠിപ്പിക്കുക. 'ഭൂമി മനുഷ്യന്റേതല്ല, മനുഷ്യൻ ഭൂമിയുടേതാണെന്നതാണ് സത്യം'. പ്രകൃതിയുമായി ഇണങ്ങിജീവിച്ച ഒരു ജനത സഹ്രസാബ്ദങ്ങളിലൂടെ നേടിയ വ്യക്തിത്വത്തിന്റെ കാച്ചിക്കുറുക്കിയ സത്താണ് ഈ സന്ദേശം. അമേരിക്കയിലെ വെള്ളക്കാരന് ഇത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല.

## Assignments

1. 'പ്രകൃതിയുമായി ഇണങ്ങിജീവിച്ച ഒരു ജനത നേടിയ വ്യക്തിത്വത്തിന്റെ ആവിഷ്കാരമാണ് സിയാറ്റിൽ മൂപ്പന്റെ പ്രതികരണം'. സ്ഥാപിക്കുക.
2. ഭൂമിയോടുള്ള മനോഭാവം ചുകന്ന ഇന്ത്യക്കാർ അടയാളപ്പെടുത്തുന്നതിന്റെ സമകാലപ്രസക്തി എന്ത്?- വിശദീകരിക്കുക.
3. പാരിസ്ഥിതികാവബോധത്തിന്റെ വ്യത്യസ്തതലങ്ങൾ അവതരിപ്പിച്ച എഴുത്തുകാരനായിരുന്നു എൻ. വി. കൃഷ്ണവാരിയർ - ഈ അഭിപ്രായം പരിശോധിക്കുക.
4. മനുഷ്യന്റെ ചൂഷണം പരിസ്ഥിതിയെ ബാധിക്കുന്നുണ്ടോ? - വ്യക്തമാക്കുക.

SGOU

## Suggested Readings


1. എൻ. വി. കൃഷ്ണവാരിയർ, വെല്ലുവിളികൾ പ്രതികരണങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
2. എൻ. വി. കൃഷ്ണവാരിയർ, കാവ്യകൗതുകം, പൂർണ, കോഴിക്കോട്.
3. എം. ആർ. ചന്ദ്രശേഖരൻ, എൻ. വി. കൃഷ്ണവാരിയർ, ഗ്രീൻബുക്സ്, തൃശ്ശൂർ.
4. ഡോ. കെ. എം. ജോർജ്, ആധുനികമലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
5. എം. എം. ബാവ, മലയാളസാഹിത്യത്തിലെ ശാസ്ത്രസ്വാധീനം, ശാസ്ത്ര കേരളം, തിരുവനന്തപുരം.

## References


1. എം. ആർ. ചന്ദ്രശേഖരൻ, എൻ. വി. കൃഷ്ണവാരിയർ, ഗ്രീൻബുക്സ്, തൃശ്ശൂർ.
2. എം. എം. ബാവ, മലയാളസാഹിത്യത്തിലെ ശാസ്ത്രസ്വാധീനം, ശാസ്ത്രകേരളം, തിരുവനന്തപുരം.
3. സി. പി. ശ്രീധരൻ, ശാസ്ത്രസാഹിത്യം മലയാളത്തിൽ (രണ്ടു ഭാഗങ്ങൾ), ചേർത്തല.
4. ബാലകൃഷ്ണൻ കാവുമ്പായി, മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം - ഒരുപഠനം, ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ.
5. കെ. വി. രാമകൃഷ്ണൻ, എൻ. വി. യുടെ ഗദ്യകൃതികൾ, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 2

# 1. ഞാൻ

**സി. ജെ. തോമസ്**

## Learning Outcomes

- ഉപന്യാസസാഹിത്യത്തിന്റെ സവിശേഷത മനസിലാക്കുന്നു
- ദാർശനികനും പ്രക്ഷോഭകാരിയുമായ സി. ജെ. തോമസ് എന്ന നിരൂപകനെ തിരിച്ചറിയുന്നു
- വ്യക്തിവാദം, സാമൂഹ്യവാദം ഇവയുടെ പൊരുൾ മനസിലാക്കുന്നു
- ഫാസിസം രൂപപ്പെടുന്ന സാഹചര്യം ഗ്രഹിക്കുന്നു

## Background

**ഉപന്യാസം**

ഇംഗ്ലീഷിൽ എസ്സേ എന്ന പദത്തിനുപകരം മലയാളത്തിൽ ഉപയോഗിക്കുന്ന പദമാണ് ഉപന്യാസം. മനസിന്റെ 'ശ്ലഥപ്രയാണം' എന്നാണ് ജോൺസൺ ഉപന്യാസത്തിനു നൽകുന്ന നിർവചനം. രസകരവും ചിന്താപ്രധാനവുമായ സ്വഗതഭാഷണമായി അതിനെ കാണാം. പ്രതിപാദ്യ വിഷയത്തേക്കാൾ പ്രതിപാദനരീതിക്കാണ് ഉപന്യാസത്തിൽ പ്രാധാന്യം. എഴുത്തുകാരന്റെ വൈയക്തികാംശം അതിൽ ഏറിയിരിക്കും. ആഹ്ലാദജനകമായ ആത്മഭാഷണമാണത്. ആദ്യകാലമലയാളമാസികകളിലാണ് ഉപന്യാസപ്രസ്ഥാനം തുടക്കംകുറിച്ചത്. വിജ്ഞാനമേഖലകളിൽ അനുദിനമുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി ഈ സാഹിത്യശാഖയുടെ വളർച്ചയ്ക്ക് കാരണമാകുന്നു. രാഷ്ട്രമീമാംസ, ശാസ്ത്രം, കല, മതം, ധനതത്ത്വശാസ്ത്രം, ഭാഷാവിജ്ഞാനം, മനഃശാസ്ത്രം, വിദ്യാഭ്യാസം, വ്യവസായം, സിനിമ തുടങ്ങിയ വിഷയങ്ങളിൽ ധാരാളം ലേഖനങ്ങൾ എഴുതപ്പെടുന്നു.

ആധുനിക ഗദ്യസാഹിത്യത്തിൽ സവിശേഷസ്ഥാനം നേടിയ ശാഖയാണ് ഉപന്യാസം. പാഠപുസ്തക കമ്മിറ്റിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ശ്രമഫലമായി ഉപന്യാസരചനയ്ക്ക് പ്രാധാന്യം ലഭിച്ചു. പിന്നീട് പത്രപ്രവർത്തനത്തിലൂടെ അത് വിപുലമായി വളരുകയും ചെയ്തു. എഴുത്തുകാരന്റെ ആത്മസത്ത പ്രതിബിംബിക്കുന്ന സരസലേഖനങ്ങൾ, വിജ്ഞാനപ്രദമായ വിഷയങ്ങൾ ഉൾപ്പെട്ടിട്ടുള്ളവ, സദാചാരോദ്ബോധകങ്ങളായവ എന്നിങ്ങനെ വ്യത്യസ്തകാഴ്ചപ്പാടുകളാണ് അവയിൽ തെളിഞ്ഞുനിന്നത്. മനുഷ്യസ്വഭാവത്തിന്റെ വികലമായ വശങ്ങളെ കണ്ടറിഞ്ഞ് സ്വതസിദ്ധമായ പരിഹാസരസത്തിൽ ചിത്രീകരിക്കുവാൻ പലരും ഉത്സുകരായിരുന്നു. ഉപന്യാസസാഹിത്യം തൃപ്തികരമായവിധം മലയാളത്തിൽ പിന്നീട് വളർച്ച പ്രാപിച്ചു എന്ന് പറയാനാവില്ല.

**സി. ജെ. തോമസ് – എതിർപ്പിന്റെ സുവിശേഷകൻ**

പ്രക്ഷോഭകാരിയായ ചിന്തകനും ദാർശനികനും നാടകകൃത്തും ചിത്രകാരനും നിരൂപകനുമായിരുന്നു സി. ജെ. തോമസ്. പ്രകോപനപരമായി എഴുതുകയും പ്രതിയോഗികളെ സൃഷ്ടിക്കുകയും ചെയ്യുന്നത് സി. ജെ.യ്ക്ക് പ്രിയമുള്ള വിനോദമായിരുന്നു. എതിർപ്പിന്റെ സുവിശേഷമാ

SGOU

യിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഭാഷയായിരുന്നു സി. ജെ.യുടെ ശക്തി. അതിന്റെ മൊഴിയും വഴിയും ഉൺമയുടേതായിരുന്നു. ആൾക്കൂട്ട അഭിരുചിക്കെതിരെ ഉയർത്തിയ കലാപങ്ങളായിരുന്നു അദ്ദേഹത്തിന്റെ സർഗാത്മകരചനകൾ. സാഹിത്യവിമർശനത്തിൽ ഇടപെടലുകൾ മാത്രമല്ല, വെളിപാടുകളും വേണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സെമിനാരിയിൽനിന്ന് വിപ്ലവകാരിയിലേക്കുള്ള സി. ജെ.യുടെ പരിണാമം, നിരന്തരമായ പഠനമനനങ്ങളുടെ പരിണതഫലമായിരുന്നു. മതപുരോഹിതന്മാരെയും രാഷ്ട്രീയപുരോഹിതന്മാരെയും ഒരുപോലെ അദ്ദേഹം എതിർത്തിരുന്നു. മനുഷ്യനാണ് എല്ലാറ്റിന്റെയും മാനദണ്ഡമെന്ന് സി. ജെ. വിശ്വസിച്ചിരുന്നു. 'എക്സിസ്റ്റൻഷ്യലിസ്റ്റ് ഹ്യൂമനിസ്റ്റ്' എന്ന് എം. ഗോവിന്ദൻ സി. ജെ.യെ വിശേഷിപ്പിച്ചത് അതുകൊണ്ടാണ്. ഉപന്യാസരചനയും ചിത്രരചനയും പത്രപ്രവർത്തനവും നാടകമെഴുത്തും അഭിനയവുമെല്ലാം സി.ജെ.യ്ക്ക് പരസ്പരപൂരകമായ സർഗാത്മകപ്രവർത്തനമായിരുന്നു. ഒരു മിന്നൽപ്പിണർപ്പുപോലെ നമ്മുടെ ധൈഷണികലോകത്തേയ്ക്ക് കടന്നുവന്ന പ്രതിഭാശാലിയാണ് അദ്ദേഹം.

അതീവസങ്കീർണമായ വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. മലയാളനാടകശാഖയ്ക്ക് മുതൽക്കൂട്ടായ നാടകങ്ങളും നാടകശാസ്ത്രഗ്രന്ഥവും സാഹിത്യ-സാംസ്കാരിക-രാഷ്ട്രീയ വിഷയങ്ങളെ സംബന്ധിച്ചുള്ള അനേകം ഉപന്യാസങ്ങളും രചിച്ചു. അതിനാലാവാം 'സി. ജെ. ഒരു വ്യക്തി മാത്രമായിരുന്നില്ലെന്നും ഒരാൾക്കൂട്ടമായിരുന്നെ'ന്നും സുകുമാർ അഴിക്കോട് വിലയിരുത്തിയത്. സി. ജെ.യുടെ ജീവിതത്തിൽ പ്രധാനമായും നാലുഘട്ടങ്ങൾ കണ്ടെത്താനാവും. വേദപുസ്തകവും മതവുമായി ബന്ധപ്പെട്ടിരുന്ന ബാല്യകാലം, മതത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും കുതറിമാറി കമ്മ്യൂണിസത്തിലേക്കും പുരോഗമനപ്രസ്ഥാനങ്ങളിലേക്കും എത്തിച്ചേർന്ന രണ്ടാമത്തെ ഘട്ടം, പിന്നീട് കമ്മ്യൂണിസ്റ്റു വിരുദ്ധചേരിയിലെത്തുകയും അവിടെനിന്നു പുറത്തുകടക്കാൻ വെമ്പുകയും ചെയ്ത മൂന്നും നാലും ഘട്ടങ്ങൾ. എല്ലാവിധ എസ്റ്റാബ്ലിഷ്മെന്റിനുമെതിരായ കലാപം സി. ജെ.യുടെ ജീവിതചിന്തയുടെ പ്രധാനധാരയായി മാറി. വ്യക്തിജീവിതത്തോടുള്ള സ്നേഹത്തിൽനിന്നാണ് മഹത്തായ കലാപം ആരംഭിക്കുന്നത്. മതവും രാഷ്ട്രീയ ശക്തികളും വ്യക്തിജീവിതത്തെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ രണ്ടു സംഘടിത ശക്തികൾക്കുമെതിരായിട്ടായിരുന്നു സി. ജെ. കലാപം നടത്തിയത്. വ്യക്തിയുടെ സ്വകാര്യചിന്തയ്ക്കു പ്രാധാന്യം നൽകിയ സി. ജെ. മൗലികമായ ചിന്തകനും ഏകാകിയായ കലാപകാരിയുമായിരുന്നു.

## Keywords

സി. ജെ. തോമസിന്റെ എഴുത്തുജീവിതം-ജീവിതം-കലാപം-അസ്തിത്വം-ഫ്യൂഡലിസം-വ്യക്തിവാദം-സാമൂഹ്യവാദം-ഫാസിസം

## Discussion

### 3.2.1 ഫ്യൂഡലിസവും വ്യക്തിവാദവും

'എന്നെക്കൂടാതെതന്നെ ഈ പ്രപഞ്ചം നിലനിൽക്കും. പക്ഷേ ഞാനില്ലെങ്കിൽ എനിക്ക് ഈ ലോകമില്ല. ഞാനില്ലെങ്കിൽ നിങ്ങളുമില്ല. ഇല്ലാത്ത എന്നെ വ്യക്തിവാദിയെന്ന് അധിക്ഷേപിക്കുകയില്ലല്ലോ' എന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് സി. ജെ തോമസിന്റെ 'ഞാൻ' എന്ന ലേഖ

നം ആരംഭിക്കുന്നത്. നമ്മൾ ജനിക്കുന്നതിനു മുൻപുതന്നെ പ്രപഞ്ചമുണ്ടായിരുന്നു. മരിച്ചു കഴിഞ്ഞും അതു നിലനിൽക്കും. പക്ഷേ, എന്നെ സംബന്ധിച്ച് എന്റെ അസ്തിത്വമാണ് പ്രധാനം. ഞാൻ ഇല്ലായെങ്കിൽ പ്രപഞ്ചത്തിന്റെ അസ്തിത്വത്തെ എനിക്ക് അംഗീകരിക്കാനാവില്ല എന്ന് അദ്ദേഹം വിശ്വസിക്കുന്നു. ബോധമുള്ള ഓരോ പ്രകൃതിഘടകത്തെയും വ്യക്തി എന്നു പറയാം. അനേകം വ്യക്തികളുടെ കൂട്ടമാണ് സമുദായം. എല്ലാ വ്യക്തികളുടെയും പൊതുഗുണങ്ങൾ സമൂഹത്തിന്റെ ഗുണങ്ങളായി പരിഗണിക്കുന്നു. ഓരോ വ്യക്തിക്കും ആ വ്യക്തിയെ പ്രത്യേകമായി തിരിച്ചറിയാവുന്ന സ്വഭാവങ്ങളുമുണ്ട്. വേദനയും ആനന്ദവും സമുദായത്തിലെ വ്യക്തികൾക്കാണ്. ഇന്ന് സാമൂഹ്യവാദം വളർന്ന് അതിന്റെ ലക്ഷ്യത്തെത്തന്നെ ഇല്ലാതാക്കുന്നു.

▶ അസ്തിത്വം പ്രധാനം

വ്യക്തിവാദത്തിന്റെ അധ:പതനത്തിൽനിന്നാണ് സാമൂഹ്യവാദം വളർന്നത്. വ്യക്തിവാദം മുതലാളിത്തത്തിന്റെ ചിന്താഗതിയായി ഒരുകാലത്ത് കരുതിയിരുന്നു. ഫ്യൂഡലിസ്റ്റ് സാമൂഹ്യസംഘടനയുടെ കാലത്ത് സാധാരണവ്യക്തികൾക്ക് യാതൊരു പ്രാധാന്യവുമുണ്ടായിരുന്നില്ല. ഒരു വിഭാഗം ഭൂമിയോടുകൂടി കൈമാറ്റം ചെയ്യപ്പെടുന്നവരും മറ്റൊരു വിഭാഗം പ്രഭുവിന്റെ കാരുണ്യത്തിൽ ജീവിക്കുന്ന കൃഷിക്കാരുമായിരുന്നു. ഭൂരിപക്ഷവും സ്വന്തമായി നിലനിൽപ്പില്ലാത്തവരായിരുന്നു. സ്വന്തമായി വസ്തു ഇല്ലാതിരുന്ന, എന്നാൽ സ്വന്തമായി ബോധവും വ്യക്തിത്വവുമുണ്ടായിരുന്ന അവർ ഫ്യൂഡലിസം എന്ന ഭീമയന്ത്രത്തിന്റെ ഭാഗങ്ങൾ മാത്രമായിരുന്നു. മനുഷ്യനെ വെറും പുഴുവായി ഗണിക്കുന്ന ഒരു മതം ഈ ചിന്താഗതിയെ പ്രോത്സാഹിപ്പിച്ചു എന്ന് സി. ജെ. നിരീക്ഷിക്കുന്നു.

▶ വ്യക്തികൾക്ക് പ്രാധാന്യമില്ലാത്ത ഫ്യൂഡലിസം

മനുഷ്യന്റെ സാമ്പത്തികോൽപാദനശക്തി വളർന്നുവന്നപ്പോൾ കൈത്തൊഴിലുകളുടെ വളർച്ചയും കച്ചവടവും പുരോഗമിക്കുകയും പ്രഭുവിന്റെ വസ്തുവിനെ ആശ്രയിക്കാതെ ഉപജീവനം നടത്താം എന്നുവരികയും ചെയ്തു. യന്ത്രങ്ങളും വ്യവസായവും ഉയർന്നുവന്നു. ബൂർഷ്വാസികളായിരുന്നു വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോന്നിരുന്നത്. ജോലി ചെയ്യുന്നതാവട്ടെ, അടിമകളും. തങ്ങളുടെ അവസ്ഥകളെപ്പറ്റി അവർക്ക് ആകാംക്ഷയുണ്ടായിരുന്നു. തങ്ങൾ യന്ത്രങ്ങളും അടിമകളുമല്ല എന്ന് അവർക്ക് പ്രഖ്യാപിക്കേണ്ടിവന്നു. യുക്തിവാദത്തിന്റെ പ്രചാരത്താൽ മതത്തിന്റെ പിടി അയഞ്ഞു. അതോടൊപ്പം വ്യക്തിവാദം രൂപപ്പെടുകയും ചെയ്തു. അതൊരു പുരോഗമനചിന്തയായിരുന്നു. പിന്നീട് ബൂർഷ്വാസിയും തൊഴിലാളിയും വ്യക്തിസ്വാതന്ത്ര്യത്തിനായി പട പൊരുതി. പിന്നീട് മുതലാളിക്ക് തൊഴിലാളിയെ ചൂഷണം ചെയ്യുവാനും വ്യക്തിവാദം നീതികരണമായി ഉന്നയിക്കപ്പെട്ടു. അങ്ങനെ ഉൽക്കൃഷ്ടമായ ഒരാദർശമായി തുടങ്ങിയ വ്യക്തിസ്വാതന്ത്ര്യം സ്വാർത്ഥതയുടെ പര്യായമായി മാറി. ഈ നിലപാടിനെതിരായാണ് സാമൂഹ്യവാദം ഉയർന്നത്. സമുദായത്തിന്റെ പൊതുതാത്പര്യമാണ് പ്രധാനം എന്നായിരുന്നു ആ വാദത്തിന്റെ കാഴ്ചപ്പാട്. എന്നാൽ കാലക്രമേണ ആ വാദവും പരാജയപ്പെട്ടു.

▶ സ്വാർത്ഥതയ്ക്കെതിരെ സാമൂഹ്യവാദം

## സാമൂഹ്യവാദവും ഫാസിസവും

ഇന്ന് സാമൂഹ്യവാദം ഒരു മതമായി മാറിയിരിക്കുന്നു. വ്യക്തിത്വം ഒരു മഹാപാപമായി ഗണിക്കപ്പെടുന്നു. ഓരോ വ്യക്തിയുടെയും വളർച്ചയ്ക്ക് സഹായകമായ ഒരു മാർഗം മാത്രമാണ് സാമൂഹ്യവാദം. വ്യക്തിയെ അപ്രധാനമാക്കി, സമുദായത്തെ ഈശ്വരനായി അവരോധിച്ച് ഒരു സാമൂഹ്യഘടന കെട്ടിപ്പടുക്കുന്നതാണ് ഫാസിസം. വ്യക്തിയുടെ സാമൂഹികജീവിതത്തിൽ ഫാസിസം കൈകടത്തുന്നു. വ്യക്തിയെ അംഗീകരിക്കാത്ത ചിന്തകനും പ്രസ്ഥാനവും ഫാസിസത്തിലവസാനിക്കും. ഈ അവസ്ഥയിലേക്ക് സാമൂഹ്യവാദികൾ നീങ്ങിത്തുടങ്ങിയ സാഹചര്യത്തിൽ അതിനെ പിടിച്ചുനിർത്താനായാണ് വ്യക്തിയുടെ പ്രാധാന്യം താൻ ഊന്നിപ്പറയുന്നതെന്ന് സി. ജെ. അഭിപ്രായപ്പെടുന്നു.

▶ വ്യക്തിയുടെ പ്രാധാന്യം ഊന്നിപ്പറയേണ്ടതിന്റെ ആവശ്യകത

വ്യക്തിവാദിയായ സി. ജെ. യുടെ ചിന്തകളുടെ ക്ഷോഭം ഉടനീളം പ്രകടിപ്പിക്കുന്ന 'ധിക്കാരിയുടെ കാതൽ' എന്ന പുസ്തകം ഒരു ബഹുജനവിരോധിയുടെ തീർത്ഥയാത്രയാണെന്ന് കെ. പി. അപ്പൻ നിരീക്ഷിക്കുന്നുണ്ട്. ചിന്താപരമായ പ്രതിഷേധത്തിലൂടെയാണ് ഏകാകിയായ പ്രക്ഷോഭകാരി സ്വാതന്ത്ര്യം അനുഭവിക്കുന്നത്. താനൊരു വ്യക്തിവാദിയാണെന്ന ആരോപണത്തെ ഒരംഗീകാരമായാണ് അദ്ദേഹം കണ്ടത്. ചിന്തകനും കലാപകാരിയുമായ സി. ജെ., ഭൂതകാലം സംരക്ഷിച്ചുനിർത്തിയിരുന്ന വിശ്വാസങ്ങളുടെ അടിസ്ഥാനങ്ങളെ തകിടം മറിക്കുന്നതിലൂടെ പുതിയ തലമുറയുടെ രക്ഷകനായിത്തീർന്നുവെന്ന് കെ. പി. അപ്പൻ വിലയിരുത്തിയിട്ടുണ്ട്. വിശ്വാസങ്ങളെ നിഷേധിക്കുന്ന ഒരാൾ കാണിക്കുന്ന അനുസരണക്കേടുകളാണ് പുരോഗതിയുടെ അടിസ്ഥാനമെന്നു വിശ്വസിച്ച ആളാണ് സി. ജെ. അദ്ദേഹത്തെ ഒരു കാല്പനിക യുക്തിവാദിയായി വിശേഷിപ്പിക്കാറുള്ളത് അതുകൊണ്ടാണ്.

▶ നിഷേധിയുടെ അനുസരണക്കേടുകൾ

## Summarised Overview

എതിർപ്പിന്റെ സുവിശേഷമായിരുന്നു സി. ജെ. തോമസിന്റെ ജീവിതം. പതിവ് ശീലങ്ങളിൽ നിന്നും രീതികളിൽനിന്നും വ്യതിരിക്തമായാണ് അദ്ദേഹത്തിന്റെ രചനകളെല്ലാം പിറവിയെടുത്തത്. മനുഷ്യരാണ് അദ്ദേഹത്തിന്റെ ചിന്തയിൽ കേന്ദ്രമായി പ്രവർത്തിച്ചത്. വിവിധമേഖലകളിൽ ഗഹനമായ അറിവുണ്ടായിരുന്ന സി. ജെ.യുടെ ധൈഷണികത വെളിവാകുന്ന നിരവധി ശ്രദ്ധേയരചനകളുണ്ട്.

വ്യക്തിവാദിയെന്ന് വിളിക്കുന്നതിലെ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സി. ജെ. തോമസിന്റെ 'ഞാൻ' ആരംഭിക്കുന്നത്. നമ്മൾ ജനിക്കുന്നതിനുമുമ്പും മരിച്ചതിനുശേഷവും പ്രപഞ്ചം നിൽക്കുമെങ്കിലും തന്റെ അസ്തിത്വം നഷ്ടപ്പെട്ടതിനു ശേഷം പ്രപഞ്ചാസ്തിത്വത്തെ അംഗീകരിക്കുന്നതിൽ കാര്യമില്ല. മുതലാളിത്തചിന്താഗതിയാണ് വ്യക്തിവാദത്തെ ഒരുകാലത്ത് കണ്ടിരുന്നത്. ഫ്യൂഡലിസത്തിൽ വ്യക്തികൾക്ക് ഒരു പ്രാധാന്യവുമുണ്ടായിരുന്നില്ല. ഭൂമിയോടൊപ്പം കൈമാറ്റം ചെയ്യപ്പെടുന്നവരും പ്രഭുവിന്റെ കാരുണ്യത്തിൽ ജീവിക്കുന്നവരുമായിരുന്ന അവർക്ക് സ്വന്തമായി നിലനിൽപ്പുണ്ടായിരുന്നില്ല. മനുഷ്യനെ പുഴുവായി മാത്രം പരിഗണിക്കുന്ന മതം ഈ ചിന്താഗതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



SGOU

വ്യാവസായികപുരോഗതിയോടെ സാമ്പത്തിക ഉല്പാദനശക്തിയുടെ ഭാഗമായിത്തീർന്ന മനുഷ്യർ, തങ്ങൾ യന്ത്രങ്ങളും അടിമകളുമല്ല എന്ന് പ്രഖ്യാപിച്ചു. അത്തരമൊരു സാഹചര്യ ത്തിൽ പുരോഗമനപരമായാണ് വ്യക്തിവാദം രൂപമെടുക്കുന്നത്. ബൂർഷ്വാസിയും തൊഴിലാളി യും വ്യക്തിസ്വാതന്ത്ര്യത്തിനായി പോരാടി. തൊഴിലാളിയെ ചൂഷണം ചെയ്യാനായി മുതലാളി വ്യക്തിവാദത്തെ ഉപയോഗപ്പെടുത്താൻ തുടങ്ങിയതോടെ സാമൂഹ്യവാദം പ്രാധാന്യം നേടി. ഇങ്ങനെ വ്യക്തിവാദത്തിന്റെ അധഃപതനത്തിൽനിന്നാണ് സാമൂഹ്യവാദം രൂപമെടുക്കുന്നത്. വ്യക്തികളെക്കാൾ സമുദായത്തിന്റെ താൽപര്യമാണ് സാമൂഹ്യവാദത്തിൽ പ്രധാനമായിരുന്ന ത്. വ്യക്തിയെ അപ്രധാനമാക്കിയുള്ള സാമൂഹ്യവാദം പതിയെ ഫാസിസത്തിലേക്ക് കടക്കാതി രിക്കാനാണ് വ്യക്തിയുടെ പ്രാധാന്യം താൻ ഊന്നിപ്പറയുന്നതെന്ന് സി. ജെ. വ്യക്തമാക്കുന്നു.

## Assignments

1. സാമൂഹ്യവാദം വ്യക്തിയുടെ ഉയർച്ചയെ ഇല്ലാതാക്കുന്നതെങ്ങനെയെന്ന് സി. ജെ. യുടെ ലേഖനം മുൻനിർത്തി പരിശോധിക്കുക.
2. വ്യക്തി എന്ന സങ്കൽപത്തെപറ്റി അപഗ്രഥിക്കുക.
3. സാമൂഹ്യവാദം വ്യക്തിത്വത്തെ നിഷേധിക്കുന്നതിന്റെ കാരണം സി. ജെ. കണ്ടെത്തുന്നതെ ങ്ങനെയെന്നു വിലയിരുത്തുക.
4. വ്യക്തിവാദം രൂപപ്പെട്ടതെങ്ങനെ ചർച്ച ചെയ്യുക.
5. ഫാസിസം വ്യക്തിജീവിതത്തിൽ പ്രതിലോമകരമായി ഇടപെടുന്നതെങ്ങനെ വിശദമാക്കുക.
6. ഉപന്യാസത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് പരിശോധിക്കുക.

## Suggested Readings


1. ഡോ. ബിയാട്രിക്സ് അലെക്സിസ് (സമ്പാ.), സി. ജെ. തോമസ് നാടകങ്ങൾ - ജീവിതം : കാണാത്ത അരങ്ങുകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. റോസി തോമസ്, ഇവൻ എന്റെ പ്രിയ സി. ജെ., ഡി. സി. ബുക്സ്, കോട്ടയം.
3. ജോൺപോൾ (എഡി.), സി. ജെ. തോമസും സി. ജെ. തോമസും, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.


SGOU

# References


1. ഡോ. എ. റസലുദ്ദീൻ, സി. ജെ. തോമസ്, ഒരുനാടകകാരന്റെ രൂപവൽക്കരണം, ഡി. സി. ബുക്സ്, കോട്ടയം.
2. സി. ജെ. തോമസ്, സി. ജെ. യുടെ ലേഖനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
3. എം. കെ. സാനു, സി. ജെ. തോമസ്, ഇരുട്ടു കീറുന്ന വജ്രസൂചി, എൻ. ബി. എസ്., കോട്ടയം
4. പി. ജെ. ബേബി, ഫാസിസം സിദ്ധാന്തവും പ്രതിരോധവും, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.


SGOU

# 2. ആത്മകഥയിൽ നിന്നൊരുഭാഗം (അധ്യായം–7)

**കെ. ആർ. ഗൗരിയമ്മ**

## Learning Outcomes

- ആത്മകഥ എന്ന സാഹിത്യരൂപത്തിന്റെ പൊരുൾ മനസിലാക്കാൻ സാധിക്കുന്നു
- ജന്മിത്തകാലത്ത് നിലനിന്ന സാമൂഹ്യബന്ധങ്ങളെക്കുറിച്ച് ധാരണ നേടുന്നു
- സ്വാതന്ത്ര്യാനന്തരകേരളത്തിന്റെ സാമൂഹ്യസ്ഥിതിയെക്കുറിച്ച് സാമാന്യമായി മനസിലാക്കുന്നു
- തന്റെ ജീവിതത്തിലേയ്ക്കും രാഷ്ട്രീയത്തിലേയ്ക്കും കെ. ആർ. ഗൗരി നടത്തുന്ന മടക്കയാത്ര തിരിച്ചറിയാൻ കഴിയുന്നു

## Background

**ജീവചരിത്രം**

ജീവന്റെ ചരിത്രമാണ് ജീവചരിത്രം എന്നാണ് 1683-ൽ ജോൺ ഡ്രൈഡൻ ജീവചരിത്രത്തിനു നിർവചനം നൽകിയത്. ജീവിതത്തിന്റെ സ്മരണയെ നിലനിർത്തുവാൻ മനുഷ്യനുള്ള സഹജപ്രേരണയുടെ ഫലമാണ് ജീവചരിത്രരചന. അത് ചരിത്രമോ, ശാസ്ത്രമോ, ധർമ്മസംഹിതയോ അല്ല. നോവൽ, ജീവചരിത്രത്തോടടുത്തുനിൽക്കുന്നു. നോവലിൽ കഥയ്ക്കു പ്രാധാന്യമുള്ളപ്പോൾ ജീവചരിത്രത്തിലെ നടുനായകത്വം ഒരു വ്യക്തിക്കാണ്. അയാളുടെ അനുഭവത്തിലുള്ള കഥ മാത്രമേ അതിലുണ്ടാവൂ. നോവലിസ്റ്റ് കഥാനായകന്റെ സ്വഭാവവും ജീവിതബോധവും നേരത്തേ നിർണയിക്കുന്നു, അതിനു യോജിച്ച സംഭവങ്ങൾ മെനഞ്ഞുചേർക്കുന്നു. എന്നാൽ ജീവചരിത്രകാരന് തന്റെ കല്പന അനുസരിച്ച് ചരിത്രവസ്തുതകളെയോ വ്യക്തിസ്വഭാവത്തെയോ രൂപപ്പെടുത്താൻ കഴിയില്ല. ജീവചരിത്രത്തിൽ കൃത്രിമത്വത്തിന് സാധ്യതയില്ല.

കാലക്രമമനുസരിച്ച് സംഭവങ്ങൾ നിരത്തിവെച്ചാൽ ചരിത്രമാവും. എന്നാൽ ജീവചരിത്രമാവില്ല. ബാഹ്യസത്യത്തിൽ നിന്നും ആന്തരികസത്യത്തിലേക്കു നയിക്കുന്ന വിഭവങ്ങൾ കണ്ടെത്തി ഉചിതമാംവിധം കോർത്തിണക്കി പ്രകാശിപ്പിക്കുന്ന സാഹിത്യമാണ് ജീവചരിത്രം. ശാസ്ത്രത്തിന്റെ കൃത്യതയും കലയുടെ ആകർഷണീയതയും നോവലിന്റെ സൗഗമ്യവും ചരിത്രത്തിന്റെ വിശ്വാസയോഗ്യതയും ഒരേസമയം ഇതിൽ നിഴലിക്കേണ്ടതുണ്ട്. ജീവചരിത്രരചനയെ ഒരു സർഗാത്മകസാഹിത്യമായി പരിഗണിക്കാനാവുമോ എന്ന ചോദ്യം ഉയർന്നുവന്നിട്ടുണ്ട്. രചയിതാവിന്റെ കലാമർമ്മജ്ഞതയെയും അവർ തിരഞ്ഞെടുക്കുന്ന വ്യക്തികളുടെ സവിശേഷതയെയും ആശ്രയിച്ചാണ് അതു നിർണയിക്കുവാൻ കഴിയുന്നത്. കേരളത്തിൽ ആധുനികതയുടെ ഭാഗമായിവന്ന പരിഷ്ക്കരണോദ്യമങ്ങൾ ജീവചരിത്രസാഹിത്യത്തിന് പ്രാധാന്യം നൽകുകയുണ്ടായി. മഹാന്മാരുടെ ജീവിതകഥകൾ വ്യക്തികളുടെ സ്വഭാവം രൂപീകരിക്കുന്നതിൽ നിർണായക പങ്കുവഹിക്കുമെന്ന വിശ്വാസമായിരുന്നു അതിനുപിന്നിൽ. തിരുവിതാംകൂറിൽ 1865-ൽ പാഠപുസ്തകക്കമ്മിറ്റി സ്ഥാപിക്കപ്പെട്ടതോടെ ജീവചരിത്രങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമായി മാറി. സാമൂഹ്യ പരിഷ്ക്കരണപ്രസ്ഥാനങ്ങളിലും ജീവചരിത്രങ്ങൾക്കു പ്രാധാന്യം കൈവന്നു.

**ആത്മകഥ**

സ്വന്തം വ്യക്തിത്വത്തിന്റെ ബാഹ്യവും ആഭ്യന്തരവുമായ വശങ്ങളെ തുറന്നുകാട്ടി ജീവിതാ



SGOU

നുഭവങ്ങൾ കലാത്മകമായി ആഖ്യാനം ചെയ്യുന്ന സാഹിത്യരൂപമാണ് ആത്മകഥ. വ്യക്തിജീവിതത്തെയും അതിനെ സ്വാധീനിക്കുകയും അതിനാൽ സ്വാധീനിക്കപ്പെടുകയും ചെയ്യുന്ന ചുറ്റുപാടുകളെയും, സത്യസന്ധമായി ആവിഷ്ക്കരിക്കുന്ന സാഹിത്യരൂപമാണ് ആത്മകഥ. കരുതിക്കൂട്ടി തങ്ങളുടെ കഥകൾ ചായം തേച്ചു ചിത്രീകരിക്കാൻ ചിലർ ശ്രമിക്കുമ്പോൾ മറ്റു ചിലരാവട്ടെ, തങ്ങളുടെ ജീവിതത്തിലെ ചില സംഭവങ്ങൾ വെളിപ്പെടുത്തുവാൻ ധൈര്യപ്പെടാതെയിരിക്കുകയും ചെയ്യുന്നു. ഈ രണ്ട് പരിമിതികളും ആത്മകഥയിൽ കാണാം. ഒരു വ്യക്തിയുടെ പൂർണമായ ജീവിതകഥ ആവിഷ്ക്കരിക്കുവാൻ ജീവചരിത്രത്തിനേ സാധിക്കൂ. ജീവിതത്തിന്റെ ഒരു പ്രധാന ഭാഗം മാത്രമേ ആത്മകഥാകാരന്റെ കൈയിലെത്തുന്നുള്ളൂ. ഹൃദയത്തിൽനിന്ന് ഹൃദയത്തിലേക്കുള്ള പ്രവാഹം ആത്മകഥയിലെപ്പോലെ ജീവചരിത്രത്തിൽ സാധ്യമല്ല. അതിനാലാണ് അവ കൂടുതൽ ആസ്വാദ്യങ്ങളാകുന്നത്. സംഭവാഖ്യാനം ചെയ്യുക, ഏറ്റു പറയുക, വിശദീകരിക്കുക ഇവയിലേതെങ്കിലുമാവും ആത്മകഥാരചനയുടെ ലക്ഷ്യം. വ്യക്തിപരമായ സമ്മർദ്ദത്തിന്റെയും ആന്തരികമായ ആവിഷ്ക്കാരത്വരയുടെയും ഫലമായിട്ടാണ് ആത്മകഥാരചന നടക്കേണ്ടത്. ആത്മാർത്ഥതയാണ് ആത്മകഥയുടെ ജീവൻ.

എഴുത്തുകാരന്റെ മൂല്യബോധമാണ് ആത്മകഥയിലൂടെ നമുക്ക് ലഭിക്കുന്നത്. ഇന്ത്യയിലുണ്ടായ ആത്മകഥകളിൽ മിക്കതിന്റെയും പ്രമേയം സ്വകാര്യാനുഭവങ്ങളല്ല എന്നത് ഏറെ സവിശേഷത നിറഞ്ഞതാണ്. സ്വകാര്യതയുടെ അഭാവമല്ല, മറിച്ച് പൊതുമണ്ഡലവുമായി ബന്ധപ്പെട്ടുനിൽക്കുന്ന പരസ്യമായ ഒരാഖ്യാനരീതിയാണ് ഇന്ത്യയിലെ മിക്ക ആത്മകഥകളുടെയും സ്വഭാവം. തന്റെ ജീവിതകഥയും മറ്റുള്ളവരുടെ അനുഭവങ്ങളും തമ്മിലുള്ള സമാനതകൾക്കാണ് പലരും പ്രാമുഖ്യം നൽകുന്നത്. സ്വന്തം വ്യക്തിത്വത്തിന്റെ സവിശേഷതയെപ്പറ്റി ബോധവാനായ മഹാത്മാഗാന്ധിപോലും 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' തന്റെ ജീവിതത്തിന്റെ കഥയല്ലെന്ന് ആമുഖത്തിൽ ചൂണ്ടിക്കാണിക്കുന്നു. സ്വകാര്യമായ യാതൊന്നുമിതിലില്ല എന്ന് എടുത്തുപറയുന്നു. പല ആത്മകഥകളും മാറുന്ന ലോകത്തെപ്പറ്റിയുള്ളവയാണ്. വ്യക്തിപരമായി താൻ അനുഭവിച്ച കാര്യങ്ങളെക്കുറിച്ചെഴുതുമ്പോൾ സമൂഹത്തിന്റെ ചരിത്രസ്മരണകളെക്കൂടി അയാൾ രൂപപ്പെടുത്തുന്നു.

1950കൾ മുതലുള്ള കാലഘട്ടം കേരളദേശീയതയുടെയും സംസ്ഥാനരൂപീകരണത്തിന്റെയും പശ്ചാത്തലവുമായി ബന്ധപ്പെട്ടതാണ്. കേരളത്തിലെ സാമൂഹ്യാചാരങ്ങളിലും അധികാരബന്ധങ്ങളിലും നിയമവ്യവസ്ഥയിലുമെല്ലാം വലിയ മാറ്റങ്ങൾ അക്കാലത്തുണ്ടായി. വേഷവിധാനത്തിലും തൊഴിലിലും ആചാരങ്ങളിലും മാത്രമല്ല, ഒരു വ്യക്തിയെന്ന നിലയിൽ സ്വയം കാണുന്ന രീതിയിലും മറ്റുള്ളവരോട് സമ്പർക്കം പുലർത്തുന്നതിലും മാറ്റങ്ങൾ ഇക്കാലത്തുണ്ടായി. അവയുടെ പ്രത്യക്ഷസാക്ഷ്യപത്രങ്ങളായി ആത്മകഥകൾ മാറുന്നു. ആഖ്യാനം ചെയ്യപ്പെടുന്ന സംഭവങ്ങൾ മാത്രമല്ല ആത്മകഥകളെ ചരിത്രവുമായി ചേർത്തുനിർത്തുന്നത്. തന്നെക്കുറിച്ചെഴുതുക എന്നതിനുതന്നെ ചരിത്രപരമായ ഒരു മാനമുണ്ട്. ബംഗാളിഭാഷയിൽ പുരുഷന്മാർ എഴുതിയ ആത്മകഥകൾക്ക് 'ആത്മചരിത് ' എന്ന പേര് നൽകുമ്പോൾ സ്ത്രീകൾ എഴുതുന്നത് 'സ്മൃതികഥ' എന്ന പേരിലാണ് അറിയപ്പെട്ടത്. ആഖ്യാനത്തിന്റെ രൂപ-ഭാവങ്ങളിലുള്ള വ്യത്യാസമാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നതെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഭാവനാസൃഷ്ടമായ കഥകളുടെ ലോകത്തിലാണ് തന്റെ ആത്മവ്യവഹാരങ്ങളുണ്ടായതെന്ന ലളിതാംബിക അന്തർജ്ജനത്തിന്റെ വാക്കുകൾ ഇവിടെ സ്മരണീയമാണ്. അതുകൊണ്ടാവാം അസാധ്യമായ ആത്മകഥയ്ക്കുപകരം അതിനുള്ളാരാമുഖം മാത്രം എഴുതാൻ അവർ ശ്രമിച്ചത്. ചരിത്രത്തിന്റെ ഒരു സവിശേഷമുഹൂർത്തമാണ് അതിൽ തെളിഞ്ഞുവരുന്നത്. ആത്മകഥാരചനയെത്തന്നെ ശൈലീകരിക്കുകയാണ് ലളിതാംബിക അന്തർജ്ജനം ചെയ്തത്.

**കെ. ആർ. ഗൗരി - പൊള്ളുന്ന അനുഭവങ്ങളുടെ തുറന്നെഴുത്ത്**

സ്വാതന്ത്ര്യാനന്തരകാലത്തെ കലുഷമായ രാഷ്ട്രീയ-സാമൂഹിക- സാംസ്കാരികമേഖലകളിലൂടെ കേരളത്തെ കൈപിടിച്ചുനടത്തിയവരിൽ പ്രമുഖയാണ് കെ. ആർ. ഗൗരിയമ്മ. വിദ്യാർത്ഥി

രാഷ്ട്രീയത്തിലൂടെയും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെയും ജനസേവന രംഗത്തിറങ്ങിയ അവർ സ്ത്രീകൾക്ക് പ്രാമുഖ്യമില്ലാതിരുന്ന കേരള രാഷ്ട്രീയത്തിലിടം നേടിയത് ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലൂടെയും കർഷകപ്രസ്ഥാന പ്രവർത്തനങ്ങളിലുടെയുമാണ്. 1957—ൽ കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയിൽ റവന്യൂ മന്ത്രിയായിരുന്നു. പില്ക്കാലകേരളത്തിൽ ഏറെ പ്രാധാന്യം നേടിയ കാർഷികപരിഷ്ക്കരണനിയമം പാസ്സാക്കിയത് ഈ കാലയളവിലായിരുന്നു. രാഷ്ട്രീയ സാമൂഹികരംഗങ്ങളിൽ നിരവധി ഉന്നതസ്ഥാനങ്ങൾ അലങ്കരിച്ച അവർ ഇരുപതുകൊല്ലത്തോളം മഹിളാസംഘത്തിന്റെ പ്രസിഡന്റും സെക്രട്ടറിയുമായിട്ടുണ്ട്. 1987—ൽ വനിതാക്കമ്മീഷൻ നിയമവും അഴിമതി നിരോധനനിയമവും പാസാക്കി.

1979—ൽ 'ദേശാഭിമാനി' വാരികയിൽ താൻ ആത്മകഥ എഴുതിത്തുടങ്ങിയിരുന്നു എന്ന് 'ആത്മകഥ'യുടെ ആമുഖത്തിൽ കെ. ആർ. ഗൗരി ചൂണ്ടിക്കാണിക്കുന്നുണ്ട്. നിയമസഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായിരുന്നതിനാൽ എഴുത്ത് നിർത്തിവെക്കേണ്ടിവന്നു. തുടർന്നെഴുതുവാൻ പിന്നീട് മനസ്സും വന്നില്ല. സഖാക്കളും സുഹൃത്തുക്കളും എത്ര നിർബന്ധിച്ചിട്ടും തുടർന്നെഴുതുവാൻ കഴിഞ്ഞില്ല. അതിലാവട്ടെ, തിരുവിതാംകൂറിന്റെ സാമൂഹിക-രാഷ്ട്രീയ സ്ഥിതി, ജനജീവിതം, ചേർത്തല താലൂക്കിന്റെ പ്രത്യേകതകൾ, തൊഴിലാളിപ്രസ്ഥാനത്തിന്റെ തുടക്കം എന്നിവയൊക്കെയായിരുന്നു പ്രതിപാദ്യവിഷയം. അതിന്റെ തുടർച്ച എഴുതാതെ, ഞാനെന്ന വ്യക്തിയെ കേന്ദ്രീകരിച്ച് എഴുതാനാണ് ഈ ആത്മകഥയിൽ ശ്രമിക്കുന്നതെന്ന് അവർ ആദ്യമേ സൂചിപ്പിക്കുന്നു. ഈ കൃതി ആത്മകഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരത്തിന് അർഹമായി.

## Keywords

രാഷ്ട്രീയം - കമ്യൂണിസം - സ്ത്രീപക്ഷം - തുറന്നെഴുത്ത് - സ്വാതന്ത്ര്യാനന്തര കേരളം- ജന്മി കുടിയാൻ ബന്ധം - ആത്മകഥാ സാഹിത്യം

## Discussion

### 3.2.2 ആത്മകഥ - കെ. ആർ. ഗൗരിയമ്മ

താനൊരു സാഹിത്യകാരിയോ കവയിത്രിയോ അല്ല. തന്റെ കൊച്ചു ഗ്രാമം, നിഷ്ക്കളങ്കരായ പാവപ്പെട്ട മനുഷ്യർ, നെൽവയലുകൾ ഇവയെല്ലാം ഏതു കവിമനസ്സിനെയും മഥിക്കത്തക്ക കാര്യങ്ങളാണ്. ഉള്ളത് ഉള്ളതുപോലെ ആരുടെ മുൻപിലും തുറന്നുപറയുന്ന പ്രകൃതക്കാരിയാണ് താനെന്ന് കെ. ആർ. ഗൗരി വെളിപ്പെടുത്തുന്നു. ഇന്നത്തെ രാഷ്ട്രീയക്കാർക്കുണ്ടായിരിക്കേണ്ട മെയ്‌വഴക്കമോ പോളിഷോ തനിക്കില്ല. വെറും പരുപരുത്ത സ്വഭാവം. ഒരുപാട് ശത്രുക്കളെയും മിത്രങ്ങളെയും സൃഷ്ടിക്കുവാൻ ഇത് കാരണമായിട്ടുണ്ടെന്ന് അവർ ഏറ്റുപറയുന്നു. കേരളത്തിന്റെ ഒരു കാലത്തെ ചരിത്രമാണ് തന്റെ ഓർമ്മക്കുറിപ്പുകളും അനുഭവങ്ങളും എന്ന് അവർക്കുറപ്പുണ്ട്. കേരളത്തിലെ സാമൂഹിക - രാഷ്ട്രീയ- സാമ്പത്തികരംഗത്ത് നിരവധി മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടു. തങ്ങൾ ആരുടെയും അടിമകളല്ല എന്ന ബോധം പടുത്തുയർത്താൻ കഴിഞ്ഞ സംസ്ഥാനമാണു കേരളം.

▶ ആരുടെയും അടിമയല്ല എന്ന ബോധം

## കമ്യൂണിസ്റ്റും സ്ത്രീയും തുറന്നെഴുതുമ്പോൾ

കേരളസംസ്ഥാനം രൂപീകരിക്കപ്പെട്ടതിനുശേഷം പല പാർട്ടികൾ കേരളത്തിൽ ഭരണം നടത്തി. ആദ്യകാല ആദർശജീവിതവും മൂല്യബോധവും കമ്യൂണിസ്റ്റുപാർട്ടികൾക്കുപോലും കൈമോശം വന്നുവെന്ന് അവർ നിരീക്ഷിക്കുന്നു. ജനാധിപത്യപ്രക്രിയയിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ പ്രവർത്തനത്തെ ജനസേവനമായി കാണുവാനും അതിനുള്ള അവസരം നിഷേധിക്കപ്പെടുമ്പോൾ ശക്തമായി പ്രതികരിക്കാനും സദാസന്നദ്ധയായിരുന്നു അവർ. രാഷ്ട്രീയപ്രവർത്തനം ജനസേവനമായി കണക്കാക്കിയ അപൂർവം നേതാക്കളിലൊരാളായിരുന്നു കെ. ആർ. ഗൗരി. നാല്പത്തിമൂന്ന് അധ്യായങ്ങളുള്ള ആത്മകഥ ഒരു കമ്യൂണിസ്റ്റെന്ന നിലയിലും സ്ത്രീ എന്ന നിലയിലും അവർ നേരിട്ട, പൊള്ളുന്ന അനുഭവങ്ങളുടെ തുറന്നെഴുത്താണ്. ആശയപരമായും പ്രത്യയശാസ്ത്രപരമായും യാതൊരു കെട്ടുപാടും അവരെ നിയന്ത്രിക്കുന്നില്ല. അതിനാൽ നേരിന്റെ വജ്രത്തിളക്കം ഇതിലെ ഓരോ വരിയിലും കാണുവാൻ കഴിയും.

> ▶ പൊള്ളുന്ന അനുഭവങ്ങളുടെ തുറന്നെഴുത്ത്

അച്ഛന്റെ ഏറ്റവും പ്രിയപ്പെട്ട മകളായിരുന്നു താനെന്ന് വെളിപ്പെടുത്തുന്ന അവർ തനിക്ക് ആ പേരു ലഭിച്ചതെങ്ങനെയെന്നും പറയുന്നു. കൊച്ചിയിൽ ഈഴവസമുദായത്തിൽനിന്ന് ആദ്യം ബി. എ. പാസ്സായ സ്ത്രീയുടെ പേർ ഗൗരിയെന്നായിരുന്നു. അവരെ കാണാൻ അച്ഛൻ പോകുകയും അതിനുശേഷം അമ്മ പ്രസവിച്ച ആദ്യ പെൺകുട്ടിയായ തനിക്ക് ആ പേരിടുകയും ചെയ്തു. തന്റെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഓർമ്മകൾ കെ. ആർ. ഗൗരി പങ്കുവെയ്ക്കുമ്പോൾ അക്കാലത്തെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും അധ്യാപകരുടെ മൂല്യബോധവും തെളിഞ്ഞുവരുന്നു. വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടങ്ങളിൽ അക്ഷരങ്ങൾ എഴുതാൻ പഠിപ്പിക്കുക, ഉച്ചാരണസ്ഫുടതയുണ്ടാക്കുക, കൂട്ടിവായിക്കാൻ പഠിപ്പിക്കുക, വ്യക്തിയുടെ നിലവാരമനുസരിച്ച് പാഠപുസ്തകങ്ങൾ വായിപ്പിക്കുക, അക്കങ്ങൾ പഠിപ്പിക്കുക, ചൊല്ലിക്കുക, കണക്കുക്കൂട്ടലും കുറയ്ക്കലും ഹരിക്കലും മറ്റും വ്യക്തിയുടെ നിലവാരമനുസരിച്ച് ചെയ്യിക്കുക എന്നതൊക്കെ അവിടെ നടന്നിരുന്നതായി കെ. ആർ. ഗൗരി ചൂണ്ടിക്കാണിക്കുന്നു.

> ▶ വിദ്യാഭ്യാസ കാലത്തിന്റെ ഓർമ്മകൾ

കൂരാപ്പള്ളിയിലെ പപ്പുസാറിന്റെ സ്കൂളിൽനിന്ന് പുറത്തിറങ്ങുന്നവർക്ക് പത്രം വായിക്കാനും കണക്കു കൂട്ടാനുമുള്ള അറിവും ദൈനംദിന ജീവിതത്തിലേക്കാവശ്യമായ അക്ഷരജ്ഞാനവുമുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമ്പോൾ പ്രാഥമികവിദ്യാഭ്യാസത്തിന്റെ നേരായ മാർഗമേതെന്ന് ബോധ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. കവിതകളും കണക്കുകളും ലേഖനങ്ങളുമെല്ലാം വേഗത്തിലും തെറ്റില്ലാതെയും ചെയ്തുതീർക്കുമെങ്കിലും കൈക്ഷരത്തിനു വടിവുകുറവായിരുന്നു എന്ന് അവർ വെളിപ്പെടുത്തുന്നു. എഴുത്തിനുള്ള വേഗതയേക്കാൾ ചിന്തിക്കുന്നതിനുള്ള വേഗത കൂടുന്നതിനാലാണ് കൈയ്യക്ഷരം മോശമായതെന്ന അധ്യാപകരുടെ അഭിപ്രായം തനിക്ക് ഗ്രഹിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ലെന്ന് അവർ കുറിച്ചുവെയ്ക്കുന്നു.

> ▶ ചിന്തിക്കുന്നതിനുള്ള വേഗത കൂടുതൽ

ചേർത്തലത്താലൂക്കിൽ വ്യാപകമായി പടർന്നിരുന്ന മന്തു രോഗ

ത്തെപ്പറ്റിയുള്ള അക്കാലത്തെ തെറ്റായ അറിവും മറ്റും അവർ എടുത്തു പറയുന്നു. കഠിനാധ്വാനികളായ അവിടുത്തെ ജനങ്ങളിൽ പുരുഷന്മാർ കൃഷിയും പറമ്പിൽപ്പണിയും മറ്റുമായി നടക്കുമ്പോൾ സ്ത്രീകൾ തൊണ്ടുതല്ലും ചകിരി പിരിക്കലുമായി കഴിയും. അക്കാലത്ത് കാണ ഭൂമികൾക്കും പാട്ടഭൂമികൾക്കും സ്ഥിരതയില്ലായിരുന്നു. എപ്പോൾ വേണമെങ്കിലും അവ ഒഴിപ്പിക്കാമായിരുന്നു. കടക്കരപ്പള്ളിയിലെ കര പ്രമാണികളിൽ ഏറ്റവും വലിയ ജന്മിക്കുടുംബം പാട്ടത്തിൽ കർത്താക്കന്മാരുടേതായിരുന്നു. കൊച്ചി രാജാവിന്റെ കരംപിരിവുകാരായിരുന്ന അവർ പിന്നീട് ഇടപ്പള്ളി സ്വരൂപത്തിന്റെ കരംപിരിവുകാരായി മാറി. അവർ തങ്ങളുടെ സ്ഥലങ്ങൾ ഈഴവർക്ക് പാട്ടത്തിനു കൊടുക്കുകയും കുടികിടപ്പുകാർക്ക് താമസത്തിനു നൽകുകയും ചെയ്തു. തീണ്ടലും അനാചാരങ്ങളും മുറുകെ പിടിച്ചവരായിരുന്നു അവർ.

- ജന്മിമാരും കുടികിടപ്പുകാരും

പിന്നാക്ക ദളിത് വിഭാഗങ്ങളെ അടിമകളും സമൂഹത്തിൽ താഴ്ന്നവരുമായാണ് കരുതിയിരുന്നത്. ഈഴവസമുദായത്തിൽപ്പെട്ട അനേകം കുടുംബങ്ങൾ ആയുർവേദത്തിൽ പ്രാവീണ്യം നേടിയവരായിരുന്നു. കടക്കരപ്പള്ളി ഇട്ടിഅച്യുതൻ വൈദ്യർ, പാണാവള്ളി കേശവൻ വൈദ്യൻ, കണിച്ചുകുളങ്ങര കുട്ടൻവൈദ്യൻ തുടങ്ങിയവരിൽനിന്നാണ് ചില നായന്മാരും നമ്പൂതിരിമാരും വൈദ്യം അഭ്യസിച്ചത്. തൈക്കാട്ശ്ശേരി മൂസ്സത്, മെഴുവേലിൽ നാരായണൻനായർ എന്നിവർ അക്കൂട്ടത്തിൽപ്പെടുന്നവരാണ്. പിന്നാക്കക്കാരിൽ ആശാരി, ഗണകന്മാർ തുടങ്ങിയവരിൽ സംഗീതവാസനയുള്ളവർ ധാരാളമുണ്ടായിരുന്നു. ബുദ്ധവിഹാരങ്ങൾ ധാരാളമുണ്ടായതിനാലാണ് 'കടക്കരപ്പള്ളി' എന്നു പേരുണ്ടായതെന്നും അവർ പറയുന്നു.

- പിന്നോക്ക സമുദായത്തിലെ പ്രഗത്ഭർ

അതോടൊപ്പം സ്വന്തം വസ്തുക്കൾ കൈവശംവെച്ച് കൃഷി ചെയ്ത് നേരിട്ടനുഭവിച്ചിരുന്ന അന്ത്രപ്പേർമാർ അർത്തുങ്കലും തങ്കിപ്പള്ളിക്കു സമീപവുമായി താമസിച്ചിരുന്നു. നടത്തിപ്പുകാരെ വെച്ച് വസ്തുക്കൾ നോക്കുകയും അത് അനുഭവിക്കുകയും ചെയ്തിരുന്നു. കുടികിടപ്പുകാരെ താമസിപ്പിക്കുന്നെങ്കിലും അവരോട് തികഞ്ഞ കാർക്കശ്യത്തോടെ പെരുമാറിയിരുന്നു. അന്ത്രപ്പേർമാരെക്കുറിച്ചും അവർ എങ്ങനെ ഇവിടെ എത്തിച്ചേർന്നു എന്നതിനെക്കുറിച്ചും കെ. ആർ. ഗൗരി സൂചന നൽകുന്നുണ്ട്. വാസ്കോഡഗാമ കോഴിക്കോട് വന്നിറങ്ങിയതിനുശേഷം അൽബുക്കർക്ക് കൊച്ചിയിൽവന്നു. പണ്ഡകശാല പണിയുന്നതിന് കൊച്ചിരാജാവിന്റെ അനുമതി കിട്ടി. അതിനുശേഷം ചെമ്പകശ്ശേരി രാജാവുമായി ഏറ്റുമുട്ടി, പെരേര അർത്തുങ്കൽ താമസമാക്കി. പെരേരയുടെ പിൻതലമുറക്കാരാണ് അന്ത്രപ്പേർമാർ. പൊതുവേ പട്ടിണിപ്രദേശമാണ് കടക്കരപ്പള്ളി. ജന്മിമാരും കർഷകമുതലാളിമാരും കഴിഞ്ഞാൽ ഭൂരിപക്ഷവും പട്ടിണിക്കാരും അടിമകളായി സമൂഹത്തിൽ കഴിയുന്നവരുമാണ്. ചേർത്തലത്താലൂക്കിലെ കാർഷികരംഗത്തെക്കുറിച്ചും പള്ളിക്കൂടങ്ങളിൽ വിദ്യാഭ്യാസം നിലനിന്നുപോന്നതിനെക്കുറിച്ചും ആരോഗ്യരംഗത്തെ അറിവില്ലായ്മയെക്കുറിച്ചുമെല്ലാം വിശദമായ ഒരു ചിത്രം കെ. ആർ. ഗൗരി ഏഴാം അധ്യായത്തിൽ നൽകുന്നു. ആശയപരമായും പ്രത്യയശാസ്ത്രപരമായും കെട്ടുപാടുകളില്ലാത്ത തുറന്നെഴുത്തായി തന്റെ ആത്മകഥ മാറുന്നതെങ്ങനെയെന്ന് അവർ ഇതിൽ ബോധ്യപ്പെടുത്തുന്നു.

- കെട്ടുപാടുകളില്ലാത്ത തുറന്നെഴുത്ത്

SGOU

## Summarised Overview

അതിപ്രധാനമായ നിയമനിർമാണങ്ങളിലൂടെ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക മേഖലകളിൽ ഇടംനേടിയ കരുത്തുറ്റ സ്ത്രീമുഖമാണ് കെ. ആർ. ഗൗരിയമ്മയുടേത്. രാഷ്ട്രീയത്തിൽ സ്ത്രീപ്രാതിനിത്യം തീരെ കുറവായിരുന്ന കാലത്ത് ട്രേഡ് യൂണിയൻ പ്രവർത്തനവും കർഷക പ്രസ്ഥാനപ്രവർത്തനവുമായി അവർ സജീവമായി. 'ദേശാഭിമാനി' വാരികയിൽ എഴുതിത്തുടങ്ങിയെങ്കിലും തിരഞ്ഞെടുപ്പ് തിരക്കുകളാൽ മുടങ്ങിയതിനുശേഷം പിന്നീട് എഴുതി പൂർത്തിയാക്കിയതാണ് അവരുടെ ആത്മകഥ. കെ. ആർ. ഗൗരി എന്ന വ്യക്തിയെ കേന്ദ്രീകരിച്ച് എഴുതാനാണ് അവർ ശ്രമിച്ചിട്ടുള്ളത്. കേരളത്തിന്റെ ഒരുകാലത്തെ ചരിത്രം തന്നെയാണ് അവരുടെ ഓർമ്മക്കുറിപ്പുകളിൽ നിറയെ ഉള്ളത്. നിയമസഭയിലേക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം നിരവധി പാർട്ടികളുടെ ഭരണം നേരിൽ കണ്ടു. ആദ്യകാലത്തെ ആദർശജീവിതവും മൂല്യബോധവും പലർക്കും കൈമോശം വന്നുവെന്ന നിരീക്ഷണം അവർ മുന്നോട്ടു വയ്ക്കുന്നു. രാഷ്ട്രീയപ്രവർത്തനം ശരിയായ അർഥത്തിൽ ജനസേവനമായി കരുതിയാണ് ഗൗരിയമ്മ മുന്നോട്ടു പോയത്.

ഒരു കമ്യൂണിസ്റ്റ് എന്ന നിലയിലും സ്ത്രീ എന്ന നിലയിലും നേരിട്ട അനുഭവങ്ങളുടെ തീക്ഷ്ണതയാണ് നാല്പത്തിമൂന്ന് അധ്യായങ്ങളിലായി അവർ രേഖപ്പെടുത്തിയിട്ടുള്ളത്. കൊച്ചിയിൽ ഈഴവ സമുദായത്തിൽ നിന്ന് ആദ്യം ബി. എ. പാസ്സായ സ്ത്രീയുടെ പേരാണ് അച്ഛൻ അവർക്കിട്ടത്. വിദ്യാഭ്യാസകാലത്തെ ഓർത്തെടുക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും അധ്യാപകരുടെ മൂല്യബോധവും അതിൽ തെളിഞ്ഞുവരുന്നത് കാണാം. പഠനപ്രവർത്തനങ്ങൾ വേഗം ചെയ്തുതീർക്കുമായിരുന്നെങ്കിലും ഗൗരിയുടെ കൈയ്യക്ഷരത്തിന് വടിവ് കുറവായിരുന്നു.

തന്റെ ചുറ്റിലുമുള്ള സാമൂഹ്യസ്ഥിതി അവർ ഓർത്തെടുക്കുന്നുണ്ട്. ആ പ്രദേശങ്ങളിലുണ്ടായിരുന്ന ജന്മികുടുംബങ്ങളെക്കുറിച്ചും അവർ കുടിയാന്മാരോട് ഇടപെട്ടിരുന്ന വിധത്തെക്കുറിച്ചും വ്യക്തമായി വരച്ചുവെച്ചിട്ടുണ്ട്. പിന്നാക്കവിഭാഗങ്ങളിൽനിന്ന് വിവിധ മേഖലകളിൽ പ്രാവീണ്യംനേടിയ വ്യക്തികളെ ഗൗരി ഓർത്തെടുക്കുന്നു. സ്വന്തം വസ്തുക്കൾ കൈവശം വെക്കുകയും അതിൽ കൃഷിചെയ്തു നേരിട്ട് അനുഭവിക്കുകയും ചെയ്തിരുന്ന അന്ത്രപ്പേർമാരെക്കുറിച്ചും അവർ എങ്ങിനെ ഈ പ്രദേശങ്ങളിൽ എത്തിച്ചേർന്നു എന്നുതിനെക്കുറിച്ച് അവർ വിശദീകരിക്കുന്നുണ്ട്. വ്യാപകമായി പടരുന്ന മന്ത് രോഗത്തെപ്പറ്റിയുള്ള തെറ്റായ അറിവുകൾ അടക്കം ആരോഗ്യരംഗത്തെ അറിവില്ലായ്മയെക്കുറിച്ച് വിശദമായി ആത്മകഥയിൽ വായിക്കാം. ആശയപരമായും പ്രത്യയശാസ്ത്രപരമായും കെട്ടുപാടുകളോ പരിമിതികളോ ഇല്ലാത്തതിനാൽ നേരിന്റെ തിളക്കമുള്ള തുറന്നെഴുത്തായി കെ. ആർ. ഗൗരിയമ്മയുടെ ആത്മകഥ മാറുന്നു.

## Assignments

1. നേരിന്റെ വജ്രത്തിളക്കം കെ. ആർ. ഗൗരിയുടെ ആത്മകഥയിൽ തെളിഞ്ഞുനിൽക്കുന്നതെങ്ങനെയെന്നു കണ്ടെത്തുക.
2. പ്രാഥമികവിദ്യാഭ്യാസകാലാനുഭവങ്ങൾ കെ. ആർ. ഗൗരി പങ്കുവെയ്ക്കുന്നതെങ്ങനെ വിവരിക്കുക.

3. കെട്ടുപാടുകളില്ലാത്ത തുറന്നെഴുത്തായി കെ. ആർ. ഗൗരിയുടെ ആത്മകഥ മാറുന്നതെങ്ങനെ വിലയിരുത്തുക.
4. ആത്മകഥയിൽനിന്ന് വെളിവാകുന്ന സാമൂഹ്യജീവിതത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമെന്നു പരിശോധിക്കുക.
5. കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ നിർണ്ണായകസാന്നിധ്യമായി കെ. ആർ. ഗൗരി മാറുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുക.
6. താൻ ജീവിച്ചിരുന്ന കാലത്തിൽനിന്നും മാറിയ കാലത്തിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങളോട് ഗൗരിയമ്മയ്ക്കുള്ള വിമർശനങ്ങൾ എന്തെല്ലാമെന്ന് അപഗ്രഥിക്കുക.

## Suggested Readings


1. ഡോ. പി. രമാദേവി, സ്ത്രീ ആത്മകഥ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പവിത്രൻ മൊകേരി (എഡി.), കെ. ആർ. ഗൗരിയമ്മ ചരിത്രപഥങ്ങളിലെ രക്തപുഷ്പം, ജി. വി. ബുക്സ്, തലശ്ശേരി.


## References


1. കെ. ആർ. ഗൗരിയമ്മ, ആത്മകഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ഗീത, കെ. ആർ. ഗൗരിയമ്മയും കേരളവും, കറന്റ് ബുക്സ്, തൃശൂർ.
3. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 3

# ഡാർവിനിസത്തിന്റെ ചൂഷകരും വൈരികളും

പി. അപ്പുക്കുട്ടൻ, വി. ബാബുസേനൻ

## Learning Outcomes

- മലയാളത്തിലുണ്ടായ ശാസ്ത്രസംബന്ധിയായ രചനകളുടെ ചരിത്രത്തെക്കുറിച്ച് അവഗാഹം നേടുന്നു
- ജീവശാസ്ത്രവുമായി ബന്ധപ്പെട്ട നവീനചിന്തകൾ പരിചയപ്പെടുന്നു
- ശാസ്ത്രസംബന്ധിയായ ഗദ്യങ്ങളുടെ സവിശേഷതകൾ ഗ്രഹിക്കുന്നു
- ഡാർവിനിസത്തെ വെല്ലുവിളിച്ചുകൊണ്ട് രൂപപ്പെട്ട പ്രവണതകൾ പരിചയപ്പെടുന്നു
- മെമറ്റിക്സ് പഠനത്തിന്റെ സമീപനരീതികളെക്കുറിച്ച് മനസിലാക്കുന്നു

## Background

ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യാപകമാവുന്നതോടെ പത്തൊൻപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഒരു ആധുനികബുദ്ധിജീവിസമൂഹം ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും രൂപപ്പെട്ടുവന്നു. പള്ളിക്കൂടങ്ങൾ ആരംഭിച്ചതും വിദ്യാഭ്യാസം ആധുനികവൽക്കരിക്കപ്പെട്ടതും പാശ്ചാത്യവും പൗരസ്ത്യവുമായ ആശയങ്ങളുമായി ഇടപഴകാനുള്ള സാധ്യത രൂപപ്പെടുത്തി. ഇത് പടിഞ്ഞാറൻ ദർശനങ്ങളോടും സാഹിത്യത്തോടും ശാസ്ത്രത്തോടുമുള്ള ആഭിമുഖ്യം വളരുന്നതിനു കാരണമായി. മലയാളത്തിൽ ശാസ്ത്രസംബന്ധിയായ പുസ്തകങ്ങളും ഉപന്യാസങ്ങളും രചിക്കുന്നതിനും പാശ്ചാത്യഭാഷകളിൽനിന്ന് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഒരു പറ്റം ശാസ്ത്രലേഖകർ മിഷനറി പ്രസിദ്ധീകരണങ്ങളിലെ എഴുത്തുകാരായി രംഗപ്രവേശം ചെയ്തു. മലയാളഭാഷയിൽ ശാസ്ത്രസംബന്ധിയായ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ പാഠപുസ്തകക്കമ്മറ്റിയുടെ സേവനം വിലമതിക്കാനാവാത്തതായിരുന്നു. ശാസ്ത്രവിജ്ഞാനത്തെ വിനിമയം ചെയ്യാൻ ശക്തിയുള്ള ഭാഷയായി മലയാളത്തെ വളർത്തിയെടുക്കുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങൾ ഇക്കാലത്ത് ഉണ്ടാകുന്നുണ്ട്.

അച്ചടിയുടെ ഭാഗമായി, പാശ്ചാത്യപുസ്തകങ്ങളും ആനുകാലികങ്ങളും ലഭ്യമായതോടുകൂടി പടിഞ്ഞാറൻ ദർശനങ്ങളോടും ശാസ്ത്രത്തോടുമുള്ള ആഭിമുഖ്യം ഇവിടെ വളരാൻ സാഹചര്യമുണ്ടായി. ആ നിലയിൽ ആധുനികരീതിയിലുള്ള വിജ്ഞാനങ്ങളുടെ വിനിമയവും വിതരണവും സാധ്യമായി. പരമ്പരാഗത ജ്ഞാനമാതൃകകളുടെ സ്ഥാനത്ത് ആധുനികശാസ്ത്രവിഷയങ്ങൾ ഇടംപിടിച്ചു. മലയാളത്തിലെ ആദ്യകാലമാസികകൾ ശാസ്ത്ര ലേഖനങ്ങൾക്ക് നൽകിയ പ്രാധാന്യം അക്കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ്. ശാസ്ത്രവിജ്ഞാനത്തെ പരിപോഷിപ്പിക്കുന്ന മുപ്പതോളം ആനുകാലികങ്ങൾ പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലുണ്ടായി. 'വിദ്യാവിലാസിനിസഭ'യും 'ഭാഷാപോഷിണിസഭ'യും ശാസ്ത്രവിഷയങ്ങളുടെ വിനിമയം സാധ്യമാക്കുന്നതിൽ സവിശേഷമായ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. മിഷണറിമാരുടെ സംഭാവനകൾ അക്കൂട്ടത്തിൽ എടുത്തുപറയണ്ടതാണ്. പാശ്ചാത്യസമൂഹങ്ങളിൽ ശാസ്ത്ര - സാങ്കേതിക രംഗത്ത് നടക്കുന്ന വികാസങ്ങൾ തങ്ങളുടെ ക്രൈസ്ത്രവമതപ്രചാരണ പ്രവർത്ത

നങ്ങൾക്ക് സഹായകരമായ വിധത്തിൽ, മലയാളഭാഷയിൽ പ്രചരിപ്പിക്കാൻ ആദ്യമായി ശ്രമിച്ചത് മലബാറിൽ സുവിശേഷപ്രവർത്തനം നടത്തിയിരുന്ന ജർമ്മൻ പ്രൊട്ടസ്റ്റൻറ് സംഘമായ ബാസൽ മിഷനായിരുന്നു. ഇവരുടെ പ്രവർത്തന ഫലമായി ധാരാളം ശാസ്ത്രഗ്രന്ഥങ്ങൾ മലയാളത്തിൽ രചിക്കപ്പെട്ടു. ആ നിലയിൽ എടുത്തുപറയേണ്ട ഒരു പുസ്തകം ജോഹനാസ് ഫ്രോൺ മേയർ രചിച്ച 'പ്രകൃതിശാസ്ത്ര'മാണ്. മലയാളത്തിൽ രചിക്കപ്പെട്ട ആദ്യത്തെ ഭൗതികശാസ്ത്രഗ്രന്ഥം കൂടിയാണ് 'പ്രകൃതിശാസ്ത്രം.'

മലയാളത്തിൽ ശാസ്ത്രസംബന്ധിയായ ലേഖനങ്ങൾ ആദ്യം പ്രത്യക്ഷപ്പെട്ടത് 'പശ്ചിമോദയം' മാസികയിലാണ്. ചർച്ച് മിഷൻ സൊസൈറ്റി പ്രസിദ്ധീകരിച്ചുതുടങ്ങിയ 'ജ്ഞാനനിക്ഷേപം,' 'വിദ്യാസംഗ്രഹം' തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ ശാസ്ത്രസംബന്ധിയായ ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നാട്ടുമിഷനറിയായിരുന്ന ജോർജ് മാത്തൻ ഉൾപ്പെടെയുള്ളവർ ശാസ്ത്രപ്രചാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതായി കാണാം. പ്രാചീനഭാരതീയശാസ്ത്രജ്ഞരിൽ അഗ്രഗണ്യനായ ആര്യഭടന്റെ ആര്യഭടീയം മുതലിങ്ങോട്ട് നിരവധി കൃതികൾ പൗരസ്ത്യവും പാശ്ചാത്യവുമായ ധാരകളുടെ ഭാഗമായി രചിക്കപ്പെടുകയുണ്ടായി. ശാസ്ത്രജ്ഞാനം ജനങ്ങളിൽ എത്തിക്കാൻ ശ്രമിച്ച ഡോ. കെ. ഭാസ്ക്കരൻ നായർ, പി. ടി. ഭാസ്ക്കരപ്പണിക്കർ, ഇന്ദുചൂഡൻ തുടങ്ങിയവർ ഈ രംഗത്ത് ശ്രദ്ധേയസംഭാവനകൾ നൽകിയിട്ടുണ്ട്. ശാസ്ത്രസാഹിത്യത്തിന്റെ വികസനത്തിനും ശാസ്ത്രാഭിമുഖ്യം ജനങ്ങളിൽ വളർത്തുന്നതിനുംവേണ്ടി സേവനോത്സുകതയോടെ പ്രവർത്തിക്കുന്ന സംഘടനയാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.

ഇന്ന് സാങ്കേതികവിദ്യയുടെ വികാസം ലോകത്തെ പുരോഗതിയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളിൽ ശാസ്ത്രീയാവബോധം വളർത്തുവാൻ പര്യാപ്തമായ ഉത്തമ ശാസ്ത്രസാഹിത്യഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ഉണ്ടാകേണ്ടതുണ്ട്. അന്യഭാഷകളിൽനിന്നുള്ള വിവർത്തനങ്ങൾ, സ്വതന്ത്രരചനകൾ എന്നീ വിധത്തിൽ ശാസ്ത്രസാഹിത്യകൃതികൾ രചിക്കപ്പെടുന്നുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഘട്ടത്തിൽ ശാസ്ത്രഗ്രന്ഥങ്ങളുടെ നിർമ്മാണത്തിന് സവിശേഷമായ പ്രാധാന്യം നൽകിയിരുന്നെങ്കിലും, ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾക്ക് ഒരു ജനകീയമുഖം കൈവരിക്കാൻ കഴിഞ്ഞില്ല എന്നത് അതിന്റെ പരിമിതിയായിരുന്നു. എന്നാൽ ധാരാളം ശാസ്ത്രഗ്രന്ഥങ്ങളും ലേഖനങ്ങളും വിവർത്തനം ചെയ്യപ്പെടുന്നുണ്ട് എന്നത് ഭാഷയുടെ വിജ്ഞാനശേഷിയെ വികസിപ്പിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്.

## Keywords

ശാസ്ത്രചർച്ചകൾ - ഡാർവിനിസം - ചൂഷണം - ജനറ്റിക്സ് - സോഷ്യോബയോളജി - മെമറ്റിക്സ്

## Discussion

### 3.3.1 ഡാർവിനിസത്തിന്റെ ചൂഷകരും വൈരികളും - പി. അപ്പുക്കുട്ടൻ, വി. ബാബുസേനൻ

കേരളത്തിലെ പൊതുമണ്ഡലം ശാസ്ത്രചർച്ചകളിൽ തത്പരരാണ്. ആധുനികവിജ്ഞാനം സ്ത്രീകൾക്ക് ലഭിക്കേണ്ടതിന്റെ പ്രാധാന്യം ചന്തുമേനോൻ ഇന്ദുലേഖ എന്ന കഥാപാത്രത്തിന്റെ സൃഷ്ടിയിലൂടെ

ആവിഷ്ക്കരിക്കുന്നുണ്ട്. ശാസ്ത്രവിജ്ഞാനവും മതദർശനവും കൈകോർക്കുന്നതും പരിണാമസിദ്ധാന്തത്തിന്റെ ആഗമനത്തോടെ യൂറോപ്പിൽ രൂപപ്പെടുന്ന ചർച്ചകളുടെ അനുരണനങ്ങളും ഇന്ദുലേഖയിലെ പതിനെട്ടാംഅധ്യായത്തിൽ വായിച്ചെടുക്കാം. മലയാളത്തിലെ മിക്ക ആനുകാലികങ്ങളിലും വർത്തമാനപത്രങ്ങളിലും ആദ്യകാലം മുതൽ തന്നെ ശാസ്ത്ര-വൈജ്ഞാനികവിഷയങ്ങൾക്ക് പ്രാമാണ്യം ലഭിച്ചിരുന്നു. നോവലിലെന്ന പോലെ ആദ്യചെറുകഥയായ 'ദ്വാരക'യും ഒരു ശാസ്ത്രകല്പിതകഥയാണ്. ശാസ്ത്രപ്രചാരണരംഗത്ത് മാറ്റം സൃഷ്ടിച്ചത് കേരളശാസ്ത്രസാഹിത്യപരിഷത്താണ്. ഇരുപതാംനൂറ്റാണ്ടിലെ മലയാളസാഹിത്യത്തിൽ ശാസ്ത്രസാങ്കേതികവികാസത്തോടും ആധുനീകരണത്തോടുമുള്ള അഭിനിവേശവും ഭീതിയുമെല്ലാം പ്രകാശിതമാകുന്നുണ്ട്.

- ആദ്യകാലം മുതൽ തന്നെ ശാസ്ത്ര-വൈജ്ഞാനികവിഷയങ്ങൾക്ക് പ്രാമാണ്യം ലഭിച്ചിരുന്നു.

പോപ്പുലർ സയൻസ് എന്നു വിളിക്കാവുന്ന, ശാസ്ത്രസാഹിത്യത്തിൽ ഉൾപ്പെടുത്താവുന്ന ആധുനികതയും തത്ത്വശാസ്ത്രവുമെല്ലാം കെട്ടുപിണഞ്ഞുകിടക്കുന്ന "ജീവസ്സുറ്റ ജീവശാസ്ത്രം' എന്ന പുസ്തകം സുഹൃത്തുക്കൾ തമ്മിലുള്ള സംവാദം എന്ന രീതിയിലാണ് സംവിധാനം ചെയ്തിരിക്കുന്നത്. പതിനാറാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഷേക്സ്പിയർക്ക് ജനറ്റിക്സിനെക്കുറിച്ച് ധാരണയുണ്ടായിരുന്നെങ്കിൽ മനുഷ്യനു ചുറ്റും വിസ്മയത്തിന്റെ ഒരു പരിവേഷം തന്നെ സൃഷ്ടിക്കുമായിരുന്നു എന്ന് സൂചിപ്പിച്ചുകൊണ്ടാണ് ഇതിന്റെ ആമുഖം ആരംഭിക്കുന്നത്. ജീവശാസ്ത്രമെന്നത് ചുരുങ്ങിയ കാലംകൊണ്ട് പടർന്നു പന്തലിച്ച ഒരു മഹാവൃക്ഷമാണ്. അതിന്റെ പുതിയ ഒരു ശാഖ മാത്രമാണ് ജനറ്റിക്സ്. ജീവശാസ്ത്രത്തെക്കുറിച്ചുള്ള അറിവ് നേടിയ ഒരു വ്യക്തിയുടെ സ്വത്വത്തിനു പുത്തൻ അർഥതലങ്ങൾ നൽകുമെന്ന വിശ്വാസമാണ് ഈ പുസ്തകം എഴുതാൻ പ്രേരണയായതെന്ന് ഗ്രന്ഥകർത്താക്കൾ അഭിപ്രായപ്പെടുന്നു. ശാസ്ത്രഗ്രന്ഥങ്ങൾ വായിക്കാൻ താത്പര്യമില്ലാത്ത സാധാരണക്കാർക്കുവേണ്ടി, ജീവശാസ്ത്രത്തെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. ജീവശാസ്ത്രമെന്നത് ഒറ്റപ്പെട്ട ഒരു വിഷയമല്ല, അതിന്റെ അനുബന്ധവിഷയങ്ങൾ ഏറെയുണ്ട്.

- പോപ്പുലർ സയൻസ് ഗ്രന്ഥങ്ങളുടെ സവിശേഷത
- ജീവശാസ്ത്രത്തിന്റെ പുതിയ ഒരു ശാഖയായ ജനറ്റിക്സ്

## ജീനുകളും സാമൂഹികഇടപെടലുകളും

മനുഷ്യരുടെ പെരുമാറ്റങ്ങളെ ജീനുകൾ നിയന്ത്രിക്കുന്നു എന്നത് ഒരു സങ്കീർണപ്രശ്നം തന്നെയാണ്. ജന്തുക്കളുടെ പെരുമാറ്റരീതികൾ മനുഷ്യനുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതും വിശദീകരണത്തിനു വഴങ്ങാത്തതാണ്. മന:ശാസ്ത്രം, സാമൂഹികശാസ്ത്രം എന്നീ വിഷയങ്ങളിലെ കണ്ടെത്തലുകൾക്ക് വളരെ പ്രാധാന്യമുണ്ട്. ജീനുകളുടെ പ്രവർത്തനത്തിൽ പരിസ്ഥിതിക്ക് പങ്കുണ്ട്. ശൈശവകാലം കഴിഞ്ഞാൽ മസ്തിഷ്കത്തിലെ കോടിക്കണക്കിനുള്ള ന്യൂറോണുകൾ വിഭജിക്കുകയില്ല. ഒരു വ്യക്തിയുടെ ജീവിതകാലം മുഴുവൻ ജീനുകൾ മാറ്റമില്ലാതെ തുടരുന്നു. അവ അറിവ് സംഭരിക്കുന്നതെങ്ങനെയെന്നും ചിന്തയെയും പെരുമാറ്റത്തെയും എത്രമാത്രം നിയന്ത്രിക്കുന്നു എന്നതിനെയുംക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. സോഷ്യോബയോളജി എന്നൊരു പുതിയ ശാഖ തന്നെ ആവിർഭവിച്ചിരിക്കുന്നു. എല്ലാ ജൈവജാതികളുടെയും സാമൂഹിക

തലത്തിലെ പെരുമാറ്റത്തിന്റെ ജീവശാസ്ത്രപരമായ അടിസ്ഥാനത്തെ സംബന്ധിച്ചുള്ള ചിട്ടയായ പഠനം എന്നാണ് ഇ. ഒ. വിത്സൺ എന്ന ശാസ്ത്രജ്ഞൻ അതിനെ വിശേഷിപ്പിച്ചത്. പരിണാമസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായ പെരുമാറ്റങ്ങളെ വിശദീകരിക്കുന്ന തെങ്ങനെയെന്നാണ് അദ്ദേഹം നിരീക്ഷിച്ചത്. 'സോഷ്യോബയോളജി'' എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം സമഗ്രമായ പഠനത്തിനും വിമർശനത്തിനും കാരണമായി. അതിൽനിന്ന് രൂപപ്പെട്ട ആശയങ്ങൾ ചിന്താലോകത്ത് വേരുറച്ചു.

▶ മനുഷ്യരുടെ പെരുമാറ്റങ്ങളെ ജീനുകൾ നിയന്ത്രിക്കുന്നു

മനുഷ്യന്റെ സാമൂഹികജീവിതത്തിലെ പ്രത്യേകതകൾ പരിണാമസിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുകയാണ് അദ്ദേഹം ചെയ്തത്. അദ്ദേഹം അതിനായി അൽട്രൂയിസം, അക്രമവാസന, മതവിശ്വാസം, ഭാഷയുടെ വികാസം, സൗന്ദര്യാസ്വാദനം, ലിംഗഭേദം, ലൈംഗികപരമായ അസൂയ തുടങ്ങിയ പലതിനേയും പരീക്ഷണവിധേയമാക്കി. 'പ്രകൃതിനിർധാരണം' എന്ന ഡാർവിന്റെ സിദ്ധാന്തം ജൈവജാതികളുടെ ഉല്പത്തിയെ കൃത്യമായി വിശദീകരിക്കുന്നുണ്ടെങ്കിലും മനുഷ്യന്റെ സാമൂഹിക പെരുമാറ്റങ്ങൾ മറ്റു ജന്തുക്കളിൽനിന്നു വ്യത്യസ്തമായിരിക്കുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കുവാൻ ആ സിദ്ധാന്തം പര്യാപ്തമല്ല എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. എന്നാൽ ആ നിരീക്ഷണമാവട്ടെ, വിവാദത്തിന് തിരികൊളുത്തി. 1976-ൽ റിച്ചാർഡ് ഡാക്കിൻസ് 'സെൽഫിഷ് ജീൻ' എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചു. സ്വയം ഇരട്ടിക്കലിലൂടെ അടുത്ത തലമുറയ്ക്ക് ജന്മം നൽകുകയാണ് ജീനിന്റെ സവിശേഷതയെന്നും ജീനുകളെ സംരക്ഷിക്കാനും കൂടെ കൊണ്ടുനടക്കാനുമുള്ള വാഹനങ്ങളാണ് ജീവികൾ എന്നും അദ്ദേഹം കണ്ടെത്തി. ജീവിസമൂഹങ്ങൾ പരസ്പരം പ്രതിപ്രവർത്തിക്കുക മാത്രമല്ല ചെയ്യുന്നത്, വിവിധ പരിതസ്ഥിതികളുമായി പ്രതിപ്രവർത്തിക്കുന്നതുമൂലം അതിജീവനത്തിനുവേണ്ടിയുള്ള സമരവും മത്സരവുമുണ്ടാകുന്നു. ജീനുകൾ തമ്മിലുള്ള ഈ മത്സരത്തിന്റെ പശ്ചാത്തലത്തിലാണ് പരിണാമത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ ലഭിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജീനുകളോടൊപ്പം അനുകരണമെന്ന ഘടകവും ഈ ഭൂമുഖത്തുണ്ട്. സാംസ്കാരിക പ്രേക്ഷണത്തിന്റെ ഘടകമാണ് അനുകരണം.

▶ സോഷ്യോബയോളജി എന്ന പുതിയ ശാഖ

## അനുകരണത്തിന്റെ ശാസ്ത്രീയത

അനുകരണത്തിന്റെ യൂണിറ്റിനു മെമി എന്നാണ് ഡാക്കിൻസ് പേരു നൽകിയത്. മിമിക്സും മെമിയും അനുകരണമെന്ന അർഥമുള്ള ഗ്രീക്ക് പദത്തിൽനിന്നാണ് ഉണ്ടായത്. മനുഷ്യരുടെ എല്ലാ പ്രവർത്തികളിലും മെമിയുടെ സ്വാധീനമുണ്ട്. ഒരാളിൽനിന്നു മറ്റൊരാളിലേക്കു പകരുന്ന ഓരോന്നും ഓരോ മെമിയാണ്. ശാസ്ത്രസംബന്ധിയായ ആശയങ്ങൾ ഒരു മസ്തിഷ്ക്കത്തിൽനിന്നു മറ്റൊന്നിലേക്ക് വ്യാപിച്ച് ലോകം മുഴുവൻ പരക്കുന്നു. മെമികളുടെ ഗ്രൂപ്പുകളാണ് മതങ്ങളും. ഈ ഗ്രൂപ്പിന്റെ അതിജീവനമൂല്യം ഉയർന്നിരിക്കുന്നതിനാൽ സമൂഹത്തെ മൊത്തത്തിൽ അതു സ്വാധീനിക്കുന്നു. ഈശ്വരവിശ്വാസം, ആചാരാനുഷ്ഠാനങ്ങൾ, പുനർജ്ജന്മ വിശ്വാസം എന്നിവയെല്ലാം മെമികളാണ്. മനുഷ്യ മസ്തിഷ്ക്കത്തിൽ സംഭരിക്കുകയും അനുകരണത്തിലൂടെ പ്രചരിക്കുകയും ചെയ്യുന്നതാണ് മെമികൾ. മെമറ്റിക്സിന്റെ

▶ മെമിയെക്കുറിച്ചുള്ള പഠനമാണ് മെമറ്റിക്സ്

കണ്ണടയിലൂടെ നോക്കുമ്പോഴാണ് മറ്റു ജീവികളിൽനിന്നു മനുഷ്യൻ വ്യത്യസ്തനായിരിക്കുന്നതിന്റെ കാരണം മനസ്സിലാകുന്നതെന്ന് ഡാക്കിൻസ് അഭിപ്രായപ്പെടുന്നു.

മെമിയെക്കുറിച്ചുള്ള പഠനമാണ് മെമറ്റിക്സ്. ഡിക്കൻസ്, വിത്സൺ എന്നിവരുടെ ആശയങ്ങളും നിഗമനങ്ങളും പരിണാമശാസ്ത്രം, സാമൂഹികശാസ്ത്രം, പരിണാമമനഃശാസ്ത്രം, പെരുമാറ്റശാസ്ത്രം എന്നീ മേഖലകളിലെ പല പ്രശസ്തരുടെയും വിമർശനത്തിനു കാരണമായി. സൂസം ബ്ലാക്മോർ എന്ന ശാസ്ത്രജ്ഞൻ 1999ൽ പ്രസിദ്ധീകരിച്ച 'ദി മെമി മെഷീൻ' എന്ന പുസ്തകം മെമിസിദ്ധാന്തത്തിന് ആക്കംകൂട്ടി. ഡാക്കിൻസിന്റെ സിദ്ധാന്തത്തെ ആഴത്തിൽ അവർ വിലയിരുത്തി. ജീനുകളെപ്പോലെ മെമികൾ പരിണാമവിധേയരായ റെപ്ലിക്കേറ്ററുകളാണ്. റെപ്ലിക്കേഷൻ, പാരമ്പര്യം, നിർദ്ധാരണം എന്നിവ പരിണാമത്തിന്റെ അവശ്യഘടകങ്ങളാണ്. മെമികളും ജീനുകളും പല കാര്യത്തിലും വ്യത്യസ്തങ്ങളാണ്.. അനുകരണം മാത്രമാണു മെമി. പ്രേക്ഷണം ചെയ്യപ്പെടുന്നതെല്ലാം മെമികളല്ല. മെമികളെ ശേഖരിക്കുകയും പകർത്തുകയും ചെയ്യുന്ന മെക്കാനിസത്തെക്കുറിച്ച് നമുക്ക് അറിവില്ലാത്തിടത്തോളം മെമിയെ ഒരു യൂണിറ്റായി കണക്കാക്കാൻ കഴിയുകയില്ല.

► അനുകരണത്തിന്റെ യൂണിറ്റാണ് മെമി

## ജീനുകളും സംസ്കാരവും

സോഷ്യോബയോളജിസ്റ്റുകൾ കരുതുന്നത് ജീനുകൾ സംസ്കാരത്തെ നിയന്ത്രിക്കുന്നു എന്നാണ്. ഈ ധാരണ ശാസ്ത്രീയമല്ലെന്നാണ് മെമറ്റിക്സ് പറയുന്നത്. ജീനുകളെ നയിക്കുന്നത് മെമികളാണെന്ന് മെമറ്റിക്സ് സിദ്ധാന്തിക്കുന്നു.

'അന്യജീവനുതകീസ്വജീവിതം
ധന്യമാക്കുമമലേ, വിവേകികൾ '

എന്ന ആശാന്റെ വരികളിൽ 'അൽട്രൂയിസം' എന്ന ആശയം അടങ്ങിയിരിക്കുന്നു. "തനിക്കു ഗുണകരമല്ലെങ്കിലും മറ്റാളുകൾക്ക് ഗുണപ്രദവും, തനിക്ക് ദോഷകരവുമായ ഒരു പ്രവർത്തി ഒരാൾ ചെയ്താൽ അത് അൽട്രൂയിസമാണ്.'' അൽട്രൂയിസം കാട്ടുന്നവർ രണ്ടു തരത്തിലുണ്ട്. തങ്ങൾക്ക് എന്തു സംഭവിക്കുമെന്ന ചിന്തിക്കാതെ മറ്റുള്ളവർക്ക് ഗുണകരമാവട്ടെ, എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവർ ഒരു വിഭാഗം. തങ്ങൾക്കു നാശം ഉണ്ടാവുമെന്നറിഞ്ഞുകൊണ്ട് പ്രവർത്തിക്കുന്നവർ മറ്റൊരു വിഭാഗം. മനുഷ്യർ മാത്രമല്ല, ജന്തുക്കളും അൽട്രൂയിസം കാട്ടാറുണ്ട്. കൂട്ടംകൂട്ടമായി മേഞ്ഞുനടക്കുന്ന മാനുകളിൽ ഒരെണ്ണം പതുങ്ങിക്കിടക്കുന്ന കടുവയെ കാണുന്ന മാത്രയിൽ, കടുവയെ കണ്ട മാൻ ഉറക്കെ ശബ്ദമുണ്ടാക്കി ആപത്തുണ്ടെന്ന് മാൻകൂട്ടങ്ങളെ അറിയിക്കുന്നു. ശബ്ദംകേട്ടു തിരിഞ്ഞുനോക്കിയ കടുവ ആ മാനിന്റെ മേൽ ചാടിവീഴുന്നു. തന്റെ ജീവൻ അപായപ്പെടുത്തിക്കൊണ്ട് മറ്റു മാനുകളെ രക്ഷിച്ച ആ മാനിന്റെ പ്രവൃത്തി അൽട്രുയിസമാണ്. കൂടിനെ രക്ഷിക്കുവാൻ തേനീച്ചകൾ കൂടിനടുത്തേക്കു ചെല്ലുന്നവരെ കുത്തുകയും അതിനെത്തുടർന്ന് ചത്തുപോകുകയും ചെയ്യുന്നതു അൽട്രൂയിസമാണ്. കൂട്ടം കൂട്ടമായി പറക്കുന്ന ഒരിനം കാക്കകൾ അവയുടെ എണ്ണം അമിതമായി കൂടുമ്പോൾ മുട്ടയിടാതാവും. കാക്കയെ സംബന്ധിച്ച് ദോഷകരമാണെങ്കിലും മൊത്തത്തിൽ ഗുണകരമാണ്. പരിണാമപ്ര

> ▶ മെമറ്റിക് അൽട്രൂയിസം എന്നൊരു സിദ്ധാന്തമുണ്ട്
> ▶ അൽട്രൂയിസം കാട്ടുന്നവർ രണ്ടു തരത്തിലുണ്ട്

ക്രിയയിലെ ഗ്രൂപ്പ് പ്രവർത്തനത്തിനു ദൃഷ്ടാന്തമാണ് ഈ പ്രതിഭാസം. ആഹാരം വേണ്ടത്ര ലഭിക്കാത്തതുകൊണ്ടാണ് കാക്കകൾ മുട്ടയിടാത്തതെന്നാണ് ഡാർവിനിസത്തിന്റെ എതിരാളികൾ പ്രചരിപ്പിച്ചത്. ഒരു മൃഗം കാട്ടുന്ന ധീരത അതിനു ഗുണം ചെയ്യില്ലെങ്കിലും അതുൾപ്പെട്ട സംഘത്തിനു ഗുണം ചെയ്യും.

അൽട്രൂയിസം എന്ന ആശയം ഡാർവിനെ വളരെ കുഴപ്പിച്ച ഒന്നാണ്. ഡാർവിന് തന്റെ പരിണാമസിദ്ധാന്തത്തിൽ അൽട്രൂയിസത്തിനു പ്രാധാന്യം നൽകാൻ കഴിഞ്ഞില്ലെങ്കിലും ഡാക്കിൻസിന് മെമറ്റിക് അൽട്രൂയിസം എന്നൊരു സിദ്ധാന്തം ആവിഷ്ക്കരിക്കാൻ കഴിഞ്ഞു എന്നു പറയാം. അൽട്രൂയിസം മൈമികളുടെ വ്യാപനത്തെ സഹായിക്കുന്നു എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. മൈമികളുടെ വ്യാപനത്തിൽ ലൈംഗികവികാരത്തിനും സ്ഥാനമുണ്ട്. ലൈംഗികബന്ധത്തിൽ നിന്നു വിട്ടുനിൽക്കുക, ജനനനിയന്ത്രണം പാലിക്കുക. കുട്ടികളെ ദത്തെടുക്കുക അഭിലഷണീയമല്ലെങ്കിലും മൈമികൾക്കു ഗുണകരമാണെന്ന് ഡാക്കിൻസ് അഭിപ്രായപ്പെടുന്നു. മതവിശ്വാസങ്ങളുടെയും ജീനുകളുടെയും പരിണാമകാലഘട്ടം ഒന്നു തന്നെയെന്നും അവയുടെ കൂട്ടായ സംഭാവനയാണ് മനുഷ്യമസ്തിഷ്കം എന്നും അദ്ദേഹം കരുതുന്നു. തെറ്റായ വിശ്വാസങ്ങൾ മസ്തിഷ്കം സ്വാഗതം ചെയ്യുന്നതും അതുകൊണ്ടാണെന്ന് അദ്ദേഹം കരുതുന്നു.

> ▶ ഡാർവിന് പരിണാമ സിദ്ധാന്തത്തിൽ അൽട്രൂയിസത്തിനു പ്രാധാന്യം നൽകാൻ കഴിഞ്ഞില്ല

## യൂജെനിക്സ്

ഡാർവിനിസത്തെ മറയാക്കിയും എതിർത്തും രൂപപ്പെട്ട മൂന്നു പ്രവണതകളാണ് സോഷ്യൽ ഡാർവിനിസം, യൂജെനിക്സ്, ക്രിയേഷനിസം എന്നിവ. ഒരു ബാങ്ക് മറ്റൊരു ബാങ്ക് ഏറ്റെടുക്കുമ്പോൾ ബാങ്കിന്റെ കാര്യക്ഷമത കൂട്ടാൻ സ്വീകരിക്കുന്ന ഒരു നടപടിയാണ് ബ്രാഞ്ച് റാഷണലൈസേഷൻ എന്നത്. ഇതിന്റെ ഒരു വകഭേദമാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ യൂറോപ്പിലും അമേരിക്കയിലും പ്രചാരം ലഭിച്ച യൂജെനിക്സ്. 'നല്ല പാരമ്പര്യം' എന്ന അർഥമുള്ള ഗ്രീക്ക് പദത്തിൽനിന്നാണ് ഇത് രൂപപ്പെട്ടത്. ഫ്രാൻസിസ് ഗാൽട്ടൺ എന്ന സ്ഥിതിവിവരശാസ്ത്രജ്ഞനാണ് ഇതിന്റെ ഉപജ്ഞാതാവ്. ഡാർവിന്റെ അതിജീവനം എന്ന ആശയത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട ഗാൾട്ടന്റെ കണ്ടുപിടിത്തം ലോകത്തിലെ സാമൂഹികപ്രശ്നങ്ങൾക്കു കാരണം ദരിദ്രരാജ്യങ്ങളിലെ നിലവാരം കുറഞ്ഞ ജേംപ്ലാസമാണെന്നായിരുന്നു. ശരീരകോശങ്ങളിലെ ന്യൂക്ലിയസ്സിന്റെ ഉള്ളടക്കമാണ് ജേംപ്ലാസം. യൂജെനിക് പ്രസ്ഥാനത്തിനു ചുക്കാൻ പിടിക്കാൻ രണ്ട് അമേരിക്കൻ പ്രവർത്തകരെ അദ്ദേഹത്തിനു ലഭിച്ചു. അമേരിക്കയിൽ ഒരു കുടിയേറ്റ നിയന്ത്രണ നിയമം കൊണ്ടുവരാൻ അവരിൽ ഒരാൾക്കു കഴിഞ്ഞു. യുജെനിക്സിനു ശാസ്ത്രീയമായ അടിസ്ഥാനമില്ലെന്നു സ്ഥാപിക്കുവാൻ ജനിതകശാസ്ത്രജ്ഞനായ മോർഗനും പത്രപ്രവർത്തകനായ വാൾട്ടർ ലിപ്മാനും ശ്രമിച്ചു. എന്നാൽ അതിന്റെ മുന്നേറ്റത്തെ തടയാൻ കഴിഞ്ഞില്ല. ബുദ്ധിമാന്ദ്യം, അപസ്മാരം തുടങ്ങിയ മാനസികരോഗങ്ങളുള്ളവർക്കു കുട്ടികളുണ്ടാകാതിരിക്കാൻ ആരോഗ്യക്രേന്ദ്രങ്ങളിൽ നിർബന്ധിതവന്ധ്യകരണശസ്ത്രക്രിയകൾ നടന്നു. റോമൻ കത്തോലിക്കരുടെയും അവരുടെ മതാധ്യക്ഷന്മാരുടെയും മറ്റും എതിർപ്പുകളൊന്നും വിലപ്പോയില്ല.

> ▶ ശരീര കോശങ്ങളിലെ ന്യൂക്ലിയസ്സിന്റെ ഉള്ളടക്കമാണ് ജേംപ്ലാസം

SGOU

ശരിയായ ദിശയിലുള്ള, ബോധവൽക്കരണമുണ്ടെങ്കിൽ 'യുജെനിക്സ് സ്വാഗതാർഹമായ ഒരാശയം തന്നെയാണ്. മനുഷ്യരിലുള്ള പല ജനിതകരോഗങ്ങളെ തടയാൻ അതിനു കഴിയുന്നു. പലതരം ജനിതക രോഗങ്ങളുടെ പിടിയിൽ സമൂഹം അകപ്പെട്ടിരിക്കുന്ന ഇക്കാലത്ത് ഇത്തരം രീതികൾ സ്വീകാര്യമാണെന്നു പറയാം. 'ക്രിയേഷനിസം' എന്നത് ഒരു പിന്തിരിപ്പൻ ആശയമാണെന്ന് കരുതേണ്ടിയിരിക്കുന്നു. അതിന്റെ ആരംഭകാലത്തെ കാഴ്ചപ്പാടിൽനിന്ന് അത് മാറിക്കഴിഞ്ഞു. പരിണാമസിദ്ധാന്തത്തെ യൂറോപ്പ് അംഗീകരിച്ചെങ്കിലും അമേരിക്കയിൽ പല ആളുകളും സൃഷ്ടിയെക്കുറിച്ചുള്ള ബൈബിൾ വിവരണത്തിൽ ഉറച്ചുനിന്നു. ക്രിയേഷനിസത്തിൽ മൂന്നു ഘടകങ്ങളാണുള്ളത്. ഒന്നാമത്തേത്, ദൈവമാണ് സൃഷ്ടികർമ്മം നടത്തിയത് എന്നതാണ്. രണ്ടാമത്തേത്. ഇന്ന് കാണുന്ന ജീവികളെല്ലാം ദൈവം സൃഷ്ടിച്ച അതേ രൂപത്തിൽത്തന്നെ നിലനിൽക്കുന്നു എന്നത്. ദൈവം തന്റെ സ്വന്തം രൂപത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നതാണ് മൂന്നാമത്തേത്. ഇവ മൂന്നും ഡാർവിനിസത്തിനു വിരുദ്ധമായ ചിന്താഗതികളാണ്. 2005ൽ അമേരിക്കയിലെ ഡോവർ എന്ന സ്ഥലത്തുള്ള ഒരു സ്കൂളിൽ അധ്യാപകരെ ഉദ്ദേശിച്ച് ഒരു ഓർഡർ ഇറക്കി. പരിണാമസിദ്ധാന്തം കുട്ടികളെ പഠിപ്പിക്കുമ്പോൾ ഒരു പ്രധാനകാര്യംകൂടി അവരെ ബോധ്യപ്പെടുത്തണം എന്നതായിരുന്നു. പരിണാമസിദ്ധാന്തത്തിനു വസ്തുതകളുടെ പിൻബലമില്ല. അതിലെ പല വിടവുകളും നികത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതിനു ബദലായുള്ള ഒരു സിദ്ധാന്തമാണ് 'ഇന്റലിജൻറ് ഡിസൈൻ.' ദൈവമാണ് അതിന്റെ ആസൂത്രകൻ. ഈ സിദ്ധാന്തം പഠിക്കാനുള്ള എല്ലാ സൗകര്യവും സ്കൂൾ ലൈബ്രറിയിലുണ്ട്. ഇതിനെത്തുടർന്ന് അമേരിക്കയിലെ രണ്ടു സംഘടനകൾ സ്കൂൾ അധികൃതരുടെ വിചിത്രമായ ഓർഡറിനെതിരെ കോടതിയെ സമീപിച്ചു. ക്രിയേഷനിസം പഠിപ്പിക്കാൻ പാടില്ലെന്ന അമേരിക്കൻ സുപ്രീം കോടതിയുടെ വിധി നിലനിൽക്കേയാണ് അതിനെ ധിക്കരിക്കുന്ന ഒരു ഓർഡർ ഇപ്രകാരം ഇറക്കിയത്. അതിന്റെ പിന്നിലെ ശക്തി മതമേധാവികളുടേതാണെന്നു വ്യക്തമാണ്. ശാസ്ത്രപദങ്ങളുടെ കുപ്പായമണിഞ്ഞ 'ഇന്റലിജൻറ് ഡിസൈൻ' ആണിന്നത്.

- ‘ക്രിയേഷനിസം’ എന്നത് ഒരു പിന്തിരിപ്പൻ ആശയമാണ്

ശാസ്ത്രതത്വങ്ങൾ പഠിക്കുന്ന കുഞ്ഞുങ്ങളുടെ മനസിൽ തെളിവുകളുടെ പിൻബലമില്ലാത്ത അർധസത്യങ്ങൾ കുത്തിവെയ്ക്കുന്നത് ശാസ്ത്രമല്ല. ഇന്റലിജൻറ് ഡിസൈനിന്റെ പ്രയോക്താക്കൾ വളരെ ബുദ്ധിപരമായി ദൈവത്തെ സൃഷ്ടികർത്താവിന്റെ സ്ഥാനത്തുനിന്നു മാറ്റി. മോളിക്കുലാർ ബയോളജിയിലെ സാങ്കേതികപദങ്ങളും ചിഹ്നങ്ങളും വിശ്വാസ്യതയ്ക്കുവേണ്ടി സമർത്ഥമായി തിരുകിക്കയറ്റി. ഇന്ന് ആധ്യാത്മികപ്രഭാഷണങ്ങളിലും ലേഖനങ്ങളിലും പുസ്തകങ്ങളിലും ഭൗതികശാസ്ത്രത്തിലെ സിദ്ധാന്തങ്ങളും സാങ്കേതികപദങ്ങളും ധാരാളമായി ഉപയോഗിച്ച് വിശ്വാസ്യത വർദ്ധിപ്പിക്കുന്ന ഏർപ്പാട് കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ആധ്യാത്മികചിന്തകളെ ശാസ്ത്രീയമായ വീക്ഷണങ്ങളുമായി സമരസപ്പെടുത്തുവാൻ ചിന്മയാനന്ദന്റെയും നിത്യചൈതന്യയതിയുടെയും പ്രഭാഷണങ്ങളിൽ സ്വീകരിക്കുന്ന രീതി സ്വാഗതാർഹമാണെന്നു പറയാതെ വയ്യ. ദൈവവും മതങ്ങളും നന്മ-തിന്മകളുമെല്ലാം ജീവശാസ്ത്രത്തിൽ ഉൾപ്പെടുന്നു

ണ്ട്. പത്തു സായാഹ്നങ്ങൾ നീണ്ടുനിന്ന ചർച്ചകളിലൂടെ, ഇത്തരം വിഷയങ്ങൾ സ്വാഭാവികതയോടെ അവതരിപ്പിക്കുകയാണ് 'ജീവസ്സുറ്റ ജീവശാസ്ത്രം' എന്ന പുസ്തകത്തിൽ. ആ ചർച്ചയിൽ ശാസ്ത്രരംഗത്ത് നീണ്ട കാലം അധ്യാപകരായിരുന്നവർ, ഈ വിഷയത്തിൽ അതീവ താത്പര്യമുള്ള വ്യക്തികൾ, ബാങ്ക് ഓഫീസർമാർ എന്നിവരെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. ചർച്ചയിൽ പങ്കെടുത്തവർ ഒട്ടും വിരസതയില്ലാതെ ശാസ്ത്രകാര്യങ്ങൾ സാഹിത്യവും തത്ത്വചിന്തയുമൊക്കെയായി ചേർത്തു വെച്ചുകൊണ്ട് ചിന്തിക്കുകയാണ്.

▶ ഒട്ടും വിരസതയില്ലാത്ത ശാസ്ത്രകാര്യങ്ങൾ

## Summarised Overview

ജീവശാസ്ത്രവുമായി ബന്ധപ്പെട്ട നവീനചിന്തകൾ മനസിലാക്കാൻ സഹായിക്കുന്ന ലേഖനമാണ് 'ഡാർവിനിസത്തിന്റെ ചൂഷകരും വൈരികളും.' ശാസ്ത്രഗ്രന്ഥങ്ങൾ വായിക്കാൻ താത്പര്യമില്ലാത്ത സാധാരണക്കാർക്കുവേണ്ടി, ജീവശാസ്ത്രത്തെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. ജീവശാസ്ത്രമെന്നത് ഒറ്റപ്പെട്ട ഒരു വിഷയമല്ല, അതിന്റെ അനുബന്ധവിഷയങ്ങൾ ഏറെയുണ്ട്. ജീവശാസ്ത്രമെന്നത് ചുരുങ്ങിയ കാലംകൊണ്ട് പടർന്നുപന്തലിച്ച ഒരു മഹാവൃക്ഷമാണ്. അതിന്റെ പുതിയ ഒരു ശാഖ മാത്രമാണ് ജനറ്റിക്സ്. ജീനുകളാണ് മനുഷ്യന്റെ സ്വഭാവത്തെ നിർണയിക്കുന്ന അടിസ്ഥാനഘടകമായി പ്രവർത്തിക്കുന്നത്. മനുഷ്യരുടെ പെരുമാറ്റങ്ങളെ ജീനുകൾ നിയന്ത്രിക്കുന്നു. വ്യക്തിയുടെ ജീവിതകാലം മുഴുവൻ ജീനുകൾ മാറ്റമില്ലാതെ തുടരുന്നു. അവ അറിവ് സംഭരിക്കുന്നതെങ്ങനെയെന്നും ചിന്തയേയും പെരുമാറ്റത്തെയും എത്രമാത്രം നിയന്ത്രിക്കുന്നു എന്നതിനെക്കുറിച്ചും വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. സോഷ്യോബയോളജി എന്നൊരു പുതിയ ശാഖ തന്നെ ആവിർഭവിച്ചിരിക്കുന്നു. ഇ. ഒ. വത്സന്റെ 'സോഷ്യോബയോളജി' എന്ന ഗ്രന്ഥം സമഗ്രമായ പഠനത്തിനും വിമർശനത്തിനും കാരണമായി. അതിൽനിന്നു രൂപപ്പെട്ട ആശയങ്ങൾ ചിന്താലോകത്ത് വേരുറച്ചു. മനുഷ്യന്റെ സാമൂഹികജീവിതത്തിലെ പ്രത്യേകതകൾ പരിണാമസിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുകയാണ് അദ്ദേഹം ചെയ്തത്.

1976-ൽ റിച്ചാർഡ് ഡാക്കിൻസ് 'സെൽഫിഷ് ജീൻ' എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചു. സ്വയം ഇരട്ടിക്കലിലൂടെ അടുത്ത തലമുറയ്ക്ക് ജന്മം നൽകുകയാണ് ജീനിന്റെ സവിശേഷതയെന്നും ജീനുകളെ സംരക്ഷിക്കാനും കൂടെ കൊണ്ടുനടക്കാനുമുള്ള വാഹനങ്ങളാണ് ജീവികൾ എന്നും അദ്ദേഹം കണ്ടെത്തി. ജീവിസമൂഹങ്ങൾ പരസ്പരം പ്രതിപ്രവർത്തിക്കുക മാത്രമല്ല ചെയ്യുന്നത് , വിവിധ പരിതസ്ഥിതികളുമായി പ്രതിപ്രവർത്തിക്കുന്നതുമൂലം അതിജീവനത്തിനുവേണ്ടിയുള്ള സമരവും മത്സരവുമുണ്ടാകുന്നു. ജീനുകൾ തമ്മിലുള്ള ഈ മത്സരത്തിന്റെ പശ്ചാത്തലത്തിലാണ് പരിണാമത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ ലഭിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജീനുകളോടൊപ്പം അനുകരണമെന്ന ഘടകവും ഈ ഭൂമുഖത്തുണ്ട്. സാംസ്കാരികപ്രേക്ഷണത്തിന്റെ ഘടകമാണ് അനുകരണം. മനുഷ്യമസ്തിഷ്കത്തിൽ സംഭരിക്കുകയും അനുകരണത്തിലൂടെ പ്രചരിക്കുകയും ചെയ്യുന്നതാണ് മെമികൾ. മെമറ്റിക്സിന്റെ കണ്ണടയിലൂടെ നോക്കുമ്പോഴാണ് മറ്റു ജീവികളിൽനിന്നു മനുഷ്യൻ വ്യത്യസ്തനായിരിക്കുന്നതിന്റെ കാരണം മനസിലാകുന്നതെന്ന് ഡാക്കിൻസ് അഭിപ്രായപ്പെടുന്നു. മെമിയെക്കുറിച്ചുള്ള പഠനമാണ് മെമറ്റിക്സ്. 1976ൽ റിച്ചാർഡ് ഡാക്കിൻസ് 'സെൽഫിഷ് ജീൻ' എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചു. സ്വയം ഇരട്ടിക്കലിലൂടെ അടുത്ത തലമുറയ്ക്ക് ജന്മം നൽകുകയാണ് ജീനിന്റെ സവിശേഷതയെന്നും ജീനുകളെ സംരക്ഷിക്കാനും കൂടെ കൊണ്ടുനടക്കാനുമുള്ള വാഹനങ്ങ

SGOU

ളാണ് ജീവികൾ എന്നും അദ്ദേഹം കണ്ടെത്തി. മെമികളെ ശേഖരിക്കുകയും പകർത്തുകയും ചെയ്യുന്ന മെക്കാനിസത്തെക്കുറിച്ച് നമുക്ക് അറിവില്ലാത്തിടത്തോളം മെമിയെ ഒരു യൂണിറ്റായി കണക്കാക്കാൻ കഴിയുകയില്ല.

ഡാർവിന് തന്റെ പരിണാമസിദ്ധാന്തത്തിൽ അൽട്രൂയിസത്തിനു പ്രാധാന്യം നൽകാൻ കഴിഞ്ഞില്ലെങ്കിലും ഡാക്കിൻസിന് മെമറ്റിക് അൽട്രൂയിസം എന്നൊരു സിദ്ധാന്തം ആവിഷ്ക്കരിക്കാൻ കഴിഞ്ഞു എന്നു പറയാം. അൽട്രൂയിസം മെമികളൂടെ വ്യാപനത്തെ സഹായിക്കുന്നു എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. തനിക്കു ഗുണകരമല്ലെങ്കിലും മറ്റാളുകൾക്ക് ഗുണപ്രദവും, തനിക്ക് ദോഷകരവുമായ ഒരു പ്രവർത്തി ഒരാൾ ചെയ്താൽ അത് അൽട്രൂയിസമാണ്. അൽട്രൂയിസം കാട്ടുന്നവർ രണ്ടു തരത്തിലുണ്ട്. തങ്ങൾക്ക് എന്തു സംഭവിക്കുമെന്ന ചിന്തിക്കാതെ മറ്റുള്ളവർക്ക് ഗുണകരമാവട്ടെ എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവർ ഒരു വിഭാഗം. തങ്ങൾക്കു നാശം ഉണ്ടാവുമെന്നറിഞ്ഞുകൊണ്ട് പ്രവർത്തിക്കുന്നവർ മറ്റൊരു വിഭാഗം. ശരീരകോശങ്ങളിലെ ന്യൂക്ലിയസ്സിന്റെ ഉള്ളടക്കമാണ് ജേംപ്ലാസം. ശരിയായ ബോധവൽക്കരണമുണ്ടെങ്കിൽ 'യുജെനിക്സ്' സ്വാഗതാർഹമായ ഒരാശയം തന്നെയാണ്. മനുഷ്യരിലുള്ള പല ജനിതക രോഗങ്ങളെ തടയാൻ അതിനു കഴിയുന്നു. 'ക്രിയേഷനിസം ' എന്നത് ഒരു പിന്തിരിപ്പൻ ആശയമാണ്.

## Assignments

1. മെമിക്സ്, മെമി ഇവ എന്തെന്ന് വിശദമാക്കുക.
2. അൽട്രൂയിസം എന്തെന്ന് വിശകലനം ചെയ്യുക.
3. ഡാർവിനിസത്തെ വെല്ലുവിളിച്ചുകൊണ്ട് രൂപപ്പെട്ട പ്രവണതകളേതെല്ലാം അപഗ്രഥിക്കുക.
4. യൂജെനിക്സ് എന്ന ആശയത്തിന്റെ മേന്മകളെന്തെന്ന് വിവരിക്കുക.
5. മലയാളത്തിലെ ശാസ്ത്രരചനകളുടെ ചരിത്രം സംഗ്രഹിച്ച് ഉപന്യാസം തയ്യാറാക്കുക.
6. 'ഡാർവിനിസത്തിന്റെ ചൂഷകരും വൈരികളും' എന്ന ലേഖനത്തിൽ ശാസ്ത്രകാര്യങ്ങളെ സാഹിത്യവും തത്വചിന്തയുമായി ഇണക്കി നിർത്തുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

## Suggested Readings


1. എൻ. വി. കൃഷ്ണവാരിയർ, അറിവിന്റെ അത്ഭുതം, അന്വേഷണങ്ങൾ കണ്ടെത്തലുകൾ, ഡി. സി. ബുക്സ്, കോട്ടയം.
2. ബാബു ചെറിയാൻ (എഡി.), അച്ചടി മലയാളത്തിന്റെ 200 വർഷങ്ങൾ, എസ്. പി. സി. എസ്., കോട്ടയം.
3. ജോഹനാസ് ഫ്രോൺ മേയർ, പ്രകൃതിശാസ്ത്രം, ബാസൽ മിഷൻ ബുക്സ്, ട്രാക്റ്റ് ഡിപ്പോസിറ്ററി, മംഗലാപുരം.

# References

1. കാവുമ്പായി ബാലകൃഷ്ണൻ, നമ്മുടെ ഭാഷ നമ്മുടെ സംസ്കാരം, കേരള ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ.
2. പി. അപ്പുക്കുട്ടൻ, വി. ബാബുസേനൻ, ജീവസ്സുറ്റ ജീവശാസ്ത്രം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
3. ശങ്കരൻ തായാട്ട്, ഭാരതീയ വിദ്യാഭാസം : ചരിത്രവും വർത്തമാനകാലപ്രശ്നങ്ങളും, കേരള ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ.
4. ഏ. ജി. ശ്രീകുമാർ, പുസ്തകങ്ങൾ നിർമ്മിച്ച കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

SGOU

Unit 4

# ഉമ്മമാർക്കുവേണ്ടി ഒരു സങ്കടഹർജി

എം. എൻ. കാരശ്ശേരി

## Learning Outcomes

- മുസ്ലീം സമുദായത്തിനുള്ളിലെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും വെളിവാക്കുന്നു
- മുസ്ലീം മതനിയമവ്യവസ്ഥയായ ശരിഅത്തിന്റെ സൂക്ഷ്മവശങ്ങൾ മനസിലാക്കുന്നു
- മുസ്ലിം സ്ത്രീകൾ വിദ്യാഭ്യാസവും തൊഴിലും നേടേണ്ടതിന്റെ പ്രാധാന്യം വെളിവാക്കുന്നു
- കേരളീയ മുസ്ലീംസ്ത്രീകൾ സാമുദായിക പൊതുമണ്ഡലത്തിൽ നടത്തിയ ചെറുത്തുനില്പും പ്രതിഷേധവും തുറന്നുകാട്ടുന്നു

## Background

**എഴുത്ത് സംവാദമാക്കി മാറ്റിയ നിരൂപകൻ**

വർത്തമാനസാമൂഹ്യസംഘർഷങ്ങളെ എന്നും ഉറ്റുനോക്കുന്ന വിമർശകനാണ് എം. എൻ. കാരശ്ശേരി അഭിപ്രായവ്യത്യാസങ്ങളെയും ആശയവൈവിദ്ധ്യങ്ങളെയും തന്റെ വാദത്തിനു നേർക്കുനേർ നിർത്താൻ അദ്ദേഹം ശ്രമിക്കുന്നു. അതിനാലാണ് അദ്ദേഹത്തിന്റെ എഴുത്ത് സംവാദസജ്ജമായ സാമൂഹ്യവ്യവഹാരങ്ങളായി മാറുന്നത്. നിയമവ്യവസ്ഥയിലും മതവ്യവസ്ഥയിലും സാമൂഹ്യവ്യവസ്ഥയിലും അനീതി നേരിടുന്ന മനുഷ്യനെയാണ് അദ്ദേഹത്തിന്റെ വിമർശനം ലക്ഷ്യംവെയ്ക്കുന്നത്. ഭൂതകാലത്തിലേക്കല്ല, മറിച്ച് ഭാവിയിലേക്കാണ് അദ്ദേഹത്തിന്റെ ദൃഷ്ടി പായുന്നത്. അദ്ദേഹത്തിന്റെ വിചാരലോകങ്ങളെ നയിക്കുന്നത് ആധുനികതയുടെ ആശയമണ്ഡലമാണ്. നീതിയുടെയും ധാർമ്മികതയുടെയും ചരിത്രമാണ് അദ്ദേഹത്തിനു പ്രിയം. സ്ത്രീകളുടെ അന്തർഗതങ്ങളെ ഗൗരവത്തോടെ പരിഗണിക്കുന്ന ഒരു നിരൂപകനെയാണ് കാരശ്ശേരിയിൽ കാണുവാൻ കഴിയുന്നത്.

ഇസ്ലാം മതത്തിനുള്ളിലുള്ള നിയമങ്ങളും സ്ത്രീകൾ അനുഭവിക്കുന്ന അസ്വാതന്ത്ര്യവുമാണ് 'ഉമ്മമാർക്കുവേണ്ടി ഒരു സങ്കടഹർജി' എന്ന ഈ ലേഖനമെഴുതാൻ എം. എൻ. കാരശ്ശേരിയെ നിർബന്ധിതനാക്കിയത്. ശരിഅത്ത് നിയമങ്ങളെക്കുറിച്ചാണിതിൽ പറയുന്നത്. ഇസ്ലാമിന്റെ മതപരമായ പ്രമാണങ്ങളിൽനിന്ന്, പ്രത്യേകിച്ചും ഖുർആൻ, ഹദീസ് എന്നിവയിൽനിന്ന് ഉരുത്തിരിഞ്ഞ ഇസ്ലാമികനിയമങ്ങളാണ് ശരിഅത്ത് എന്നറിയപ്പെടുന്നത്. മാറ്റമില്ലാത്ത ദൈവിക നിയമങ്ങളാണ് ഈ അറബി വാക്ക് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അഫ്ഗാനിസ്ഥാൻ, ഇറാഖ് തുടങ്ങിയ ഇസ്ലാമിക രാജ്യങ്ങളിലെല്ലാം ശരിഅത്ത് നിയമമാണ് നിലവിലുള്ളത്. വിവിധ രാജ്യങ്ങളിലെ മുസ്ലീം ഗ്രൂപ്പുകളും ശരിഅത്ത് നിയമങ്ങൾക്കായി വാദിക്കുന്നു. എന്നാൽ പലനാടുകളിലും പലരീതിയിലാണ് ശരിഅത്ത് നിയമം നടപ്പാക്കുന്നത് എന്നതാണ് യാഥാർഥ്യം. വ്യത്യസ്ത ദേശത്തെ വ്യത്യസ്ത മുസ്ലീം വിഭാഗങ്ങൾ അവരവരുടെ രീതിയിലാണ് ശരിഅത്ത് നിയമം വ്യാഖ്യാനിക്കുന്നതും നടപ്പാക്കുന്നതും. ചിലർ പൂർണമായും ശരിഅത്ത് നിയമം നടപ്പാക്കണമെന്ന് വാദിക്കുന്നു. മറ്റ് ചിലരാവട്ടെ ഭാഗിക ശരിഅത്ത് നിയമത്തെയാണ് പിന്തുണയ്ക്കുന്നത്. വേ

റൊരു കൂട്ടർ ചില പ്രത്യേകകേസുകളിൽ മാത്രം ശരിഅത്ത് നിയമം നടപ്പാക്കിയാൽ മതിയെന്ന അഭിപ്രായക്കാരാണ്. എന്തായാലും വിവാഹമോചനം, ബഹുഭാര്യാത്വം തുടങ്ങിയ കാര്യങ്ങളെ ന്യായീകരിക്കുന്ന നിലപാടുകളോട് പൊതുവെ എല്ലാവരും എതിർപ്പ് രേഖപ്പെടുത്തുന്നു.

**പ്രധാന കൃതികൾ**

മുല്ലാനസറുദ്ദീന്റെ പൊടിക്കൈകൾ (1982), താരതമ്യസാഹിത്യവിചാരം (എഡി.) (1997), മാരാരുടെ കുരുക്ഷേത്രം (1998), താരതമ്യസാഹിത്യചിന്ത (1998) , താരതമ്യസാഹിത്യവിവേകം (എഡി.) (1999), രജതരേഖ (1999), സാഹിത്യസിദ്ധാന്തചർച്ച (2000), തുഞ്ചൻപറമ്പിലെ ബ്ലീച്ച് (2001), മുസ്ലീം നാടുകളിലെ പഴഞ്ചൊല്ലുകൾ (2001), ബഷീറിന്റെ പൂങ്കാവനം (2003), മലബാർ കലാപം, നാലാം ലോകം, കേരളീയത (2005), ശരിഅത്ത് ചില വർത്തമാനങ്ങൾ, വൈക്കം മുഹമ്മദ് ബഷീർ, വിശപ്പിന്റെ ആത്മീയത, മതേതരവാദത്തെ മുസ്ലീങ്ങൾ പേടിക്കേണ്ടതുണ്ടോ?, ഉമ്മമാർക്കുവേണ്ടി ഒരു സങ്കടഹർജി, വർഗീയതയ്ക്കെതിരെ ഒരു പുസ്തകം (2004), തെളിമലയാളം, അനുഭവം ഓർമ്മ യാത്ര (2012), പിടക്കോഴി കൂവരുത്! (2015) , നീതി തേടുന്ന വാക്ക്, കാരശ്ശേരിയിലെ കിസ്സകൾ

## Keywords

പൊതുമണ്ഡലം-ശരിഅത്ത് -സ്ത്രീവാദം-വ്യക്തിനിയമം-മുസ്ലിം സ്ത്രീജീവിതം

## Discussion

### 3.4.1 മുസ്ലീം സ്ത്രീകളും ദുരിതജീവിതവും

മുസ്ലീം സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളെ പ്രശ്നവൽക്കരിക്കുവാനുള്ള ശ്രമമാണ് എം. എൻ. കാരശ്ശേരിയുടെ 'ഉമ്മമാർക്കു വേണ്ടി ഒരു സങ്കടഹർജി' എന്ന ലേഖനം. അദ്ദേഹം നടത്തിയ പ്രസംഗങ്ങളുടെയും പ്രതികരണങ്ങളുടെയും രേഖപ്പെടുത്തലുകളാണ് ഇവയിൽ ഉള്ളടങ്ങിയിരിക്കുന്നത്. 'മതമല്ല, മനുഷ്യനാണ് എന്റെ വിഷയം' എന്നദ്ദേഹം രേഖപ്പെടുത്തുന്നു. മതകാര്യങ്ങളെപ്പറ്റിയല്ല, മറിച്ച് സാമൂഹ്യപ്രശ്നങ്ങളെപ്പറ്റിയാണ് താൻ സംസാരിക്കുന്നതെന്ന് അദ്ദേഹത്തിന് ഉറച്ച ബോധ്യമുണ്ട്. അവകാശങ്ങൾക്കുവേണ്ടി പോരാടുവാൻ മുസ്ലീം സ്ത്രീകൾ തന്റേടം ആർജിച്ചുവരുന്നതിന്റെ സൂചനയാണ് തിരുവനന്തപുരത്തിനടുത്ത് കാണുവാൻ കഴിഞ്ഞത്. ബീമാപ്പള്ളി ജമാഅത്തുകമ്മിറ്റി, തനിക്കെതിരെ സ്വഭാവദൂഷ്യമാരോപിച്ച് തല മൊട്ടയടിക്കുവാനും നൂറ്റൊന്നടി അടിക്കുവാനും പിഴ ഈടാക്കുവാനും തീരുമാനിച്ച് അത് പരസ്യപ്പെടുത്തിയപ്പോൾ, സുലൈഖാ ബീവി എന്ന കുടുംബിനി നിയമവ്യവസ്ഥയെ സമീപിച്ചു. 1984 മുതൽ നടന്നുപോരുന്ന ശരിഅത്ത് വിവാദങ്ങളുടെ പേരിൽ മുസ്ലീം വനിതകൾ കോടതികളിലും പത്രങ്ങളിലും പ്രസംഗമണ്ഡപങ്ങളിലും വാർത്ത സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് സ്തോഭജനകമായ ഈ വാർത്ത വന്നുവീണത്. ഏറ്റവും സുരക്ഷയും സമാധാനവും കിട്ടേണ്ട കുടുംബത്തിൽ പല ഉമ്മമാരുടെയും നില



SGOU

> ▶ മുസ്ലീം സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളെ പ്രശ്നവൽക്കരിക്കുന്നു

പരിതാപകരമാണ്. കുടുംബത്തിന്റെ അടിത്തറയായ ദാമ്പത്യമെന്ന സങ്കൽപത്തെ ആടിയും പാടിയും ഒപ്പന എന്ന കലാരൂപം പൊലിപ്പിക്കുമ്പോൾ ജീവിതത്തിലെ യാഥാർത്ഥ്യം തികച്ചും വ്യത്യസ്തമാണ്. വിവാഹമോചനത്തിന്റെ ഭീഷണി എപ്പോഴും മുസ്ലീം സ്ത്രീകളുടെ തലയ്ക്കുമുകളിൽ തൂങ്ങിനിൽക്കുന്നു.

മൊഴി ചൊല്ലപ്പെടുന്ന ഉമ്മമാരുടെ അനാഥത്വവും നിരാലംബതയും കഷ്ടപ്പാടും കണ്ടില്ലെന്നു നടിക്കുന്നത് അധാർമ്മികമാണ്. ഗൾഫുകാരന്റെ ഭാര്യ അനുഭവിക്കുന്ന മാനസികപീഡനങ്ങൾ എസ്. എ ജമീൽ 'ദുബായ് കത്തു' പാട്ടിൽ പകർത്തിയിട്ടുണ്ട്. അരനൂറ്റാണ്ടുമുൻപത്തെ മാപ്പിളപ്പെണ്ണുങ്ങളുടെ ദുരവസ്ഥ പുലിക്കോട്ടിൽ ഹൈദറുടെ 'മറിയക്കുട്ടിയുടെ കത്തു പാട്ടിലും' നിറഞ്ഞു നിന്നിരുന്നു. നമ്പൂതിരി സമുദായത്തിലെ അന്തർജ്ജനങ്ങളെ ഉദ്ധരിക്കുവാൻ ശ്രമിച്ച വി. ടി. ഭട്ടതിരിപ്പാടിനെപ്പോലെയുള്ള സാമൂഹ്യപരിഷ്കർത്താക്കൾ മുസ്ലീം സമുദായത്തിലുണ്ടായില്ല. മുസ്ലീം സ്ത്രീ, എഴുത്തു പഠിക്കുന്നതും ഉദ്യോഗത്തിനുപോകുന്നതും പൊതുരംഗത്ത് പ്രവർത്തിക്കുന്നതും നിരോധിക്കപ്പെട്ടിരുന്നു. അത്തരം നിരോധനങ്ങൾ ഭാഗികമായി ഇന്നും നിലനിൽക്കുന്നു. അവർ അനുഭവിക്കുന്ന അനീതികൾക്കും അന്യായങ്ങൾക്കുമെതിരെ നിയമനിർമ്മാണം വേണമെന്ന ആവശ്യം സാമുദായികനേതാക്കൾ നിരാകരിക്കുന്നു. അത്തരം നിയമനിർമ്മാണങ്ങൾ "ശരിഅത്ത് എന്നറിയപ്പെടുന്ന ഇസ്ലാമികജീവിതവ്യവസ്ഥയുടെ നേരെയുള്ള കയ്യേറ്റമാവും. അത് ദൈവികമായ വിധിവിലക്കുകളാണ്. അതിൽ ഭേദഗതി പാടില്ല എന്നൊക്കെയാണ് അവരുടെ വാദം. 'ശരിഅത്ത്' എന്താണെന്ന യാഥാർത്ഥ്യം മനസിലാക്കണമെന്ന് എം. എൻ. കാരശ്ശേരി അഭിപ്രായപ്പെടുന്നു.

> ▶ മുസ്ലീം സ്ത്രീ, എഴുത്തു പഠിക്കുന്നതും ഉദ്യോഗത്തിനു പോകുന്നതും പൊതുരംഗത്ത് പ്രവർത്തിക്കുന്നതും ഭാഗികമായി ഇന്നും നിരോധിക്കപ്പെട്ടിരിക്കുന്നു

## ശരിഅത്ത്

സരണി, മാർഗ്ഗം എന്നറിയപ്പെടുന്ന ഇസ്ലാമികജീവിതവ്യവസ്ഥ, ഏതു കാലത്തും ദേശത്തുമുള്ള മുസ്ലീമിന്റെ ദൈനംദിനജീവിതം ഇന്നിന്ന മട്ടിലാകണമെന്ന് പൂർണമായും രേഖപ്പെടുത്തിവെച്ച പ്രമാണമല്ല. ഖുറാൻ, നബിചര്യ ഇവ രണ്ടിന്റെയും വ്യാഖ്യാനങ്ങളെക്കുറിച്ചുള്ള പരിചിന്തനത്തിലൂടെ ഉരുത്തിരിയുന്ന പണ്ഡിതന്മാരുടെ അഭിപ്രായൈക്യം, സദൃശസൃഷ്ടി നടത്താൻ കെൽപുള്ള മനുഷ്യയുക്തി എന്നിവ ചേർന്ന് രൂപംകൊള്ളുന്ന ജീവിതവ്യവസ്ഥയാണ്. ഇസ്ലാമികവിശ്വാസം പുലർന്നിരുന്ന മറുനാടുകളിലാണ് പ്രവാചകന്റെ ജന്മദേശമായ അറേബ്യയിലെന്നതിനേക്കാൾ ശരിഅത്ത് രൂപംകൊണ്ടത്. പ്രവാചകനുശേഷം എട്ടും ഒൻപതും നൂറ്റാണ്ടുകളിൽ ജീവിച്ച മുസ്ലീം പണ്ഡിതർ ഇതിലേയ്ക്ക് സംഭാവന നൽകി. ഏകമുഖമായ വീക്ഷണമല്ല ഈ കർമ്മവ്യവസ്ഥയ്ക്കുള്ളത്. സുന്നി, ശിയാ എന്ന് രണ്ടു മുഖ്യഭേദങ്ങൾ അതിനുണ്ട്. സുന്നിവ്യവസ്ഥ വീണ്ടും ഹനഫി, ഹമ്പലി, മാലിക്കി, ശാഫി എന്ന് നാലായി പിരിയുന്നു. ഇതിന്റെ ഉപജ്ഞാതാക്കൾ വ്യാഖ്യാനങ്ങളിൽ വ്യത്യസ്തതപുലർത്തി. ഇത്തരം വ്യാഖ്യാനഭേദങ്ങളെയെല്ലാം പരസ്പരബഹുമാനത്തോടെ അംഗീകരിച്ചുപോന്ന ഒരു പാരമ്പര്യമാണ് ശരിഅത്തിനുള്ളത്. ആധുനികകാലത്തും കാലദേശോചിതമായി ചില പരിഷ്ക്കാരങ്ങൾ നടന്നിട്ടുണ്ട്. ഇത്തരം പരിഷ്ക്കാരങ്ങളെപ്പറ്റി താഹിർ മുഹമ്മദ് എഴുതിയ പുസ്തകം ഭാഷാ

> ▶ ശരിഅത്തിനു ആധുനികകാലത്തും കാലദേശോചിതമായി ചില പരിഷ്ക്കാരങ്ങൾ വന്നിട്ടുണ്ട്

ഇൻസ്റ്റിറ്റ്യൂട്ട് മലയാളത്തിൽ 'മുസ്ലീം ലോകത്തിലെ കുടുംബ നിയമപരിഷ്ക്കാര' മെന്ന പേരിൽ തർജ്ജമ ചെയ്തിട്ടുണ്ട്.

1860-ൽ ബ്രിട്ടീഷ് ഗവൺമെൻറ് ഇന്ത്യൻ പീനൽ കോഡ് നടപ്പിലാക്കിയതോടെ ഏതു പൗരനും ശിക്ഷാനിയമത്തിനു മുൻപിൽ തുല്യരായി. 1915-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്റ്റ് അനുസരിച്ച് ഇന്ത്യയിലെ പൗരന്മാർക്ക് സിവിൽ നിയമങ്ങളിൽ സ്വന്തം മതനിയമങ്ങളോ ആചാരങ്ങളോ അനുസരിക്കാവുന്നതാണ് എന്ന് ബ്രിട്ടീഷ് ഗവൺമെന്റ് നിശ്ചയിച്ചു. കുടുംബപ്രശ്നങ്ങൾ മാത്രമാണ് ഇപ്പറഞ്ഞ സിവിൽ നിയമത്തിന്റെ പരിധിയിൽവരുന്നത്. ഈ ആക്ട് അനുസരിച്ച് നിലവിൽവന്ന മുസ്ലീം വ്യക്തിനിയമം, വഖഫ് നിയമം, മുസ്ലീം വിവാഹമോചനനിയമം എന്നീ നിയമങ്ങളും വിവിധ വ്യക്തികൾ കൽപിച്ച ധാരാളം വിധികളും അതിലെ നിയമതത്വങ്ങളും ഉൾക്കൊണ്ട സമാഹാരങ്ങളാണ്. ഇന്ത്യയിലെ മുസ്ലീം വ്യക്തിനിയമം എന്നത് ഖുറാനും നബിചര്യയും നോക്കി പകർത്തിവെച്ച ഇസ്ലാമികജീവിതവ്യവസ്ഥയല്ലെന്നും അത് മുസ്ലീങ്ങൾ അനുഷ്ഠിക്കേണ്ടതോ വർജ്ജിക്കേണ്ടതോ ആയ കാര്യങ്ങളെ സംബന്ധിച്ചുള്ള രേഖയല്ലെന്നും മുസ്ലീങ്ങളെങ്കിലും മനസിലാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. കുടുംബകാര്യങ്ങളിൽ സ്വന്തം മതനിയമങ്ങൾ അനുസരിക്കാൻ അനുവാദം നൽകുക മാത്രമേ "ശരിഅത്ത് ആക്ട്" ചെയ്യുന്നുള്ളു. നിരവധി പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തിനിയമ പരിഷ്ക്കാരങ്ങളെ യാഥാസ്ഥിതികരല്ലാത്തവരും അഭ്യസ്തവിദ്യരുമായ മുസ്ലീങ്ങളും എതിർക്കുന്നു. ഖുറാൻ അടിമത്തം നിരോധിച്ചിട്ടില്ല. അടിമകളോട് നീതിപൂർവം പെരുമാറണമെന്ന് പറഞ്ഞിട്ടുമുണ്ട്. അത് ഖുറാന്റെ സത്തയ്ക്ക് വിരുദ്ധമാണെന്ന് മനസിലാക്കിയ മുസ്ലീം രാഷ്ട്രങ്ങൾ അതു നിരോധിച്ചുകഴിഞ്ഞു.

> ▶ ശരിഅത്തു നിയമങ്ങൾ ഇന്ത്യയിൽ

ധാർമ്മികജീവിതം നയിക്കുന്നതിനാണ് മുസ്ലീങ്ങൾ തയ്യാറാവേണ്ടതെന്ന് കാരശ്ശേരി അഭിപ്രായപ്പെടുന്നു. മുസ്ലീം സമൂഹത്തിലെ സ്ത്രീ കൾക്ക് ലോകപരിചയമോ രാഷ്ട്രീയനേതൃത്വമോ ഇല്ല, അസംഘടിതരാണവർ. വിശ്വാസത്തിന്റെ പേരിൽ അനീതികളെയും അന്യായങ്ങളെയും പൊറുപ്പിക്കുവാൻ ശ്രമിച്ചുകൂടാ. വ്യക്തിത്വം കാത്തുസൂക്ഷിക്കുവാൻ നിലപാടു യുക്തിഭദ്രമാക്കുക എന്നതാണ് യുക്തം. പരസ്പരവിശ്വാസത്തിലൂടെ കാലദേശോചിതമായി മുസ്ലീം വ്യക്തിനിയമം പരിഷ്ക്കരിക്കണമെന്ന് ലേഖകൻ വാദിക്കുന്നു. ഒരു വ്യക്തി ഇരുപത്തിയഞ്ച് വർഷക്കാലത്തോളം നടത്തിയ നിരന്തരസമരങ്ങളുടെ നേർരേഖയാണ് എം. എൻ. കാരശ്ശേരിയുടെ 'ഉമ്മമാർക്കുവേണ്ടി ഒരു സങ്കടഹർജി' എന്ന പുസ്തകമെന്ന് അവതാരിക എഴുതിയ ജെ. ദേവിക വിലയിരുത്തുന്നു. കേരളീയമുസ്ലീം സ്ത്രീകളുടെ ദൈനംദിന ജീവിതപ്രശ്നങ്ങളെ സ്പർശിക്കുന്നവയാണ് ഇതിലെ എല്ലാ ലേഖനങ്ങളും. സമുദായപൊതുമണ്ഡലത്തിൽ നടത്തിയ ചെറുത്തുനിൽപുകളും പ്രതിഷേധങ്ങളുമാണ് അവയിൽ ഉയരുന്നത്. വ്യവസ്ഥാപിത പരിഷ്ക്കരണവാദങ്ങളിൽ നിന്ന് വേറിട്ടുനിൽക്കുന്ന ചിന്താഗതികളാണ് അവയിൽ നിന്നു സ്ഫുരിക്കുന്നത്. മുസ്ലീം സ്ത്രീവാദത്തോട് അടുത്തു നിൽക്കുന്ന യുക്ത്യധിഷ്ഠിത താർക്കിക നിലപാടുകളാണ് ലേഖകൻ ഉന്നയിക്കുന്നത്. ഇസ്ലാംമതത്തെ ജനാധിപത്യസാമൂഹ്യജീവിതത്തിന്റെ

> ▶ 25 വർഷക്കാലത്തോളം നടത്തിയ നിരന്തരസമരങ്ങളുടെ നേർരേഖ

SGOU

അളവുകോൽവെച്ച് പരിശോധനയ്ക്കു വിധേയമാക്കിയ മറ്റൊരാളില്ല. സ്ത്രീയുടെ അന്തർഗതങ്ങളെ ഇത്രമാത്രം പരിഗണിക്കുന്ന മറ്റൊരു നിരൂപകനും മലയാളത്തിലില്ല എന്നു നിസംശയം പറയാം.

## Summarised Overview

മുസ്ലീംസ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങളും സങ്കടങ്ങളും തിരിച്ചറിയാൻ ഈ ലേഖനം സഹായിക്കുന്നു. ശരിഅത്തിന്റെ കാലികമായ വായനകളും പ്രയോഗരീതികളുമാണ് ഫിഖ്ഹ് എന്നറിയപ്പെടുന്നത്. ആധുനികകാലത്ത് ശരിഅത്തിന്റെ പ്രയോഗവൽക്കരണം എങ്ങനെ എന്നതിനെപറ്റി ഇസ്ലാമികപണ്ഡിതർക്കിടയിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. ആചാരാനുഷ്ഠാനങ്ങൾ, ജീവിതവ്യവഹാരങ്ങൾ എന്നിവയെല്ലാം ശരീഅത്തിന്റെ വിശാലമായ മേഖലയിൽ വരുന്നു. നിയമങ്ങൾ, ധാർമ്മികത എന്നിവ അടിസ്ഥാനമാക്കി മൊത്തം കാര്യങ്ങളെ അഞ്ച് വിഭാഗങ്ങളാക്കി പണ്ഡിതർ തിരിക്കുന്നുണ്ട്. ഫർദുകൾ (നിർബന്ധമായ കാര്യങ്ങൾ), സുന്നത്തുകൾ (ഐച്ഛികകാര്യങ്ങൾ), മുബാഹ് (നിഷ്പക്ഷമായവ), കറാഹത്ത് (വെറുക്കപ്പെട്ടത്-എന്നാൽ നിഷിധമല്ല), ഹറാമുകൾ (നിഷിധം) എന്നിങ്ങനെ. ഗവേഷണങ്ങളിലൂടെയും ഫത്വകളിലൂടെയും മതപണ്ഡിതർ സാമ്പ്രദായികമായ ശരീഅത്തിനെ വികസിപ്പിച്ചെടുത്തു. ഇസ്ലാമികരാഷ്ട്രങ്ങളിലെയും മറ്റും കോടതികൾ ഇതിനെ പ്രയോഗവൽക്കരിച്ചുവന്നു. മിക്കവാറും എല്ലാ മുസ്ലിം ഭരണക്രമങ്ങളിലും സിവിൽ-ക്രിമിനൽ നിയമങ്ങളിൽ ശരീഅത്തിന്റെ സ്വാധീനം പ്രകടമായിരുന്നു. മുഫ്തിമാർ രാഷ്ട്രസംവിധാനത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമായി പരിണമിച്ചു. ശരിഅത്തും ഫിഖ്ഹും നിയമനിർമ്മാണത്തിന്റെ അടിത്തറയായി, എന്നാൽ സാഹചര്യങ്ങൾക്കനുസൃതമായി വ്യാഖ്യാനിക്കപ്പെട്ടുവന്നു. 1869 മുതൽ ഒട്ടോമൻ സാമ്രാജ്യം ശരിഅത്ത് നിയമങ്ങളെ ഏകോപിപ്പിക്കാനായി സിവിൽ കോഡ് രൂപീകരിച്ചത് ആ മേഖലയിലെ ആദ്യസംരംഭമായിരുന്നു.

ശരിഅത്ത് നിയമം നടപ്പാക്കണമെന്ന് വാദിക്കുമ്പോൾതന്നെ മിക്കവർക്കും ശരിഅത്ത് നിയമത്തിന്റെ എല്ലാവശവും അറിയില്ലെന്നതും പഠനത്തിൽ കണ്ടെത്തുകയുണ്ടായി. മിക്കപ്പോഴും നിയമം നടപ്പാക്കുന്നവർ ഒരുവശം മാത്രമേ കാണാറുള്ളൂ, അല്ലെങ്കിൽ കാണാൻ ശ്രമിക്കാറുള്ളൂ. ഖുറാനെയും ഹദീസിനെയും ആശ്രയിച്ചാണ് ശരിഅത്ത് നിയമങ്ങൾ നിലകൊള്ളുന്നത്. ഇതിനെ മതപണ്ഡിതർ വ്യാഖ്യാനിക്കുമ്പോഴാണ് പലപ്പോളും പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ആത്മഹത്യ, സ്വവർഗാനുരാഗം, വേശ്യാവൃത്തി തുടങ്ങിയ കാര്യങ്ങൾ ലോകത്തെ എല്ലാ രാജ്യങ്ങളിലെയും മുസ്ലീങ്ങൾ ഒരുപോലെ എതിർക്കുന്നു. ഇതേസമയം, വിവാഹമോചനം, ജനന നിയന്ത്രണം എന്നീ കാര്യങ്ങളിൽ ഏകാഭിപ്രായമില്ല. വിവാഹമോചനം അനുവദനീയമാണെന്ന് പാകിസ്ഥാൻകാർ വിശ്വസിക്കുന്നു. സ്ത്രീകൾ ബുർഖ ധരിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് അവരുടെ സ്വാതന്ത്ര്യമാണെന്നാണ് പൊതുവേയുള്ള അഭിപ്രായം. ഇതേസമയം, ഭാര്യ പൂർണമായും ഭർത്താവിന് വിധേയയായി ജീവിക്കണമെന്ന് ഭൂരിപക്ഷവും ഒരേസ്വരത്തിൽ അഭിപ്രായപ്പെടുന്നു.

പറഞ്ഞു പോയ അബദ്ധങ്ങൾ പൗരോഹിത്യത്തിന് എന്തുകൊണ്ട് തിരുത്തിക്കൂടാ എന്ന ചോദ്യവുമായാണ് കേരള ജമാഅത്തെ ഇസ്ലാമിയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'പ്രബോധനം'നിലനിൽക്കുന്നത്. സ്ത്രീകളുടെ സംഘടനാസ്വാതന്ത്ര്യവും ആരാധനാലയ പ്രവേശവുമൊക്കെ ഇവർ ചർച്ച ചെയ്യുന്ന വിഷയങ്ങളാണ്. നിരവധി ലേഖനങ്ങളാണ് ഇതു സംബന്ധമായി പ്രസിദ്ധീകരിച്ചിരിക്കുന്നത്. അടിസ്ഥാനപരമായി മുന്നോട്ടു വെക്കുന്ന ആശയമിതാണ്: ഇസ്ലാമിൽ സ്ത്രീ എല്ലാ മൗലികാവകാശങ്ങളുമുള്ള വ്യക്തിത്വമാണ്. ഇസ്ലാമിലെ ഏറ്റവുമധികം പ്രാധാന്യമുള്ള നിർബന്ധമായ ആരാധന നിസ്കാരമാണ്. പള്ളിയിൽ വെച്ചുള്ള സംഘടിതനിസ്കാരം കൂടുതൽ പ്രാധാന്യമർഹിക്കുന്നു. എന്നാൽ ജമാഅത്ത് നിസ്കാരത്തിൽ

ഏതെല്ലാം വിധികളാണ് പുരുഷൻമാർക്കുള്ളത്, അവയുടെ നേരെ വിപരീതമാണ് സ്ത്രീകളെ സംബന്ധിച്ചുള്ളത്. പുരുഷൻമാർക്ക് പള്ളിയിൽവെച്ചുള്ള ജമാഅത്ത് നിസ്കാരമാണ് ഏറ്റവും സ്ഥാനമുള്ളതെങ്കിൽ വീട്ടിൽ ആളൊഴിഞ്ഞ ഭാഗത്ത് തനിച്ച് നിസ്കരിക്കലാണ് സ്ത്രീകൾക്ക് ശ്രേഷ്ഠമായത്. പെൺപള്ളി പ്രവേശം മുസ്ലിംലോകത്ത് ഒരു വിവാദ വിഷയമല്ല. ഏതെല്ലാം സാഹചര്യങ്ങളിൽ, ഏതെല്ലാം പള്ളികളിൽ സ്ത്രീക്ക് പ്രവേശിക്കാമെന്ന് മതപ്രമാണങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഇസ്ലാംമതവിഭാഗത്തിലെ പലതരത്തിലുള്ള നിരവധി വിഷയങ്ങളാണ് ശ്രീ. എം. എൻ. കാരശ്ശേരി 'ഉമ്മമാർക്കുവേണ്ടി ഒരു സങ്കട ഹർജി' എന്ന പുസ്തകത്തിൽ സൂക്ഷ്മമായി വിശകലനം ചെയ്യുന്നത്.

# Assignments

1. കേരളത്തിലെ സ്ത്രീവാദചരിത്രത്തിൽ എം. എൻ. കാരശ്ശേരിയുടെ 'ഉമ്മമാർക്കുവേണ്ടി ഒരു സങ്കടഹർജി' എന്ന ലേഖനത്തിന്റെ പ്രസക്തിയെന്ത് ചർച്ച ചെയ്യുക.
2. ശരിഅത്ത് നിയമം മുന്നോട്ടുവെയ്ക്കുന്ന കാഴ്ചപ്പാട് എന്തെല്ലാമാണെന്ന് വിശകലനം ചെയ്യുക.
3. ശരിഅത്ത് നിയമങ്ങളെ പല രാജ്യങ്ങളും പല രീതിയിലാണ് സമീപിക്കുന്നത് വിലയിരുത്തുക.
4. കേരളത്തിലെ മുസ്ലീം സ്ത്രീമുന്നേറ്റത്തെയും പ്രതിഷേധത്തെയുംപറ്റി സംഗ്രഹിച്ച് കുറിപ്പെഴുതുക.
5. മറ്റു രാജ്യങ്ങളിലെ ശരിഅത്തുനിയമങ്ങളെ പറ്റി വിവരിക്കുക.
6. മുസ്ലീങ്ങൾ എത്തരത്തിലുള്ള ജീവിതമാണ് നയിക്കേണ്ടത് കാരശ്ശേരിയുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
7. ലേഖകന്റെ അഭിപ്രായത്തിൽ സാമുദായികപരിഷ്കരണത്തിന് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടത് വിലയിരുത്തുക.
8. മുസ്ലീംമതസ്വാതന്ത്ര്യത്തെപ്പറ്റി മലയാളത്തിലുണ്ടായിട്ടുള്ള സാഹിത്യകൃതികളെപ്പറ്റി വിവരിക്കുക

# Suggested Readings


1. എൻ. പി. ഹാഫിസ് മുഹമ്മദ്, കേരളത്തിലെ മുസ്ലിം സ്ത്രീകളുടെ വർത്തമാനകാലം, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. എം. എൻ. കാരശ്ശേരി, ഇസ്ലാമികരാഷ്ട്രീയം വിമർശിക്കപ്പെടുന്നു, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. എം. എൻ. കാരശ്ശേരി, മതേതരവാദത്തെ മുസ്ലീങ്ങൾ പേടിക്കേണ്ടതുണ്ടോ?, ഡി. സി. ബുക്സ്, കോട്ടയം

# References

1. എം. എൻ. കാരശ്ശേരി, ഉമ്മമാർക്കുവേണ്ടി ഒരു സങ്കടഹർജി, ഡി. സി. ബുക്സ്, കോട്ടയം.
2. എം. എൻ. കാരശ്ശേരി, വർഗ്ഗീയതയ്ക്കെതിരെ ഒരു പുസ്തകം മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. മുഹമ്മദലി കിനാലൂർ, ജാഹിലിയ്യത്തിന്റെ പെണ്ണെഴുത്തുകൾ.
4. താഹ്ഹിർ മുഹമ്മദ്, മുസ്ലീംലോകത്തിലെ കുടുംബനിയമപരിഷ്ക്കാരങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# ആധുനികഗദ്യം
## (1990 മുതൽ 2020 വരെ)

# BLOCK-04

SGOU

## Block Content

യൂണിറ്റ് - 1

1. ടി. ടി. ശ്രീകുമാർ - വികസനാനന്തരരാഷ്ട്രീയത്തിന്റെ കേരളീയപരിസരങ്ങൾ (വായനയും പ്രതിരോധവും)

യൂണിറ്റ് - 2

1. കെ. ജി. ജോർജ്ജ് (തിരക്കഥ) - ഇരകൾ

യൂണിറ്റ് - 3

1. എം. കുഞ്ഞാമൻ - എതിര്

2. സണ്ണി എം. കപിക്കാട് - ഭൂവുടമസ്ഥതയും ജാതിയും ചെങ്ങറയുടെ പാഠങ്ങൾ

യൂണിറ്റ് - 4

1. സി. എസ്. വെങ്കിടേശ്വരൻ - അവതരിപ്പിച്ചു നഷ്ടപ്പെടുത്തുന്ന വാർത്തകൾ

2. എസ്. ഗോപാലകൃഷ്ണൻ - ഭൂമിയുടെ ഉപ്പ് (ജലരേഖകൾ)

## Unit 1

# വികസനാനന്തരരാഷ്ട്രീയത്തിന്റെ കേരളീയപരിസരങ്ങൾ

ടി. ടി. ശ്രീകുമാർ

## Learning Outcomes

- കേരളത്തിന്റെ വികസനഘട്ടങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു
- കേരളത്തിന്റെ വികസനത്തിൽ ഇരുമുന്നണിയുടെയും രാഷ്ട്രീയസ്വാധീനം, ഭരണനൈപുണി, സാമ്പത്തികനയങ്ങൾ എന്നിവ വിലയിരുത്തുന്നു
- കീഴാളവിഭാഗങ്ങൾ വികസനത്തിൽനിന്നും പുറന്തള്ളപ്പെട്ടതിനെക്കുറിച്ചുള്ള സംവാദങ്ങൾ ചർച്ച ചെയ്യുന്നു
- വികസനപൂർവഘട്ടത്തിലെയും വികസനാനന്തരഘട്ടത്തിലെയും കേരളപരിസരത്തെ തിരിച്ചറിയുന്നു
- ജനാവലിയുടെ രാഷ്ട്രീയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു

## Background

ടി. ടി. ശ്രീകുമാർ കഴിഞ്ഞ രണ്ടുപതിറ്റാണ്ടുകൾക്കിടയിൽ കേരളത്തിലുണ്ടായ മാറ്റങ്ങൾ ചരിത്രപരമായും രാഷ്ട്രീയമായും പരിശോധിച്ചു വിശകലനം ചെയ്യുന്നു. വളർച്ചമുട്ടിയ ഒരു സമ്പദ്‌വ്യവസ്ഥ സാമൂഹിക മേഖലകളിലുണ്ടാക്കിയ നേട്ടങ്ങളെ മാതൃകയെന്ന് വിളിച്ചുപോന്നിരുന്ന ഒരുകാലമുണ്ടായിരുന്നു. അന്ന് അതിന്റെ വിമർശനമായാണ് ദളിത്-ആദിവാസി-മത്സ്യത്തൊഴിലാളി വിഭാഗങ്ങളുടെ ആപേക്ഷികഅവികസനത്തെക്കുറിച്ചും സ്ത്രീകളുടെ സാമൂഹിക പദവിയിലെ വൈരുധ്യങ്ങളെക്കുറിച്ചും ചർച്ചകളുണ്ടായത്. ഈ വിഭാഗങ്ങളുടെ സാമ്പത്തിക -സാമൂഹികസ്ഥിതിയിൽ എടുത്തുപറയത്തക്ക നേട്ടങ്ങൾ ഒന്നുമുണ്ടായില്ലെങ്കിലും കഴിഞ്ഞ രണ്ടുദശകങ്ങളിലെ സാമ്പത്തികപ്രക്രിയകൾ 'മുഖ്യധാര'യിൽ വരുത്തിയ മാറ്റങ്ങൾ വിസ്മയകരമാണ്. കേരളത്തിന്റെ പ്രതിശീർഷവരുമാനം കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഇന്ത്യൻ ശരാശരി കടന്ന് മുന്നോട്ടുപോയിരുന്നു. സാമ്പത്തികമേഖലയിലെ മാറ്റങ്ങൾ മുന്നണി ഭരണവുമായി ബന്ധപ്പെട്ടതല്ലായെന്ന അഭിപ്രായമാണ് ലേഖകനുള്ളത്.

കേരളത്തിന്റെ സാമ്പത്തികവളർച്ചയിലും പ്രതിശീർഷ വരുമാനത്തിന്റെ വർധനയിലും മാത്രം ഊന്നിയുള്ള ഒരു നിരീക്ഷണമല്ല ഇത്. വിദേശമലയാളികളുടെ ധനപ്രേഷണം സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ പുതിയ കാര്യമല്ലെങ്കിലും അധ്വാനക്കയറ്റുമതിയിലൂടെ കേരളം വമ്പിച്ച നേട്ടങ്ങൾ കൊയ്യാനാരംഭിച്ചത് ഉദാരീകരണ-ആഗോളീകരണനയങ്ങൾ മറയില്ലാതെ നടപ്പിലാക്കിത്തുടങ്ങിയ 1990കൾ മുതൽക്കാണെന്നത് ഇതിനകം പല പഠനങ്ങളുടെയും അടിസ്ഥാനത്തിൽ എത്തിച്ചേരാവുന്ന നിഗമനമാണ്. സേവനമേഖലയിലെ ത്വരിത വളർച്ച, വ്യവസായ മേഖലയിലെ ശരാശരി വളർച്ച, കാർഷികമേഖലയിലെ നാണ്യവിളമേഖലയിലുണ്ടായിട്ടുള്ള മുന്നേറ്റങ്ങൾ, അധ്വാനക്കയറ്റുമതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ വർധന, ഊഹക്കച്ചവടത്തിലും മറ്റുമുണ്ടായ വളർച്ച, നവ സാങ്കേതികവിദ്യയുടെ ഗുണപരമായ പാർശ്വവശങ്ങൾ ഇങ്ങനെ നിരവധിഘടകങ്ങൾ 'കേരളമാതൃക'യുടെ അടിസ്ഥാനമായ സാമൂഹിക മേഖലകളിലെ മുന്നേറ്റവുമായി പ്രതിപ്രവർത്തിച്ചതിന്റെ ഫലമായാണ് കേരളത്തിൽ ഇന്നുകാണുന്ന സാമ്പത്തികവളർച്ച സാധ്യമായത്. കേരളം അതിവേഗം ഒരു വികസനാനന്തര സമൂഹ

മായി മാറിക്കൊണ്ടിരിക്കുന്നു എന്ന വസ്തുതയെക്കുറിച്ചുള്ള ചർച്ച ആരംഭിക്കുന്നതിന് ഈ യാഥാർഥ്യവുമായി നാം പൊരുത്തപ്പെടേണ്ടതാണെന്ന് ലേഖകൻ സൂചിപ്പിക്കുന്നു

വികസനപൂർവഘട്ടത്തിൽനിന്ന് വികസനാനന്തരഘട്ടത്തിലേക്ക് കടക്കുന്ന ഒരു പ്രദേശത്തിന്റെ രാഷ്ട്രീയമായ പ്രശ്നങ്ങളെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയോ നിസ്സംഗതയോ ആണ് കേരളത്തിൽ ഇരുമുന്നണികളും വെച്ചുപുലർത്തുന്നത്. ഭൗതികപുരോഗതിയെ മാനദണ്ഡമാക്കിമാത്രം സാമൂഹികവികസനത്തെ വിലയിരുത്താൻ ശ്രമിക്കുന്ന സമീപനത്തെയാണ് വികസനാനന്തരസമൂഹം ചോദ്യംചെയ്യുന്നത്. 'വികസനവും പുരോഗതിയും' സ്വന്തം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വ്യാഖ്യാനിക്കുന്ന മുതലാളിത്തയുക്തിയോടാണ് ഈ പ്രസ്ഥാനങ്ങൾ കലഹിക്കുന്നത്. പരമാധികാരത്തെക്കുറിച്ചുള്ള ഫ്യൂഡൽ സങ്കൽപങ്ങളെയാണ് അത് വെല്ലുവിളിച്ചത്. വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള മുതലാളിത്തസങ്കൽപത്തെ അതിന്റെ സമഗ്രമായ വൈരുധ്യങ്ങളിൽ ചോദ്യം ചെയ്യുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു എന്നതാണ് ഒരു വികസനാനന്തരസമൂഹത്തെ അടിസ്ഥാനപരമായി മുതലാളിത്തവിരുദ്ധമാക്കുന്നത്. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾ ഏതെല്ലാം തരത്തിലാണ് പുരോഗമനദശ കൈവരിച്ചതെന്ന് ഈ ലേഖനത്തിലൂടെ ചൂണ്ടിക്കാട്ടുന്നു.

**ജീവിതരേഖ**

ടി. ടി. ശ്രീകുമാർ ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴയിൽ 1964ൽ ജനിച്ചു. വിദ്യാർത്ഥിപ്രസ്ഥാനത്തിലും, നവസാമൂഹികപ്രസ്ഥാനങ്ങളിലും പ്രവർത്തിച്ചു. ജവഹർലാൽ നെഹ്റു സർവകലാശാലയിൽനിന്നു എം ഫിൽ ബിരുദവും, ഹോങ്കോങ് ശാസ്ത്രസാങ്കേതിക സർവകലാശാലയിൽ നിന്നു പി. എച്ച്. ഡി യും നേടി. സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിലും അഹമ്മദാബാദിൽ മുദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻസിലും അധ്യാപകനായിരുന്നു. വിവിധരാജ്യങ്ങളിലായി നിരവധി അന്താരാഷ്ട്രസമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. പ്രമുഖ അന്താരാഷ്ട്രപ്രസിദ്ധീകരണങ്ങളിൽ (ജേർണലുകൾ/പുസ്തകങ്ങൾ) പഠനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈദരാബാദ് ഇ. എഫ്. എൽ. യൂണിവേഴ്സിറ്റിയിൽ സേവനം അനുഷ്ഠിക്കുന്നു.

**പ്രധാനകൃതികൾ**

പോസ്റ്റ്ഹ്യൂമൻ വിചാരലോകങ്ങൾ: ശാസ്ത്രം, സൗന്ദര്യം മൃത്യുരാഷ്ട്രീയം, റിപ്പബ്ലിക്കിന്റെ സാക്ഷാത്കാരങ്ങൾ, സംസ്കാരത്തിന്റെ സമരമുഖങ്ങൾ, പുനർവായനകളിലെ മാർക്സിസം, പലായനങ്ങൾ: ഭൂഖണ്ഡാന്തരരാഷ്ട്രീയം, ചരിത്രവും സംസ്കാരവും, വായനയും പ്രതിരോധവും, നവസാമൂഹികത: ശാസ്ത്രം, ചരിത്രം, രാഷ്ട്രീയം, സിവിൽ സമൂഹവും ഇടതുപക്ഷവും, കടലറിവുകൾ, കഥ ഇതുവരെ: കേരള വികസന സംവാദങ്ങൾ, ചരിത്രവും ആധുനികതയും , ഉത്തരാധുനികതയ്ക്കപ്പുറം, കൃഷിഗീത: ചൊല്ലും വായനയും, ആണവനിലയവും വികസനരാഷ്ട്രീയവും

## Keywords

കേരളരാഷ്ട്രീയ സാഹചര്യം-വികസനരീതികൾ-സാമ്പത്തിക വളർച്ച-ഭരണനൈപുണി-സാമ്പത്തികനയങ്ങൾ-വികസനാനന്തരസമൂഹം

SGOU

## Discussion

### 4.1.1 വികസനാനന്തരരാഷ്ട്രീയത്തിന്റെ കേരളീയപരിസരങ്ങൾ

### തൊണ്ണൂറുകളുടെ ആരംഭം

കേരള വികസനമാതൃക എന്ന് പുകൾപെറ്റ സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ച സാമൂഹികവും രാഷ്ട്രീയവുമായ കാരണങ്ങൾ കൊണ്ടാണ് നേടിയെടുത്തത്. നമ്മുടെ നാട്ടിൽ രൂപംകൊണ്ട ജനകീയ പ്രസ്ഥാനങ്ങൾവഴി സാമൂഹികവികസനരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ ഇപ്പോഴും മങ്ങലില്ലാതെ തുടരുന്നു. സമഗ്രമായ ഒരു കാഴ്ചപ്പാടിൽ നോക്കിയാൽ ഗുജറാത്തിനല്ല, മറ്റൊരു സംസ്ഥാനത്തിനും കേരളത്തെ മറികടക്കാൻ ഇന്നേവരെ കഴിഞ്ഞിട്ടില്ല എന്ന് സാമ്പത്തിക വിദഗ്ധനായ ഡോ. കെ. പി. കണ്ണൻ അഭിപ്രായപ്പെടുന്നു. അദ്ദേഹം എഴുതുന്നു. '1990-കളുടെ തുടക്കത്തിൽ ദേശീയ ഗവൺമെന്റ് തുടങ്ങിവച്ച സാമ്പത്തികപരിഷ്കാരങ്ങൾ ഈ പ്രക്രിയയ്ക്ക് കൂടുതൽ പ്രോത്സാഹനവും ആക്കവും കൂട്ടി. സമ്പദ്വ്യവസ്ഥ വളരുന്നതിനനുസരിച്ച് ഗവൺമെന്റിന്റെ ധനസ്ഥിതി വളർന്നില്ല. വെട്ടിപ്പിലൂടെയും മറ്റും പിരിക്കാതെപോകുന്ന നികുതിയും, നികുതിയേതരവരുമാനങ്ങളും ഇപ്പോഴും അതേ നിലയിൽ തുടരുന്നു. ചില പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിനു കിട്ടേണ്ട വരുമാനത്തിന്റെ മൂന്നിൽ രണ്ടു ഭാഗംപോലും കിട്ടുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇതുകൂടാതെ പൊതുമേഖലയുടെ തളർച്ചയും തകർച്ചയും ഗവൺമെന്റിന്റെ സാമ്പത്തികഭാരം കൂട്ടാൻ കാരണമായി. ഈയൊരവസ്ഥയിലാണ് സാമ്പത്തികമായി ഉയർന്നുവരുന്ന മധ്യവർത്തികളടക്കമുള്ള വിഭാഗത്തിനുവേണ്ടി സ്വകാര്യ ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവരുന്നത്'.

> ▶ 1990-കളുടെ തുടക്കത്തിലെ സാമ്പത്തിക പരിഷ്കാരങ്ങൾ

കഴിഞ്ഞുപോയ രണ്ട് ദശകങ്ങളിൽ കേരളത്തിലുണ്ടായ സാമ്പത്തിക വളർച്ചയെക്കുറിച്ചുള്ള വിലയിരുത്തലാണ് ടി. ടി. ശ്രീകുമാറിന്റെ ലേഖനത്തിന്റെ ഉള്ളടക്കം. 1990 മുതലുള്ള രണ്ട് പതിറ്റാണ്ടുകളിൽ സാമ്പത്തികമേഖലയിലുണ്ടായ വളർച്ചമൂലം എന്തൊക്കെ മാറ്റങ്ങളാണ് കേരളത്തിലുണ്ടായത് എന്ന് ഈ ലേഖനത്തിലൂടെ ലേഖകൻ ചരിത്രപരമായും രാഷ്ട്രീയമായും പരിശോധിക്കുന്നു. ഈ കാലയളവിൽ സംസ്ഥാനം ഭരിച്ചിരുന്നത് ഏത് മുന്നണിയാണെന്നത് പ്രസക്തമല്ല, മറിച്ച് മാറിമാറി ഭരണത്തിലെത്തിയ സർക്കാരുകളുടെ കാലത്ത് സാമ്പത്തികവളർച്ചയുടെ ഗതി മാറിയതായി മനസിലാക്കാം.

> ▶ മുന്നണികളും വികസനവും

തൊണ്ണൂറുകളിൽ ആഗോള സമ്പദ്വ്യവസ്ഥയിലേക്ക് ലോകകമ്പോളം ചുവടുറപ്പിച്ചപ്പോൾ ഇന്ത്യയും അതിൽ ഭാഗഭാക്കാവുകയാണുണ്ടായത്. അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവുവിന്റെ കീഴിൽ ധനകാര്യമന്ത്രിയായിരുന്ന മൻമോഹൻസിങ്ങിന്റെ ഉദാരവൽക്കരണനയങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ വ്യാപകമായ തോതിലുള്ള സ്വകാര്യവൽക്കരണം വലിയ മാറ്റങ്ങൾക്ക് തുടക്കമിട്ടു. അതിന്റെ കോട്ടങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നില്ല. പകരം ഗുണഫലങ്ങളാണ് ലേഖനത്തി

SGOU

ലൂടെ പഠനവിധേയമാക്കിയിരിക്കുന്നത്. ദേശീയതലത്തിലുള്ള വികസനപ്രവർത്തനങ്ങൾ സംസ്ഥാനത്തും കാതലായ മാറ്റങ്ങളാണ് വരുത്തിയത്. തൊണ്ണൂറുകളോടെ സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനത്തിന്റെ വർധനവിലും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു.

▶ ആഗോളവിപണിയിലേക്കുള്ള ചുവടുവെയ്പ്

ഈ കാലയളവിൽ മാറിമാറി കേരളം ഭരിച്ച എൽ. ഡി. എഫ്. - യു. ഡി. എഫ്. കക്ഷികളുടെ ഭരണവുമായി ബന്ധപ്പെട്ടതല്ല ഈ വളർച്ചയെന്ന് ലേഖകൻ വാദിക്കുന്നു. ഭരണത്തോടുള്ള, ജനങ്ങളുടെ സാമൂഹിക -രാഷ്ട്രീയ ആവശ്യങ്ങളോടും അവകാശങ്ങളോടുമുള്ള സമീപനമാണ് പ്രധാനം. ഈ സമീപനത്തിന്റെ അടിസ്ഥാനത്തിൽ ഇരുമുന്നണികളും പിന്തുടരുന്ന നയപരിപാടികളാണ്, ആ മുന്നണികളിലെ പ്രമുഖ രാഷ്ട്രീയപാർട്ടികളുടെ, ഇത്തരം പ്രശ്നങ്ങളോടുള്ള നിലപാടുകളാണ് മാറിമാറിവരുന്ന തെരഞ്ഞെടുപ്പുകളിൽ മുന്നണികളുടെ ജയാപചയങ്ങളെ നിർണയിക്കുന്നത്. എന്തുകൊണ്ടാണ് 1990കൾക്കുശേഷം കേരളത്തിന്റെ സാമ്പത്തികവളർച്ചയുടെ ഗതിമാറിയതെന്നത് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. ആ ചർച്ചയുടെ ഗൗരവം ചോർത്തിക്കളയുന്നതാണ്, യു. ഡി. എഫ് ആണോ എൽ. ഡി. എഫ് ആണോ വികസനം കൊണ്ടുവരുന്നതെന്ന വീമ്പിളക്കൽ. വളർച്ചയിലുണ്ടായ ചടുലമായ കുതിച്ചുചാട്ടം ആഗോളീകരണ - ഉദാരീകരണ നയങ്ങളുടെ ഫലമായുണ്ടാവുന്നതാണെന്നത് മറച്ചുവെച്ച് ഇക്കാര്യം ചർച്ച ചെയ്യാനാവില്ല. 'വികസനം' കേരളത്തിലെ മുന്നണിരാഷ്ട്രീയത്തിന്റെ മുദ്രാവാക്യമാകുന്നത് പരിഹാസ്യമാണെന്ന് ലേഖകൻ തുറന്നടിക്കുന്നു.

▶ 1990കൾക്കുശേഷം കേരളത്തിന്റെ സാമ്പത്തികവളർച്ചയുടെ ഗതി മാറുന്നു

കേരളവികസനമാതൃകകളെക്കുറിച്ചും രണ്ട് പതിറ്റാണ്ടുകളിൽ സംസ്ഥാനത്തുണ്ടായ സാമ്പത്തികവളർച്ചയെക്കുറിച്ചും അക്കാദമിക് വിദഗ്ധരുടെ പഠനങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കും. യു. ഡി. എഫോ, എൽ. ഡി. എഫോ ഭരിച്ചതിന്റെ ഫലമായി ഇതിലെന്തെങ്കിലും കാര്യമായ മാറ്റം വന്നതായി അവരാരും ചൂണ്ടിക്കാണിച്ചിട്ടില്ല. മറിച്ച്, ഈ രണ്ടുകാര്യത്തിലും-ആഭ്യന്തര ഉൽപന്നത്തിന്റെ വർധനയിലും പ്രതിശീർഷവരുമാനത്തിന്റെ വർധനയിലും അനുസ്യൂതം എന്നുതന്നെ പറയാവുന്ന പുരോഗതിയാണ് കഴിഞ്ഞ 20 കൊല്ലക്കാലത്തിനിടയിൽ ഉണ്ടായിരിക്കുന്നത്. എൽ. ഡി. എഫിന് തുടർച്ചയായി ഭരണം കിട്ടാത്തതുകൊണ്ടാണ് കേരളത്തിൽ വികസനം ഉണ്ടാകാത്തതെന്ന് പിണറായി വിജയനും, അല്ല, വികസനവിരോധികളായ എൽ. ഡി. എഫുകാർ ഇടക്ക് ജയിക്കുന്നതുകൊണ്ടാണ് വികസനം മുരടിക്കുന്നതെന്ന് ഉമ്മൻചാണ്ടിയും അവകാശവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. എന്നാൽ, യാഥാർഥ്യമെന്താണ്? സാമ്പത്തികമേഖലയിലെ മാറ്റങ്ങൾ മുന്നണിഭരണവുമായി ബന്ധപ്പെട്ടതല്ല എന്നത് നിസ്സംശയം പറയാം.

▶ പരസ്പരം പോരടിച്ച് അവകാശവാദങ്ങൾ

വളർച്ചയുടെ തോത് വർധിച്ചതിന്റെ പ്രധാനകാരണങ്ങൾ തേടിപ്പോയാൽ എല്ലാ മേഖലകളും പരാമർശവിധേയമാക്കേണ്ടിവരും. വിദേശമലയാളികളുടെ ധനപ്രേഷണം സമ്പദ്‌വ്യവസ്ഥയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ പുതിയതല്ലെങ്കിലും അധ്വാനകയറ്റുമതിയിലൂടെ കേരളം വമ്പിച്ച നേട്ടങ്ങൾ കൊയ്യാനാരംഭിച്ചത് ആഗോളീകരണനയങ്ങൾ മറയില്ലാതെ നടപ്പിലാക്കാൻ തുടങ്ങിയ 1990 കൾ മുതലാണെന്നത് എത്തിച്ചേരാവുന്ന ഒരു നിഗമനമാണ്. ഇവിടെ രാഷ്ട്രീയനേതാ

കേരളം വമ്പിച്ച നേട്ടങ്ങൾ കൈവരിച്ചു

ക്കൾ പരസ്പരം തെറി വിളിക്കുകയും തമ്മിലടിക്കുകയും ചെയ്തിട്ടും ഇപ്പോൾ കേരളം ഇന്ത്യയിൽ ഒന്നാംസ്ഥാനത്ത് എത്തിയത് ലോക സമ്പദ് വ്യവസ്ഥയിൽ കേരളം പങ്ക് ചേർന്നതിന്റെ സവിശേഷരീതിയുമായി ബന്ധപ്പെട്ട് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

മാറിമാറി സംസ്ഥാനം ഭരിച്ച സി. പി. ഐ. എം ഇന്ന് ആഗോളീകരണ-ഉദാരീകരണ നയങ്ങൾക്കെതിരായ നിലപാട് തിരുത്തുകയും കേരളത്തിലെയും ബംഗാളിലെയും ഗവൺമെന്റ് നവലിബറൽ സാമ്പത്തികനയങ്ങൾ പിന്തുടരുകയും ചെയ്യുകയാണ് എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. കേരളത്തിലെ വികസനസങ്കല്പം ഇടതുയാഥാസ്ഥിതികരുടേതാണ്. വികസനപൂർവഘട്ടത്തിൽനിന്ന് വികസനാനന്തരഘട്ടത്തിലേക്ക് കടക്കുന്ന ഒരു പ്രദേശത്തിന്റെ രാഷ്ട്രീയമായ പ്രശ്നങ്ങളെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയോ നിസ്സംഗതയോ ആണ് കേരളത്തിൽ ഇരുമുന്നണികളും വെച്ചുപുലർത്തുന്നത്. ഒരു വികസനാനന്തരസമൂഹത്തിന്റെ ഏറ്റവും വലിയ സവിശേഷത, അത് അതിന്റെ നിരന്തരസമരമുഖങ്ങളിലൂടെ 'വികസനം' എന്ന സങ്കൽപത്തിന്റെ ഉദാത്തവൽക്കരണത്തിനെതിരെ ശക്തമായി പ്രതികരിക്കും എന്നതാണ്. വികസനം എന്നത് ഒരു വരേണ്യപ്രത്യയശാസ്ത്രമാണെന്നും അതിന്റെ സ്വാതന്ത്ര്യവിരുദ്ധമായ ഉള്ളടക്കം ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നും വിശ്വസിക്കുന്ന സമരസംഘങ്ങൾ വികസനാനന്തര സമൂഹങ്ങളിൽ എപ്പോഴും ശക്തമാവുന്നു. വികസനത്തെക്കുറിച്ചുള്ള വരേണ്യസങ്കൽപത്തിനു പിന്നിലെ സമഗ്രവൽക്കരണസമീപനത്തെ തുറന്നെതിർക്കുകയാണ് ഈ സമരസംഘങ്ങൾ ചെയ്യുന്നത്. ജനസമൂഹങ്ങളുടെ നൈതിക-ഭൗതികപുരോഗതിക്ക് എതിരായല്ല ഇത്തരം സമരങ്ങൾ ഉണ്ടാവുന്നത്. ഭൗതികപുരോഗതിയെ മാനദണ്ഡമാക്കി മാത്രം സാമൂഹികവികസനത്തെ വിലയിരുത്താൻ ശ്രമിക്കുന്ന സമീപനത്തെയാണ് വികസനാനന്തരസമൂഹം ചോദ്യം ചെയ്യുന്നത്. 'വികസനവും പുരോഗതിയും' സ്വന്തം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വ്യാഖ്യാനിക്കുന്ന മുതലാളിത്തയുക്തിയോടാണ് ഈ പ്രസ്ഥാനങ്ങൾ കലഹിക്കുന്നത്.

വികസനാനന്തരസമൂഹവും സ്വാതന്ത്ര്യവും

മലയാളിയുടെ വികസനകാഴ്ചപ്പാടുകൾ വ്യത്യസ്തമാണ്. അവ മുതലാളിത്തയുക്തിയോട് കലഹിക്കുന്നതാണ്. സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഓരോ ദശകവും പരിശോധിച്ചാൽ സംസ്ഥാനത്ത് വളർച്ചയുടെ ഘട്ടങ്ങൾ പെട്ടെന്നു രൂപപ്പെട്ടതാണെന്ന് കാണാം. കാലാകാലങ്ങളിലായി ഉണ്ടായ മാറ്റങ്ങൾക്ക് ഒരു പൊതുസ്വഭാവം കാണാൻ കഴിയില്ല. അതുകൊണ്ടുതന്നെ വികസനാനന്തരസമൂഹത്തിന്റെ ഏറ്റവും വലിയ സവിശേഷത നിരന്തരസമരങ്ങളിലൂടെ വികസനം എന്ന സങ്കല്പത്തിന്റെ ഉദാത്തവത്ക്കരണത്തിനെതിരെ ശക്തമായി രംഗത്ത് വരും എന്നുള്ളതാണ്. നമ്മുടെ സമൂഹം വികസനത്തെ സംബന്ധിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടാണ് പുലർത്തുന്നത്. നിലവിലുള്ള വികസനമാതൃകകൾ ഒരു വരേണ്യപ്രത്യയശാസ്ത്രം അനുസരിച്ചുള്ളതായതുകൊണ്ട് അതിന്റെ ഫലമായി ഉണ്ടാകുന്ന പലവിധ അസ്വാതന്ത്ര്യങ്ങൾക്കുമെതിരെ ശബ്ദമുയർത്തേണ്ടതാണെന്ന നിഗമനത്തിലെത്തുകയും ചെയ്യുന്നു. പൊതുസമൂഹങ്ങളുടെ നൈതിക - ഭൗതികപുരോഗതിയെ മാനദണ്ഡമാക്കി മാത്രം സാമൂഹികവികസനത്തെ വിലയിരുത്തുന്ന

സമീപനത്തെയാണ് വികസനാനന്തരസമൂഹം ചോദ്യം ചെയ്യുന്നത്. ഒരു വികസനാനന്തരസമൂഹത്തിന്റെ രൂപവൽക്കരണം സാധ്യമാക്കുന്നത്, ഉൾപ്പെടുത്തലിന്റെയും പുറന്തള്ളലിന്റെയും യുക്തികളെ നിരന്തരം ചോദ്യംചെയ്യുന്ന സമരസംഘങ്ങളുടെ ആവിർഭാവമാണ്. അത്തരം സമരസംഘങ്ങൾ മുതലാളിത്തത്തിന്റെ വികസനസങ്കൽപത്തെയും മുതലാളിത്തം പ്രതിനിധാനം ചെയ്യുന്ന സ്വാതന്ത്ര്യവാദത്തെയും ഒരേ സമയം ആക്രമിക്കുന്നുണ്ട്. മുതലാളിത്തത്തിന്റെ ഫ്യൂഡൽവിരുദ്ധ സമരകാലത്തെ പ്രത്യയശാസ്ത്ര ആയുധങ്ങളിൽനിന്നാണ് വികസനാനന്തരസമൂഹം സ്വന്തം മുദ്രാവാക്യങ്ങൾ കണ്ടെത്തുന്നത് എന്നത് യാദൃച്ഛികമല്ല.

▶ നിരന്തര സമരങ്ങളിലൂടെയുള്ള വികസനം

'വികസനവും പുരോഗതിയും' ഭരണകൂടവും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽമാത്രം വ്യാഖ്യാനിക്കുന്ന മുതലാളിത്തയുക്തിയോടാണ് ഈ പ്രസ്ഥാനങ്ങൾ കലഹിക്കുന്നത്. മുതലാളിത്തത്തിന്റെ ആവിർഭാവഘട്ടത്തിൽ, സിവിൽസമൂഹം പിറവിയെടുത്ത സന്ദർഭത്തിൽതന്നെ 'ഉൾപ്പെടുത്ത'ലിന്റെയും 'പുറന്തള്ള'ലിന്റെയും വൈരുധ്യങ്ങൾ പ്രത്യക്ഷപ്പെട്ടതാണ്. ആദ്യകാലത്ത് കേരളമാതൃകയുമായി ബന്ധപ്പെട്ട ചർച്ചകളിൽ, കേരളത്തിലെ കീഴാളവിഭാഗങ്ങൾ വികസനത്തിൽ 'ഉൾപ്പെടാതെ' പോയതിനെക്കുറിച്ചും പുറന്തള്ളപ്പെട്ടതിനെക്കുറിച്ചുമുള്ള ചർച്ചകൾ ഉണ്ടായത്. നേരത്തേ സൂചിപ്പിച്ചത് ഈ പശ്ചാത്തലത്തിലാണ്. എന്നാൽ, ഉൾപ്പെടുത്തലിന്റെയും പുറന്തള്ളപ്പെടലിന്റെയും പ്രശ്നങ്ങൾ വികസനത്തിന്റെയും പുരോഗതിയുടെയും പൊതുയുക്തിയുടെ ആന്തരികഭാഷയാണ് സംസാരിക്കുന്നത് എന്ന തിരിച്ചറിവാണ് വികസനാനന്തരസമൂഹം നേടുന്നത്. അതുകൊണ്ടുതന്നെ പുറന്തള്ളലിന്റെ അർഥങ്ങൾ അന്വേഷിക്കേണ്ടത് വികസനത്തിന്റെ യുക്തിമണ്ഡലത്തിൽ നിലയുറപ്പിച്ചുകൊണ്ടല്ല. മറിച്ച്, മുതലാളിത്തവികസനയുക്തിയും ജനാധിപത്യവും സ്വാതന്ത്ര്യവും പൗരത്വവും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന അന്വേഷണത്തിലൂടെയാണ്. മുതലാളിത്തം ഒരു സാമൂഹിക-സാമ്പത്തികവ്യവസ്ഥിതി എന്ന നിലയിൽ ഉദയംചെയ്യുന്നത് മനുഷ്യന്റെ മഹത്തായ സ്വാതന്ത്ര്യപ്രഖ്യാപനം കൂടിയായിട്ടായിരുന്നു. പരമാധികാരത്തെക്കുറിച്ചുള്ള ഫ്യൂഡൽ സങ്കൽപങ്ങളെയാണ് അത് വെല്ലുവിളിച്ചത്. സാമ്പത്തിക പ്രക്രിയയാണ് അത്തരം പരമാധികാരത്തിന് പ്രയോഗസാധ്യതയില്ലാത്ത ജീവിതമണ്ഡലമെന്ന തിരിച്ചറിവിൽ നിന്നാണ് മുതലാളിത്തം അതിന്റെ രാഷ്ട്രീയ-സാമ്പത്തികപ്രത്യയശാസ്ത്രം രൂപവൽക്കരിക്കുന്നത്. ഈ ഫ്യൂഡൽപരമാധികാരഭരണകൂടത്തിന് സാമ്പത്തികമേഖലയിൽ ഒന്നും ചെയ്യാനില്ലെന്ന 'ലെയ്സഫെയർ' പ്രത്യയശാസ്ത്രമാണ് മുതലാളിത്തവ്യവസ്ഥയുടെ നെടുംതൂണായി എക്കാലവും വർത്തിച്ചിട്ടുള്ളത്. സ്വന്തം ദേശീയഭരണകൂടങ്ങളും പ്രാതിനിധ്യ ജനാധിപത്യസമ്പ്രദായവും ഫ്യൂഡൽപരമാധികാരത്തിനെതിരെ ഉപയോഗിച്ച ഈ യുക്തിയുടെതന്നെ അടിസ്ഥാനത്തിൽ നിർമിച്ചു എന്നതാണ് മുതലാളിത്ത മൂലധനസഞ്ചയത്തിന്റെ പിന്നിലെ രാഷ്ട്രീയ പ്രത്യയശാസ്ത്രം വ്യക്തമാക്കുന്നത്. വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള മുതലാളിത്തസങ്കൽപത്തെ അതിന്റെ സമഗ്രമായ വൈരുധ്യങ്ങളിൽ ചോദ്യം ചെയ്യുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു എന്നതാണ് ഒരു വികസനാനന്തര സമൂഹത്തെ അടിസ്ഥാനപരമായി മുതലാളിത്തവിരുദ്ധമാക്കുന്നത്.

▶ 'ലെയ്സഫെയർ' പ്രത്യയശാസ്ത്രമാണ് മുതലാളിത്ത വ്യവസ്ഥയുടെ നെടുംതൂണുകൾ

SGOU

ഒരു വികസനാനന്തരസമൂഹത്തിന്റെ രൂപവൽക്കരണം സാധ്യമാക്കുന്നത്, ഉൾപ്പെടുത്തലിന്റെയും പുറന്തള്ളലിന്റെയും യുക്തികളെ നിരന്തരം ചോദ്യംചെയ്യുന്ന സമരസംഘങ്ങളുടെ ആവിർഭാവമാണ്. അത്തരം സമരസംഘങ്ങൾ മുതലാളിത്തത്തിന്റെ വികസന സങ്കൽപത്തെയും മുതലാളിത്തം പ്രതിനിധാനംചെയ്യുന്ന സ്വാതന്ത്ര്യവാദത്തെയും ഒരേസമയം ആക്രമിക്കുന്നുണ്ട്. വർഗവിശകലനവാദത്തിന്റെ കേന്ദ്രപ്രമേയം മുതലാളിത്തത്തിന്റെ മുഖമുദ്രയായി കാണുന്നത് അധ്വാന-മൂലധന വൈരുധ്യമാണ്. വികസനാനന്തരസമൂഹത്തിലെ സമരസംഘങ്ങൾ ഊന്നുന്നത് വർഗവൈരുധ്യത്തിലല്ല. അത് വർഗവൈരുധ്യങ്ങൾ അപ്രധാനമായതുകൊണ്ടല്ല. മറിച്ച്, വർഗവൈരുധ്യങ്ങളെ അതിനിർണയിക്കുന്ന രാഷ്ട്രീയപ്രക്രിയകൾ മുതലാളിത്തത്തിൽ അന്തർഭവിച്ചിട്ടുണ്ട് എന്നതിനാലാണ്. 'വികസനം', 'പുരോഗതി', 'സ്വാതന്ത്ര്യം' 'പൗരത്വം' തുടങ്ങിയ പ്രശ്നങ്ങൾ വർഗവൈരുധ്യങ്ങൾക്ക് ഉപരിയായോ സമാന്തരമായോ ഉയർന്നുവരുന്നത് മുതലാളിത്തത്തിന്റെ ഫ്യൂഡൽവിരുദ്ധ സമരകാലത്തെ രാഷ്ട്രീയത്തിന്റെ തനിയാവർത്തനംകൂടി ആയിട്ടാണ്. സ്വാതന്ത്ര്യവും ജനാധിപത്യവും പൗരത്വവും മുതലാളിത്തത്തിന്റെ ആവിർഭാവവുമായി കെട്ടുപിണഞ്ഞുകിടക്കുന്ന ചരിത്രപ്രതിഭാസങ്ങൾകൂടിയാണ്. മുതലാളിത്തത്തിന് ഇനിയും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഈ രാഷ്ട്രീയത്തെയാണ് വികസനാനന്തരസമൂഹം ഉയർത്തിക്കൊണ്ടുവരുന്നത്.

- ഉൾപ്പെടുത്തലിന്റെയും പുറന്തള്ളലിന്റെയും യുക്തികൾ

2003 നുശേഷം രൂപംകൊണ്ട ജമാഅത്തെ ഇസ്‌ലാമിയുടെ കേരളഘടകവുമായി ബന്ധപ്പെട്ട സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് ഈ രാഷ്ട്രീയവുമായി ബന്ധപ്പെടുമ്പോഴും വികസനാനന്തരരാഷ്ട്രീയത്തെ മതതീവ്രവാദമായി ചിത്രീകരിക്കാൻ നടക്കുന്ന ശ്രമങ്ങൾ ആദ്യം സൂചിപ്പിച്ച രണ്ട് മുൻകാലാനുഭവങ്ങളുടെ തുടർച്ചമാത്രമാണ്. കേരളത്തിലെ വികസനാനന്തരരാഷ്ട്രീയത്തിന്റെ അജണ്ടയിൽ ദളിത്- ആദിവാസി സമരങ്ങളും മത്സ്യത്തൊഴിലാളിസമരങ്ങളും പരിസ്ഥിതിസമരങ്ങളും സ്ത്രീവിമോചനസമരങ്ങളും ലൈംഗികന്യൂനപക്ഷങ്ങളുടെയും ലൈംഗികത്തൊഴിലാളികളുടെയും സമരങ്ങളും ഇഴചേർന്നിട്ടുണ്ട്. ഇതിന്റെ രാഷ്ട്രീയത്തോട് ആഭിമുഖ്യമുള്ള വ്യക്തികളും പ്രസ്ഥാനങ്ങളും അവയുമായി ബന്ധപ്പെടാറുമുണ്ട്. വികസനാനന്തരരാഷ്ട്രീയത്തിന് ജനാധിപത്യത്തിന്റെയും പൗരത്വത്തിന്റെയും പ്രശ്നങ്ങൾ ഉയർത്തുക എന്ന അജണ്ടയാണുള്ളത്.

- മതതീവ്രവാദമായി ചിത്രീകരിക്കാനുള്ള ശ്രമം

# Summarised Overview

വികസനാനന്തരകേരളത്തിന്റെ രാഷ്ട്രീയവശങ്ങൾ പരിശോധിക്കുന്ന ലേഖകൻ തന്റെ നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ടാണ് വിഷയത്തെ സമീപിക്കുന്നത്. കേരളത്തിലുണ്ടായ വളർച്ചയുടെ പിന്നിൽ മാറിമാറിവരുന്ന ഭരണകൂടങ്ങളായ മുഖ്യധാരാരാഷ്ട്രീയകക്ഷികളാണെന്ന അവകാശവാദങ്ങളെ നിരാകരിക്കുന്ന സമീപനമാണ് ലേഖനത്തിലുടനീളം സ്വീകരിക്കുന്നത്. എൽ. ഡി. എഫ്, യു. ഡി. എഫ് രാഷ്ട്രീയപാർട്ടികളുടെ നയസമീപനങ്ങൾ മൂലമല്ല മറിച്ച് ആഗോളതലത്തിലുണ്ടായ മാറ്റങ്ങളുടെ ഫലമായാണ് വളർച്ച പ്രാപിച്ചത് എന്ന നിലപാടിൽ ഉറച്ചുനിൽക്കുകയാണ് ലേഖകൻ. സംസ്ഥാനത്തിന്റെ വികസനത്തിൽ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തിക്കുന്നവർക്ക് ഒരേപോലെ പങ്കുണ്ട് എന്ന നിരീക്ഷണമാണ് ലേഖകന്റേത്. വികസനം നടപ്പിലാക്കുമ്പോൾ സമൂഹത്തിന്റെ താത്പര്യത്തിന് വിരുദ്ധമായി ഭരണകൂടം നിലപാട് സ്വീകരിച്ചാൽ ജനങ്ങൾ തെരുവിലിറങ്ങുമെന്ന മുന്നറിയിപ്പോടെയാണ് ലേഖനം അവസാനിപ്പിക്കുന്നത്.

മുതലാളിത്തത്തിന് ഇനിയും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഈ രാഷ്ട്രീയത്തെയാണ് വികസനാനന്തരസമൂഹം ഉയർത്തിക്കൊണ്ടുവരുന്നത്. സോഷ്യലിസത്തിൽനിന്ന് വ്യത്യസ്തമായി മുതലാളിത്തം ഒരു സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതി എന്ന നിലയിൽ ഉദയംചെയ്യുന്നത് മനുഷ്യന്റെ മഹത്തായ സ്വാതന്ത്ര്യപ്രഖ്യാപനം കൂടിയായിട്ടായിരുന്നു. കേരളത്തിന്റെ വികസനത്തിൽ ഇരുമുന്നണിയുടെയും രാഷ്ട്രീയസ്വാധീനം, ഭരണനൈപുണി, സാമ്പത്തിക നയങ്ങൾ എന്നിവ വിലയിരുത്തുന്നു. ആദ്യകാലത്ത് കേരളമാതൃകയുമായി ബന്ധപ്പെട്ട ചർച്ചകളിൽ, കേരളത്തിലെ കീഴാളവിഭാഗങ്ങൾ വികസനത്തിൽ 'ഉൾപ്പെടാതെ' പോയതിനെക്കുറിച്ചും പുറന്തള്ളപ്പെട്ടതിനെക്കുറിച്ചുമുള്ള സംവാദങ്ങൾ ഉണ്ടായത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. എന്നാൽ, ഉൾപ്പെടുത്തലിന്റെയും പുറന്തള്ളപ്പെടലിന്റെയും പ്രശ്നങ്ങൾ വികസനത്തിന്റെയും പുരോഗതിയുടെയും പൊതുയുക്തിയുടെ ആന്തരികഭാഷയാണ് സംസാരിക്കുന്നത് എന്ന തിരിച്ചറിവാണ് വികസനാനന്തരസമൂഹം നേടുന്നത്. അതുകൊണ്ടുതന്നെ പുറന്തള്ളലിന്റെ അർഥങ്ങൾ അന്വേഷിക്കേണ്ടത് വികസനത്തിന്റെ യുക്തിമണ്ഡലത്തിൽ നിലയുറപ്പിച്ചുകൊണ്ടല്ല മറിച്ച്, മുതലാളിത്ത വികസനയുക്തിയും ജനാധിപത്യവും സ്വാതന്ത്ര്യവും പൗരത്വവും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന അന്വേഷണത്തിലൂടെയാണ്.

സേവനമേഖലയിലെ പെട്ടെന്നുണ്ടായ വളർച്ച, വ്യവസായമേഖലയിലെ ശരാശരി വളർച്ച, കാർഷികമേഖലയിലെ നാണ്യവിളമേഖലയിലുണ്ടായ മുന്നേറ്റങ്ങൾ, അധ്വാനക്കയറ്റുമതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ വർധന, ഊഹക്കച്ചവടത്തിലുണ്ടായ മാറ്റം, നവസാങ്കേതിക വിദ്യയുടെ ഗുണപരമായ പാർശ്വവശങ്ങൾ എന്നിങ്ങനെ വിവിധമേഖലകളിലെ മുന്നേറ്റവുമായി പ്രതിപ്രവർത്തനം നടത്തിയതിന്റെ ഫലമായും ആഗോള - ഉദാരവൽക്കരണനയത്തിന്റെ ഭാഗമായുമാണ് കേരളത്തിൽ ഇന്ന് കാണുന്ന സാമ്പത്തികവളർച്ച സാധ്യമായത്. സാമ്പത്തിക പ്രക്രിയയാണ് അത്തരം പരമാധികാരത്തിന് പ്രയോഗസാധ്യതയില്ലാത്ത ജീവിതമണ്ഡലമെന്ന തിരിച്ചറിവിൽനിന്നാണ് മുതലാളിത്തം അതിന്റെ രാഷ്ട്രീയ-സാമ്പത്തിക പ്രത്യയശാസ്ത്രം രൂപവൽക്കരിക്കുന്നത്.

'ജനാവലി' എന്ന സങ്കൽപത്തെക്കുറിച്ച് കേരളീയസാഹചര്യത്തിൽ ചർച്ചചെയ്യുമ്പോൾ ഇവിടെ സജീവമായിട്ടുള്ള വികസനാനന്തരരാഷ്ട്രീയത്തിന്റെ സന്ദർഭത്തിൽനിന്ന് അതിനെ അടർത്തിമാറ്റി കാണാനാവില്ല. 'ജനാവലി'ക്ക് ചിട്ടയായ വർഗസമരത്തിന്റേതല്ലാത്ത താളവും സംഗീതവുമാണ്. ഭരണകൂടങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും 'ജനാവലി'യെ ഭയക്കണമെന്നും ഭയക്കുന്നുണ്ടെന്നും പറയുന്നത് വെറുതേയല്ല. 1989-ൽ ബർലിൻ മതിൽ തകർന്നത് ഒരു 'ജനാവലി'യുടെ മുന്നേറ്റത്തിലാണ് എന്നത് ഓർക്കേണ്ടതുണ്ട്. 'ജനാവലി' എന്നത് പ്രതിരോധത്തിന്റെ

SGOU

ഒരു മുഖംമാത്രമാണ്. അതിനുപിന്നിൽ ഒട്ടനവധി രാഷ്ട്രീയധാരകളുണ്ട്. എല്ലാ ജനാവലികളെയും ഒരേ മാനദണ്ഡങ്ങൾ ഉപയോഗിച്ച് സിദ്ധാന്തവൽക്കരിക്കാനുള്ള ശ്രമങ്ങൾ സമഗ്രവൽക്കരണത്തിനുള്ള ശ്രമംകൂടിയാണ്. അപകടകരമായ ഒരു രാഷ്ട്രീയം അതിന്റെ അടിയിലുണ്ട്. എല്ലാ 'ജനാവലി'കൾക്കും ബാധകമായ ഒരു പൊതുരാഷ്ട്രീയമുണ്ടെന്നത് ലിബറലുകളും ക്ലാസ്സ്റ്റാലിനിസ്റ്റുകളും പങ്കുവെയ്ക്കുന്ന മിഥ്യാധാരണയാണ്. ലിബറൽ രാഷ്ട്രീയത്തിനുവേണ്ടിയോ യാഥാസ്ഥിതിക മാർക്സിസത്തിനുവേണ്ടിയോ ഈ പ്രതിഭാസത്തെ സ്വാംശീകരിക്കാനുള്ള ചരിത്രശൂന്യമായ അനുഭവവാദമാണത്. കേരളത്തിൽ രൂപംകൊണ്ടിട്ടുള്ള വികസനാനന്തര രാഷ്ട്രീയം അതിന്റെ ദാർശനിക-ജ്ഞാനസിദ്ധാന്ത അടിത്തറ ഇന്ന് പ്രായോഗിക രാഷ്ട്രീയവുമായി കണ്ണിചേർക്കുന്ന ഒരു ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. വികസനം എന്ന കപടമുദ്രാവാക്യമുയർത്തിക്കൊണ്ട് ഇരുമുന്നണികൾക്കും കേരളത്തിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ജനകീയസമരങ്ങളെ തടഞ്ഞുനിർത്താൻ ഇനി സാധ്യമാവണമെന്നില്ലെന്ന് ലേഖകൻ വിലയിരുത്തുന്നു.

## Assignments

1. ഉൾപ്പെടുത്തലിന്റെയും പുറന്തള്ളലിന്റെയും യുക്തികളെ നിരന്തരം ചോദ്യംചെയ്യുന്ന സമരസംഘങ്ങൾ ഏതെല്ലാം വിലയിരുത്തുക.
2. 1990 – കൾക്കുശേഷം കേരളത്തിന്റെ സാമ്പത്തികവളർച്ചയുടെ ഗതിമാറുന്നു എന്നു പറയുന്നതിലെ സാംഗത്യമെന്തെന്നു ചർച്ച ചെയ്യുക.
3. മുതലാളിത്തവ്യവസ്ഥയുടെ നെടുംതൂണുകൾ എന്താണ്? അങ്ങനെ പറയുന്നതിന്റെ കാരണമെന്തെന്നു വിശകലനം ചെയ്യുക.
4. 'ജനാവലി' പ്രതിരോധത്തിന്റെ മുഖമായി മാറുന്നതെങ്ങനെ ചർച്ച ചെയ്യുക.
5. പരസ്പരം പോരടിച്ച് എന്തൊക്കെ അവകാശവാദങ്ങളാണ് രാഷ്ട്രീയകക്ഷികൾ നിരത്തുന്നത് വിവരിക്കുക.
6. കേരളം സാമ്പത്തികവളർച്ച പ്രാപിച്ചത് എങ്ങനെയാണെന്നാണ് ലേഖകന്റെ അഭിപ്രായത്തെ ക്രോഡീകരിക്കുക.

## Suggested Readings


1. ടി. ടി. ശ്രീകുമാർ, പുനർവായനകളിലെ മാർക്സിസം', ഡി. സി. ബുക്സ്, കോട്ടയം.
2. രാമചന്ദ്രൻ പുതുശ്ശേരി, കേരളചരിത്രത്തിന്റെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. രവീന്ദ്രൻ (എഡിറ്റർ) – കലാവിമർശം : മാർക്സിസ്റ്റ് മാനദണ്ഡം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

## References


1. ടി. ടി. ശ്രീകുമാർ, ചരിത്രവും സംസ്കാരവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ടി. ടി. ശ്രീകുമാർ, വികസനാനന്തരരാഷ്ട്രീയത്തിന്റെ കേരളീയ പരിസരങ്ങൾ, വേർഡ്പ്രസ്സ്.കോം.
3. സണ്ണി എം. കപിക്കാട്, ജനതയും ജനാധിപത്യവും, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്.
4. പി. ഗോവിന്ദപ്പിള്ള - സാംസ്കാരികപഠനങ്ങൾ - സംസ്കാരവും നവോത്ഥാനവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 2

# ഇരകൾ

കെ. ജി. ജോർജ്

## Learning Outcomes

- കെ. ജി ജോർജിന്റെ ചലച്ചിത്രസപര്യ പരിചയപ്പെടുന്നു
- ഇരകൾ എന്ന സിനിമയുടെ ഇതിവൃത്തം മനസിലാക്കുന്നു
- സിനിമാപഗ്രഥനത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ച് ധാരണ നേടുന്നു
- പ്രമേയപരിചരണത്തിന്റെ വിവിധവശങ്ങൾ ചലച്ചിത്രപഠനത്തിൽ സമീപിക്കപ്പെടുന്ന വിധം മനസിലാക്കുന്നു

## Background

മലയാളത്തിലെ എക്കാലത്തെയും എണ്ണപ്പെട്ട മികച്ച ചലച്ചിത്ര സംവിധായകരിൽ ഒരാളാണ് കെ. ജി. ജോർജ്. മലയാളസിനിമ തുടർന്നുവന്ന പതിവ് വഴക്കങ്ങൾ മറികടന്ന് നൂതനമായ പാത വെട്ടിത്തെളിച്ച ചലച്ചിത്രകാരനാണ് ജോർജ്. രണ്ടു പതിറ്റാണ്ടിലേറെ നീണ്ടുനിന്ന തന്റെ ചലച്ചിത്രജീവിതത്തിലൂടെ കച്ചവടസിനിമയുടെ സമവാക്യങ്ങൾ അതിലംഘിച്ചുകൊണ്ട് നവീനമായ ഭാവതലങ്ങൾ സൃഷ്ടിച്ച, കാലത്തിനുമുൻപേ സഞ്ചരിച്ച സിനിമകളുമായി പ്രേക്ഷകരെ വിസ്മയിപ്പിച്ച ചലച്ചിത്രപ്രതിഭയാണ് അദ്ദേഹം. ലോകനിലവാരത്തിലുള്ള സിനിമകൾ നിർമ്മിച്ച അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, ജോൺ എബ്രഹാം, പത്മരാജൻ, കെ. പി. കുമാരൻ തുടങ്ങിയ ചലച്ചിത്രകാരന്മാർ അടങ്ങിയ മുൻനിരയിലാണ് ജോർജിന്റെ സ്ഥാനവും.

സമാന്തരസിനിമയെന്നും ആർട്ട് സിനിമയെന്നും വിവിധകോണുകളിൽനിന്നും ലേബൽ ചെയ്യപ്പെട്ട ചിത്രങ്ങളൊരുക്കുന്ന ചലച്ചിത്രകാരന്മാരിലാണ് ജോർജിനെയും നമ്മൾ പ്രതിഷ്ഠിച്ചിരിക്കുന്നത്. എന്നാൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചുകൊണ്ട് നല്ല സിനിമ എടുക്കുക എന്ന ലക്ഷ്യംവെച്ചാണ് അദ്ദേഹം 'സ്വപ്നാടനം' എന്ന ആദ്യസിനിമ ചിത്രീകരിക്കുന്നത്. മലയാളത്തിൽ ഗൗരവമായി സിനിമയെ സമീപിക്കുന്ന സംവിധായകരിൽ മിക്കവരും മന്ദതാളത്തിൽ ഇഴഞ്ഞിഴഞ്ഞുനീങ്ങുന്ന ശൈലി അവലംബിക്കുകയാണ് എന്ന വിലയിരുത്തലുണ്ട്. ഇതിനെ മറികടന്നുള്ള ചിത്രീകരണരീതിയാണ് ജോർജിന്റേത്. സീനുകളിൽനിന്നും സീനുകളിലേയ്ക്കുള്ള ചടുലവേഗം 'ഇരകളി'ലും ദൃശ്യമാണ്.

കെ. ജി. ജോർജ് 1946-ൽ പത്തനംതിട്ടയിലെ തിരുവല്ലയിൽ ജനിച്ചു. പൂനെ ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ 1980-ൽ അദ്ദേഹം തന്റെ സിനിമാജീവിതത്തിന് തുടക്കംകുറിച്ചു. മലയാളചലച്ചിത്രമേഖലയിൽ സമാന്തരസിനിമ എന്ന് വിളിക്കപ്പെടുന്ന ഒരു പുതിയ ചലച്ചിത്രനിർമ്മാണരീതി പ്രേക്ഷകർക്കുമുന്നിൽ എത്തിക്കുന്നതിൽ അദ്ദേഹം പ്രധാനപങ്ക് വഹിച്ചു. മലയാളസിനിമയ്ക്ക് നൽകിയ സംഭാവനകളെ മാനിച്ച് കേരള സർക്കാരിന്റെ പരമോന്നത ചലച്ചിത്രബഹുമതിയായ ജെ. സി. ഡാനിയേൽ അവാർഡ് നൽകി അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. മികച്ച തിരക്കഥാകൃത്ത് എന്ന നിലയിലും അദ്ദേഹം സ്വീകാര്യനാണ്. സ്വപ്നാടനം, മേള, കോലങ്ങൾ, ഉൾക്കടൽ, യവനിക, ലേഖയുടെ മരണം ഒരു ഫ്ളാഷ് ബാക്ക്, പഞ്ചവടിപ്പാലം, ആദാമിന്റെ വാരിയെല്ല്, ഇരകൾ, മറ്റൊരാൾ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ മറ്റു പ്രധാന ചിത്രങ്ങൾ. 2023 സെപ്റ്റംബർ 24ന് അന്തരിച്ചു.

SGOU

## Keywords

ഭരണകൂടം-അധികാരം-അക്രമം-ധനാസക്തി-രാഷ്ട്രം-ബേബി-കുടുംബം-ഗ്രാമീണ ജീവിതം-പൊളിച്ചുകളയൽ

## Discussion

### 4.2.1 ഇരകൾ - സംഗ്രഹം

▶ യുവകഥാപാത്രത്തിന്റെ സഞ്ചാരം

അക്രമസ്വഭാവം പ്രകടമാക്കുന്ന കോളേജ് വിദ്യാർഥിയായ ബേബി എന്ന ഒരു യുവകഥാപാത്രത്തിന്റെ സഞ്ചാരത്തിലൂടെയാണ് ചിത്രം പുരോഗമിക്കുന്നത്. സിനിമയുടെ കാലം വ്യക്തമല്ല. സിനിമ നിർമ്മിക്കപ്പെട്ട 1985 കാലഘട്ടം തന്നെയാകാം. മധ്യതിരുവിതാംകൂറിലെ ഒരു സമ്പന്നക്രിസ്ത്യൻ കുടുംബം അന്യായങ്ങളിലൂടെ ധനാഗമമാർഗ്ഗങ്ങൾ തേടുന്നു. പാലക്കുന്നേൽ തറവാടാണ് ചിത്രത്തിന്റെ കേന്ദ്രബിന്ദു.

▶ ഭരണകൂട വീഴ്ചകൾ അലിഗറിയായി അവതരിപ്പിക്കുന്നു

മാത്തുക്കുട്ടി എന്ന ഏകാധിപതിയായ ഗൃഹമേധാവിയുടെ കുടുംബഭരണത്തിന്റെ അലയൊലികളാണ് സിനിമ കൈകാര്യം ചെയ്യുന്നത്. മാത്തുക്കുട്ടിയുടെ ഈ അമിതാർത്തിയിൽ അസ്വസ്ഥനാണ് മകൻ ബേബി. ക്രമേണ വികസിക്കുന്ന അവന്റെ വിഭ്രാന്തി പടർന്ന് പന്തലിച്ച് ആശയക്കുഴപ്പത്തിലെത്തി നിൽക്കുന്നു. ഒരു ഭരണകൂടത്തിന്റെ ക്രമാനുഗതമായ വീഴ്ചകളാണ് അലിഗറിയായി ഈ തിരക്കഥയിൽ പുരോഗമിക്കുന്നത്.

▶ മാത്തുക്കുട്ടി മുതലാളി ബലപ്രയോഗത്തിലൂടെ എന്തും നേടിയെടുക്കുന്നയാൾ

പണവും സ്വാധീനവുമുപയോഗിച്ച് എന്തും നേടാമെന്ന് കരുതുന്ന മുതലാളിയാണ് മാത്തുക്കുട്ടി. വേണ്ടിടത്ത് ബലപ്രയോഗം കൊണ്ട് എല്ലാം നേടിയെടുക്കാൻ ശ്രമിക്കുന്ന തികച്ചും പ്രായോഗികവാദിയായ ഒരാൾ. മൃഗങ്ങളെ കൊന്നും കാട് വെട്ടിത്തെളിച്ചും തോട്ടങ്ങൾ ഉണ്ടാക്കിയ മുതലാളി നേതാക്കളെ പണംകൊടുത്തു പാട്ടിലാക്കി തൊഴിലാളിസമരങ്ങളെ അമർച്ച ചെയ്യുന്നത് ചിത്രത്തിന്റെ തുടക്കത്തിലുണ്ട്. മൂത്തമകൻ കോശി പിതാവിന്റെ പാതയിൽ ആക്രമണസ്വഭാവം കാട്ടുന്ന ആളാണ്. അപ്പന്റെ പിന്തുണയോടെ അയാൾ നടത്തുന്ന കള്ളക്കടത്തും മരംവെട്ടും റിയൽ എസ്റ്റേറ്റിന്റെ മറവിലൂടെയുള്ള കഞ്ചാവുകൃഷിയും അയാളുടെ വരുമാന മാർഗമാണ്. അതിന്റെ ഭാഗമാണ് തല്ല്.

▶ ജലരേഖയാകുന്ന ഉപദേശങ്ങൾ

രണ്ടാമത്തെ മകൻ സണ്ണി മുഴുക്കുടിയൻ. വിവാഹിതയായ മകൾ ആനി പരപുരുഷബന്ധത്തിലും മദ്യത്തിലും ആസക്തയാണ്. തന്റെ ഭർത്താവിനോട് പിണങ്ങി അവർ ഇടയ്ക്കിടെ തറവാട്ടിലെത്തുന്നു. ഇതെല്ലാം കണ്ട്, ഇവർക്കിടയിൽ വളരുന്ന ഇളയ മകൻ ബേബിയാണ് ഈ കഥയിലെ നായകൻ. അവന്റെ വിചാരവികാരങ്ങളിലൂടെ കഥ മുന്നോട്ട് പോകുന്നു. ബന്ധുവായ മെത്രാൻ മതപരവും സദാചാരപരവുമായ ഉപദേശങ്ങളിലൂടെ ഈ കുടുംബത്തെ തിരുത്താൻ ശ്രമിക്കുന്നുണ്ട്. പക്ഷെ മാത്തുക്കുട്ടി നിഷേധാത്മകനിലപാടാണ് സ്വീകരിക്കുന്നത്. ബേബിയെയും തെറ്റുകളിൽനിന്നും പിന്തിരിപ്പിക്കാൻ മെത്രാൻ ഉപദേ

ശങ്ങളിലൂടെ ശ്രമിക്കുന്നു. പക്ഷെ അത് ജലരേഖയാകുന്നു.

കോളേജിൽ, ബേബിയുടെ നേതൃത്വത്തിൽ റാഗിംഗിനിരയാകുന്ന വിദ്യാർഥിയെ ഗുരുതരമായ നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നു. ബേബി കേസിൽ പ്രതിയാകുന്നതോടെ കോളേജ് പഠനം നിർത്താൻ മാത്തുക്കുട്ടി നിർദേശിക്കുന്നു. തുടർന്ന് വീട്ടിലെ അന്തരീക്ഷത്തിൽ അസ്വസ്ഥനായ ബേബിയോട് കുറച്ചുനാൾ മാറി നിൽക്കാൻ ആവശ്യപ്പെടുന്നുണ്ട്. കുടുംബാംഗങ്ങളുടെ ചെയ്തികളിൽ അസ്വസ്ഥനാകുന്ന ബേബി സ്വയം അക്രമങ്ങളിലേക്ക് തിരിയുകയാണ്. ലഹരിക്ക് അടിപ്പെടുന്ന ബേബിയ്ക്ക് വീട്ടിൽനിന്നും സ്നേഹപരിചരണങ്ങൾ ലഭിക്കുന്നില്ല. അവന്റെ വികലമായ മനസ്സിനു തണലാകുന്നത് ടാപ്പിംഗ് തൊഴിലാളിയായ രാഘവന്റെ സാന്നിധ്യമാണ്.

▶ അസ്വസ്ഥനായ ബേബി അക്രമണ വാസന പ്രകടിപ്പിക്കുന്നു

ബേബിയുടെ കാമുകിയായ നിർമലയെ നാം കാണുന്നത് അവന്റെ റബ്ബർ എസ്റ്റേറ്റിലാണ്. ബേബിക്ക് നേരമ്പോക്കിനും സഹശയനത്തിനുംവേണ്ടി പ്രണയിക്കാൻ വിധിക്കപ്പെട്ട നിർധനകുടുംബാംഗമാണ് നിർമല. നിർമല വിവാഹനിശ്ചയത്തെക്കുറിച്ചും തന്റെ പ്രതിശ്രുതവരനെക്കുറിച്ചും പറയുമ്പോൾ പൊടുന്നനെയാണ് ബേബി അക്രമത്തിന്റെ പാതയിലേക്ക് തിരിയുന്നത്. അവളുടെ പ്രതിശ്രുതവരനായ ബാലനെ ബേബി വയർ കുരുക്കി കൊല്ലുന്നു.

▶ കാമുകിയായ നിർമലയെ സ്വന്തം

സീരിയൽ കില്ലറായ ബേബിയുടെ ഇരകളെല്ലാം പെട്ടെന്നാണ് രൂപപ്പെടുന്നത്. ഒരു കൊല ചെയ്തശേഷം അവന്റെ മുഖത്ത് കുറ്റബോധവും നിഴലിക്കുന്നുണ്ട്. നിരന്തരമുള്ള കൊലപാതകങ്ങളിലൂടെയും അക്രമങ്ങളിലൂടെയും നീങ്ങുന്ന സിനിമ ദുരന്തപര്യവസായിയാണ്.

▶ ദുരന്തപര്യവസായിതീരുന്ന സിനിമ

ഒരേസമയം ഒരു രാഷ്ട്രത്തിന്റെയും ഒരു കുടുംബത്തിന്റെയും കഥ പറയാൻ ശ്രമിക്കുകയാണ് സംവിധായകൻ. ഒരു കുടുംബത്തിന്റെ കഥയിലൂടെ രാഷ്ട്രത്തിന്റെ വ്യവഹാരങ്ങൾ അവധാനതയോടെ അവതരിപ്പിക്കുമ്പോൾ തികഞ്ഞ കരുതലും ജാഗ്രതയും പുലർത്തേണ്ടതുണ്ട്. അതിലെല്ലാം ഒരു പ്രതിഭയുടെ ഇടപെടലുകൾ തിരക്കഥാരൂപം മുതൽക്കുതന്നെ ചിത്രത്തിലാകെ കാണാൻ കഴിയും.

▶ രാഷ്ട്രത്തിന്റെയും കുടുംബത്തിന്റെയും കഥ പറയുന്നു

## അക്രമത്തെ അപഗ്രഥിക്കുന്ന സിനിമ

1985-ൽ റിലീസ് ചെയ്യപ്പെട്ട 'ഇരകൾ' ശ്രദ്ധേയമായ ഒരു രാഷ്ട്രീയ സിനിമയാണ്. 1984-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ വധത്തോടനുബന്ധിച്ച് മനസിലെത്തിയ ഒരു ആശയത്തെ വികസിപ്പിച്ചാണ് ജോർജ് ഇരകൾ എഴുതുന്നത്. ഇന്ദിരഗാന്ധി മരിച്ചതിനെത്തുടർന്ന് തലസ്ഥാനമായ ഡൽഹിയിലുണ്ടായ അക്രമപരമ്പരകൾ പൊതുസമൂഹത്തിൽ വലിയ മുറിവുകൾ ഉണ്ടാക്കിയിരുന്നു. ഈ സാഹചര്യത്തിലാണ് അക്രമത്തെ സിനിമയിൽ എങ്ങനെ വിന്യസിക്കാം എന്ന് ജോർജ് ചിന്തിക്കുന്നത്. ഈ ചിന്തകളിലൂടെയാണ് തിരക്കഥയുടെ രചനാവേളയിൽ യാദൃച്ഛികമായി ബേബി എന്ന കഥാപാത്രം രൂപപ്പെടുന്നത് എന്ന് അദ്ദേഹം അഭിമുഖങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്.

▶ ഡൽഹിയിലുണ്ടായ അക്രമപരമ്പരകൾ സിനിമയ്ക്ക് കാരണമാകുന്നു

എഞ്ചിനിയറിംഗ് കോളേജ് ഹോസ്റ്റൽ മുറിയിൽനിന്നാണ് ചിത്രത്തിന്റെ തുടക്കം. 'രാത്രി ഹോസ്റ്റൽ കെട്ടിടങ്ങളുടെ ദൂരദൃശ്യം. മൂന്നോ നാലോ മുറികളിൽ മാത്രം വെളിച്ചമുണ്ട്. അന്തരീക്ഷം നിശ്ശബ്ദമാ

SGOU

ണ്. ദൃശ്യപഥത്തിന് ഒരു മിസ്റ്റീരിയസ് സ്വഭാവം' കാണാൻ കഴിയും. (തിരക്കഥയുടെ ആരംഭം) ബേബി എന്ന കഥാപാത്രത്തിലൂടെയാണ് തിരക്കഥയിൽ വയലൻസ് വികസിപ്പിക്കുന്നത്. കടുത്ത മാനസിക അപഭ്രംശത്തിന് വിധേയനായ ഒരു കഥാപാത്രമായാണ് ബേബിയെ ചിത്രീകരിച്ചിരിക്കുന്നത്. വിദ്യാർഥിയായ ഈ യുവാവിലൂടെയാണ് കഥയുടെ പരിണാമം. അക്രമസ്വഭാവത്തിന് വളംവെയ്ക്കുന്ന സാഹചര്യങ്ങളാണ് പാലക്കുന്നേൽ തറവാട്ടിലും രൂപപ്പെടുന്നത്. ഏത് വിധേനയും പണവും ഭൂമിയും സ്വന്തമാക്കി അധികാരത്തിന്റെ തോത് വർധിപ്പിക്കുക എന്നതാണ് പിതാവായ മാത്തുക്കുട്ടിയുടെ ലക്ഷ്യം. ധനസമ്പാദനത്തിനായി മക്കളെ സ്വന്തം പാതയിലേക്ക് നയിക്കാൻ പരിശീലിപ്പിക്കുന്ന മാത്തുക്കുട്ടിക്ക് മക്കളായ ബേബിയും സണ്ണിയും വഴിപ്പെടുന്നില്ല. കുടുംബാംഗങ്ങളുടെ ചെയ്തികളിൽ അസ്വസ്ഥനാകുന്ന ബേബി സ്വയം അക്രമങ്ങളിലേക്ക് തിരിയുന്നു. ലഹരിക്ക് അടിപ്പെടുന്ന ബേബിക്ക് വീട്ടിൽനിന്നും സ്നേഹപരിചരണങ്ങൾ ലഭിക്കുന്നില്ല.

> ▶ ബേബിയിലൂടെ കഥയുടെ പരിണാമം സംഭവിക്കുന്നു

ബേബി തുടരെത്തുടരെ നടത്തുന്ന ഹിംസകളെ സാമൂഹ്യശാസ്ത്രപരമായി തന്നെയാണ് വിശകലനം ചെയ്യേണ്ടത്. നാടുവാഴികളുടെയും നാട്ടുരാജാക്കന്മാരുടെയും മേധാവിത്വത്തിൽനിന്നും നാം മോചനം നേടി ജനാധിപത്യം നിലവിൽ വന്നെങ്കിലും ഒരു വശത്ത് ഉപരിവർഗത്തിന്റെ വേട്ടയാടൽ തുടരുകയാണ്. ഇതിന്റെ തുടർച്ചയായാണ് ബേബിയെയും ഹിംസയുടെ ലഹരി പിടികൂടുന്നത്.

> ▶ ഉപരിവർഗ വേട്ടയാടലിന്റെ തുടർച്ച

## ബേബി ഏകാന്തതയുടെ തടവുകാരൻ

തിരക്കഥയുടെ തുടക്കത്തിൽ കോളേജിൽ നടമാടുന്ന അക്രമത്തിൽ ബേബിക്ക് സഹപാഠികളുടെ പിന്തുണ ലഭിക്കുന്നുണ്ട്. എന്നാൽ കേസിലകപ്പെട്ട് കോളേജിൽ നിന്നും പുറത്താകുന്ന ബേബി വീട്ടിലെത്തുന്നതോടെ കൂടുതൽ അക്രമാസക്തമായ അന്തരീക്ഷത്തിലേക്കാണ് നീങ്ങുന്നത്. ഇതിന് കാരണം ബേബി സ്വന്തം വീട്ടിൽ ഒറ്റപ്പെടുന്നതാണ്. പണം കായ്ക്കുന്ന മരങ്ങൾ തേടിയുള്ള നെട്ടോട്ടത്തിനിടയിൽ കുടുംബാംഗങ്ങളുടെ സ്വകാര്യപ്രശ്നങ്ങൾ പരസ്പരം കൈമാറി പരിഹാരം കാണാൻ ആരും ശ്രമിക്കുന്നില്ല. തന്നെ തിരുത്താൻ ശ്രമിക്കുന്ന ബന്ധുവായ മെത്രാനോട് വീട്ടിലാരോടും സ്നേഹമില്ലെന്ന് അയാൾ തുറന്നടിക്കുന്നു.

> ▶ ബേബി വീട്ടിനുള്ളിൽ ഒറ്റപ്പെടുന്നു

വീടിനെക്കുറിച്ച് വേദനയോടെയാണ് സുഹൃത്തായ രാഘവനോട് ബേബി പരാതിപ്പെടുന്നത്. വീട്ടിലാരും സത്യം പറയുന്നില്ല. എല്ലാവരും നുണകൾ മാത്രം പറയുന്നു, നേര് ഏതെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല എന്നും ബേബി പരിതപിക്കുന്നുണ്ട്. ഇടയ്ക്കിടെ കുത്തഴിഞ്ഞ ജീവിതം നയിക്കുന്ന സഹോദരി ആനിയുടെ പ്രവൃത്തികളും ബേബിയെ പ്രകോപിപ്പിക്കുന്നു. സ്വതന്ത്ര ലൈംഗികതയെ പിന്തുടരുന്ന ആനി പ്രാപിക്കുന്ന ഉണ്ണൂണ്ണി എന്ന തൊഴിലാളിയെയും ബേബി കുരുക്കിട്ട് കൊല്ലുന്നു.

> ▶ നേര് തിരിച്ചറിയാൻ കഴിയുന്നില്ല

## ലൈംഗികതയും അക്രമവും

പിതൃദായകസാമൂഹ്യക്രമത്തിലൂടെ അധീശത്വം നേടിയ മാത്തുക്കുട്ടിയുടെ ചിന്തയെപ്പോലും തോല്പിക്കുന്ന വയലൻസാണ് മകൻ ബേബിയുടേത്. മനോവൈകല്യത്തിന്റേതെങ്കിലും അധികാരത്തിൽ ഊറ്റം കൊള്ളുന്ന രണ്ടാംതലമുറക്കാരനായ ബേബി നടപ്പാക്കുന്നത് ഒരർഥത്തിൽ വധശിക്ഷകൾ തന്നെയാണ്.

> ▶ മാത്തുക്കുട്ടിയെ തോല്പിക്കുന്ന വയലൻസ്

നേരമ്പോക്കിനും സഹശയനത്തിനുംവേണ്ടി അയാളെ പ്രണയിക്കാൻ വിധിക്കപ്പെട്ട നിർധനകുടുംബാംഗമാണ് നിർമല. ധനാഢ്യകുടുംബാംഗമായ ബേബി ഇവൾക്ക്മേൽ പ്രയോഗിക്കുന്ന അധീശത്വം ആണധികാരത്തിന്റേത് കൂടിയാണ്. നിർമല വിവാഹനിശ്ചയത്തെക്കുറിച്ചും തന്റെ പ്രതിശ്രുതവരനെക്കുറിച്ചും പറയുമ്പോൾ പൊടുന്നനെയാണ് ബേബി അക്രമത്തിന്റെ പാതയിലേക്ക് തിരിയുന്നത്.

> ▶ ആണധികാരത്തിന്റേ അധീശ മനോഭാവം

സീരിയൽ കില്ലറായ ബേബിയുടെ ഇരകളെല്ലാം പെട്ടെന്നാണ് രൂപപ്പെടുന്നത്. ഒരു കൊല ചെയ്തശേഷം കുറ്റബോധവും അവന്റെ മുഖത്ത് നിഴലിക്കുന്നുണ്ട്. പാലക്കുന്നേൽ തറവാട്ടിലെ മൂത്ത മകനായ കോശി അധികാരപ്രമത്തതയാൽ മത്ത് പിടിച്ച മധ്യതിരുവിതാംകൂറിലെ ശരാശരി റിയൽ എസ്റ്റേറ്റുകാരന്റെ പ്രതിനിധിയാണ്. കഞ്ചാവ് വ്യാപാരവും കള്ളത്തടിവെട്ടും നടത്തി പണമുണ്ടാക്കുന്ന കോശിയുടെ വഴിവിട്ട വ്യാപാരഇടപാടുകൾ ബേബിയെ പരിശീലിപ്പിക്കാൻ പിതാവ് ശ്രമിക്കുന്നുണ്ടെങ്കിലും അതിലയാൾ പരാജയപ്പെടുന്നത് നാം കാണുന്നു. കുടുംബത്തിന്റെ ഇത്തരം വ്യാപാരങ്ങളുമായി പൊരുത്തപ്പെടാനാവാതെ രണ്ടാമത്തെ മകൻ സണ്ണി മദ്യത്തിൽ അഭയം തേടുന്നു. സണ്ണിയുടെ ഭാര്യ റോസിലിന ബേബിയിൽ ഒരു കണ്ണുണ്ടെങ്കിലും അവൻ വഴങ്ങുന്നില്ല. ലൈംഗിക ഇച്ഛയിൽ ആനിയോട് കൂട്ടിക്കെട്ടാനാവില്ലെങ്കിലും റോസിലിന എന്ന കഥാപാത്രത്തെ തിരക്കഥാകൃത്ത് ഈ രീതിയിൽ തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്.

> ▶ തിളച്ചുമറിയുന്ന കുടുംബവ്യവസ്ഥ

## ദീർഘവീക്ഷണമുള്ള സിനിമ

മുപ്പത്തിയേഴ് വർഷങ്ങൾക്കുശേഷം ഇരകളുടെ തിരക്കഥ വായിക്കുമ്പോൾ ഇന്നും ഒരു പുതുമ അനുഭവപ്പെടുന്നു. തികച്ചും വ്യത്യസ്തങ്ങളായ കഥാപാത്രങ്ങളായാണ് ബേബിയെയും ആനിയേയുമൊക്കെ അവതരിപ്പിച്ചിരിക്കുന്നതെന്ന് നിസംശയം ബോധ്യപ്പെടും. മനഃശാസ്ത്ര വിശകലനത്തിലൂടെ ബേബി എന്ന കഥാപാത്രത്തെ സമീപിക്കുമ്പോൾ ആക്രമണത്തിന്റെ രാഷ്ട്രീയവും ചർച്ച ചെയ്യാൻ നാം നിർബന്ധിതരാകും. സിനിമയിലൂടെ വേട്ടയാടപ്പെടുന്നത് ഭരണകൂടത്തിന്റെ ഇരകളാണ്. ഇത് ഒരു ക്രിസ്ത്യൻ കുടുംബത്തിനുള്ളിൽ അവതരിപ്പിക്കുന്നു എന്നേയുള്ളു. ഒളിഞ്ഞും തെളിഞ്ഞും ഇന്നും സമൂഹത്തിൽ വേര് പടർത്തിക്കൊണ്ടിരിക്കുന്ന ശക്തികൾ നമ്മുടെ മേൽ കരിനിഴലായി അധീശത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നത് കാണാം.

> ▶ വായിക്കുമ്പോൾ ഇന്നും പുതുമ

താരതമ്യേന ദുർബലരായ മനുഷ്യരെയാണ് ബേബി ഇരകളായി തെരഞ്ഞെടുക്കുന്നത്. ആനി സഹശയനത്തിന് തെരഞ്ഞെടുക്കുന്ന ഉണ്ണൂണ്ണി, കാമുകിയുടെ പ്രതിശ്രുതവരനായ ബാലൻ തുടങ്ങിയവർ ഉദാഹരണം. സമ്പന്നകുടുംബാംഗമായ ബേബിക്ക് ഇവർക്കുമേൽ ആധിപത്യം സ്ഥാപിച്ചു ലക്ഷ്യംനേടാൻ കഴിയുന്നു.

> ▶ ദുർബലരായ മനുഷ്യരാണ് ഇരകൾ

SGOU

▶ സെക്സും വയലൻസും കച്ചവട സിനിമകളിൽ

മനുഷ്യന്റെ ആദിമവികാരങ്ങളാണ് സെക്സും വയലൻസും എന്ന് ആധുനികമനഃശാസ്ത്രത്തിന്റെ പിതാവ് സിഗ്മണ്ട് ഫ്രോയ്ഡ് പറയുന്നുണ്ട്. ഒരു കാലത്ത് കച്ചവടസിനിമ എന്ന ലേബലിൽ വരുന്ന ചിത്രങ്ങളിൽ ഈ രണ്ട് ഘടകങ്ങളാണ് ആധിപത്യം സ്ഥാപിച്ചിരുന്നത്. ഇരകളുടെ തിരക്കഥയെ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുന്നത് പ്രാഥമികമായി അക്രമം തന്നെയാണ്.

▶ കഥാപാത്രത്തിന്റെ സ്വഭാവ വൈചിത്ര്യം

നായകകഥാപാത്രം മനോരോഗത്തിനടിപ്പെട്ടിരിക്കുന്ന യുവാവാണെന്ന ധാരണ തുടക്കത്തിൽതന്നെ നമ്മിൽ സംശയമുണർത്തുന്നു. എങ്കിലും കഥാപാത്രത്തിന്റെ സ്വഭാവവൈചിത്ര്യംമൂലം അടുത്ത രംഗങ്ങളിൽ എന്താണ് സംഭവിക്കുന്നത് എന്ന് പ്രവചിക്കാനാവാതെ വരുന്നു.

## കീഴടക്കലിന്റെ രാഷ്ട്രീയം

ശരാശരിമനുഷ്യന്റെ അബോധതലങ്ങളിൽ അന്തർലീനമായി കിടക്കുന്ന അക്രമത്തിന്റെ ബീജം ഉറവ പൊട്ടി ഒലിക്കുന്ന കാഴ്ചയാണ് ബേബിയിലൂടെ അനുഭവപ്പെടുന്നത്. അടിയന്തിരാവസ്ഥക്കാലത്തെ സഞ്ജയ് ഗാന്ധിയുടെ സ്വഭാവത്തിന്റെ അംശങ്ങളാണ് ബേബിയിലേക്ക് സന്നിവേശിപ്പിച്ചിരിക്കുന്നത് എന്ന് കെ. ജി. ജോർജ് ഒരു അഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്. (ജോർജുമായി കെ. ബി. വേണു നടത്തിയ അഭിമുഖം: മാതൃഭൂമി ഓണപ്പതിപ്പ് 2004)

▶ അടിയന്തിരാവസ്ഥയുടെ സ്വാധീനം

## സമകാലികരാഷ്ട്രീയത്തിന്റെ പ്രതിധ്വനി

തിരിച്ചറിവുകളിൽനിന്ന് രൂപപ്പെട്ട ചലച്ചിത്രമാണ് ഇരകൾ. സാധാരണയായി രചനാവേളയിലെ പ്രതിസന്ധികൾ സൃഷ്ടികളിൽ കടന്നുകൂടാറുണ്ട്. ഭരണകൂടം പൗരൻമാരുടെമേൽ അക്രമപാതയിലൂടെ നിർദ്ദയം ആധിപത്യം സ്ഥാപിക്കുന്ന ചരിത്രസാഹചര്യങ്ങൾക്ക് സാക്ഷ്യം വഹിച്ച രാഷ്ട്രമാണ് നമ്മുടേത്. അത്തരം മുഹൂർത്തങ്ങളുടെ പുനർവിന്യാസമാണ് ബേബി, മാത്തുക്കുട്ടി, കോശി, ആനി എന്നീ കഥാപാത്രങ്ങളിലൂടെ ജോർജ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

▶ ഭരണകൂടം പൗരൻമാരുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നു

## ചരിത്രപശ്ചാത്തലവും രാഷ്ട്രീയവും

തിരുവിതാംകൂറിലും കൊച്ചിയിലും ജന്മിത്വത്തിന്റെയും നാടുവാഴിത്തത്തിന്റെയും കാലഘട്ടത്തിൽ നിർണായകമായ പ്രദേശങ്ങളിലെ പല ഭൂമിയും സ്വത്തും കയ്യടക്കിയിരുന്നത് നാടുവാഴികളോ അവരുടെ ആശ്രിതരോ ആയിരുന്നു. ഇതിന് തടസ്സം നിൽക്കുന്നവരെ ഉന്മൂലനം ചെയ്തുകൊണ്ടാണ് ഇത്തരക്കാർ ആധിപത്യം സ്ഥാപിച്ചത്.

▶ നാടുവാഴിത്തക്കാലത്തെ ഉന്മൂലനങ്ങൾ

ചരിത്രത്തിലെ ഒരോ ഘട്ടവും പരിശോധിച്ചുകഴിഞ്ഞാൽ സമാനമായ വെട്ടിനിരത്തലുകൾ കാണാവുന്നതാണ്. ഘട്ടം ഘട്ടമായാണ് രാജ്യത്ത് ഒരു പരിധിവരെയെങ്കിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞത്. അടിമ, ഉടമ വ്യവസ്ഥിതിയിൽനിന്നും മോചനം നേടിയ നാട്, ജന്മികുടിയാൻ വ്യവസ്ഥയിലേയ്ക്ക് കൂറുമാറി. കർഷകൻ കായികമായും മാനസികമായും ജന്മിയുടെ ക്രൂരമായ ചൂഷണത്തിന് വിധേയനാകേണ്ടിവന്നു.

▶ ജന്മി കുടിയാൻ വ്യവസ്ഥ

ആധുനികകാലത്ത് പുതിയ രൂപത്തിലും ഭാവത്തിലും അധീശശ

ക്തികൾ ദുർബലവിഭാഗങ്ങളെ കീഴടക്കിയിരിക്കുകയാണ്. അവർ അധികാരവർഗത്തിന്റെ സഹായത്തോടെ നിയമലംഘനങ്ങളിലൂടെ വഴിവെട്ടി നാട്ടിൽ പിടിമുറുക്കി. നാടുവാഴികളുടെ പിൻതലമുറയാണ് അല്ലെങ്കിൽ സമാനസ്വഭാവമുള്ള മനുഷ്യരാണ് ഇരകൾ എന്ന ചിത്രത്തിൽ കാണുന്നത്. ഇവരുടെ ഇരകളാണ് പാലക്കുന്നേൽ തറവാടിന്റെ പരിസരങ്ങളിൽ വസിക്കുന്ന മനുഷ്യർ.

▶ പുതിയ രൂപത്തിലും ഭാവത്തിലുമുള്ള കീഴടക്കൽ

ചിത്രത്തിൽ ഭരണകൂടത്തിന്റെ ഒത്താശയോടെ വനഭൂമി പിടിച്ചെടുക്കാനായി മാത്തുക്കുട്ടിയും കോശിയും ശ്രമിക്കുന്നുണ്ട്. പാലക്കുന്നേൽ കുടുംബത്തിന്റെ ആശ്രിതത്വത്തിൽ കഴിയുന്നവർക്ക്മേൽ നടത്തുന്ന അധീശത്വം ചിത്രത്തിന്റെ പൊതുസ്വഭാവം കാട്ടിത്തരുന്നുണ്ട്.

▶ അധീശത്വം പൊതുസ്വഭാവം

## കഥാപാത്രങ്ങൾ

### ഉണ്ണൂണ്ണി

ആനിയുടെ ഇംഗിതത്തിനനുസരിച്ച് വഴങ്ങേണ്ടിവരുന്ന ഉണ്ണൂണ്ണിക്കു വേണ്ടി ചിത്രത്തിന്റെ തിരക്കഥയിൽ ഒരു സംഭാഷണംപോലും ചേർത്തിട്ടില്ല എന്നത് ശ്രദ്ധേയമാണ്. മറ്റുള്ളവരുടെ സംസാരങ്ങളിൽ നിന്നുമാണ് ഒരു പാവമനുഷ്യനായ ഉണ്ണൂണ്ണിയെ പ്രേക്ഷകർ തിരിച്ചറിയുന്നത്. ചിത്രം വിലയിരുത്തുമ്പോൾ ഒഴിവാക്കാൻ കഴിയാത്ത ഒരു കഥാപാത്രമാണ് ഉണ്ണൂണ്ണി.

▶ പാവമനുഷ്യനായ ഉണ്ണൂണ്ണി

സവിശേഷമായ സ്വഭാവരീതികളൊന്നും ആരോപിക്കാൻ കഴിയാത്ത യന്ത്രസമാനനാണ് ഉണ്ണൂണ്ണി. രോഗിയായ പാപ്പിയുടെ പരിചരണം കഴിഞ്ഞാൽ വീടിന് പുറത്താണ് അയാളുടെ സ്ഥാനം. അതുകൊണ്ടുതന്നെ വീട്ടിലുള്ളവരുടെ ആജ്ഞയ്ക്ക് വഴങ്ങുക എന്നതാണ് അയാളുടെ നിയോഗം. പക്ഷെ മാത്തുക്കുട്ടിയോ കോശിയോ ബേബിയോ ആനിയോ നേരിട്ട് അയാളോട് ഒരു രീതിയിലും ആശയവിനിമയം നടത്തുന്നതായി തിരക്കഥയിലില്ല.

▶ യന്ത്രസമാനൻ

ഇടയ്ക്ക് പിന്നാമ്പുറത്തെ ഗോഡൗണിലാണ് ഉണ്ണൂണ്ണിയുടെ വിശ്രമം. ഉറങ്ങിക്കിടക്കുന്ന ഉണ്ണൂണ്ണിയെ കീഴടക്കാനായി ബേബി ഗോഡൗണിനുള്ളിൽ കയറുകയാണ്. ഇലക്ട്രിക് വയറു കഴുത്തിൽ കുടുക്കുമ്പോൾ പ്രതിരോധിക്കാൻ അയാൾ അശക്തനാണ്. കഥാപാത്രനിർമ്മിതിയിൽ തിരക്കഥാകൃത്ത്/സംവിധായകൻ അവലംബിച്ചിരിക്കുന്ന സൂക്ഷ്മത ചിത്രത്തിലുടനീളം ദർശിക്കാൻ കഴിയും.

▶ കഥാപാത്രനിർമ്മിതിയിലെ സൂക്ഷ്മത

### ആനി

കെ. ജി. ജോർജിന്റെ സ്ത്രീ കഥാപാത്രങ്ങളെല്ലാം തന്നെ വ്യത്യസ്തരാണ്. യവനികയിലെ രോഹിണി, ആദാമിന്റെ വാരിയെല്ലിലെ ആലീസ്, ലേഖയുടെ മരണം ഒരു ഫ്ളാഷ് ബാക്കിലെ ലേഖ ഇങ്ങനെ സുപ്രധാനറോളിലെ സ്ത്രീകഥാപാത്രങ്ങളെല്ലാംതന്നെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചവരാണ്. പക്ഷെ ക്രമംതെറ്റി ജീവിതം നയിക്കുന്ന കഥാപാത്രമാണ് ഇരകളിലെ ആനി.

▶ സ്ത്രീ കഥാപാത്രങ്ങളെല്ലാം വ്യത്യസ്തർ

SGOU

ഭർത്താവുമായി പിണങ്ങി വീട്ടിലെത്തുന്ന ആനി തന്റെ ഇഷ്ടാനിഷ്ട ങ്ങൾ നടപ്പാക്കിക്കിട്ടാൻ പല കള്ളങ്ങളും മെനയുകയാണ്. വീട്ടിലെ ത്തിയ നിമിഷം പെട്ടെന്ന് കൃത്രിമമായി ഉണ്ടാക്കിയെടുത്ത കരച്ചിലിലൂ ടെ കുടുംബാംഗങ്ങളുടെ സഹതാപം നേടിയെടുക്കുകയാണ് അവർ. പലതും പതിവ് ദുർവാശികളും വഴക്കും പിണക്കങ്ങളുമാണെന്ന് ഇതിൽനിന്നും വ്യക്തമാണ്.

- കള്ളങ്ങൾ മെ നയുന്ന ആനി

കുടുംബവീടിന്റെ അന്തരീക്ഷം കലുഷിതമാകുമ്പോൾ അതിൽനി ന്നും രക്ഷപ്പെടാനായി അവർ സ്വന്തം വീട്ടിലേയ്ക്ക് മടങ്ങുന്നു. വീട്ടി ലെത്തിയ ആനി ആദ്യം തന്നെ അടുക്കളഭാഗത്തേയ്ക്കാണ് വരുന്നത്. വീട്ടുജോലിക്കാരിയായ ഗോമതിയമ്മയോട് നേരമ്പോക്ക് വർത്തമാനം പറയാനെന്ന വ്യാജേന ആനി അടുക്കള ഭാഗത്തെത്തുന്നു. പിന്നാമ്പു റത്ത് റബ്ബർ ഷീറ്റുകൾ വെയിലിൽ ഉണക്കാനിട്ടുകൊണ്ട് നിൽക്കുന്ന ഉണ്ണൂണ്ണിയുടെ ശ്രദ്ധ ആകർഷിക്കാൻ വേണ്ടിയാണ് ഒച്ച ഉണ്ടാക്കി ക്കൊണ്ട് ആനി വരുന്നതെന്ന് വ്യക്തം.

- ഉണ്ണൂണ്ണിയുടെ ശ്രദ്ധ ആകർ ഷിക്കുക ലക്ഷ്യം

ആനിയുടെ ആദ്യകടന്നുവരവിൽതന്നെ ആ സ്ത്രീയുടെ സ്വഭാവം വ്യക്തമാകുന്നു. കുടുംബം പുലർത്തിപ്പോരുന്ന പൊതുസ്വഭാവങ്ങ ളുടെ രീതികൾ ആനിയിലും കാണാൻ കഴിയും. ഏറ്റവും ഒടുവിൽ ഭർത്താവ് ആൻഡ്രൂസുമായെത്തുന്ന ആനി കാരണം വീട്ടിൽ സംഘർ ഷം സൃഷ്ടിക്കപ്പെടുകയാണ്. അവൾ വീട്ടിൽ കാമുകന്മാരുമായി കിട ക്കപങ്കിട്ടു കഴിയുന്നതാണ് തനിക്ക് കാണേണ്ടിവരുന്നതെന്ന് അയാൾ ആരോപിക്കുന്നു. തുടർന്ന് ആൻഡ്രൂസിനെ കോശി തല്ലിച്ചതയ്ക്കു മ്പോഴും ഭാര്യയായ അവളും കാഴ്ചക്കാരിയായി നിൽക്കുന്നു. ഇതി ലൊന്നും ഒരു കൂസലുമില്ലാത്ത ആനി തന്റെ പ്രവൃത്തികൾ തിരു ത്താൻ ശ്രമിക്കുന്നതുപോലുമില്ല.

- പ്രവൃത്തികൾ തിരുത്തുന്നില്ല

## പാപ്പി

തിരക്കഥയിൽ നിർണായകമായ മുഹൂർത്തങ്ങളിൽ പ്രേക്ഷകരെ ഞെട്ടിച്ചുകൊണ്ട് പ്രത്യക്ഷപ്പെടുന്ന പാപ്പിയാണ് പാലക്കുന്നേൽ തറ വാട്ടിലെ കാരണവർ. പക്ഷേ അധികാരം നഷ്ടപ്പെട്ട ഈ വയോധിക ന്റെ സ്ഥാനം കിടക്കയിലാണ്. പാപ്പിയെ പരിചരിക്കുന്നത് ഉണ്ണൂണ്ണിയാ ണ്. ബൈബിളിന്റെ സ്വാധീനമുള്ള കഥാപാത്രമാണ് പാപ്പി. അപ്പന്റെ മരണം കാത്തിരിക്കുകയാണ് മകൻ മാത്തുക്കുട്ടി.

- ബൈബിളിന്റെ സ്വാധീനമുള്ള കഥാപാത്രമാ ണ് പാപ്പി

അപൂർവമായി മാത്രം ഇടപെടലുകൾ നടത്താൻ വേണ്ടി സൃഷ്ടി ക്കപ്പെട്ട കഥാപാത്രമായ പാപ്പിയെ പ്രതിസന്ധി ഘട്ടങ്ങളിലാണ് സം വിധായകൻ രംഗത്ത് കൊണ്ടുവരുന്നത്. അരുംകൊലകൾ ലാഘവ ത്തോടെ കൈകാര്യം ചെയ്യുന്ന ബേബിക്ക് മുത്തച്ഛനായ പാപ്പിയോട് കരുണയുണ്ട്. വീട്ടിലെ മറ്റെല്ലാ അംഗങ്ങളോടും പക ഉള്ളിൽ സൂക്ഷി ക്കുന്ന ബേബി വല്ലപ്പോഴും പാപ്പിയെ പരിചരിക്കാൻ ശ്രദ്ധിക്കുന്നതി ന്റെ സൂചനകൾ ചിത്രത്തിലുണ്ട്.

- ബേബിക്ക് പാപ്പിയോട് കരുണയുണ്ട്.

കുടുംബനാഥയായ അച്ചാമ്മയോടും പാപ്പിയോടും നിസ്സംഗമായ സമീപനമാണ് ബേബി പുലർത്തുന്നത്. പാപ്പിയുടെ രംഗപ്രവേശം തന്നെ ബൈബിൾ വചനങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടാണ്. “അബ്രാമി ന്റെ സന്തതിയാ, വലിയ പൊക്കത്തിൽ നീണ്ടുവളർന്നു നിന്നതാ. വെ

SGOU

> ▶ സംഘർഷം ലഘൂകരിക്കുന്ന നിലവിളികൾ

ട്ടിയിട്ടപ്പം പുരപ്പുറത്താ വീണത്. കരച്ചില് കേൾക്കാം" പാപ്പിയുടെ സംഭാഷണം തുടങ്ങുന്നതിങ്ങനെയാണ്. വീട്ടിൽ സംഘർഷം മൂർച്ഛിക്കുമ്പോഴാണ് പിച്ചും പേയും പറയുന്നതുപോലെ പാപ്പിയുടെ ശബ്ദമുയരുന്നത്. "മാത്തൂ! മാത്തു! സണ്ണി .... ഉണ്ണൂണ്ണീ!" സംഘർഷം ലഘൂകരിക്കാൻ ഈ നിലവിളികൾക്ക് കഴിയുന്നു.

## മാത്തുക്കുട്ടി

> ▶ തന്ത്രശാലിയായ കഥാപാത്രം

മലയാള സിനിമയിൽ നിരവധി വില്ലന്മാരെ സൃഷ്ടിച്ച സംവിധായകരുടെ കണ്ണിൽ മാത്തുക്കുട്ടി എന്നറിയപ്പെടുന്ന ഗൃഹമേധാവിയുടെ നിർമ്മിതി മറ്റൊരു തരത്തിലായിരിക്കും. എന്നാൽ മലിനവും ലളിതവുമായ പാതകളിലൂടെ കുറുക്കുവഴികൾ സ്വീകരിച്ച് പണമുണ്ടാക്കുന്ന തന്ത്രശാലിയായ ഒരു കഥാപാത്രമായാണ് മാത്തുക്കുട്ടിയെ മെനഞ്ഞെടുത്തിരിക്കുന്നത്.

> ▶ പരാജയപ്പെട്ട മാത്തുക്കുട്ടി

ഏത് വഴിയിലൂടെയും തറവാട്ടിലേക്ക് പണം കൊണ്ടുവരിക എന്നതാണ് അയാളുടെ ലക്ഷ്യം. ഈ ചിന്തയാണ് ബേബിയെയും സണ്ണിയെയും കുടുംബത്തിൽനിന്നും അകറ്റുന്നത്. നാടുവാഴികളുടെ അധികാരവ്യവസ്ഥ ഓർമ്മിപ്പിക്കുന്ന ഇടപെടലുകളാണ് മാത്തുക്കുട്ടിയുടേത്. സ്വത്തുക്കളൊന്നും കൈവിട്ട് കളിക്കാൻ മാത്തുക്കുട്ടി തയ്യാറല്ല. തന്റെ കാലശേഷം മാത്രമേ മക്കൾക്ക് ഓഹരി നൽകൂ എന്ന് വാശിയുള്ള കഥാപാത്രം. കുടുംബത്തിൽ മനസമാധാനം നഷ്ടപ്പെടുമ്പോൾ എന്തും ചെയ്യാൻ മടിയില്ലാത്ത ഇയാൾക്ക് മൂത്ത മകനും അനുചരന്മാരും പിന്തുണ നൽകുന്നുണ്ട്. വഴിവിട്ട സഞ്ചാരങ്ങൾക്കൊടുവിൽ പരാജയപ്പെട്ട മാത്തുക്കുട്ടിയെയാണ് നാം കാണുന്നത്.

## ഇരകളുടെ സ്ഥാനം

> ▶ സുവർണ കാലഘട്ടത്തിലെ പ്രതിഭ

മലയാള സിനിമയുടെ ചരിത്രം അതിന്റെ സുവർണകാലഘട്ടം എന്ന് വിശേഷിപ്പിക്കുന്ന എൺപതുകളിലെ കാലഘട്ടത്തെ അടയാളപ്പെടുത്തിയ പേരുകളിൽ മുന്നണിയിൽ നിൽക്കുന്നവരിൽ ഒരാൾ കെ. ജി. ജോർജ് എന്ന പ്രതിഭയാണ്. ഒന്നോ രണ്ടോ സിനിമകൾ മാറ്റി നിർത്തിയാൽ മറ്റുള്ളതെല്ലാം മികച്ച സൃഷ്ടികളായി പ്രേക്ഷകർ വിലയിരുത്തുന്നു.

> ▶ ഇരകളും സ്വപ്നാടനവും സൈക്കോ ഡ്രാമ

സർക്കസിലെ കോമാളി താരമായ ഒരു കുറിയ മനുഷ്യന്റെ മാനസികസംഘർഷങ്ങൾ ചിത്രീകരിക്കുന്ന 'മേള', നാട്ടുമ്പുറത്തിന്റെ തിന്മകളെ വേർതിരിച്ചെടുക്കുന്ന 'കോലങ്ങൾ' എന്നിവയാണ് ജോർജിന്റെ മികച്ച ചിത്രങ്ങളായി നിരൂപകർ ആദ്യം വാഴ്ത്തുന്നത്. തുടർന്നുവന്ന 'യവനിക'യും 'ലേഖയുടെ മരണം ഒരു ഫ്ളാഷ് ബാക്കും' മലയാളത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ചിത്രങ്ങളായിരുന്നു. സിനിമാ നിരൂപകരിൽ പലരും ഇരകളെ വാഴ്ത്തുന്നത് ജോർജിന്റെ മികച്ച കലാസൃഷ്ടിയായാണ്. ഇരകളും സ്വപ്നാടനവും സൈക്കോഡ്രാമകളായാണ് വിലയിരുത്തപ്പെടുന്നത്.

## ഇരകളുടെ തിരക്കഥ

മലയാളത്തിലെ തിരക്കഥാസാഹിത്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന കൃതികളിലൊന്ന് ഇരകളാണ്. നിരന്തരം സംഘർഷങ്ങൾ സൃ



SGOU

ഷ്ടിക്കുന്ന സന്ദർഭങ്ങളിൽ മിതമായി മാത്രം സംഭാഷണങ്ങൾ നൽകാൻ ചിത്രത്തിലുടനീളം തിരക്കഥാകൃത്ത് ശ്രമിക്കുന്നു. കഥാപുരോഗതി യിൽ നിരന്തരം നാടകീയത നിലനിർത്തുന്നതിലും തിരക്കഥാകൃത്ത് സൂക്ഷ്മത പുലർത്തുന്നുണ്ട്. കഥയിലും കഥാഗതിയിലും സംഭാഷണ ങ്ങൾക്കുപരിയായ വിവരണം ദൃശ്യസമ്പന്നമാക്കാൻ ഇരകളിൽ മാത്ര മല്ല, ജോർജ് സിനിമകളിലെല്ലാംതന്നെ സീനുകൾ മുൻകൂട്ടി എഴുതി തയ്യാറാക്കിയതാണെന്ന് സിനിമ കാണുമ്പോൾ തന്നെ വ്യക്തമാണ്.

- ദൃശ്യസമ്പന്ന മായ വിവരണം

തിരക്കഥയുടെ അതേരൂപത്തിൽ സിനിമ ചിത്രീകരിക്കുന്ന രീതി അവലംബിക്കുന്ന സംവിധായകൻ കാര്യമാത്രപ്രസക്തമായ സംഭാ ഷണങ്ങളാണ് ചിത്രത്തിൽ കോർത്തിണക്കിയിരിക്കുന്നത്. മലയാ ളത്തിലെ മികച്ച തിരക്കഥകളിലൊന്നായി ഇരകളെ കണക്കാക്കാം. ചിത്രത്തിലെ ഓരോ ഫ്രെയിമുകളും ടെക്സ്റ്റിനെ ആധാരമാക്കി ചിത്രീ കരിച്ചിരിക്കുന്നതാണെന്ന് തിരക്കഥ വായിക്കുമ്പോൾ തന്നെ നമുക്ക് ബോധ്യപ്പെടുന്നുണ്ട്. സാധാരണയായി തിരക്കഥയിൽനിന്ന് വ്യതിചലി ച്ച് സീനുകളും അതിനനുസൃതമായി സംഭാഷണങ്ങളും സൃഷ്ടിക്കുന്ന രീതി ചില സംവിധായകർ ചെയ്യാറുണ്ട്. പക്ഷെ സ്ക്രിപ്റ്റ് അതേപടി പുനഃസൃഷ്ടിക്കുകയാണ് തിരക്കഥാകൃത്ത് കൂടിയായ സംവിധായകൻ.

- സ്ക്രിപ്റ്റ് അതേപടി പുന ഃസൃഷ്ടിക്കുന്നു

## Summarised Overview

മലയാളചലച്ചിത്രമേഖലയിൽ സമാന്തരസിനിമയെന്ന പുതിയ ഭാവുകത്വത്തെ പരിചയപ്പെടു ത്തിയതിൽ പ്രധാനിയാണ് കെ. ജി. ജോർജ്. സമൂഹത്തിൽ നിലനിന്ന നിരവധി ധാരണകളെ തകിടംമറിച്ചും പൊളിച്ചെഴുതിയുമാണ് അദ്ദേഹത്തിന്റെ സിനിമകൾ പ്രവർത്തിക്കുന്നത്. ഇതിൽ ശ്രദ്ധേയമായ സ്ഥാനമാണ് 'ഇരകൾ'ക്കുള്ളത്. മിക്കസമയത്തും അക്രമസ്വഭാവം പ്രകടിപ്പി ക്കുന്ന ബേബി എന്ന കോളേജ് വിദ്യാർഥിയെ കേന്ദ്രമാക്കിയാണ് സിനിമ പുരോഗമിക്കുന്നത്. അന്യായങ്ങളിലൂടെ സമ്പത്ത് നേടാൻ ശ്രമിക്കുന്ന പാലക്കുന്നേൽ തറവാട്ടിലെ മാത്തുക്കുട്ടിയു ടെ മകനാണ് ബേബി. മൂത്തമകൻ കോശിയും പിതാവിന്റെ പാത പിന്തുടരുന്ന വ്യക്തിയാണ്. കള്ളക്കടത്തും മരംവെട്ടും കഞ്ചാവ് കൃഷിയും അയാളുടെ വരുമാനമാർഗമാണ്. രണ്ടാമത്തെ മകൻ സണ്ണി മുഴുക്കുടിയനാണ്. മകൾ ആനി പരപുരുഷബന്ധത്തിലും മദ്യത്തിലും ആസക്ത യാണ്. ഇങ്ങനെയുള്ള വീട്ടിലെ അന്തരീക്ഷത്തിൽ ആകെ അസ്വസ്ഥനാണ് ബേബി.

നേരമ്പോക്കിന് പ്രണയിക്കാനും സഹശയനത്തിനുമായി ബേബിക്ക് കിട്ടിയ കാമുകിയാണ് നിർമല. അവളുടെ പ്രതിശ്രുതവരൻ അടക്കം ബേബിയുടെ ഇരകളെല്ലാം പെട്ടെന്ന് രൂപപ്പെടു ന്നവരാണ്. മിക്കവരും ദുർബലരുമാണ്. നിരന്തരമുള്ള അക്രമങ്ങളിലൂടെ മുന്നേറുന്ന സിനിമ ദുരന്തപര്യവസായിയായാണ് അവസാനിക്കുന്നത്.

ഇന്ദിരാഗാന്ധിയുടെ വധത്തിനുശേഷം ഡൽഹിയിലുണ്ടായ അക്രമപരമ്പരകളുടെ സാ ഹചര്യത്തിലാണ് ഈ സിനിമയും കഥാപാത്രങ്ങളും രൂപപ്പെടുന്നത്. ബേബി തുടർച്ചയായി നടത്തുന്ന അക്രമപ്രവർത്തനങ്ങളെ സാമൂഹ്യശാസ്ത്രപരമായി വിശകലനം ചെയ്യാവുന്നതാ ണ്. വീടിനെക്കുറിച്ച് വേദനയോടെ സുഹൃത്തിനോട് പറയുന്ന ബേബി കടുത്ത ഒറ്റപ്പെടൽ അനുഭവിക്കുന്ന വ്യക്തിയാണ്. ഉണ്ണൂണ്ണി, രാഘവൻ, പാപ്പി തുടങ്ങിയ കഥാപാത്രങ്ങളും സമൂ ഹത്തിലെ വിവിധസ്വഭാവങ്ങളുടെ പ്രതിനിധികളാണ്. തിരക്കഥാസാഹിത്യത്തിന്റെ മികച്ച മാ തൃകയായും 'ഇര'കളെ കാണാം. സാഹചര്യം ആവശ്യപ്പെടുന്ന തരത്തിൽ മിതമായി മാത്ര മുള്ള സംഭാഷണങ്ങൾ നിലനിർത്തുന്ന രചനാരീതി, വിവരണത്തിലെ ദൃശ്യസമ്പന്നത തുടങ്ങി തിരക്കഥയുടെ ശക്തിയെ നന്നായി ഉപയോഗിക്കാൻ സിനിമയിൽ കഴിഞ്ഞിട്ടുണ്ട്.

# Assignments

1. ബേബിയുടെ സ്വഭാവസവിശേഷതകളെ സാമൂഹ്യശാസ്ത്രപരമായി പരിശോധിക്കുക.
2. കുടുംബവുമായി ബേബിക്ക് കടുത്ത വിയോജിപ്പ് ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?
3. തിരക്കഥാസാഹിത്യത്തിലെ എണ്ണംപറഞ്ഞ കൃതിയായി 'ഇരകളെ' കരുതുന്നത് എന്തുകൊണ്ട്?
4. ഇരകൾ എന്ന സിനിമ രാഷ്ട്രത്തിന്റെ കഥകൂടിയാകുന്നതെങ്ങനെ?
5. സിനിമയിൽ പ്രകടമാകുന്ന പുരുഷമേധാവിത്വപ്രവണതകൾ വർത്തമാനകാലത്തും ദൃശ്യമാണോ? സ്വാഭിപ്രായം കുറിക്കുക.
6. നാടുവാഴിത്തകാലത്തെ ഉന്മൂലനങ്ങളുമായി ഇരകളെ ബന്ധിപ്പിക്കാനാകുമോ? വിശദീകരിക്കുക.

# Suggested Readings


1. ഡോ. ആർ. വി. എം. ദിവാകരൻ, കഥയും തിരക്കഥയും, ഒലിവ്, കോഴിക്കോട്.
2. വിജയകൃഷ്ണൻ, തിരക്കഥയും സിനിമയും, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. പി. എം. ബിനുകുമാർ, തിരക്കഥയുടെ രീതിശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ഡോ. ജോസ് കെ മാനുവൽ, തിരക്കഥാസാഹിത്യം സൗന്ദര്യവും പ്രസക്തിയും, കറന്റ് ബുക്സ്, തൃശ്ശൂർ.


# References


1. കെ. ജി. ജോർജ്, ഇരകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ജി. പി. രാമചന്ദ്രൻ, മലയാള സിനിമ ദേശം, ഭാഷ, സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഡോ. ഹരീഷ് ശക്തിധരൻ, തിരക്കഥ ആഖ്യാനത്തിന്റെ വിഭേദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ഡോ. ആർ. വി. എം. ദിവാകരൻ, മലയാള തിരക്കഥ വളർച്ചയും വർത്തമാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

# 1. എതിര്

എം. കുഞ്ഞാമൻ

## Learning Outcomes

- മലയാളത്തിലെ ദലിത് സാഹിത്യത്തെക്കുറിച്ച് അറിവ് നേടുന്നു
- ദലിത് സാഹിത്യത്തിൽ എതിര് എന്ന കൃതിയ്ക്കുള്ള ഇടം കണ്ടെത്തുന്നു
- സ്വത്വപഠനത്തിന്റെ രാഷ്ട്രീയം വിശകലനം ചെയ്യുന്നു
- അനുഭവാഖ്യാനങ്ങളിൽ ചരിത്രത്തിനുള്ള പ്രാധാന്യം മനസിലാക്കുന്നു

## Background

**എതിര്: വായനയുടെ രാഷ്ട്രീയം**

ആധുനികോത്തരചിന്തയുടെ ഭാഗമായാണ് മലയാളത്തിൽ സ്വത്വകേന്ദ്രീകൃതമായ പഠനങ്ങൾ ആരംഭിക്കുന്നത്. നവോത്ഥാനകാലഘട്ടത്തിന്റെ പരിമിതികളെ തിരിച്ചറിഞ്ഞുകൊണ്ട്, ജാതിയെ അതിന്റെ സൂക്ഷ്മാർഥത്തിൽ വിശകലനം ചെയ്യാൻ അത്തരം പഠനങ്ങൾ കാരണമായി. ദലിതർക്കുവേണ്ടി സവർണർ എഴുതി വന്നിരുന്ന കഥകളുടെ സ്ഥാനത്തുനിന്നും, കർത്തൃത്വപദവി ഏറ്റെടുത്തുകൊണ്ട് നിരവധി എഴുത്തുകാർ മുന്നോട്ടുവരികയും രാഷ്ട്രീയബോധത്തോടെ സാഹിത്യത്തെ സമീപിക്കുകയുമുണ്ടായി. ആധുനികതയുടെ അമൂർത്തവത്ക്കരണത്തിൽ നിന്ന് ഉത്തരാധുനികത ജാതി എന്ന മൂർത്തവും സാമൂഹികനിഷ്ഠവുമായ സ്ഥാപനത്തോട് പുലർത്തിയ നീതിയായിരുന്നു സ്വത്വകേന്ദ്രീകൃതമായ അന്വേഷണങ്ങൾക്ക് വഴിതുറന്നത്. ടി. കെ. സി. വടുതല, ഡി. രാജൻ, പോൾ ചിറക്കരോട് തുടങ്ങിയ സാഹിത്യകാരന്മാർ തങ്ങളുടെ സർഗാത്മകരചനകളിലൂടെ തീർത്ത പ്രതിരോധം അക്കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ്.

ചരിത്രം അദൃശ്യരാക്കിയിരുന്ന ജനത തങ്ങളുടെ ശബ്ദവുമായി മുന്നോട്ടുവന്ന കാലമെന്ന് ഉത്തരാധുനികതയെ വിശേഷിപ്പിക്കാം. എന്നാൽ എഴുത്തിന്റെയും പരീക്ഷണങ്ങളുടെയും ഈ സവിശേഷഘട്ടത്തിൽ അരികുജീവിതങ്ങൾ പ്രകാശിപ്പിക്കപ്പെടുന്ന രചനകളെ പഴയ കണ്ണികൾക്കുള്ളിൽ തളയ്ക്കാൻ കഴിയില്ല. ഒഴിവാക്കപ്പെടുന്ന എല്ലാ മനുഷ്യരും ഭാഗികവിഭാഗങ്ങളും ദേശങ്ങളും സാംസ്കാരികവൈവിധ്യങ്ങളും ഭാഷയുമെല്ലാം ഉത്തരാധുനികതയുടെ പുതിയ ചട്ടക്കൂടിൽ അണിനിരന്നു. അക്കൂട്ടത്തിൽ അരിക്വത്ക്കരിക്കപ്പെട്ട ജനതയുടെ അനുഭവാഖ്യാനങ്ങൾക്ക് സവിശേഷസ്ഥാനമുണ്ടെന്നു കാണാം.

സാഹിത്യമണ്ഡലത്തിലേയ്ക്കുള്ള ദലിത് പ്രവേശം കീഴാളജാതികളെന്ന നിലയിലായിരുന്നില്ല, മറിച്ച് ആധുനികലോകത്ത് അവരാർജ്ജിച്ച നവീനമായൊരു സ്വത്വബോധമാണ് (Identity consciounsess) ദലിതുകളെ ഇതിന് പ്രാപ്തമാക്കിയത്. ആധുനികതയുടെ മഹാഖ്യാനമാതൃകകൾ (Meta narrative) തകർന്നുവീണിടത്താണ് ലോകജനത നവീനമായ സ്വത്വബോധങ്ങളിലേയ്ക്ക് നയിക്കപ്പെട്ടത്. സാർവലൗകികതയെന്ന ആശയത്തിനുപിന്നിൽ ആധിപത്യത്തിന്റെ ചതിക്കുഴികളുണ്ടെന്ന തിരിച്ചറിവായിരുന്നു ഇതിൽ പ്രധാനം. സാർവദേശീയ മനുഷ്യൻ, ദേശീയ പൗരൻ, വർഗം തുടങ്ങിയ സങ്കൽപങ്ങളെ കടപുഴക്കിയെറിഞ്ഞ അഗാധപരിവർത്തനങ്ങളാണ് നവീന

SGOU

മായ സ്വത്വബോധങ്ങളെ നിലവിൽകൊണ്ടുവന്നത് എന്ന് സണ്ണി എം. കപിക്കാട് നിരീക്ഷിക്കുന്നത് ശ്രദ്ധേയമാണ്.

**എതിര്: എം. കുഞ്ഞാമൻ**

ഡോ. എം. കുഞ്ഞാമന്റെ ആത്മകഥയായ 'എതിര്' എന്ന കൃതി സ്വത്വപരമായ സവിശേഷതകൾ ധീരമായി പ്രകാശിപ്പിക്കുന്നു എന്നുമാത്രമല്ല, നിലവിലുള്ള വിഗ്രഹങ്ങളെ നിഷ്ക്കരുണം തകർത്തുതരിപ്പണമാക്കുകകൂടി ചെയ്തിട്ടുണ്ട്. ഏറെക്കാലം ഇടതുപക്ഷത്ത് നിലയുറപ്പിച്ച കുഞ്ഞാമൻ എന്ന സാമ്പത്തികവിദഗ്ധന്റെ ബൗദ്ധികവ്യായാമങ്ങളല്ല ഈ ഗ്രന്ഥം. മറിച്ച് ഇടതുമൂല്യങ്ങൾ കാത്തുസൂക്ഷിക്കുമ്പോഴും സ്വതന്ത്രമായി ചിന്തിക്കാനും ദലിത് വിഭാഗത്തിന് എങ്ങനെ അതിജീവിക്കാമെന്നും നിരന്തരമായി അന്വേഷിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ-സാമൂഹ്യ കൃതിയാണ് എതിര്. സ്വത്വപരമായ കേവലാഖ്യാനം മാത്രമല്ല ഈ കൃതി, മറിച്ച് ചില സന്ദർഭങ്ങളിൽ സ്വത്വപരമായ പരിപ്രേക്ഷ്യത്തിൽനിന്നും വഴുതിമാറുകയും കൂടുതൽ ജാഗ്രതയോടെ സമൂഹത്തെ വീക്ഷിക്കുകയും ചെയ്യുന്നു. അപ്പോഴെല്ലാം വ്യവസ്ഥാപിത രാഷ്ട്രീയസമൂഹത്തിന്റെ മലിനമായ പാതകളെ ധീരമായി വിചാരണ ചെയ്തുകൊണ്ടാണ് തന്റെ ജീവിതാനുഭവങ്ങൾ അദ്ദേഹം പങ്കുവെയ്ക്കുന്നത്. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന മൂല്യങ്ങളെ സംരക്ഷിക്കുക എന്ന പ്രഖ്യാപിതലക്ഷ്യം ഈ ആത്മകഥാകാരനില്ല. നാം ചിട്ടപ്പെടുത്തിയിരിക്കുന്ന അല്ലെങ്കിൽ സ്വാഭാവികമായി രൂപംകൊണ്ട സാമൂഹ്യശ്രേണികളാൽ ആധുനികസമൂഹം രൂപപ്പെടുമ്പോൾ പലതരത്തിലുള്ള വൈരുധ്യങ്ങളുണ്ടാകും എന്ന തിരിച്ചറിവ് ഗ്രന്ഥകാരനിൽ കാണാം. ഓരോ ശ്രേണിയിലും ഉൾപ്പെട്ടവർ താന്താങ്ങളുടെ പ്രത്യേകപദവിയെക്കുറിച്ച് ബോധമുള്ളവരായിത്തീരുകയും ചെയ്യുന്നുണ്ട്. അതിനെ മുൻനിർത്തി സ്വയം വിശദീകരിക്കുവാനോ നിർവ്വചിക്കാനോ ഒക്കെ ശ്രമിക്കുകയും ചെയ്യും. ആ നിലയിൽ ദലിത്/ആദിവാസിസമൂഹം ഉൾപ്പെടെ ഓരോ വിഭാഗവും താന്താങ്ങൾക്ക് ഒരു അനന്യത കൽപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്.

'എതിര്' ഒരാളുടെ ജീവിതസമരത്തിന്റെ നേർസാക്ഷ്യം മാത്രമല്ല. ഇത് ഒരേസമയം ദലിതരുടെ തത്വശാസ്ത്രവും സാമൂഹ്യശാസ്ത്രവും ചരിത്രവുമാണ് ഇതിഹാസസമാനമായ ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്ന് സാംസ്കാരിക/രാഷ്ട്രീയകേരളം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന അപൂർവഗ്രന്ഥമാണ് എതിര്. കേരളത്തിന്റെ പ്രമുഖനായ സാമ്പത്തികശാസ്ത്രജ്ഞൻ എന്ന നിലയിൽ, നിരവധി അക്കാദമിക് മേഖലകളിൽ കഴിവ് തെളിയിച്ച അദ്ദേഹം നേരിട്ട സാമൂഹികഅനീതികളെക്കുറിച്ചും, ജാതീയമായ വേർതിരിവിനെക്കുറിച്ചും മറയില്ലാതെ എഴുതുന്ന അനുഭവങ്ങളാണ് ഗ്രന്ഥം വരച്ചുകാട്ടുന്നത്.

ഇന്ന് സമകാലികകേരളം നേരിടുന്ന സാമൂഹിക- സാംസ്കാരിക പ്രതിസന്ധികളെക്കുറിച്ചുള്ള സൂക്ഷ്മനിരീക്ഷണംകൊണ്ട് മികച്ച വായാനാനുഭവമായി മാറുകയാണ് ഈ ആത്മകഥ. ഡോ. എം. കുഞ്ഞാമൻ എന്ന പ്രതിഭ നേരിട്ട അവഗണനയുടെയും അതിഭീകരമായ പീഡാനുഭവങ്ങളുടെയും തീക്ഷ്ണവും സ്വതന്ത്രവുമായ ബൗദ്ധികാന്വേഷണങ്ങളുടെയും ആകെത്തുകയാണ് ഈ അനുഭവക്കുറിപ്പുകൾ. ബഹിഷ്കൃതരും നൈരാശ്യം ബാധിച്ചവരുമായ വിദ്യാർഥികൾക്ക് സമൃദ്ധമായ ഒരു പച്ചത്തുരുത്താണ് ഈ ജീവിതാനുഭവക്കുറിപ്പുകൾ. ദലിത്സമൂഹം തിരിച്ചടികളുടെയും പ്രതികൂലാവസ്ഥളുടെയും പ്രതിസന്ധികളിൽപ്പെട്ട് ജീവിതംതന്നെ വഴിമുട്ടിയ ഒരു കാലഘട്ടത്തിന്റെ അതിജീവനരേഖകളാണ് കുഞ്ഞാമൻ സാംസ്കാരിക-രാഷ്ട്രീയ-ബൗദ്ധിക മേഖലയ്ക്ക് സമർപ്പിച്ചിരിക്കുന്നത്. എന്നെ പാണൻ എന്നു വിളിക്കരുത്, ഭയം, പുറകിലൂടെ വന്ന ചണ്ഡാളൻ, സർവകലാശാലയുടെ ജാതി, ജാതിയില്ലാത്ത ക്ലാസ്റൂം, ഉന്നതവിദ്യാഭ്യാസമേഖലയുടെ പുറമ്പോക്കിൽ കുടിൽ കെട്ടിജീവിക്കുന്ന ചാത്തനാണ് ഞാൻ, ദളിതന് മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കണമെങ്കിൽ അയാൾ മൂട്ടയായി പുനർജനിക്കേണ്ടിവരും, തുൽജാപ്പൂരിൽ, ഓപ്പൺ അല്ലാത്ത ശത്രു, വരുന്നു ദലിത്മുതലാളിത്തം, സംവരണം സൃഷ്ടിച്ച വരേണ്യത, എൽ. ഡി. എഫിനെ പരാജയപ്പെടുത്തിയ ബ്യൂറോക്രാറ്റിക് ഗൂഢാലോചന, അട്ടിമറിക്കപ്പെട്ട ഭൂപരിഷ്കരണം, ഇപ്പോൾ പിന്നാക്കവിഭാഗങ്ങളാണ് ദലിതരുടെ പ്രശ്നം, വേണ്ട പാർട്ടിയും വികസനവും,

പ്രികേറിയറ്റ് എന്ന മൂന്നാംവർഗം, മാർക്സിസത്തിന് തിരിച്ചുവരവില്ല, അപൂർണം എന്നിങ്ങനെ പതിനെട്ടുഭാഗങ്ങളിലായി അദ്ദേഹം അനുഭവങ്ങളെ സംഗ്രഹിച്ചിരിക്കുന്നു. എഡിറ്ററുടെ പിൻകുറിപ്പും പദസൂചിയും ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഈ കൃതിക്ക് കേരളസാഹിത്യഅക്കാദമി അവാർഡ് ലഭിച്ചെങ്കിലും, താനതുവരെ സൂക്ഷിച്ച നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട് എം. കുഞ്ഞാമൻ അവാർഡ് നിരസിക്കുകയായിരുന്നു.

## Keywords

ദലിത് ജീവിതാനുഭവങ്ങളുടെ തുറന്നെഴുത്ത് - പ്രതിനിധാനത്തിന്റെ രാഷ്ട്രീയം - കേരളീയതയും ജാതീയതയും - ജാതിവിരുദ്ധപോരാട്ടങ്ങളുടെ സൈദ്ധാന്തികനില

## Discussion

### 4.1.3 എതിര് - ദലിത് സമൂഹത്തിന്റെ ചരിത്രരേഖ

സഹസ്രാബ്ദങ്ങളായി അടിമകളെക്കാളും ഹീനമായ നിലയിൽ അടിച്ചമർത്തപ്പെട്ടവരും ജീവിക്കാൻപോലും അവകാശം നിഷേധിക്കപ്പെട്ടവരുമായ ഒരു വിഭാഗത്തിന്റെ പ്രതിനിധിയായാണ് ഡോ. എം. കുഞ്ഞാമൻ തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നത്. 'അടിച്ചമർത്തപ്പെട്ട, ദരിദ്ര അധഃസ്ഥിതകുടുംബത്തിൽ ജനിച്ചതാണ് എന്റെ ശാപം. അതിൽനിന്ന് മുക്തി നേടാൻ ശ്രമിച്ചതാണ് ഞാൻ ചെയ്ത പാപം. ഞാൻ അധികം ചിരിക്കാറില്ലായിരുന്നു. സന്തോഷിക്കാറില്ലായിരുന്നു. സന്തോഷിക്കാനുള്ള അവസരങ്ങൾ ജീവിതത്തിൽ ഇല്ലായിരുന്നു' (കുഞ്ഞാമൻ എം: 2020, 22). എഴുത്തുകാരൻ തന്റെ കീഴാള ജീവിതത്തെ വീണ്ടും വീണ്ടും ഉറപ്പിച്ചുകൊണ്ടാണ് ഓരോ അനുഭവവും പങ്കു വെച്ചിരിക്കുന്നത്. 'പതിന്നാലു വയസ്സുള്ളപ്പോഴാണ്, വീടിനടുത്തുള്ള ഒരു ജന്മിയുടെ വീട്ടിൽ കഞ്ഞിക്ക് ചെന്നു. മണ്ണിൽ കുഴിച്ച് കഞ്ഞി ഒഴിച്ചു തന്നു. അവിടെ ഭയങ്കരനായ ഒരു പട്ടിയുണ്ടായിരുന്നു. എന്നോടൊപ്പം അവനോടും ചെന്ന് കുടിക്കാൻ പറഞ്ഞു വീട്ടുകാർ. കുഴിയുടെ അടുത്തേയ്ക്ക് കുരച്ചെത്തിയ പട്ടി കഞ്ഞി കുടിക്കാനുള്ള ആർത്തിയിൽ എന്നെ കടിച്ചുമാറ്റി. തിരിഞ്ഞുനോക്കുമ്പോൾ, ഒരു മനുഷ്യനും പട്ടിയും തമ്മിലുള്ള ബന്ധമായിരുന്നില്ല അത്, രണ്ട് പട്ടികളുമായുള്ള ബന്ധമായിരുന്നു. രണ്ട് പട്ടികൾ കഞ്ഞിക്ക് വേണ്ടി മത്സരിക്കുന്നു. പട്ടി കടിച്ച മുറിവിൽനിന്ന് ചോര വന്നപ്പോൾ ദേഷ്യമല്ല തോന്നിയത്, എന്റെ അവസ്ഥയിലുണ്ടായിരുന്ന മറ്റൊരു ജീവി എന്ന അനുതാപം മാത്രം '' ( 2020,13 ). സാമൂഹികമായും സാമ്പത്തികമായും അരികുവത്ക്കരിക്കപ്പെട്ട കീഴാളജാതി അവസ്ഥകളുടെ നേർചിത്രമാണ് എം. കുഞ്ഞാമൻ ഇവിടെ പകർത്തിയിരിക്കുന്നത്. ഉയർന്ന ജാതിക്കാരുടെ അധികാരനിർമ്മിതിയ്ക്കുള്ളിൽ രൂപംകൊണ്ട സാമൂഹികപദവികൾ ദലിത് ജനതയെ നിരന്തരം അപരവത്ക്കരിക്കുകയും മനുഷ്യൻ എന്ന മൗലികമായ ഭാവത്തെപ്പോലും നിഷേധിക്കുകയും ചെയ്തു. വിശപ്പ് അസഹ്യമായ കാലമായിരുന്നു എന്ന് ബോധ്യപ്പെടുത്താനായി സഹ

- വിശപ്പും ജാതിജീവിതവും
- മനുഷ്യ പദവികൾ നിഷേധിക്കപ്പെട്ട ദലിത് ജീവിതം

പാഠിയുടെ വീട്ടിലെ സദ്യയുടെ എച്ചിലെടുക്കാനായി മത്സരിക്കുന്ന അനുഭവവും ഗ്രന്ഥകാരൻ മറയില്ലാതെ വെളിപ്പെടുത്തുന്നുണ്ട്.

ഭക്ഷണത്തിനു വേണ്ടി മാത്രം സ്കൂളിൽ പോയിരുന്ന കുഞ്ഞാമനിൽനിന്ന്, പഠിക്കണം എന്ന വാശിയോടെ സ്കൂളിലെത്തിയ കുഞ്ഞാമനിലേയ്ക്കുള്ള പരിവർത്തനമാണ് ഒന്നാംഅധ്യായത്തിൽ അദ്ദേഹം വിവരിക്കുന്നത്. തന്നെപാണനെന്ന് വിളിച്ച അധ്യാപകനോട് മേലിൽ അങ്ങനെ വിളിക്കരുത് എന്ന് എതിർപ്പ് പ്രകടിപ്പിക്കുന്ന കുഞ്ഞാമനെ നമുക്ക് പുസ്തകത്തിൽ കാണാം. നിരന്തരമായി നേരിട്ട അപമാനങ്ങളിൽനിന്ന് ഉച്ചഭക്ഷണം വേണ്ടെന്നുവയ്ക്കുന്ന അഭിമാനബോധത്തിലേയ്ക്ക് കുഞ്ഞാമൻ എത്തുന്നു. 'കഞ്ഞി കുടിയ്ക്കാനല്ലേ നീയൊക്കെ സ്കൂളിൽവരുന്നത് എന്ന അധ്യാപകന്റെ ചോദ്യത്തെ കഞ്ഞി ഉപേക്ഷിച്ചുകൊണ്ടും അക്ഷരജ്ഞാനം നേടിയെടുത്തുകൊണ്ടുമാണ് കുഞ്ഞാമൻ നേരിടുന്നത്.

- ഉച്ചഭക്ഷണം വേണ്ടെന്നുവയ്ക്കുന്ന അഭിമാനബോധം

'ഭയത്തിൽനിന്നും അപകർഷതാബോധത്തിൽനിന്നും ധൈര്യമില്ലായ്മയിൽനിന്നും ഇന്നും മുക്തനായിട്ടില്ലെന്നും അത് പൈതൃകമായി തന്റെ അധഃകൃതസമൂഹം തന്നതാണെന്നുമാണ്' ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നത്. ധൈര്യം എന്നത് കേവലം ജനിതകമായ വസ്തുവല്ലെന്നും സാമൂഹികമായ ഉടയാടകളാൽ നിർമ്മിതമായ സാംസ്കാരിക മൂലധനങ്ങളാണ് (cultural Capital) അതിനെ നിർണയിക്കുന്നതെന്നും വ്യക്തമാക്കുന്നു. എന്നാൽ പറയേണ്ടിടത്തെല്ലാം അദ്ദേഹം തന്റെ നിലപാടുകൾ വെളിപ്പെടുത്തുന്നുണ്ട്. അതിനൊരു കാരണം അദ്ദേഹം നേടിയെടുത്ത വിദ്യാഭ്യാസമാണ്. ഒരിക്കൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്റ്റഡി ക്ലാസിന് പോയപ്പോഴുണ്ടായ ഒരു അനുഭവം കുഞ്ഞാമൻ പറയുന്നുണ്ട്. ക്ലാസെടുത്തത് നാട്ടിലെ ഒരു തമ്പുരാനായിരുന്നു. അടിച്ചവനെ തിരിച്ചടിക്കുന്നതാണ് കമ്യൂണിസം എന്ന് അയാൾ പഠിപ്പിക്കുകയാണ്. ഇത് പറയുമ്പോൾ തമ്പുരാൻ അടിച്ചാലോ എന്ന് കുഞ്ഞാമൻ തിരിച്ച് ചോദിക്കുന്നുണ്ട്. അല്പം ആലോചിച്ചശേഷം 'തമ്പുരാനെയും തിരിച്ചടിക്കാം' എന്ന് അദ്ദേഹത്തിന് പറയേണ്ടിവരികയാണ്.

- സാംസ്കാരിക മൂലധനവും പദവിയും
- ധൈര്യത്തെ നിർണയിക്കുന്ന സാമൂഹിക പദവികൾ
- വിധേയത്വവും ജാതിയും

തന്റെ മകളുടെ ഭാവിയെക്കുറിച്ച് തനിക്ക് ആകുലതകളില്ലെന്നും കോളേജ് അധ്യാപകന്റെ മകളായാണ് അവൾ വളരുന്നതെന്നും ആ നിലയിൽ കൈവരുന്ന സാംസ്കാരികവും സാമൂഹികവുമായ പദവികൾ മകളെ മുന്നോട്ടുപോകാൻ സഹായിക്കുമെന്നും അദ്ദേഹം കരുതുന്നുണ്ട്. എന്നാൽ തന്റെ സഹോദരങ്ങളുടെ മക്കളുടെ നില അതല്ല. ജാതിയുടെ അതിർവരമ്പുകൾക്കുള്ളിൽ, അവഗണനകൾക്കുള്ളിൽ നിരന്തരം പോരാടിക്കൊണ്ടുമാത്രമേ അവർക്ക് ഉയർന്നുവരാൻ കഴിയൂ. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചോ, മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളെക്കുറിച്ചോ ധാരണയില്ലാത്ത, അടിമബോധത്തിൽ നിന്ന് മോചനം നേടാത്ത അവർ എങ്ങനെയാണ് അധികാരത്തിന്റെ ഇടങ്ങളിലേയ്ക്ക് കടന്നുവരിക എന്ന സംശയം അദ്ദേഹം ഉയർത്തിപിടിക്കുന്നുണ്ട്. ഇപ്രകാരം അദ്ദേഹം എഴുതുമ്പോൾ അത് തികച്ചും വ്യക്തിപരമായ ഒരു ആകുലത അല്ലാതാക്കുകയും സാമ്പത്തികമായും സാമൂഹികമായും അരിക്‌വത്ക്കരിക്കപ്പെട്ട മുഴുവൻ ദലിത് ജീവിതങ്ങളുടെയും നിലയെക്കുറിച്ചുള്ള ആകുലതയായി മാറുകയും ചെയ്യു

ന്നുണ്ട്. വിശന്നുവലയുന്ന മനുഷ്യർ ഭക്ഷണത്തിനെക്കുറിച്ച് മാത്രമായിരിക്കുമല്ലോ ആലോചിക്കുക. അടിസ്ഥാനആവശ്യങ്ങൾപോലും നിറവേറ്റപ്പെടാതെ പോകുന്ന ജനതയുടെ സാമൂഹികപദവിയെക്കുറിച്ചുള്ള ഗഹനമായ ചർച്ച പുസ്തകത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ നമുക്ക് കാണാൻ കഴിയും.

- മുഴുവൻ ദലിത് ജീവിതങ്ങളുടെയും നിലയെക്കുറിച്ചുള്ള ആകുലത

ദലിത് സമൂഹത്തിൽനിന്നും വരുന്ന വിദ്യാർഥികൾക്ക് വിദ്യാലയങ്ങളിൽ നേരിടേണ്ടിവരുന്ന തിക്താനുഭവങ്ങൾക്ക് കുഞ്ഞാമനും വിധേയമാവുകയാണ്. പക്ഷെ പഠനകാലയളവിൽ അദ്ദേഹം പ്രകടമാക്കിയ മികവിന്റെ അടിസ്ഥാനത്തിൽ അതിനെയെല്ലാം ധീരമായി അതിജീവിച്ച് മുന്നേറുകയാണ്. സാമ്പത്തികശാസ്ത്രത്തിൽ കരസ്ഥമാക്കിയ ബിരുദത്തിനു ശേഷം ബിരുദാനന്തരബിരുദത്തിന് പാലക്കാട് വിക്ടോറിയ കോളേജിൽ ചേർന്നപ്പോഴും കുട്ടികളിൽനിന്നും ജാതീയമായ വേർതിരിവിന് വിധേയനാകേണ്ടിവന്നുവെന്ന് അദ്ദേഹം ഓർക്കുന്നുണ്ട്. എം. എയ്ക്ക് ഒന്നാംറാങ്ക് നേടിയിട്ടും അദ്ദേഹത്തിന് സന്തോഷിക്കാനായില്ല. റാങ്ക് വേദനയല്ലാതെ ഒരു ചായക്ക്പോലും അത് തന്നെ സഹായിച്ചിട്ടില്ല എന്ന് അദ്ദേഹംതന്നെ പറയുന്നുണ്ട്.

- ജാതീയമായ വേർതിരിവും കോളേജ് കാലവും
- എം. എയ്ക്ക് ലഭിച്ച ഒന്നാം റാങ്ക്

റാങ്ക് ജേതാവായിട്ടും വിട്ടൊഴിയാതെ പിന്തുടരുന്ന ദാരിദ്ര്യവും നിരന്തരം വേട്ടയാടുന്ന ജാതിബോധവും കുഞ്ഞാമൻ എന്ന യുവാവിൽ നിരാശയുണ്ടാക്കുന്നുണ്ട്. ഇടയ്ക്ക് ഒരു സുഹൃത്തിന്റെ മുന്നിൽവെച്ച് സർട്ടിഫിക്കറ്റുകൾ കത്തിച്ച് ചാമ്പലാക്കാൻ ശ്രമിക്കുന്നതും ഈ പശ്ചാത്തലത്തിലാണ്. എം. ഫില്ലിന് അപേക്ഷ നൽകിയശേഷം സാമ്പത്തിക വിദഗ്ധനായ ഐ. എസ് ഗുലാത്തി ഉൾപ്പെടെയുള്ളവർ അംഗങ്ങളായ ഇന്റർവ്യൂ ബോർഡിനുമുന്നിൽ അദ്ദേഹം ഹാജരാവുകയാണ്. റിസർച്ച് മെത്തഡോളജിയെക്കുറിച്ചൊക്കെ അവർ ചോദിക്കുന്നുണ്ട്. പക്ഷെ അതിനൊന്നും അറിയില്ല എന്നതായിരുന്നു കുഞ്ഞാമന്റെ മറുപടി. പിന്നെ എന്തിന് ഇവിടെ വന്നു എന്നായി അവർ. ഒടുവിൽ അദ്ദേഹം വിശദീകരിച്ചു : 'അടിമുടി രാഷ്ട്രീയവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിൽ, മുഴുവൻ വ്യവസ്ഥിതിയും മാറിക്കൊണ്ടിരിക്കുമ്പോൾ അതിനകത്തെ ഒരു ഉപവ്യവസ്ഥിതി ഒരുതരത്തിലുമുള്ള മാറ്റവുമില്ലാതെ നിലനിൽക്കുന്നു. അവരുടെ കാര്യത്തിൽ രാഷ്ട്രീയമോ സാമ്പത്തികമോ സാംസ്കാരികമോ ആയ ഒരു മാറ്റവും സംഭവിക്കുന്നില്ല. അത് എനിക്ക് ഒരു അതിശയമായി തോന്നുന്നു. അത് ഒന്ന് പഠിച്ചാൽ കൊള്ളാമെന്നുണ്ട്. '

- റാങ്കും തുടർന്ന് ഗവേഷണത്തിനും എത്തപ്പെടുന്നു

സ്വാഭാവികമായ നിയമനനടപടികളിലൂടെയാണ് സാധാരണയായി സർക്കാർ സ്ഥാപനങ്ങളിലേക്ക് നിയമനം നേടുന്നത്. അങ്ങനെയാണ് യോഗ്യതയുള്ളവർക്ക് ജോലി കിട്ടുന്നത്. പക്ഷെ എല്ലായിടത്തും തിരിച്ചടികൾ നേരിടേണ്ടിവരുന്ന ചിലർക്ക് അതൊന്നും ബാധകമല്ല. കുഞ്ഞാമന്റെ കാര്യത്തിലും അതാണ് സംഭവിച്ചത്. കേരള സർവകലാശാല ലക്ചറർ തസ്തിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നതനുസരിച്ച് അദ്ദേഹവും അപേക്ഷിച്ചിരുന്നു. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഒന്നാം റാങ്ക് കുഞ്ഞാമനായിരുന്നു. പക്ഷെ നിയമനം മറ്റൊരാൾക്കായിരുന്നു. പരാതിക്കൊടുവിൽ എക്കണോമിക്സ് വകുപ്പിൽ ഒരു സൂപ്പർ ന്യൂമററി തസ്തികയുണ്ടാക്കി. അത് പട്ടികജാതിക്കാരന് മാത്രമായുള്ള സംവരണം ആക്കിയിട്ടാണ് അദ്ദേഹത്തിന് നിയമന ഉത്തരവ് അയച്ചത്. അതിനെക്കുറിച്ച് കുഞ്ഞാമൻ ഇപ്രകാരം എഴുതി

യിരിക്കുന്നു: 'ഒരു ഓപ്പൺ തസ്തികയിലേക്ക് അപേക്ഷിച്ച് ഒന്നാംറാങ്കുള്ള ഒരാളെ നിയമിക്കുന്നത്, എസ്. സി., എസ്. ടി സംവരണത്തിലൂടെ ചണ്ഡാളൻ സിംഹാസനത്തിന് പുറകിലൂടെ മാത്രം വരണം എന്ന അധീശനിയമം ഇവിടെ കൃത്യമായി പാലിക്കപ്പെട്ടു.' ആ നിലയിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ അധികാരകേന്ദ്രങ്ങളെല്ലാം ജാതിമൂല്യങ്ങൾക്ക് അടിപ്പെട്ടിരിക്കുന്നു എന്ന് കുഞ്ഞാമൻ തന്റെ അനുഭവങ്ങളിലൂടെ വ്യക്തമാക്കുന്നു. ഒരധ്യായത്തിന് അദ്ദേഹം നൽകിയിരിക്കുന്ന പേരു തന്നെ സർവകലാശാലയിലെ ജാതി എന്നാണ്.

▶ ചണ്ഡാളൻ സിംഹാസനത്തിന് പുറകിലൂടെ മാത്രം വരണം

കേരളത്തിൽ ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ അതിന്റെ ഭാഗമാകാനായി കുഞ്ഞാമനെ ക്ഷണിക്കുന്നുണ്ട്. പക്ഷെ അത്തരം അവസരങ്ങളെല്ലാം അദ്ദേഹം നിഷേധിക്കുകയാണ്. കേരള സർവകലാശാല വൈസ് ചാൻസലർ പദവിയിലേക്ക് അദ്ദേഹത്തിന് പല തവണ വാഗ്ദാനം ലഭിക്കുന്നുണ്ട്. അദ്ദേഹം അത് സ്വീകരിക്കാൻ തയ്യാറായിരുന്നില്ല. അധികാരകേന്ദ്രങ്ങളുടെ വാഗ്ദാനങ്ങൾ വിധേയന്മാരെ സൃഷ്ടിച്ചുകൊണ്ടിരിക്കും എന്ന് കുഞ്ഞാമൻ ഉറച്ചുവിശ്വസിച്ചിരുന്നു. കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കോ നവോത്ഥാന ചരിത്രത്തിനോ വേണ്ട നിലയിൽ ജാതിയെ ഉന്മൂലനം ചെയ്യാൻ കഴിഞ്ഞില്ല എന്ന് കുഞ്ഞാമൻ വിശ്വസിച്ചിരുന്നു. അയിത്തത്തിന് എതിരേ നടന്ന സമരങ്ങളൊന്നും തന്നെ ജാതിയെ ഉന്മൂലനം ചെയ്യുന്നതിനു വേണ്ടിയായിരുന്നില്ല. കേരള നവോത്ഥാനത്തിൽ ദലിത് ജനതയ്ക്കുണ്ടായിരുന്ന പ്രാതിനിധ്യത്തെയും നവോത്ഥാനാനന്തരം കൈവന്ന ജീവിതാവസ്ഥകളെയും അദ്ദേഹം പ്രശ്നവത്ക്കരിക്കുന്നുണ്ട്. മാർക്സും അംബദ്ക്കറും സമാന്തരമായ ആലോചനകളുടെ ഭാഗമാണെന്നും തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്ന നിലയിലല്ല ജാതിയെ സമീപിക്കേണ്ടതെന്നും കുഞ്ഞാമൻ നിരീക്ഷിക്കുന്നുണ്ട്.

▶ ഇടതുപക്ഷ രാഷ്ട്രീയവും ദലിതരും

ജനകീയാസൂത്രണത്തെക്കുറിച്ചാലോചിക്കുവാനായി ആദ്യയോഗത്തിനുപോയ കുഞ്ഞാമൻ ഭൂരഹിതരായ ദലിത് സമൂഹത്തിന്റെ അവസ്ഥയിൽ വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടാണ് ആ ആശയത്തെ പിന്താങ്ങിയത്. വികസനപ്രശ്നം ചർച്ച ചെയ്യാൻ പ്രാദേശികതലത്തിൽ ജനങ്ങൾക്ക് അവസരം ലഭിക്കുന്നു എന്നതുകൊണ്ട് ജനകീയാസൂത്രണത്തെ പിന്താങ്ങുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. തുടർന്ന് ജനകീയാസൂത്രണത്തിന്റെ നേട്ടവും കോട്ടവും അദ്ദേഹം വിശകലനം ചെയ്യുന്നുണ്ട്. ജനകീയാസൂത്രണപദ്ധതിയുടെ പരിശീലനത്തിൽ, നടത്തിപ്പിലെല്ലാം എൽ. ഡി. എഫ് കുഞ്ഞാമനെ മുന്നിൽനിർത്തി. ദൈനംദിനപരിപാടികളുടെ അവലോകനത്തിൽ തോമസ് ഐസക്കും മന്ത്രി കെ. രാധാകൃഷ്ണനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. പദ്ധതിയെ പല ദലിത് ചിന്തകരും അനുകൂലിച്ചിരുന്നില്ല. കുഞ്ഞാമൻ പദ്ധതിക്കുവേണ്ടി പ്രവർത്തിക്കുന്നതിൽ ദലിത് വിഭാഗത്തിന് എതിർപ്പുണ്ടായിരുന്നു. എന്നാൽ കുഞ്ഞാമന് അദ്ദേഹത്തിന്റേതായ ആലോചനകളും നിലപാടുകളുമുണ്ടായിരുന്നു. ഏതെങ്കിലും ഒരു കൂട്ടത്തിന്റെ അഭിപ്രായമായിരുന്നില്ല കുഞ്ഞാമനെ മുന്നോട്ട് നയിക്കുന്നത്, മറിച്ച് സ്വന്തം യുക്തിക്ക് പ്രാധാന്യം നൽകുന്ന നിലപാടുകളായിരുന്നു. ജനകീയാസൂത്രണത്തെത്തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ എൽ. ഡി. എഫ് പരാജയപ്പെട്ടു. ബ്യൂറോക്രസി ഇതിനായി പണം ഖജനാവിലേ

ക്ക് ഒഴുക്കിയെന്ന് അദ്ദേഹം ഗ്രന്ഥത്തിൽ നിരീക്ഷിക്കുന്നുണ്ട്. ജനകീയാസൂത്രണപദ്ധതിയിൽ സാംഗത്യം നഷ്ടപ്പെട്ട ബ്യൂറോക്രസി ഇതിനായി പ്രത്യേകം പദ്ധതി മെനഞ്ഞതായി അദ്ദേഹം വിലയിരുത്തുന്നുണ്ട്. കൂടാതെ അഴിമതിക്കാരെയും ജനദ്രോഹികളെയും തടഞ്ഞു നിർത്താനുള്ള ഒരു പ്രക്രിയ കേരളത്തിലില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

► ജനകീയാസൂത്രണത്തിന്റെ നേട്ടവും കോട്ടവും

ബൂർഷ്വാ പാർട്ടികൾക്ക് കമ്യൂണിസ്റ്റ് പാർട്ടിയെ മാറ്റിയെടുക്കാൻ കഴിഞ്ഞെന്ന് കുഞ്ഞാമൻ നിരീക്ഷിക്കുന്നു. അത് ആഗോളതലത്തിൽതന്നെ ബൂർഷ്വാസിയുടെ വിജയമാണ്. കമ്യൂണിസ്റ്റ് പാർട്ടികൾ ഭരണത്തെ രാഷ്ട്രീയവൽക്കരിക്കുന്നതിന് പകരം രാഷ്ട്രീയത്തെ ഭരണപരമായി മാറ്റിയെടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് കമ്യൂണിസ്റ്റ് ഭരണാധികാരികൾ ധാർഷ്ട്യമുള്ളവരായി ജനങ്ങൾക്ക് അനുഭവപ്പെടുന്നത്. അങ്ങനെ ബ്രാഹ്മണ്യം സിവിൽ സമൂഹത്തിൽനിന്നും ഭരണാധികാരത്തിലേയ്ക്ക് സംക്രമിക്കുന്നു.

► ബൂർഷ്വാ പാർട്ടികളും കമ്യൂണിസ്റ്റ് പാർട്ടിയും

ദലിതരുടെയും ആദിവാസികളുടെയും ജീവിതം മൃഗസമാനമായ കാലത്താണ് കുഞ്ഞാമന്റെ ബാല്യം കടന്നുപോകുന്നത്. 'അകാരണമായി അപമാനമേറ്റു വാങ്ങാൻ വേണ്ടി ജനിച്ച ചോരയും നീരും വറ്റിപ്പോയ ഉണക്ക ശരീരങ്ങളാണ് തങ്ങളെന്ന് ആത്മകഥാകാരൻ എഴുതുന്നുണ്ട്. പ്രതികൂലസാഹചര്യങ്ങളോട് പടവെട്ടി മുന്നേറുന്ന മനുഷ്യന്റെ നിരന്തരമായ പോരാട്ട ജീവിതമാണ് എതിര് എന്ന ആത്മകഥ. ദാരിദ്ര്യത്തിൽനിന്നും ഒരിക്കലും ഒരു പ്രതിഭയെ വാർത്തെടുക്കാൻ കഴിയില്ലെന്ന് അദ്ദേഹം പറയുന്നു. സാമ്പത്തികസ്വാതന്ത്ര്യം നേടാത്ത സമൂഹമായതുകൊണ്ട് ദലിത്-ആദിവാസി വിഭാഗങ്ങളിൽനിന്ന് ശ്രദ്ധേയരായ എഴുത്തുകാരോ കലാകാരന്മാരോ ചലച്ചിത്രസംവിധായകരോ ശാസ്ത്രജ്ഞരോ ഉണ്ടാകുന്നില്ലെന്ന് അദ്ദേഹം വിലയിരുത്തുന്നു.

► ദാരിദ്ര്യത്തിൽ നിന്നും ഒരിക്കലും ഒരു പ്രതിഭയെ വാർത്തെടുക്കാൻ കഴിയില്ല

എതിര് എന്ന പേരുപോലെതന്നെ ബദൽചിന്തയുടെയും വിയോജിപ്പുകളുടെയും ഇടമാണ് കുഞ്ഞാമന് ജീവിതം. സ്ഥാനമാനങ്ങൾ അദ്ദേഹത്തെ ഭ്രമിപ്പിക്കുന്നില്ല. വിദ്യാഭ്യാസത്തിലൂടെയും അനുഭവത്തിലൂടെയും ആർജ്ജിച്ച അറിവുകളാണ് കുഞ്ഞാമനെ മുന്നോട്ടുനയിക്കുന്നത് 'എതിര്' എന്ന കൃതി നിലനിൽക്കുന്നത് സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയസ്വതന്ത്രചിന്തകൾ ആവശ്യപ്പെടുന്ന അക്കാദമികകൃതി എന്ന നിലയിലാണ് എന്ന് നിസ്സംശയം പറയാൻ കഴിയും. ഗൗരവമേറിയ സംവാദങ്ങൾക്ക് വഴിവെക്കുന്ന സ്വതന്ത്രമായ ആശയങ്ങളും ചിന്തകളുമാണ് ഈ കൃതിയിലൂടെ പങ്കുവെയ്ക്കുന്നത്.

► ബദൽചിന്തയുടെയും വിയോജിപ്പുകളുടെയും ഇടമാണ് കുഞ്ഞാമന് ജീവിതം

ഇടതുപക്ഷസഹയാത്രികനായിരുന്നെങ്കിലും പാർട്ടിക്കെതിരെ ശക്തമായ വിമർശനങ്ങളുന്നയിക്കുന്നത് അപ്രിയമായ സാഹചര്യങ്ങൾക്കിടയാക്കുന്നുണ്ട്. പക്ഷെ തന്റെ നിലപാടുകളിൽനിന്ന് തരിമ്പും വ്യതിചലിക്കാൻ കുഞ്ഞാമൻ ഒരിക്കലും തയ്യാറാവുന്നില്ല. ഈ ദൃഢനിശ്ചയത്തിന്റെയും ഇച്ഛാശക്തിയുടെയും ഉറവിടമാണ് ആ ഉറച്ച മനസ്സ്. ഒരിക്കലും അത് ഉലയുന്നതേയില്ല. വ്യവസ്ഥാപിത കമ്യൂണിസ്റ്റ് പാർട്ടിക്ക് അധികാരം ലഭിച്ചിട്ടും അവർ അധഃസ്ഥിതരോട് നീതി കാട്ടിയില്ലെന്ന് ആത്മകഥയിൽ ഇടയ്ക്കിടെ കുഞ്ഞാമൻ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു

കേരളത്തിൽ പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ട ഭൂപരിഷ്കരണത്തി

ന്റെ പരാജയത്തെക്കുറിച്ചു അദ്ദേഹം വിശദമായി വിലയിരുത്തുന്നുണ്ട്. 1957 —ൽ കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ ഭൂരഹിതരായ കർഷകത്തൊഴിലാളികളുടെ പ്രതീക്ഷ വാനോളമായിരുന്നു. തങ്ങൾ സാമ്പത്തികമായി സ്വതന്ത്രരാകുമെന്ന പ്രതീക്ഷ അവർക്കുണ്ടായി. ഇന്ത്യയിൽ മറ്റ് പ്രദേശങ്ങളിലേതുപോലെ പാട്ടസമ്പ്രദായം അവസാനിപ്പിക്കലായിരുന്നു കേരളത്തിൽ നടപ്പാക്കിയ ഭൂപരിഷ്കരണത്തിന്റെ അന്തസത്ത. ഭൂപരിധിയിൽനിന്ന് തോട്ടങ്ങളെയും മതസ്ഥാപനങ്ങളെയും ഒഴിവാക്കിയപ്പോൾ അധികം ഭൂമി കിട്ടാനില്ലാതെയായി. ഇതാണ് ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് ഭൂമി ലഭിക്കാത്തതിന് കാരണം. രാഷ്ട്രീയക്കാരോടുള്ള അവിശ്വാസം ഇവർക്ക് അന്ന് തുടങ്ങിയതാണ് എന്നാണ് ഇതേക്കുറിച്ച് കുഞ്ഞാമൻ പരാമർശിക്കുന്നത് :"ഭൂമി കൈയേറ്റം വ്യാപകമായി നടന്നു. പ്രത്യേകിച്ച് പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ഭാഗത്ത്. ആദിവാസി ഭൂമിയും കൈയേറി. കൈയേറ്റക്കാർക്ക് ക്രൈസ്തവസഭകളുടെയും രാഷ്ട്രീയപ്പാർട്ടികളുടെയും സർക്കാരുകളുടെയും പിന്തുണ ലഭിച്ചു. എന്നാൽ, ഭൂരഹിതദലിതർ ഭൂമി കൈയേറാൻ പോയില്ല. 'ധൈര്യമില്ലാത്തതുകൊണ്ടാണ് ദലിതർ ഭൂമി കൈയേറാൻ ഇറങ്ങാത്തതെന്ന് കുഞ്ഞാമൻ കണ്ടെത്തുന്നു. ഇതിനിടെ ആദിവാസികളുടെ ഭൂമി പാട്ടത്തിനെടുത്ത വമ്പന്മാരായ കർഷകർ മുഴുവൻ ഭൂമിയും കൈവശപ്പെടുത്തി. പല വൻഭൂവുടമകളും പലയിടത്തായി ഭൂമി കൈവശപ്പെടുത്തി. ദേശമംഗലം മനയും ഇത്തരത്തിൽ ഭൂമി പിടിച്ചെടുത്തിട്ടുണ്ട്. അന്നത്തെ ഒരു അനുഭവം കുഞ്ഞാമൻ പങ്കുവെയ്ക്കുന്നു. 'ദേശമംഗലം മനയിലെ ജൂനിയറായ നമ്പൂതിരിപ്പാടിന്റെ പിറന്നാൾ ആഘോഷിക്കുമ്പോൾ ഞങ്ങൾ വരിവരിയായി നിൽക്കും. നാഴിയരിയും നാലണയും വാങ്ങാൻ. ഈ ദാനത്തിന് ഞങ്ങൾ അവരെ പ്രശംസിക്കുകയും ചെയ്യും. ഭൂപരിഷ്കരണത്തിന്റെ യഥാർഥ ഉള്ളടക്കം അന്ന് ഞങ്ങൾ മനസിലാക്കിയിരുന്നില്ല. വിവരമില്ലാത്ത ഞങ്ങൾക്ക് മനസിലായിരുന്നില്ല. 'ഭൂപരിഷ്കരണംമൂലം കൃഷിഭൂമി കൃഷിക്കാരിൽ എത്തിയില്ല എന്ന് മാത്രമല്ല യഥാർഥത്തിൽ മണ്ണിൽ പണിയെടുക്കാത്ത വിഭാഗമാണ് നേട്ടമുണ്ടാക്കിയത്. കേരളത്തിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയപ്പോൾ മണ്ണിൽ പണിയെടുക്കുന്നവന് കൃഷിഭൂമി നൽകാത്തതാണ് പദ്ധതിയുടെ പ്രധാനവീഴ്ചയെന്ന് കുഞ്ഞാമൻ വിമർശിക്കുന്നു. മേലാളവർഗങ്ങളുടെ സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് ഭൂപരിഷ്കരണം നടപ്പിലാക്കിയതെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു. സാമൂഹികപ്രതിസന്ധികളുടെ അടിസ്ഥാന കാരണം ഭൂപരിഷ്കരണത്തിന്റെ വികലമായ നടപ്പാക്കലാണെന്നും കുഞ്ഞാമൻ തുറന്നെഴുതുന്നു.

- ഭൂപരിഷ്കരണവും കീഴാളജനതയും

കുഞ്ഞാമൻ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ കുറേക്കാലം പ്രൊഫസറും വകുപ്പുതലമേധാവിയുമായിരുന്നു. അംബേദ്കർ ചിന്താപദ്ധതി രാഷ്ട്രീയപ്രത്യയശാസ്ത്രമാക്കിയ ഒരു റാഡിക്കൽ ദലിത് ഇന്റലിജൻഷ്യ ഇന്ത്യയിൽ രൂപപ്പെട്ടുവരുന്നുവെന്നും രോഹിത് വെമുലയുടെ ആത്മഹത്യക്കുശേഷം യുവാക്കൾ ഈ രംഗത്തു ഏറെ മുന്നോട്ടുപോയെന്നും തുൾജാപ്പൂർ ക്യാമ്പസ് ജീവിതത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. എതിര് എന്ന ഈ ആത്മകഥയിലൂടെ എം. കുഞ്ഞാമൻ എന്ന സാമ്പത്തികശാസ്ത്രജ്ഞൻ കേരളം രക്ഷിക്കാനുള്ള അന്വേഷണങ്ങളും കർമ്മപദ്ധതികളുടെ കര

ട് നിർദേശങ്ങളും മുന്നോട്ട്വെയ്ക്കുന്നുണ്ട്. അവിടെ സ്വത്വപരമായ നിലപാടുകൾക്ക് ഒരു പ്രസക്തിയുമില്ല. സ്വകാര്യസ്വത്തില്ലാത്തവർക്ക് സ്വാതന്ത്ര്യമില്ലെന്ന് ഹെഗലിനെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർക്കുന്നു. കഴിവുണ്ടാകണമെങ്കിൽ ഭൗതികസാഹചര്യം മെച്ചപ്പെടണമെന്നും അതില്ലാത്തവർക്ക് വികസിക്കാനാവില്ലെന്നും അമർത്യ സെന്നിന്റെ ചില അഭിപ്രായങ്ങൾ കടമെടുത്തുകൊണ്ട് അദ്ദേഹം പറയുന്നു. കഴിവുള്ളവർ എന്നും സാമ്പത്തികാടിത്തറയുള്ളവരായിരിക്കുമെന്നും ഭിക്ഷക്കാരിൽനിന്നും കഴിവുള്ളവർ ഉണ്ടാകില്ലെന്നും കുഞ്ഞാമൻ പറയുന്നു. രണ്ടാംലോകമഹായുദ്ധത്തിനുശേഷം മൂന്ന് ആശയങ്ങൾ ശക്തമായി. ഒന്ന് മനുഷ്യാവകാശപ്രഖ്യാപനം, രണ്ട് വികസനം, മൂന്ന് ജനാധിപത്യം. ഇതിൽ വികസനം ഒരു ബൂർഷ്വാസങ്കല്പനമാണ്. സർക്കാരാണ് വികസനനയം നടപ്പാക്കുന്നത്. ഇത്തരം സംവിധാനത്തിന് ജനങ്ങളെ രക്ഷിക്കാനാവില്ല. ബജറ്റുകൾ അവതരിപ്പിക്കുന്നതിനുമുമ്പ് പുതിയ പദ്ധതികൾക്ക് ജനങ്ങളുടെ സമ്മതം വാങ്ങണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. സമ്പത്ത് ദുർവ്യയം ചെയ്യുന്നതാണ് ഇന്നത്തെ ശാപമെന്ന് കുഞ്ഞാമൻ പറയുന്നു. താത്വികമായി പൊതുപണം ഉപയോഗിച്ച് രാഷ്ട്രീയപ്രവർത്തനം നടത്താൻ പാടില്ല. വിശ്വാസ്യതയില്ലാത്ത ഭരണാധികാരികളാണ് നാടിന്റെ ശാപമെന്ന് കുഞ്ഞാമൻ പറയുന്നു. ഭരണാധികാരികളായ രാഷ്ട്രീയക്കാർ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ പ്രചാരണത്തിനിറങ്ങാതെ ഭരണത്തിൽ കേന്ദ്രീകരിക്കണമെന്ന് കുഞ്ഞാമൻ പറയുന്നു.

- സമ്പത്ത് ദുർവ്യയം ചെയ്യുന്നതാണ് ഇന്നത്തെ ശാപം
- വിശ്വാസ്യതയില്ലാത്ത ഭരണാധികാരികളാണ് നാടിന്റെ ശാപം

## Summarised Overview

സമീപകാലത്തെന്നല്ല മലയാളത്തിലെ ആത്മകഥാ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും മികച്ച കൃതികളിലൊന്നാണ് ഡോ. എം. കുഞ്ഞാമന്റെ ആത്മകഥയായ 'എതിര്.' നിലവിലുള്ള വിഗ്രഹങ്ങളെ നിഷ്ക്കരുണം തകർത്തുതരിപ്പണമാക്കുന്നതുകൊണ്ടു കൂടിയാണ് എതിര് മഹത്തരമാകുന്നത്. അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിന്റെ ചരിത്രം രേഖപ്പെടുത്തുകയാണ് ഡോ. കുഞ്ഞാമൻ. ഇടതുമൂല്യങ്ങൾ കാത്തുസൂക്ഷിക്കുമ്പോഴും സ്വതന്ത്രമായി ചിന്തിക്കാനും ദലിത് വിഭാഗത്തിന് എങ്ങനെ അതിജീവിക്കാമെന്നും നിരന്തരമായി അന്വേഷിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ-സാമൂഹ്യകൃതിയാണ് എതിര്. എഴുത്തുകാരൻ, സാമൂഹ്യപരിഷ്കർത്താവ് എന്നെല്ലാം വിശേഷിപ്പിക്കാവുന്ന ഡോ. എം. കുഞ്ഞാമൻ, ഈ പുസ്തകത്തിൽ സ്വത്വപരമായ പരിപ്രേക്ഷ്യത്തിൽനിന്നും വഴുതിമാറുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം വ്യവസ്ഥാപിത രാഷ്ട്രീയസമൂഹത്തിന്റെ മലിനമായ പാതകളെ ധീരമായി വിചാരണ ചെയ്തുകൊണ്ടാണ് തന്റെ ജീവിതാനുഭവങ്ങൾ അദ്ദേഹം പങ്കുവെയ്ക്കുന്നത്. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന മൂല്യങ്ങളെ സംരക്ഷിക്കുക എന്ന പ്രഖ്യാപിതലക്ഷ്യം ഈ ആത്മകഥാകാരനില്ല. നാം ചിട്ടപ്പെടുത്തിയിരിക്കുന്ന അല്ലെങ്കിൽ സ്വാഭാവികമായി രൂപംകൊണ്ട സാമൂഹ്യശ്രേണികളാൽ ആധുനികസമൂഹം രൂപപ്പെടുമ്പോൾ പലതരത്തിലുള്ള വൈരുധ്യങ്ങളുണ്ടാകും. ഓരോ ശ്രേണിയിലും പെട്ടവർ താന്താങ്ങളുടെ പ്രത്യേകപദവിയെക്കുറിച്ച് ബോധമുള്ളവരായിത്തീരുകയും

SGOU

## Summarised Overview

ചെയ്യുന്നുണ്ട്. ദലിത് സമൂഹത്തിൽനിന്നും വരുന്ന വിദ്യാർഥികൾക്ക് വിദ്യാലയങ്ങളിൽ നേരിടേണ്ടിവരുന്ന തിക്താനുഭവങ്ങൾക്ക് കുഞ്ഞാമനും വിധേയമാവുകയാണ്. പക്ഷേ പഠനകാലയളവിൽ അദ്ദേഹം പ്രകടമാക്കിയ മികവിന്റെ അടിസ്ഥാനത്തിൽ അതിനെയെല്ലാം ധീരമായി അതിജീവിച്ച് മുന്നേറുകയാണ്. സാമ്പത്തികശാസ്ത്ര ബിരുദത്തിനുശേഷം ബിരുദാനന്തരബിരുദത്തിന് പാലക്കാട് വിക്ടോറിയ കോളേജിൽ ചേർന്നപ്പോഴും കുട്ടികളിൽനിന്നും ജാതീയമായ വേർതിരിവിന് വിധേയനാകേണ്ടിവന്നുവെന്ന് അദ്ദേഹം ഓർക്കുന്നുണ്ട്. എം. എ യ്ക്ക്ഒന്നാം റാങ്ക് നേടിയിട്ടും അദ്ദേഹത്തിന് സന്തോഷിക്കാനായില്ല. റാങ്ക് വേദനയല്ലാതെ, ഒരു ചായക്ക് പോലും അത് തന്നെ സഹായിച്ചിട്ടില്ല എന്ന് അദ്ദേഹംതന്നെ പറയുന്നുണ്ട്. റാങ്ക് ജേതാവായിട്ടും വിട്ടൊഴിയാതെ പിന്തുടരുന്ന ദാരിദ്ര്യവും നിരന്തരം വേട്ടയാടുന്ന ജാതിബോധവും കുഞ്ഞാമൻ എന്ന യുവാവിൽ നിരാശയുണ്ടാക്കുന്നുണ്ട്. ഇടയ്ക്ക് ഒരു സുഹൃത്തിന്റെ മുന്നിൽവെച്ച് സർട്ടിഫിക്കറ്റുകൾ കത്തിച്ച് ചാമ്പലാക്കാൻ ശ്രമിക്കുന്നതും ഈ പശ്ചാത്തലത്തിലാണ്.

ഭൂപരിഷ്കരണംമൂലം കൃഷിഭൂമി കൃഷിക്കാരിൽ എത്തിയില്ല എന്ന് മാത്രമല്ല യഥാർഥത്തിൽ മണ്ണിൽ പണിയെടുക്കാത്ത വിഭാഗമാണ് നേട്ടമുണ്ടാക്കിയത്. കേരളത്തിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയപ്പോൾ മണ്ണിൽ പണിയെടുക്കുന്നവന് കൃഷിഭൂമി നൽകാത്തതാണ് പദ്ധതിയുടെ പ്രധാനവീഴ്ചയെന്ന് കുഞ്ഞാമൻ വിമർശിക്കുന്നു. മേലാളവർഗങ്ങളുടെ സാമ്പത്തികതാത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് ഭൂപരിഷ്കരണം നടപ്പിലാക്കിയതെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു. സാമൂഹികപ്രതിസന്ധികളുടെ അടിസ്ഥാനകാരണം ഭൂപരിഷ്കരണത്തിന്റെ വികലമായ നടപ്പാക്കലാണെന്നും കുഞ്ഞാമൻ തുറന്നെഴുതുന്നു. രണ്ടാംലോകമഹായുദ്ധത്തിനുശേഷം മൂന്ന് ആശയങ്ങൾ ശക്തമായി. ഒന്ന് മനുഷ്യാവകാശപ്രഖ്യാപനം, രണ്ട് വികസനം, മൂന്ന് ജനാധിപത്യം. ഇതിൽ വികസനം ഒരു ബൂർഷ്വാസങ്കല്പനമാണ്. സർക്കാരാണ് വികസനനയം നടപ്പാക്കുന്നത്. ഇത്തരം സംവിധാനത്തിന് ജനങ്ങളെ രക്ഷിക്കാനാവില്ല. ബജറ്റുകൾ അവതരിപ്പിക്കുന്നതിനുമുമ്പ് പുതിയ പദ്ധതികൾക്ക് ജനങ്ങളുടെ സമ്മതം വാങ്ങണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. സമ്പത്ത് ദുർവ്യയം ചെയ്യുന്നതാണ് ഇന്നത്തെ ശാപമെന്ന് കുഞ്ഞാമൻ പറയുന്നു. താത്വികമായി പൊതുപണം ഉപയോഗിച്ച് രാഷ്ട്രീയപ്രവർത്തനം നടത്താൻ പാടില്ല. വിശ്വാസ്യതയില്ലാത്ത ഭരണാധികാരികളാണ് നാടിന്റെ ശാപമെന്ന് കുഞ്ഞാമൻ പറയുന്നു. ഭരണാധികാരികളായ രാഷ്ട്രീയക്കാർ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ പ്രചാരണത്തിനിറങ്ങാതെ ഭരണത്തിൽ കേന്ദ്രീകരിക്കണമെന്ന് കുഞ്ഞാമൻ പറയുന്നു.

നിഷ്കളങ്കമായ ബാല്യത്തിലെ വേദനാജനകമായ തിരിച്ചടികളിലൂടെ കടന്നുപോയ തന്റെ ലോകം ഒരു ഇരുട്ടായി തന്നെ ചുറ്റിവരിഞ്ഞതായി കുഞ്ഞാമൻ രേഖപ്പെടുത്തുന്നു. തീക്ഷ്ണമായ അനുഭവങ്ങളുടെ കലവറയാണ് ഈ ബാല്യം. മലയാളത്തിൽ ഇതുവരെ എഴുതപ്പെട്ട ആത്മകഥകളിൽ ഏറ്റവും മുന്നിൽ പ്രതിഷ്ഠിക്കാവുന്ന ഒരു കൃതിയാണ് എതിര്. ഈ ആത്മകഥ അനുഭവതീവ്രമാകുമ്പോഴും അതിൽ എടുത്തുപറയേണ്ടതായ ന്യൂനതകളുമുണ്ട്. അത് ഗ്രന്ഥത്തിൽ ചില ഭാഗത്ത് മുഴച്ചുനിൽക്കുന്ന പ്രസ്താവനകളാണ്. അത് പുസ്തകത്തിന്റെ ഉള്ളടക്കവുമായി പൊരുത്തപ്പെടാനാവുമോ എന്ന സംശയം ഉയർത്തുന്നുണ്ട്. ജനകീയാസൂത്രണ പദ്ധതിയുടെ പ്രാഥമികഘട്ടത്തിൽ ചർച്ചയിൽ പങ്കെടുക്കുന്ന കുഞ്ഞാമൻ പദ്ധതിക്കെതിരെ വിമർശനമുന്നയിക്കുന്നുണ്ട്. പദ്ധതി ഭൂരഹിതരായ ദലിതർക്കുവേണ്ടിയും ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമിയുടെ വീണ്ടെടുക്കലിനെക്കുറിച്ചും പിന്നീട് ഒന്നും പറയുന്നില്ല. 'വേണ്ട പാർട്ടിയും വികസനവും' എന്ന അധ്യായത്തിൽ 'വികസനം ബൂർഷ്വാ സങ്കല്പനമാണ്' എന്ന് പ്രസ്താവന നടത്തുമ്പോൾ സ്വതന്ത്രമായ തീരുമാനങ്ങൾക്ക് മുൻതൂക്കം കൊടുക്കണമെന്നും സൂചിപ്പിക്കുന്നു. പാർട്ടി രാഷ്ട്രീയവും മതവും നിയമപരമായി നിരോധിക്കപ്പെടണം

SGOU

എന്ന പ്രസ്താവന നടത്തുമ്പോഴും ബദൽനിർദ്ദേശങ്ങൾക്ക് വ്യക്തതയില്ലാതെവരുന്നു. പ്രധാന മന്ത്രി ഉൾപ്പെടെ എല്ലാ പൗരന്മാരും എല്ലാ ദിവസവും രണ്ട് മണിക്കൂർനേരം കൃഷിപ്പണി ഉൾപ്പെടെയുള്ള ജോലികൾ ചെയ്തിരിക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. അത് പ്രശംസനീയമാണ്. എങ്കിലും ആഗോളവൽക്കരണത്തിന്റെ ദോഷവശങ്ങളിൽപ്പെട്ടുഴലുന്ന മനുഷ്യന്റെ പുരോഗമന കാഴ്ചപ്പാട് എങ്ങനെയായിരിക്കണം എന്ന നിലയിലുള്ള പരിഹാരമാർഗങ്ങൾ അദ്ദേഹം മുന്നോട്ടുവയ്ക്കുന്നില്ല.

## Assignments

1. ദലിത് രാഷ്ട്രീയവും  സാഹിത്യവും - ഉപന്യാസം തയ്യാറാക്കുക
2. ജനകീയാസൂത്രണത്തിന്റെ ചരിത്രത്തെ കുഞ്ഞാമൻ എങ്ങനെയാണ് വിലയിരുത്തുന്നത്?
3. കേരളത്തിൽ നടന്ന ഭൂപരിഷ്കരണത്തിന്റെ ചരിത്രത്തെ കുഞ്ഞാമൻ വിശകലനം ചെയ്യുന്നതെങ്ങനെ?
4. കുഞ്ഞാമൻ അദ്ദേഹത്തിന്റെ അനുഭവാഖ്യാനങ്ങൾക്ക് 'എതിര്' എന്ന് പേര് നൽകിയിരിക്കുന്നതിന്റെ യുക്തി പരിശോധിക്കുക.
5. വിഭവങ്ങളുടെ അഭാവവും ദളിത് ജീവിതവും - എം. കുഞ്ഞാമന്റെ 'എതിര്' എന്ന ആത്മകഥയെ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

## Suggested Readings


1. എം. കുഞ്ഞാമൻ, എതിര്, ഡി. സി. ബുക്സ്, കോട്ടയം.
2. പ്രദീപൻ പാമ്പിരികുന്ന്, ദലിത് പഠനം - സ്വത്വം, സംസ്കാരം, സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. വിനിൽ പോൾ, ദളിത് ചരിത്രദംശനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. സജിത കെ. ആർ, ദളിതമക്ഷരസംയുക്തം, പരിധി ബുക്സ്, തിരുവനന്തപുരം.
5. രേഖാരാജ്, ദളിത് സ്ത്രീ ഇടപെടലുകൾ, ഡി. സി ബുക്സ്,കോട്ടയം.
6. സണ്ണി എം. കപിക്കാട്, ജനതയും ജനാധിപത്യവും, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്.

## References


1. എം. കുഞ്ഞാമൻ, എതിര്, ഡി. സി. ബുക്സ്, കോട്ടയം.
2. ടി. കെ. അനിൽകുമാർ, ദളിത്സാഹിത്യം ചരിത്രവും വർത്തമാനവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. ഓ.കെ. സന്തോഷ്, അനുഭവങ്ങൾ അടയാളങ്ങൾ: ദളിത് ആഖ്യാനം രാഷ്ട്രീയം, അദർ ബുക്സ്, കോഴിക്കോട്.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# 2. ഭൂവുടമസ്ഥതയും ജാതിയും ചെങ്ങറയുടെ പാഠങ്ങൾ

**സണ്ണി എം. കപിക്കാട്**

## Learning Outcomes

- ജാതിയും അധികാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അറിവ് നേടുന്നു
- ചെങ്ങറ ഭൂസമരത്തിന്റെ ചരിത്രം മനസിലാക്കുന്നു
- കേരളത്തിൽ നടപ്പിലായ ഭൂപരിഷ്കരണശ്രമങ്ങളുടെ അപാകതകൾ കണ്ടെത്തുന്നു
- ഭൂമിയുടെ പങ്കുവെയ്ക്കലും ജാതിയും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു

## Background

**ചെങ്ങറ ഭൂസമരം**

കേരള സംസ്ഥാനത്തിന്റെ രൂപീകരണവും, തുടർന്ന് പല കാലങ്ങളിലായി നടപ്പിലാക്കാൻ ശ്രമിച്ച ഭൂപരിഷ്കരണനിയമങ്ങളും പലപ്പോഴും അതിന്റെ പ്രായോഗികതയിലേയ്ക്ക് എത്തിച്ചേരുന്നതിനുമുൻപുതന്നെ പരാജയപ്പെട്ടതായികാണാം. വിഭവങ്ങളുടെ പങ്കിടലും കൂടുതൽ തുല്യരായവരെ കണ്ടെത്തുന്നതിനായി തിരഞ്ഞെടുത്ത പലതരം മാനദണ്ഡങ്ങളും അധികാരത്തിന്റെ ചേരിതിരിവുകളും അരിക്വത്ക്കരിക്കപ്പെട്ട ജനതയെ ഭൂമി എന്ന അവരുടെ അവകാശത്തിൽ നിന്ന്അകറ്റിനിർത്തിയിരുന്നു എന്ന് പിൽക്കാലചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പത്തനംതിട്ട ജില്ലയിലെ ഒരു ചെറിയ ഗ്രാമമാണ് ചെങ്ങറ. ചെങ്ങറയുടെ നാലു അതിർത്തികളിൽ മൂന്നും ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന റബ്ബർ പ്ലാന്റേഷൻ കമ്പിനിയാൽ ചുറ്റപ്പെട്ടിരിക്കുന്നു. ഇവിടെനടന്ന ഏറ്റവും പ്രധാനപ്പെട ഭൂസമരമാണ് ചെങ്ങറ ഭൂസമരം. 2007 ഓഗസ്റ്റ് നാലിന് ളാഹ ഗോപാലന്റെയും സെലീന പ്രക്കാനത്തിന്റെയും നേതൃത്വത്തിൽ ആരംഭിച്ച സമരത്തിന് മേധാ പട്കർ, അരുന്ധതി റോയ് തുടങ്ങിയ നിരവധി സാമൂഹികപ്രവർത്തകരുടെ പിന്തുണയുണ്ടായിരുന്നു. പത്തനംതിട്ട ജില്ലയിലെ ചെങ്ങറ എന്ന സ്ഥലത്ത് ഹാരിസൺ മലയാളം പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിന്റെ അധീനതയിലുള്ള റബ്ബർ എസ്റ്റേറ്റിൽ 300 കുടുംബങ്ങളാണ് കുടിൽകെട്ടി താമസിച്ചു പ്രക്ഷോഭം തുടങ്ങിയത്. സമരം നടത്തിയവർ വലിയ തോതിലുള്ള ആക്രമണങ്ങൾക്കും ഉപരോധത്തിനും ഇരയായി. ചെങ്ങറ ഭൂസമരത്തെ മുൻനിർത്തി ഭൂവുടമസ്ഥതയും ജാതിയും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുകയാണ് എഴുത്തുകാരനായ സണ്ണി എം. കപിക്കാട് 'ഭൂവുടമസ്ഥതയും ജാതിയും ചെങ്ങറയുടെ പാഠങ്ങൾ' എന്ന ലേഖനത്തിൽ. ചെങ്ങറയിൽ നടന്ന ഭൂസമരത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് കേരളത്തിൽ അതുവരെ നടന്ന ഭൂസമരങ്ങളെ അദ്ദേഹം വിശകലനം ചെയ്യുന്നു. ഒപ്പം ഭൂപരിഷ്കരണത്തിന്റെ പരിമിതികൾ ചൂണ്ടിക്കാട്ടുകയും ദലിത്- ആദിവാസി ജനതയുടെ അവകാശങ്ങളെ ഉയർത്തിപ്പിടിയ്ക്കുകയും ചെയ്യുന്നു.

**സണ്ണി എം. കപിക്കാട്**

മലയാളത്തിലെ ദലിത് സാഹിത്യത്തെയും രാഷ്ട്രീയത്തെയും സൂക്ഷ്മമായി വിശകലനം ചെയ്ത സൈദ്ധാന്തികനാണ് സണ്ണി എം. കപിക്കാട്. അദ്ദേഹം ദലിത് സമുദായങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന നിരവധി പ്രക്ഷോഭങ്ങളിൽ പങ്കെടുക്കുകയും ആ നിലയിൽ നിലപാടുകൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ചിന്തകൻ,

എഴുത്തുകാരൻ, പ്രഭാഷകൻ എന്നീ നിലകളിൽ പ്രശസ്തൻ. 1964 കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലെ കല്ലറയിൽ സണ്ണി എം. കപിക്കാട് ജനിച്ചു. ഹിന്ദുത്വഫാസിസത്തിന്റെ വിപൽസൂചനകൾ എന്ന പുസ്തകം എഡിറ്റ് ചെയ്തിട്ടുണ്ട്. 1980 മുതൽ കേരളത്തിലെ ദലിത് ആദിവാസി മേഖലയിൽ പ്രവർത്തിക്കുകയും എഴുതുകയും ചെയ്യുന്നു. ആനുകാലികങ്ങളിലും ഓൺലൈൻ മാഗസിനുകളിലും ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പെൻഗ്വിൻ, സേജ് ഇന്ത്യ തുടങ്ങിയ ഇംഗ്ലീഷ് പുസ്തകങ്ങളിലും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാള സർവകലാശാല പരിസ്ഥിതി പഠനവിഭാഗം ബോർഡ് ഓഫ് സ്റ്റഡീസ് അംഗവും കേരളത്തിലെ അറിയപ്പെടുന്ന പ്രഭാഷകനും സാമൂഹ്യസാംസ്കാരികരംഗത്തെ സജീവസാന്നിധ്യവുമാണ് അദ്ദേഹം. 'ജനതയും ജനാധിപത്യവും : ദലിത്വിജ്ഞാനത്തിന്റെ രാഷ്ട്രീയപാഠങ്ങൾ' എന്നത് അദ്ദേഹം രചിച്ച പ്രശസ്തമായ ഗ്രന്ഥമാണ്.

## Keywords

ചെങ്ങറ ഭൂസമരം - ജാതിയും ഭൂവുടമസ്ഥതയും തമ്മിലുള്ള ബന്ധം - ജാതിയും അധികാരവും ചരിത്രവും വർത്തമാനവും - ലക്ഷംവീടുകളുടെ പരിമിതികൾ

## Discussion

### 4.3.2 ഭൂവുടമസ്ഥതയും ജാതിയും: ചെങ്ങറയുടെ പാഠങ്ങൾ

ഒന്നര ദശകത്തിലേറെയായി കേരളത്തിലെ ആദിവാസികളും ദളിതരുമുൾപ്പെടെയുള്ള ഭൂരഹിതർ കൃഷി ചെയ്യാനാവശ്യമായ ഭൂമി ലഭ്യമാക്കുക എന്ന ആവശ്യമുന്നയിച്ച് പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുന്നു. വളരെ വേഗത്തിലാണ് ചെങ്ങറ ഭൂസമരം കത്തിപ്പടർന്നത്. ആരംഭവേളയിൽതന്നെ മാധ്യമശ്രദ്ധ നേടിയ സമരമായിരുന്നു ചെങ്ങറ ഭൂസമരം. സമരരീതി വ്യത്യസ്തമായതിനാൽ ദേശീയതലത്തിൽ അറിയപ്പെടുന്ന ആക്ടിവിസ്റ്റുകളായ മേധാപട്കർ, അരുന്ധതി റോയ് തുടങ്ങിയവരൊക്കെ സമരഭൂമി സന്ദർശിക്കുകയുണ്ടായി. പത്തനംതിട്ട ജില്ലയിലെ ചെങ്ങറ എന്ന സ്ഥലത്ത് ഹാരിസൺ മലയാളം പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിന്റെ അധീനതയിലുള്ള റബ്ബർ എസ്റ്റേറ്റിൽ 300 കുടുംബങ്ങളാണ് കുടിൽകെട്ടി താമസിച്ചു പ്രക്ഷോഭം തുടങ്ങിയത്. ആദ്യഘട്ടത്തിൽ 143 ഹെക്ടർ ഭൂമിയിലാണ് കുടിൽ കെട്ടിയത്. 2007 ആഗസ്ത് 4 ന് ആരംഭിച്ച ഈ സമരം വ്യാപകമായ സാമൂഹ്യശ്രദ്ധ ക്ഷണിച്ചുവരുത്തി. ഹാരിസൺ അനധികൃതമായാണ് ഭൂമി കൈവശം വെയ്ച്ചിരിക്കുന്നതെന്ന് വാദിച്ചാണ് സാധുജനവിമോചനസംയുക്തവേദി ഭൂമി പിടിച്ചെടുത്ത് സമരമാരംഭിച്ചത്. സമരം രണ്ട് മാസം പിന്നിട്ടപ്പോൾ 7000 കുടുംബങ്ങൾ സമരഭൂമിയിലെത്തി കുടിൽ കെട്ടിയത് പ്രക്ഷോഭത്തിന് വലിയ കരുത്തു നൽകി. നിലവിൽ കൃഷിഭൂമിയില്ലാത്തവരും വീടില്ലാത്തവരുമാണ് സമരത്തിൽ ഭാഗഭാക്കായത്. കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള ഭൂരഹിതരാണ് സമരഭൂമിയിലെത്തിയത്. 1970-ൽ നടപ്പിലാക്കിയ ഭൂപരിഷ്കരണനിയമത്തിന്റെ അപാകത സംസ്ഥാ



SGOU

> ▶ ഭൂരഹിതർ നടത്തിയ കുടിൽകെട്ടി സമരം

നത്തെ മുഴുവൻ മിച്ചഭൂമിയും ഏറ്റെടുത്തില്ല എന്നുള്ളതാണ്. എട്ടേമുക്കാൽലക്ഷം ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാനുണ്ട് എന്ന് കണ്ടെത്തിയ സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്തത് വെറും 90000 ഏക്കർ മാത്രമായിരുന്നു. ഇതുമൂലം സംസ്ഥാനത്ത് ഭൂരഹിതരിൽ മിക്കവർക്കും ഭൂമി ലഭിച്ചില്ല.

ഭൂരഹിതരുടെ എണ്ണം വർധിച്ചതോടെ കുടികിടപ്പു നിയമം നടപ്പിലാക്കി. വീട് നിർമ്മിക്കാനാവശ്യമായ സ്ഥലം നൽകുക എന്ന ലക്ഷ്യത്തോടെ പത്ത് സെന്റ്, അഞ്ച് സെന്റ്, മൂന്ന് സെന്റ് എന്നിങ്ങനെ പ്രാദേശികാടിസ്ഥാനത്തിൽ നൽകി. പിന്നെയും ഭൂമിയില്ലാത്തവർ മിച്ചമായതോടെ 1972-ൽ ലക്ഷം വീട് പദ്ധതി നടപ്പിലാക്കി. അന്ന് നിർമ്മിച്ച വീടുകളിൽ പരിമിതികളേറെയായിരുന്നു. അപ്പോഴും ഭൂരഹിതരുടെ എണ്ണം കൂടിത്തന്നെനിന്നു. ചരിത്രപരമായി ഭൂമി നിഷേധിക്കപ്പെട്ടവരാണ് ചെങ്ങറയിൽ കുടിൽ കെട്ടിയത്. പക്ഷെ അവർക്കെതിരെ സർക്കാർ നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചത്. സമരം ഏഴു മാസം നീണ്ടുനിന്നിട്ടും ചർച്ചയ്ക്ക് സർക്കാർ തയ്യാറായില്ല. ഒരു രാഷ്ട്രീയപാർട്ടിയും സമരത്തെ പിന്തുണച്ചില്ല. കോഴിക്കോട് ജില്ലയിലെ ഒരു പ്രദേശത്ത് ഇരുനൂറോളം കുടിയേറ്റക്കാർ ഭൂമി കയ്യേറി സമരം ചെയ്തിട്ടും സർക്കാർ അവരെ ഒഴിപ്പിക്കാൻ ശ്രമിച്ചില്ല. കയ്യേറിയ ഭൂമിയിൽനിന്നും ഇറങ്ങണമെന്ന, ഹൈക്കോടതി വിധിയുണ്ടായിട്ടും ആരും ഇറങ്ങിയില്ലെന്ന് മാത്രമല്ല അവരെ മുഖ്യധാരാരാഷ്ട്രീയനേതൃത്വം സംരക്ഷിക്കുകകൂടി ചെയ്തു. ഈ സമരം ചെയ്തവർക്കുവേണ്ടി സർക്കാർ എല്ലാ സഹായങ്ങളും നല്കിയിട്ടുണ്ട്. പക്ഷേ നൂറുകണക്കിന് ആദിവാസികളും ദലിതരും സമരം ചെയ്തിട്ട് ഒരു സഹായവും സർക്കാർ ചെയ്തില്ല.

> ▶ ചർച്ചയ്ക്ക് സർക്കാർ തയ്യാറായില്ല
> ▶ ഒരു രാഷ്ട്രീയ പാർട്ടിയും സമരത്തെ പിന്തുണച്ചില്ല

കേരളത്തിൽ ബഹുഭൂരിപക്ഷം വരുന്ന ആദിവാസികൾക്കും ദലിതർക്കും ഭൂമിയില്ലെന്ന് പറഞ്ഞാൽ സർക്കാർ അംഗീകരിക്കില്ല എന്നാണ് ലേഖകൻ പറയുന്നത്. ഈ സാഹചര്യത്തിലാണ് സമരക്കാർ ആത്മാഹുതി ചെയ്യുമെന്ന് മുന്നറിയിപ്പ് നൽകി രംഗത്തുവന്നത്. മുന്നൂറ്റിപതിനാറ് കുടുംബങ്ങളെ കുടിയിറക്കിയ മൂലമ്പിള്ളി സമരക്കാരോടു നിർദ്ദയം പെരുമാറിയ ഭരണകൂടനിലപാടുപോലും കേരളം കണ്ടെന്ന് നടിച്ചില്ല. ഇങ്ങനെയുള്ള കേരളത്തെക്കുറിച്ച് അഭിമാനിക്കേണ്ട കാര്യമില്ലെന്നും ലേഖകൻ വിലയിരുത്തുന്നു. കേരളത്തിലെ ഭൂരഹിതരുടെ സമരപരമ്പരയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. 1896-ലെ ജന്മികുടിയാൻ വിളംബരം മുതലുള്ള ചരിത്രം പരിശോധിക്കുകയാണെങ്കിൽ ഭൂവിനിയോഗത്തിന്റെമേൽ കർഷകന് ലഭിച്ച ഇളവുകൾ വലിയ പോരാട്ടങ്ങളുടെ ഫലമായി നേടിയെടുത്തതാണെന്നു കാണാം.

> ▶ സമരക്കാർ ആത്മാഹുതി ചെയ്യുമെന്ന് മുന്നറിയിപ്പ് നൽകി

## സമരത്തിന്റെ പശ്ചാത്തലം

കേരളത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ 2001-ൽ ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ നടത്തിയ ഒന്നര മാസം നീണ്ട സമരം ആഗോളശ്രദ്ധ നേടിയിരുന്നു. ഭൂരഹിതരായ 45,000 ആദിവാസി കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ വീതം കൃഷിയോഗ്യമായ ഭൂമി നൽകണമെന്നായിരുന്നു അന്നത്തെ ആവശ്യം. ഒന്നര ദശകത്തിലേറെയായി കേരളത്തിലെ ആദിവാസികളും ദലിതരുമുൾപ്പെടെയുള്ള ഭൂരഹിതർ കൃഷി ചെയ്യാനാവശ്യമായ ഭൂമി ലഭ്യമാക്കുക എന്ന ആവശ്യമുന്നയിച്ച്

> ▶ രണ്ടാംഘട്ടമായിരുന്നു ഭൂമി പിടിച്ചെടുത്തുള്ള ചെങ്ങറ സമരം

പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുകയാണല്ലോ. ആദിവാസിഗോത്രമഹാസഭയുടെ നേതൃത്വത്തിൽ നടന്ന സമരത്തിന്റെ രണ്ടാംഘട്ടമായിരുന്നു ഭൂമി പിടിച്ചെടുത്തുള്ള ചെങ്ങറ സമരം. പ്രക്ഷോഭത്തെ സർക്കാർ അവഗണിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ലേഖകൻ ഈ കുറിപ്പ് എഴുതുന്നത്. സംസ്ഥാനത്തുടനീളവും വളരെ വേഗത്തിലാണ് വ്യത്യസ്തമായ ഈ ഭൂസമരം കത്തിപ്പടർന്നത്. ആരംഭവേളയിൽതന്നെ മാധ്യമശ്രദ്ധ നേടിയ സമരമായിരുന്നു ചെങ്ങറ. സമരരീതി വ്യത്യസ്തമായിരുന്നതിനാൽ ദേശീയതലത്തിൽ ശ്രദ്ധപിടിച്ചുപറ്റി.

## ഹാരിസൺ മലയാളം പ്ലാന്റേഷൻ ഭൂമികയ്യേറ്റമോ ?

ഹാരിസൺ മലയാളം പ്ലാന്റേഷന്റെ അധീനതയിലുള്ള റബ്ബർ എസ്റ്റേറ്റിൽ മൂന്നൂറ് കുടുംബങ്ങളാണ് കുടിൽകെട്ടി താമസിച്ചു പ്രക്ഷോഭം തുടങ്ങിയത്. തോട്ടം മേഖലയിൽ ഒരു നൂറ്റാണ്ടു കാലമായി കച്ചവടം നടത്തുന്ന കമ്പനിയാണ് ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്. വിവിധ മേഖലകളിൽ പാട്ടത്തിനെടുത്ത ഭൂമിയായ പത്ത് എസ്റ്റേറ്റുകളിലൊന്നാണ് പത്തനംതിട്ട ജില്ലയിലെ കുമ്പളയിലുള്ള റബർ തോട്ടം. 1994 ന് ശേഷം കമ്പനി പാട്ടക്കരാർ പുതുക്കിയിട്ടില്ല. ഈ തോട്ടമാണ് പിന്നീട് ദലിതരും ആദിവാസികളും പിടിച്ചെടുത്തത്. നിലവിൽ ഹാരിസൺ മലയാളം ലിമിറ്റഡ് കയ്യേറ്റഭൂമിയിലാണ് വ്യവസായം നടത്തുന്നത് എന്നാണ് ചെങ്ങറ ഭൂസമരത്തെ പിന്തുണയ്ക്കുന്നവരുടെ വാദം. ഇത് സംബന്ധിച്ച കേസും നിലവിലുണ്ട്. കയ്യേറ്റഭൂമിയാണെന്നുള്ളതിന്റെ തെളിവുകൾ സർക്കാരിന്റെ കൈവശമുണ്ടെങ്കിലും കോടതിയിൽ ഹാജരാക്കിയാൽ ഹാരിസൺ കമ്പനിക്ക് പുറത്തുപോകേണ്ടിവരുമെന്നാണ് സമരാനുകൂലികൾ സമർഥിക്കുന്നത്. സർക്കാർ കേരളത്തിലെ ഭൂരഹിതരോടൊപ്പമല്ല പകരം വിദേശ കമ്പനിക്ക്വേണ്ടി ഒത്താശ ചെയ്യുകയാണ് എന്നാണ് ലേഖകനായ സണ്ണി എം. കപിക്കാട് വാദിക്കുന്നത്.

> ▶ പാട്ടക്കരാർ പുതുക്കിയിട്ടില്ലാത്ത തോട്ടമാണ് പിന്നീട് ദളിതരും ആദിവാസികളും പിടിച്ചെടുത്തത്

## 2001-ലെ ആദിവാസി ഭൂസമരം

കേരളത്തിൽ ജനശ്രദ്ധ ആകർഷിച്ച ഒരു സമരമായിരുന്നു സെക്രട്ടേറിയറ്റ് പടിക്കലിൽ നടന്ന ആദിവാസി ഭൂസമരം. ആദിവാസിമേഖലയിലെ പട്ടിണിമരണങ്ങൾ ഉയർത്തിക്കാട്ടി 2001 സെപ്റ്റംബറിൽ സി. കെ ജാനുവിന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിനുമുന്നിൽ കുടിൽകെട്ടി സമരം ആരംഭിച്ചു. ആദിവാസി ഗോത്രമഹാസഭയാണ് സമരം നയിച്ചത്. പട്ടിണി കാരണം 36 ആദിവാസികൾ മരിച്ച സംഭവം ഉയർത്തിക്കാട്ടിയാണ് പ്രക്ഷോഭകർ സമരം തുടങ്ങിയത്. മുഖ്യമന്ത്രിയായിരുന്ന എ. കെ ആന്റണിയുടെ ഔദ്യോഗികവസതിക്ക് മുന്നിലും ആദിവാസികൾ കുടിൽകെട്ടി സമരംചെയ്തു. സമരത്തിന് വ്യാപകമായ ജനപിന്തുണ ലഭിച്ചു. കെ. ആർ. ഗൗരിയമ്മ ഉൾപ്പെടെയുള്ളവർ സമരം ഒത്തുതീർപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തി. 48-ാം ദിവസം സർക്കാർ ചർച്ചയ്ക്ക് തയ്യാറായി. ഒക്ടോബർ 16-ന് പ്രക്ഷോഭകരുമായി നടത്തിയ ചർച്ചയെത്തുടർന്ന് സമരം പിൻവലിച്ചു. ഭരണഘടനയുടെ അഞ്ചാം ഷെഡ്യൂളിൽ ആദിവാസികളുടെ ഭൂമി ഉൾപ്പെടുത്തി ഭൂമി പിന്നീട് അന്യാധീനപ്പെടുത്താൻ കഴിയുമെന്ന് കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യുമെന്നും ഭൂമി കണ്ടെത്തി നൽകുമെന്നും കേരള സർക്കാർ അന്ന് പറഞ്ഞിരുന്നു.

SGOU

ഒത്തുതീർപ്പ് വ്യവസ്ഥ അനുസരിച്ച് 2002 ജനുവരി ഒന്നു മുതൽ ഭൂമി വിതരണം ചെയ്തുതുടങ്ങും എന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നു. വീണ്ടും ഒരുവർഷംകൂടി കാത്തിരുന്നിട്ടും കരാർ ലംഘനമല്ലാതെ ഭൂമി കിട്ടില്ലെന്നുറപ്പായപ്പോഴാണ് 2003 ജനുവരിയിൽ സി. കെ. ജാനുവും ആദിവാസി ഗോത്രമഹാസഭയും നേതൃത്വം കൊടുത്ത മുത്തങ്ങയിലെ ഭൂമി പിടിച്ചെടുക്കൽ സമരം ആരംഭിച്ചത്.

> ▶ ആദിവാസി ഭൂസമരം

## ഭൂമി നിഷേധിക്കപ്പെട്ടവരുടെ സമരം

ചരിത്രപരമായി അവഗണിക്കപ്പെട്ടവരാണ് ചെങ്ങറയിൽ കുടിൽകെട്ടി സമരത്തിനിറങ്ങിയത്. പക്ഷെ അവർക്കെതിരെ സർക്കാർ നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചത് എന്ന് ലേഖകൻ കുറ്റപ്പെടുത്തുന്നു. സമരത്തിന്റെ ദൈർഘ്യം ഏഴുമാസം കടന്നിട്ടും ഒരു ചർച്ചയ്ക്കുപോലും സർക്കാർ ക്ഷണിച്ചില്ല. ഒരു രാഷ്ട്രീയപാർട്ടിയും സമരത്തെ പിന്തുണച്ചില്ല. വനഭൂമിയിലെ കുടിയേറ്റക്കാർക്ക് പട്ടയം ലഭിക്കാൻവേണ്ടിയുള്ള സമരമോ മറ്റോ ആയിരുന്നെങ്കിൽ മുഖ്യധാരാരാഷ്ട്രീയ കക്ഷികൾ പിന്തുണക്കുമായിരുന്നു എന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത്. കോഴിക്കോട് ജില്ലയിലെ ഒരു പ്രദേശത്ത് ഇരുന്നൂറോളം കുടിയേറ്റക്കാർ ഭൂമികയ്യേറി സമരംചെയ്തിട്ടും സർക്കാർ അവരെ ഒഴിപ്പിക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല. കയ്യേറിയ ഭൂമിയിൽനിന്നും ഇറങ്ങണമെന്ന ഹൈക്കോടതി വിധി ഉണ്ടായിട്ടും ആരും ഇറങ്ങിയില്ലെന്ന് മാത്രമല്ല അവരെ മുഖ്യധാരാരാഷ്ട്രീയനേതൃത്വം സംരക്ഷിക്കുകകൂടി ചെയ്തെന്നും ലേഖനത്തിൽ പറയുന്നു. പക്ഷേ നൂറുകണക്കിന് ആദിവാസികളും ദലിതരും സമരം ചെയ്തിട്ട് ഒത്തുതീർപ്പിനുള്ള ഒരു ശ്രമവും സർക്കാർ ഭാഗത്തുനിന്നുണ്ടായില്ല എന്ന് ലേഖകൻ വിമർശിക്കുന്നു.

> ▶ സർക്കാർ നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചത്

## ആർക്ക് ഭൂമി വിതരണം ചെയ്യണം

ചെങ്ങറ ഭൂസമരം ഏതാണ്ട് ഏഴ് മാസം പിന്നിട്ടപ്പോൾ സമരത്തിന്റെ തീവ്രത വർധിച്ചു. ഈ അവസരത്തിൽ സമരത്തിൽ പങ്കെടുത്ത ആദിവാസികൾക്ക് മാത്രം ഭൂമി നൽകുമെന്ന് സർക്കാർ ഭാഗത്തുനിന്ന് പരാമർശമുണ്ടായതിനെതിരെ ലേഖകൻ വിമർശനമുന്നയിക്കുന്നു. കേരളത്തിലെ വിവിധസമുദായങ്ങളിൽനിന്നുള്ള ഭൂരഹിതരാണ് സമരഭൂമിയിൽ കുടിൽകെട്ടിയത്. അതിൽ ആദിവാസികൾ മാത്രമല്ല നായരും സുറിയാനിക്രിസ്ത്യാനിയും മുസ്ലിങ്ങളും അവശക്രൈസ്തവരും ദലിതരുമുണ്ട്. ഭൂരഹിതരായ ഈ വിഭാഗങ്ങളെ അംഗീകരിക്കാതെ ആദിവാസികൾക്കുമാത്രം എവിടെയെങ്കിലും ഭൂമി നൽകിയാൽ സമരം അവസാനിപ്പിക്കുന്നതെങ്ങനെയെന്ന് ലേഖകൻ ചോദിക്കുന്നു. കേരളത്തിൽ ബഹുഭൂരിപക്ഷം വരുന്ന ആദിവാസികൾക്കും ദലിതർക്കും ഭൂമി ഇല്ലെന്ന് പറഞ്ഞാൽ സർക്കാർ അംഗീകരിക്കില്ലെന്നും ലേഖകൻ വിമർശിക്കുന്നു. ഈ സാഹചര്യത്തിലാണ് ആത്മാഹുതി ചെയ്യുമെന്ന് മുന്നറിയിപ്പ് നൽകി സമരക്കാർ രംഗത്തുവന്നത്. കണ്ടെയ്നർ ടെർമിനൽ മുന്നൂറ്റി പതിനാറ് കുടുംബങ്ങളെ കുടിയിറക്കിയ മൂലമ്പിള്ളി സമരക്കാരോട് നിർദ്ദയം പെരുമാറിയ ഭരണകൂടനിലപാടുപോലും കേരളം കണ്ടെന്ന് നടിച്ചില്ല. ഇങ്ങനെയുള്ള കേരളത്തെക്കുറിച്ച് അഭിമാനിക്കേണ്ട കാര്യമില്ലെന്നും ലേഖകൻ തുറന്നടിക്കുന്നു. ഒത്തുതീർപ്പ് വ്യവസ്ഥയനുസരിച്ച് ഭൂമി നൽകുമെന്ന വാഗ്ദാനം ഭാഗികമായി

> ▶ ഭൂരഹിതരായ ഈ വിഭാഗങ്ങൾ - ആദിവാസികൾ മാത്രമല്ല നായരും സുറിയാനി ക്രിസ്ത്യാനിയും മുസ്ലിങ്ങളും അവശക്രൈസ്തവരും ദളിത്തുമുണ്ട്



SGOU

നടപ്പാക്കിയിട്ടുണ്ട്. പക്ഷെ പ്രശ്നങ്ങൾ ഇപ്പോഴും ബാക്കി നിൽക്കുന്നു. വാസയോഗ്യമല്ലാത്ത സ്ഥലത്തേക്ക് മാറാൻ അവർ തയ്യാറല്ലായിരുന്നു. ഇരുന്നൂറിലധികം കുടുംബങ്ങൾ ഇപ്പോഴും ചെങ്ങറ സമരഭൂമിയിൽ തന്നെ കഴിയുന്നു.

ലേഖനം അവസാനിക്കുന്നത് ഇപ്രകാരമാണ്:

'നൂറുകണക്കിന് സ്ത്രീകളും കുഞ്ഞുങ്ങളുമാണ് ചെങ്ങറയിൽ മണ്ണെണ്ണ കന്നാസുമായി ആത്മാഹുതിക്കൊരുങ്ങിയത്. ഞങ്ങൾ ഒരിക്കലും ആത്മാഹുതിയെ അനുകൂലിക്കുന്നില്ല. ഒരു ജീവൻപോലും പൊലിയാതെ കേരളത്തിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി കിട്ടണമെന്നാണ് നമ്മുടെ ആവശ്യം. എന്നാൽ ഏഴരമാസം സമരം ചെയ്തിട്ട് ചോദിക്കാനും പറയാനും ആരുമില്ലാത്ത കേരളത്തിൽ പോലീസങ്ങോട്ട് അതിക്രമിച്ചുകടക്കുമ്പോൾ പിന്നെ ഈ ജനങ്ങൾക്ക് അതിജീവിക്കാൻ വേറെ വഴിയൊന്നുമില്ല. നമ്മൾ അറിയേണ്ടത് അവിടെ ഒരാൾ ആത്മാഹുതിക്ക് ശ്രമിച്ചാൽ നൂറുകണക്കിന് മരണങ്ങൾക്ക് നമ്മൾ സാക്ഷ്യം വഹിക്കേണ്ടിവരും. നേരിട്ടറിയാവുന്ന അവിടുത്തെ ജനങ്ങൾ കുറെ മാസങ്ങളായി അനുഭവിച്ചുവരുന്ന സാമൂഹ്യമായ ടെൻഷൻ മനസിലാക്കാൻ കഴിയുന്ന ഒരാളെന്ന നിലയിലാണിത് പറയുന്നത്. കേരളം പോലൊരു പ്രദേശത്ത് ഭൂമിക്കുവേണ്ടി സമരം ചെയ്തവർ ആത്മാഹുതി ചെയ്യുന്ന വാർത്ത പുറത്തുവന്നാൽ ചരിത്രത്തിലെ ദുരന്തമാവുമത്. അതുകൊണ്ട് ചെങ്ങറയിൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതെതന്നെ ഭൂപ്രശ്നം പരിഹരിക്കാനുള്ള സമ്മർദ്ദം പൊതുസമൂഹത്തിൽ ഉണ്ടാകേണ്ടതാണ്. ഒരു ജീവൻപോലും പൊഴിയാതെ ഒരു അനിഷ്ട സംഭവവും ഉണ്ടാകാതെ ഭൂരഹിതർക്ക് കൃഷിയോഗ്യമായ ഭൂമി നല്കി, ഈ പ്രശ്നം പരിഹരിക്കുന്ന ജനാധിപത്യസമീപനത്തിലേക്ക് സർക്കാരിനെ നിർബന്ധിതമാക്കുന്ന സമ്മർദ്ദം കേരളത്തിൽ ഇന്ന് ഉണ്ടാകേണ്ടതുണ്ട്. എന്നാൽ മാത്രമേ സമരം വിജയിക്കുന്നത് കാണാൻ കഴിയുകയുള്ളൂ. എന്നാൽ ഇന്ന് കേരളത്തിൽ അത്തരമൊരു സമ്മർദ്ദവും ഇല്ല. മൂലമ്പള്ളിപോലൊരു അതിഭീകരസംഭവം നടന്നിട്ട് കേരളം കാര്യമായി പ്രതികരിച്ചില്ല. ചെങ്ങറയിൽ നൂറുകണക്കിനാളുകൾ ആത്മാഹുതിക്കൊരുങ്ങിയിട്ടും കേരളം കണ്ടെന്നു നടിക്കുന്നില്ല. ഈ കേരളത്തെക്കുറിച്ച് നമ്മൾ അത്ര അഭിമാനിക്കേണ്ട കാര്യമില്ല. കേരളത്തെ ഒന്നാകെ അഴിച്ചുപണിയുന്ന ദലിതരായാലും ആദിവാസികളായാലും സാമൂഹികമായി പിൻതള്ളപ്പെട്ട വിഭാഗങ്ങളുടെ സാമൂഹ്യകർതൃത്വം അംഗീകരിക്കുന്ന ഒരു പുതിയ കേരളത്തിനുള്ള പോരാട്ടമായി നമ്മൾ ഇതിനെ കാണണം. നമ്മുടെ പൗരബോധത്തെത്തന്നെ അഴിച്ചുപണിയേണ്ടിയിരിക്കുന്നു. എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഒരു ഭൂപ്രദേശമായി, സാംസ്കാരികപ്രദേശമായി കേരളത്തെ മാറ്റിയെടുക്കുന്ന വലിയ ഒരു പണി കൂടി ഇതിനൊപ്പം നടക്കുന്നുണ്ട്. ചെങ്ങറയിൽ താമസിക്കുന്ന ആളുകൾക്ക് കിട്ടുന്ന ഭൂമിയുടെ അളവിനപ്പുറം പോകുന്ന, കേരളത്തിലെ ചരിത്രത്തെയും സാംസ്കാരികബോധത്തെയും മാറ്റിമറിക്കുന്ന വലിയൊരു ദൗത്യം ചെങ്ങറയിൽ ഏറ്റെടുക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഇതറിഞ്ഞുകൊണ്ടുള്ള ഐക്യദാർഢ്യപ്രവർത്തനത്തിലേക്കാണ് നാം വരേണ്ടത്. അത്തരത്തിലുള്ള ബഹുവിധമായ പ്രവർത്തനങ്ങൾക്ക് എന്ത് സാധ്യതയാണുള്ളതെന്ന് ആലോചിക്കുകയും വ്യക്തികളെന്ന നിലയിലും സംഘടനകളെന്ന നിലയിലും ആ പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്യേണ്ടതുണ്ട്.

- ഭൂപ്രശ്നം പരിഹരിക്കാനുള്ള സമ്മർദ്ദം പൊതുസമൂഹത്തിൽ ഉണ്ടാകേണ്ടതാണ്

## Summarised Overview

ഭൂവിനിയോഗം ചെങ്ങറയുടെ പാഠങ്ങൾ എന്ന ലേഖനം എഴുതിയ സണ്ണി എം. കപിക്കാട് ചെങ്ങറ ഭൂസമരത്തിന് ശക്തമായി പിന്തുണ നൽകിയ സാമൂഹ്യപ്രവർത്തകനാണ്. സമരം നടക്കുന്നവേളയിൽ എഴുതിയ ലേഖനമാണിത്. അദ്ദേഹം തന്റെ നിലപാടുകളിൽ ശക്തമായി നിലയുറപ്പിച്ചുകൊണ്ടാണ് ഇതെഴുതുന്നത്. ഒരു പ്രഭാഷണത്തിന്റെ രൂപത്തിലാണ് ലേഖനം വികസിക്കുന്നത്. സമരസമിതി നേതാവായ ളാഹ ഗോപാലന്റെ നിലപാടുകളിൽനിന്നും ഒട്ടും വ്യത്യസ്തമല്ല ലേഖകന്റെ അഭിപ്രായങ്ങൾ എന്ന് ഒറ്റ വായനയിൽ തന്നെ ബോധ്യപ്പെടും.

ഭൂപരിഷ്കരണനിയമം മുതൽ കുടികിടപ്പ് നിയമം വരെയുള്ള എല്ലാ നിയമങ്ങളെക്കുറിച്ചും അതിന്റെ പാളിച്ചകളെക്കുറിച്ചും ലേഖകൻ വിശദീകരിക്കുന്നു. ചെങ്ങറ ഭൂസമരം നടത്താനിടയായ സാഹചര്യത്തെക്കുറിച്ചും ഭൂസമരത്തോട് സർക്കാർ പുലർത്തുന്ന നിഷേധാത്മകസമീപനത്തെക്കുറിച്ചുമാണ് ലേഖനത്തിന്റെ ആദ്യഭാഗത്ത് വിവരിക്കുന്നത്. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ഭൂമികയ്യേറ്റത്തെ വിസ്മരിക്കുകയും കുടിൽകെട്ടി ഭൂസമരം നടത്തുന്നവരെ കയ്യേറ്റക്കാരായി കാണുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചത് എന്ന് കുറ്റപ്പെടുത്തുകയും ചെയ്യുന്നു. കേരളത്തിൽ ബഹുഭൂരിപക്ഷം വരുന്ന ആദിവാസികൾക്കും ദലിതർക്കും ഭൂമിയില്ലെന്ന് പറഞ്ഞാൽ സർക്കാർ അംഗീകരിക്കില്ല എന്നാണ് ലേഖകൻ പറയുന്നത്. ഈ സാഹചര്യത്തിലാണ് സമരക്കാർ ആത്മാഹുതി ചെയ്യുമെന്ന് മുന്നറിയിപ്പ് നൽകി രംഗത്തു വന്നത്. കേരളത്തിലെ വിവിധസമുദായങ്ങളിൽനിന്നുള്ള ഭൂരഹിതരാണ് സമരഭൂമിയിൽ കുടിൽകെട്ടിയത്. അതിൽ ആദിവാസികൾ മാത്രമല്ല നായരും സുറിയാനി ക്രിസ്ത്യാനിയും മുസ്ലിങ്ങളും അവശ ക്രൈസ്തവരും ദളിതരുമുണ്ട്. മുന്നൂറ്റിപതിനാറ് കുടുംബങ്ങളെ കുടിയിറക്കിയ മൂലമ്പിള്ളി സമരക്കാരോടുപോലും നിർദ്ദയം പെരുമാറിയ ഭരണകൂട നിലപാട്പോലും കേരളം കണ്ടെന്ന് നടിച്ചില്ല. ഇങ്ങനെയുള്ള കേരളത്തെക്കുറിച്ച് അഭിമാനിക്കേണ്ട കാര്യമില്ലെന്നും ലേഖകൻ വിലയിരുത്തുന്നു.

സമരഭൂമിയിൽ കടന്നുകയറുന്ന തോട്ടം തൊഴിലാളികളുടെ അതിക്രമങ്ങളെക്കുറിച്ച് അതിരൂക്ഷമായ ഭാഷയിലാണ് വിമർശനമുന്നയിക്കുന്നത്. സമരത്തിൽ പങ്കെടുത്ത പോരാളികൾക്കുവേണ്ടി ശബ്ദമുയർത്തുന്ന ലേഖനത്തിൽ, ഒരു പോരാളിയുടെ ശബ്ദം ഉടനീളം കാണാവുന്നതാണ്.

## Assignments

1. ചെങ്ങറ ഭൂസമരത്തിന്റെ ചരിത്രം സംഗ്രഹിച്ച് ഉപന്യാസം തയ്യാറാക്കുക.
2. കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണനിയമങ്ങളുടെ പരിമിതികൾ എന്തെല്ലാം? വിശദീകരിക്കുക.
3. മുത്തങ്ങസമരവും ചരിത്രപശ്ചാത്തലവും സംഗ്രഹിച്ച് ഉപന്യസിക്കുക.
4. ഭൂവുടമസ്ഥതയും ജാതിയും ചെങ്ങറയുടെ പാഠങ്ങൾ എന്ന ലേഖനത്തിൽ ഉന്നയിക്കുന്ന പ്രധാനപ്പെട്ട വാദഗതികൾ എന്തെല്ലാം? വിവരിക്കുക.

## Suggested Readings


1. പ്രദീപൻ പാമ്പിരികുന്ന്, ദളിത്പഠനം സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. സണ്ണി എം. കപിക്കാട്, ജനതയും ജനാധിപത്യവും, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്.


## References


1. വിനിൽ പോൾ, ദളിത്ചരിത്രദംശനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. സെലീന പ്രക്കാനം, ചെങ്ങറ സമരവും എന്റെ ജീവിതവും, ഡി. സി. ബുക്സ്, കോട്ടയം.


### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 4

# 1. അവതരിപ്പിച്ച് നഷ്ടപ്പെടുത്തുന്ന വാർത്തകൾ

### സി. എസ്. വെങ്കിടേശ്വരൻ

## Learning Outcomes

- 'അവതരിപ്പിച്ച് നഷ്ടപ്പെടുത്തുന്ന വാർത്തകൾ' എന്ന സി. എസ്. വെങ്കിടേശ്വരന്റെ ലേഖനം സവിശേഷമായി പരിചയപ്പെടുന്നു
- തത്സമയവാർത്താസംപ്രേഷണത്തിൽ വന്ന മാറ്റത്തിന്റെ രാഷ്ട്രീയത്തെ മനസിലാക്കുന്നു
- 'അവതരിപ്പിച്ച് നഷ്ടപ്പെടുത്തുന്ന വാർത്തകൾ' എന്ന ലേഖനത്തിന്റെ സമകാലികപ്രസക്തി ചർച്ച ചെയ്യുന്നു
- സമകാലികവാർത്താരംഗത്ത് സ്ത്രീകളുടെ കടന്നുവരവ് വ്യാപകമാകുന്നു എന്നുള്ള തിരിച്ചറിവ് നേടുന്നു

## Background

ദൂരദർശന്റെ ഏകാധിപത്യത്തിനും ഏകതാനതയ്ക്കുംശേഷംവന്ന സ്വകാര്യവാർത്താചാനലുകൾ വാർത്താമാധ്യമഅന്തരീക്ഷത്തെ ആകെ മാറ്റിമറിച്ചു. വളരെ വേഗത്തിൽ നമ്മുടെ സ്വീകരണമുറിയിലെത്തിയ വാർത്താചാനലുകൾ മലയാളിസമൂഹത്തിന്റെ രാഷ്ട്രീയധാരണകളെയും വിശ്വാസങ്ങളെയും ആഴത്തിൽ സ്വാധീനിച്ചു. വാർത്താചാനലുകൾകൊണ്ടുള്ള ഗുണപരമായ മാറ്റം ഈ രംഗത്ത് സ്ത്രീകളുടെ കടന്നുവരവ് വ്യാപകമാക്കി എന്നുള്ളതാണ്. എന്നാൽ സ്ത്രീ - പുരുഷഭേദമെന്യേ അവതാരകരുടെ ചരിത്രരാഷ്ട്രീയമേഖലകളിലെ അറിവ് പരിമിതമാണ് എന്നത് ഒരു ന്യൂനതയാണ്. ടെലിവിഷൻവാർത്ത ക്രമേണ മലയാളിയുടെ ഗാർഹികാന്തരീക്ഷക്രമത്തിന്റെ ഭാഗമായി പരിണമിക്കുകയാണുണ്ടായത്. ഉന്നതരാഷ്ട്രീയനേതാക്കളും പ്രശസ്തവ്യക്തിത്വങ്ങളും ഈ ദൃശ്യപെട്ടിയിലൂടെ ചിരപരിചിതരായിത്തീർന്നു.

ഇന്ന് നമ്മുടെ പൊതുജീവിതത്തെയും മൂല്യബോധത്തെയും സദാചാരബോധത്തെയും സ്വാധീനിക്കുന്നത് ടെലിവിഷൻ അടക്കമുള്ള മാധ്യമങ്ങളാണ്. ഇതിനെല്ലാം മുഖ്യപങ്ക് വഹിക്കുന്നത് ടെലിവിഷൻ ചർച്ചകളാണ്. 'ഹിറ്റ് ആൻറ് റൺ' എന്നതാണ് അതിന്റെ നയം. ചർച്ചയിൽ എതിരാളികളെ പ്രകോപിപ്പിച്ച് പരസ്പരം കോർക്കാൻ അവസരമൊരുക്കിക്കൊടുക്കുന്ന 'ബൈറ്റു'കളാണ് അവതാരകർക്ക് പഥ്യം. ചർച്ചകളിലെ തിണ്ണമിടുക്കന്മാരാണ് അവതാരകർ. രാഷ്ട്രീയനേതാക്കളിൽനിന്നും പറയാൻ പാടില്ലാത്ത കാര്യങ്ങൾ അപ്രതീക്ഷിതമായി പറയിപ്പിക്കുക എന്നതാണ് അവരുടെ ദൗത്യം. തുടർന്നുണ്ടാകുന്ന പ്രകോപനപരമായ പ്രസ്താവനകളിലാണ് പ്രേക്ഷകന്റെ ശ്രദ്ധ. ഇതിനുതന്നെയാണ് മാർക്കറ്റ്. നാം ചോദിക്കാൻ ആഗ്രഹിക്കുന്ന ചോദ്യങ്ങളാണ് അവതാരകർ ചോദിക്കുന്നത്.

തത്സമയവാർത്താസംപ്രേഷണമാണ് കാണികളെ കൊളുത്തിവലിച്ചുകൊണ്ടുപോകുന്നത്. ഓരോ സംഭവവും ഒരു ന്യൂസ്സ്റ്റോറിയായി കാണാമെങ്കിൽ വാർത്തയ്ക്കാധാരമായ പരിണാമഗുപ്തി ഉണ്ടായിരിക്കണം. സംഭവസ്ഥലത്തുനിൽക്കുന്ന റിപ്പോർട്ടറാണ് ഇതിന്റെ സൂത്രധാരൻ. ഇതിലൂടെ ഉടലെടുക്കുന്ന ചർച്ചയെ ഇഷ്ടമുള്ള നേരത്ത് സ്വന്തം ഇഷ്ടാനുസരണം ഉപസംഹരിക്കാനും റിപ്പോർട്ടർക്ക് കഴിയുന്നു. വിഷയത്തിൽ സാങ്കേതികബദ്ധമായ അന്തരീക്ഷത്തിൽ

വികസിക്കുന്ന വാർത്തയുടെ ഭാവിയെ അവതാരകനാണ് നിർണയിക്കുന്നത്. പ്രശ്നത്തെ വ്യക്തിപരമായ തലത്തിലേയ്ക്ക് കൊണ്ടുവരിക, അല്ലെങ്കിൽ ലളിതദ്വന്ദ്വങ്ങളാക്കി അവതരിപ്പിക്കുക എന്നതാണ് അവരുടെ രീതി.

ചർച്ചയിൽ വിഷയവിദഗ്ധരാണ് അവതാരകരെപ്പോലെ മുഖ്യറോൾ വഹിക്കുന്ന മറ്റൊരു കൂട്ടർ. ടെലിവിഷന്റെ 'പിങ് പോങ്' ഭാഷ സംസാരിക്കാൻ കഴിയുന്നവർക്കാണ് ഇവിടെ സ്ഥാനം. അന്നന്നത്തെ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളായിരിക്കും നടത്തുന്നത്. അതിന് ഗൗരവ സ്വഭാവമുണ്ടായിരിക്കണമെന്നില്ല. ചാനലുകളിലേത് ബഹുഭൂരിപക്ഷവും വാർത്തകളല്ല എന്ന് കാണാം. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ഇതിൽ സ്ഥാനമില്ല. മധ്യവർഗസമവായമാണ് വാർത്താതെരഞ്ഞെടുപ്പിന്റെ മാനദണ്ഡം. അച്ചടിമാധ്യമത്തിന്റെ പുനരവതാരമാണ് ടെലിവിഷൻ വാർത്ത. എഴുത്തിൽനിന്നും വർത്തമാനത്തിലേക്കുള്ള പതനം എന്ന് ഇതിനെ വിശേഷിപ്പിക്കാം.

**സി. എസ്. വെങ്കിടേശ്വരൻ**

1959-ൽ ചാലക്കുടിയിൽ ജനിച്ചു. മലയാളത്തിലെ പ്രമുഖചലച്ചിത്രനിരൂപകനും ഡോക്യുമെന്ററി ചലച്ചിത്രസംവിധായകനുമാണ് സി. എസ്. വെങ്കിടേശ്വരൻ. ഇംഗ്ലീഷിലും മലയാളത്തിലും എഴുതുന്ന ഇദ്ദേഹം മികച്ച ചലച്ചിത്രനിരൂപകനുള്ള ദേശീയപുരസ്കാരം 2009-ൽ നേടിയിട്ടുണ്ട്. പുസ്തകങ്ങൾ: A Door to Adoor (Editor), കെ. ആർ. മോഹനന്റെ സിനിമ: സമാന്തരയാത്രകൾ, മലയാളസിനിമാപഠനങ്ങൾ, സിനിമാ ടാക്കീസ്, ഉടലിന്റെ താരസഞ്ചാരങ്ങൾ, രവീന്ദ്രന്റെ തിരക്കഥകൾ (എഡിറ്റർ).

പുരസ്കാരങ്ങൾ: എം. ആർ. രാജനോടൊപ്പം ഏറ്റവും മികച്ച ഡോക്യുമെന്ററിക്കുള്ള ദേശീയ പുരസ്കാരം (പകർന്നാട്ടം, നടൻ അമ്മന്നൂർ): രജതകമൽ, കേരളസർക്കാരിന്റെ പുരസ്കാരം (1995), മികച്ച സിനിമാലേഖനത്തിനുള്ള കേരളസർക്കാർ പുരസ്കാരം (2005), ഏറ്റവും മികച്ച സിനിമാഗ്രന്ഥത്തിന് പ്രത്യേകപരാമർശം (2011), സിനിമാവിമർശനത്തിനുള്ള ദേശീയപുരസ്കാരം: സുവർണകമലം (2009); പ്രത്യേക പരാമർശം (2002). ഏറ്റവും മികച്ച ടെലിവിഷൻ ലേഖനത്തിനുള്ള കേരള സർക്കാർ പുരസ്കാരം (2011).

മലയാളത്തിലെ ടെലിവിഷൻ ചാനൽ വാർത്തകളെ സംബന്ധിച്ച പഠനമാണ് ലേഖനത്തിന്റെ ഉള്ളടക്കം. രണ്ട് പതിറ്റാണ്ടോളം നീണ്ടുനിന്ന കാലയളവിൽ ഡസൻകണക്കിന് വാർത്താചാനലുകൾ സംസ്ഥാനതലത്തിലും പ്രാദേശികതലത്തിലുമായി നിലവിൽവന്നപ്പോൾ ഒരു വാർത്താവിപ്ലവംതന്നെ സൃഷ്ടിക്കപ്പെട്ട പ്രതീതിയായിരുന്നു. മുഴുവൻ സമയ വാർത്തകളിലൂടെ പുതിയൊരു സമകാലികവാർത്താസംസ്കാരത്തെ രൂപപ്പെടുത്തിയിരിക്കുകയാണ് ചാനലുകൾ. ഓരോ ചാനലും തങ്ങളുടെ നിലപാടുകളിൽ മാത്രം മാറ്റം വരുത്തി ഒരേ വാർത്തകൾതന്നെ വിരസതയോടെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ദൃശ്യ-വാർത്താ-മാധ്യമങ്ങളുടെ അതിപ്രസരം മലയാളിയുടെ ജീവിതത്തിലേക്ക് കടന്നുകയറിയതിനെ പരിശോധിക്കുകയാണ് ഈ ലേഖനം.

## Keywords

ദൃശ്യമാധ്യമ - വാർത്ത അവതാരകർ - മാധ്യമവിമർശനം - ടെലിവിഷൻ ചർച്ച - ഭാഷ

# Discussion

## 4.4.1 'അവതരിപ്പിച്ച് നഷ്ടപ്പെടുത്തുന്ന വാർത്തകൾ' - സി. എസ്. വെങ്കിടേശ്വരൻ

- മിക്ക പത്രപ്രവർത്തകരും, ആശയങ്ങളുമായി അത് പൊരുത്തപ്പെടാനാവാതെ പരാജയപ്പെടുന്നു.

ഭരണകൂടത്തിനും മാധ്യമമുതലാളിമാരുടെ താത്പര്യങ്ങൾക്കും എതിരെനിൽക്കുന്ന മാധ്യമപ്രവർത്തകർക്ക് തങ്ങൾക്ക് മേലുള്ള ബാഹ്യനിയന്ത്രണങ്ങളെ മറികടക്കുക ദുഷ്കരമാണ്. കാരണം മിക്ക പത്രപ്രവർത്തകരും, ജനാധിപത്യസമൂഹത്തിൽ തങ്ങൾ പിന്തുടരുന്ന ആശയങ്ങളുമായി അത് പൊരുത്തപ്പെടാനാവാതെ പരാജയപ്പെട്ടുപോകുന്നു. ഇത് പ്രമുഖദൃശ്യമാധ്യമവാർത്താവിമർശകനായ ഹേൺ ബ്രാണാമാന്റെ അഭിപ്രായമാണ്. (Book: The Fourth Estate in the USA and U: Discourse of truth and power - ഹേൺ ബ്രാണാമാൻ).

- വൈറലായ വാർത്താ അവതാരകൻ

ഒരു പ്രമുഖമലയാളവാർത്താചാനലിന്റെ പിന്നാമ്പുറത്ത് നടന്ന ഒരു സംഭവത്തിൽ തുടങ്ങുകയാണ് ലേഖനം. വാർത്താ വായനയ്ക്ക് തയ്യാറെടുപ്പു നടത്തുന്നതിനിടെ വാർത്താവതാരകൻ ന്യൂസ് ഡസ്കിലിരുന്ന് പാടുന്ന ദൃശ്യം വീഡിയോയിൽ പകർത്തി സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതാണ് വിഷയം. ഈ വീഡിയോയിലൂടെ വളരെവേഗം വൈറലാവുകയാണ് വാർത്താഅവതാരകൻ. പ്രേക്ഷകരിൽ ചെലുത്തുന്ന സ്വാധീനങ്ങളെ ചൂണ്ടിക്കാണിക്കാനാണ് ലേഖകൻ ഈ ഉദാഹരണം എടുത്തുകാട്ടുന്നത്.

ഇരുപത്തിനാല് മണിക്കൂർ നീണ്ടുനിൽക്കുന്ന ആയുസ്സുണ്ടായിരുന്ന പത്രവാർത്തകളെ ആശ്രയിച്ചിരുന്ന മലയാളിക്ക് മുന്നിലാണ് മുഴുവൻസമയവാർത്തകളുമായി ദൃശ്യമാധ്യമവാർത്താചാനലുകൾ സംപ്രേഷണവുമായി രംഗത്തുവന്നത്. ഇങ്ങനെ 24 മണിക്കൂറും സജീവമായിനിന്ന വാർത്താചാനലുകൾ മലയാളികൾക്കുമേൽ നിർണായകമായ സ്വാധീനം ചെലുത്തുകയായിരുന്നു. ടെലിവിഷൻ വാർത്താവിഭാഗം വാർത്തയ്ക്കാധാരമായ സംഭവങ്ങൾ തത്സമയം റിപ്പോർട്ട് ചെയ്യുന്ന പതിവ് തുടങ്ങിയതോടെ ദിനപത്രങ്ങളുടെ ജനകീയസ്വഭാവം അസ്ഥാനത്താവുകയും ഒരു സമകാലികവാർത്താസംസ്കാരം രൂപപ്പെടുകയും ചെയ്യുകയായിരുന്നു. ദൂരദർശന്റെ ഏകതാനതയ്ക്കും ഏകാധിപത്യത്തിനും എതിരെ നിലവിൽവന്ന സ്വകാര്യവാർത്താചാനലുകൾ വാർത്താവിപ്ലവത്തിലൂടെ വലിയ വാർത്താസംസ്കാരംതന്നെ രൂപപ്പെടുത്തുകയായിരുന്നു. എങ്കിലും മറ്റ് ഭാഷകളെ അപേക്ഷിച്ച് മലയാളം വാർത്താചാനലുകൾ കൂടുതൽ വൈവിധ്യങ്ങൾ/വിഭവങ്ങൾ അങ്ങനെ ഉൾക്കൊള്ളിച്ചില്ല. മറിച്ച് ഒരേ സംഗതികളുടെ വിരസമായ ആവർത്തനമാണ് സംപ്രേഷണം ചെയ്തുകൊണ്ടിരുന്നത്. സ്വകാര്യചാനലുകളിലും മടുപ്പിക്കുന്ന ഏകതാനതയായിരുന്നുവെന്ന് ചുരുക്കം. ടെലിവിഷൻ ചാനലുകൾ ആവർത്തിക്കുന്ന മിക്ക സംഭവങ്ങളിലും വാർത്തകളിലും ഈ ഏകതാനത അനുഭവപ്പെട്ടിരുന്നു. ഇത് കാണികളുടെ മടുപ്പിന് വഴിവെയ്ക്കുകയായിരുന്നു. ടെലിവിഷനിൽ നിത്യേന സംഭവിച്ചുകൊണ്ടിരുന്ന രാഷ്ട്രീയചർച്ചകളിലൂടെ മലയാളിയുടെ രാഷ്ട്രീയബോധ്യങ്ങളെയും വിശ്വാസങ്ങളെയും അവതാരകരുടെ ഉപസംഹരിക്കലിലൂടെ തകിടം മറിച്ചിരുന്നു. ഇതിലെല്ലാം മാധ്യമ

SGOU

മുതലാളിയുടെ വ്യാപാരതാത്പര്യങ്ങളനുസരിച്ച് നേരിയ വ്യത്യാസം വരുത്തുന്നതല്ലാതെ വാർത്തകളുടെ ഉള്ളടക്കത്തിന്റെ അവതരണത്തിൽ കാതലായ മാറ്റം വരുത്താൻ ശ്രമിച്ചിരുന്നില്ല എന്ന് കാണാം. ലേഖനത്തിലുടനീളം ഇങ്ങനെ ഗൗരവമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്. മലയാളികളായ കാണികളുടെ വാർത്താഭിമുഖ്യത്തെ മുതലെടുത്താണ് ചാനലുകൾ പെറ്റുപെരുകിയത്.

- ▶ കാണികളുടെ മടുപ്പിന് വഴി വെച്ചു

വ്യാപകമായ തോതിൽ സ്ത്രീമാധ്യമപ്രവർത്തകരുടെ കടന്നുവരവാണ് ഇവിടെ സംഭവിച്ച ഗുണപരമായ മാറ്റം എന്ന് ലേഖകൻ കണ്ടെത്തുന്നുണ്ട്. ഇതിലൂടെ വീടകങ്ങളിലേയ്ക്ക് വാർത്തകളുമായി രംഗപ്രവേശംചെയ്ത സ്ത്രീമാധ്യമപ്രവർത്തകർ രാഷ്ട്രീയവിഷയങ്ങളെ അടുക്കളയിലേക്കെത്തിച്ചു. ഇത് പഠനാർഹമായ വിഷയമാണെന്ന് ലേഖകൻ ചൂണ്ടിക്കാണിക്കുന്നു.

- ▶ സ്ത്രീ മാധ്യമ പ്രവർത്തകരുടെ കടന്നുവരവ്

## വീടകങ്ങളിലെത്തുന്ന രാഷ്ട്രീയചർച്ചകൾ

മലയാളിയുടെ രാഷ്ട്രീയകാഴ്ചപ്പാടുകളിൽ നിർണായകമായ സ്വാധീനം ചെലുത്തിയവയായിരുന്നു ടെലിവിഷൻ വാർത്താചാനലുകളിലെ അന്തിചർച്ചകൾ. ഇങ്ങനെ പെട്ടെന്നാണ് രാഷ്ട്രീയഅരങ്ങുകൾക്ക് പിന്നിൽ നടക്കുന്ന ചരടുവലികളുടെ ഉള്ളുകള്ളികൾ വീടുകളിലേക്ക് എത്തിപ്പെടുന്നതെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. അതൊരു റിയാലിറ്റി ഷോയുടെ സ്വഭാവവൈചിത്ര്യങ്ങളോടെ കാണികളുടെ മനസിൽ സ്ഥാനംപിടിക്കുന്നു. ഇങ്ങനെ ചരിത്രവും വർത്തമാനവും അനുദിനം നമ്മുടെ മുന്നിൽ വികസിക്കുന്ന കാഴ്ചകളായി മാറി. മാത്രമല്ല രാഷ്ട്രീയപ്രക്രിയയിൽ അതൊരു പങ്കാളിത്തപ്രതീതിയും ഉണർത്തുന്നതായി ലേഖകൻ വിലയിരുത്തുന്നു. ചായക്കടയിലെയും തെരുവുകളിലെയും രാഷ്ട്രീയചർച്ചകൾ ടെലിവിഷനിലേക്ക് കൂടുമാറുകയായിരുന്നു.

- ▶ ചരിത്രവും വർത്തമാനവും അനുദിനം നമ്മുടെ മുന്നിൽ വികസിക്കുന്ന കാഴ്ചകൾ

## ടെലിവിഷൻ ചർച്ചകളിലെ പിങ് പോങ് കളി

മലയാളവാർത്താചാനലുകളിൽ മുഖ്യപങ്കുവഹിക്കുന്ന ടെലിവിഷൻ ചർച്ചകൾ ചെന്നെത്തുന്നത് എപ്പോഴും അടി- തിരിച്ചടി എന്ന നിലയിലായിരുന്നു. എതിരാളികളെ തമ്മിൽ പ്രകോപിപ്പിച്ച് ഏറ്റുമുട്ടലിലേക്കെത്തിക്കുക എന്നതിലായിരിക്കും അവതാരകന്റെ ശ്രദ്ധ. ടെലിവിഷൻ ഏറ്റുമുട്ടലിന്റെ ശക്തി കൂടുന്നതോടെ ചാനലിന്റെ മാർക്കറ്റിങ് റേറ്റിൽ വർദ്ധനവുണ്ടാകുന്നു എന്ന ധാരണയാണ് പൊതുവെ ഇത്തരത്തിലുള്ള രീതികൾ ചാനലുകൾ അവലംബിക്കുന്നത്. ചർച്ചകളിൽ പങ്കെടുക്കാനെത്തിയവരെ മാത്രമല്ല കാണികളെയും തർക്കത്തിന്റെ ഹരങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ലക്ഷ്യം. ഇത്തരം സന്ദർഭങ്ങളിൽ നഷ്ടപ്പെടുന്നത് വാർത്തകളായിരിക്കും എന്നാണ് ലേഖകൻ നിരീക്ഷിക്കുന്നത്. അവതാരകരെ വിശേഷിപ്പിക്കുന്നത് ടെലിവിഷൻ ചർച്ചകളിലെ തിണ്ണമിടുക്കന്മാരെന്നാണ്. ചർച്ചകൾ തങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ച് ഉപസംഹരിക്കാനും തന്റേതായ പരാമർശങ്ങളിലൂടെ തീർപ്പുകൽപ്പിച്ചു അവസാനിപ്പിക്കാനും അവതാരകന്/ അവതാരകയ്ക്ക് കഴിയുന്നു.

- ▶ കാണികളെയും തർക്കത്തിന്റെ ഹരങ്ങളിലേക്ക് എത്തിക്കുക എന്നലക്ഷ്യം

സാമൂഹികാവബോധം നിർമ്മിക്കുന്നവതന്നെയാണ് ടെലിവിഷൻ എന്നാണ് പ്രധാനപ്പെട്ട ഒരു നിരീക്ഷണം. തികച്ചും ഗാർഹികവും വ്യ

SGOU

ക്തിപരവുമായ ഒരു ആർജവം അതിന്റെ രീതികൾക്കുണ്ട്. ലേഖകൻ ഇങ്ങനെ തുടരുന്നു: 'നേതാക്കളെയും താരങ്ങളെയും കാതരരാക്കുന്ന മായികശക്തിയാണ് ടെലിവിഷൻ. അവതാരകരെ നമുക്കും ലോകത്തിനുമിടയിൽ നിലകൊള്ളുന്ന – നമുക്ക് ലോകത്തെയും ലോകത്തിന് നമ്മെയും പരിചയപ്പെടുത്തുന്ന വ്യക്തിവിശേഷങ്ങളാക്കി മാറ്റുന്നു. ലോകത്തിലേയ്ക്കും രാഷ്ട്രീയത്തിന്റെ ചെളിയിലേക്കും ചരിത്രത്തിന്റെ യുദ്ധരംഗങ്ങളിലേയ്ക്കും മറ്റുള്ളവരുടെ കിടപ്പറകളിലേക്കും നമ്മൾ പറഞ്ഞയച്ച നമ്മുടെ സ്വന്തം ചാരന്മാരും അഭിഭാഷകരും പ്രതിനിധികളുമാണവർ. നാം ചോദിക്കാനാഗ്രഹിക്കുന്ന ചോദ്യങ്ങളാണ് അവർ ചോദിക്കുന്നത്. നമ്മുടെ ആശങ്കകൾക്കാണ് അവർ ശബ്ദം നൽകുന്നത്. അഭിലാഷങ്ങളെയാണ് അവർ പ്രകാശിപ്പിക്കുന്നത്, തൃപ്തിപ്പെടുത്തുന്നത്'.

▶ നാം ചോദിക്കാനാഗ്രഹിക്കുന്ന ചോദ്യങ്ങളാണ് അവർ ചോദിക്കുന്നത്

## തത്സമയസംപ്രേഷണവും വാർത്താവികാസവും

ഒരു ദിവസത്തെ ഒരു പ്രധാനപ്പെട്ട വാർത്ത തുടർച്ചയായി സംപ്രേഷണം ചെയ്യുമ്പോൾ കാണികളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ പയറ്റുന്ന തന്ത്രമാണ് തത്സമയസംപ്രേഷണം. വാർത്ത വികസിക്കുന്നത് വാർത്ത ഉത്ഭവിക്കുന്ന സ്ഥലത്തുനിന്ന് റിപ്പോർട്ടർ തത്സമയ സംപ്രേഷണം ചെയ്യുന്നതോടെയാണ്. ഇതിലൂടെ ഉദ്വേഗജനകമായ വാർത്ത കാണികളിലേക്ക് അപ്പപ്പോൾ എത്തിക്കാൻ കഴിയുന്നു. ക്രമേണ വികസിക്കുന്ന സംഭവങ്ങൾ പുതിയതായി ഉണ്ടാകുന്ന ദൃശ്യങ്ങളുടെ അകമ്പടിയോടെ പ്രേക്ഷകരിലേക്ക് എത്തിക്കുവാൻ കഴിയുന്നു. ജനശ്രദ്ധയാകർഷിച്ച ഒരു വലിയ സമരത്തിനുനേരെയുള്ള ലാത്തിച്ചാർജോ ഭീകരർ സ്പോൺസർ ചെയ്യുന്ന സ്ഫോടനങ്ങളോ മണിക്കൂറുകൾ നീണ്ട തത്സമയസംപ്രേഷണവാർത്തകളാണ്.

▶ കാണികളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ പയറ്റുന്ന തന്ത്രമാണ് തത്സമയ സംപ്രേഷണം

തത്സമയത്തിന്റെ സൂത്രധാരനാണ് റിപ്പോർട്ടർ. ഈ വാർത്തകളുടെ ഉള്ളടക്കത്തിന്റെ പരമാധികാരിയാണ് റിപ്പോർട്ടർ. അച്ചടിവാർത്താരംഗത്ത് ഇങ്ങനെ വികസിക്കുന്ന വാർത്തകളെ വസ്തുനിഷ്ഠമായി വിലയിരുത്താൻ ഈ റിപ്പോർട്ടർ ശ്രമിക്കുന്നത് കാണാം. എന്നാൽ ആദർശനിഷ്ഠയുള്ള റിപ്പോർട്ടറെയല്ല ടെലിവിഷൻ വാർത്താരംഗത്ത് കാണാൻ കഴിയുന്നത്. മറിച്ച് നമ്മുടെ ഉദ്വേഗമുണർത്തുന്ന മനസ്സാണ് ടെലിവിഷൻ റിപ്പോർട്ടർ ലക്ഷ്യംവെക്കുന്നത്. ഇവിടെ ടെലിവിഷന് മുന്നിലിരിക്കുന്ന കാണിയെ ഉദ്വേഗജനകമായ വാചകങ്ങളിലൂടെ അവതാരകൻ/റിപ്പോർട്ടർ തന്ത്രപരമായി കൊളുത്തിവലിച്ചുകൊണ്ട് പോകുകയാണ് ചെയ്യുന്നത്.

▶ ആദർശനിഷ്ഠയുള്ള റിപ്പോർട്ടറെയല്ല ടെലിവിഷൻ വാർത്താരംഗത്ത് കാണാൻ കഴിയുന്നത്

ഇഷ്ടമുള്ള സമയത്ത് ഇവർക്ക് സ്വയം രൂപപ്പെടുത്തിയ വാചകങ്ങളിലൂടെ വാർത്ത ഉപസംഹരിക്കാം. അവതാരകൻ കയ്യാളുന്ന ഈ പരമാധികാരം വാർത്താചാനൽസ്ഥാപനത്തിന്റെ നിലപാടുമായി ബന്ധപ്പെട്ടായിരിക്കും സ്വയം മൂല്യവല്ക്കരിക്കുന്നത്. സ്ഥാപനത്തിന്റെ സാമ്പത്തികം, വിപണി, രാഷ്ട്രീയം, ജാതി/മതം തുടങ്ങിയ ഘടകങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും അവതാരകർ സത്യത്തിനും നീതിക്കുംവേണ്ടി തന്റെ കുരിശുയുദ്ധം നടത്തുന്നത്.

▶ ഇഷ്ടമുള്ള സമയത്ത് വാർത്ത ഉപസംഹരിക്കാം

SGOU

## ഫോർത്ത് എസ്റ്റേറ്റ്: സങ്കല്പവും യാഥാർഥ്യവും

വിപണി, സാമ്പത്തികം, ലാഭം, രാഷ്ട്രീയം, ജാതി/മതം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചുതന്നെയാണ് പത്രദൃശ്യമാധ്യമങ്ങൾ വാർത്തകൾ കൈകാര്യം ചെയ്തിരുന്നത്. എന്നാൽ ഈ ഘടകങ്ങൾ മറച്ചുപിടിച്ചുകൊണ്ട് ജനാധിപത്യത്തിന്റെ അവസാനവാക്കാണ് തങ്ങളുടെ സ്ഥാപനമെന്ന് അവതാരകരിലൂടെ ഒളിഞ്ഞും തെളിഞ്ഞും പ്രകടമാക്കുകയാണ് വാർത്താചാനലുടമകൾ. സാമൂഹ്യപ്രതിബദ്ധതയിലൂന്നിയാണ് തങ്ങളുടെ വാർത്തകൾ എന്ന വ്യാജോക്തിയിലൂടെ പ്രേക്ഷകനെ തൃപ്തിപ്പെടുത്തുന്ന തരത്തിലുള്ള വാർത്തകൾ അവതരിപ്പിക്കുകയാണ് ചെയ്യാറുള്ളത്. ഫോർത്ത് എസ്റ്റേറ്റ് എന്ന സങ്കല്പത്തിലൂന്നി സ്വയം നിഷ്പക്ഷത പാലിച്ചുകൊണ്ട് ദിനേന സമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുന്നു എന്ന് വരുത്തിത്തീർക്കുകയാണ് അവതാരകരിലൂടെയും റിപ്പോർട്ടർമാരിലൂടെയും ചെയ്യാറുള്ളത്. ഇതിലൂടെ വാർത്താ അവതാരകരെ രക്ഷകരുടെ റോളിലേക്ക് പരിവർത്തിപ്പിക്കാൻ ചാനലുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനായി അവർ കണ്ടെത്തുന്ന മാർഗം രാഷ്ട്രീയനേതാക്കളെ വിചാരണ ചെയ്യുക എന്നതാണ്.

> ▶ വ്യാജോക്തിയിലൂടെ പ്രേക്ഷകനെ തൃപ്തിപ്പെടുത്തുന്ന തരത്തിലുള്ള വാർത്തകൾ

## ചാനൽ ചർച്ചകളും ഇടപെടലുകളും

നിത്യേന സാമൂഹികവിഷയങ്ങൾ അന്തിചർച്ചകളിലൂടെ കൈകാര്യം ചെയ്യുന്ന രീതിയാണ് എല്ലാ വാർത്താചാനലുകളും അവലംബിച്ചുപോരുന്നത്. ഇങ്ങനെ രാഷ്ട്രീയനേതാക്കളെ നേർക്കുനേർനിന്ന് വിചാരണ ചെയ്യുന്ന അവതാരകർ പ്രേക്ഷകരെ ഹരംപിടിപ്പിക്കുകയാണ്. ഇത്തരം അക്രമാസക്തമായ പ്രോഗ്രാമുകൾ ആദ്യം പരിചയപ്പെടുത്തിയത് ദൂരദർശനിലൂടെയായിരുന്നു. ദേശീയതലത്തിൽ നടന്ന തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുന്ന വേളയിൽ ഫലങ്ങൾ തത്സമയറിപ്പോർട്ടുകളിലൂടെയും ചർച്ചകളിലൂടെയും അവതരിപ്പിച്ച് കാണികളുടെ കയ്യടി നേടിയിരുന്നു. ദൂരദർശനുവേണ്ടി പ്രണോയ് റോയിയുടെ നേതൃത്വത്തിൽ എൻ. ഡി. ടി. വിയാണ് ഈ ചർച്ചയും തത്സമയസംപ്രേഷണവും സംഘടിപ്പിച്ചത്.

> ▶ രാഷ്ട്രീയനേതാക്കളെ നേർക്കുനേർ നിന്ന് വിചാരണ ചെയ്യുന്ന അവതാരകർ

## ടെലിവിഷൻ വാർത്താമാധ്യമം – രണ്ട്

ജോർജ് ബുഷ് അമേരിക്കൻ പ്രസിഡന്റായിരിക്കുന്ന കാലത്തെ മാധ്യമപ്രവർത്തനത്തെ പരിഹസിച്ചു ഒരു മുതിർന്ന പത്രപ്രവർത്തകൻ എഴുതുന്നു. 'ഭൂമി പരന്നതാണെന്ന്' ബുഷ് പറഞ്ഞാൽ, മുഖ്യധാരാ മാധ്യമങ്ങളിൽ 'ഭൂമിയുടെ ആകൃതി–കാഴ്ചകൾ വ്യത്യസ്തമാണ്' എന്ന തലക്കെട്ടോടെയുള്ള വാർത്തകൾ വരുമായിരുന്നു. ഭരണകൂടത്തെ സുഖിപ്പിക്കുന്ന മലയാളത്തിലെ മാധ്യമങ്ങളും ഈ നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്

> ▶ ഭരണകൂടത്തെ സുഖിപ്പിക്കുന്ന മാധ്യമങ്ങൾ

## അവതാരകരുടെ ജനവിരുദ്ധസമീപനങ്ങൾ

ചർച്ചയുടെ സന്ദർഭങ്ങളിൽ പലപ്പോഴും അവതാരകർ പുലർത്തുന്ന സമീപനങ്ങൾ സാമൂഹ്യ- രാഷ്ട്രീയവിരുദ്ധമാണെന്ന് ലേഖകൻ നിശിതമായി വിമർശിക്കുന്നു. ലേഖനത്തിന്റെ ഈ ഭാഗം വായിക്കുക. 'ദേശത്തിന്റെ പല പ്രാന്തങ്ങളിൽനിന്നുള്ള റിപ്പോർട്ടർമാരിൽനിന്ന്, അതി

SGOU

> ▶ രാഷ്ട്രീയ വിരുദ്ധതയും ഗ്രാമീണതയോടും പ്രാദേശികതകളോടുമുള്ള പുച്ഛവും

നെത്തുടർന്ന് സ്റ്റുഡിയോയിലിരുന്നുള്ള വിശകലനങ്ങളിലും ചോദ്യം ചെയ്യലുകളിലും വ്യക്തമായ രാഷ്ട്രീയവിരുദ്ധതയും ഗ്രാമീണതയോടും പ്രാദേശികതകളോടുമുള്ള പുച്ഛവും ഒളിമിന്നിയിരുന്നു. ഒരു വശത്ത് നാഗരികരും ചെറുപ്പക്കാരും ഇംഗ്ലീഷ് സംസാരിക്കുന്നവരുമായ ടെലിവിഷൻ സംഘത്തിന്റെ ധാർഷ്ട്യം നിറഞ്ഞ ചോദ്യങ്ങൾ. മറുവശത്ത് ഗ്രാമീണരും, പലപ്പോഴും വൃദ്ധരും ഹിന്ദിമാത്രം അറിയുന്നവരുമായ ഒരു കൂട്ടം ഭാഗ്യാർഥികളെന്ന് തോന്നിപ്പിക്കുന്ന ബഹുരൂപികളായ ഇന്ത്യൻ രാഷ്ട്രീയക്കാർ.

## അവതാരകന്റെ ശേഷിയുടെ പരിമിതികൾ

> ▶ ചരിത്രബോധവും രാഷ്ട്രീയബോധവും വളരെ പരിമിതം

വാർത്ത അവതരിപ്പിക്കുന്നതിൽ മുഖ്യറോൾ വഹിക്കുന്നത് അവതാരകൻ/അവതാരക അല്ലെങ്കിൽ വാർത്ത വായനക്കാരി/വായനക്കാരനാണ്. ഇവിടെ വായനക്കാരുടെ കഴിവുകൾ വളരെ പ്രധാനമാണ്. സാധാരണയായി അവതാരകന്റെ ചരിത്രബോധവും രാഷ്ട്രീയബോധവും വളരെ പരിമിതമാണ്. ഒരു രാഷ്ട്രീയക്കാരനെ എളുപ്പത്തിൽ വിചാരണ ചെയ്യാൻ കഴിയുക എന്നുള്ളതാണ് അവരുടെ കഴിവിന്റെ മാനദണ്ഡം. ഇവിടെ പക്ഷം പിടിക്കലും തോല്പിക്കലുമാണ് ആവശ്യമായി വരുന്ന സംഗതികൾ.

> ▶ ഒരേ സമയം വിവിധറോളുകൾ ചെയ്യാൻ ചുമതലപ്പെട്ടവർ

ടെലിവിഷൻ വാർത്ത അവതാരകയ്ക്ക് / അവതാരകന് ആദ്യകാലത്ത് തന്റെ മുന്നിൽ എഴുതിക്കിട്ടുന്ന വാർത്തകൾ വായിച്ചാൽ മാത്രം മതിയായിരുന്നു. എന്നാൽ ഇന്ന് അവർക്ക് വാർത്ത വായിക്കുന്ന സമയത്ത് വിവിധജോലികൾ നിർവഹിക്കേണ്ടതായുണ്ട്. പത്രപ്രവർത്തനം, എഴുത്ത്, വാർത്തകളുടെ എഡിറ്റിംഗ്, വായന, അവതരണം, അഭിമുഖം ഇങ്ങനെ ഒരേസമയം വിവിധറോളുകൾ ചെയ്യാൻ ചുമതലപ്പെട്ടവരാണ് വാർത്ത വായിക്കുന്ന ആൾ. വാർത്തകൾ ഏകോപിപ്പിക്കുക, അഭിമുഖകാരനോട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുക തുടങ്ങിയ ജോലികൾ ചെയ്യാൻ അവർക്ക് പ്രാപ്തിയുണ്ടാകണം. ഇന്ന് അങ്ങേയറ്റം സാങ്കേതികമായ അന്തരീക്ഷത്തിലാണ് ഇവർ ജോലി ചെയ്യുന്നത്. ഇങ്ങനെ വാർത്തയുടെ പ്രതീതി ജനിപ്പിക്കുക എന്ന ദൗത്യമാണ് അവർക്ക് നിർവഹിക്കേണ്ടതായിട്ടുള്ളത്.

> ▶ പരിമിതമായ ശേഷികളാണ് അവിടെ കാണാൻ കഴിയുന്നത്

വാർത്താവായനക്കാരുടെ കഴിവുകൾ പ്രവചിക്കാൻ കാണികൾക്ക് കഴിയുമെന്ന് ലേഖകൻ പറയുന്നു. അവരുടെ രാഷ്ട്രീയചായ്‌വ്, ചരിത്രപരമായ അറിവിലെ ദൗർലഭ്യം, അവതരണരീതിയിലെ പുതുമയില്ലായ്മ, രാഷ്ട്രീയാന്തരീക്ഷം ഇങ്ങനെ അവരുടെ ഏത് കഴിവും അളക്കാൻ കഴിയും. പക്ഷെ വളരെ പരിമിതമായ ശേഷികളാണ് അവിടെ കാണാൻ കഴിയുന്നത്. വിഷയത്തെ ലളിതസമവാക്യങ്ങളിലേക്കും ലളിതയുക്തിയിലും അവസാനിപ്പിക്കുകയാണ് ചെയ്യുന്നത് എന്ന് ലേഖകൻ എഴുതുന്നു.

## വിഷയവിദഗ്ധരുടെ പ്രാധാന്യം

ടെലിവിഷൻ വാർത്താചാനലുകളിൽ നിർണായകമായ പങ്ക് വഹിക്കുന്നതെന്ന് കരുതപ്പെടുന്ന വ്യക്തിയാണ് വിഷയവിദഗ്ധർ. നിരവധി ചാനലുകൾ വാർത്താരംഗം കീഴടക്കിയ മലയാളത്തിൽ വിഷയത്തിൽ വൈദഗ്ധ്യം നേടിയവരുടെ അറിവ് പരിഹാസ്യമാംവിധം

ശോചനീയമാണെന്നാണ് ലേഖകൻ കണ്ടെത്തുന്നത്. കേരളത്തിലെ മൂന്ന് നഗരങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചിലരാണ് വിദഗ്ധരുടെ റോളിൽ എത്തുന്നത്. പ്രധാനമായും മുൻപത്രപ്രവർത്തകർ, മുൻ ഉദ്യോഗസ്ഥർ, സാഹിത്യകാരന്മാർ, മുൻ നക്സലൈറ്റുകൾ, പാർട്ടി പുറത്താക്കിയവർ, റിട്ട. പോലീസ് ഓഫീസർമാർ ഇങ്ങനെയാണ് ഇവരുടെ നിര. എന്നാൽ ഇവരിൽ ഒരു സാമൂഹ്യശാസ്ത്രജ്ഞനെയോ ദാർശനികനെയോ സാമ്പത്തികവിദഗ്ധനെയോ അപൂർവമായേ കാണാൻ കഴിയൂ എന്നും ലേഖകൻ നിരീക്ഷിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രതിനിധികളെ ആരെയും ഇവിടെ കാണാൻ കഴിയില്ല എന്നും വിലയിരുത്തുന്നുണ്ട്.

- വിഷയത്തിൽ വൈദഗ്ധ്യം നേടിയവരുടെ അറിവ് പരിഹാസ്യമാംവിധം ശോചനീയം

## അപരസമൂഹങ്ങളെ അവഗണിക്കുന്ന വാർത്താരംഗം

ഏറിയ ശതമാനവും വാർത്തകൾ നാം സൃഷ്ടിക്കുന്നവയാണ് എന്നാണ് പ്രമാണം. പക്ഷേ ദൃശ്യമാധ്യമവാർത്തകൾ പരിശോധിച്ചാൽ അതിൽ ഗൗരവസ്വഭാവം പുലർത്തുന്ന വാർത്തകൾ അപൂർവമായേ ഉണ്ടാവുകയുള്ളു. സിംഹഭാഗവും പ്രസ്താവനകളും പ്രസംഗങ്ങളും അതിനെ ചുറ്റിപ്പറ്റിയുള്ള വിവാദങ്ങളും അല്ലെങ്കിൽ പട്ടണകേന്ദ്രീകൃതമായ പരിപാടികളെക്കുറിച്ചുള്ള വാർത്തകളുമായിരിക്കും. എന്നാൽ ജനങ്ങളെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങളോ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെ അടിയന്തിരാവശ്യങ്ങളോ വാർത്തയിൽ ഉൾപ്പെടാറില്ല. ഈ രംഗത്ത് അവലംബിക്കുന്ന രീതി ശക്തമായ മധ്യവർഗസമവായമാണ് എന്ന് നിസംശയം പറയാം. കടുത്ത ന്യൂനപക്ഷവിരോധവും അപരസമൂഹങ്ങളോടുള്ള അവജ്ഞയും ഇവരുടെ മുഖമുദ്രയാണ്. വാർത്തകളിലും ചർച്ചകളിലും നിരന്തരമായി ഇത് പ്രതിഫലിക്കുന്നുണ്ട്. മാത്രമല്ല ഭിന്നലിംഗക്കാർ ഉൾപ്പെടെയുള്ള എൽ. ജി. ബി. ടി. ക്യൂ സമൂഹങ്ങളോടും ചാനൽവാർത്താമാധ്യമങ്ങളും ഇതേ നിലപാട് തന്നെയാണ് തുടരുന്നത്.

- കടുത്ത ന്യൂനപക്ഷവിരോധവും അപരസമൂഹങ്ങളോടുള്ള അവജ്ഞയും മുഖമുദ്ര

SGOU

## Summarised Overview

നിശിതമായ സാമൂഹ്യവിമർശനം, വിഷയത്തിന്റെ സൂക്ഷ്മമായ വിലയിരുത്തൽ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ ഒന്നടങ്കം അവഗണിക്കുന്നതിലുള്ള അതൃപ്തി തുടങ്ങി മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ സ്വീകരിച്ചുകൊണ്ട് 'നഷ്ടപ്പെടുത്തുന്ന വാർത്തകൾ' എന്ന ലേഖനത്തിലൂടെ സി. എസ്. വെങ്കിടേശ്വരൻ പൊതുസമൂഹത്തിന്റെ ചിന്തകളിലേക്ക് ശക്തമായ ഇടപെടൽ നടത്തുകയാണ് ചെയ്യുന്നത്.

ഏതൊരു ടെലിവിഷൻ വാർത്താചാനൽ ഉടമയാണെങ്കിലും വാർത്തകളിൽ സ്വീകരിക്കുന്ന നിലപാടുകളിൽ ഏകതാനതയും ഏകസ്വരവും ഉണ്ടായിരിക്കും എന്ന വസ്തുതയാണ് ലേഖനം വിലയിരുത്തുന്ന പ്രധാനവസ്തുതകളിലൊന്ന്. തെരഞ്ഞെടുപ്പ് കാലത്ത് പടച്ചുവിടുന്ന 'വാർത്താകഥ'കളിൽ രാഷ്ട്രീയ - വർഗീയചായ്‌വ് പ്രകടമാകുന്നതും ഉദാഹരണസഹിതം സമർഥിക്കുന്നത് ശ്രദ്ധേയമാണ്.

ഇങ്ങനെ മലയാളിജീവിതത്തിന്റെ അകത്തളങ്ങളിലേക്ക് സൂക്ഷ്മമായി കടന്നുകയറുന്ന ടെലിവിഷൻ വാർത്താചാനലുകളുടെ വിപണിതാത്പര്യങ്ങളെ യാഥാർഥ്യബോധത്തോടെ തുറന്നുകാട്ടുകയാണ് ലേഖനം.

## Assignments

1. ഭരണകൂടത്തെ സുഖിപ്പിക്കുന്നവയാണ് നവിനകാലമാധ്യമങ്ങളുടെ പ്രവർത്തനരീതി എന്ന ലേഖകന്റെ അഭിപ്രായം പരിശോധിക്കുക.
2. ആദർശനിഷ്ഠയുള്ള റിപ്പോർട്ടറെയല്ല ടെലിവിഷൻ വാർത്താരംഗത്ത് കാണാൻ കഴിയുന്നത് എന്ന പ്രസ്താവത്തെ സമകാലസാഹചര്യത്തിൽ പരിശോധിക്കുക.
3. കാണികളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ പയറ്റുന്ന തന്ത്രമാണ് തത്സമയസംപ്രേഷണം-മലയാള വാർത്താമാധ്യങ്ങളെ മുൻനിർത്തി പരിശോധിക്കുക.
4. സ്ത്രീമാധ്യമപ്രവർത്തകരുടെ കടന്നുവരവാണ് ഇവിടെ സംഭവിച്ച ഗുണപരമായ മാറ്റം എന്ന ലേഖകന്റെ അഭിപ്രായം പരിശോധിക്കുക.
5. 'അവതരിപ്പിച്ച് നഷ്ടപ്പെടുത്തുന്ന വാർത്തകൾ' എന്ന ലേഖനത്തിന്റെ സമകാലപ്രസക്തി വിശദമാക്കുക.

## Suggested Readings

1. സി. എസ്. വെങ്കിടേശ്വരൻ, മലയാളിയുടെ മാധ്യമജീവിതം, ഡി. സി. ബുക്സ്, കോട്ടയം.
2. സി. എസ്. വെങ്കിടേശ്വരൻ, സിനിമ ടോക്കീസ്, ഡി. സി. ബുക്സ്, കോട്ടയം.
3. സി. എസ്. വെങ്കിടേശ്വരൻ, ഉടലിന്റെ താരസഞ്ചാരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
4. സി. എസ്. വെങ്കിടേശ്വരൻ, മലയാളസിനിമാ പഠനങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.

## References


1. ഷാജി ജേക്കബ്, ജനപ്രിയസംസ്കാരം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ടി.കെ.സന്തോഷ് കുമാർ, മലയാള ടെലിവിഷൻ ചരിത്രം 1985-2013, കേരള മീഡിയ അക്കാദമി, കൊച്ചി.
3. സി. എസ്. വെങ്കിടേശ്വരൻ, ടെലിവിഷൻ പഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. എം. കെ. ശിവശങ്കരൻ, പ്രക്ഷേപണകലാചരിത്രം, സാംസ്കാരികപ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം.
5. പി. കെ. രാജശേഖരൻ, മലയാളിയുടെ മാധ്യമജീവിതം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# 2. ഭൂമിയുടെ ഉപ്പ്

എസ്. ഗോപാലകൃഷ്ണൻ

## Learning Outcomes

- ഉപ്പ് സത്യാഗ്രഹത്തിന്റെ ചരിത്രം മനസിലാക്കുന്നു
- ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഉപ്പ് സത്യാഗ്രഹത്തിനുള്ള പ്രാധാന്യം കണ്ടെത്തുന്നു
- ഗാന്ധിയൻ ദർശനങ്ങളെക്കുറിച്ച് അറിവ് നേടുന്നു
- 'ഭൂമിയുടെ ഉപ്പ്' എന്ന ലേഖനത്തിന്റെ ഭാവപരവും രൂപപരവുമായ സവിശേഷതകൾ കണ്ടെത്തുന്നു

## Background

**ഉപ്പ്സത്യാഗ്രഹത്തിന്റെ ചരിത്രം**

ഇന്ത്യൻജനത വിവിധകാലയളവിൽ വിദേശശക്തികളുടെ അധീനതയിൽ കഴിയേണ്ടിവന്നിട്ടുണ്ട്. പോർച്ചുഗീസുകാരുടെ വരവോടെയായിരുന്നു കോളനിവാഴ്ചയുടെ ചരിത്രം തുടങ്ങുന്നതെങ്കിലും 1757-ലെ ബ്രിട്ടന്റെ കടന്നുകയറ്റമാണ് ഇന്ത്യയിൽ ഒരു ഉറച്ച ഭരണകൂടം സ്ഥാപിക്കാൻ കാരണമായത്.

പതിനെട്ടാംനൂറ്റാണ്ടിന്റെ ആരംഭത്തോടെ രാജ്യവ്യാപകമായി ബ്രിട്ടന്റെ കോളനിഭരണത്തിനെതിരെ ജനരോഷം ഉയരാൻ തുടങ്ങി. ഈ കാലയളവിൽ നടത്തിയ സമരങ്ങൾക്ക് പൊതുവിൽ പറയുന്ന പേരാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരം. 1857-ലെ ശിപായി ലഹള എന്നറിയപ്പെടുന്ന ഒന്നാം സ്വാതന്ത്ര്യസമരം മുതൽക്കാണ് ഇന്ത്യയിൽ സ്വാതന്ത്ര്യപ്രക്ഷോഭപരമ്പരകൾ സജീവമാകുന്നത്. പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനത്തോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപംകൊണ്ടു. ഗാന്ധിജിയും മറ്റു പ്രമുഖനേതാക്കളും സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേക്കെത്തിയത് കൊളോണിയൽ വിരുദ്ധസമരത്തെ ശക്തിപ്പെടുത്തുകയുണ്ടായി. ഒന്നാംലോകമഹായുദ്ധത്തിനുശേഷം കോൺഗ്രസ് - മഹാത്മാഗാന്ധി നേതൃത്വം നൽകിയ നിസ്സഹകരണപ്രസ്ഥാനത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരെയുള്ള അഹിംസാമാർഗ്ഗമവലംബിച്ച് സമരം ജനകീയമാക്കി. ബ്രിട്ടീഷുകാർ രാജ്യത്ത് ഉപ്പിന് നികുതി ചുമത്തിയത് ജനരോഷം ആളിപ്പടരാൻ കാരണമായി. 1895-ലെ ഉപ്പ് നിയമത്തിലൂടെ രാജ്യത്തിന്റെ ഉപ്പ് വ്യവസായത്തിന്റെ കുത്തക ബ്രിട്ടന് ചാർത്തിക്കൊടുക്കുകയായിരുന്നു. ഈ അന്യായത്തിനെതിരെ സമരം ചെയ്യാനായിരുന്നു ഗാന്ധിയും കൂട്ടരും തീരുമാനിച്ചത്. ഈസ്റ്റിന്ത്യാക്കമ്പനിയിൽനിന്നും വിലകൊടുത്തു നമ്മുടെ നാട്ടിലെ ഉപ്പ് വാങ്ങേണ്ട അവസ്ഥയിലായി ഇന്ത്യാക്കാർ. ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കാൻ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ തീരുമാനമായി. ഇതേത്തുടർന്ന് 1930 മാർച്ച് 12ന് തുടക്കം കുറിച്ച പ്രക്ഷോഭമാണ് സ്വാതന്ത്ര്യസമരചരിത്രത്തിലെ നാഴികക്കല്ലായ ഉപ്പു സത്യാഗ്രഹം.

SGOU

**എസ്. ഗോപാലകൃഷ്ണൻ**

ഗദ്യകാരൻ, പ്രക്ഷേപകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ് എസ്. ഗോപാലകൃഷ്ണൻ. ഒരേ സമയം മലയാളത്തിലും ഇംഗ്ലീഷിലും എഴുതിവരുന്നു. കോട്ടയം ജില്ലയിലെ തിരുനക്കരയിൽ അദ്ദേഹം ജനിച്ചു. ദൽഹിയിൽ സ്ഥിരതാമസം. ആകാശവാണിയുടെ കേരള നിലയത്തിലും ഡൽഹിയിലും ജോലി ചെയ്തിരുന്നു. ആകാശവാണി കേന്ദ്ര ആർക്കൈവ്സിൽ പത്ത് വർഷത്തെ വിദഗ്ധപരിചയം. വിവിധ സ്വകാര്യ എഫ്. എം റേഡിയോ നിലയങ്ങളിലും മേധാവിയായിരുന്നു. പ്രമുഖപത്രങ്ങളിൽ ശ്രദ്ധേയനായ കോളമിസ്റ്റ്. ദക്ഷിണേഷ്യൻ കലാപൈതൃക ഓൺലൈൻ സംരംഭമായ സഹപീഡിയയിലും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ദില്ലി – ദാലി എന്ന പോഡ്കാസ്റ്റിന്റെ അവതാരകനും പത്രാധിപരുമാണ്. മഹാത്മാഗാന്ധി സർവകലാശാലയിലെ വിസിറ്റിംഗ് ഫെലോ ആണ്. അദ്ദേഹം രചിച്ച 'കഥപോലെ ചിലതു സംഭവിക്കുമ്പോൾ' എന്ന ഗ്രന്ഥത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. ജലരേഖകൾ, ഗാന്ധി : ഒരു അർഥ നഗ്നവായന, മനുഷ്യനുമായുള്ള ഉടമ്പടികൾ, പാട്ടും കാലവും : ഒരുപഭൂഖണ്ഡത്തിന്റെ സംഗീതത്തിലൂടെയുള്ള യാത്രകൾ എന്നിവ പ്രധാനപ്പെട്ട രചനകൾ.

## Keywords

ഉപ്പ് – രാഷ്ട്രീയം – ചരിത്രം – ക്ലാസ്സിക് കൃതികൾ – ഭക്ഷ്യവസ്തു – ഉപ്പുസത്യാഗ്രഹം – മഹാത്മാഗാന്ധി – പൂർണ്ണസ്വരാജ്

## Discussion

### 4.4.2 ഭൂമിയുടെ ഉപ്പ്

ഗാന്ധിജിയുടെ നേതൃത്വത്തിൽ ദണ്ഡിയിലേക്ക് നടത്തിയ യാത്രയോടെയാണ് ഉപ്പുസത്യാഗ്രഹസമരത്തിന്റെ ചരിത്രം ആരംഭിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ പൂർണ്ണസ്വരാജ് പ്രഖ്യാപിച്ചതിനുശേഷം നടന്ന ആദ്യപ്രഖ്യാപിതസമരമായിരുന്നു ഇത്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഗുജറാത്തിലെ സബർമതി ആശ്രമം മുതൽ ദണ്ഡിവരെ സ്വതന്ത്രമായി ഉപ്പു ഉല്പാദിപ്പിക്കുക എന്നതായിരുന്നു പ്രക്ഷോഭത്തിന്റെ രീതി. ഉപ്പിനുമേലുള്ള നികുതിനിയമം ഗാന്ധിയും കൂട്ടരും ലംഘിച്ചതിനെത്തുടർന്ന് നിയമലംഘനത്തിന്റെ പേരിൽ ലക്ഷക്കണക്കിനു ഇന്ത്യക്കാർക്കെതിരെ ബ്രിട്ടീഷ് ഗവൺമെന്റ് കേസുചുമത്തി. എങ്കിലും ഈ പ്രക്ഷോഭത്തോടെ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനെക്കുറിച്ച് ബ്രിട്ടന്റെ നിലപാടുകളിൽ അയവ്വരാൻ തുടങ്ങി. ഉപ്പുസത്യാഗ്രഹത്തിന്റെ ജനപ്രീതി, ആയിരക്കണക്കിന് സാധാരണക്കാരായ ജനവിഭാഗത്തെ ഇന്ത്യൻസ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേക്ക് നയിച്ചു. സത്യാഗ്രഹസമരം ആരംഭിച്ച് ഏറെ കഴിയുന്നതിനുമുമ്പുതന്നെ മഹാത്മാഗാന്ധി അറസ്റ്റ് ചെയ്യപ്പെട്ടു. ഇത് സമരം വ്യാപിപ്പിക്കാനേ ഉപകരിച്ചുള്ളു. ഉപ്പു സത്യാഗ്രഹസമരം ഏതാണ്ട് ഒരു വർഷക്കാലത്തോളം നീണ്ടുനിന്നു. രണ്ടാം വട്ടമേശസമ്മേളന ഉടമ്പടി പ്രകാരം ഗാന്ധിയെ ജയിലിൽനിന്നും വിട്ടയക്കുന്നതുവരെ സമരം തുടർന്നു. ഉപ്പുസത്യാഗ്രഹവുമായി ബന്ധപ്പെട്ട് 80,000 ത്തോളം പേർ ജയിലിലായി.

▶ പൂർണ്ണസ്വരാജ് പ്രഖ്യാപിച്ചതിനുശേഷം നടന്ന ആദ്യ പ്രഖ്യാപിത സമരം

'ഭൂമിയുടെ ഉപ്പ്' എന്ന ലേഖനത്തിന്റെ കാതൽ ഉപ്പാണ്. മനുഷ്യന്റെ നാവിന്റെ ആസ്വാദനത്തിനായി പ്രകൃതി ഒരുക്കിയ കുളിർമയാണ് ഉപ്പ്. ചരിത്രപ്രസിദ്ധമായ 'ഉപ്പ് സത്യാഗ്രഹ'ത്തിന് പശ്ചാത്തലമൊരുക്കിയ മുഹൂർത്തങ്ങളെ അടർത്തിയെടുത്ത് ഒരു ലേഖനരൂപത്തിലാക്കിയിരിക്കുകയാണ് എഴുത്തുകാരൻ. ഉപ്പ് സത്യാഗ്രഹം എന്ന സമരരൂപത്തിന് വിത്ത് വിതയ്ക്കുന്നതും അതിന് രൂപം കൊടുക്കുന്നതും ഗാന്ധിജിയുടെ സബർമതി ആശ്രമത്തിൽനിന്നാണ്. ഉപ്പിന്റെ രാഷ്ട്രീയത്തെക്കുറിച്ചും അത് ചരിത്രത്തിലും ക്ലാസിക്കൃതികളിലും കടന്നുവരുന്നതിനെക്കുറിച്ചും അവശ്യഭക്ഷ്യവസ്തു എന്ന നിലയിൽ മനുഷ്യരിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചും ലേഖനത്തിൽ വിശദീകരിച്ചിരിക്കുന്നു. സമരത്തിന്റെ നടുനായകത്വം വഹിച്ച രാഷ്ട്രപിതാവായ ഗാന്ധിജിയാണ് ദേശീയസ്വാതന്ത്ര്യസമരത്തിന് അടിത്തറ പാകിയ ഉപ്പുകുറുക്കൽ സമരത്തിന്റെ വിജയശില്പി. എന്നാൽ ഉപ്പാണ് ഈ സമരത്തിന്റെ ഉപനായകൻ എന്ന് ലേഖനത്തിലൂടെ സമർഥിക്കുന്നു.

▶ ഉപ്പാണ് ഈ സമരത്തിന്റെ ഉപനായകൻ

"ഒരു പിടി ഉപ്പ് വഴി ഞാൻ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിത്തറ ഇളക്കിയിരിക്കുന്നു'' - ഇന്ത്യയുടെ ചരിത്രത്തിന്റെ ഗതിമാറ്റിയ ഒരു സമരത്തിന്റെ നിർണായകമുഹൂർത്തത്തിന് സാക്ഷ്യംവഹിച്ച സന്ദർഭത്തിൽ ഗാന്ധിജി ഉദ്ധരിച്ചതാണിത്. കൊളോണിയൽ ഭരണകൂടത്തെ വിറപ്പിച്ചുകൊണ്ട് അപരിചിതമായ മാർഗ്ഗത്തിലൂടെ അവിചാരിതമായി വന്നെത്തിയ ഒരു സമരരൂപം. അതായിരുന്നു ഉപ്പുസത്യാഗ്രഹം. വിജയക്കൊടിനാട്ടാൻ സഹായകരമായ ഈ സഹനസമരത്തോടെ ബ്രിട്ടീഷ് അരമനകളിൽ ഉറഞ്ഞുകൂടിയ ഉപ്പും മധുരവുമെല്ലാം അലിഞ്ഞിറങ്ങാൻ തുടങ്ങുകയായിരുന്നു. ഇതാണ് 'ഭൂമിയുടെ ഉപ്പ്' എന്ന ഗാന്ധിയൻലേഖനത്തിന് ഉപോൽബലകമാകുന്ന രാഷ്ട്രീയചരിത്രപരിസരം.

▶ 'ഭൂമിയുടെ ഉപ്പ്' എന്ന ഗാന്ധിയൻ ലേഖനത്തിന്റെ രാഷ്ട്രീയപരിസരം

വൈസ്രോയിക്കെഴുതിയ പരാതിക്കത്തിൽ ഗാന്ധിജി ഇങ്ങനെ പറഞ്ഞു: "വൈസ്രോയിക്ക് മാസം 21000 രൂപ ശമ്പളമുണ്ട്. ഒരു ഇന്ത്യാക്കാരന്റെ ശരാശരി വരുമാനം രണ്ടണയിലും താഴെയാണ്.'' നിത്യോപയോഗസാധനങ്ങളിൽ ഏറ്റവും മുന്നിൽനിൽക്കുന്ന അവശ്യഭക്ഷ്യവസ്തുവായ ഉപ്പ് സാധാരണക്കാരന് അപ്രാപ്യമായ വിലയിലേയ്ക്ക് ഉയരാൻ തുടങ്ങിയതോടെയാണ് ഗാന്ധിയിലെ വിപ്ലവവീര്യം ഉണർന്നത്. സഹപ്രവർത്തകരായ ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായി പട്ടേൽ തുടങ്ങിയവരിൽനിന്നും എതിർപ്പ് നേരിട്ടെങ്കിലും ഗാന്ധിജി പുതിയ സമരരൂപത്തിൽ ഉറച്ചുനിൽക്കുകയായിരുന്നു. മനുഷ്യജീവിതത്തിൽനിന്ന് അടർത്തിമാറ്റാനാവാത്ത ഒരു സംയുക്തമാണ് ഉപ്പ്.

▶ മനുഷ്യ ജീവിതത്തിൽനിന്ന് അടർത്തിമാറ്റാനാവാത്ത ഒരു സംയുക്തമാണ് ഉപ്പ്

പാരതന്ത്ര്യത്തിന്റെ വിലക്കുകളിൽപ്പെട്ട് കിടന്നിരുന്ന രാജ്യങ്ങളുടെ സ്വാതന്ത്ര്യസമരചരിത്രം പഠിക്കുമ്പോൾ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങൾക്ക് നമ്മുടെ രാഷ്ട്രപിതാവ് നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ് എന്ന് നമുക്ക് ബോധ്യമാവുകയാണ്. സത്യസന്ധതയും മനുഷ്യസ്നേഹവും സ്ഫുരിക്കുന്ന ആരാധ്യനായ ഒരു വീരപുരുഷനെയാണ് ലേഖനത്തിലുടനീളം കാണുന്നത്. ക്രിസ്തുവിനെ ഓർമ്മിപ്പിക്കുന്ന സഹനശക്തി വിളിച്ചോതുന്ന ബൈബിൾ വചനങ്ങൾ ഉപ്പിലേയ്ക്ക് ബന്ധിപ്പിക്കുകയാണ് ലേഖകൻ. ഉപ്പ് എന്ന സംജ്ഞ ഉടനീളം നിറഞ്ഞുനിൽക്കുന്നത് ലേഖനത്തിന്റെ പാരായണ

▶ സഹനശക്തി വിളിച്ചോതുന്ന ബൈബിൾ വചനങ്ങൾ

ക്ഷമത വർധിപ്പിക്കുന്നു. രാമഭക്തനായ ഗാന്ധിജിയുടെ ബൈബിൾ പ്രണയം മാത്രമല്ല ഉപ്പ് പരാമർശിക്കുന്ന മറ്റ് ചരിത്രസന്ദർഭങ്ങളും സൂചിതമാകുന്നു.

## ഗാന്ധിയൻ മാർഗ്ഗം

ആധുനികതത്വചിന്തകരിലെ കുലപതികൾ പലരും യൂറോപ്യൻ ഭൂഖണ്ഡത്തിൽ പിറന്നവരാണ്. പക്ഷെ ശ്രീബുദ്ധൻ, ശ്രീശങ്കരാചാര്യർ, അരബിന്ദോ, ചാണക്യൻ, സ്വാമി വിവേകാനന്ദൻ തുടങ്ങിയ മഹാരഥന്മാർ ജനിച്ചത് ഇന്ത്യയിലാണ്. ഇവരുടെയെല്ലാം സ്വാധീനം ഗാന്ധിജിയുടെ ജീവിതത്തിലുടനീളമുണ്ടായിരുന്നു. ബൈബിളിൽനിന്നാണ് ഉപ്പിലൂടെയുള്ള സമരരൂപത്തിന്റെ ചിന്ത ആദ്യം ഗാന്ധിജിയുടെ മനസിലെത്തിയത്. നാവ് അതിന്റെ ആസക്തിക്ക് മുൻതൂക്കം നൽകുന്നത് മധുരത്തേക്കാളേറെ ഉപ്പാണ്. മനുഷ്യശരീരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിയർപ്പിന് ഉപ്പിന്റെ രുചിയാണ്. മനുഷ്യാധ്വാനവിനിയോഗത്തിന്റെ ഫലമായാണ് വിയർപ്പ് ഉല്പാദിപ്പിക്കപ്പെടുന്നത്.

> ▶ മനുഷ്യാധ്വാന വിനിയോഗത്തിന്റെ ഫലം

ഭക്ഷ്യവിഭവങ്ങളിൽ ചേർത്ത ഉപ്പിനെ വേർതിരിച്ചെടുക്കാൻ കഴിയാത്തതിനെക്കുറിച്ചു ലേഖകൻ സമർത്ഥിക്കുന്നു. ഇത് ഗാന്ധിയുടെ ചിന്ത തന്നെയാണ്. അതായത് ഗാന്ധിയൻമാർഗം. ആഹാരത്തിൽ അലിഞ്ഞുചേരുന്ന ഉപ്പ് വേർതിരിച്ചെടുക്കാനാവുന്നില്ല എന്ന പോലെയാണ് നമ്മുടെ സാമൂഹ്യപ്രവർത്തനത്തിന് ചെലവഴിക്കപ്പെടുന്ന മനുഷ്യശേഷിയും അധ്വാനവും തിരിച്ചറിയപ്പെടാതെ അലിഞ്ഞുചേരേണ്ടത് എന്ന് ലേഖനത്തിൽ സൂചിപ്പിക്കുന്നു. സാമൂഹികസേവനത്തിലൂടെ രാഷ്ട്രനന്മയ്ക്ക് വേണ്ടി നിലകൊള്ളേണ്ടത് പൗരന്മാരുടെ കടമയാണ്.

> ▶ ഭക്ഷ്യവിഭവങ്ങളിൽ ചേർത്ത ഉപ്പിനെ വേർതിരിച്ചെടുക്കാൻ കഴിയില്ല

## ഭൂമിയ്ക്ക് ഉപ്പ്

ഭൂമിയിൽ ജീവജാലങ്ങളെന്നപോലെ ജീവനുള്ള ഒരു ഗ്രഹമാണ് ഭൂമി എന്നൊരു സങ്കല്പമാണ് പരമ്പരാഗതമായി കവികളും എഴുത്തുകാരും പുലർത്തിപ്പോരുന്നത്. ഭൂമിയുടെ രക്ഷയ്ക്ക്വേണ്ടി മനുഷ്യൻ നിലകൊള്ളുന്നു എന്ന സങ്കല്പം നിലനിൽക്കുന്നതുകൊണ്ടാണ് മനുഷ്യൻ ഭൂമിയെ നമസ്കരിക്കുന്നത്. ഭൂമിയെ ചുംബിക്കുന്നത് ഒരു ചടങ്ങായി സർവമതങ്ങളും തുടർന്നുപോരുന്നു. ആത്മബന്ധമുള്ള ഭൂമിയെ വണങ്ങുന്ന മനുഷ്യൻ പിറന്ന മണ്ണിനെ രക്ഷിക്കാനായി ഉപ്പിനെ സമരായുധമാക്കുകയാണ്. ഇതാണ് ലേഖകൻ കണ്ടെത്തുന്ന ഒരു കാര്യം. ആഹാരങ്ങളിൽ ഉപ്പ് പാകത്തിന് എന്ന പോലെ അല്ലെങ്കിൽ മനുഷ്യശരീരത്തിൽ ഉപ്പ് എന്നപോലെ ഭൂമിയിലും ഉപ്പ് ആവശ്യത്തിന് അടങ്ങിയിരിക്കുന്നു. ഉപ്പിന്റെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ മാനങ്ങളും ലേഖകൻ മുന്നോട്ടുവെയ്ക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

> ▶ ഉപ്പിന്റെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ മാനങ്ങൾ

## പ്രാചീനമനുഷ്യനും ഉപ്പും

ക്ലാസിക് കൃതികളിൽ ഉപ്പ് കടന്നുകൂടുന്ന സന്ദർഭവും പ്രാചീനമനുഷ്യന്റെ ഉപ്പുപയോഗത്തിന്റെ സൂചനകളും ലേഖകൻ പരാമർശിക്കുന്നുണ്ട്. നായാടിയായ വേട്ടക്കാരന്റെ ഉപ്പ് കണ്ടെത്തലിന്റെ ചരിത്രവും ഇതിലുണ്ട്. ഉപ്പ് പരാമർശിക്കപ്പെടുന്ന സുപ്രധാനചരിത്രസന്ധികളെല്ലാം ലേഖനത്തിൽ അനാവരണം ചെയ്യപ്പെടുന്നു.

> ▶ ഉപ്പുപയോഗത്തിന്റെ സൂചനകൾ

SGOU

## ഉപന്യാസത്തിലെ ആത്മീയത

ഇന്ത്യയുടെ ദേശീയസ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ സഹനസമരങ്ങൾ ശക്തിപ്രാപിച്ച വേളയിൽ ബ്രിട്ടീഷിന്ത്യയിലെ വൈസ്രോയി ഇർവിൻ പ്രഭു ആയിരുന്നു. ഗാന്ധിജി ദണ്ഡിയാത്ര ആരംഭിക്കുന്നതിനുമുമ്പ് ഇന്ത്യയുടെ വൈസ്രോയിയായ ഇർവിൻ പ്രഭുവിനെ കത്ത് മൂലം വിവരമറിയിച്ചു. ഗാന്ധിജി സബർമതിയിലിരുന്ന് കത്തെഴുതുമ്പോൾതന്നെ ആശ്രമത്തിന്റെ ചുവരിൽനിന്ന് ഒരു ഉപ്പുകാറ്റ് വീശി. കടലുകൾ താണ്ടി ആ കാറ്റ് ഇംഗ്ലീഷ് തെരുവുകൾക്കുമീതേ പറന്നു. കത്ത് ലഭിക്കുന്നതിനുമുമ്പേ ചായക്കപ്പിൽ ഉപ്പിന്റെ ചവർപ്പ് അനുഭവപ്പെട്ടതായി ആരോപിച്ച് ഇർവിൻ പരിചാരകനെ കുറ്റപ്പെടുത്തിയതായി ലേഖകൻ വിശദീകരിക്കുന്നു.

▶ ചായക്കപ്പിൽ ഉപ്പിന്റെ ചവർപ്പ്

"സായ്‌വിന് എന്നും പ്രതിസന്ധിയായിരുന്നു. അരമോ മുനയോ ഭാഷയിൽ ഒളിപ്പിക്കാതെ നേർരേഖയിൽ സഞ്ചരിക്കുന്ന ആ സന്ദേശങ്ങൾ സാമ്രാജ്യത്വത്തിന്റെ അഹന്തയെ എപ്പോഴും മുറിവേൽപ്പിക്കാറുണ്ടായിരുന്നു."

ഗാന്ധിജി ഇർവിന് അയച്ച കത്തുകളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ തത്വചിന്തയുടെ സ്വാധീനം പൊതുവെ ലേഖനത്തിലുടനീളം നിഴലിക്കുന്നതായി കണ്ടെത്താൻ കഴിയും. 1930 മാർച്ച് 12ന് ഗാന്ധി ഗുജറാത്ത് കടൽത്തീരത്തേക്ക് ചരിത്രപ്രസിദ്ധമായ ദണ്ഡി മാർച്ച് ആരംഭിച്ചു. അവിടെ ഏപ്രിൽ 6 ന് അദ്ദേഹം ഉപ്പ് നികുതി നിയമം പരസ്യമായി ലംഘിച്ചു. മാർച്ച് ഇന്ത്യയിൽ മാത്രമല്ല വിദേശത്തും വൻപ്രചാരണം നേടി. തുടർന്ന് വിദേശവസ്ത്രങ്ങളും മദ്യവും ബഹിഷ്ക്കരിക്കുന്നതിനൊപ്പം ഉപ്പിന്റെ മൊത്തത്തിലുള്ള അനധികൃതനിർമ്മാണവും വിൽപ്പനയും സമാന്തരമായി നടന്നു. പടിഞ്ഞാറൻ തീരത്തെ ധരാസന സാൾട്ട് വർക്കുകളിൽ റെയ്ഡ് നടത്തി ഉപ്പ് നിയമങ്ങളെ ധിക്കരിക്കുന്നത് തുടരുമെന്ന് പ്രഖ്യാപിച്ചപ്പോഴാണ് 1930 മെയ് 4 ന് ഗാന്ധിജിയുടെ അറസ്റ്റ് ഉണ്ടായത്.

▶ ഗാന്ധിജിയുടെ അറസ്റ്റ്

## ഉപ്പും മനുഷ്യന്റെ വികാസവും

ഗാന്ധിജി ആരംഭിച്ച ദണ്ഡിയാത്രയുടെ സമയത്ത് വൈസ്രോയി ഇർവിൻ പ്രഭു പരിഭ്രമത്തിലായി. ഒരു ഭാഗത്ത് ഉപ്പ് സത്യാഗ്രഹത്തിന്റെ രാഷ്ട്രീയമാനം വികാസം പ്രാപിക്കുമ്പോൾ മറുവശത്ത് ഇർവിൻ പ്രഭുവിന്റെ ഈഗോയുടെ അടിത്തറയിളകുന്നതായി ലേഖകൻ സൂചിപ്പിക്കുന്നു. അർധനഗ്നനായ ഫക്കീർ നയിക്കുന്ന സമരവാർത്തകൾ അരമനയിൽ വലിയ അങ്കലാപ്പുണ്ടാക്കി. സബർമതിയിൽ ആരംഭിച്ച പ്രക്ഷോഭം എല്ലാ സംസ്ഥാനങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. കേരളത്തിൽ കോഴിക്കോട്ട് അബ്ദുറഹ്മാൻ സാഹിബിന്റെ നേതൃത്വത്തിൽ മാർച്ച് നടത്തിയ കാര്യവും ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്.

▶ സബർമതിയിൽ ആരംഭിച്ച പ്രക്ഷോഭം
▶ ഗാന്ധിജിയുടെ അറസ്റ്റ്

## സ്വാധീനിക്കപ്പെടുന്ന ഗാന്ധിസം

ലോകമെമ്പാടുമുള്ള വായനക്കാരുടെ പ്രിയപ്പെട്ട ആത്മകഥകളിലൊന്നാണ് ഗാന്ധിജിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ.' മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന ബാലന്റെ മാനസികപരിവർത്തനത്തിന്റെ കാലഘട്ടത്തെക്കുറിച്ചാണ് തുടക്കത്തിൽ വിവരിക്കുന്നത്.

SGOU

തെറ്റായ പാതയിലൂടെയുള്ള തന്റെ പ്രയാണങ്ങളുടെ തിരുത്താണ് ഗ്രന്ഥത്തിന്റെ കാതൽ. ലോകത്തിലെതന്നെ എല്ലാതരത്തിലുമുള്ള വായനക്കാരോട് ഹൃദയംകൊണ്ട് സംവദിക്കുന്ന ഗ്രന്ഥമാണിത്. തുറന്നെഴുത്തിന്റെ ശൈലിയിലാണ് ഈ ആത്മകഥ മുന്നേറുന്നത്. ഗാന്ധിയൻമാർഗത്തിന്റെ ബാലപാഠങ്ങൾ വിദ്യാർഥികളും മുതിർന്നവരും സ്വായത്തമാക്കുന്നത് ഈ ഗ്രന്ഥത്തിൽനിന്നാണ്. ഗാന്ധി എന്ന മാതൃകാപുരുഷന്റെ ജീവിതംതന്നെയാണ് അദ്ദേഹത്തിന്റെ സന്ദേശങ്ങൾ. ഗാന്ധിജിയുടെ ആത്മകഥയിലൂടെ കടന്നുപോയിട്ടുള്ള ഒരാൾക്ക് അദ്ദേഹത്തിന്റെ പാത പിന്തുടരാൻ പ്രേരണ ലഭിക്കുമെന്ന് ഉറപ്പാണ്. മഹാത്മാ എന്ന വാക്ക് തന്നെ നാം ചാർത്തിക്കൊടുത്തത് അദ്ദേഹത്തിന് ത്യാഗവും സഹനവും ക്ഷമയും സത്യസന്ധതയും കൈമുതലായുണ്ടായിരുന്നതുകൊണ്ടാണ്.

- ഗാന്ധി എന്ന മാതൃകാപുരുഷന്റെ ജീവിതം

## Summarised Overview

ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഗതി മാറ്റിയ ഉപ്പ് സത്യഗ്രഹം ഇന്ന് ചരിത്ര പഠിതാവിന് ആവേശം കൊള്ളുന്ന സമരരൂപമായി നിലകൊള്ളുകയാണ്. ഗാന്ധിജി ആദ്യമായി പരിചയപ്പെടുത്തിയ അഹിംസാസിദ്ധാന്തത്തിന്റെ കാതൽ ഉപനിഷത്ത്, ഭഗവദ്ഗീത ഭാഷ്യത്തിൽനിന്നാണെന്നത് തർക്കമറ്റ സംഗതിയാണ്. ഇങ്ങനെ സമാധാനത്തിലൂടെയുള്ള സമരമാർഗത്തിന് സാർവദേശീയപിന്തുണ ലഭിച്ചതോടെയാണ് ബ്രിട്ടീഷുകാർക്ക് ഇന്ത്യ വിട്ടുപോകേണ്ടിവന്നത്. ഇത്തരത്തിലൊരു അപൂർവസമരത്തിന്റെ കേന്ദ്രബിന്ദുവിനെ സമരത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിൽ മികച്ച കുറിപ്പാക്കി അവതരിപ്പിച്ചിരിക്കുന്നത് ഒരു അപൂർവത തന്നെയാണ്. ഭൂമിയുടെ ഉപ്പ് എന്ന ലേഖനത്തിന്റെ കാതൽ ഉപ്പാണ്. മനുഷ്യന്റെ നാവിന്റെ ആസ്വാദനത്തിനായി പ്രകൃതി ഒരുക്കിയ കുളിർമയാണ് ഉപ്പ്. ചരിത്രപ്രസിദ്ധമായ ഉപ്പ് സത്യഗ്രഹത്തിന് പശ്ചാത്തലമൊരുക്കിയ മുഹൂർത്തങ്ങളെ അടർത്തിയെടുത്ത് ഒരു ലേഖനരൂപത്തിലാക്കിയിരിക്കുകയാണ് എഴുത്തുകാരൻ. ഉപ്പ് സത്യാഗ്രഹം എന്ന സമരരൂപത്തിന് വിത്ത് വിതയ്ക്കുന്നതും അതിന് രൂപം കൊടുക്കുന്നതും ഗാന്ധിജിയുടെ സബർമതി ആശ്രമത്തിൽ നിന്നാണ്.

ഭക്ഷ്യവിഭവങ്ങളിൽ ചേർത്ത ഉപ്പിനെ വേർതിരിച്ചെടുക്കാൻ കഴിയാത്തതിനെക്കുറിച്ചു ലേഖകൻ സമർത്ഥിക്കുന്നു. ഇത് ഗാന്ധിയുടെ ചിന്ത തന്നെയാണ്. അതായത് ഗാന്ധിയൻ മാർഗം. ആഹാരത്തിൽ അലിഞ്ഞുചേരുന്ന ഉപ്പ് വേർതിരിച്ചെടുക്കാനാവുന്നില്ല എന്നപോലെയാണ് നമ്മുടെ സാമൂഹ്യപ്രവർത്തനത്തിന് ചെലവഴിക്കപ്പെടുന്ന മനുഷ്യശേഷിയും അധ്വാനവും തിരിച്ചറിയപ്പെടാതെ അലിഞ്ഞുചേരേണ്ടത് എന്ന് ലേഖനത്തിൽ സൂചിപ്പിക്കുന്നു. ക്ലാസിക് കൃതികളിൽ ഉപ്പ് കടന്നുകൂടുന്ന സന്ദർഭവും പ്രാചീനമനുഷ്യന്റെ ഉപ്പുപയോഗത്തിന്റെ സൂചനകളും ലേഖകൻ പരാമർശിക്കുന്നുണ്ട്. ഗാന്ധിജി ആരംഭിച്ച ദണ്ഡിയാത്രയുടെ സമയത്ത് വൈസ്രോയി ഇർവിൻ പ്രഭു പരിഭ്രമത്തിലായി. ഒരു ഭാഗത്ത് ഉപ്പ് സത്യാഗ്രഹത്തിന്റെ രാഷ്ട്രീയമാനം വികാസം പ്രാപിക്കുമ്പോൾ മറുവശത്ത് ഇർവിൻ പ്രഭുവിന്റെ ഈഗോയുടെ അടിത്തറയിളകുന്നതായി ലേഖകൻ സൂചിപ്പിക്കുന്നു. പടിഞ്ഞാറൻതീരത്തെ ധരാസന സാൾട്ട് വർക്കുകളിൽ റെയ്ഡ് നടത്തി ഉപ്പ് നിയമങ്ങളെ ധിക്കരിക്കുന്നത് തുടരുമെന്ന് പ്രഖ്യാപിച്ചപ്പോഴാണ് 1930 മെയ് 4ന് ഗാന്ധിജിയുടെ അറസ്റ്റ് ഉണ്ടായത്.

## Assignments

1. ഉപ്പ് സത്യാഗ്രഹത്തിന്റെ ചരിത്രം വിശദമാക്കുക.
2. ഉപ്പ് സത്യാഗ്രഹവും ഗാന്ധിജിയും - സംഗ്രഹിച്ച് ഉപന്യാസം തയ്യാറാക്കുക.
3. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഉപ്പ് സത്യാഗ്രഹത്തിനുള്ള പ്രാധാന്യം വിശദമാക്കുക.
4. ഉപ്പ് സത്യാഗ്രഹത്തെക്കുറിച്ചും ഗാന്ധിജി നടത്തിയ ഇടപെടലുകളെക്കുറിച്ചും ഭൂമിയുടെ ഉപ്പ് എന്ന ലേഖനത്തിൽ എസ്. ഗോപാലകൃഷ്ണൻ മുന്നോട്ടുവെയ്ക്കുന്ന വാദഗതികൾ സംഗ്രഹിച്ച് കുറിപ്പെഴുതുക.

## Suggested Readings


1. എസ്. ഗോപാലകൃഷ്ണൻ, ഗാന്ധി ഒരു അർഥ നഗ്നവായന, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. എസ്. ഗോപാലകൃഷ്ണൻ, മനുഷ്യനുമായുള്ള ഉടമ്പടികൾ, ഡി. സി. ബുക്സ്, കോട്ടയം.
3. എം. കെ. ഗാന്ധി, എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ, ഗാന്ധിയൻ പഠനകേന്ദ്രം, തിരുവനന്തപുരം.


## References


1. എ. ശ്രീധരമേനോൻ, ഇന്ത്യാ ചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.
2. ബിപൻ ചന്ദ്ര, ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

SGOU

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

ഗദ്യം: കഥേതരപാഠങ്ങൾ

COURSE CODE: M21ML06DC

SGOU

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-963914-1-6
9 788196 391416